# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

2020 മാർച്ച് 5, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1557/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 78

**II തിരുത്തിയ ഉത്തരം**

31-10-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ..422

**III അടിയന്തരപ്രമേയം**

കെ. എസ്. ആർ. ടി. സി. മിന്നൽ പണിമുടക്ക്

(അവതരണാനുമതി നിഷേധിച്ചു) ...422

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) തീരദേശ സംരക്ഷണ വിജ്ഞാപന വ്യവസ്ഥകളിൽ ഇളവ്

– ശ്രീ. ആർ. രാമചന്ദ്രൻ ..455

(2) ഗതാഗത സുരക്ഷാ വിഷയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

– ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..447

**V സബ്മിഷൻ**

(1) ചാലക്കുടി സാങ്കേതിക സഹകരണ സംഘം

– ശ്രീ. ബി. ഡി. ദേവസ്സി ...450

(2) വസ്തുവിന്റെ പരിവർത്തനം

– ശ്രീ. അൻവർ സാദത്ത് ...451

(3) അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

– ശ്രീ. കെ. എസ്. ശബരീനാഥൻ ...453

പേജ്

(4) തൃപ്പൂണിത്തുറ ഇരുമ്പുപാലത്തിന്റെ പുനർനിർമ്മാണം

– ശ്രീ. എം. സ്വരാജ്

– ശ്രീ. പി. ടി. തോമസ് ...457

(5) കള്ള് ചെത്ത് വ്യവസായത്തിന്റെ പുനഃസംഘടന

– ശ്രീ. സി. ദിവാകരൻ ...458

(6) പരപ്പനങ്ങാടി ചാപ്പപ്പടി റോഡ് പുനർനിർമ്മാണം

– ശ്രീ. പി. കെ. അബ്ദു റബ്ബ് ...460

(7) സൂര്യ സ്വാമിയുടെ സംരക്ഷണം

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...461

(8) ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം

– ശ്രീ. സി. കെ. ഹരീന്ദ്രൻ

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ... 463

(9) ജോലിക്കിടെ മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചറുടെ കുടുംബത്തിന് സഹായം

– ശ്രീ. രാജു എബ്രഹാം ...465

(10) മണ്ണാർകാട് എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡ്

– ശ്രീ. എൻ. ഷംസുദ്ദീൻ ...466

**VI റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ...470

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ...470

**VIII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം** ...470

പേജ്

**IX ധനകാര്യം**

(1) 2020-2021 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ..471

ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ ..473

ധനാഭ്യർത്ഥന XXXIX വൈദ്യുത പദ്ധതികൾ ..475

(2) 2020– ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ..490

**അനുബന്ധം I & II** ..592&594

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

*2020 മാർച്ച് 5, വ്യാഴം*


| വാല്യം 180] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|


നിയമസഭ 2020 മാർച്ച് മാസം 5-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *91

### തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജ്

1 (*91 ) ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ):

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) തീരദേശ പാക്കേജിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) തീരദേശ മേഖലകളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളും ആയതിന് വകയിരുത്തിയ തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) റീബിൽഡ് കേരള ഫണ്ടിൽ നിന്നും തീരദേശത്തുള്ള മത്സ്യത്തൊഴി ലാളികളുടെ പുനരധിവാസത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സർ, അടിസ്ഥാന സൗകര്യ വികസനത്തിനായി 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. ഇതുമായി ബന്ധപ്പെട്ട് ജീവനോപാധികൾക്ക് മാത്രമാണ് 500 കോടി രൂപ സ്പെഷ്യലായിട്ടെടുക്കുന്നത്. ഇപ്പോൾ നമ്മൾ നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ 2,000 കോടി രൂപയ്ക്കുപ്പുറമാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന ഭവനനിർമ്മാ ണത്തിനായി 2,450 കോടി രൂപ കൂടാതെ നിലവിലുള്ളതെല്ലാം കൂടിച്ചേരുമ്പോൾ പശ്ചാത്തല സൗകര്യ വികസനത്തിന് മാത്രമായി 2874 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കിഫ്ബി സഹായ ത്തോടുകൂടി പശ്ചാത്തല സൗകര്യ വികസനം, ഹാർബറുകൾ, തീരദേശ സംരക്ഷണം എന്നിവയും നടന്നുവരുന്നു. ഹാർബറുകൾക്ക് 219 കോടി രൂപയുടെ അനുമതിയും തീരദേശ സംരക്ഷണത്തിന് 99.86 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരവും നൽകി. സ്കൂളുകൾ, തീരദേശ മാർക്കറ്റുകൾ എന്നീ പദ്ധതികൾ തത്വത്തിൽ അംഗീകരിച്ച് ഇപ്പോൾ നടപ്പിലാക്കാൻ പോകുകയാണ്. കിഫ്ബി വഴി ഏകദേശം 600 കോടി രൂപയുടെ പദ്ധതിക്കാണ് പ്രത്യേക അനുമതി ലഭ്യമായിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് തീരദേശ റോഡുകളും ഹാർബറുകളുമാണ്. ഹാർബറുകൾക്ക് 422 കോടി രൂപയുടെയും റോഡുകൾക്ക് 650 കോടി രൂപയുടെയും പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. അതുമാത്രം ഏകദേശം 1000 കോടിയോളം രൂപയുടെ പദ്ധതികളാണ്. മത്സ്യവകുപ്പ് മുഖേനയുള്ള പദ്ധതികളും അതിനുപുറമെയുള്ളതുമെടുത്ത് നോക്കിയാൽ നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(എ) ഓഖി ദുരന്തത്തിനുശേഷം 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണെന്ന് കണ്ടെത്തുകയും തീരദേശ അടിസ്ഥാന സൗകര്യം,

മത്സ്യത്തൊഴിലാളി മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച പഠനം ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെയും ജീവനോപാധി സംബന്ധിച്ച പഠനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദിനെയും ചുമതലപ്പെടുത്തുകയും TISS മുഖേനയുള്ള പഠനം പൂർത്തീകരിച്ച് ഫീൽഡ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. IRMA മുഖേനയുള്ള പഠനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യ മേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഉറപ്പാക്കുന്ന പദ്ധതികൾ ഇതിനകം നടപ്പാക്കി തുടങ്ങിയതിനാൽ ഫിഷറീസ് മേഖലയിൽ 500 കോടി രൂപയുടെ ജീവനോപാധി പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുക, തൊഴിലുപകരണങ്ങൾ നൽകുക, പെൻഷൻ നൽകുക മുതലായ നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനുപുറമെ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 4398 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും മുഖേന നടപ്പിലാക്കി വരുന്നത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17 വർഷം മുതൽ ഫിഷറീസ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1902 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകി 964 ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ നാല് വർഷങ്ങളിലായി തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 146.28 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റ് വിഹിതത്തിനുപുറമെ കിഫ്ബി മുഖേനയും നബാർഡ് RIDF ഫണ്ട് വിനിയോഗിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17 വർഷം മുതൽ ഫിഷറീസ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1902 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. 192 ഫ്ലാറ്റുകൾ മുട്ടത്തറയിൽ നിർമ്മിച്ച് കടലാക്രമണത്തിൽ ഭൂമിയും

വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിച്ചു. കൂടാതെ പുതിയതായി 772 ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹത് പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടിൽനിന്നുമാണ് കണ്ടെത്തുന്നത്. ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. ഇതിൽ മാറിത്താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള 8493 കുടുംബങ്ങളെ ആദ്യഘട്ടത്തിൽ പുനരധിവസിപ്പിക്കുന്നതാണ്. 2019-20, 2020-21, 2021-22 എന്നിങ്ങനെ മൂന്ന് വർഷങ്ങൾകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യവർഷം 8487 കുടുംബങ്ങളെയും 2020-21-ൽ 5099 കുടുംബങ്ങളെയും 2021-22-ൽ 5099 കുടുംബങ്ങളെയുമാണ് പുനരധിവസിപ്പിക്കുന്നത്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ടുപയോഗിച്ചാണ് വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് തീരദേശത്ത് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽപദ്ധതികളിലുൾപ്പെടുത്തി വ്യക്തിഗത ഫ്ലാറ്റുകൾ, വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം, തീരദേശ റോഡ് പുനരുദ്ധാരണം മുതലായ വ്യത്യസ്ത പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം പശ്ചാത്തല വികസന പദ്ധതികൾക്കെല്ലാമായി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 4398 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

(ബി) 1. തീരദേശ പാക്കേജിന്റെ ഭാഗമായി 500 കോടി രൂപയുടെ ജീവനോപാധി പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

2. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പിലാക്കും. 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

3. കൂടാതെ സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീര സംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കും.

(സി) സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ, വികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നത്. മേൽപദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി, കൊല്ലം ജില്ലയിലെ താന്നി, ആലപ്പുഴ ജില്ലയിലെ കായംകുളം, തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നിവിടങ്ങളിലായി 7 തീരസംരക്ഷണ പദ്ധതികൾക്കായി 99.82 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പൂന്തുറ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 17.80 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ 112.218 കോടി രൂപയുടെ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ ഒരു മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 97.43 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തി 69 തീരദേശ സ്കൂളുകളുടെ വികസനത്തിന് 141.27 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയതിൽ 56 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 64.18 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. കിഫ്ബിയിൽ ഉൾപ്പെടുത്തി 65 മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് 193.46 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള 15 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് 41.74 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. മറ്റുള്ള മത്സ്യമാർക്കറ്റുകളുടെയും കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ഡി) റീബിൽഡ് കേരള ഫണ്ടിൽനിന്നും തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

എന്നാൽ ഇപ്പോൾ ഷിറിയ, കണ്ണൂരിലെ പുതിയങ്ങാടി, അജാനൂർ എന്നിങ്ങനെ മൂന്ന് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി റീബിൽഡ് കേരളയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കി വൻകിട കുത്തക കോർപ്പറേറ്റ് കമ്പനികൾക്ക് കടലാകെ തീറെഴുതി കൊടുക്കുന്നൊരു തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇതിനകം പ്രഖ്യാപിക്കപ്പെട്ട പല നിയമങ്ങളിലൂടെയും ഉണ്ടായിട്ടുള്ളത്. കേന്ദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ കൊണ്ടുവന്നപ്പോൾ അത് ഒഴിവാക്കാനായി കേരളം ശക്തമായ ഇടപെടൽ നടത്തിയത് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ പ്രത്യേകമായി വിപ്പ് നൽകിയതല്ല. ഇന്നലെ മലയാള മനോരമയുടെ എഡിറ്റോറിയലിൽ കേരളത്തെ പ്രത്യേകമായി അഭിനന്ദിച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികളെപ്പറ്റി അങ്ങ് ഇന്നലെ വിവരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ എന്തൊക്കെയാണ്; കേരളത്തിന്റെ കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും പുതിയ പദ്ധതി പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഹാർബർ നവീകരണത്തിന് ആദ്യകാലത്ത് 80% കേന്ദ്രവിഹിതമുണ്ടായിരുന്നത് 60 ശതമാനമായും 50:50 ആയും പിന്നീട് 40 ശതമാനമായും കുറഞ്ഞു. ഈ പുതിയ സാമ്പത്തിക വർഷം മുതൽ ഒരുപൈസയും കേന്ദ്രവിഹിതമായി ലഭിക്കുന്നില്ല. പകരം, ഹാർബർ

നവീകരണത്തിന് FIDF (Fisheries and Aquaculture Infrastructure Development Fund) വഴി വായ്പയെടുക്കാൻ പലിശ കേന്ദ്രസർക്കാർ നൽകാമെന്നാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. അവരുടെ പാറ്റേണിൽത്തന്നെ അടിസ്ഥാനപരമായ മാറ്റങ്ങൾ വന്നുകഴിഞ്ഞു. തീരദേശ സംരക്ഷണത്തിന് ഇതിനുമുമ്പും കേന്ദ്രത്തിന്റെ ഫണ്ട് ലഭിച്ചിരുന്നില്ല. കേരളമാണ് ഇറിഗേഷൻ വകുപ്പുവഴി അതെല്ലാം ചെയ്തുകൊണ്ടിരുന്നത്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.ഒ.റ്റി. (National Institute of Ocean Technology)-യുടെ സാങ്കേതിക സഹായത്തോടുകൂടി പൂന്തുറയിൽ മോഡൽ പൈലറ്റ് പ്രോജക്ട് ആരംഭിക്കാൻ പോകുകയാണ്. ഇന്നലെ അതിനുള്ള ടെണ്ടർ ലഭിച്ചിരുന്നു, അത് അപ്രൂവ് ചെയ്തു. ഈ മാസം അവസാനത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഒരു പുതിയ മെത്തേഡായ ഓഫ് ഷോർ ബ്രേക്ക് വാട്ടറിന് തുടക്കം കുറിക്കുകയാണ്. കിഫ്ബി 150 കോടി രൂപയുടെ പദ്ധതി തീരസംരക്ഷണത്തിന് നൽകിയതിൽ 17 കോടി രൂപ പൂന്തുറയിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ മാസംതന്നെ ആരംഭിക്കാൻ കഴിയും. പൂന്തുറ, വലിയതുറ പ്രദേശത്ത് ഓഫ് ഷോർ ബ്രേക്ക് വാട്ടർ 700 മീറ്ററാണിപ്പോൾ ചെയ്യുന്നത്. ജൂൺ-ജൂലൈ മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണം പൂർത്തിയാകും. ഈ റഫ് സീസണിൽ അത് വിജയകരമാണെന്നുകണ്ടാൽ ഡിസംബർ മാസത്തിൽ ശംഖുംമുഖം വരെ 6 കി.മീ നീളത്തിൽ ചെയ്യാനാണുദ്ദേശിക്കുന്നത്. കടലൂരിൽ എൻ.ഐ.ഒ.റ്റി. ചെയ്തത് വിജയകരമാണെന്ന് ഞങ്ങൾ നേരിട്ടുകണ്ടു. അതാണ് ഇവിടെ നടപ്പിലാക്കാൻ പോകുന്നത്.

<u>മി. സ്പീക്കർ</u>: ജിയോ പൈപ്പാണോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ജിയോ ട്യൂബാണ്. അത് വിജയകരമായാൽ പാറയിട്ട് തീരം സംരക്ഷിക്കുന്ന രീതിയിൽ എന്നന്നേയ്ക്കുമായി മാറ്റം വരും. ജിയോ ട്യൂബ് വഴി തീരത്തെ സംരക്ഷിക്കാമെന്ന പുതിയൊരു അദ്ധ്യായമാണ് കേരളം തുറക്കുന്നത്. തിരുവനന്തപുരം ശംഖുംമുഖം കടലെടുത്ത് പോയിരിക്കുകയാണ്. അവിടെ ഡിസംബർ മാസത്തോടുകൂടി ഇത് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. കെ. രാജൻ</u>: സർ, കേരളത്തിന്റെ സൈന്യമെന്ന് നാം അഭിമാനിക്കുന്നത് മത്സ്യത്തൊഴിലാളികളെയാണ്. ഇത്തവണത്തെ ബഡ്ജറ്റിൽ ഫിഷർമാനെന്ന് പ്രത്യേകമായി സൂചിപ്പിച്ചുകൊണ്ട് ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ കേരളം ഇത്തരത്തിലുള്ള ഇടപാടുകളെല്ലാം നടത്തിയിട്ടും മത്സ്യബന്ധന രംഗത്ത് വലിയ ആശങ്കകളുണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാം. മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കുന്നതുമായും യന്ത്രവൽകൃത ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്നതുമായും ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ട്. മത്സ്യത്തൊഴിലാളി

ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നവർക്ക് മറ്റ് ക്ഷേമനിധികളിൽ ലഭ്യമാകുന്നതുപോലെ റിട്ടയർമെന്റാകുമ്പോൾ അംശദായം തിരിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾ നിലനിന്നിരുന്നു. പുതിയ ബഡ്ജറ്റിൽ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അങ്ങ് രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. ഒന്ന് മണ്ണെണ്ണയാണ്. മുൻകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സബ്സിഡി മണ്ണെണ്ണ നൽകിക്കൊണ്ടിരുന്നത് ഫ്യൂവലിനുവേണ്ടിയാണ്. സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ നടപ്പിലാക്കിയതോടുകൂടി ഒരു തൊഴിലാളിക്ക് 40 ലിറ്റർ വരെ മണ്ണെണ്ണ അലോക്കേഷനുണ്ടായിരുന്നതിൽ കുറവുണ്ടായി. കേന്ദ്ര ഗവൺമെന്റിൽ നിവേദനം സമർപ്പിച്ചതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ 10000 ലിറ്ററാണ് സിവിൽ സപ്ലൈസ് വഴി നോൺ സബ്സിഡൈസ്ഡ് പി.ഡി.എസ്. മണ്ണെണ്ണ നൽകിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ അതിലും കുറവ് വരുത്തുന്നുണ്ട്. കേന്ദ്രവഗൺമെന്റിനോട് വീണ്ടും ആവശ്യപ്പെട്ടതിനെത്തുടർന്ന് ഇന്നലെ ലഭിച്ച മറുപടിയിൽ പറഞ്ഞിരിക്കുന്നത് നോൺ സബ്സിഡൈസ്ഡ് പി.ഡി.എസ്. നൽകിയത് മുഴുവൻ നിങ്ങൾ ചെലവഴിച്ചില്ല, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരികയാണെങ്കിൽ മണ്ണെണ്ണ നൽകാമെന്നാണ്. അത് സിവിൽ സപ്ലൈസ് വകുപ്പുമായി ചർച്ച ചെയ്യാനിരിക്കുകയാണ്. മണ്ണെണ്ണ സബ്സിഡി കേന്ദ്രം അനുവദിക്കുന്നില്ല. സംസ്ഥാന സർക്കാർ 150 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡിയായി നൽകിയത്. നോൺ പി.ഡി.എസ്. ലഭിച്ചാൽ അതുമായി ലിങ്കുചെയ്ത് ആവശ്യത്തിനുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളിക്ക് നിയന്ത്രിത വിലയ്ക്ക് നൽകാൻ കഴിയുമോയെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കേരളത്തിൽ ഏറ്റവുമധികം ആനുകൂല്യം നൽകുന്ന ബോർഡാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 242000 മത്സ്യത്തൊഴിലാളികളെയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ പ്രീമിയം സർക്കാരാണ് അടയ്ക്കുന്നത്. അതുവഴി അപകടമരണത്തിന് 5 ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയായി ഉയർത്തി. മത്സ്യബന്ധന വേളയിൽ കാണാതാകുകയോ സ്ഥിരവും പൂർണ്ണവുമായ അവശതയുണ്ടാകുകയോ ചെയ്താൽ 10 ലക്ഷം രൂപയും ഭാഗിക അവശതയുണ്ടായാൽ 5 ലക്ഷം രൂപയും നൽകും. കൂടാതെ ആം ആദ്മി സ്കീമിലും ക്ഷേമനിധി ബോർഡിലും പ്രീമിയം അടയ്ക്കുന്നവർക്കും 4 ലക്ഷം രൂപ മുതലുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. 50,000 രൂപ വരെയുള്ള ചികിത്സാ സഹായം ക്ഷേമനിധി ബോർഡ് നൽകുന്നുണ്ട്. സർക്കാർ ആശുപത്രി കൂടാതെ ഉത്രാടം തിരുനാൾ ആശുപത്രി, അമൃത ഇൻസ്റ്റിറ്റ്യൂട്ട്, ബേബി മെമ്മോറിയൽ ആശുപത്രി- കോഴിക്കോട്, വെസ്റ്റ്

ഫോർട്ട്-തൃശ്ശൂർ, ഫാത്തിമ ആശുപത്രി-കോഴിക്കോട്, കോട്ടയ്ക്കൽ ആര്യവൈദ്യശാല എന്നീ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. മികച്ച സഹായമാണ് ക്ഷേമനിധി ബോർഡ് വഴി നൽകുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, തീരദേശത്തിനായി മൂന്ന് സ്വപ്ന പദ്ധതികൾ പ്രാവർത്തികമാക്കുന്ന ദിനമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശംഖുംമുഖത്ത് പുനർഗേഹം പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ഇന്ന് നിർവ്വഹിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും ഫലമായി മത്തി, അയല തുടങ്ങിയ മത്സ്യങ്ങൾ കുറഞ്ഞുവരികയാണ്. ഇത്തരം പ്രശ്നങ്ങളെ അതിജീവിക്കാനും ഇവയുടെ കുറവ് നികത്താനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ഞാൻ മറുപടി പറയാം. ഇന്നലെ ഞാനത് വിശദീകരിച്ചിരുന്നു. അശാസ്ത്രീയ മത്സ്യബന്ധന രീതിയുടെ ഫലമായാണ് മത്സ്യസമ്പത്തിൽ കുറവുണ്ടായത്. ബോട്ടുടമകൾ ചെറുമീനുകളെ പിടിച്ചതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. CMFRI (Central Marine Fisheries Research Institute) ശിപാർശ ചെയ്തതനുസരിച്ച് 58 ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുകയും അത് നടപ്പിലാക്കാൻ KMFRA (Kerala Marine Fisheries Regulation Act) ഭേദഗതി ചെയ്യുകയും ചെറുമത്സ്യങ്ങൾ പിടിക്കുന്നത് കർശന ശിക്ഷയുള്ള കുറ്റമായി മാറ്റുകയും ചെയ്തു. അതിന്റെ ഫലമായി കുറച്ച് മാറ്റം വന്നിട്ടുണ്ട്. CMFRI-യുടെ കണക്കനുസരിച്ച് 4.88 ലക്ഷം ടണ്ണായിരുന്ന മത്സ്യസമ്പത്ത് ഇപ്പോൾ 6.48 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. പാരിടുക, പരമ്പരാഗത തൊഴിലാളികളെ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിലും കടലോരത്തും കൂട് കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയിലൂടെ മത്സ്യസമ്പത്തിനെ സംരക്ഷിച്ച് തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്താനുള്ള ബൃഹത്തായ പദ്ധതി സർക്കാരിനുണ്ട്, അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേന്ദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബില്ലിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് വിദേശ കപ്പലുകൾക്ക് കടന്നുവരാനുള്ള അവസരമൊരുക്കുകയും മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്ന നടപടികളെടുക്കുകയും ചെയ്യുന്നതിനെതിരെ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. പക്ഷേ, നിയമംമൂലം നിയന്ത്രിക്കാൻ കഴിയാത്ത ചില പ്രശ്നങ്ങളുണ്ട്. കടലിൽ മത്സ്യസമ്പത്തിന് ഭീഷണിയാകുന്ന തരത്തിൽ ജീവവായു കുറയുന്നതായി ഒരു പഠനം വന്നിട്ടുണ്ട്. അത് ഓക്സിജൻ മിനിമം സോൺ പ്രതിഭാസമാണ്. അതിന് ഇന്ത്യയെയാണ് ലോകരാഷ്ട്രങ്ങൾ കുറ്റപ്പെടുത്തുന്നത്. രാസമാലിന്യങ്ങൾ നിക്ഷേപിക്കുന്നതാണ് ഈ പ്രതിഭാസത്തിന്

കാരണമെന്നാണ് പറയുന്നത്. ദേശീയ മത്സ്യസമ്പത്തിന്റെ ശരാശരി 66% വരുന്നത് ഉൾനാടൻ ജലാശയങ്ങളിൽ നിന്നാണ്. കേരളത്തിൽ പ്രളയത്തിനുശേഷമുണ്ടായ പ്രകൃതിപരമായ വ്യത്യാസങ്ങളും ജൈവപരമായ മാറ്റങ്ങളുമൊക്കെ മത്സ്യോൽപ്പാദനത്തിന് തിരിച്ചടിയായിട്ടുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരത്തിൽ ജീവവായുവിന്റെയും പ്രളയത്തിന്റെയും പ്രശ്നംകൊണ്ട് ഉൾനാടൻ ജലാശയങ്ങളിലും കടലിലുമുണ്ടാകുന്ന മാറ്റങ്ങൾ ശാസ്ത്രീയമായി പഠിച്ച് അതിന് പരിഹാരമുണ്ടാക്കാൻവേണ്ടിയുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രളയം വന്നതിനുശേഷം കേരള ഫിഷറീസ് യൂണിവേഴ്സിറ്റി (കുഫോസ്) നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം കണ്ണൂർ, കാസർഗോഡ് മേഖലകളിൽ കല്ലുമ്മക്കായ കൃഷി നടക്കുന്നില്ല. അവിടത്തെ നൂറുകണക്കിന് സ്ത്രീകളുടെ വരുമാനം പൂർണ്ണമായി നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഈ വർഷമുള്ളത്. കല്ലുമ്മക്കായയുടെ കുഞ്ഞുങ്ങളെ കിട്ടാനില്ല. പ്രകൃതിദത്ത കുഞ്ഞുങ്ങളെയാണ് കല്ലുമ്മക്കായ കൃഷിക്ക് മലബാർ മേഖലയിലെ കർഷകർ ഉപയോഗിച്ചിരുന്നത്. അത് ലഭിക്കാത്ത സ്ഥിതിയുണ്ടായതിനെത്തുടർന്ന് കല്ലുമ്മക്കായ കൃത്രിമമായി ഉല്പാദിപ്പിക്കുന്നതിനായി ഓരോ കോടി വീതം കപ്പാസിറ്റിയുള്ള രണ്ട് ഹാച്ചറികൾ കണ്ണൂരും തൃശ്ശൂരും ആരംഭിക്കാനുള്ള നടപടികൾക്ക് ഈ വർഷം തുടക്കം കുറിക്കുകയാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും അതിനെ എങ്ങനെ അതിജീവിക്കാൻ കഴിയുമെന്ന് പരിശോധിക്കുകയും അതിനുവേണ്ടി ഇടപെടുകയും ചെയ്യുന്നുണ്ട്. കായലിലെ മാലിന്യവും കുട്ടനാടൻ കൃഷിക്ക് ഉപയോഗിക്കുന്ന വളവും വേസ്റ്റും പ്ലാസ്റ്റിക്കുമെല്ലാം മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ മാരകമായി ബാധിക്കുകയാണ്. ഈ ഘട്ടത്തിൽ കുട്ടനാടെങ്കിലും കൃത്യമായി ജൈവകൃഷിയിലേയ്ക്ക് പോകേണ്ടതുണ്ട്. അതിനായി അവിടത്തെ മാലിന്യം പൂർണ്ണമായി നീക്കം ചെയ്യണം, കൃത്യമായും ശാസ്ത്രീയമായും ബണ്ടിടണം, വെള്ളം കയറ്റിറക്കം പ്രോൽസാഹിപ്പിക്കണം. 'ഒരു മീനും ഒരു നെല്ലും' എന്നതാണ് ജൈവകൃഷിക്ക് ഏറ്റവും പ്രധാനപ്പെട്ടത്. ഇവിടെ കർഷകത്തൊഴിലാളി, മത്സ്യത്തൊഴിലാളി എന്നുള്ള മനോഭാവം ഇനിയും മാറിയിട്ടില്ല. അതുമാറാതെ ഉൾനാടൻ മേഖലയിൽ ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയില്ല. ആന്ധ്രാപ്രദേശിൽ കുളം കുഴിച്ച് ടൺ കണക്കിന് മത്സ്യം ഉല്പാദിപ്പിച്ച് 8,000 കോടി രൂപയുടെ വിദേശനാണ്യം നേടുമ്പോൾ, പത്താം സ്ഥാനമാണ് ഇവിടത്തെ ഉൾനാടൻ മത്സ്യമേഖലയ്ക്കുള്ളത്. കേരളത്തിന്റെ മനോഭാവം മാറാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. ഇതൊരു വലിയ പൊട്ടൻഷ്യലുള്ള സ്റ്റേറ്റാണ്. തൊഴിലവസരം നൽകാനും മാലിന്യരഹിത മത്സ്യം ഉല്പാദിപ്പിക്കാനും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ, ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് മാത്രം കഴിയുന്ന കാര്യമല്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെ ലൈസൻസ് ഫീസ് 2019-ൽ വർദ്ധിപ്പിക്കുകയും പിന്നീട് കുറയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ, വർദ്ധിപ്പിച്ച തുക തന്നെയാണ് ഇപ്പോഴും പലയിടത്തും ഈടാക്കുന്നത്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതുസംബന്ധിച്ച് ജി.ഒ. ഇറക്കിയിട്ടുണ്ട്. 2019-ൽ പുതിയ ഫീസ് അടയ്ക്കുമ്പോൾ 2018-ന്റെ ബാലൻസ് ഈടാക്കിയാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ കടൽക്ഷോഭമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കടൽക്ഷോഭമുണ്ടാകുമ്പോഴെല്ലാം നമ്മൾ സഭയിൽ പറയുകയും മീറ്റിംഗുകൾ കൂടുകയും ചെയ്യും. പക്ഷേ, ഈ ഗവൺമെന്റ് വന്നശേഷം തീരപ്രദേശത്ത് ഒരു കല്ലുപോലുമിട്ടില്ലെന്നതാണ് സത്യം. എന്റെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കടൽക്ഷോഭമുണ്ടായത്. അതിൽ അങ്ങയുടെ മണ്ഡലവും ചെല്ലാനവും ഉൾപ്പെടും. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതുകൊണ്ട് കല്ലിടരുതെന്നാണ് മന്ത്രി പറഞ്ഞത്. ചെല്ലാനം, ഹരിപ്പാട്, അമ്പലപ്പുഴ, പൊന്നാനി എന്നീ മേഖലകളിലുണ്ടാകുന്ന അതിരൂക്ഷമായ കടൽക്ഷോഭം പരിഹരിക്കാൻവേണ്ടി കിഫ്ബി പണം അനുവദിച്ചെങ്കിലും ഒരു രൂപയുടെ വർക്കുപോലും അവിടെ നടന്നിട്ടില്ല. എന്നിട്ട് പറയുന്നു, എനിക്ക് 350 കോടി രൂപ അനുവദിച്ചെന്ന്. ആകെ 90 കോടി രൂപ അനുവദിച്ചു, ഇതുവരെ ഒരു പ്രവർത്തനവും നടന്നിട്ടില്ല. ഓഫ് ഷോർ ബ്രേക്ക് വാട്ടർ സ്കീമിനെപ്പറ്റി പറയുന്നത് നാല് വർഷമായി കേട്ടുകൊണ്ടിരിക്കുകയാണ്. ജൂൺ-ജൂലൈ മാസം വരാൻ പോകുകയാണ്. അതുകൊണ്ട് തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഓഖിയും ഏറ്റവും വലിയ പ്രളയവുമുണ്ടായത് ഇപ്പോഴാണ്. നമ്മൾ അശാസ്ത്രീയമായി പാറ പൊട്ടിച്ചതു കൊണ്ടാണല്ലോ പ്രകൃതി നമ്മളെ കൈകാര്യം ചെയ്തത്. പ്രതിപക്ഷനേതാവിന് അത് അറിയാവുന്ന കാര്യമാണല്ലോ; മലയായ മലയെല്ലാം പൊട്ടിക്കാൻ എവിടെയാണ് പാരിസ്ഥിതികാനുമതി? ബിൽഡിംഗ് നിർമ്മാണ പ്രവർത്തനങ്ങൾക്കുപോലും പാറ കിട്ടാത്ത സ്ഥിതിയാണ്. നമ്മൾ മാറി ചിന്തിച്ചേ മതിയാകൂ. ലോകത്ത് നടത്തിയിട്ടുള്ള പുതിയ പരീക്ഷണങ്ങൾ നമ്മൾ നടപ്പിലാക്കണം. തമിഴ്നാട്ടിലെ കടലൂരിൽ ഇത് പ്രയോഗത്തിൽ വരുത്തി. ഓഫ് ഷോർ ബ്രേക്ക് വാട്ടർ പെട്ടെന്ന് നടപ്പാക്കാൻ കഴിയുന്നതല്ല. അതിന് ശാസ്ത്രീയമായി പഠനം നടത്തണം. രണ്ട് വർഷംകൊണ്ടാണ് വേവ് സ്റ്റഡീംഗ്ഗും മറ്റു കാര്യങ്ങളും സംബന്ധിച്ച് പഠനം നടത്തിയത്. ശാസ്ത്രീയമായ പഠനം നടത്തുമ്പോൾ

സമയമെടുക്കും. തിരുവനന്തപുരം പൂന്തുറയിൽ ആഴമുള്ള കടലാണ്. കടലൂരിൽ ആഴം കുറഞ്ഞ കടലിലാണിത് ചെയ്തിട്ടുള്ളത്. ഇവിടെയുള്ള വേവ് സ്ട്രെംഗ്ത് എന്താണെന്ന് ശാസ്ത്രീയമായ പഠനം നടത്തി അതിനനുസരിച്ച് മാത്രമേ ജിയോ ട്യൂബ് കൊണ്ടു വരാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ആ പഠനം പൂർത്തീകരിച്ച്, വർക്ക് ടെണ്ടർ ചെയ്തു, ഇന്നലെ വർക്ക് അപ്രൂവ് ചെയ്തു. ഈ സാമ്പത്തിക വർഷംതന്നെ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നടപ്പിലാക്കും. അത് വിജയിച്ചാൽ ശംഖുംമുഖം വരെ ചെയ്യുന്നതാണ്. ചെല്ലാനത്തും അത് ചെയ്യും. തീരത്താകെ പാറയിടുന്ന സ്ഥിതി മാറി ജിയോ ട്യൂബ് എന്ന ആത്യന്തിക സംരക്ഷണത്തിലേയ്ക്ക് പോകുകയാണ്. ആ മാറ്റത്തെ എതിർക്കുന്നതിനുപകരം അംഗീകരിച്ച് പിന്തുണയ്ക്കുകയാണ് വേണ്ടത്.

ശ്രീ. എസ്. ശർമ്മ: സർ, 1976-ലെ വനാവകാശ നിയമപ്രകാരം കാട് കാടിന്റെ മക്കളായ ആദിവാസികൾക്കാണ്. എന്നാൽ, തീരപ്രദേശത്തിനുവേണ്ടി പ്രഖ്യാപിക്കുന്ന പാക്കേജുകൾ പ്രയോഗത്തിലെത്തുമ്പോൾ അവിടത്തെ ജനങ്ങൾക്ക് അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന പ്രതിസന്ധികളും പ്രയാസങ്ങളും നേരിടേണ്ടിവരും. ഇന്നലെ ഡിമാന്റ് ചർച്ചയിൽ ഇത് വരികയും മറുപടി പറയുകയും ചെയ്തതാണ്. വനാവകാശ നിയമത്തിൽ കാട് കാടിന്റെ മക്കൾക്ക് എന്നുപറയുന്നതു പോലെ കടലോരം മത്സ്യത്തൊഴിലാളികൾക്ക് എന്ന രീതിയിൽ നിയമപരമായ പരിരക്ഷ കിട്ടുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അക്വേറിയം റിഫോംസ് ആക്ട് ലാ ഡിപ്പാർട്ട്മെന്റ് അപ്രൂവ് ചെയ്തിട്ടുണ്ട്. അത്തരത്തിലൊരു നിയമ ഭേദഗതി കൊണ്ടു വരാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇവിടെ പറയുന്നതല്ല പുറത്ത് നടക്കുന്നത്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മറ്റ് ജോലികൾ അന്വേഷിച്ച് പരക്കം പായുന്നുവെന്നാണ് ഇന്നും ഇന്നലെയുമുള്ള പത്രറിപ്പോർട്ടുകളിൽ കാണുന്നത്. നാല് മാസം മുമ്പ് മത്സ്യബന്ധന വിസയിൽ ഇറാനിലേയ്ക്കുപോയ 23 മത്സ്യത്തൊഴിലാളികൾ കൊറോണ ഭീതിയെത്തുടർന്ന് അവിടെ കുടുങ്ങിക്കിടക്കുകയാണ്. ചൈന കഴിഞ്ഞാൽ കൊറോണ ബാധിച്ച് ഏറ്റവും അധികം ആളുകൾ മരിച്ച രാജ്യമാണ് ഇറാൻ. വിമാന സർവ്വീസുകളെല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഒരു മുറിയിൽ നിന്നും പുറത്തിറങ്ങാനാകാതെയും ഭക്ഷണമില്ലാതെയും അവർ ബുദ്ധിമുട്ടുകയാണ്. തീരദേശം കടുത്ത ആശങ്കയിലാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരും വിദേശകാര്യ സഹമന്ത്രിയുമൊക്കെ ചേർന്ന് അവരെ അടിയന്തരമായി നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഒരു സബ്മിഷന് ഞാനിക്കാര്യം സംബന്ധിച്ച് മറുപടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വിദേശ കാര്യമന്ത്രിക്ക് കത്തെഴുതുകയും ചീഫ് സെക്രട്ടറി നേരിട്ട് വിദേശ എംബസിയുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. നോർക്കവഴി ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. തൊഴിലാളികൾ താമസിക്കുന്ന കേന്ദ്രങ്ങളിൽ ഭക്ഷണവും മറ്റുമെത്തിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ രാജ്യത്തിന്റെ നിയമവുമായി ബന്ധപ്പെട്ട് മാത്രമേ അവരെ തിരികെ കൊണ്ടുവരുന്നതിന് കഴിയുകയുള്ളൂ. വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്, അവർ സമ്മതിച്ചാൽ മാത്രമേ തിരികെ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. ദാസൻ</u>: സർ, മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതായ ധാരാളം തൊഴിലാളികളുണ്ട്. അവരുടെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിന് ചില തടസ്സങ്ങളുണ്ട്. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലപരിധി സംബന്ധിച്ച് എന്തെങ്കിലും നിബന്ധനയുണ്ടോ; വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇത്ര വർഷമെന്ന് നിബന്ധനയില്ല. ഇൻഷ്വർ ചെയ്തിരിക്കണമെന്ന് മാത്രമേയുള്ളൂ. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ തൊഴിലാളികളെയും ഗവൺമെന്റാണ് ഇൻഷ്വർ ചെയ്യുന്നത്, അതുകൊണ്ട് ആരെയും വിട്ടുപോകുന്നില്ല. പക്ഷേ മത്സ്യഫെഡിന് ഒരു ഇൻഷ്വറൻസുണ്ട്. അതിന്റെ പ്രീമിയം അടയ്ക്കേണ്ടത് മത്സ്യത്തൊഴിലാളിയാണ്. 'തൊഴിലാളി പ്രീമിയം' മത്സ്യഫെഡിൽ അടയ്ക്കുന്നവർക്കുമാത്രമേ ആ ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭിക്കുകയുള്ളൂ. ഗവൺമെന്റിന്റെയും മത്സ്യഫെഡിന്റെയും പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ മരിച്ചുപോകുന്ന തൊഴിലാളിയുടെ കുടുംബത്തിന് 20 ലക്ഷം രൂപയാണ് കിട്ടുന്നത്. ഗവൺമെന്റിന്റെ ഇൻഷ്വറൻസ് സ്കീമിൽ പ്രീമിയം അടയ്ക്കുന്നത് ഗവൺമെന്റായതുകൊണ്ട് എല്ലാവർക്കും അതിന്റെ ആനുകൂല്യം കിട്ടും. മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികൾ പ്രീമിയം അടയ്ക്കാത്തതുകൊണ്ടാണ് അത് കിട്ടാത്തത്. അല്ലാതെ കാലപരിധിയുടെ പ്രശ്നമല്ല. എന്നാൽ ഇൻഷ്വറൻസ് കമ്പനികളിൽ ചിലത് വളരെയധികം തടസ്സവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. ഗവൺമെന്റ് പ്രത്യേകമായി അദാലത്തൊക്കെ സംഘടിപ്പിച്ച് ആ പ്രശ്നം പരിഹരിക്കാൻ ഇടപെടുകയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കാര്യമാണ് ഏറ്റവും പ്രധാനം. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഈ സർക്കാർ വന്നതിനു ശേഷം ധാരാളം സഹായങ്ങൾ നൽകുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെയും ഡിപ്പാർട്ട്മെന്റിനെയും അഭിനന്ദിക്കുകയാണ്. മത്സ്യബന്ധനോപകരണങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ ഗവൺമെന്റാണ് ആദ്യമായി മത്സ്യബന്ധനോപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയത്. അതിൽ പരമ്പരാഗത തൊഴിലാളികൾക്ക് 90 ശതമാനവും പ്രീമിയം അടയ്ക്കുന്നത് ഗവൺമെന്റാണ്. ബോട്ടുടമകൾക്ക് 50% പ്രീമിയം ഗവൺമെന്റ് അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആയിരത്തിലേറെ യാനങ്ങൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് 90% സൗജന്യമാക്കിയിട്ടും എല്ലാവരും അതിലേയ്ക്ക് വന്നിട്ടില്ലെന്ന പ്രശ്നമുണ്ട്. ഈ സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. യാനങ്ങളെ ഇൻഷ്വർ ചെയ്യുന്നത് അവർക്ക് വളരെ സഹായകമായിരിക്കും.

## പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ

2(*92) ശ്രീ. പി. വി. അൻവർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പട്ടയ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; ലാൻഡ് ട്രൈബ്യൂണലുകളിൽ കേസ്സുകൾ തീർപ്പാക്കുന്നതിന് ഏറെ കാലതാമസമുണ്ടാകുന്നത് പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആരാധനാലയങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ;

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ&ബി) ഉപാധിരഹിത പട്ടയമെന്ന ദീർഘകാല ആവശ്യത്തിന് അംഗീകാരം നൽകി. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്തു.

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കി. കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവുചെയ്തു. കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചുനൽകുന്നതിന് പ്രത്യേക ഫോറങ്ങളാക്കി. കൈവശഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണെന്നുകൂടി തീരുമാനിച്ചു.

കൈവശഭൂമിയായാലും കൈവശമില്ലാത്ത ഭൂമിയായാലും പതിച്ചുകിട്ടിയാൽ ഏത് ബാങ്കിലും ഈടുവച്ച് ലോണെടുക്കുന്നതിനും മറ്റും ഉതകുന്നതരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

1964-ലെ ചട്ടങ്ങൾപ്രകാരം നൽകിയ പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചു പിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവഴി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാനുള്ള കേസ്സുകൾ 500-ൽ താഴെയാക്കാൻ കഴിഞ്ഞു. പ്രസ്തുത ജില്ലകളിലുണ്ടായിരുന്ന കേസ്സുകൾ അതത് ജില്ലകളിലെ താലൂക്ക് തഹസിൽദാർമാർക്ക് എൽ.റ്റി.-യുടെ ചുമതല നൽകി വീതിച്ചുകൊടുക്കുകയും ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത് വടക്കൻ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിക്കുകയും ചെയ്തു. അട്ടപ്പാടി മേഖലയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ അട്ടപ്പാടി എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് എൽ.റ്റി.യുടെ ചുമതല നൽകുകയുണ്ടായി. എൽ.റ്റി.യിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറുടെ കുറവ് പരിഹരിക്കാൻ വില്ലേജ് ഓഫീസർമാരെ റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് എൽ.റ്റി.യിൽ നിന്ന് പ്രത്യേകം പട്ടയം വാങ്ങേണ്ടതില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചുവഴി 32000 കാണം കുടിയാന്മാരുടെ പട്ടയ പ്രശ്നം പരിഹരിച്ചു. കേസ്സുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റി.-യുടെ അധിക ചുമതല നൽകുകയുണ്ടായി. ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തിവരുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റി.യിലെ കേസ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 27-2-2020 വരെ 137285 കേസ്സുകൾ തീർപ്പാക്കുകയും നിയമാനുസൃതം അർഹതയുള്ള 68169 പേർക്ക് ലാന്റ് ട്രൈബ്യൂണലുകളിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്നവർക്ക് അത് പതിച്ചുകൊടുക്കുന്നതിനുവേണ്ടി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്കായി വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ആയത് സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ ബാക്കിയുള്ള പട്ടയ നടപടികൾ സ്വീകരിക്കാൻ കഴിയും.

കേന്ദ്രാനുമതി ലഭിച്ച, നിലവിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസ്സുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (1-1-1977-ന മുമ്പ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകി 22-6-2019-ലെ G.O.(Rt) No.189/ 2019/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

1-1-1977-നുമുമ്പ് വനഭൂമി കൈവശംവച്ചിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് ആർ.ഒ.ആർ. നൽകുന്ന നടപടി അവസാനിപ്പിച്ച് പട്ടയം നൽകുന്നതിന് ജി.ഒ.(ആർ.റ്റി.)നമ്പർ 2023/2017/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

പട്ടയ വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി ക്രമങ്ങൾ സുതാര്യമാക്കി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 5-11-2018-ൽ നമ്പർ 63/യു3/2018/റവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു. ഇതിനു പുറമെ കർശന നിർദ്ദേശങ്ങൾ നൽകി മിച്ചഭൂമി പട്ടയങ്ങളും വിതരണം ചെയ്തു.

(സി) ആരാധനാലയങ്ങളും ശ്മശാനങ്ങളും കൈവശം വച്ചിരിക്കുന്നതും മതിയായ രേഖകളില്ലാത്തതുമായ ഭൂമിയിൽ ഓരോന്നിന്റെയും ആവശ്യം നിറവേറ്റുന്നതിനു വേണ്ട ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയുണ്ടെങ്കിൽ അതൊഴിവാക്കി പരമാവധി ഒരേക്കർ ഭൂമി നിബന്ധനകൾക്കു വിധേയമായി പതിച്ചുനൽകുന്നതിന് 29-1-2020-ലെ സ.ഉ (കൈ) നമ്പർ 40/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. അതിലെ ചില വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

(i) പ്രസ്തുത ആരാധനാലയങ്ങളും ശ്മശാനങ്ങളും ഇപ്പോഴും നിലവിലുള്ളതായിരിക്കേണ്ടതാണ്.

(ii) കൃത്യമായ വരവുചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടുള്ളവയായിരിക്കണം.

(iii) പതിച്ചു നൽകാവുന്ന പരമാവധി ഭൂമി ഒരേക്കർ ആയിരിക്കും.

(a) പ്രസ്തുത ഭൂമി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് മുതൽ കൈവശം വച്ചുവരുന്നതാണെന്ന് തെളിയിക്കുന്നതിനുതകുന്ന രേഖകൾ ഹാജരാക്കുന്നപക്ഷം നിലവിലെ ഫെയർ വാല്യൂവിന്റെ 10% ഈടാക്കി പതിച്ചുനൽകാവുന്നതാണ്.

(b) പ്രസ്തുത ഭൂമി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും കേരളപ്പിറവിക്ക് മുമ്പുമുള്ള കൈവശ ഭൂമിയാണെന്ന് തെളിയിക്കുന്നതിനുതകുന്ന രേഖകൾ ഹാജരാക്കുന്നപക്ഷം ഫെയർ വാല്യൂവിന്റെ 25% ഈടാക്കി പതിച്ചുനൽകാവുന്നതാണ്.

(c) പ്രസ്തുത ഭൂമി കേരളപ്പിറവിക്കുശേഷവും 1990 ജനുവരി 1-നുമുമ്പും കൈവശം വച്ചുവരുന്ന ഭൂമിയാണെന്ന് തെളിയിക്കുന്നതിനുതകുന്ന രേഖകൾ ഹാജരാക്കുകയാണെങ്കിൽ ഫെയർ വാല്യു ഈടാക്കി പതിച്ചുനൽകുന്നതാണ്.

(d) പ്രസ്തുത ഭൂമി 1990 ജനുവരി 2-ാം തീയതിക്കുശേഷവും 25-8-2008-നുമുമ്പും കൈവശം വച്ചുവരുന്നുവെന്ന് തെളിയിക്കാനുതകുന്ന രേഖകൾ ഹാജരാക്കുകയാണെങ്കിൽ കമ്പോളവില ഈടാക്കി പതിച്ചുനൽകാവുന്നതാണ്.

ശ്രീ. പി. വി. അൻവറിനുവേണ്ടി ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇടതുപക്ഷ ഗവൺമെന്റാണ് 22 വർഷങ്ങൾക്കുശേഷം ആ പ്രദേശത്തെ ജനങ്ങളുടെ മുറവിളിയിന്മേൽ നടപടി സ്വീകരിച്ചത്. ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ, റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, പദ്ധതി പ്രദേശത്ത് പട്ടയം നൽകാൻ മുൻകയ്യെടുത്ത മന്ത്രി ശ്രീ. എം. എം. മണി ഉൾപ്പെടെയുള്ളവർക്ക് ഞാൻ വിപ്ലവാഭിവാദ്യങ്ങൾ നേരുകയാണ്.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ചോദ്യത്തിലേയ്ക്ക് വരികയാണ്. കല്ലാർകുട്ടി ഡാം, ചിന്നക്കനാൽ, വട്ടവട, മാങ്കുളം, ദേവികുളം കെ.ഡി.എച്ച്. തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തരമായി ഇടപെട്ട് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പട്ടയം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇടുക്കി ജില്ലയിലെ ചില പദ്ധതി പ്രദേശങ്ങളിലെ ഭൂമിയുടെ പട്ടയവിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ നടത്തിയിട്ടുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമി അനുവദിച്ചു കൊടുക്കുന്നതിനും നിയമപരമായി പട്ടയം നൽകുന്നതിനും തടസ്സമില്ലെന്ന വിവരം റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വിതരണം ചെയ്ത പട്ടയങ്ങളെയും പട്ടയം നൽകാനുള്ള പ്രദേശത്തെയും സംബന്ധിച്ചൊക്കെ കേസ്സുകൾ നിലനിൽക്കുന്നതിനാൽ കോടതിവിധി വരുന്നതുവരെ കാത്തിരിക്കേണ്ട സാഹചര്യമുണ്ട്. അതൊഴിവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-12-2019-ന്

സർവ്വകക്ഷി യോഗം ചേർന്നെങ്കിലും വ്യക്തമായ നിലപാട് സ്വീകരിക്കുന്നതിന് കാലതാമസം നേരിടുകയാണ്. എത്രയുംവേഗം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 17-12-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ട്, കോടതിയിലും ഗ്രീൻ ട്രിബ്യൂണലിലും നിലനിൽക്കുന്ന കേസ്സുകളുടെ നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ എ.ജി. ഉൾപ്പെടെയുള്ള നിയമപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഭൂദാനം കോളനികളിൽ താമസിക്കുന്നവർക്ക് ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ല. ഭൂദാനം പത്രികപ്രകാരമാണ് അവരവിടെ താമസിക്കുന്നത്. മറ്റ് മിച്ചഭൂമി ലഭിക്കുന്നവർക്ക് 12 വർഷം കഴിഞ്ഞാൽ ട്രാൻസാക്ഷൻ നടത്താം. എന്നാൽ ഇവർക്ക് അതിനുള്ള അവകാശവുമില്ല. ഭൂദാനം കോളനികളിൽ താമസിക്കുന്നവർക്ക് അടിയന്തരമായി പട്ടയം നൽകണം. ഇവർക്ക് പതിച്ചുനൽകിയ ഭൂമി ഈടുവച്ച് ലോണെടുക്കാനും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഭൂദാനം കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകാൻ സർക്കാർ തയ്യാറാകുമോ; അതുപോലെ മിച്ചഭൂമി കിട്ടിയിട്ടും അളന്നുകൊടുക്കാത്ത പ്രശ്നങ്ങളുണ്ട്, ഇതെല്ലാം സമയബന്ധിതമായി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭൂദാനം കോളനിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. മിച്ചഭൂമി വിതരണത്തിലെ ചില പോരായ്മകളെപ്പറ്റി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. പട്ടയം ലഭിച്ചിട്ടും ഭൂമി ലഭിക്കാതിരിക്കുക, ഭൂമി ലഭിച്ചിട്ടും ആവശ്യമായ രേഖകൾ കൈവശമില്ലാതിരിക്കുക തുടങ്ങിയ വിഷയങ്ങളുണ്ട്. ഇവ ഓരോന്നും മുൻഗണനാക്രമമനുസരിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു: സർ, നാല് വർഷംകൊണ്ട് 114004 പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞത് പാവപ്പെട്ടവരുടെ വിഷമതകൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുവെന്നതിന്റെ തെളിവാണ്. മൂന്ന് ഹിയറിംഗ് നടത്തി ആറ് മാസംകൊണ്ട് ലാന്റ് ട്രൈബ്യൂണലിൽ നിന്നുള്ള പട്ടയം നൽകാവുന്നതാണ്. അതുപോലെ മാസാമാസം ചേരുന്ന അസൈൻമെന്റ് കമ്മിറ്റിക്കും നിയമാനുസൃതമായി ഹിയറിംഗ് നടത്തി രണ്ടോ മൂന്നോ മാസംകൊണ്ട് പട്ടയം നൽകാം. പട്ടയത്തിന് അപേക്ഷ

നൽകിയവർക്ക് ഹിയറിംഗിന് ഹാജരാകാൻവേണ്ടി അയയ്ക്കുന്ന പോസ്റ്റൽ കാർഡിൽ തീയതി മാറ്റിമാറ്റി എഴുതി വർഷങ്ങൾ കഴിഞ്ഞും പട്ടയം ലഭിക്കാത്ത സ്ഥിതിക്ക് ഇപ്പോൾ ചെറിയ മാറ്റമുണ്ടായിട്ടുണ്ട്. എന്നാലും ആയിരക്കണക്കിന് അപേക്ഷകളാണ് ഇപ്പോഴും കെട്ടിക്കിടക്കുന്നത്. സ്ഥിരതാമസമാണെങ്കിലും ഭൂമിക്ക് സ്വന്തമായ രേഖയില്ലാത്തതുകൊണ്ട് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കാനും ബാങ്കുകളിൽനിന്ന് വായ്പയെടുക്കാനും കഴിയാത്ത നിരവധി പാവങ്ങളുണ്ട്. എന്റെ ചോദ്യം, സർക്കാർ ഓഫീസുകളുൾപ്പെടെ ഹൈടെക്കായ ഈ കാലഘട്ടത്തിൽ അപേക്ഷ നൽകുന്ന പാവപ്പെട്ടവർക്ക് കാലതാമസം കൂടാതെ പട്ടയമോ കൈവശരേഖയോ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വിവിധ വകുപ്പുകൾ പ്രകാരമാണ് പട്ടയം നൽകുന്നത്. 1964-ലെ നിയമപ്രകാരം മിച്ചഭൂമിക്ക് പട്ടയം കൊടുക്കാം, ലാന്റ് ട്രൈബ്യൂണലുകളുടെയും ദേവസ്വം ട്രൈബ്യൂണലുകളുടെയുമൊക്കെ വിധിയനുസരിച്ച് പട്ടയം കൊടുക്കാം. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ചത് ട്രൈബ്യൂണലുകളുമായി ബന്ധപ്പെട്ട കേസുകളായിരിക്കാനാണ് സാധ്യത. ട്രൈബ്യൂണലിൽ കാലതാമസമുണ്ടാകുന്നുവെന്നുള്ളത് വസ്തുതയാണ്. ദീർഘകാലമായി കെട്ടിക്കിടന്ന 113000-ൽപ്പരം കേസ്സുകൾ കേട്ട് 68000-ൽപ്പരം ആളുകൾക്കാണ് പട്ടയം കൊടുക്കാൻ കഴിഞ്ഞത്. കാലതാമസം ഒഴിവാക്കുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ലാന്റ് ബോർഡ് വഴി ലാന്റ് ട്രൈബ്യൂണലുകൾക്ക് നൽകിയിട്ടുണ്ട്. ഒരു കേസ് ഒന്നോ രണ്ടോ തവണയിൽ കൂടുതൽ കേൾക്കുന്നതിനും ദീർഘകാലത്തേയ്ക്ക് നീട്ടിവയ്ക്കുന്നതിനുമിടവരുത്താതെ പരിഹാരം കാണണമെന്ന് നിർദ്ദേശിച്ചതിന്റെ ഫലമായി കുറേക്കൂടി വേഗതയിൽ കാര്യങ്ങൾ നടക്കുന്നുണ്ട്. അതുപോലെ റവന്യൂ ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുവോമോട്ടോ കേസെടുത്താണ് പലപ്പോഴും നടപടി സ്വീകരിച്ചുവന്നിരുന്നത്. അതിനുപകരം, വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ളവർക്ക് അത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അധികാരം നൽകിയതിലൂടെ വേഗത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ട്രൈബ്യൂണലുകളിലെ കേസ്സുകൾ എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടി തുടരുന്നതിന് ലാന്റ് ബോർഡ് വഴി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കൈവശരേഖ കൊടുക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ പ്രശംസനീയമാണ്. അതിന്റെ ഭാഗമായി വയനാട് ജില്ലയിൽ രണ്ട് തവണ ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ നേരിട്ടെത്തി ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്യുകയുണ്ടായി. എന്റെ മണ്ഡലമായ മാനന്തവാടി താലൂക്കിൽ മാനന്തവാടി, കാഞ്ഞിരങ്ങാട്, തിരുനെല്ലി, പനമരം തുടങ്ങിയ വില്ലേജുകളിൽ ഇനിയും ഒട്ടനവധി പേർക്ക് കൈവശരേഖ ലഭിക്കാനുണ്ട്. സർവ്വേ നടപടികളെല്ലാം പൂർത്തീകരിച്ചതാണ്. എത്രയുംവേഗം കൈവശരേഖ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അങ്ങിവിടെ പറഞ്ഞ കാര്യത്തിൽ എന്തുകൊണ്ടാണ് കാലതാമസമുണ്ടാകുന്നതെന്ന് പരിശോധിച്ച് എത്രയും പെട്ടെന്ന് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, പട്ടയം കിട്ടിയ ഭൂമി വീടുവയ്ക്കുന്നതിനും കൃഷിക്കും മാത്രമേ ഉപയോഗിക്കാവൂ എന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പട്ടയങ്ങളും അത്തരത്തിലാക്കണമെന്നും ഒരു സ്ഥലത്ത് മാത്രമായി ചുരുക്കാൻ പാടില്ലെന്നും മൂന്നാഴ്ചയ്ക്കുള്ളിൽ ഇതുസംബന്ധിച്ച് ഉത്തരവിറക്കണമെന്നും ഹൈക്കോടതി പറയുകയുണ്ടായി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. എം. രാജഗോപാലൻ: സർ, കേരള-കർണ്ണാടക വനാതിർത്തികൾ പങ്കിടുന്ന കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കേരള അതിർത്തി ഗ്രാമങ്ങളിൽ പതിറ്റാണ്ടുകളായി വീടുവച്ച് താമസിക്കുന്നവരുടെ പട്ടയഭൂമിയും കൈവശ ഭൂമിയും ഫോറസ്റ്റ് അധികൃതർ ജണ്ടകെട്ടി അവരുടേതാണെന്ന് ഉറപ്പിക്കുന്ന ഒരു സ്ഥിതിയുണ്ട്. ഇത് തടയാനും കൃഷിക്കാരെ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വനാതിർത്തി പ്രദേശങ്ങളിൽ ഇത്തരം വിഷയങ്ങൾ ഉയർന്നുവരുന്നുണ്ട്. ജണ്ടകെട്ടിയതിന് പുറത്തുള്ളവരുടെ കാര്യത്തിൽപ്പോലും പ്രശ്നങ്ങളുണ്ടെന്നാണ് കൃഷിക്കാരുടെ അഭിപ്രായം. അത്തരം സാഹചര്യങ്ങളിലെല്ലാം വനം-റവന്യൂ വകുപ്പുകളുടെ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഏത് പഞ്ചായത്ത് പ്രദേശത്താണ് ഈ പ്രശ്നം നിലനിൽക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തിയാൽ പരസ്പര കൂടിയാലോചനകളിലൂടെ തീരുമാനങ്ങളെടുക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, പട്ടയത്തിനുള്ള അപേക്ഷകൾ ഏറ്റവും കൂടുതൽ കെട്ടിക്കിടക്കുന്നത് മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലാണ്. പുതിയ ട്രൈബ്യൂണലുകൾ ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. മലപ്പുറം ജില്ലയിൽ എത്ര ട്രൈബ്യൂണലുകളാണ് അനുവദിച്ചിട്ടുള്ളത്; ധാരാളം അപേക്ഷകൾ പെൻഡിംഗുള്ള നിലമ്പൂർ, മഞ്ചേരി എന്നിവിടങ്ങളിൽ കൂടുതൽ ട്രൈബ്യൂണലുകൾ അനുവദിച്ചിട്ടുണ്ടോ? ലാന്റ് ബോർഡുകളിലും ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ട്. ലാന്റ് ബോർഡുകളിൽ അഡീഷണൽ ചാർജുള്ള ചെയർമാന്മാരാണുള്ളത്. അവർ പലപ്പോഴും സിറ്റിംഗ് നടത്തിയാൽ കേസ് വിളിച്ചുമാറ്റുകയെന്നല്ലാതെ ഹിയർ ചെയ്യുന്നില്ല.

ഹൈക്കോടതി ഇത്ര മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് പറഞ്ഞ കേസ്സുകൾപോലും ലാന്റ് ബോർഡിൽ തീർപ്പാക്കിയിട്ടില്ല. ലാന്റ് ബോർഡിലെ കേസ്സുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: കേസ് തീർക്കാതിരിക്കലാണ് അവിടെ നടക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ലാന്റ് ബോർഡുകളുടെ ചെയർമാൻ ഡെപ്യൂട്ടി കളക്ടറാണ്. അവിടെ വരുന്ന കേസ്സുകൾ മാറ്റിവയ്ക്കുന്നതിന്റെ ഫലമായി ഏറ്റെടുക്കേണ്ട മിച്ചഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെന്നത് വസ്തുതയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത് വേഗത്തിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്താവുന്നതാണ്. മലപ്പുറത്ത് തിരൂരങ്ങാടിയിലും തൃശ്ശൂരിൽ കുന്നംകുളം, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലും പാലക്കാട് പട്ടാമ്പിയിലും കോഴിക്കോട് വടകരയിലും കണ്ണൂരിൽ ഇരിട്ടിയിലുമാണ് പുതിയ ലാന്റ് ട്രൈബ്യൂണലുകൾ (എൽ.റ്റി.) അനുവദിച്ചിട്ടുള്ളത്. തെക്കൻ ജില്ലകളിൽ താരതമ്യേന കേസുകൾ കുറഞ്ഞുവന്ന സാഹചര്യത്തിൽ പുനർവിന്യാസത്തിലൂടെ പുതിയ ട്രൈബ്യൂണൽ നടപ്പാക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. 31 ലാന്റ് ട്രൈബ്യൂണലുകൾക്കുപുറമെ 14 ദേവസ്വം ട്രൈബ്യൂണലുകൾ വഴിയും 15 തഹസിൽദാർമാർക്ക് അധിക ചുമതല നൽകിയും കാര്യങ്ങൾ നടപ്പാക്കുകയാണ്. അങ്ങനെവരുമ്പോൾ ലാന്റ് ട്രൈബ്യൂണലുകളായി 60 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ചിലയിടങ്ങളിൽ ഭൂരേഖാ തഹസിൽദാർക്ക് എൽ.റ്റി.-യുടെ ചുമതലകൂടി കൊടുത്ത് പരിഹരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്.

ശ്രീമതി സി. കെ. ആശ: സർ, രാജീവ് ഗാന്ധി ഹൗസിംഗ് കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയമില്ലെന്ന പരാതിയുണ്ട്. എന്റെ മണ്ഡലത്തിലെ ഉദയനാപുരം, തലയാഴം എന്നീ പഞ്ചായത്തുകളിലെ അത്തരം കോളനികളിൽ ഇതുവരെ പട്ടയം ലഭ്യമായിട്ടില്ല. വർഷങ്ങൾക്കുമുമ്പ് പണിത വീടുകളിൽ താമസിക്കുന്നവരുടെ അവസ്ഥ ദുരിതപൂർണ്ണമാണ്. ഗവൺമെന്റിന്റെ ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭ്യമാകുന്നില്ല. എത്രയുംവേഗം അവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, രാജീവ് ഗാന്ധി ഹൗസിംഗ് കോളനിക്ക് ഉപയോഗിച്ച ഭൂമി റവന്യൂ പുറമ്പോക്കാണോ സർക്കാർ ഭൂമിയാണോ എന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ അത് പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. റവന്യൂ പുറമ്പോക്കിലാണ് ഉൾപ്പെടുന്നതെങ്കിൽ ആ ഭൂമി പതിച്ചുകൊടുക്കുന്നതിനും പട്ടയം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: ഉപചോദ്യം ചോദിക്കുന്നതിന് അവസരം ആവശ്യപ്പെട്ട അംഗങ്ങൾ ഇനിയുമുണ്ട്. അടുത്ത ചോദ്യത്തിനും മറുപടി നൽകുന്നത് റവന്യൂ വകുപ്പുമന്ത്രിയാണ്. അതുകൊണ്ട് അപ്പോൾ ചോദിക്കാവുന്നതാണ്.

## റീസർവ്വേ നടപടികൾ

3(*93 ) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. സി. കമറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; ഇപ്രകാരമുള്ള റീസർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത്; ഇതിന് ഉപയോഗപ്പെടുത്തിയ സാങ്കേതികവിദ്യയും ചെലവായ തുകയും എത്രയെന്ന് അറിയിക്കുമോ;

(ബി) റീസർവ്വേ നടപടികൾ വേഗത്തിലാക്കാൻ മുമ്പ് സ്വീകരിച്ച സാങ്കേതിക വിദ്യകളിൽനിന്നും വ്യത്യസ്തമായ എന്തെങ്കിലും സംവിധാനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ചെലവ് എപ്രകാരം മുമ്പത്തേതിൽ നിന്നും വ്യത്യാസപ്പെടും; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. 1961-ലെ കേരള സർവ്വേയും അതിരടയാളവും ആക്ടും അതിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും 1964 സെപ്റ്റംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരികയും ഇതിന്റെ അടിസ്ഥാനത്തിൽ 1964 മുതൽ സംസ്ഥാനത്ത് റീസർവ്വേ ആരംഭിക്കുകയും ചെയ്തു. ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡലൈറ്റ് എന്നിവ ഉപയോഗിച്ചാണ് മുൻകാലങ്ങളിൽ സർവ്വേചെയ്ത് റിക്കാർഡുകൾ തയ്യാറാക്കിയിരുന്നത്. 21-4-1997-ലെ ജി.ഒ. (എം.എസ്.) 271/97/ റവന്യൂ നമ്പർ ഉത്തരവുപ്രകാരം 1998 മുതൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സർവ്വേ ആരംഭിച്ചു. സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS), ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ വാങ്ങിയ ഇനത്തിൽ 20.44 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) നിലവിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ചാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. റീസർവ്വേ നടപടികൾ വേഗത്തിലാക്കാൻ സംസ്ഥാനത്ത് Continuously Operating Reference Stations (CORS) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി

21-12-2019-ലെ സ.ഉ. (സാധാ) നമ്പർ 3854/2019/റവ. ഉത്തരവുപ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടി സംവിധാനത്തിൽ സർവ്വേ ചെയ്യുന്നതിന് അനുബന്ധ ഉപകരണമായ Real-time kinematic (RTK) മെഷീനുകൾകൂടി വാങ്ങുന്നതിനുള്ള ചെലവ് പ്രത്യേകം കാണേണ്ടതുണ്ട്. സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് RTK ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിലൂടെ നിലവിലുള്ളതിനെക്കാൾ കൂടുതൽ വേഗത്തിൽ സർവ്വേ ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇപ്രകാരം CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് സർവ്വേ ചെയ്യുമ്പോഴും നിലവിൽ ഉപയാഗിച്ചുവരുന്ന ETS, GPS മെഷീനുകൾ ഒഴിവാക്കപ്പെടുന്നില്ല. CORS സംവിധാനം പൂർണ്ണമായും സാറ്റലൈറ്റ് സിഗ്നലുകൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് സിഗ്നലുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ETS, GPS മെഷീനുകൾ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ടി ഉപകരണങ്ങളും ആവശ്യമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പുതിയ ടെക്നോളജി ഉപയോഗിച്ചിട്ടും സർവ്വേ നടപടികൾ നീണ്ടുപോകുകയാണ്. കേരളത്തിലെ 1664 വില്ലേജുകളിൽ 907 എണ്ണത്തിലാണ് ഇതിനകം സർവ്വേ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്. 1964 സെപ്റ്റംബർ മാസത്തിനുശേഷമാണ് സർവ്വേ ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിലുണ്ട്. അതായത് 907 വില്ലേജുകൾ സർവ്വേ ചെയ്യാൻ 56 വർഷമെടുത്തു. ഒരു വർഷം ശരാശരി 16 വില്ലേജെന്നാണ് കണക്ക്. ഇനിയുള്ളത് 757 വില്ലേജാണ്. ഇങ്ങനെ പോകുകയാണെങ്കിൽ സർവ്വേ പൂർത്തിയാക്കാൻ 47 വർഷമെടുക്കും. അതുകൊണ്ട് ആധുനികസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഇത് വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ച സർവ്വേ ഏകദേശം പൂർത്തീകരിച്ച വില്ലേജുകളുടെ എണ്ണവും തുടങ്ങിയ വർഷവുമെല്ലാം ഹരിച്ചും ഗുണിച്ചും കണക്കാക്കിയാൽ അദ്ദേഹം പറയുന്ന കണക്ക് ശരിയാണ്. പക്ഷെ, 1998 വരെ മാനുലായി മാത്രം ചെയ്തുകൊണ്ടിരുന്ന ഒരു പ്രവൃത്തിയാണിത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡലൈറ്റ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഉപയോഗിച്ചാണ് സർവ്വേ ചെയ്തിരുന്നത്. 1998-നുശേഷമാണ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തനമാരംഭിച്ചത്. എന്നാൽ അതിനുശേഷവും വേണ്ടത്ര വേഗതയിലും പൂർണ്ണമായ അർത്ഥത്തിലും അത് പൂർത്തീകരിച്ചില്ലെന്നുള്ളത് വസ്തുതയാണ്. ആധുനിക സംവിധാനം ഉപയോഗിച്ച് കുറേക്കൂടി വേഗതയിൽ സർവ്വേ നടത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചതും നടപടികളുമായി മുന്നോട്ടുപോയതും 21-12-2019 മുതലാണ്. ഇത് വേഗത്തിൽ പരിഹരിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് സംവിധാനമുണ്ടോ; കേരള ഭൂരേഖാ നവീകരണ മിഷൻ ആരംഭിച്ചതായി അറിഞ്ഞിരുന്നു, ഇതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(ശ്രീ. പി. സി. ജോർജ് എഴുന്നേറ്റുനിന്ന് മൈക്കിലൂടെയല്ലാതെ സംസാരിക്കുന്നുണ്ടായിരുന്നു.)

മി. സ്പീക്കർ: എന്താണ്? അതൊക്കെ അവർ തന്നുകൊള്ളും. അതിന് നിങ്ങൾ ഇങ്ങനെയാണോ സഭയിൽ പെരുമാറുന്നത്? ഇതൊന്നും ശരിയല്ല. എടോ, പോടോ എന്നൊന്നും വിളിക്കണ്ട. ജീവനക്കാരോട് അങ്ങനെയൊന്നും വേണ്ട. അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പരാതി എഴുതി തന്നാൽമതി, അവിടെ ഇരിക്കൂ. ജീവനക്കാരാണെന്നു കരുതി എന്തും വിളിച്ച് പറയരുത്. അവർ ഒരുപാട് ജോലികൾ ഒരുമിച്ചാണ് ചെയ്യുന്നത്. അവർ ചിലപ്പോൾ രണ്ട് മിനിട്ടൊക്കെ കത്ത് തരാൻ വൈകിയെന്നുവരും. കത്ത് മാത്രമല്ല, സ്പീക്കറുമായി സംസാരിക്കാൻ ചാറ്റിംഗ് സംവിധാനമുണ്ട്. നിങ്ങൾക്ക് അതുപയോഗിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിച്ചുകൊണ്ടുള്ള സംവിധാനത്തിന് തുടക്കം കുറിക്കുകയും അതിന്റെ പ്രാഥമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി മുന്നോട്ടുപോകുകയുമാണ്. എത്രയും പെട്ടെന്ന് പോരായ്മകൾ പരിഹരിക്കാനും ഭൂമിയുടെ രജിസ്ട്രേഷൻ നടക്കുന്ന മുറയ്ക്കുതന്നെ റവന്യൂ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഭൂമിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന തിരിമറികളും മറ്റും ഇല്ലായ്മ ചെയ്യാനും ഭൂമി ഇടപാടുകൾ സുതാര്യമാക്കാനും കഴിയുന്ന രീതിയിൽ എത്രയുംവേഗം ഇത് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സർവ്വേ പൂർത്തിയായാൽ മാത്രമേ മണ്ഡലങ്ങളിലെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. സർവ്വേ വകുപ്പിൽ സ്റ്റാഫ് വളരെ കുറവാണ്. പഴയ കാലത്തെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അത് പുതുക്കേണ്ടത് അത്യാവശ്യമാണ്. 1664 വില്ലേജുകളിൽ 907 എണ്ണത്തിൽ മാത്രമാണ് റീ സർവ്വേ പൂർത്തിയായിട്ടുള്ളത്. ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ, 50 കൊല്ലം കഴിഞ്ഞിട്ടും ഇത്രയും വില്ലേജുകളിൽ മാത്രമേ പൂർത്തിയായിട്ടുള്ളൂ. സർവ്വേ നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയും; റീ സർവ്വേയ്ക്കുവേണ്ടി ഔട്ട്സോഴ്സിംഗ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ? ഹൈദരബാദിൽ സർവ്വേ ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങളുണ്ട്. മണ്ണാർകാട് താലൂക്കിൽ വനമേഖലയിലുള്ള

ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടും ഇതുവരെ കൊടുത്തിട്ടില്ല. 465 കുടുംബങ്ങൾ 25 കൊല്ലമായി കാത്തിരിക്കുകയാണ്. റവന്യൂ വകുപ്പിനോട് ചോദിക്കുമ്പോൾ ഫയൽ വനം വകുപ്പിലാണെന്നും വനം വകുപ്പിനോട് ചോദിക്കുമ്പോൾ കേന്ദ്രത്തിന്റെ അനുമതിക്ക് അയച്ചിരിക്കുന്നു എന്നുമാണ് പറയുന്നത്. ഇത് വളരെ പരിതാപകരമാണ്. മണ്ണാർകാട് താലൂക്കിലെ എല്ലാ നടപടികളും പൂർത്തിയായ 465 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, മണ്ണാർകാട് മണ്ഡലത്തിൽ വനം-റവന്യൂ വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റ് ക്ലിയറൻസിനായി അയച്ചിട്ടുണ്ടെങ്കിൽ ഒരു കാരണവശാലും 25 വർഷത്തെ കാലതാമസം ഉണ്ടാകേണ്ടതില്ല. അപ്‌ലോഡ് ചെയ്ത തീയതിയും മറ്റ് വിശദാംശങ്ങളും പരിശോധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകാം. സർവ്വേയർമാർ, ഡ്രാഫ്റ്റ്സ്മാൻ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, സൂപ്രണ്ട് തുടങ്ങിയ വിവിധ ശ്രേണികളിലായി ഏതാണ്ട് മൂവായിരത്തിൽ താഴെ ജീവനക്കാരാണ് സർവ്വേ വകുപ്പിലുള്ളത്. എല്ലാ വർഷവും കണ്ടിന്യുവസ് സാംഗ്ഷൻ വാങ്ങിയാണ് ഇവരിൽ മഹാഭൂരിപക്ഷത്തെയും നിലനിർത്തുന്നത്. അവർ ഇവിടെ സ്ഥിരമായി ജോലി ചെയ്യുന്നവരാണെങ്കിലും അവർക്ക് കണ്ടിന്യുവസ് സാംഗ്ഷൻ കിട്ടുന്നതിനുള്ള ശ്രമം നടത്തുകയാണ്. ഇപ്പോൾ ഏതാണ്ട് 90 പേരുടെ നിയമനത്തിനുള്ള നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ട്. താലൂക്ക് സർവ്വേയുമായി ബന്ധപ്പെട്ട് 453-ലധികം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ മെഗാ പ്രോജക്ടുകൾ വരുമ്പോൾ അതിനുവേണ്ടി ജീവനക്കാരെ കണ്ടെത്തുന്നതിന് പ്രയാസമുണ്ടാകുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, താലൂക്ക് ഓഫീസുകളിൽ നിയമിച്ചിരിക്കുന്ന സർവ്വേയർമാരുടെ നിയന്ത്രണം ഭൂരേഖാ തഹസിൽദാർമാർക്കാണ്. സർവ്വേയർമാർ നടത്തുന്ന സർവ്വേയുടെ റിപ്പോർട്ട് പലപ്പോഴും തഹസിൽദാർ സാങ്കേതികപ്രശ്നം പറഞ്ഞ് കാലതാമസം വരുത്തുന്നുണ്ട്. സ.ഉ.(എംഎസ്.) 181/2018 റവ. ഉത്തരവുപ്രകാരം റീസർവ്വേ നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽനിന്ന് പരിശീലനം ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; അതിനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ജില്ലകളിലുള്ള സർവ്വേയർമാരുടെ നിയന്ത്രണം ഭൂരേഖാ തഹസിൽദാർമാർക്ക് മാത്രമല്ല, കളക്ടർമാരാണ് അവരെ ആവശ്യമുള്ളിടത്ത് നിയോഗിക്കുന്നത്. സർവ്വേ റിപ്പോർട്ട് സമർപ്പിക്കേണ്ടത് ഭൂരേഖാ തഹസിൽദാർക്കാണ്. അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ആളുകളെ സ്വീകരിച്ച് റീ സർവ്വേ പ്രവർത്തനം വേഗത്തിൽ നടത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചതാണ്. പക്ഷേ, അതിനിടയിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉൾപ്പെടെയുള്ളവർ തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് എളുപ്പത്തിൽ റീ സർവ്വേ നടത്താമെന്ന നിർദ്ദേശം മുന്നോട്ടുവച്ചതിനാൽ അത് തുടങ്ങാൻ സാധിച്ചിട്ടില്ല.

ശ്രീ. എം. സി. കമറുദ്ദീനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ സർവ്വേയുടെ ഉദ്ദേശ്യം പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നില്ല, പക്ഷെ കാര്യങ്ങളാകെ കുഴഞ്ഞുമറിഞ്ഞിരിക്കുകയാണ്. റീ സർവ്വേ നടന്ന വില്ലേജുകളിലുള്ളവർക്ക് നികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കേരളത്തിലെ 1664 വില്ലേജുകളിൽ 907 വില്ലേജുകളിൽ റീ സർവ്വേ പൂർത്തിയായെന്നാണ് പറയുന്നത്. കാസർഗോഡ് ജില്ലയുമായി താരതമ്യപ്പെടുത്തുമ്പോൾ അത് നല്ല പുരോഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയാണ്. മന്ത്രി സ്വാർത്ഥമതിയല്ലെന്നതിന്റെ തെളിവാണിത്. മന്ത്രിയുടെയും എന്റെയും താലൂക്കായ കാസർഗോഡ് താലൂക്കിൽ 27-ഓളം വില്ലേജുകളുണ്ട്. അതിൽ കുടല്ലൂർ, മധൂർ എന്നീ രണ്ട് വില്ലേജുകളിൽ മാത്രമാണ് റീ സർവ്വേ പൂർത്തിയായിട്ടുള്ളത്. റീ സർവ്വേ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? റീ സർവ്വേയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെത്തുമ്പോൾ വീടുകളിൽ ആളില്ലെങ്കിൽ അവർ ആ സ്ഥലം പുറമ്പോക്കാണെന്ന് എഴുതിവയ്ക്കും. കാസർഗോഡ് ജില്ലയിൽ അത്തരം പ്രശ്നത്തിലകപ്പെട്ട കുറേയാളുകളുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, യഥാർത്ഥത്തിൽ ഉടമസ്ഥാവകാശമുള്ള, ജന്മാവകാശമുള്ള ഏതെങ്കിലും സ്വത്തിന്റെ കാര്യത്തിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, സർവ്വേ നടത്തിയ വില്ലേജുകളിൽ പരാതികൾ ഉന്നയിക്കപ്പെടുന്നു, നികുതി അടയ്ക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇത് പലയിടങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് പല കാരണങ്ങളാണുള്ളത്. സർവ്വേ നടത്തുമ്പോൾ രേഖയിലുള്ളതിനെക്കാൾ കൂടുതൽ ഭൂമി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അളവിൽ

ക്കുടുതലുള്ള ഭൂമി ഒഴികെ ബാക്കിയുള്ളതിന് കരം അടയ്ക്കാൻ സാധിക്കും. അധികമായി കൈവശം വച്ചിരിക്കുന്ന ഭൂമി റവന്യൂ പുറമ്പോക്കാണെങ്കിൽ അത് അനുവദിച്ചുകൊടുക്കാൻ സർവ്വേ ഡിപ്പാർട്ടുമെന്റിന് അധികാരമില്ല. ആ ഭൂമിക്ക് കരമടയ്ക്കാൻ സാധിക്കുകയില്ല. എന്നാൽ നിയമപരമായി കൈവശമുള്ള ഭൂമിക്ക് കരമടയ്ക്കാൻ തടസ്സമില്ല. ഉദുമ നിയോജകമണ്ഡലത്തിലെ സൂപ്പി എന്നയാളുടെ സ്ഥലം 'സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കരമടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അദ്ദേഹം 40 വർഷത്തിലധികമായി താമസിക്കുന്ന സ്ഥലമാണത്, എനിക്ക് നേരിട്ട് ബോധ്യമുള്ള കാര്യമാണ്. ആ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം പരിശോധിച്ചുവരികയാണ്.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്. ചോദ്യങ്ങൾ ചുരുക്കി ചോദിക്കുകയാണെങ്കിൽ മറ്റുള്ള അംഗങ്ങൾക്കുകൂടി അവസരം ലഭിക്കും. ആരും സഹകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ നീണ്ടുപോകുന്നത്.

ഓർഡർ ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതു വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

4(*94) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ സമയക്രമത്തിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമയക്രമത്തിലുള്ള മാറ്റം വഴി പൊതുവിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) സമയമാറ്റം ഉൾപ്പെടെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) വിശദമായ ചർച്ചകളിലൂടെ തീരുമാനത്തിലെത്തേണ്ട വിഷയമാണിത്.

## പുതിയ കാലം പുതിയ നിർമ്മാണം

5(*95) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന നയം സ്വീകരിച്ചതുവഴി സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതിക വിദ്യകളും കാലാവസ്ഥാ പ്രതിരോധ സാങ്കേതിക വിദ്യകളും സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും ഓരോ മഴക്കാലം കഴിയുമ്പോഴും സംസ്ഥാനത്തെ റോഡുകൾ തകർന്ന് ഉപയോഗ ശൂന്യമാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് മാലിന്യ ചിന്തുകൾ ഉപയോഗിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) തിൻ വൈറ്റ് ടോപ്പിംഗ് ഓഫ് കോൺക്രീറ്റ് സാങ്കേതിക വിദ്യ സംസ്ഥാനത്തെ റോഡുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പുതിയ കാലം പുതിയ നിർമ്മാണ നയം സ്വീകരിച്ചതുവഴി ഗുണകരമായ ഒരുപാട് മാറ്റങ്ങൾ റോഡ് നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഈ നയം ഉൾക്കൊണ്ടുകൊണ്ട് പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ബി.എം. & ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആയതിനാൽ തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾവരെ ദീർഘകാലം ഈടു നിൽക്കുന്നവയാണ്. റോഡ് നിർമ്മാണ വേളയിൽത്തന്നെ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.,ടെലികമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി റോഡുകൾക്ക് കുറുകെയായി ഡക്റ്റുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനാൽ റോഡ് വെട്ടിപ്പൊളിക്കുന്നത് തടയാൻ സാധിക്കുന്നു. കൂടാതെ ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ, കാൽനടയാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്ട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നുണ്ട്.

വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിന് സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നു. സാങ്കേതികരംഗത്തെ നവീന ആശയങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) മഴ കൂടുതലായി ലഭിക്കുന്ന സമയത്ത് റോഡിലുണ്ടാകുന്ന വെള്ളക്കെട്ടുമൂലം റോഡ് തകരുന്ന സ്ഥിതി നിലവിലുണ്ട്. റോഡ് നിരപ്പിനെക്കാൾ ഉയർന്ന ഭാഗങ്ങളിൽനിന്നും ഒഴുകിവന്നുണ്ടാകുന്ന വെള്ളക്കെട്ടുമൂലവും കാനകളിൽ മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടിയും റോഡിൽ വെള്ളക്കെട്ടുണ്ടാകുന്നത് റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഇപ്പോഴുള്ള പ്രവൃത്തികളിൽ കാന നിർമ്മാണം കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റുകൾ സമർപ്പിക്കാറുള്ളത്.

(സി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് കർശനമായി നടപ്പിലാക്കുന്നതിനായി എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവൃത്തികൾ 15 മുതൽ 20 വർഷംവരെ ഈട് നിൽക്കുന്നവയാണ്. ടി രീതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കടൽത്തീരത്തുനിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി

6(*96) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യമടിഞ്ഞ് കടലിന്റെ സ്ഥിതി ദയനീയമായ അവസ്ഥയിലാണെന്നതും കടലിന്റെ ജൈവസമ്പത്തിനെ നശിപ്പിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കടൽത്തീരത്തു നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ കീഴിൽ ദേശീയ കടലോര ശുചീകരണ യജ്ഞമെന്ന പേരിലുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഇതിലൂടെ കഴിഞ്ഞ വർഷം എത്ര കിലോ പ്ലാസ്റ്റിക് മാലിന്യമാണ് നീക്കം ചെയ്തത്;

(ഡി) കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവസമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾക്ക് കൂടുതൽ പരിഗണന നൽകുമോയെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നെറ്റ് ഫിഷ്, സംസ്ഥാനത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെ ആവിഷ്കരിച്ച "ശുചിത്വ സാഗരം പദ്ധതി" കൊല്ലത്ത് നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ നടപ്പിലാക്കിവരുന്നു.

(സി) കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പദ്ധതിയൊന്നും ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ ശുചിത്വ സാഗരം പദ്ധതി മുഖാന്തരം 52000 കിലോ ഗ്രാം പ്ലാസ്റ്റിക് മാലിന്യം കടലിൽനിന്നും

ശേഖരിച്ചിട്ടുണ്ട്. ഇതിൽ 22748 കിലോ ഗ്രാം പ്ലാസ്റ്റിക് ചെറുകണികകളാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ തീരദേശ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കി പ്ലാസ്റ്റിക് കൂടി ഇത്തരത്തിൽ ഉപയോഗിക്കുന്നതാണ്.

(ഡി) കടൽ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അതിലൂടെ ജൈവസമ്പത്തിനെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പുതിയാപ്പ ഹാർബർ ആസ്ഥാനമാക്കി കടൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ റീസൈക്കിൾ ചെയ്ത് റോഡ് നിർമ്മാണത്തിന് ഉപയുക്ത മാക്കുന്നതിനുമുള്ള 175 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ലോക ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, അഴീക്കൽ, മുനമ്പം ഹാർബറുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കശുവണ്ടി വ്യവസായ പുനരുജ്ജീവനത്തിനായുള്ള പാക്കേജ്**

7(*97) ശ്രീമതി യു. പ്രതിഭ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായിരുന്ന കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കാനും അതു വഴി വർഷം മുഴുവനും തൊഴിൽ ഉറപ്പ് വരുത്തുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കശുവണ്ടി വ്യവസായ പുനരുജ്ജീവനത്തിനായുള്ള പാക്കേജ് പ്രാവർത്തികമാക്കുന്നതിന് നടത്തിയ ശ്രമം അറിയിക്കാമോ;

(സി) കശുവണ്ടി മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; അതിന്മേൽ അനുകൂല പ്രതികരണ മുണ്ടായിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) ഭാഗികമായി സംസ്കരിച്ച കശുവണ്ടി പരിപ്പ് നികുതിരഹിതമായി ഇറക്കുമതി ചെയ്യാൻ കേന്ദ്രസർക്കാർ നൽകിയ അനുമതി പിൻവലിച്ച സാഹചര്യത്തിൽ അടഞ്ഞു കിടക്കുന്ന ഫാക്ടറികൾ തുറപ്പിക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ&ബി) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. അടഞ്ഞുകിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പലിശ സഹായധനത്തിനായുള്ള 25 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. 2019-20 കാലയളവിൽ വിവിധ ബാങ്കുകൾ വ്യവസായികൾക്ക് നൽകിയ വായ്പയിൽ സർക്കാർ സബ്സിഡി തുക അറിയിക്കാൻ എസ്.എൽ.ബി.സി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കാനറ ബാങ്ക് 37 സ്വകാര്യ കശുവണ്ടി യൂണിറ്റുകൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആറ് യൂണിറ്റുകൾക്കും ഫെഡറൽ ബാങ്ക് അഞ്ച് യൂണിറ്റുകൾക്കും യൂക്കോ ബാങ്ക് രണ്ട് യൂണിറ്റുകൾക്കും കൂടി ആകെ 31.20 കോടി രൂപ ഇതുവരെ അധികവായ്പ നൽകിയിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2-3-2020-ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു. കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധികവായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസ്സുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരു വർഷം സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യു ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തനമൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരന്റിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉല്പാദന രാജ്യങ്ങളിൽനിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യു ബോർഡ് സജ്ജമാണ്. കേരള കാഷ്യു ബോർഡ് വഴി സംഭരിച്ച 20000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്ത് കശുവണ്ടി കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തീരുമാനിച്ചിരിക്കുകയാണ്. ആദ്യഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽനിന്നും ഇത്തരത്തിൽ തോട്ടണ്ടി ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും സഹകരണ ബാങ്കിൽനിന്നും കണ്ടെത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ ഫാമുകളിൽനിന്നുള്ള തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ശേഖരിക്കുന്നതിനുള്ള നടപടി ഈ വർഷവും തുടരുന്നതാണ്.

(സി) കശുവണ്ടി മേഖലയുടെ സംരക്ഷണത്തിന് ഒരു പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടുകൊണ്ട് രാജ്യസഭയുടെ പാർലമെന്ററി കമ്മിറ്റിക്ക് മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചിരുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വ്യവസായ പുനരുദ്ധാരണ

പാക്കേജിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യാനാണ് മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടത്, പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

(ഡി) സംസ്ഥാനത്ത് കടക്കെണിമൂലം പൂട്ടിക്കിടന്നിരുന്ന 485 സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്ന് പ്രവർത്തിച്ചുവരുന്നു. നൂറോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഫാക്ടറികളിൽ 75-ൽത്താഴെ ഫാക്ടറികൾ മാത്രമേ ഇനി തുറന്ന് പ്രവർത്തിപ്പിക്കാനുള്ളൂ. പുനരുദ്ധാരണ പാക്കേജിനെത്തുടർന്ന് അമ്പതിലധികം ഫാക്ടറികൾക്ക് ബാങ്കുകൾ അധിക വായ്പ അനുവദിച്ചിട്ടുണ്ട്. 2-3-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എസ്.എൽ.ബി.സി.യുടെ നേതൃത്വത്തിൽ മറ്റ് ബാങ്കുകളെ പങ്കെടുപ്പിച്ച് അവലോകനയോഗം വിളിച്ചുചേർത്തിരുന്നു. വായ്പ ഇതുവരെ നൽകിയിട്ടില്ലാത്ത വ്യവസായികൾക്ക് സമയബന്ധിതമായി വായ്പ ലഭ്യമാക്കി ഫാക്ടറികൾ അടിയന്തരമായി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി ഊർജ്ജിതപ്പെടുത്താൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

8(*98) ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിച്ചതിനെ തുടർന്ന് മുപ്പത്തിയൊന്ന് വിദ്യാർത്ഥികൾ ഉണ്ടായിരുന്നാൽ പോലും ഒരു അദ്ധ്യാപകനെ കൂടി നിയമിക്കാമെന്ന മുൻ സർക്കാരിന്റെ ഉത്തരവ് മാനേജ്മെന്റുകൾ ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിൽ ഉചിതവും ശാസ്ത്രീയവുമായ മാറ്റം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചില സ്കൂളുകൾ ഈ നിർദ്ദേശം ദുരുപയോഗം ചെയ്യുന്നതിന് വിദ്യാർത്ഥി കളുടെ എണ്ണം പെരുപ്പിച്ച് കാണിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ സ്വീകരിച്ചു വരുന്ന നടപടി അറിയിക്കാമോ;

(സി) സംസ്ഥാനത്ത് എത്ര അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലുണ്ടെന്നും അവരിൽ എത്ര പേരെ മാനേജ്മെന്റുകൾ പിന്നീട് ഉണ്ടായ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ടെന്നതിന്റെയും കണക്കുകൾ ലഭ്യമാണോ; നിലവിൽ ആകെ എത്ര സംരക്ഷിതാദ്ധ്യാപകരുണ്ട്; അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംരക്ഷിതാദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം | എയ്ഡഡ് സ്കൂളുകളിൽ പുനർവിന്യസിപ്പിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം | താൽക്കാലികമായി മറ്റ് ഒഴിവുകളിൽ പുനർവിന്യസിപ്പിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 273 | 27 | 246 |
| കൊല്ലം | 413 | 182 | 231 |
| പത്തനംതിട്ട | 125 | 26 | 99 |
| ആലപ്പുഴ | 234 | 55 | 179 |
| കോട്ടയം | 111 | 73 | 38 |
| ഇടുക്കി | 24 | 0 | 24 |
| എറണാകുളം | 369 | 147 | 222 |
| തൃശ്ശൂർ | 417 | 133 | 284 |
| പാലക്കാട് | 435 | 225 | 210 |
| മലപ്പുറം | 290 | 200 | 90 |

| (1) | (2) | (3) | (4) |
|---|---|---|---|
| കോഴിക്കോട് | 341 | 210 | 131 |
| വയനാട് | 11 | 10 | 1 |
| കണ്ണൂർ | 289 | 156 | 133 |
| കാസർഗോഡ് | 54 | 28 | 26 |
| ആകെ | 3386 | 1472 | 1914 |

**ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി**

9(*99) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വ്യക്തിക്ക് സംസ്ഥാനത്ത് എവിടെ ഭൂമിയുണ്ടെങ്കിലും അത് കണ്ടെത്താനാകുന്ന വിധത്തിൽ ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഒറ്റത്തണ്ടപ്പേർ തയ്യാറാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിനും ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യുണീക് തണ്ടപ്പേർ പദ്ധതി സഹായിക്കുമോ; വ്യക്തമാക്കുമോ;

(ഡി) യുണീക് തണ്ടപ്പേർ നിലവിൽ വരുന്നതോടുകൂടി വ്യാജരേഖ ചമച്ച് മറ്റൊരാളുടെ ഭൂമി തട്ടിയെടുക്കുന്ന പ്രവണത അവസാനിക്കുമോ;

(ഇ) ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ. (സാധാ) നമ്പർ 552/2020/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) സ.ഉ. (സാധാ) നമ്പർ 552/2020/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട സേവനം നൽകുന്നതിനും ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും യൂണിക് തണ്ടപ്പേർ പദ്ധതി സഹായകമാകുന്നതാണ്. അതുവഴി ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ വിവരം ലഭിക്കുന്നത് വളരെയേറെ പ്രയോജനപ്രദമാണ്.

(ഡി) ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഭൂമി സംബന്ധമായ ക്രയവിക്രയങ്ങൾ സുഗമവും സുതാര്യവുമായി നടത്താൻ സാധിക്കുകയും ഭൂമി സംബന്ധമായ ക്രമക്കേടുകൾ ഒഴിവാക്കാനാവുന്നതുമാണ്.

(ഇ) ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‌വെയർ അപ്ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI-യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

10(*100) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. എ. എൻ. ഷംസീർ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ മേഖല ദുർബ്ബലപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ മൂലധനാധിപത്യത്തിനും വരേണ്യവൽക്കരണത്തിനും വഴിവച്ചതായ സ്ഥിതി മാറ്റുന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണം യജ്ഞമായെടുത്ത് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്ര സർക്കാർ ബജറ്റിൽ നീക്കിവച്ച തുകയിൽ ആനുപാതികമായി കുറവ് വരുത്തിയതും വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപത്തിനായി പിരിക്കുന്ന സെസ്സിൽ വലിയൊരു പങ്ക് സംസ്ഥാനങ്ങൾക്ക് കൈമാറാതെ വകമാറ്റുന്നതും വിദ്യാഭ്യാസ മേഖലയിലെ പൊതു മുതൽമുടക്കിൽ കുറവ് വരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ ഉണ്ടാകുന്ന കുറവ് നികത്തി ക്കിട്ടാനായി നിരന്തര ഇടപെടൽ നടത്തി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ വിദ്യാഭ്യാസത്തെ ജനകീയവത്കരിക്കാനും ജനപങ്കാളിത്തത്തോടെ ഗുണമേന്മ വർദ്ധിപ്പിക്കാനും കഴിഞ്ഞു എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നൽകുന്ന അനുഭവപാഠം. പൊതു ഇടങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും അത് തളരാതെ നോക്കേണ്ടതാണെന്നുമുള്ള പൊതുബോധം കേരളീയ മനസ്സുകളിൽ മായാതെ നിലനിൽക്കുന്നു എന്ന വസ്തുത തിരിച്ചറിയാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സഹായകമായിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നത് വഴിയും അക്കാദമിക മികവിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഫലമായും വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷയിൽ 2016 മാർച്ചിൽ വിജയശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ' പ്ലസ് (A+) ലഭിച്ച കുട്ടികളുടെ ശതമാനം 4.8-ൽനിന്നും 2019

മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ' പ്ലസ് ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽനിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ 'ഡി' പ്ലസ് നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽനിന്നും 18.01 ശതമാനമായി കുറയുകയും ചെയ്തു.

ഹയർ സെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠന യോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

2019 സെപ്റ്റംബർ 30-ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. 2017-18-ൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം (Ministry of Human Resource Development, Government of India) തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ രംഗത്തെ വിവിധ മേഖലകളിൽ താഴെപ്പറയും പ്രകാരമുള്ള നേട്ടങ്ങളും കൈവരിക്കാനായിട്ടുണ്ട്.

1. പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചുമുള്ള മികച്ച ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. 8 മുതൽ 12 വരെ ക്ലാസ്സുകളിൽ 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളും 9941 പ്രൈമറി സ്കൂളുകളും ഹൈടെക്കാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ.
3. ക്ലാസ് റൂം വിനിമയം മികവുറ്റതാക്കാൻ 'സമഗ്ര' പോർട്ടൽ ആവിഷ്കരിച്ചു.
4. അദ്ധ്യാപക തസ്തികകൾ ഒരു പരിധിവരെ എല്ലാം നികത്തി.
5. ആവശ്യാധിഷ്ഠിതമായ മെച്ചപ്പെട്ട അദ്ധ്യാപക പരിശീലനങ്ങൾ നൽകിവരുന്നു.

6. ഓരോ കുട്ടിക്കും വ്യക്തിഗത ശ്രദ്ധയും പിന്തുണയും പരിപോഷിപ്പിക്കുന്നതിനായി മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ഇതിനായി 'സഹിതം' എന്ന പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

7. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള പൊതു സമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

8. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 5.05 ലക്ഷം വർദ്ധനവ് ഉണ്ടായി.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ ആനുപാതികമായി കുറവുവരുത്തിയിട്ടില്ല. എന്നാൽ 2019-20 വർഷത്തേയ്ക്ക് സമഗ്ര ശിക്ഷാ കേരളത്തിന് (എസ്.എസ്.കെ.) 777.92 കോടി രൂപയുടെ അടങ്കൽ പദ്ധതികൾ അനുവദിക്കുന്നതിന് പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗിൽ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് ഈ അടങ്കൽ തുകയുടെ 60% തുകയായ 466.75 കോടി രൂപ സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് അപ്രൂവൽ ബോർഡ് മിനിട്സിൽ കേരളത്തിന് കേന്ദ്രവിഹിതമായി 242.16 കോടി രൂപ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര വിഹിതത്തിൽ കുറവുണ്ടാകുന്നതിന് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

(സി) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ചുവടെ നൽകുന്നു :

1. <u>അക്സസ് & റിട്ടൻഷൻ</u>

   (i) റസിഡൻഷ്യൽ ഹോസ്റ്റലുകൾ (6 എണ്ണം)

   (ii) സ്കൂളുകളുടെ സിവിൽ വർക്കുകൾ (മേജർ, മൈനർ, റിപ്പയർ ഉൾപ്പെടെ)

   (iii) ട്രാൻസ്പോർട്ട് & എസ്കോർട്ട് അലവൻസ്

2. <u>ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ്</u>

   (i) സൗജന്യ യൂണിഫോം

   (ii) സൗജന്യ പാഠപുസ്തകം

   (iii) സ്കൂളിന് പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

3. <u>കമ്മ്യൂണിറ്റി മൊബിലൈസേഷൻ</u>

   (i) മീഡിയ & ഡോക്യുമെന്റേഷൻ

   (ii) എസ്.എം.സി. പരിശീലനം/രക്ഷാകർത്തൃ പരിശീലനം

   (iii) സ്കൂൾ പ്രവേശനോത്സവം

4. <u>ക്വാളിറ്റി ഇന്റർവെൻഷൻസ്</u>

   (i) ഉല്ലാസ ഗണിതം

   (ii) ഗണിതോത്സവം

   (iii) ഗണിതവിജയം

   (iv) മലയാളത്തിളക്കം

   (v) ഹലോ ഇംഗ്ലീഷ്

   (vi) സുരീലി ഹിന്ദി

   (vii) കുഞ്ഞുവായന

   (viii) ശാസ്ത്രപാർക്ക്

   (ix) ശാസ്ത്രകൗതുകം

   (x) ഭൂമിശാസ്ത്ര ലാബ്

   (xi) ശാസ്ത്രപഥം (ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി)

   (xii) സാമൂഹ്യശാസ്ത്ര വിഷയങ്ങളിലും ഇംഗ്ലീഷിലും പഠന പരിപോഷണ പരിപാടികൾ (ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി)

5. <u>നൂതനാശയ പ്രവർത്തനങ്ങൾ</u>

   (i) ചരിത്ര ചുമരുകൾ

   (ii) സ്കൂൾ സുരക്ഷ

   (iii) സർഗ വിദ്യാലയം

   (iv) ജ്വാല

(v) പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ

(vi) ഊരു വിദ്യാകേന്ദ്രം

(vii) ശാലാസിദ്ധി

(viii) വ്യവസായ സ്ഥാപനങ്ങളിലെ പരിശീലനം (വി.എച്ച്.എസ്.ഇ.)

(ix) ഇക്കോ ക്ലബ്ബ്

(x) ബാന്റ് കോമ്പറ്റീഷൻ

(xi) കലാ ഉത്സവ്

6. അസെസ്സ്മെന്റ് (നാഷണൽ & സ്റ്റേറ്റ് ലെവൽ)

7. അദ്ധ്യാപക പരിശീലനം

8. കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്

9. സ്കൂൾ/ക്ലാസ് തല ലൈബ്രറി ശാക്തീകരണം

10. <u>രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ</u>

(i) ശാസ്ത്ര, ഗണിത ശാസ്ത്ര ക്ലബ്ബ്

(ii) ഗണിത കിറ്റ്

iii) മാതൃകാ ലാബ്

(iv) വിദ്യാലയ കൂട്ടിച്ചേരൽ പദ്ധതി

(v) വിദ്യാലയവും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളും

11. പ്രീസ്കൂൾ പിന്തുണ പദ്ധതി

12. ബി.ആർ.സി. (Block Resource Co-ordinator) വഴിയുള്ള അക്കാദമിക പിന്തുണ

13. സി.ആർ.സി. (Cluster Resource Co-ordinator) വഴിയുള്ള അക്കാദമിക പിന്തുണ

14. <u>ടീച്ചർ എഡ്യൂക്കേഷൻ (ഡയറ്റുകളുടെ പ്രവർത്തനം)</u>

(i) എസ്.സി.ഇ.ആർ.ടി.

(ii) ലൈബ്രറി നവീകരണം

(iii) എസ്.സി.ഇ.ആർ.ടി.-ക്കുവേണ്ട സാങ്കേതികവിദ്യ

(iv) വാർഷിക ഗ്രാന്റ്

15. സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ

16. അദ്ധ്യാപകരുടെ (സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക്) ശമ്പളം

17. ജെൻഡർ & ഇക്വിറ്റി

18. <u>പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം)</u>

(i) വൈദ്യപരിശോധന ക്യാമ്പ്

(ii) തെറാപ്പി സേവനങ്ങൾ

(iii) ഓട്ടിസം സെന്റർ

(iv) ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

(v) അലവൻസുകൾ

(vi) റിസോഴ്സ് ടീച്ചർമാരുടെ ശമ്പളം

(vii) റിസോഴ്സ് ടീച്ചർമാരുടെ ശാക്തീകരണം

(viii) റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം

(ix) ടി.എൽ.എം. നിർമ്മാണം

(x) പ്രഥമാദ്ധ്യാപക ശാക്തീകരണം

(xi) ചങ്ങാതിക്കൂട്ടം

(xii) രക്ഷാകർതൃ പരിശീലനം

(xiii) സ്പോർട്സ്

(xiv) എക്സ്പോഷർ ട്രിപ്പ്

19. <u>വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ (തൊഴിലധിഷ്ഠിത വിദ്യാഭ്യാസം)</u>

സമഗ്ര ശിക്ഷാ കേരളത്തിന്റെ പദ്ധതി നടത്തിപ്പിന് കേന്ദ്ര വിഹിതം/കേന്ദ്ര സഹായം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കുറവ് നികത്തിക്കിട്ടാനായി കേന്ദ്ര മാനവ വിഭവശേഷി വികസന

മന്ത്രാലയവുമായി സംസ്ഥാന സർക്കാർ നിരന്തര ഇടപെടൽ നടത്തിവരുന്നു. കേന്ദ്രവിഹിതത്തിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ പരിപാടികളുടെ മുൻഗണന നിശ്ചയിച്ചും പരമാവധി ചെലവുകൾ ചുരുക്കിയും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

**വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

11(*101) ഡോ. എം. കെ. മുനീർ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിനുവേണ്ടി പ്രത്യേക തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ അൻപത് ശതമാനം പേർക്ക് പ്രൊമോഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനത്തിനുവേണ്ടി സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ-ഡി) 50% വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി മാറ്റുന്നതിനും ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട് ലഭിക്കുന്ന ക്ലറിക്കൽ തസ്തിക ഉപയോഗപ്പെടുത്തി ഫ്രണ്ട് ഓഫീസ് സംവിധാനം വില്ലേജ് ഓഫീസുകളിൽ ഏർപ്പെടുത്തുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## ഹൈടെക് സ്കൂൾ പദ്ധതി

12 (*102) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ ഇതിനകം എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയായത്; വിശദാംശം നൽകുമോ;

(ബി) നവീകരിച്ച ഹൈടെക് ക്ലാസ്സ് മുറികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാൻ ആരംഭിച്ച 'സമഗ്ര' പോർട്ടൽ വിജയപ്രദമാണോ;

(സി) സാങ്കേതിക വിദ്യയുടെ പുരോഗതിക്ക് അനുസരിച്ച് നിരന്തരം മെച്ചപ്പെടുത്തൽ സംവിധാനം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ഡി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിലൂടെ കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തുമോ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും ഇതിനകം എന്ത് ധനസഹായമാണ് ലഭിച്ചത്; പ്രസ്തുത തുക കിഫ്ബിക്ക് തിരിച്ച് നൽകേണ്ടതുണ്ടോ; വിശദമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളെ ഹൈടെക്കാക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നു. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 117723 ലാപ്ടോപ്പ്, 68612 പ്രൊജക്ടർ, 43250 പ്രൊജക്ടർ

മൗണ്ടിംഗ് കിറ്റ്, 23098 വൈറ്റ് സ്ക്രീൻ, 4545 ടെലിവിഷൻ (43" ), 4611 മൾട്ടിഫംഗ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 എച്ച്.ഡി. വെബ്ക്യാം, 99141 യു.എസ്.ബി. സ്പീക്കർ എന്നീ ഉപകരണങ്ങൾ ഇതുവരെ വിതരണം ചെയ്തു. ലഭ്യമാക്കാൻ കഴിയുന്ന പ്രൈമറി വിഭാഗം ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.

സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. കുട്ടികളുടെ എണ്ണം കുറവുള്ള 1331 സ്കൂളുകളിലെ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും 2020 മാർച്ചോടെ ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 'സമഗ്ര' പോർട്ടൽ വിജയപ്രദമാണ്. ഹൈടെക് ക്ലാസ് മുറികളിൽ പാഠവിനിമയത്തിനായി പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സമഗ്ര എന്ന പേരിൽ ഒരു ഡിജിറ്റൽ വിഭവ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. സമഗ്ര വിഭവ പോർട്ടലിൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് രണ്ടാം പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനൊപ്പം പോർട്ടലിന്റെ ഓഫ്ലൈൻ വേർഷനും ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ സമഗ്ര പോർട്ടലിൽ 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകൾക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലായി മുപ്പത്തിയൊന്നായിരത്തോളം റിസോഴ്സുകൾ വിവിധ ഇനങ്ങളിലായി സമഗ്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രയാസമുള്ള പാഠഭാഗങ്ങൾ ഐ.സി.ടി. സങ്കേതങ്ങളുടെ സഹായത്താൽ വേഗത്തിലും ആയാസരഹിതമായും പഠിക്കുന്നതിന് സഹായകമായ ഡിജിറ്റൽ വിഭവങ്ങൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേയിലും ഐ.ടി. ഓഡിറ്റിലും കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഹൈടെക് സ്കൂൾ പദ്ധതിക്ക് 493.5 കോടി (നാന്നൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയും പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്ക് 292 കോടി (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) രൂപയും പദ്ധതി അടങ്കലായി കിഫ്ബി മുഖേന അനുവദിച്ചിരുന്നു. ഇതിൽ ഹൈടെക് സ്കൂൾ പദ്ധതി

നടപ്പിലാക്കിയതിന് 364.03 കോടി (മുന്നൂറ്റി അറുപത്തിനാല് കോടി മൂന്ന് ലക്ഷം രൂപ മാത്രം) രൂപയും ഹൈടെക് ലാബ് പദ്ധതിക്ക് 201.41 കോടി (ഇരുന്നൂറ്റിയൊന്ന് കോടി നാല്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) രൂപയും ഇതുവരെ ചെലവായിട്ടുണ്ട്. ഈ തുക കിഫ്ബിയിൽ തിരിച്ചടയ്ക്കേണ്ടതില്ല.

### അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകൾക്ക് ഗ്യാരന്റി

13(*103) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ ശരിയായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം അപകടങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഈ വർഷം ജനുവരി 31-നകം അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി ഇതിനകം പൂർത്തിയാക്കിയെന്നും ശേഷിക്കുന്നത് എത്രയെന്നും വെളിപ്പെടുത്താമോ;

(സി) അറ്റകുറ്റപ്പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ വീണ്ടും കുഴികളുണ്ടായി ഗതാഗതയോഗ്യമല്ലാതാകുന്ന സാഹചര്യമുണ്ടോ;

(ഡി) എങ്കിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്ന റോഡുകൾക്ക് ഒരു നിശ്ചിത കാലത്തേക്ക് കരാറുകാരിൽ നിന്നും ഗ്യാരന്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) 31-12-2019-ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിക്കുകയും റോഡുകളെല്ലാംതന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഈവിവരം ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കോടതിയിൽനിന്നും ഇക്കാര്യത്തിലുള്ള പ്രഖ്യാപനം വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. മേയ് മുതൽ നവംബർ വരെ മഴയായതിനാലാണ് പ്രവൃത്തിയിൽ കാലതാമസം വന്നത്. നിലവിൽ 98.1% റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ബജറ്റ്

പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. 10500 കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.

(സി) ചില റോഡുകളിൽ പൈപ്പ് ചോർച്ച ഉണ്ടാകുന്നതുമൂലം തകർച്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിർമ്മിക്കുന്ന റോഡുകൾക്ക് മിനിമം ഗ്യാരന്റി (Minimum Guarantee) ഉറപ്പുവരുത്തുന്നതിനായി ജി.ഒ.(പി) നമ്പർ 161/2019/ ഫിൻ തീയതി 25-11-2019-ന്റെ അടിസ്ഥാനത്തിൽ ഡിഫെക്ട് ലയബിലിറ്റി പിരീഡ് (Defect Liability Period) നിശ്ചയിച്ചിട്ടുണ്ട്.

**അദ്ധ്യാപക വിദ്യാർത്ഥി അനുപാതം**

14(*104) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കിയും അപ്പർ പ്രൈമറി സ്കൂളുകളിലേത് 1:35 ആക്കിയും 2016 ജനുവരി 29-ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രണ്ടാമത്തെ അദ്ധ്യാപക തസ്തികയ്ക്ക് ആറ് കുട്ടികളെങ്കിലും വർദ്ധിക്കണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഭിപ്രായം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ.-യാണ് പ്രസ്തുത ഉത്തരവ്.

(ബി) ഭേദഗതി വരുത്തിയിട്ടില്ല.

(സി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

## കൈവശ ഭൂമി പതിച്ചുനൽകുന്നതിനുള്ള നിബന്ധനകൾ

15(*105) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾക്കും ശ്മശാനങ്ങൾക്കും ചാരിറ്റബിൾ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും കലാ-സാംസ്കാരിക സംഘടനകൾക്കും പതിച്ചുനല്കാൻ തീരുമാനിച്ച കൈവശ ഭൂമിയുടെ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് കൈവശ ഭൂമി പതിച്ചു നല്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള കൈവശ ഭൂമിക്ക് കുത്തകപാട്ടമോ-പാട്ടമോ ഉണ്ടെങ്കിൽ ആയത് പതിച്ചുനല്കുമോ; വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പതിച്ചുനല്കുന്നതിന് ഈടാക്കുന്ന വില സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; ഭൂമി കൈവശം ഉണ്ടായിരുന്നുവെന്ന് തെളിയിക്കാൻ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ആരാധനാലയങ്ങളും ശ്മശാനങ്ങളും ക്ലബ്ബുകൾ ഒഴികെയുള്ള വിവിധ കലാകായിക സാംസ്കാരിക സംഘടനകളും വായനശാലകളും ചാരിറ്റബിൾ സ്ഥാപനങ്ങളും മതിയായ രേഖകളില്ലാതെ കാലങ്ങളായി കൈവശം വച്ചുവരുന്ന ഭൂമിയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി വ്യവസ്ഥകളോടെ പതിച്ച് നൽകുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും 29-1-2020-ലെ സ.ഉ. (എംഎസ്.) 40/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവുപ്രകാരം ആരാധനാലയങ്ങൾക്കും ശ്മശാനങ്ങൾക്കും പരമാവധി ഒരു ഏക്കറായും ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് പരമാവധി 50 സെന്റായും ക്ലബ്ബുകൾ ഒഴികെയുള്ള കലാസാംസ്കാരിക സംഘടനകൾ, വായനശാലകൾ എന്നിവയ്ക്ക് 10 സെന്റായും വ്യവസ്ഥകളോടെ പതിച്ചുനൽകാവുന്ന ഭൂമിയുടെ വിസ്തീർണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളും സംഘടനകളും എത്രമാത്രം ഭൂമി കൈവശം വച്ചുവരുന്നുവെന്നത് സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു :

- ഭൂമി കൈവശം വച്ചിരിക്കുന്ന തീയതി മുതൽതന്നെ രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.
- രജിസ്ട്രേഷൻ കൃത്യമായി പുതുക്കിയിട്ടുള്ളവയായിരിക്കണം.
- വർഷാവർഷം വരവുചെലവ് കണക്കുകൾ കൃത്യമായി പാസ്സാക്കി യിട്ടുള്ളവയായിരിക്കണം.
- പ്രസ്തുത സ്ഥാപനമോ സംഘടനയോ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉള്ളവയായിരിക്കണം.
- പ്രസ്തുത സ്ഥാപനം/സംഘടന, സാമൂഹിക/സാംസ്കാരിക/ കലാ കായിക/വിദ്യാഭ്യാസ സേവന രംഗങ്ങളിൽ സേവനം നൽകുന്നവ യായിരിക്കണം.
- ഭൂമി പതിച്ചുനൽകുന്നതിന് പ്രസ്തുത ഉത്തരവിന്റെ തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി പത്തുവർഷമെങ്കിലും ചാരിറ്റബിൾ പ്രവർത്തനങ്ങൾ നടത്തുന്നവയായിരിക്കണം.

മേൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് പതിച്ചുനൽകാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം 50 സെന്റ് മാത്രമായിരിക്കും.

(സി) കുത്തകപ്പാട്ടമായോ പാട്ടമായോ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചുനൽകില്ല. അപ്രകാരമുള്ള ഭൂമിയുടെ പാട്ടം പുതുക്കി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാനാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ഡി) സംഘടനകളും സ്ഥാപനങ്ങളും മറ്റും ഭൂമി കൈവശം വച്ചിരിക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിലാണ് തുക ഈടാക്കി പതിച്ച് നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതുസംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദേശീയ മറൈൻ ഫിഷറീസ് നിയന്ത്രണ പരിപാലന ബിൽ

16(*106) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളങ്ങൾ ഉൾപ്പെടെ കടലിൽ പോകുന്ന എല്ലാത്തരം മത്സ്യബന്ധന യാനങ്ങൾക്കും സംസ്ഥാന രജിസ്ട്രേഷന് പുറമെ കേന്ദ്രസർക്കാരിന്റെ ലൈസൻസും നിർബന്ധമാക്കുന്ന ദേശീയ മറൈൻ ഫിഷറീസ് നിയന്ത്രണ പരിപാലന ബിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യാനങ്ങൾ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ നിയമപ്രകാരം ഫീസ് അടച്ച് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കേന്ദ്ര രജിസ്ട്രേഷൻ കൂടി നടത്തണമെന്ന നിബന്ധന മത്സ്യത്തൊഴിലാളികൾക്ക് അധിക ബാധ്യതയാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) യാനങ്ങളിലെ പരിശോധന കേന്ദ്ര സംസ്ഥാന ഏജൻസികൾ നടത്തുന്നത് തർക്കങ്ങൾക്ക് സാധ്യതയുണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. കരട് നിയമം ലഭ്യമായതോടെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടുകയുണ്ടായി. ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ കരട് നിയമത്തിൽനിന്ന് ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര നിയമത്തിന്റെ അവസാന കരട് പതിപ്പ് ലഭ്യമായിട്ടില്ല. കേന്ദ്രസർക്കാരിന്റെ ലൈസൻസ് സംസ്ഥാനത്തിന്റെ അധികാരപരിധിക്കപ്പുറത്തുള്ള (ടെറിറ്റോറിയൽ പ്രദേശം) കടൽ പ്രദേശത്തിന് മാത്രമായി നിജപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ടെറിറ്റോറിയൽ കടലിൽ ലൈസൻസ് നൽകുന്നതിനുള്ള അധികാരം സംസ്ഥാന മത്സ്യവകുപ്പിന് തന്നെയായിരിക്കും.

(ബി&സി) മത്സ്യബന്ധനയാനങ്ങൾക്കുള്ള രജിസ്ട്രേഷൻ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ചും 1958-ലെ മർച്ചന്റ് ഷിപ്പിംഗ് ആക്ട് പ്രകാരവുമാണ് നൽകിവരുന്നത്. ഇതിപ്പോൾ നൽകിവരുന്നത് സംസ്ഥാന മത്സ്യ

വകുപ്പാണ്. കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ദേശീയ സമുദ്ര മത്സ്യബന്ധന (നിയന്ത്രണ പരിപാലന) നിയമത്തിൽ യാനങ്ങൾക്ക് രജിസ്ട്രേഷനെടുക്കണമെന്ന നിബന്ധനയില്ല. കരട് നിയമത്തിൽ ഇത്തരം കാര്യങ്ങളുള്ളതായി ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തുകയുണ്ടായി.

**റെയിൽ വികസന പദ്ധതികൾ**

17(*107) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഗതിവേഗം കൂട്ടുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനം മുന്നോട്ടു വച്ചിട്ടുള്ള പ്രധാന റെയിൽ വികസന പദ്ധതികൾ ഏതെല്ലാമാണ്; ഈ പദ്ധതികളിൽ ഏതെല്ലാമാണ് പുതിയ കേന്ദ്ര ബജറ്റിൽ സ്ഥാനം പിടിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അങ്കമാലി-എരുമേലി, ഗുരുവായൂർ-തിരുനാവായ എന്നീ റെയിൽ പാതകൾക്കായും അമ്പലപ്പുഴ-എറണാകുളം പാതയിരട്ടിപ്പിക്കലിനും വേണ്ടി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പാതയിരട്ടിപ്പിക്കൽ പൂർത്തിയാക്കാത്തതും സിഗ്നലിംഗ് സംവിധാനം നവീകരിക്കാത്തതും യാത്രക്കാരുടെ എണ്ണത്തിനനുസരിച്ചുള്ള ട്രെയിനുകൾ അനുവദിക്കാത്തതും മൂലം ദുരിതപൂർണ്ണമായ സംസ്ഥാനത്തെ ട്രെയിൻ യാത്ര അടിയന്തരമായി മെച്ചപ്പെടുത്തുവാൻ റെയിൽവേയോട് ആവശ്യപ്പെടുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുതകുന്ന എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കൽ, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതി, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി) റെയിൽപാത, അമ്പലപ്പുഴ- എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി, എറണാകുളം മാർഷലിംഗ് യാർഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കുമിടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, വിവിധ റെയിൽവേ

സ്റ്റേഷനുകളുടെ വികസനം, നേമം ടെർമിനലിന് പദ്ധതി, തിരുവനന്തപുരം - കാസർഗോഡ് വരെ സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ, കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗമില്ലാത്തത്) പുനർനിർമ്മാണം, പ്രത്യേക റെയിൽവേ സോൺ മുതലായവയാണ് സംസ്ഥാനം മുന്നോട്ടുവച്ചിട്ടുള്ളത്.

മേൽ റെയിൽവേ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ ഏകദേശം 164 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി റെയിൽ), അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം - ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്.

ഇതിൽ തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ ഇ.ബി.ആർ.ഐ.എഫ്. ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. എറണാകുളം മാർഷലിംഗ് യാർഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കുമിടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, വിവിധ റെയിൽവേ സ്റ്റേഷനുകളുടെ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) പാത ഇരട്ടിപ്പിക്കൽ, സിഗ്നലിംഗ് സംവിധാനങ്ങളുടെ നവീകരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും ട്രെയിനുകൾ അനുവദിക്കാത്തതുകാരണവും യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് 30-12-2019, 16-1-2020, 6-2-2020 എന്നീ തീയതികളിലെ കത്തുകൾ മുഖേന സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ ചട്ടങ്ങളിൽ പുതിയ ഭേദഗതികൾ

18(*108) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനം, അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ പുതിയ ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ഭേദഗതികളുടെ സാധുതകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി വിദ്യാഭ്യാസ മേഖല യിലുണ്ടായിട്ടുള്ള നേട്ടങ്ങളെ പുറകോട്ടടിപ്പിക്കുന്ന നയങ്ങൾ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമാകാത്തതരത്തിലും കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി വിദ്യാഭ്യാസ മേഖലയിലു ണ്ടായിട്ടുള്ള നേട്ടങ്ങൾക്ക് വിഘാതമുണ്ടാകാത്ത തരത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം

19(*109) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സ്വന്തമായി വള്ളവും വലയുമുള്ളവരാക്കി മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ; മത്സ്യബന്ധന ഉപകരണങ്ങൾക്ക് സൗജന്യമായി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യഫെഡ് വഴി പലിശ രഹിത വായ്പ നൽകി വരുന്നുണ്ടോ;

(ഡി) മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി നൽകണമെന്നും മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണമുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്ക് കൈമാറുന്നതിന് ഐ.എസ്.ആർ.ഒ. സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ് ഇതിൽ മുൻഗണന നൽകിയിട്ടുള്ളത്. കൂടാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽനിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്., 132 ലൈഫ് ബോയെ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 66 എക്കോ സൗണ്ടറുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 500 ജി.പി.എസ്., 1000 ലൈഫ് ബോയെ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipments to traditional fishing crafts പദ്ധതി പ്രകാരം 1500 യാനങ്ങൾക്ക് ഡാറ്റ്, വി.എച്ച്.എഫ്. റേഡിയോ, ജി.പി.എസ്. എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന 559.72 കോടി രൂപയുടെ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

- പരമ്പരാഗത യാനങ്ങൾക്ക് ഔട്ട്ബോർഡ് മോട്ടോർ ഘടിപ്പിക്കുന്നതിന് 30,000 രൂപ സബ്സിഡിയും വലകൾക്കുള്ള സബ്സിഡി 10,000 രൂപയുമാണ്.
- സംയോജിത മത്സ്യവികസന പദ്ധതി (IFDP)
- മണ്ണെണ്ണ സബ്സിഡി പദ്ധതി (150.30 കോടി രൂപ)
- മൈക്രോ ഫിനാൻസ് പദ്ധതി
- പലിശരഹിത വായ്പ പദ്ധതി
- ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
- മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

(ബി) ഉണ്ട്. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാക്കുന്നതിനായി ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 40% സബ്സിഡി നിരക്കിൽ 200 FRP മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഓഖി ദുരന്തത്തിൽ യാനങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 FRP മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ മത്സ്യഫെഡ് മുഖേന 1057 മത്സ്യബന്ധന യാനങ്ങളും 2715 OBM-കളും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. കൂടാതെ ചുവടെപ്പറയുന്ന പദ്ധതികൾ മുഖേനയും മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

1. വലകൾക്കുള്ള സബ്സിഡി പദ്ധതി
2. നാടൻവള്ളങ്ങളുടെ നവീകരണം
3. മത്സ്യഫെഡ് സുരക്ഷാ ഉപകരണ പദ്ധതി
4. സംയോജിത മത്സ്യവികസന പദ്ധതി

(സി) ഉണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി മത്സ്യഫെഡ് നൽകിവരുന്നു. കൂടാതെ മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി പലിശരഹിത വായ്പാ പദ്ധതിയായിട്ടാണ് മത്സ്യഫെഡ് നടപ്പിലാക്കുന്നത്. പലിശത്തുക മുഴുവൻ സർക്കാരാണ് നൽകിവരുന്നത്.

(ഡി) മത്സ്യബന്ധനത്തിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി, കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. അതിൽ സബ്സിഡി മണ്ണെണ്ണയുടെ കാര്യത്തിൽ ഇതുവരെയും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. എന്നാൽ നിവേദനം നൽകിയത് പരിഗണിച്ച് 4632 കിലോ ലിറ്റർ നോൺ സബ്സിഡൈസ്ഡ് പി.ഡി.എസ്. മണ്ണെണ്ണ സിവിൽ സപ്ലൈസിന് ആദ്യം അനുവദിക്കുകയും പിന്നീട് 10476 കിലോ ലിറ്റർ ഈ ഇനത്തിൽ വീണ്ടും അനുവദിക്കുകയുമുണ്ടായിട്ടുണ്ട്.

മത്സ്യബന്ധന യാനങ്ങൾക്ക് ഒരു വർഷം 51700 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമാണെന്ന് കാണിച്ച് കേന്ദ്രസർക്കാരിന് കത്ത് സമർപ്പിക്കുകയും ഫിഷറീസ് സെക്രട്ടറി കേന്ദ്ര പെട്രോളിയം സെക്രട്ടറിയെ നേരിൽക്കണ്ട് വിവരം ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾ

20(*110) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) തിരച്ചിലിന് ശേഷവും കണ്ടെത്താനാവാത്തവരുടെ ബന്ധുക്കൾക്ക് ഏതെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് നിലവിൽ നൽകി വരുന്നത്; വിശദീകരിക്കുമോ;

(സി) കാണാതായവരെ കണ്ടുപിടിക്കാൻ എതെല്ലാം വിധത്തിലുള്ള അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) പ്രസ്തുത അന്വേഷണങ്ങൾ പൂർണ്ണമായും ഫലപ്രദമാണോ എന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾ കടലിൽ കാണാതായാൽ അവരുടെ ബന്ധുക്കൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ട്. 1872-ലെ ഇൻഡ്യൻ തെളിവ് നിയമത്തിലെ വകുപ്പ് 108 പ്രകാരം കാണാതാകുന്ന ഒരാൾ മരണപ്പെട്ടുവെന്ന് അനുമാനിക്കാവുന്നത് ഏഴ് വർഷത്തിനുശേഷമാണ്. എന്നാൽ കാണാതായ ആൾ non traceable ആണെന്ന് പോലീസ് സ്റ്റേഷനിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ/ആർ.ഡി.ഒ. അനുവദിക്കുന്ന മിസ്സിംഗ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നപക്ഷം ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് ധനസഹായം ലഭ്യമാക്കി മത്സ്യബോർഡ് മുഖേന കാണാതായ ആളിന്റെ അവകാശിക്ക് ധനസഹായം നൽകിവരുന്നു. ഓഖി ദുരന്തത്തിൽ കടലിൽ കാണാതായ 91 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൂന്ന് മാസത്തിനകംതന്നെ 20 ലക്ഷം രൂപ വീതം ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(സി) കടലിൽ മത്സ്യബന്ധനത്തിന് പോയി കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ തിരച്ചിൽ നടത്താറുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും അവരുടെ അത്യാധുനിക സംവിധാനങ്ങളുള്ള ഹെലികോപ്റ്ററും ഡോണിയർ വിമാനങ്ങളും കപ്പലുകളും തിരച്ചിലിനായി ലഭ്യമാക്കാറുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവയുടെ നിലവിലുള്ള സംവിധാനങ്ങൾക്കുപുറമെ തീരസംരക്ഷണ സേനകളായ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി തുടങ്ങി രാജ്യത്ത് ലഭ്യമായ പരമാവധി സംവിധാനങ്ങൾ തിരച്ചിലിനും രക്ഷാപ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തി വരുന്നുണ്ട്, ആയത് ഫലപ്രദവുമാണ്. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡ് (CSL) മുഖേന നിർമ്മിച്ചുവരുന്നുണ്ട്.

**കാലവർഷക്കെടുതിയിൽപ്പെട്ടവരുടെ പുനരധിവാസം**

21(*111) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം ഉണ്ടായ കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും വീട് നഷ്ടപ്പെട്ടവർക്കും വീട് വാസയോഗ്യമല്ലാതായവർക്കും പുനരധിവാസം നൽകുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇത്തരക്കാരെ പുനരധിവസിപ്പിക്കുവാൻ വാസയോഗ്യവും പരിസ്ഥിതിക്ക് അനുയോജ്യവുമായ ഭൂമി കണ്ടെത്തി അവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ച് നൽകണമെന്ന് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശപ്രകാരം ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിനായി സർക്കാർ പുറമ്പോക്ക് ഭൂമി എല്ലാ ജില്ലകളിലും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര ഏക്കർ ഭൂമി കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ;

(ഡി) കവളപ്പാറയിൽ ഉരുൾപൊട്ടി എല്ലാം നഷ്ടപ്പെട്ട് നിരാലംബരായവരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിലും അവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തുന്നതിലും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2018 കാലവർഷക്കെടുതിയിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവരുടെ പുനരധിവാസം സാധ്യമായിട്ടുണ്ട്. 2018-ലുണ്ടായ കാലവർഷക്കെടുതിയിൽ പൂർണ്ണമായി തകർന്ന 18394 വീടുകളിൽ 10333 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളുടെ പുനർനിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഭാഗികമായി തകർന്ന 352018 വീടുകളിൽ 351973 വീടുകൾക്ക് കേടുപാടുകൾ തീർക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. 2019-ൽ വീട് പൂർണ്ണമായി തകർന്നവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ക്യാമ്പുകളിലും ഗൃവൽ സെന്ററുകളിലും ബന്ധുവീടുകളിലുമായി താമസിച്ച 303383 പേർക്ക് 10,000 രൂപ നിരക്കിൽ 303,38,30,000 രൂപ നൽകിയിട്ടുണ്ട്. വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 49900 പേർക്ക് ആദ്യഗഡുവായി 217,99,50,400 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഭൂമി നഷ്ടപ്പെട്ടവരാരുംതന്നെ ഇല്ലാത്തതിനാൽ ജില്ലയിൽ ഭൂമി കണ്ടെത്തേണ്ട സാഹചര്യമുണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 12 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2018-ലെ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട 13 പേർക്ക് പകരം 25.46 സെന്റ് ഭൂമി കണ്ടെത്തി നൽകിയിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിൽ 666.44 ആർ ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ 20.59 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ 8 കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിനുള്ള നടപടികൾ

അന്തിമഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ ഇത്തരക്കാരെ പുനരധിവസിപ്പിക്കുന്നതിന് 1.2907 ഹെക്ടർ സർക്കാർ ഭൂമിയും സർക്കാർ ഭൂമി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഗുണഭോക്താവ് സ്വയം കണ്ടെത്തിയ ഭൂമിക്ക് പരമാവധി 6 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകി ഭൂമി വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പുനരധിവാസത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്താൻ ദുരന്തബാധിതരോട് ആവശ്യപ്പെട്ടിട്ടുള്ളതും അനുയോജ്യമായ ഭൂമി വാങ്ങാൻ പരമാവധി 6 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നതുമാണ്. മലപ്പുറം ജില്ലയിൽ 10 പേരുടെ പുനരധിവാസത്തിനായി സർക്കാർ ഭൂമി കണ്ടെത്തി വീട് നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീട് സ്വന്തമായി നിർമ്മിക്കുന്നതിനായി ഗുണഭോക്താക്കൾ കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണഘട്ടത്തിന്റെ തോതനുസരിച്ച് ഗഡുക്കളായി തുക അനുവദിച്ചുവരുന്നു. വയനാട് ജില്ലയിൽ പുനരധിവാസത്തിനായി കണിയാംപറ്റ വില്ലേജിൽ 15 സെന്റും സുൽത്താൻബത്തേരി താലൂക്കിൽ 8 സെന്റും സൗജന്യമായി ലഭിച്ചിട്ടുള്ളതും 13 വീടുകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. കണ്ണൂർ ജില്ലയിൽ വാസയോഗ്യമല്ലാത്തതും ഉരുൾപൊട്ടൽ ഭീഷണിയുള്ളതുമായ സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പ്രളയം ബാധിച്ചിട്ടില്ല.

(സി) കൊല്ലം ജില്ലയിൽ 0.04.85 ഹെക്ടർ, പത്തനംതിട്ട ജില്ലയിൽ 0.50.69 ഹെക്ടർ, ഇടുക്കി ജില്ലയിൽ 13.47.34 ഹെക്ടർ, തൃശ്ശൂർ ജില്ലയിൽ 1.29.07 ഹെക്ടർ, പാലക്കാട് ജില്ലയിൽ 0.02.44 ഹെക്ടർ ഉൾപ്പെടെ 15.34.39 ഹെക്ടർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പുറമ്പോക്ക് ഇനത്തിൽ ഭൂമി കണ്ടെത്തിയിട്ടില്ലാത്തതാണ്.

(ഡി) വീഴ്ച സംഭവിച്ചിട്ടില്ല. നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ ഒട്ടാകെ 59 പേർ മരണപ്പെട്ടതായി കണക്കാക്കുകയും ആയതിൽ 4 പേരുടെ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരാവകാശികൾക്ക് ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

കവളപ്പാറയിലെ ഉരുൾപൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ശ്രീ എം എ യൂസഫലി സ്പോൺസർ ചെയ്ത 33 വീടുകൾ നിർമ്മിക്കുന്നതിന് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 6 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനുള്ള കെയർ ഹോം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

## വിദ്യാർത്ഥികളുടെ മാനസിക ഉന്നമനത്തിനായുള്ള പദ്ധതികൾ

22(*112) ശ്രീ. പി. കെ. ശശി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറിവ് ആർജ്ജിക്കുന്നതിനോടൊപ്പം ഓരോ വിദ്യാർത്ഥിക്കും അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും ആരോഗ്യകരമായ സാമൂഹ്യബന്ധം പുലർത്തുന്നതിന് പ്രാപ്തിയുള്ളവരാക്കുന്നതിനും അനുയോജ്യമായ രീതിയിലാണോ 'സഹിതം' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) വിദ്യാർത്ഥികളുടെ വൈയക്തികവും കുടുംബപരവും സാമൂഹികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കാൻ വേണ്ട ഇടപെടൽ സാധ്യമാകുന്ന 'മെന്റർ ടീച്ചർ' പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) സ്കൂളുകളിൽ വടിയെടുക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷവും നിരവധി അദ്ധ്യാപകർ പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും ക്ഷതമേൽപ്പിക്കുന്ന കാര്യം പരിശോധിക്കാൻ തയ്യാറാകുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കുട്ടിയെ അറിയാനും കുട്ടിയെ വളർത്താനും ലക്ഷ്യമിട്ട് എസ്.സി.ഇ. ആർ.റ്റി.യുടെ അക്കാദമിക നേതൃത്വത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ സാങ്കേതിക സഹായത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ വിലയിരുത്തൽ പദ്ധതിയാണ് 'സഹിതം'. കുട്ടിയും അദ്ധ്യാപകനും തമ്മിലുള്ള സ്നേഹോഷ്മളമായ ബന്ധമാണ് 'സഹിതം' പദ്ധതിയുടെ അടിത്തറ. സഹരക്ഷകർത്താവ് എന്ന നിലയിൽ ഔപചാരികതയ്ക്കപ്പുറം അനൗപചാരിക ഭാവം നിലനിർത്തുന്ന മെന്റർ ആണ് 'സഹിതം' പദ്ധതിയിലെ ടീച്ചർ. അക്കാദമിക മേഖലയോടൊപ്പം കുട്ടിയുടെ വൈയക്തികവും കുടുംബപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങൾകൂടി ഈ പദ്ധതിയിൽ പരിഗണിക്കപ്പെടുന്നുണ്ട്.

നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും അന്വേഷണ പഠനത്തിനായി സഹായിക്കപ്പെടുകയും ചെയ്യുക, കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം, നിരന്തര

നിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടിയുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി അദ്ധ്യാപകൻ നിരന്തരം നിരീക്ഷിക്കുന്നതിനും അതുവഴി കുട്ടികൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ തിരിച്ചറിയാനും അവ പരിഹരിക്കാനും ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, പഠന നിലവാരത്തിലുണ്ടാകുന്ന മാറ്റം യഥാസമയം പോർട്ടലിൽ ലഭ്യമാക്കുക തുടങ്ങിയവയാണ് 'സഹിതം' പദ്ധതിയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്.

(ബി) ഉണ്ട്. ഒന്ന് മുതൽ ഏഴ് വരെ സ്കൂളുകളിൽ 'സഹിതം' പദ്ധതിയുടെ ഭാഗമായാണ് മെന്റർ ടീച്ചർ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പഠനപ്രയാസങ്ങളിൽ കുട്ടികളെ സഹായിക്കുന്നതിനും ആധുനികമായ പഠന വഴികളും തൊഴിൽ വഴികളും കാണിച്ചുകൊടുക്കുന്നതിനും ലഹരി ഉപഭോഗം അടക്കമുള്ള തെറ്റായ വഴികളിൽ നിന്നും ശരിപാത കാണിച്ച് കൊടുക്കുന്നതിനും ലോകവ്യാപകമായി ഉപയോഗിക്കുന്ന സ്റ്റുഡന്റ് പ്രൊഫൈലിംഗ് എന്ന സങ്കേതമാണ് മെന്റർ ടീച്ചർ പദ്ധതിയിൽ ഉപയോഗിക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ കുട്ടിയുടെ സമഗ്രമായ പ്രൊഫൈൽ രൂപീകരിക്കുകയും അദ്ധ്യാപകരുടെ നിരീക്ഷണത്തിന്റെ സഹായത്താൽ നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്ന രീതിയാണ് മെന്റർ ടീച്ചർ സ്വീകരിക്കുന്നത്.

മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുകയും ഓരോ സ്കൂൾ വിദ്യാർത്ഥിയുടേയും അനുഗുണമായ സാമൂഹിക ശേഷികൾ, ഭാഷാശേഷി, ഗണിതശേഷി, സാമൂഹിക അവബോധം, ശാസ്ത്രാഭിമുഖ്യം തുടങ്ങി കുട്ടിയുടെ പഠനത്തിലുണ്ടാകുന്ന പുരോഗതി നിരന്തരം നിരീക്ഷിക്കാനും കുട്ടികൾക്കുണ്ടാകുന്ന പഠന പ്രയാസം തിരിച്ചറിഞ്ഞ് പരിഹാര പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഉതകുന്ന രീതിയിലാണ് 'സഹിതം' പോർട്ടൽ കൈറ്റ് സജ്ജമാക്കിയിരിക്കുന്നത്.

(സി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ കാലാകാലങ്ങളിൽ വകുപ്പ് കൈക്കൊള്ളുന്നുണ്ട്.

## പ്രീപ്രൈമറി സ്കൂൾ ശാക്തീകരണം

23(*113) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറി സ്കൂൾ ശാക്തീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രീപ്രൈമറിയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സർക്കാർ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ നൽകാതെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ചുമലിൽ ഉത്തരവാദിത്വം അടിച്ചേൽപ്പിക്കുന്നത് പ്രീപ്രൈമറി സ്കൂളുകളുടെ ഗുണനിലവാരത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്ത് വർഷം തുടർച്ചയായി ജോലി ചെയ്യുന്ന പ്രീപ്രൈമറി അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യവും നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രമുഖ ലക്ഷ്യങ്ങളിലൊന്നാണ് പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. ശിശു കേന്ദ്രീകൃതമായ പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി 2014-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ 2017-ൽ പ്രീസ്കൂൾ അദ്ധ്യാപകർക്കായി 'കളിപ്പാട്ടം' എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) 'കളിത്തോണി' എന്ന പ്രവർത്തന പുസ്തകവും അവ ക്ലാസിൽ വിനിമയം ചെയ്യുന്നതിനുള്ള അധ്യാപക വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കപ്പെട്ട സഹായികൾ പ്രാവർത്തികമാക്കുന്നതിനായി അദ്ധ്യാപകർക്ക് ഘട്ടംഘട്ടമായി ട്രൈ ഔട്ടുകൾ നടത്തി പരിശീലനം എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ നൽകിവരുന്നു. ക്ലാസ് മുറികളിൽ അക്കാദമിക-ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രീസ്കൂളുകളിൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനമൂലകൾ സജ്ജീകരിച്ചുവരുന്നു.

(ബി&സി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറികളെ സർക്കാർ അംഗീകരിക്കുകയും 1-8-2012 വരെ സർവ്വീസിലുണ്ടായിരുന്ന പ്രീപ്രൈമറികളിലെ ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം അനുവദിച്ചുനൽകുകയും ചെയ്തു. അതിനുശേഷം പുതിയ പ്രീപ്രൈമറികൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ഭൂരേഖകളുടെ പരിപാലനം

24(*114) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റ തണ്ടപ്പേർ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമിടുന്ന നേട്ടം അറിയിക്കാമോ;

(ബി) ഭൂരേഖകളുടെ കൃത്യമായ പരിപാലനത്തിനായി ലാൻഡ് റിക്കോർഡ്സ് മോഡണൈസേഷൻ മിഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനായി ലഭ്യമാക്കാനായുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) രേഖകളുടെ കൃത്യതയ്ക്കും തർക്കങ്ങൾ ഒഴിവാക്കുന്നതിനും റീസർവ്വേ അനിവാര്യമായതിനാൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവ്വേ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ. (സാധാ) നമ്പർ 552/2020/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ഭൂമിയുടെ ഭരണനിർവ്വഹണം (Land Governance) മെച്ചപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ നമ്പരിനാൽ രേഖപ്പെടുത്തുന്നു എന്നത് പ്രധാന നേട്ടമാണ്.

(ബി) 25-6-2018-ലെ സ.ഉ. (കൈ) നമ്പർ 236/2018/റവന്യൂ ഉത്തരവ് പ്രകാരം കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. അത്യാധുനിക മാർഗ്ഗങ്ങൾ അവലംബിച്ച് ഡിജിറ്റൽ റീസർവ്വേ നടപ്പാക്കുക, ഭൂരേഖ കമ്പ്യൂട്ടർവത്കരണമുൾപ്പെടെയുള്ള ജോലികൾ ഏകോപിപ്പിക്കുക, കൂടാതെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ

പ്രവർത്തനങ്ങൾ വെബ് അധിഷ്ഠിതമായി ഏകോപിപ്പിച്ച് ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനാക്കുക തുടങ്ങിയവയാണ് കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ ലക്ഷ്യമിടുന്നത്.

(സി) നിലവിൽ സംസ്ഥാനത്തെ 1664 വില്ലേജുകളിലെ 1654 വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി ചെയ്ത് ഓൺലൈനാക്കിയിട്ടുണ്ട്. ബാക്കി നിൽക്കുന്ന 10 വില്ലേജുകൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സർവ്വേയും ഭൂരേഖയും വകുപ്പിൽ ലഭ്യമായ എല്ലാ സർവ്വേ റിക്കോർഡുകളും സ്കാൻ ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലേയ്ക്കായി 'ഇരേഖ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 16-6-2016 മുതൽ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ സ്കാൻ ചെയ്ത് വിവരങ്ങൾ നൽകിവരുന്നു. ടി പദ്ധതിയുടെ കീഴിൽ സെറ്റിൽമെന്റ് രജിസ്റ്റർ അടക്കമുള്ള 399999 മുൻ സർവ്വേ റിക്കോർഡുകൾ കൺസർവേഷൻ ചെയ്യുകയും 372072 റിക്കോർഡുകളുടെ സ്കാനിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 838 വില്ലേജുകളുടെ റീസർവ്വേ എഫ്.എം.ബി.കളുടെയും 792 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളുടെയും 200 വില്ലേജുകളുടെ ലാൻഡ് രജിസ്റ്ററുകളുടെയും സ്കാനിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

നിലവിൽ 813 വില്ലേജുകളുടെ എഫ്.എം.ബി.-കൾ www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നൽകിയിട്ടുള്ളതും ഇത് പൊതുജനങ്ങൾക്ക് സൗജന്യമായി കാണുന്നതിനും ഓൺലൈനായി (ഇ-റെമിറ്റൻസ് വഴി) പണമടച്ച് അവ കൈപ്പറ്റുന്നതിനുമുള്ള സൗകര്യം പ്രസ്തുത പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടുതൽ റിക്കോർഡുകൾ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. ഇവയിൽ 86 വില്ലേജുകളുടെ റീസർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങളായ ETS, GPS എന്നിവ ഉപയോഗിച്ച് ഭാഗികമായി ഡിജിറ്റൽ സർവ്വേ ചെയ്തിട്ടുള്ളതാണ്. ഭൂപരിപാലനം പൂർണ്ണമായും ഡിജിറ്റൽ രീതിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾ

25(*115) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ സ്ഥലപരിമിതിയ്ക്കും അഴിമതിയ്ക്കും പരിഹാരം സൃഷ്ടിച്ച് ഇവയെ ഐ.എസ്.ഒ. നിലവാരം കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സേവനങ്ങൾ പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും നൽകുന്നതിന് നടത്തുന്ന ആധുനികീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വാടക കെട്ടിടങ്ങളിലും നൂറ് വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള സേവനങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമാക്കിക്കൊണ്ട് ഐ.എസ്.ഒ. നിലവാരം ലക്ഷ്യമിട്ടുകൊണ്ട് ഈ സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഫയലിംഗ് ഷീറ്റുകളുടെ രൂപം എ 3 സൈസിൽനിന്നും എ 4 സൈസിലേയ്ക്ക് മാറ്റുകയുണ്ടായി.
2. വിവിധ സേവനങ്ങളുടെ ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം.
3. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഇ-പോസ് മെഷീൻ ഉപയോഗിച്ച് തുക ഒടുക്കുന്നതിനുള്ള സൗകര്യം.
4. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം.

5. ആധാര രജിസ്ട്രേഷൻ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ഓൺലൈൻ ടോക്കൺ സൗകര്യം.

6. വിവാഹ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള ഓൺലൈൻ സൗകര്യം.

7. വിവിധ സേവനങ്ങൾക്ക് എസ്.എം.എസ്. സൗകര്യം

8. ഗഹാൻ ആധാരങ്ങൾ പൂർണ്ണമായും ഓൺലൈനിൽ

9. എൻ.ആർ.ഐ. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായും ഓൺലൈൻ സൗകര്യം

10 മുൻകാല ആധാരങ്ങൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അനശ്വര പദ്ധതി

11. സബ് രജിസ്ട്രാർ ഓഫീസുകളെയും വില്ലേജ് ഓഫീസുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഓൺലൈൻ പോക്കുവരവ് സൗകര്യം

12. വർക്ക് സ്റ്റേഷൻ മാതൃകയിൽ ശാസ്ത്രീയമായ ഇരിപ്പിട സൗകര്യങ്ങൾ

13. റിക്കോർഡ് റൂമുകൾ നവീകരിച്ചുകൊണ്ട് ആധുനിക കോംപാക്റ്ററുകൾ സ്ഥാപിച്ചു

14. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സേവനങ്ങൾ പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും നൽകുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നടത്തുന്ന ആധുനീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്നമുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ്‍രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

8. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

10. പാർട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തി.

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

12. രജിസ്ട്രേഷൻ വകുപ്പിന് കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി

13. സബ്‌രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് ഹാജരായി ഫയൽ ചെയ്തിരുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ ഡിജിറ്റൽ രൂപത്തിൽ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം.

(സി) കെട്ടിട നിർമ്മാണത്തിന് 100 കോടി രൂപ നീക്കിവയ്ക്കുന്നുവെന്ന 2016-17-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകളുടെ നിർമ്മാണവും ആറ്റിങ്ങൽ സബ്‌രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയും 48 സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവും ഉൾപ്പെടുന്നു. ഇവയിൽ 11 സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും ആറ്റിങ്ങൽ സബ്‌രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയും ഇതിനകം പൂർത്തിയായിട്ടുള്ളതും 28 നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്. ശേഷിക്കുന്ന 12 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

26(*116) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് എന്നത് പരിഗണിച്ച് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് രൂപീകൃതമായ കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) 2019-ൽ പ്രസ്തുത ബോർഡ് ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്തു; ടണ്ണിന് എന്ത് വില വച്ചാണ് ഇത് ഇറക്കുമതി ചെയ്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ബോർഡ് സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസികളിൽ നിന്നും കഴിഞ്ഞ വർഷം തോട്ടണ്ടി സംഭരിച്ചിരുന്നോ; എങ്കിൽ എന്ത് വിലയ്ക്കാണ് സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർഷത്തെ കശുവണ്ടി സീസണിൽ എത്ര ടൺ കശുവണ്ടി ആഭ്യന്തര മാർക്കറ്റിൽ നിന്നും സംഭരിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്;

(ഇ) കശുവണ്ടി വിലനിർണ്ണയ സമിതി ഈ വർഷം തോട്ടണ്ടിക്ക് കിലോഗ്രാമിന് എത്രയാണ് തറവില നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത വിലനിലവാരം കശുമാവ് കർഷകർക്കും വ്യവസായത്തിനും അനുയോജ്യമായ ന്യായവിലയാണോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി വ്യവസായശാലകൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കു ന്നതിനുള്ള നടപടികൾ കേരള കാഷ്യു ബോർഡ് സ്വീകരിച്ചുവരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്ന് അതത് വിളവെടുപ്പ് സീസണുകളിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനായി ബന്ധപ്പെട്ട രാജ്യങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള ശ്രമങ്ങളും നടത്തിവരുന്നുണ്ട്. ആഫ്രിക്കൻ രാജ്യമായ ഐവറി കോസ്റ്റുമായി ഇപ്രകാരമുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

തോട്ടണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്നും ഇതിനോടകം ഇരുപതിനായിര ത്തിലധികം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഘാന, ഐവറികോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കാഷ്യു ബോർഡ് വഴി സംഭരിച്ച തോട്ടണ്ടി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കേരള കാഷ്യു ബോർഡ് മുഖാന്തരം ന്യായമായ വിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ സാധിച്ചതോടെ കേരളത്തിൽ തോട്ടണ്ടിയുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യു ബോർഡ് സജ്ജമാണ്.

(ബി) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് 2019-ൽ മൊസാംബിക്, ഘാന, ഗിനി-ബിസ്സാവു എന്നീ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വിലനിരക്ക് താഴെപ്പറയുന്ന പ്രകാരമാണ്.

| ഒറിജിൻ | വില നിരക്ക് |
|---|---|
| മൊസാംബിക് | ടണ്ണിന് 1515 ഡോളർ |
| ഘാന-1 | ടണ്ണിന് 1445 ഡോളർ |
| ഘാന-2 | ടണ്ണിന് 1392 ഡോളർ |
| ഘാന-3 | ടണ്ണിന് 1044 ഡോളർ |
| ഗിനി-ബിസ്സാവു | ടണ്ണിന് 1523 ഡോളർ |

(സി) കേരള കാഷ്യൂ ബോർഡ് സംസ്ഥാനത്തിനകത്തുനിന്നുള്ള ഏജൻസികളിൽനിന്നും തോട്ടണ്ടി സംഭരിച്ചിട്ടില്ല.

(ഡി) കേരള കാഷ്യൂ ബോർഡ് ആഭ്യന്തര മാർക്കറ്റിൽനിന്നും തോട്ടണ്ടി സംഭരിക്കാൻ തീരുമാനമെടുത്തിട്ടില്ല.

ഈ വർഷം കാഷ്യൂ സ്പെഷ്യൽ ഓഫീസ് മുഖേന സൊസൈറ്റികൾ വഴി (കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കർഷകരിൽനിന്നും നാടൻ പച്ച തോട്ടണ്ടി സംഭരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലെ പ്രധാനമായും ആറളം, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവിടങ്ങളിലെ മുഴുവൻ തോട്ടണ്ടിയും പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും സംഭരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഈ വർഷത്തെ കശുവണ്ടി സീസൺ തുടക്കമായിട്ടേയുള്ളൂ. എത്ര സംഭരിക്കാൻ കഴിയുമെന്ന് വിലയിരുത്താറായിട്ടില്ല.

(ഇ) നാടൻ തോട്ടണ്ടിയുടെ വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 25-2-2020-ന് കൂടുകയുണ്ടായി. തോട്ടണ്ടിയുടെ വരവ് ഇപ്പോൾ വളരെ കുറവായതിനാൽ ഇപ്പോൾ വില നിശ്ചയിക്കുന്നത് വളരെ നേരത്തെ ആകുമെന്നതിനാൽ കമ്പോള നിലവാരം പരിശോധിച്ച് മാർച്ച് 15-നകമുള്ള അടുത്ത യോഗത്തിൽ വിലനിർണ്ണയിക്കാമെന്ന തീരുമാനമെടുക്കുകയാണുണ്ടായത്.

## ദേശീയപാത വികസനത്തിനുള്ള ഭൂമിയേറ്റെടുക്കൽ നടപടി

27(*117) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത ആറുവരിയാക്കുന്നതിന് വേണ്ടിയുള്ള ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുകയുടെ വിതരണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഭൂമിയേറ്റെടുക്കലിന്റെ തുകയുമായി ബന്ധപ്പെട്ട സംസ്ഥാന വിഹിതം കളക്ടർമാർക്ക് നൽകിയിട്ടുണ്ടോയെന്നും കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) ചേർത്തല-കഴക്കൂട്ടം ദേശീയ പാതയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ദേശീയപാത 6 വരിയാക്കുന്നതിന്റെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുകയുടെ വിതരണം പൂർത്തിയായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതനുസരിച്ച് നഷ്ടപരിഹാരത്തുകയുടെ വിതരണം നടന്നുവരുന്നു.

(സി) ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച് 8-8-2019-ലെ സ.ഉ. (കൈ) 36/2016/പൊ.മ.വ. പ്രകാരം ഉത്തരവായതിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, ദേശീയപാത അതോറിറ്റി എന്നിവർ ചേർന്ന് 3-10-2019-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരത്തുക കൈമാറുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കിഫ്ബി വഴി ആദ്യഗഡു ഫണ്ട് പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. NHAI-യുടെ പ്രൊപ്പോസൽ ലഭിച്ചാലുടൻ പണം കൈമാറാവുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂമിയെടുപ്പിന്റെ വില കൃത്യമായി കണക്കാക്കിയതിനുശേഷം CALA ഓഫീസർമാർക്ക് 75% NHAI-യും 25% സംസ്ഥാന സർക്കാരും നൽകാമെന്നാണ് ധാരണയായിട്ടുള്ളത്. തുക കണക്കാക്കി അറിയിക്കുന്നതനുസരിച്ച് പണം കൈമാറാവുന്നതാണ്.

(ഡി) ചേർത്തല കഴക്കൂട്ടം ദേശീയപാതയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

## കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള റോഡ് നിർമ്മാണം

28(*118) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള റോഡ് നിർമ്മാണങ്ങളിൽ ആധുനിക നിർമ്മാണ രീതികൾ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റോഡ് നിർമ്മാണങ്ങളിൽ ഏതൊക്കെ പുതിയ രീതികളാണ് നടപ്പിലാക്കുകയെന്ന് അറിയിക്കാമോ;

(സി) ഇതിനകം പുതിയ നിർമ്മാണ രീതി ഉപയോഗിച്ച് സംസ്ഥാനത്ത് ഏതെങ്കിലും റോഡ് നിർമ്മിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം.&ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റ് പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോടെക്സ്റ്റൈൽ, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി. ഏറ്റെടുത്ത് നടപ്പിലാക്കുന്ന പുനർനിർമ്മാണത്തിൽ പ്രളയ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ ആധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പുനർനിർമ്മാണത്തിനാവശ്യമായ വിശദമായ പദ്ധതി രൂപരേഖയാണ് കൺസൾട്ടൻസി മുഖാന്തരം തയ്യാറാക്കിവരുന്നത്. പ്രസ്തുത പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രളയം നിമിത്തം തകർന്ന റോഡുകളിൽ വസ്തുതകളുടെയും ആയതിന്റെ കാരണങ്ങളും വിശദമായി അപഗ്രഥിച്ച് അത്തരം നാശനഷ്ടങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന ആധുനിക നിർമ്മാണ രീതികൾ സാഹചര്യങ്ങൾക്കനുസൃതമായി ഉൾപ്പെടുത്തുന്നതിന് കൺസൾട്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- Geo-cells & Cellular Confinement Systems in Pavement construction
- Soil nailing techniques in construction
- Cold recycling in pavement construction
- Full Depth Reclamation Confinement Systems
- Micro Surfacing
- Permeable pavement construction
- Segmental Block Reinforced Earthern Wall using Geo-grids
- Construction of Pre-Stressed Precast Concrete Paneled pavements
- Hydro seeding
- Ultra-Thin White Topping

(സി) പത്തനംതിട്ട ഡിവിഷന്റെ പരിധിയിലുള്ളതും അടൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ കിഫ്ബി പ്രവൃത്തിയായ ആനയടി-പഴകുളം-കുരമ്പാല-കീരുകുഴി-ചന്ദനപ്പള്ളി-കൂടൽ റോഡ് 5.9 കിലോമീറ്റർ ദൂരം പൈലറ്റ് പ്രോജക്ടായി നൂതന ജർമ്മൻ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ദേശീയപാതയിൽ

പുറക്കാട്-പാതിരപ്പള്ളി ഭാഗം ജർമ്മൻ സാങ്കേതികവിദ്യയായ മില്ലിംഗ് രീതിയിൽ നിലവിലുള്ള റോഡ് പ്രതലം പൊളിച്ചെടുത്ത് പുനരുപയോഗിച്ചുള്ള റോഡ് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇപ്പോൾ അരൂർ-ചേർത്തല റീച്ചിലും ഇതേ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മാണം നടക്കുകയാണ്.

(ഡി) പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. കൂടാതെ പ്രൈസ് സോഫ്റ്റ്‌വെയറിലും പുതിയ സാങ്കേതികവിദ്യ പ്രായോഗികമാക്കുന്നതിനുള്ള ഡാറ്റ, റേറ്റ്സ് എന്നിവ തയ്യാറാക്കി അംഗീകരിച്ച് ഉൾപ്പെടുത്തേണ്ടതുണ്ട്.

## പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടം

29(*119) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളെ അടിസ്ഥാന സൗകര്യ രംഗത്ത് ലോകോത്തരമാക്കുകയും ഒപ്പം അക്കാദമിക രംഗത്തെ കാര്യക്ഷമമായ ഇടപെടൽ വഴി വൈജ്ഞാനിക രംഗത്ത് മികവ് കൈവരിക്കുകയും ചെയ്യുന്നതിനുള്ള ഈ സർക്കാരിന്റെ യത്നം യജ്ഞമായി മാറിയതിനെ തുടർന്ന് പൊതു വിദ്യാഭ്യാസത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലെത്തി ഒന്നാം സ്ഥാനം കരസ്ഥമാക്കാനായിട്ടുണ്ടോ;

(ബി) അക്കാദമിക മികവ് കൈവരിക്കുമ്പോൾ എല്ലാവരെയും ഉൾച്ചേർക്കുന്നതിന്റെ ഭാഗമായി വ്യക്തിപരവും കുടുംബപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെക്കൂടി മുൻപന്തിയിലേക്കെത്തിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) സംസ്ഥാനം കൈവരിച്ച നേട്ടത്തിന്റെ അംഗീകാരമെന്നവണ്ണം ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യത്തെ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. 2019 സെപ്റ്റംബർ 30-ന് നീതി ആയോഗ്

പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. അക്കാദമിക കാര്യങ്ങൾക്ക് പരിഗണിച്ചിരിക്കുന്നത് 2017-18-ൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേ ആണ്. കൂടാതെ 2017-18-ൽ മാനവ വിഭവശേഷി വികസന മന്ത്രാലയം തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

(ബി) പല കാരണങ്ങളാൽ പഠന പ്രയാസം അനുഭവിക്കുന്നവരേയും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെയും കൂടി മുൻപന്തിയിൽ എത്തിക്കുന്നതിന് നിരവധി പഠനപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കുന്നതിനായി ശ്രദ്ധ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഉല്ലാസ ഗണിതം, ഗണിതോത്സവം, ഗണിതവിജയം, കുഞ്ഞുവായന, ശാസ്ത്രപാർക്ക്, ശാസ്ത്രകൗതുകം, ശാസ്ത്രപഥം, വായനാകാർഡുകൾ, ഭൂമിശാസ്ത്ര ലാബ്, എൽ.ഇ.പി. ഇംഗ്ലീഷ്, പഠനോത്സവം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നൂതന ആശയ പ്രവർത്തനങ്ങളുടെ ഭാഗമായി ചരിത്ര ചുമരുകൾ, സർഗ്ഗ വിദ്യാലയം, ജ്വാല, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രം, ശാലസിദ്ധി, ഇക്കോക്ലബ്ബ് എന്നിവയും നടപ്പിലാക്കിവരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, തെറാപ്പി സേവനങ്ങൾ, ഓട്ടിസം സെന്റർ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, റിസോഴ്സ് അദ്ധ്യാപകരുടെ ശാക്തീകരണം, പഠന സഹായ വസ്തുക്കളുടെ നിർമ്മാണം, കാഴ്ച പരിമിതിയുള്ളവരുടെ പഠനസഹായ വസ്തുക്കളുടെ നിർമ്മാണം, പരിശീലന സാമഗ്രികൾ രൂപപ്പെടുത്തൽ, ചങ്ങാതിക്കൂട്ടം, ജൈവവൈവിദ്ധ്യ ഉദ്യാനം, ഐഡിയൽ ലാബ്, രക്ഷാകർത്തൃ ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഒന്നാം ക്ലാസ്സിലെ ശ്രവണ പരിമിതികളുള്ള കുട്ടികൾക്കുവേണ്ടി പാഠപുസ്തകവും അതിന്റെ അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുണ്ട്.

(സി) കേരളം കൈവരിച്ച നേട്ടത്തിന്റെ അംഗീകാരമായി ലോക ബാങ്ക് സഹായത്തോടെയുള്ള 'സ്റ്റാഴ്സ്' പദ്ധതി ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റാഴ്സ് പദ്ധതി അനുസരിച്ച് ചുവടെപ്പറയുന്ന മേഖലകളിലാണ് സഹായം ലഭ്യമാകുന്നത്.

1. പ്രീ-സ്കൂൾ ശാക്തീകരണവും നവീകരണവും
2. പഠന വിലയിരുത്തൽ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ

3. അദ്ധ്യാപകർക്കും പ്രഥമാദ്ധ്യാപകർക്കും ശാക്തീകരണ പരിപാടികൾ
4. വൊക്കേഷണൽ വിദ്യാഭ്യാസത്തിനുള്ള സഹായം
5. അദ്ധ്യാപക പരിവർത്തനത്തിലൂടെയും വിദ്യാലയ നേതൃത്വത്തിലൂടെയും ക്ലാസ് മുറികളിലെ ആശയവിനിമയം ശക്തിപ്പെടുത്തൽ
6. വിദ്യാഭ്യാസ നിർവ്വഹണവും ആസൂത്രണവും ശാക്തീകരിക്കൽ

ലോക ബാങ്ക് പദ്ധതി ബഡ്ജറ്റ് പ്രകാരം കേരളത്തിന് കേന്ദ്രവിഹിതമായി അഞ്ച് വർഷത്തേയ്ക്ക് 571.98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി അഞ്ച് വർഷത്തേയ്ക്കായി 381.32 കോടി രൂപ സംസ്ഥാനം കണ്ടെത്തേണ്ടതുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ പരിശോധന

30(*120) ശ്രീ. ഡി. കെ. മുരളി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവൃത്തികൾ നടക്കുമ്പോൾത്തന്നെ ലാബ് ടെസ്റ്റുകൾ ഉൾപ്പെടെ നടത്തുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ക്വാളിറ്റി മാന്വൽ, ലബോറട്ടറി മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ റീജിയണൽ ലാബുകളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലാബുകൾക്കാവശ്യമായ പരിശോധന

ഉപകരണങ്ങളുടെ 75% ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ലാബിലേയ്ക്കും സൈറ്റിലേയ്ക്ക് പോകുന്നതിനും സാമ്പിൾ ശേഖരിക്കുന്നതിനും ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രവൃത്തികൾ എഗ്രിമെന്റാകുമ്പോൾത്തന്നെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെ അറിയിക്കുന്നതിനും concrete bitumen work തുടങ്ങിയ പ്രധാന പ്രവൃത്തികൾ നടക്കുമ്പോൾ അവ മുൻകൂട്ടി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെ അറിയിക്കുന്നതിനും എക്സിക്യൂഷൻ വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂഷൻ വിഭാഗം അറിയിക്കുന്നതനുസരിച്ച് സൈറ്റിൽ പോയി ഫീൽഡിൽവച്ച് നടത്താവുന്ന പരിശോധനകൾ അവിടെ വച്ച് നടത്തുകയും ലാബ് ടെസ്റ്റുകൾ ആവശ്യമുള്ളവ സാമ്പിൾ ശേഖരിച്ച് ലാബിൽ കൊണ്ടുപോയി പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. പി.ഡബ്ല്യു.ഡി.യിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം random ആയിട്ടാണ് പരിശോധനകൾ നടത്തുന്നത്.

(സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കോൺട്രാക്ടർമാർക്കും എക്സിക്യൂഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ആധുനിക പരിശോധന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാബുകളിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ പി.ഡബ്ല്യു.ഡി. വിജിലൻസ് വിഭാഗത്തിനെയും അതാത് എക്സിക്യൂഷൻ വിഭാഗത്തിനെയും അറിയിക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള 2nd tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേമെന്റ് നടത്താറുള്ളൂ. കൂടാതെ രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാന്റേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുമുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം

1(961) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്ത് നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും അവ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്രത്തിന്റെ മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും വിശദമാക്കാമോ;

(ഇ) എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് പ്രസ്തുത പരിശീലന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായുള്ള സ്ഥിരം സംവിധാനമെന്ന നിലയിൽ കോതമംഗലത്തുനിന്നും 20 കിലോമീറ്റർ അകലെ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് പരിശീലന സെന്ററിന്റെ പണി പുരോഗമിക്കുന്നു. ഇതിന്റെ ഒന്നാംഘട്ടമായി 3553 ച.മീ. വിസ്തീർണ്ണത്തിൽ 448 ലക്ഷം രൂപ ചെലവിൽ സെല്ലാർ, താഴത്തെനില, ഒന്നാംനില എന്നിവ 2-7-2013-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ടമായി നിലവിലുള്ള കെട്ടിടത്തിന് മുകളിൽ 1276 ച.മീ. വിസ്തീർണ്ണത്തിൽ രണ്ടാംനിലയും ഒന്നാംഘട്ടത്തിന്റെ പൂർത്തീകരണ ജോലികളുൾപ്പെടെ 700 ലക്ഷം രൂപ മുടക്കി 5-6-2015-ൽ പണി ആരംഭിക്കുകയും 1-12-2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിൽ ചുറ്റുമതിൽ, ഗേറ്റ്, മുറ്റം, റോഡ് മുതലായവ പേവിങ് ടൈൽസ് വിരിക്കൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ കോമ്പൗണ്ടിനുള്ളിൽത്തന്നെ 276 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും 185 ച.മീ. വിസ്തീർണ്ണത്തിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ഓഫീസിന്റെയും കെട്ടിടങ്ങൾ 58 ലക്ഷം രൂപ മുടക്കി 11-3-2015-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളും പൂർത്തീകരിച്ച ഇവിടെ ലബോറട്ടറി ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26-2-2016-ൽ ആരംഭിക്കുകയും 17-12-2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3033 ച.മീ. വിസ്തീർണ്ണത്തിൽ മൂന്ന് നിലകളിലായി 44 മുറികളും 3 സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പൈൽ ഫൗണ്ടേഷൻ

വേണ്ടിവന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. മൂന്നാംഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 434.91 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഈ വർക്ക് പി.ഡബ്ല്യൂ.ഡി. സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്ത് പണികൾ നടന്നുകൊണ്ടിരിക്കുന്നു. മൂന്നാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകൾ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി യൂട്ടിലിറ്റി സപ്ലൈ ചെയ്യുന്നതിനായുള്ള എഗ്രിമെന്റ് വച്ച് പണി നടക്കുന്നു. ട്രെയിനിംഗ് സെന്ററിന്റെയും റസ്റ്റ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ 2020 ഡിസംബറോടെ പൂർത്തീകരിക്കും. ഭരണാനുമതി ലഭിച്ച ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് അഡീഷണൽ വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

നാലാംഘട്ടമായി ഈ കോംപ്ലക്സിനകത്തുതന്നെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കൺവെൻഷൻ സെന്ററിനായുള്ള A/R ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിംഗിലേയ്ക്ക് നൽകിയിട്ടുള്ളതാണ്. കൂടാതെ ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാഫ് ക്വാർട്ടേഴ്സിനായുള്ള A/R ഡ്രോയിംഗ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ ജോലികളും പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 26-2-2016-ൽ ആരംഭിക്കുകയും 17-12-2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3033 ച.മീ. വിസ്തീർണ്ണത്തിൽ മൂന്ന് നിലകളിലായി 44 മുറികളും 3 സ്യൂട്ടുകളും ഉൾപ്പെടെയുള്ള റസ്റ്റ് ഹൗസിന്റെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പൈൽ ഫൗണ്ടേഷൻ വേണ്ടിവന്നതിനാൽ മുഴുവൻ പണികളും ലഭ്യമായ ഫണ്ടിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മൂന്നാംഘട്ടത്തിന്റെ ബാലൻസ് വർക്കുകൾക്കായി 434.91 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഈ വർക്ക് പി.ഡബ്ല്യൂ.ഡി. സെൻട്രൽ സർക്കിൾ ഓഫീസിൽ ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നുവരികയാണ്. മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന 85 ലക്ഷം രൂപയുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ബാലൻസ് വർക്കുകളിൽ ഉൾപ്പെടുത്തി 111 ലക്ഷം രൂപയുടെ ടെണ്ടർ നടത്തി ബാക്കി ഫർണിച്ചർ ചെയ്യുന്നതിനായുള്ള ജോലി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 17-12-2018-ൽ പൂർത്തീകരിച്ചു. ഇതിൽ 620 ലക്ഷം രൂപയുടെ സിവിൽ വർക്കിൽ, 2 സെല്ലാറുകളും ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്ന് നിലകളുടെ സ്ട്രക്ചറൽ വർക്ക് (1854 ചതുരശ്ര മീറ്റർ), ഗ്രൗണ്ട് ഫ്ലോറിലെ 12 മുറികളും, ഇലക്ട്രിക്കൽ റൂം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ലോബികൾ എന്നിവയുടെ പൂർത്തീകരണവും കഴിഞ്ഞിട്ടുണ്ട്. ഫെയ്സ് 3 വർക്കിൽ ഫർണിച്ചറിന് 2.9 കോടി രൂപയുടെ ഭരണാനുമതി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 85.65 ലക്ഷം രൂപയുടെള്ള ഫർണിച്ചർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 111.24 ലക്ഷം രൂപയുടെ ഫർണിച്ചർ വർക്കുകൾ പൂർത്തീകരിക്കുന്നു. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചു.

ഫെയ്സ് 3 (ബാലൻസ് വർക്കിന്) 434.91 ലക്ഷം രൂപയുടെ ഭരണാനുമതി 3-1-2019-ൽ നൽകി പണികൾ ആരംഭിച്ചു. ഇതിൽ റസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണവും (1779 ചതുരശ്ര മീറ്റർ), 2 സെല്ലാറുകളുടെ പൂർത്തീകരണവും ഇലക്ട്രിക്കൽ വർക്കുകളും പൂർത്തീകരിച്ചു.

(ഇ) ട്രെയിനിംഗ് സെന്ററിന്റെയും റസ്റ്റ് ഹൗസിന്റെയും സിവിൽ പ്രവൃത്തികൾ ഡിസംബർ 2020-ൽ പൂർത്തീകരിക്കും. കോൺഫറൻസ് ഹാളുകൾക്കുവേണ്ട കമ്പ്യൂട്ടറുകൾ, സൗണ്ട് സിസ്റ്റം, സി.സി.ടി.വി. മുതലായവയ്ക്കുവേണ്ടി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇലക്ട്രോണിക്സ് വിംഗും എ.സി., അഡീഷണൽ ഇലക്ട്രിക് വേലകൾ, ട്രാൻസ്ഫോർമർ ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇലക്ട്രിക് വിംഗും തയ്യാറാക്കിവരുന്നു. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഡിസ്കൗണ്ടിംഗ് സമ്പ്രദായം

2(962) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വകയിൽ നാളിതുവരെ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള തുക എത്രയാണെന്നും ഇത് കുടിശ്ശികയായത് എന്ന് മുതലാണെന്നും വ്യക്തമാക്കാമോ;

(ബി) ഡിസ്കൗണ്ടിംഗ് രീതി നിലവിൽ വന്നതിന് ശേഷം ഈ സൗകര്യം എത്ര ശതമാനം കരാറുകാരാണ് വിനിയോഗിച്ചിട്ടുള്ളതെന്നും ഇതുവഴി കരാറുകാർക്ക് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതുവഴി സർക്കാരിന് അധിക ചെലവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഏത് ഇനത്തിലാണെന്നും എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2019 മുതൽ 31-12-2019 വരെ കുടിശ്ശികയായി 1258.40 കോടി രൂപ കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 1-4-2019 മുതൽ 31-10-2019 വരെയുള്ള കുടിശ്ശികയായി 300,14,61,000 രൂപ കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ദേശീയപാത വിഭാഗത്തിൽ നാളിതുവരെ 30,21,09,383 രൂപ കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്.

(ബി) പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽ മൂവാറ്റുപുഴ ഡിവിഷനിൽ നിന്നും ബി.ഡി.എസ്. മുഖാന്തരം 84,05,492 രൂപയും കൊടുങ്ങല്ലൂർ ഡിവിഷനിൽ നിന്നും 29,55,450 രൂപയും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 75 ശതമാനത്തോളം കരാറുകാരും കെട്ടിട വിഭാഗത്തിൽ 73 ശതമാനത്തോളം കരാറുകാരും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഉപയോഗിക്കുന്നുണ്ട്. കരാറുകാർക്ക് ബി.ഡി.എസ്. വഴി ലഭിച്ച തുക അഡ്ജസ്റ്റ് ചെയ്യുന്നത് ധനകാര്യ വകുപ്പിൽനിന്നുമാണ്.

(സി) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതുവഴി ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജിനത്തിൽ സർക്കാരിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 5% പലിശ ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നൽകേണ്ടതാണ്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 3054-80-800-87-N-V എന്ന ശീർഷകത്തിലുള്ള ഈ ഇനത്തിലെ ചെലവ് താഴെപ്പറയുന്നു :

| | | |
|---|---|---|
| 2017-18 | - | 1090.84 ലക്ഷം രൂപ |
| 2018-19 | - | 630.16 ലക്ഷം രൂപ |
| 2019-20 | - | 431.01 ലക്ഷം രൂപ (31-1-2020 വരെ) |

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2059-80-800-93-N-V എന്ന ശീർഷകത്തിലുള്ള ഈ ഇനത്തിലെ ചെലവ് താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| 2017-18 | - | 434.05 ലക്ഷം രൂപ |
| 2018-19 | - | 214.15 ലക്ഷം രൂപ |
| 2019-20 | - | 227.14 ലക്ഷം രൂപ (29-2-2020 വരെ) |

## പ്രവൃത്തികൾ ടെണ്ടർ നടപടികളില്ലാതെ യു.എൽ.സി.സി.എസ്.-നെ ഏൽപ്പിച്ചത് സംബന്ധിച്ച്

3(963) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് കെട്ടിടവിഭാഗം പ്രവൃത്തികൾ, എം.എൽ.എ. എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ എന്നിവ ടെണ്ടർ നടപടികളില്ലാതെ അക്രെഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്.-നെ നേരിട്ട് ഏൽപ്പിക്കാൻ പാടില്ല എന്ന ഹൈക്കോടതി വിധി നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിധിയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഏതെങ്കിലും സർക്കുലർ/ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഹൈക്കോടതി വിധി വന്ന തീയതിക്ക് മുമ്പ് ഭരണാനുമതി ലഭിച്ചതും നേരിട്ട് യു.എൽ.സി.സി.എസ്.-നെ ഏൽപ്പിച്ചതുമായ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകൽ, എഗ്രിമെന്റ് വയ്ക്കൽ എന്നിവ ഈ വിധിയുടെ അടിസ്ഥാനത്തിൽ തുടരാനാവുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അക്രെഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്.-ന് ടെണ്ടറില്ലാതെ വർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത WP(c) No.9560 of 2018 എന്ന റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് 3-10-2019-ൽ നിലവിൽ വന്നിട്ടുണ്ട്. ഈ ഇടക്കാല ഉത്തരവുപ്രകാരം യു.എൽ. സി.സി.എസ്.-ന് ടെണ്ടർ നടപടി കൂടാതെ പ്രവൃത്തി നൽകുന്നത് തടഞ്ഞിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) നിലവിലില്ല.

(സി) വിധിക്കുമുമ്പുള്ള പ്രവൃത്തികൾക്ക് ബാധകമല്ല.

## പി.ഡബ്ല്യൂ.ഡി.യിലെ ക്രമക്കേടുകളിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

4 (964) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി.യിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിൻസന്റ് എം. പോൾ നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. *

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സിസ്റ്റം സ്റ്റഡി റിപ്പോർട്ട് ലഭിച്ചതെങ്കിലും ആ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

<u>ഹ്രസ്വകാല നടപടികൾ</u>

1. പ്രൈസ് സോഫ്റ്റ്‌വെയർ രണ്ടാംഘട്ടം നടപ്പാക്കി. ഇ-എം ബുക്ക്, ഇ-ബിൽ എന്നിവ നടപ്പാക്കിവരുന്നു.
2. 'പുതിയകാലം-പുതിയ നിർമ്മാണം' എന്ന ആശയം നടപ്പിലാക്കി. പരിസ്ഥിതി സൗഹൃദവും സൗന്ദര്യാത്മകവുമായ നിർമ്മാണരീതികൾക്ക് ആരംഭംകുറിച്ചു. കേരളത്തിൽ Typical Plan അനുസരിച്ചുള്ള കെട്ടിടങ്ങളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.
3. പൊതുമരാമത്ത് മാന്വൽ പ്രകാരമാണ് കരാർ പ്രവൃത്തികൾ നടപ്പാക്കുന്നത്.
4. പ്രവൃത്തികളുടെ ഗുണനിലവാരം രേഖപ്പെടുത്തുന്നതിനുള്ള എല്ലാ മാൻഡേറ്ററി ടെസ്റ്റുകളും നടത്തുന്നതിനും ടെസ്റ്റ് റിപ്പോർട്ട് അനുസരിച്ച് ബിൽ അനുവദിക്കുന്ന സമ്പ്രദായവും കർശനമാക്കി.
5. പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പാക്കിയതിന്റെ ഭാഗമായി പ്രവൃത്തിയുടെ പുരോഗതികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
6. ജീവനക്കാരുടെ സ്ഥലംമാറ്റം അഴിമതി വിമുക്തമാക്കി. മാനദണ്ഡങ്ങൾ നടപ്പിലാക്കി.
7. പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.
8. എസ്റ്റിമേറ്റ് പരിഷ്കരണം പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധത്തിൽത്തന്നെ കർശനമായി നടപ്പാക്കിവരുന്നു.
9. റോഡുകൾ കുഴിച്ച് റെസ്റ്റോർ ചെയ്യുന്ന പ്രവൃത്തികളെല്ലാം നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ച് നിയന്ത്രിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10. പൊതുമരാമത്ത് വകുപ്പ് വാങ്ങി നൽകുന്ന ബിറ്റുമിൻ അംഗീകരിച്ച ഷെഡ്യൂൾ പ്രകാരം ചെയ്യുന്നതും നൽകുന്ന ബിറ്റുമിന്റെ അളവുകൾ കർശനമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതും ഉറപ്പുവരുത്തി.

ഇടക്കാല-ദീർഘകാല നടപടികൾ

1. പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരമുള്ള ഉത്തരവാദിത്വമാണ് ഓവർസിയർമാർ നിർവ്വഹിക്കുന്നത്.

2. കരാറുകാരുടെ രജിസ്ട്രേഷനും പുതുക്കലും കർശനമാക്കി.

3. കോൺട്രാക്ടർമാരുടെ ലൈസൻസ് എടുക്കലും പുതുക്കലും അവരുടെ പെർഫോമൻസും ധനകാര്യസ്ഥിതിയും സർക്കാർ ഉത്തരവുകളും മാന്വലും നിഷ്കർഷിക്കുന്ന രീതിയിൽ ഉറപ്പുവരുത്തി.

4. 15 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിലെ എൻവയോൺമെന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് EIA പഠനം നടത്തിയിട്ടാണ് ചെയ്തുവരുന്നത്.

5. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗും ഇൻസർവ്വീസ് ട്രെയിനിംഗും നൽകിവരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും ഓറിയന്റേഷൻ ട്രെയിനിംഗും നൽകുന്നു.

6. നിലവിൽ പി.ഡബ്ല്യു.ഡി.-ൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും CPWD, MoRTH ഡാറ്റയും സ്പെസിഫിക്കേഷനും തന്നെയാണ് ഉപയോഗിച്ചു വരുന്നത്.

7. റീസൈക്ലിംഗ് അടക്കമുള്ള പുതിയ രീതികളും ആധുനിക യന്ത്രങ്ങളും പുത്തൻ സാങ്കേതികവിദ്യകളും ഉപയോഗിച്ചുള്ള നിർമ്മാണരീതികൾ ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കി.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം**

5(965) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ച കർശന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി രണ്ട് കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഒന്നാംതരം ഗുണനിലവാര പരിശോധന ചെയ്യുന്നതിന് സൈറ്റിൽത്തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാംതരം ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. കൂടാതെ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകവഴി അഴിമതിയും ക്രമക്കേടുകളും ഒരുപരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാൻ പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗങ്ങളായുള്ള ജില്ലാതല സോഷ്യൽ ആഡിറ്റ് സമിതി മുമ്പാകെ റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. താഴെത്തട്ടിലുള്ള ഓഫീസ് മുതൽ മന്ത്രി ഓഫീസ് വരെ നേരിട്ട് പരാതി സമർപ്പിക്കാനും അവസരമുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ ക്രമക്കേടുകൾ

6(966) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിലെ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്നതായി ആക്ഷേപമുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 2011-16 സർക്കാർ കാലയളവിൽ പൊതുമരാമത്ത് പ്രവൃത്തികളിലെ വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും ആയതിന്റെ ഭാഗമായി 643 ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരേ വ്യക്തികൾതന്നെ നിരവധി ക്രമക്കേടുകളിൽ ഉൾപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്. അച്ചടക്ക നടപടി സ്വീകരിച്ചിരുന്ന സമയത്ത് 576 പേർ സർവ്വീസിലുണ്ടായിരിക്കുകയും 67 പേർ വിരമിക്കുകയും ചെയ്തിരുന്നു. വിരമിച്ച ജീവനക്കാരിൽ 38 പേർക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കുകയും 23 പേരിൽനിന്നും നിശ്ചിത തുക പെൻഷനിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 6 പേർക്കെതിരായ വിജിലൻസ് കേസ്സുകളിൽ നടപടി പൂർത്തിയായിട്ടില്ല.

## പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മിനിമം ഗ്യാരന്റി കാലം

7(967) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും കെട്ടിടങ്ങൾക്കും അഞ്ച് വർഷം മിനിമം ഗ്യാരന്റി നൽകണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഗ്യാരന്റി പിരീഡിൽ പ്രസ്തുത പാലങ്ങൾക്കും കെട്ടിടങ്ങൾക്കും എന്തെങ്കിലും കേടുപാടുണ്ടായാൽ നഷ്ടപരിഹാരം കരാറുകാരിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റ് നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്ക് ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 25-11-2019-ലെ ജി.ഒ.(പി)നമ്പർ 161/2019/ധന. പ്രകാരം പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മിനിമം ഗ്യാരന്റി പിരീഡ് 5 വർഷമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഒരു പദ്ധതി ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിൽ തകരാറിലായാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. കരാറുകാരൻ തകരാർ പരിഹരിക്കുന്നതിന് വീഴ്ച വരുത്തിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും പിഴ ഈടാക്കാൻ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വ്യവസ്ഥയുണ്ട്.

(സി) വിവിധ മരാമത്ത് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പിരീഡ് 25-11-2019-ലെ ജി.ഒ.(പി)നമ്പർ 161/2019/ധന. പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ.പി.സി. മോഡിലാണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡും ഫ്ലെക്സിബിൾ പേമെന്റിൽ നിർമ്മിക്കുകയോ സ്ട്രെംഗ്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡുമുണ്ട്. പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാൻഡ് എലോണായി നിർമ്മിക്കുന്ന പാലങ്ങൾക്കും 10 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡുണ്ട്. മറ്റ് പ്രവൃത്തികൾക്ക് 40 എം.എം.-ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡും അതിൽ കുറവ് കനമുള്ളവയ്ക്ക് ഒരു വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പിരീഡ്.

**റോഡ് നിർമ്മാണ രീതികൾ**

8(968) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുമായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യയും നിർമ്മാണ സാമഗ്രികളുമാണ് പരീക്ഷിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ പ്രത്യേകതയ്ക്കും ഏതുതരം നിർമ്മാണ രീതിയാണ് കൂടുതൽ അഭികാമ്യമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം.&ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോടെക്സ്റ്റൈൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവൃത്തികൾ 15 മുതൽ 20 വർഷംവരെ ഈടുനിൽക്കുന്നവയാണ്. ടി രീതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ബി.സി. ഉപരിതലം കൂടുതൽ കാലം ഈടുനിൽക്കുന്നതാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്.

(ബി) വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി അതിനനുസൃതമായ ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ RKI വഴി സ്വീകരിച്ചുവരുന്നുണ്ട്.

## ബി.എം.&ബി.സി. നിലവാരത്തിൽ റോഡ് പുനരുദ്ധാരണം

9(969) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയതിൽ എത്ര കിലോമീറ്റർ റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ റോഡിന്റെ പുനരുദ്ധാരണം ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്തതും ചെയ്യാനായി ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ സാധിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തെ ദേശീയപാതകളെല്ലാം ബി.എം.&ബി.സി. നിലവാരത്തിലുള്ളതാണ്. സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ എന്നിവ ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളെല്ലാംതന്നെ ബി.എം.&ബി.സി. നിലവാരത്തിലാണ് പുനരുദ്ധരിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളെല്ലാംതന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പുരോഗമിച്ചു വരികയാണ്. പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ഭരണാനുമതി ലഭിച്ചത് | | പൂർത്തീകരിച്ചത് | | പൂർത്തീകരിക്കാനുള്ളത് | |
|---|---|---|---|---|---|---|
| | നമ്പർ | നീളം | നമ്പർ | നീളം | നമ്പർ | നീളം |
| 2016-17 | 29 | 409.3 | 23 | 315.3 | 6 | 94 |
| 2017-18 | 17 | 213.4 | 7 | 80.40 | 10 | 133 |
| 2018-19 | 54 | 702.7 | 2 | 21.00 | 52 | 681.7 |

മേൽപട്ടികയിൽ 2016-17-ലേയും 2017-18-ലേയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളെല്ലാംതന്നെ 75 ശതമാനത്തിന് മുകളിൽ പുരോഗമിച്ചിട്ടുള്ളതാണ്. 2018-19-ൽ അനുമതി ലഭിച്ചതിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി 22.251 കിലോമീറ്റർ ബി.എം.&ബി.സി.-യും 8.5 കിലോമീറ്റർ ബി.സി.-യും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ബാക്കിയുള്ള 12 കിലോമീറ്റർ റോഡിന്റെ ബി.എം.&ബി.സി. ഓവർലേയും ആലപ്പുഴയിൽ 27.787 കിലോമീറ്റർ ബി.എം.&ബി.സി.-യും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മലയോര ഹൈവേ**

10(970) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലയോര ഹൈവേയുടെ പണി പൂർത്തിയാക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; ഇത് പ്രാവർത്തികമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) മലയോര ഹൈവേക്ക് ആകെ എത്ര റീച്ചുകളാണ് ഉള്ളത്; അതിൽ എത്ര റീച്ചുകളുടെ ഡി.പി.ആർ. ഇതിനകം തയ്യാറാക്കി; അതിൽ എത്ര റീച്ചുകളുടെ നിർമ്മാണ പ്രവർത്തനം ഇതിനകം ആരംഭിച്ചു; വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അതിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1267 കിലോമീറ്റർ നീളത്തിൽ 3500 കോടി മതിപ്പ് ചെലവിൽ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. അതനുസരിച്ച് 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്.

മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്കുവേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്ഥലലഭ്യതയ്ക്കനുസരിച്ച് വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. ഇതുവരെ 27 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു (തിരുവനന്തപുരം-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കണ്ണൂർ-1, കാസർഗോഡ്-4). ഇതിൽ 20 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഈ 20 റീച്ചുകൾക്കുമായി 1675.927 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽനിന്ന് സാമ്പത്തി

കാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 513.589 കിലോമീറ്ററാണ്. ഇതിൽ 200.55 കിലോമീറ്റർ വരുന്ന 9 റീച്ചുകളുടെ പ്രവൃത്തി ആരംഭിച്ചു. അംഗീകാരം ലഭിച്ചതും പ്രവൃത്തി തുടങ്ങിയതുമായ റീച്ചുകളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) കിഫ്ബിയിൽനിന്നും മലയോര ഹൈവേയുടെ 9 റീച്ചുകൾക്കായി 1675.927 കോടി രൂപയുടെ സാമ്പത്തികാംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി വിലയിരുത്തി ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് ഇതുവരെയായി 138.33 കോടി രൂപ നൽകിയിട്ടുണ്ട്.

**റോഡിലെ കുഴിയിൽ വീണ് യുവാവ് മരണമടഞ്ഞ സംഭവം**

11(971) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം മെട്രോ സ്റ്റേഷന് സമീപമുള്ള കുഴി മൂടാതെ അത് മറച്ചുവച്ചിരുന്ന ബോർഡിൽ തട്ടി റോഡിലേക്ക് വീണ യദുലാൽ എന്ന യുവാവ് ദാരുണമായി മരണമടഞ്ഞ സംഭവം പൊതുമരാമത്ത് വകുപ്പിന്റെ അനാസ്ഥമൂലം ഉണ്ടായതല്ലേയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ പല റോഡുകളിലും കുഴികൾ കൃത്യമായി മൂടാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾമൂലം കഴിഞ്ഞ വർഷം അനേകം പേരുടെ ജീവൻ നഷ്ടമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കോടതി ഇടപെടുകയും, ബന്ധപ്പെട്ടവർ ജനങ്ങളോട് മാപ്പ് പറയുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണിക്കായി ഒരു ചീഫ് എഞ്ചിനീയർ തസ്തിക തന്നെ സൃഷ്ടിച്ചിട്ടും പൈപ്പ് പൊട്ടി പൊതുനിരത്തിൽ രൂപപ്പെട്ട കുഴി സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി മൂടാതെ നിരുത്തരവാദപരമായി പെരുമാറിയ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാമോ;

(ഡി) യദുലാലിന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടപരിഹാര തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്ന കാര്യം പരിഗണിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) ആലുവ എറണാകുളം റോഡിലെ പാലാരിവട്ടം ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിയതുമൂലമുണ്ടായ കുഴിയിൽ വീണാണ് യദുലാൽ എന്ന യുവാവ് മരിക്കാനിടയായത്. ടി റോഡ് ബി.എം.&ബി.സി. ചെയ്ത് ഉപരിതലം പുതുക്കിയിട്ടുള്ള റോഡാണ്. കുടിവെള്ള പൈപ്പ് ലൈനിലുണ്ടായ ചോർച്ചമൂലം റോഡിന് കേടുപാട് സംഭവിച്ച സ്ഥലത്ത് പൊതുജനങ്ങൾ വച്ച മുന്നറിയിപ്പ് ബോർഡിൽ തട്ടി വീണാണ് അപകടമുണ്ടായത്. പൊതുമരാമത്ത് വകുപ്പിൽനിന്നും മുന്നറിയിപ്പ് ബോർഡ് വയ്ക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്.

(ബി) അപകടത്തിൽ മരിച്ച യദുലാലിന്റെ മാതാപിതാക്കളോട് കേരള ഹൈക്കോടതി ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്ന കാര്യം പരിഗണനയിലാണ്.

(സി) 4 പേരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു. നഷ്ടപരിഹാരത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി നൽകാമോ എന്ന കാര്യവും പരിശോധിച്ചുവരുന്നു.

## സംസ്ഥാന പാതകൾ വികസിപ്പിക്കാൻ പദ്ധതി

12(972) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സംസ്ഥാന പാതകളും രണ്ടുവരി നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) രണ്ടുവരി പാതയാക്കുന്നതിന് എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ;

(സി) പ്രധാനപ്പെട്ട ഏതെങ്കിലും സംസ്ഥാന പാതകൾ നാലുവരി പാതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പാതകൾ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പാതകൾ ഘട്ടംഘട്ടമായി രണ്ടുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബഡ്ജറ്റ്, കിഫ്ബി തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിരത്തുകൾ നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കെ.എസ്.റ്റി.പി. പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെല്ലാംതന്നെ രണ്ടുവരി നിലവാരത്തിലേയ്ക്ക് വികസിപ്പിച്ചാണ് ആവിഷ്കരിക്കുന്നത്. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.), പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.), ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.), ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ.), പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ.), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ.) എന്നിവയാണ് നിലവിൽ കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് രണ്ടുവരിപ്പാതയായി വികസിപ്പിച്ച റോഡുകൾ.

കെ.ആർ.എഫ്.ബി.യുടെ അധീനതയിലുള്ള റോഡുകളിലെ സംസ്ഥാന പാത വെള്ളയമ്പലം-കവടിയാർ-പേരൂർക്കട-വഴയില റോഡ് (4.70 കി.മീ.) ആണ്. ഇതിൽ വെള്ളയമ്പലം-കവടിയാർ റോഡിൽ 500 മീറ്റർ ആറ് വരി പാതയും ബാക്കിവരുന്ന 4.20 കി.മീ. നാലുവരിപ്പാതയായാണ് തിരുവനന്തപുരം നഗരപാത വികസന പദ്ധതി മുഖാന്തരം വികസിപ്പിച്ചിട്ടുള്ളത്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ കീഴിൽ സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന മുതൽ വെള്ളറട വരെ (35.5 കി.മീ.) 13.5 മീറ്റർ വീതിയിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് 15-2-2016-ലെ G.O.(Rt)No. 355/2016/PWD ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ഈ റോഡിന്റെ ഡി.പി.ആർ. എസ്റ്റിമേറ്റ് തുക 225.3 കോടി രൂപയാണ്. 6(1) നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തി കല്ലുകൾ 0 കി.മീ. മുതൽ 35 കി.മീ. വരെ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി&സി) നിരത്ത് വിഭാഗത്തിനുകീഴിൽ നിലവിൽ സംസ്ഥാനപാതകൾ രണ്ടുവരിപ്പാതയാക്കുന്നതിനുള്ള പ്രത്യേക പ്രൊപ്പോസലുകളൊന്നും നിലവിലില്ല. കെ.എസ്.റ്റി.പി. മുഖാന്തരം പുനലൂർ-പൊൻകുന്നം റോഡ് രണ്ടുവരിയായി വികസിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിനാവശ്യമായ സ്ഥലമെടുപ്പ് 99% പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ കീഴിൽ കരമന-വെള്ളറട റോഡ് (35.5 കി.മീ.) അപ്ഗ്രഡേഷൻ

പാക്കേജിൽ ഉൾപ്പെടുന്നതാണ്. അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുന്ന റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. 35.50 കി.മീ. നീളമുള്ള ഈ റോഡ് 13.50 മീറ്റർ വീതിയിൽ ജംഗ്ഷനുകളും ബസ് ബേകളും ഉൾപ്പെടെ വികസിപ്പിക്കുന്നതിലേയ്ക്ക് ഏകദേശം 10.10 ഹെക്ടർ (25 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### റോഡുകൾ കോൺക്രീറ്റിൽ നിർമ്മിക്കാൻ നടപടി

13(973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ കോൺക്രീറ്റിൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ തകരാതിരിക്കുന്നതിനും ദീർഘകാലം ഈടുനിൽക്കുന്നതിനും കോൺക്രീറ്റ് റോഡുകൾ സഹായകരമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബിറ്റുമിൻ റോഡുകളെക്കാൾ കൂടുതൽ കാലം ഈടുനിൽക്കുമെന്നതിനാൽ ഇത്തരം റോഡുനിർമ്മാണം പ്രോത്സാഹിപ്പിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) അനുയോജ്യമായ റോഡുകൾ കോൺക്രീറ്റ് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള കോൺക്രീറ്റ് റോഡ് നിർമ്മാണ രീതികൾ അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) കോൺക്രീറ്റ് റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി നിർമ്മാണ രീതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

### റോഡുകളിലെ കുഴികൾ

14(974) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളിൽ പലതും അപകടകരമായ വിധത്തിൽ കുഴികൾ രൂപപ്പെട്ട് യാത്രക്കാർക്ക് ഭീഷണിയാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2019-ൽ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുന്നതിനും അത് സുരക്ഷിതമാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. തുടങ്ങിയ വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് മുഖേന പൊതുമരാമത്ത് റോഡുകളിൽ കുഴികൾ രൂപപ്പെട്ട് അപകടങ്ങളുണ്ടാകുന്നത് സർക്കാർ ഗൗരവമായി പരിശോധിക്കുകയും 5-1-2018-ലെ സ.ഉ.(സാധാ)നമ്പർ 30/2018/പൊ.മ.വ., 24-8-2018-ലെ സ.ഉ. (സാധാ)നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരവും തുടർന്നും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാൽനട യാത്രക്കാർക്കുള്ള സുരക്ഷ ഉറപ്പു വരുത്തുന്നതിനായി, സ്ഥല ലഭ്യത അനുസരിച്ച് പ്രത്യേക നടപ്പാത പ്രധാന റോഡുകളിൽ നടപ്പാക്കി വരുന്നു. പൊതുമരാമത്ത് നിരത്തുകൾ, ദേശീയപാത ആർ.ബി.ഡി.സി.കെ., കെ.എസ്.റ്റി.പി. വിഭാഗങ്ങൾക്ക് കീഴിൽ റോഡുകളിലെ കുഴികൾ സമയബന്ധിതമായി അടയ്ക്കുന്നതിനും അപകട സാധ്യത ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-ൽ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമില്ല.

**റോഡുകളുടെ അതിർത്തി സംരക്ഷണം**

15(975) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെയും ദേശീയപാതയുടേയും പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറുന്നത് റോഡുകളുടെ തുടർ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതും ഗുരുതരമായ റോഡപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാടിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം കയ്യേറ്റങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഏതൊരാൾക്കും കൃത്യമായി മനസ്സിലാക്കുവാൻ കഴിയും വിധം റോഡുകളുടെ പുറമ്പോക്ക് ഭൂമി സർവ്വേ നടത്തി സർവ്വേ കല്ലുകൾ സ്ഥാപിക്കുന്നതിനും റോഡുകളുടെ അതിർത്തി സംരക്ഷണം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെയും ദേശീയപാതയുടെയും പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറുന്നത് റോഡുകളുടെ തുടർ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതും ഗുരുതരമായ റോഡപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ നടപടി സ്വീകരിക്കാറുണ്ട്. റോഡുകളിലുണ്ടാകുന്ന അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽ പ്പെടുമ്പോൾത്തന്നെ നോട്ടീസ് നൽകി യഥാസമയം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പുറമ്പോക്ക് കൃത്യമായി നിർണ്ണയിക്കുന്നതിനും റോഡുകളിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും റവന്യൂ അധികാരികളുടെ സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ**

16(976) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ വളരെപ്പെട്ടെന്ന് മങ്ങിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിശ്ചിത കാലാവധി ആകുന്നതിനുമുമ്പ് മങ്ങിപ്പോകുന്ന സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കണമെന്ന് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ച കരാറുകാർക്ക് നിർദ്ദേശം നൽകാറുണ്ടോ; എങ്കിൽ നിർദ്ദേശം കരാറുകാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) പൊതുമരാമത്ത് റോഡുകളിലും ദേശീയ പാതകളിലും ഗുണമേന്മയുള്ള സീബ്രാ ലൈനുകൾ വരയ്ക്കുന്നതിനും മങ്ങിയ സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. റോഡുകളിൽ വരയ്ക്കുന്ന സീബ്രാ ലൈനുകൾ മങ്ങിപ്പോകുന്നത് അതാത് പ്രവൃത്തിയുടെ ഡിഫക്റ്റ് ലയബിലിറ്റി പിരീഡിനുള്ളിലുള്ള കാലഘട്ടത്തിലാണെങ്കിൽ കരാറുകാരനെക്കൊണ്ടുതന്നെ പുതുക്കി വരപ്പിക്കാറുണ്ട്.

(സി) സീബ്രാ ലൈനുകളുടെ ഗുണനിലവാരം/പ്രതിഫലനക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന പരിശോധന നടത്തുന്നതിനുള്ള ഉപകരണം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഡിസൈൻ) വിഭാഗത്തിന് നൽകിയിട്ടുണ്ട്. മങ്ങിയ സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനുള്ള പ്രവൃത്തികൾ റോഡ് സുരക്ഷാ പദ്ധതി/പദ്ധതിയേതര ഫണ്ടിലും മറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിലും ഉൾപ്പെടുത്തി കാലാകാലങ്ങളിൽ നടപ്പിലാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ചാണ് (Hot applied thermostatic compound) സീബ്രാ ലൈനുകൾ വരയ്ക്കുന്നത്. ഇത് ഗുണനിലവാരമുള്ളതും കൂടുതൽ കാലം നിലനിൽക്കുന്നതുമാണ്. കാലപ്പഴക്കത്താൽ മാഞ്ഞുപോകുന്ന സീബ്രാ ലൈനുകൾ പുതുക്കി വരയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്.

**തീരദേശ ഹൈവേ, മലയോര ഹൈവേ എന്നിവയുടെ നിർമ്മാണം**

17(977) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ, മലയോര ഹൈവേ എന്നിവയുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; ഇവ ഏതെല്ലാം ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്; വിശദവിവരം നല്കുമോ;

(ബി) ഇവയുടെ പ്രവർത്തനം എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തീരദേശ ഹൈവേ

നിർദ്ദിഷ്ട തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽക്കൂടിയാണ് കടന്നുപോകുന്നത്. വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന

നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതുവരെ 5 റീച്ചുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. (മലപ്പുറം-2, കോഴിക്കോട്-3). ഇതിൽ 2 റീച്ചുകൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങി യതുമായ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയുമടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മലയോര ഹൈവേ

നിർദ്ദിഷ്ട മലയോര ഹൈവേ ആലപ്പുഴ ജില്ല ഒഴികെ കേരളത്തിലെ മറ്റ് 13 ജില്ലകളിൽക്കൂടിയും കടന്നുപോകുന്നുണ്ട്. സ്ഥലലഭ്യതയ്ക്കനുസരിച്ച് വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതുവരെ 27 റീച്ചുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. (തിരുവനന്തപുരം-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കണ്ണൂർ-1, കാസർഗോഡ്-4). ഇതിൽ 20 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങിയതുമായ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## അപകടകാരണമായ ഹമ്പുകളും മാൻഹോളുകളും

18(978) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പല റോഡുകളിലും അശാസ്ത്രീയവും അപകടം വിളിച്ചു വരുത്തുന്നതുമായ രീതിയിലുള്ള ഹമ്പുകളും സ്വീവറേജ് ലൈൻ മാൻ ഹോൾ അടപ്പുകൾ റോഡ് ടാറിംഗിന് ആനുപാതികമായി ഉയർത്താതെ കുഴിയായി രൂപപ്പെട്ടിരിക്കുന്നതുംമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളിൽ ഹമ്പുകളും സ്വീവറേജ് ലൈൻ മാൻഹോൾ അടപ്പുകളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് എന്തെങ്കിലും പ്രത്യേക മാനദണ്ഡങ്ങളുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഡ്രൈവർമാർക്ക് ഹമ്പുകൾ പെട്ടെന്ന് തിരിച്ചറിയുന്ന തരത്തിൽ വ്യക്തമായ അടയാളങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) റോഡ് ടാർ ചെയ്യുമ്പോൾ അതിന് ആനുപാതികമായ ഉയരത്തിൽ സ്വീവറേജ് ലൈൻ മാൻഹോൾ അടപ്പുകൾ ഉയർത്തുന്നതിനും ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് മുഖേന ഹമ്പുകൾ സ്ഥാപിക്കുന്നത് ഐ.ആർ.സി. 99-2018 പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളിൽ ഹമ്പുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ നമ്പർ GL (Tech)CE/R&B/RSW/2018 തീയതി 18-3-2019 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സ്വീവറേജ് ലൈൻ മാൻഹോൾ സ്ഥാപിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് വിഭാഗമാണ്.

(സി) ഡ്രൈവർമാർക്ക് ഹമ്പുകൾ തിരിച്ചറിയുന്നതിനായി ഐ.ആർ.സി. 67-2012 മാനദണ്ഡ പ്രകാരമുള്ള സൈൻബോർഡുകൾ ഐ.ആർ.സി. 35-2015 പ്രകാരമുള്ള മാർക്കിംഗുകൾ എന്നിവ എല്ലാ പദ്ധതികളിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) റോഡ് ടാർ ചെയ്യുമ്പോൾ അതിന് ആനുപാതിക ഉയരത്തിൽ സ്വീവറേജ് ലൈൻ മാൻഹോൾ അടപ്പുകൾ ഉയർത്തുന്നത് വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് വിഭാഗമാണ്. ആയതിനാൽ റോഡ് ടാറിംഗ് കഴിഞ്ഞയുടൻതന്നെ പ്രസ്തുത വകുപ്പിന് തുടർനടപടികൾക്കുള്ള നിർദ്ദേശം നൽകാറുണ്ട്.

**ബഡ്ജറ്റിൽ പ്രൊവിഷൻ അനുവദിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ്**

19(979) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള ഭരണാനുമതി നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൊതുമരാമത്ത് റോഡ്സ് വകുപ്പിന് കീഴിൽ വരുന്ന പരിയാപുരം-അങ്ങാടിപ്പുറം-ഏറാക്കോട്-നിലമ്പൂർ റോഡ് നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ച വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യു.ഡി. പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭരണാനുമതി നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരിക്കുന്ന പദ്ധതികളിൽ സർക്കാരിൽ ലഭ്യമാക്കിയ പ്രവൃത്തികളിൽ നിന്ന് നിയമസഭാ മണ്ഡലത്തിലെ ഒന്ന് (ബന്ധപ്പെട്ട ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) എന്ന മുൻഗണനാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകിവരികയാണ്. അപ്രകാരം ധനകാര്യ വകുപ്പിൽനിന്ന് അനുമതി ലഭിച്ചിട്ടുള്ളവയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകിവരുന്നുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സർക്കാരിലെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമാണ് ഭരണാനുമതി നൽകുന്നത്. അപ്രകാരം അതത് വകുപ്പുകളിൽനിന്നും ഭരണാനുമതി ലഭ്യമായാലുടൻ പൊതുമരാമത്ത് വകുപ്പിൽ തുടർനടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്തതിൻ പ്രകാരം ആനക്കയം-ഒരുവമ്പ്രം ലിങ്ക് റോഡ് (വലിക്കപ്പാട്ട-ചിറ്റത്തുപ്പാറ-പന്തളൂർ റോഡ്) പ്രവൃത്തിക്കാണ് മങ്കട നിയോജകമണ്ഡലത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചത്. ആയതിനാൽ പരിയാപുരം-അങ്ങാടിപ്പുറം-ഏറാക്കോട്-നിലമ്പൂർ റോഡ് പ്രവൃത്തി നിരസിക്കുകയുണ്ടായി.

## പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണം

20(980) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണ സംവിധാനത്തിൽ ഈ സർക്കാർ വന്ന ശേഷം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്കായുള്ള ടാർ വിതരണം പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തിയിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അതുമൂലം ചെറിയ അറ്റകുറ്റപ്പണികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഒരു കോടിക്ക് താഴെയുള്ള പൊതുമരാമത്ത് പണികൾക്കുള്ള ടാറിന്റെ വിതരണ സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഒരു കോടി വരെയുള്ള പ്രവൃത്തികളിൽ ഡിപ്പാർട്ട്മെന്റ് മുഖേന ടാർ നൽകി വന്നിരുന്നു. 20-8-2019-ലെ സ.ഉ.(സാധാ)നമ്പർ 1029/2019/പൊ.മ.വ. പ്രകാരം ഡിപ്പാർട്ട്മെന്റ് ടാർ നൽകുന്ന സംവിധാനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ടാർ വിതരണം ചെയ്യുന്നത് സെയിൽസ് ഇഷ്യു ആയി കണക്കാക്കണമെന്നും നാളിതുവരെ ചെയ്ത സംവിധാനം തെറ്റാണെന്നും പരാമർശിച്ചുകൊണ്ട് സെൻട്രൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം സമൻസ്/നോട്ടീസുകൾ നൽകുകയും വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. ഇന്റലിജൻസ് വിഭാഗത്തിന്റെ കണ്ടെത്തലിൽ ജി.എസ്.ടി. നിലവിൽ വന്നതുമുതൽ നാളിതുവരെ ശരിയായ നടപടിയിലല്ല ടാർ നൽകിയത് എന്ന കാരണം ചുമത്തി ഒരു വൻതുക പിഴയായി ഒടുക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ജി.എസ്.ടി. നിയമങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം ടാർ നൽകാൻ നിലവിൽ പൊതുമരാമത്ത് വകുപ്പിലുള്ള അക്കൗണ്ടിംഗ് സംവിധാനം പര്യാപ്തമല്ല. ആയതിനാൽ ടാർ വിതരണം നിർത്തലാക്കിയിട്ടുണ്ട്.

(സി) ഇതുമൂലം കരാറുകാർ കരാർ ഏറ്റെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14-11-2019-ലെ സ.ഉ.(സാധാ) നമ്പർ 1320/ 2019/ പൊ.മ.വ. പ്രകാരം കരാറുകാർക്ക് പൊതുമേഖല എണ്ണക്കമ്പനികൾക്ക് പുറമെ സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

## നിരത്തുപരിപാലനം മുൻകൂട്ടി ആസൂത്രണം ചെയ്യാൻ പദ്ധതി

21(981) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകൾ സമയബന്ധിതമായി പരിപാലനം ചെയ്യുന്നത് മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള ക്രിയാത്മകമായ പദ്ധതി ആവിഷ്കരിക്കാമോ;

(ബി) മഴക്കാലം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും ടെൻഡർ നടപടികൾ ഇഴഞ്ഞുനീങ്ങുന്ന നിലവിലെ സ്ഥിതിക്ക് ഇതുവഴി പരിഹാരം കാണാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി രൂപീകരിച്ച നിരത്ത് പരിപാലന വിഭാഗത്തെ ഇക്കാര്യത്തിൽ ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകൾ സമയബന്ധിതമായി പരിപാലനം ചെയ്യുന്നത് മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിരത്ത് നിർമ്മാണ പരിപാലന മേഖലയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരുന്ന പ്രധാന പദ്ധതിയാണ് "പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കുക" എന്നത്. കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനം മുഖേന റോഡുകളുടെ അവസ്ഥ, വാഹനസാന്ദ്രത, ഗുണനിലവാരം എന്നിവ തുടർച്ചയായി വിശകലനം ചെയ്ത് റോഡുകളുടെ വാർഷിക പരിപാലന പദ്ധതി (ARMOP) തയ്യാറാക്കുക എന്നതാണ് RMMS-ന്റെ ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വിവിധ സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഹന സാന്ദ്രത കൂടിയതുമായ സംസ്ഥാനപാതകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ ഉൾപ്പെട്ട ഒരു ശൃംഖലയായ കോർ റോഡ് നെറ്റ്‌വർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങളും പുരോഗതിയിലാണ്. ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. കരാർ പ്രകാരം 7 വർഷക്കാലമാണ് നിരത്തുകൾ ഒരു കരാർ പ്രകാരം പരിപാലിക്കാൻ സാധിക്കുക. ഇതിനായി സംസ്ഥാനത്ത് ഒരു കോർ റോഡ് നെറ്റ്‌വർക്ക് (CRN) തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇപ്പോൾ കേരളത്തിലെ റോഡുകളിൽ 98% വരെ കേടുപാടില്ലാതെ പൂർണ്ണ ഗതാഗതയോഗ്യമായിട്ടുണ്ട്. രണ്ട് ശതമാനത്തിന് പലവിധ പ്രവർത്തനങ്ങൾക്കായി പദ്ധതികളുണ്ട്.

(സി) മേൽ സൂചിപ്പിച്ച കാര്യങ്ങളെല്ലാംതന്നെ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗം മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

## പാലങ്ങളുടെ ബലപരിശോധന

22(982) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. കെ. രാജൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ ബലപരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പരിശോധനയിൽ കണ്ടെത്തിയ ബലക്ഷയമുള്ള പാലങ്ങളുടെ വിവരങ്ങളും പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുമോ;

(സി) ഇതിൽ പുനർനിർമ്മാണത്തിനായി ഭരണാനുമതി നൽകിയ പാലങ്ങളുടെ എണ്ണം അറിയിക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്ന ശേഷം പൂർത്തീകരിച്ച പുതിയ പാലങ്ങളുടെ വിവരവും പുനർനിർമ്മാണം പൂർത്തീകരിച്ച പാലങ്ങളുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഏനാത്ത് പാലത്തിന്റെ ബലക്ഷയം കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുള്ള പാലങ്ങളുടെ സർവ്വേ എടുത്തതിൽ ബലക്ഷയമുണ്ടെന്ന് കണ്ടെത്തിയ 162 പാലങ്ങൾക്ക് പുനർനിർമ്മാണം ആവശ്യമാണ്. കഴിഞ്ഞ രണ്ട് പ്രളയത്തിനുശേഷമുള്ള പരിശോധനയിൽ 67 പാലങ്ങൾ കൂടി പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ബലപരിശോധനയിൽ കണ്ടെത്തിയ ബലക്ഷയമുള്ള പാലങ്ങളെല്ലാം പുനർനിർമ്മിക്കേണ്ടവയാണ്. പ്രസ്തുത പാലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* (Reconstruction Original-162, Reconstruction Flood damage-67)

(സി) പുനർനിർമ്മാണത്തിനായി ആകെ 54 പാലങ്ങൾക്ക് ഭരണാനുമതി നൽകി. ഇതുകൂടാതെ KIIFB മുഖേന 73 പാലങ്ങൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പാലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പൂർത്തീകരിച്ച പാലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കരുവഞ്ചാൽ പാലത്തിന്റെ ഭരണാനുമതി

23(983) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിലെ ആലക്കോട്, കരുവഞ്ചാൽ, നുച്യാട് എന്നീ പാലങ്ങളുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) കരുവഞ്ചാൽ പാലത്തിന്റെ ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ആലക്കോട് പാലത്തിന്റെ ഫൈനൽ ഡിസൈൻ ലഭിച്ചത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. ലഭ്യമായാലുടൻ തന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. നുച്യാട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കരുവഞ്ചാൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഡി1/478/2019/പൊ.മ.വ. ഫയൽ പ്രകാരം പരിശോധിച്ചുവരുന്നു.

**ദേശീയപാത വികസനത്തിനായുള്ള പ്രവർത്തനങ്ങൾ**

24(984) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നിരന്തര ഇടപെടലിനെത്തുടർന്ന് ദേശീയപാത അതോറിറ്റി എൻ.എച്ച്. 66 വീതികൂട്ടുന്ന പ്രവർത്തനം ത്വരിതപ്പെടുത്താമെന്ന് ഉറപ്പ് നൽകിയിരുന്നോ;

(ബി) ഭൂമി ഏറ്റെടുക്കാനുള്ള ചെലവിന്റെ നാലിലൊന്ന് വഹിക്കാമെന്ന് സംസ്ഥാനം സമ്മതിച്ചിട്ടും ദേശീയപാത അതോറിറ്റിയുടെ ഭാഗത്തു നിന്നും മെല്ലെപ്പോക്ക് തുടരുന്നുണ്ടോ;

(സി) ദേശീയപാത വികസനത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാനം ഇടപെടൽ നടത്തുമോ;

(ഡി) പദ്ധതിക്കായുള്ള സ്ഥലമെടുപ്പിന്റെയും പ്രവൃത്തികളുടെ ടെൻഡർ നടപടികളുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ നാലിലൊന്ന് സംസ്ഥാനം വഹിക്കാമെന്ന് സമ്മതിച്ചതിനാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നിരന്തരമായ ഇടപെടലിനെത്തുടർന്നും ദേശീയപാത അതോറിറ്റി എൻ.എച്ച്.66 വീതികൂട്ടുന്ന പ്രവർത്തനം ത്വരിതപ്പെടുത്താമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ മുന്നോട്ട് നീങ്ങുന്നു.

(ബി) ഭൂമി ഏറ്റെടുക്കാനുള്ള ചെലവിന്റെ 25% സംസ്ഥാനം വഹിക്കാമെന്ന് ധാരണാപത്രം ഒപ്പിട്ടതിനുശേഷവും കാസർഗോഡ് ജില്ലയിലെ ടെണ്ടറിനുള്ള അംഗീകാരം നൽകാൻ കേന്ദ്രസർക്കാരിന്റെ SFC യോഗം ചേരാത്തതിനാൽ കാലതാമസമുണ്ടായിട്ടുണ്ട്.

(സി) എൻ.എച്ച്. 66 വികസന പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൃത്യമായ ഇടപെടൽ കേന്ദ്രസർക്കാരുമായും ദേശീയപാത അതോറിറ്റി അധികാരികളുമായും നടത്തുന്നുണ്ട്. ഏറ്റവും ഒടുവിൽ 17-2-2020-ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുമായി ചേർന്ന് പൊതുമരാമത്ത് മന്ത്രി ഒരു യോഗം ചേരുകയുണ്ടായി.

(ഡി) ദേശീയപാത 66-ന്റെ വീതി കൂട്ടൽ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ദേശീയപാത വികസനം**

25(T985) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാത വികസനം സമയബന്ധിതമായി പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ നിലവിലെ സാഹചര്യത്തിൽ സാധിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ദേശീയ പാത വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഏറ്റെടുക്കുവാനുള്ള സ്ഥലത്തിന്റെ എത്ര ശതമാനം സ്ഥലം ഇതിനകം പൂർണ്ണമായി ഏറ്റെടുത്തുവെന്നും അറിയിക്കാമോ;

(സി) ദേശീയ പാത വികസനത്തിനുള്ള സംസ്ഥാനത്തെ പാക്കേജുകൾ ഹൈ 2 ഇനത്തിൽ നിന്നും ഹൈ 1 ഇനത്തിലേക്ക് കേന്ദ്ര സർക്കാർ മാറ്റിയിട്ടുണ്ടോ; ഇതുപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എൻ.എച്ച്. 66-ന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; ഈ തുക എപ്രകാരമാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ നൽകാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ദേശീയപാത വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഹൈ 1, ഹൈ 2 തരംതിരിവ് സംസ്ഥാനത്ത് നിലവിലില്ല. കേരളത്തിലെ എൻ.എച്ച് 66-ന്റെ വികസനം ഭാരത് മാല പരിയോജനയിലെ High Priority-യിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. 2-5-2019-ൽ മുൻഗണനാക്രമം രണ്ടായി നിശ്ചയിച്ചുകൊണ്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഒരു ഉത്തരവ് ഇറക്കിയിരുന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയുമായി 4-6-2019-ൽ ഡൽഹിയിൽ നടത്തിയ ചർച്ചയെ ത്തുടർന്ന് മുൻഗണനാക്രമം High Priority-യിലേയ്ക്കുതന്നെ മാറ്റിക്കൊണ്ട് തീരുമാനമു ണ്ടാവുകയായിരുന്നു.

(ഡി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് ഏകദേശം 24027.42 കോടി രൂപയാണ് കണക്കാക്കുന്നത്. അതിന്റെ 25 ശതമാനമായ 6006.86 കോടിയായിരിക്കും സംസ്ഥാന വിഹിതം എന്നാണ് കണക്കാക്കുന്നത്.

## ദേശീയപാതകളുടെ നിർമ്മാണം

26(986) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയ പാതകളുടെ നിർമ്മാണ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്;

(ബി) റവന്യൂ വകുപ്പിന്റെ അനുമതിയുണ്ടായിരുന്നിട്ടും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനാവശ്യ ഇടപെടലുകളെത്തുടർന്ന് നിർമ്മാണത്തിനാവശ്യമായ മണ്ണ് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ പല പ്രധാന പാതകളുടെയും നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പല പാതകളുടെയും നിർമ്മാണം ഈ കാരണത്താൽ അനന്തമായി നീണ്ടു പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തി നടന്നുവരുന്ന ദേശീയപാതകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകാത്ത പാതകളുടെയും നിർമ്മാണ പ്രവൃത്തി നീണ്ടുപോകുന്നതിന്റെ കാരണങ്ങളും അനുബന്ധമായി ചേർക്കുന്നു.* നിർമ്മാണത്തിലെ തടസ്സം സംബന്ധിച്ച് ദേശീയപാത അതോറിറ്റി വിവരം നൽകിയാലുടൻ ബന്ധപ്പെട്ട വകുപ്പുകളോട് തുടർനടപടി സ്വീകരിക്കാൻ ആവശ്യപ്പെടാറുണ്ട്. മറ്റ് പ്രധാന പ്രവൃത്തികളിലും ഇത്തരം തടസ്സങ്ങളുണ്ടായത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകളോട് തുടർനടപടി സ്വീകരിക്കാൻ ആവശ്യപ്പെടാറുണ്ട്.

**ബൈപ്പാസ് നിർമ്മാണങ്ങളുടെ പുരോഗതി**

27(987) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ ഭാഗമായുള്ള റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കുമോ;

(ഡി) തൊണ്ടയാട് ഫ്ലൈഓവർ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കും എന്നറിയിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ബൈപ്പാസ് പ്രവൃത്തി 98.60% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ബൈപ്പാസിൽ ഉൾപ്പെടുന്ന രണ്ട് റെയിൽവേ മേൽപ്പാലങ്ങളിൽ ROB I-ന്റെ വലത് ഭാഗത്തെ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. റെയിൽവേയിൽനിന്നും അനുമതി ലഭിച്ചാലുടൻ ROB II-ന്റെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം നടപ്പിലാക്കുന്നത് NHAI മുഖാന്തരമാണ്. M/s GHV (India) Pvt. Ltd., M/s EKK Infrastructure Pvt. Ltd എന്നിവർ സംയുക്തമായാണ് പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. 883.98 കോടി രൂപ ചെലവ് വരുന്ന ഈ പ്രവൃത്തിയുടെ Appointed date 4-12-2017 ആണ്. 910 ദിവസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 31-5-2020 ആണ്. M/s Feedback Infra Pvt. Ltd ആണ് ഇതിന്റെ അതോറിറ്റി എഞ്ചിനീയർ. നിലവിൽ 47% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) തൊണ്ടയാട് ഫ്ലൈഓവർ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

## കാസർഗോഡ്- തിരുവനന്തപുരം ദേശീയപാത വികസനം

28(988) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത വികസന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന് ഏറ്റെടുക്കേണ്ട ഭൂമിയിൽ എത്ര ശതമാനം ഇതിനകം ഏറ്റെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രാദേശികമായ എതിർപ്പ് കാരണം ഏതെങ്കിലും പ്രദേശത്ത് ദേശീയപാത അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത പ്രവർത്തനങ്ങളുടെയും ഭൂമി ഏറ്റെടുക്കലിന്റെയും നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രാദേശികമായ എതിർപ്പുകാരണം അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല.

## പ്രളയത്തിൽ തകർന്ന ദേശീയപാതകളുടെ പുനർനിർമ്മാണം

29(989) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന ദേശീയ പാതകൾ പുനർനിർമ്മിക്കുന്ന പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; എത്ര കിലോമീറ്റർ പാതയാണ് പുനർനിർമ്മിച്ചതെന്നറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ദേശീയ പാതകൾ കോൺക്രീറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര ഗതാഗത മന്ത്രിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ദേശീയ പാത നിർമ്മാണവും പുനരുദ്ധാരണവും ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; അതിൽ സംസ്ഥാന വിഹിതം എത്രയാണെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2019-ലെ പ്രളയത്തിൽ തകർന്ന ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 6 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ദേശീയപാതകളുടെ ശാശ്വത പരിഹാരത്തിനായി ഉപരിതലം പുതുക്കലിനുള്ള വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 178 കോടി രൂപ (181 കിലോമീറ്റർ) അനുവദിച്ച് ടെണ്ടർ ചെയ്ത് പദ്ധതി അവാർഡ് ചെയ്യുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ 535 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-2020 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രമന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിൽ 265 കിലോമീറ്ററിനായി 424 കോടി രൂപയുടെ ബലപ്പെടുത്തൽ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലുള്ള ദേശീയപാതകൾ ഗതാഗതയോഗ്യമായി നിലനിർത്താൻ അവർതന്നെ ശ്രദ്ധിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭ്യമായ മറുപടിപ്രകാരം സംസ്ഥാനത്ത് ദേശീയപാത നിർമ്മാണവും പുനരുദ്ധാരണവും ഭാരത് മാല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* ദേശീയപാത 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം, സംസ്ഥാന സർക്കാർ, കിഫ്ബി എന്നിവർ ചേർന്ന് Tripartite Agreement ഒപ്പുവച്ചിട്ടുണ്ട്. ഇതിൻപ്രകാരം സ്ഥലമേറ്റെടുപ്പിനാവശ്യമായ തുകയുടെ (25%) ഷെയറായ 6006.86 കോടി രൂപ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദേശീയപാതകളുടെ നവീകരണം

30(990) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ദേശീയപാത 744-ന്റെ നവീകരണ ത്തിനായി നടത്തിയതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ ദേശീയപാത 183-ന്റെ നവീകരണങ്ങൾക്കായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ദേശീയപാത 744-ന്റെ നവീകരണ ത്തിനായി നടത്തിയതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ ദേശീയപാത 183-ന്റെ നവീകരണങ്ങൾക്കായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ദേശീയപാതകളുടെ വികസനം

31(991) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേശീയപാതകൾ നാല് വരിയാക്കി നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ദേശീയപാതകൾ നാല് വരിയാക്കി മാറ്റുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ദേശീയ പാതകൾ നവീകരിക്കുന്നതിനും നിർമ്മിക്കു ന്നതിനും കേന്ദ്രസർക്കാർ സ്വീകരിച്ച് വരുന്ന സമീപനം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേശീയപാതകൾ 4/6 വരി പാതയായി നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ചില സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതിനാൽ സ്റ്റേ ഓർഡർ മാറ്റാനുള്ള നടപടികൾ NHAI സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടപടികൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു സീനിയർ ലെവൽ ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരുമായി ചേർന്ന് ദേശീയപാത വികസനത്തിനായുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ സ്ഥലമേറ്റെടുപ്പിനായി ആവശ്യമായി വരുന്ന തുക കൂടുതലായതിനാൽ ആയതിന്റെ 25% തുക വഹിക്കാമെന്ന് സംസ്ഥാന സർക്കാർ സമ്മതിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കലിനാവശ്യമായ എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്.

## പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനങ്ങൾ

32(992) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ലാഭകരമല്ലാതെ പ്രവർത്തിച്ചുവരുന്ന റസ്റ്റ് ഹൗസുകൾ അതാതിടങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്ക് കരാർ പ്രകാരം നൽകി പ്രവർത്തനക്ഷമമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; അറിയിക്കാമോ;

(സി) ഇപ്രകാരം സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ പ്രസ്തുത സ്ഥാപനം സർക്കാരിന്റെ നിയന്ത്രണത്തിൽ നിലനിൽക്കുന്നതാണെന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാവുന്നതാണെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനകംതന്നെ നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ച് ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി ആവശ്യമുള്ള റസ്റ്റ് ഹൗസുകളിൽ നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കുകളുടെ നിർമ്മാണ പ്രവൃത്തികളും ചെയ്തുവരുന്നു. റസ്റ്റ് ഹൗസുകളെ ക്ലാസ് III ഒഴിവാക്കി ക്ലാസ് I, ക്ലാസ് II എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ നിർമ്മാണം, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ തുടങ്ങി നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു. റസ്റ്റ് ഹൗസുകളിലെ മുറികളും പരിസരങ്ങളും വൃത്തിയായി

സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളയിടങ്ങളിലും സ്ഥലപ്രാധാന്യമുള്ളതുമായ എല്ലാ റസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളെ ഗസ്റ്റ് ഹൗസുകളുടെ രീതിയിൽ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും കൂടാതെ ജീവനക്കാർക്ക് യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 14 റസ്റ്റ് ഹൗസുകളെ മാതൃകാ റസ്റ്റ് ഹൗസുകളാക്കി മാറ്റുന്നതിന് 551.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് 14-6-2019-ൽ നിലവിൽ വന്നു. ഓൺലൈൻ റിസർവേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനു വേണ്ടി റസ്റ്റ് ഹൗസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മുറികൾ അനുവദിക്കുന്നതിനും നിയമപ്രകാരമുള്ള വാടക ഈടാക്കുന്നതിലും റസ്റ്റ് ഹൗസ് ജീവനക്കാരുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഡിവിഷൻ ഓഫീസ് വഴിയാണ് മുറികൾ അനുവദിക്കുന്നത്. കൂടാതെ ഒക്യുപ്പേഷൻ രജിസ്റ്റർ, രസീത് ബുക്ക്, ക്യാഷ് ബുക്ക് എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ടി രജിസ്റ്ററുകൾ എല്ലാ മാസവും ഒന്നാം തീയതിയും 16-ാം തീയതിയും പരിശോധിച്ച് ഉറപ്പുവരുത്താറുമുണ്ട്. കൂടാതെ അതാത് സബ്‌ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. റസ്റ്റ് ഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer, 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി&സി) റസ്റ്റ് ഹൗസുകൾ അതാതിടങ്ങളിലെ സഹകരണ സ്ഥാപനങ്ങൾക്ക് കരാർപ്രകാരം നൽകി പ്രവർത്തനക്ഷമമാക്കുന്ന വിഷയം പരിഗണനയിലില്ല.

## കാലിക്കടവ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ

33(993) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പിലിക്കോട് കാലിക്കടവ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ആവശ്യമായ ജീവനക്കാരോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത ഈ റസ്റ്റ് ഹൗസിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം സുഗമമാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാലിക്കടവ് റസ്റ്റ് ഹൗസിൽ മൂന്ന് മുറികളും ഒരു എ.സി. മുറിയുമടക്കം 4 മുറികൾ ഉപയോഗപ്രദമാണ്. റസ്റ്റ് ഹൗസ് ശോചനീയാവസ്ഥയിലല്ല. കാലിക്കടവ് റസ്റ്റ് ഹൗസിൽ നിലവിൽ സ്ഥിരം ജീവനക്കാരില്ല. ഒരു കാഷ്വൽ സ്വീപ്പർ മാത്രമാണുള്ളത്. ആയതിനാൽ റസ്റ്റ് ഹൗസ് പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ

34(994) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ ജില്ലയിലെ എത്ര റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും ഓരോ റോഡിനും എത്ര തുക വീതം അനുവദിച്ചെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളത് ഏതെല്ലാമാണെന്നും ഇനി ടെണ്ടർ ചെയ്യാനുള്ള റോഡുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ 220 പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 61 പ്രവൃത്തികൾ പൂർത്തീകരിച്ചവയും 121 പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നവയും 38 പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ളവയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കോന്നി മണ്ഡലത്തിലെ റോഡുകൾ

35(995) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പി.ഡബ്ല്യൂ.ഡി റോഡ്സ് & ബ്രിഡ്ജസ് വിഭാഗവുമായി ബന്ധപ്പെട്ട് എത്ര റോഡുകൾ ഉണ്ടെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ പാതകളിൽ നബാർഡ്/ഇതര കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബഡ്ജറ്റ് പ്രവൃത്തി, കിഫ്ബി പ്രവൃത്തികൾ എന്നിവയും പദ്ധതിയുടെ പുരോഗതിയും സ്ഥിതി വിവരവും ലഭ്യമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നബാർഡ്/ഇതര കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇല്ല. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി പ്രവൃത്തികൾ എന്നിവയും പദ്ധതികളുടെ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വളക്കൈ-കൊയ്യം റോഡിൽ മെക്കാഡം ടാറിംഗ്**

36(996) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡ് മെക്കാഡം ടാറിംഗ് നടത്തി നവീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2020-21 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2.20 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട് (20%). എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ ഡി.പി.ആർ. നടപടി**

37(997) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീബിൽഡ് കേരള പദ്ധതിയിൽ പുനരുദ്ധരിക്കുന്ന പിറവം നിയോജക മണ്ഡലത്തിലെ കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ ഡി.പി.ആർ. നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) റീബിൽഡ് കേരള പദ്ധതിയിൽ പുനരുദ്ധരിക്കുന്ന പിറവം നിയോജക മണ്ഡലത്തിലെ കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പാക്കേജ് നമ്പർ 3-ൽ ഉൾപ്പെടുത്തി M/s Lous Berger എന്ന കൺസൾട്ടിംഗ് സ്ഥാപനത്തെ ഏൽപ്പിച്ചിരിക്കുകയാണ്. ടി റോഡിന്റെ കരട് പദ്ധതിരൂപരേഖ മാർച്ച് മാസം രണ്ടാംവാരംതന്നെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സ്വീകരിക്കുന്നതാണ്. പദ്ധതി രൂപരേഖയും മറ്റും സമയബന്ധിതമായി സമർപ്പിക്കാൻ കൺസൾട്ടന്റിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേ**

38(998) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നറിയിക്കാമോ;

(ബി) എത്ര ശതമാനം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കി;

(സി) മലയോര ഹൈവേയുടെ ഭാഗമായ പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയുള്ള ഭാഗത്തിന്റെ വീതികൂട്ടി നവീകരിക്കാനുള്ള പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചെറുകോൽപ്പുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ 2020 മാർച്ച് മാസം 15-നകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 95% പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) മലയോര ഹൈവേയുടെ ഭാഗമായ പുറഞ്ഞാൺ മുതൽ പയ്യാവൂർ വരെയുള്ള ഭാഗം DFIP-യിൽ ഉൾപ്പെടുത്തി 7 മീറ്റർ വീതിയിൽ ഡി.ബി.എം. & ബി.സി. ചെയ്ത് നവീകരിച്ചിട്ടുണ്ട്. പാർശ്വഭിത്തികളുടെയും ഓടകളുടെയും എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

## ഏനാമാവ് ജംഗ്ഷനിലെ റോഡ് വികസനം

39(999) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ, പാവറട്ടി, തൃപ്രയാർ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന തൃപ്രയാർ-കാഞ്ഞാണി -ചാവക്കാട് പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ ഏനാമാവ് ജംഗ്ഷനിലെ ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന്മേലുള്ള പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലാ പി.ഡബ്ല്യു.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 19-12-2019-ലെ സ.ഉ.(സാധാ) നമ്പർ 9956/2019/ധന ഉത്തരവുപ്രകാരം ഏനമാവ് ജംഗ്ഷന് സമീപം വീതികൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള (52,50,000 രൂപ) തുക ഉൾപ്പെടെ 1,30,00,000 രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ബി) അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന് പാർട്ട് സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് വലപ്പാട് (നിരത്തുകൾ വിഭാഗത്തിൽ) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## കണ്ണൂർ ജില്ലയിലെ പ്രളയം തകർത്ത റോഡുകളുടെ പുനരുദ്ധാരണം

40(1000) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രളയംമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2019 ആഗസ്റ്റിന് ശേഷം എത്ര റോഡുകളുടെ പ്രവൃത്തി ടെൻഡർ ചെയ്തുവെന്നും ഇതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളുടെ വർക്ക് അവാർഡ് ചെയ്തുവെന്നും എത്ര വർക്കുകൾ ആരംഭിച്ചുവെന്നും അറിയിക്കുമോ?

### ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പ്രളയംമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ 2019-20 ആഗസ്റ്റിനുശേഷം എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 257 പ്രവൃത്തികൾക്ക്

4342.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 243 പ്രവൃത്തികൾ ദർഘാസ് ചെയ്തിട്ടുണ്ട്. 3820 കോടി രൂപയുള്ള 236 പ്രവൃത്തികൾ അവാർഡ് ചെയ്ത് ആരംഭിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ 2019 ആഗസ്റ്റിനുശേഷം നാല് പ്രവൃത്തികൾക്ക് 44.1 ലക്ഷം രൂപ അനുവദിക്കുകയും ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. ഇതിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കെ.എസ്.ടി.പി.മുഖാന്തരം പ്രളയംമൂലം തകർന്ന കണ്ണൂർ ജില്ലയിലെ ഏട്ടൂർ-കമ്പനി നിരത്ത്-ആനപ്പന്തി-അങ്ങാടി ക്കടവ്-വാണിയപ്പാറ-ചരൽ-വളവുപാറ-കച്ചേരിക്കടവ്-പാലത്തുകടവ് (24.45 കി.മീ.), ഉരുവച്ചാൽ-മണക്കായി-വളയൻ-കീഴല്ലൂർ- തേര്രൂർ-പാലയോട്-വെള്ളപ്പറമ്പ്-കരിമ്പല കോളനി-മരുതായി റോഡ് (20.43 കി.മീ.) എന്നീ റോഡുകളുടെ പുനർനിർമ്മാണ ത്തിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇവയുടെ പുനരുദ്ധാരണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാവുന്നമുറയ്ക്കേ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

## കണ്ണൂർ ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ

41(1001) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് പ്രഖ്യാപിച്ചതെന്നും ഓരോന്നിനും പ്രാഥമികമായി എത്ര കോടി രൂപ വീതമാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(ബി) ഇതിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തിക്കായി ടെൻഡർ വിളിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ശ്രീകണ്ഠപുരം-ചെമ്പൻതൊട്ടി-നടുവൽറോഡ്, പൂവഞ്ചാൽ-കോളി-കാപ്പിമലറോഡ്, മണക്കടവ്- മൂരിക്കടവ്- കാപ്പിമല-ആലക്കോട് റോഡ്, ആലക്കോട്-പാത്തൻപാറ- കനകക്കുന്ന് റോഡ് എന്നീ റോഡുകൾ ഓരോന്നിന്റെയും പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പീരുമേട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

42(1002) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ

43(1003) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രത്യേക ഭരണാനുമതി ലഭ്യമല്ലാത്ത കാരണത്താൽ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) തുളസിമുക്ക്-പാങ്ങാലകോഡ് റോഡ് പ്രവൃത്തിക്ക് 15-11-2019-ലെ സ.ഉ.(സാധാ) നമ്പർ 1333/2019/പൊ.മ.വ. പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ സാങ്കേതികാനുമതി നടപടികളിലാണ്. കരിങ്ങന്നൂർ-വട്ടപ്പാറ-മുളയറക്കൽ റോഡ്, ഓയൂർ-അമ്പലംകുന്ന് കൈതയിൽ-വാപ്പാല റോഡ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നെങ്കിലും 13-11-2019-ലെ 1257035/Ind&PWB1/19 പ്രകാരം ധനകാര്യ വകുപ്പ് അനുമതി നിഷേധിച്ചതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. ആയതിനാൽ ഈ രണ്ട് പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**എറണാകുളം മണ്ഡലത്തിലെ റോഡുകൾക്ക് അനുവദിച്ച തുക**

44(1004) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ റോഡുകൾക്ക് ഓർഡിനറി റിപ്പയർ ഇനത്തിൽ 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഓർഡിനറി റിപ്പയർ ഇനത്തിൽ തുക അനുവദിച്ച റോഡുകളും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) എറണാകുളം നിയോജകമണ്ഡലത്തിലെ റോഡുകൾക്ക് ആർ.ഡി., എസ്.ആർ., ഫ്ലഡ്, ബഡ്ജറ്റ് വർക്കുകൾക്ക് 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; വർക്കിനായി തുക അനുവദിച്ച റോഡുകളും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കല്ലടക്ക-ചെർക്കള റോഡ് നിർമ്മാണം**

45(1005) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് ടെണ്ടർ ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; കരാറുകാരനാരാണെന്നും എഗ്രിമെന്റ് ഒപ്പുവച്ചതെപ്പോഴാണെന്നും നിർമ്മാണ കാലാവധി എത്ര നാളാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ റോഡിന്റെ നീളവും വീതിയും എത്രയാണെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം പ്രവൃത്തി ഇതുവരെ ചെയ്തെന്നും കരാറുകാരന് എത്ര തുക ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ;

(ഡി) ഈ റോഡിന്റെ പ്രവൃത്തി മുഴുവനായി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ സുഗമമായ നിർമ്മാണ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കല്ലടക്ക-ചെർക്കള റോഡ് ടെണ്ടർ ചെയ്തത് 12-7-2018-ലാണ്. M/s കുദ്രോളി കൺസ്ട്രക്ഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ആണ് കരാറുകാരൻ. 17-10-2018-ലാണ് എഗ്രിമെന്റ് ഒപ്പുവച്ചത്. നിർമ്മാണ കാലാവധി 12 മാസമാണ്.

(ബി) ഈ റോഡിന്റെ നീളം 26.194 കി.മീ.-ഉം ക്യാരേജ് വേ വീതി 7 മീറ്റർ മുതൽ 9 മീറ്റർ വരെയുമാണ്. എസ്റ്റിമേറ്റ് തുക 39.76 കോടി രൂപയാണ്.

(സി) ഇതുവരെയായി 50% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 4,68,36,255 രൂപ കരാറുകാരന് ഇതിനകം നൽകിയിട്ടുണ്ട്.

(ഡി) നിലവിലെ സാഹചര്യത്തിൽ 2020 ഡിസംബറിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. കെ.എസ്.ഇ.ബി.പോസ്റ്റുകളും വാട്ടർ അതോറിറ്റി പൈപ്പ്ലൈനുകളും മാറ്റിസ്ഥാപിക്കാനുണ്ട്.

## പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ-മുതുതല റോഡ്

46(1006) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ-മുതുതല റോഡ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും എന്ന് അറിയിക്കാമോ; റോഡിന്റെ നീളം, വീതി എന്നിവ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടാമ്പി വെറ്ററിനറി ഹോസ്പിറ്റൽ -മുതുതല റോഡ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിന്റെ ഭാഗമായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൂക്ഷ്മപരിശോധനയ്ക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമായശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രസ്തുത റോഡിന്റെ നീളം 8 കി.മീ.-ഉം വീതി 5 മീറ്ററുമാണ്.

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ്**

47(1007) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയാക്കി വികസിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കിഫ്ബിക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചത്; പ്രസ്തുത എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശംങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയായി വികസിപ്പിക്കുന്നതിന് 72 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഡി.പി.ആർ. തയ്യാറാക്കി 12-12-2019-ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള അധികവിവരങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കാൻ കിഫ്ബിയിൽനിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കിഫ്ബി നിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**റോഡുകളുടെ നിലവാരം ഉയർത്തൽ**

48(1008) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര റോഡുകളും പാലങ്ങളുമുണ്ട്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പൊതുമരാമത്ത് നയം രൂപീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം എഞ്ചിനീയർമാർക്ക് പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിക്കുക വഴി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. ആയതുവഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാതലായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിക്കുന്നു.

(ബി) സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റൈൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. നിലവിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ഏകദേശം 335.35 കി.മീ. റോഡുകളും എൻ.ആർ.എം.ബി. ഉപയോഗിച്ച് 2117 കി.മീ. റോഡുകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് 49 കി.മീ. റോഡുകളും നിർമ്മിച്ചിട്ടുണ്ട്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്തിന് കീഴിലുള്ള റോഡുകളുടെയും പാലങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു+*. പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിലുള്ളത് ദേശീയപാത 66-ൽ ഉദയൻകുളങ്ങര മുതൽ കളിയിക്കാവിള വരെയുള്ള 8 കി.മീ. ഭാഗമാണ്. ടി സ്ട്രെച്ചിൽ മേജർ പാലങ്ങളില്ല.

## ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം

49(1009) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) അതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-ഡി) 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി. ഡി.സി.കെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കുകയും 3-5-2018-ലെ സ.ഉ.(സാധാ) നമ്പർ 792/2018/പൊ.മ.വ. പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15-5-2018-ലെ ഉത്തരവുപ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിക്കാവശ്യമായ ഒറ്റപ്പാലം വില്ലേജിലെ 325 ആർ ഭൂമി ഏറ്റെടുത്ത് ലഭിക്കുന്നതിനായി 3-9-2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള വിജ്ഞാപനം എൽ.എ.തഹസിൽദാർ 17-11-2018-ലെ 2755-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള അനുമതി 28-6-2019-ലെ സ.ഉ.(സാധാ) നമ്പർ 1676/2019/റവ. പ്രകാരം നൽകിയിട്ടുണ്ട്. സ്ഥലമുടമകളുടെ എതിർപ്പുമൂലം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ടി പോലീസ് സഹായത്തിനായി പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 17-9-2019-ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി 9-10-2019-ൽ സംയുക്ത പരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായ കണ്ടിൻജൻസി ചാർജ്ജ് കിഫ്ബിയിൽ നിന്നും അനുവദിക്കുകയും 25 ലക്ഷം രൂപയുടെ ചെക്ക് തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായ പബ്ലിക് ഹിയറിംഗ് 17-2-2020-ൽ നടക്കുകയും റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. എസ്.ഐ.എ. റിപ്പോർട്ടിന് അംഗീകാരം ലഭിച്ചശേഷം ഭൂമിയേറ്റെടുക്കലിന്റെ തുടർനടപടി തഹസിൽദാർ സ്വീകരിക്കുന്നതാണ്. നിലവിൽ ഭൂമി ഏറ്റെടുക്കലിന് തടസ്സങ്ങളൊന്നുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

50(1010) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി തുക അനുവദിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല.

## ബാലരാമപുരം-വിഴിഞ്ഞം, പള്ളിച്ചൽ-വിഴിഞ്ഞം റോഡുകൾ

51(1011) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരം-വിഴിഞ്ഞം, പള്ളിച്ചൽ-വിഴിഞ്ഞം എന്നീ റോഡുകൾ വീതികൂട്ടി വികസിപ്പിക്കുന്നതിന് നിലവിൽ ആലോചനയുണ്ടോ; എങ്കിൽ എത്ര മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടാണോ ഇത്തരത്തിൽ റോഡ് വീതി കൂട്ടുന്നതിന് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബാലരാമപുരം-വിഴിഞ്ഞം, പള്ളിച്ചൽ-വിഴിഞ്ഞം എന്നീ റോഡുകൾ വീതികൂട്ടി വികസിപ്പിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

## പയ്യന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ്

52(1012) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡ് ഉണ്ടെന്ന് അറിയിക്കുമോ;

(ബി) അതിൽ മെക്കാഡം ടാർ ചെയ്ത് നവീകരിച്ചത് എത്ര കിലോമീറ്ററാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ 253.494 കി.മീ. പൊതുമരാമത്ത് റോഡാണുള്ളത്. അതിൽ 167.90 കി.മീ. റോഡാണ് മെക്കാഡം ടാറിംഗ് ചെയ്ത് നവീകരിച്ചത്. (ബി.എം.&ബി.സി. പൂർത്തിയായതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകൾ).

## മൂവാറ്റുപുഴ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ

53(1013) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. മുഖേന മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, പൂർത്തിയാക്കിയ പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്ത്, ദേശീയപാത, കെട്ടിടം വിഭാഗങ്ങൾക്കുകീഴിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, പൂർത്തിയാക്കിയ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പാലങ്ങൾ വിഭാഗത്തിനുകീഴിൽ Investigation for the Reconstruction of Kappippilly Bridge in Ambalamkunnu Road of Muvattupuzha Constituency എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. Flood work 2019-20 Urgent removal of Debris from Muvattupuzha town Bridge and Thodupuzha road Bridge (Latha Bridge) under Bridges Section Muvattupuzha in Muvattupuzha LAC, Routine maintenance to 7 Bridges under Muvattupuzha LA Constituency എന്നീ പ്രവൃത്തികളുടെ ദർഘാസ് നടപടി പുരോഗമിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ ഹൈവേ**

54 (1014) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി ഏതെല്ലാം പ്രദേശങ്ങളാണ് വരുന്നതെന്നും ഏതെല്ലാം പാലങ്ങളാണ് വരുന്നതെന്നും വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന റീച്ചിന്റെയും, പാലത്തിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ 5 റീച്ചുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങിയതും ഡി.പി.ആർ. തയ്യാറാക്കി വരുന്നതുമായ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ബാക്കിയുള്ള റീച്ചുകളുടെ ഡി.പി.ആർ കിഫ്ബി ഡ്രോൺ സർവ്വേ നടത്തി അന്തിമ അലൈൻമെന്റ് തയ്യാറാക്കിയതിനുശേഷം ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) പാലക്കോട്, കാരന്താട്, കുന്നെരു, രാമന്തളി എന്നീ പ്രദേശങ്ങളും രണ്ട് തെങ്ങ്പാലം, ഓലക്കീൽപാലം എന്നീ പാലങ്ങളുമാണ് പയ്യന്നൂർ മണ്ഡലത്തിൽ വരുന്നത്.

(സി) തീരദേശ ഹൈവേയുടെ പാലക്കോട് മുതൽ കുന്നെരു വരെയുള്ള 4.665 കി.മീ. റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പ്രസ്തുത റീച്ചിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ 90% പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിൽ വൈദ്യുത തൂണുകളും വാട്ടർ അതോറിറ്റിയുടെ ലൈനുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്തേണ്ടതുണ്ട്. അതിനായി സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവർക്ക് അപേക്ഷ നൽകിയിരുന്നു. വാട്ടർ അതോറിറ്റിയുടെ ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റുകൂടി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത റീച്ചിന്റെ എസ്റ്റിമേറ്റ് പൂർത്തിയാക്കി അനുമതിക്കായി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. മറ്റുള്ള ഭാഗങ്ങളിൽ കിഫ്ബി ഡ്രോൺ സർവ്വേപ്രകാരം അന്തിമ അലൈൻമെന്റ് തയ്യാറാക്കുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(ഡി) സ്ഥലം ലഭ്യമായ ഇടങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### വെങ്കിടത്ത്-കണ്ണോത്ത്-പുല്ല റോഡ്

55(1015) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ, മണലൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ 6/500 മുതൽ 10/000 കി.മീ. വരെയുള്ള ഭാഗം തകർന്ന നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത റോഡ് 6/500 മുതൽ 10/000 വരെ നിലവിൽ കെ.എൽ.ഡി.സി. ബണ്ട് റോഡാണ്. പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ വരുന്ന റോഡല്ല.

**ശ്രീകണ്ഠാപുരം ടൗൺ നവീകരണ പ്രവൃത്തികൾ**

56(1016) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ചിൽ തത്വത്തിൽ ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം ടൗൺ നവീകരണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിലേക്കായി മൂന്ന് കോടി രൂപ അനുവദിക്കാനുള്ള നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 3-3-2016-ലെ സ.ഉ.(സാധാ) നമ്പർ 544/2016/പൊ.മ.വ. പ്രകാരം മൂന്ന് കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകുകയും ടെണ്ടർ ചെയ്യുന്നതിനുമുമ്പ് സർക്കാരിന്റെ അനുമതി നേടണമെന്ന് ഉത്തരവാകുകയും ചെയ്തു ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം നഗരത്തിലെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ അനുമതി ഇല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

**പൂനൂർ പാലം നിർമ്മാണം**

57(1017) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച പൂനൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂനൂർ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുമതിയായിട്ടുള്ളത്; ഇപ്പോൾ പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ;

(സി) പൂനൂർ പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയാണ് പൂനൂർ ടൗൺ പാലത്തിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. 10 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തു. ഇതുപ്രകാരം താമരശ്ശേരിയിൽ നിന്ന് കൊയിലാണ്ടി ഭാഗത്തേയ്ക്ക് പോകുമ്പോൾ നിലവിലുള്ള പാലത്തിന്റെ ഇടതുഭാഗത്ത് കൂടിയാണ് പുതിയ പാലം നിർമ്മിക്കാനുദ്ദേശിച്ചത്. ഈ ഭാഗത്ത് പാലം വന്നാൽ സമീപത്തുള്ള സ്കൂൾ, ആശുപത്രി എന്നിവിടങ്ങളിലേയ്ക്കുള്ള യാത്രാവഴി തടസ്സപ്പെടുന്നതാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പാലത്തിന്റെ വലതുവശത്തുകൂടി പുതിയ പാലം നിർമ്മിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും 10 കോടി രൂപയുടെ ഡി.പി.ആർ.തയ്യാറാക്കുകയും ചെയ്തു. എന്നാൽ നേരത്തെ സമർപ്പിച്ച 10 കോടി രൂപയുടെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയ നഗര സൗന്ദര്യവത്കരണത്തിനുള്ള തുക കുറച്ച് പാലത്തിനും സമീപ റോഡിനും പുഴസംരക്ഷണത്തിനും മാത്രമായി 4.787 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് 24-10-2018-ൽ കൂടിയ കിഫ്ബിയുടെ ഒമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചത്. പ്രസ്തുത സാമ്പത്തികാനുമതിയുടെ അടിസ്ഥാനത്തിൽ സൗന്ദര്യവത്കരണ പ്രവൃത്തി ഒഴിവാക്കി. വലതുവശത്ത് പാലം നിർമ്മിക്കാനുള്ള പുതുക്കിയ രൂപരേഖ പ്രകാരം 4.787 കോടി രൂപയുടെ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഈ എസ്റ്റിമേറ്റിന് ടെക്നിക്കൽ കമ്മിറ്റിയുടെയും കിഫ്ബിയുടെയും അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) ടെക്നിക്കൽ കമ്മിറ്റിയുടെയും കിഫ്ബിയുടെയും അനുമതി ലഭ്യമായാലുടൻ തന്നെ ടെണ്ടർ ചെയ്ത് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

## ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

58(1018) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മിക്കുന്നതിനായുള്ള നടപടിക്രമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തിയായി. ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പാലത്തിന്റെ നിർമ്മാണത്തിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ**

59(1019)<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതുമായ ആലത്തൂർ മണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) <u>കിഫ്ബി പ്രോജക്ട്സ്</u>

1. ചുള്ളിമടപാലം-9.78 കോടി -ടെണ്ടർ നടപടി പുരോഗമിക്കുന്നു.
2. ആലത്തൂർ പറക്കുന്നംപാലം -10.05 കോടി-വിശദമായ പ്രോജക്ട് റിപ്പോർട്ട് സാമ്പത്തികാനുമതിക്കായി കെ.ആർ. എഫ്.ബി.-യിൽനിന്നും കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

<u>ബഡ്ജറ്റ് പ്രോജക്ട്സ്</u>

1. പുന്നപ്പാടം -മമ്പാട് കോസ്-വേ (ബഡ്ജറ്റ് 2017-18) - 6.60 കോടി - എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**പുഴയ്ക്കൽ പഴയ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് ഭരണാനുമതി**

60(1020) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ അപകടാവസ്ഥയിലായ പുഴയ്ക്കൽ പഴയ പാലവും അപ്രോച്ച് റോഡും കേടുപാടുകൾ തീർത്ത് ഗതാഗതയോഗ്യമാക്കുന്നതിന് പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ പുഴയ്ക്കൽ പഴയപാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് AS/59C/19/5683 dated 14-1-2020 പ്രകാരം 1,88,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

**കണ്ണംകുണ്ട് പാലം നിർമ്മാണം**

61(1021) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമ പഞ്ചായത്തിലെ കണ്ണംകുണ്ട് പാലം നിർമ്മാണത്തിന് ആവശ്യമായ ഡി.പി.ആർ. കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ നൽകിയിട്ടും പ്രസ്തുത പദ്ധതിക്ക് ഇതുവരെയും ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമ പഞ്ചായത്തിലെ കണ്ണംകുണ്ട് ക്രോസ്‌വേയ്ക്ക് സമാന്തരമായി പുതിയപാലം നിർമ്മിക്കാൻ കിഫ്ബിയിൽനിന്നും 2016-17-ൽ 10 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ പുതിയ ഡിസൈൻപ്രകാരം ഡി.പി.ആർ. ഉണ്ടാക്കിയപ്പോൾ പാലത്തിന്റെ നിർമ്മാണചെലവ് 10 കോടി രൂപയിൽ താഴെ മാത്രമേ വന്നുള്ളൂ. 10 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് മാത്രമേ കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുകയുള്ളൂ. ആയതിനാൽ ബഡ്ജറ്റ് 2018-19-ൽ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയ പാലത്തിന് 100 രൂപ ടോക്കൺ പ്രൊവിഷനാണ് അനുവദിച്ചിട്ടുള്ളത്. പൊതുമരാമത്ത് ഡിസൈൻ വിംഗിൽനിന്നും ലഭിച്ച അലൈൻമെന്റിലൂടെ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകിട്ടുന്നതിനുള്ള പ്രയാസം നേരിട്ടപ്പോൾ സ്ഥലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം പുതിയ അലൈൻമെന്റ് തീരുമാനിക്കുകയും പ്രസ്തുത അലൈൻമെന്റിലൂടെ വരുന്ന ഭൂമി വിട്ടുതരുന്നതിന് എല്ലാ ഭൂവുടമകളും സമ്മതപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കലുൾപ്പെടെ പാലം നിർമ്മാണത്തിനായി 7.4880 കോടി രൂപയുടെ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് മതിയായ ഫണ്ടില്ലാത്തതിനാൽ നിരസിച്ചിരുന്നു. ടി പാലം നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാനാവശ്യമായ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകിയിരുന്നു. ഇക്കാര്യം പരിശോധിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. പുതുക്കിയ ഡിസൈൻ പ്രകാരമുള്ള പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എന്നാൽ 2019-20 വർഷത്തിലും 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് ലഭ്യമായതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കണമെന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

62 (1022) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെ ഉപകാര പ്രദവുമായ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രൈസ് ഐ.ഡി. നമ്പർ ആർ.ഡി/2018/7709 ആയി തയ്യാറാക്കിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രദേശവാസികൾക്ക് ഏറെ ഉപകാരപ്രദമാകുന്ന പ്രസ്തുത പാലം നിർമ്മാണത്തിന് വേഗത്തിൽ അനുമതി നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും എന്നാൽ റോഡ് ഒ.ഡി.ആർ.

വിഭാഗത്തിൽ വരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. 2019-20 വർഷത്തിലെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. എന്നാൽ 2020-21 വർഷത്തിലെ ബഡ്ജറ്റിൽ (വാല്യം 2 ക്രമനമ്പർ 455 പേജ് നമ്പർ 27) ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടൻ അനുമതി നൽകുന്നതാണ്.

## കുതിരവഴിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

63(1023) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുതിരവഴിപ്പാലം നിർമ്മിക്കുന്നതിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; എന്നാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കുതിരവഴിപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷം നാല് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകിയതിനുശേഷം മാത്രമേ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## പഴയങ്ങാടിപ്പാലത്തിന്റെ നിർമ്മാണ പുരോഗതി

64(1024) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ സ്ഥിതി ചെയ്യുന്ന പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പഴയങ്ങാടിപ്പാലത്തിന്റെ കൈവരികൾ തകർന്ന ഭാഗം പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ സ്ഥിതിചെയ്യുന്ന പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഏകദേശം 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പഴയങ്ങാടിപ്പാലത്തിന്റെ കൈവരി പുനർനിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

**കടവൂർ ഭാഗത്തെ ഗതാഗതക്കുരുക്ക്**

65(1025) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപ്പാസ് ഗതാഗതത്തിനായി തുറന്ന് കൊടുക്കുന്നതോടുകൂടി പ്രസ്തുത ബൈപ്പാസ് ദേശീയപാത 183 മായി സന്ധിക്കുന്ന കൊല്ലം മണ്ഡലത്തിലെ കടവൂർ ഭാഗത്ത് വലിയതോതിലുള്ള ഗതാഗതക്കുരുക്കിന് ഇടയാക്കുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലം ബൈപ്പാസ് 2019 ജനുവരിയിൽ ഗതാഗതത്തിനായി തുറന്നു കൊടുത്തു. കൊല്ലം ബൈപ്പാസ് എൻ.എച്ച്.183-മായി സന്ധിക്കുന്ന കടവൂർ ഭാഗത്ത് ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. നിലവിൽ എൻ.എച്ച് 183-ന് വീതി കുറവായതിനാലും ബൈപ്പാസ് വഴിയുള്ള വാഹനങ്ങളുടെ ബാഹുല്യംമൂലമാണ് ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത്.

(ബി) എൻ.എച്ച്.066 നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഇതോടൊപ്പം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം കൊല്ലം ബൈപ്പാസ് 4 വരിപ്പാതയാക്കുമ്പോൾ പ്രസ്തുത ഭാഗത്തിന്റെ വികസനവും നടപ്പിലാക്കാൻ ആവശ്യപ്പെടുന്നതായിരിക്കും.

**ആലപ്പുഴ ബൈപ്പാസ്**

66(1026) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസിന്റെ ഭാഗമായുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ ഉദ്ഘാടനം എന്നത്തേക്ക് നടത്തുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ബൈപ്പാസിലുൾപ്പെടുന്ന രണ്ട് മേൽപ്പാലങ്ങളുടെ ROB -1-ന്റെ വലതുഭാഗത്തെ സ്ലാബ് കോൺക്രീറ്റ് കഴിഞ്ഞിട്ടുണ്ട്. റെയിൽവേയുടെ അനുമതി ലഭിച്ചാലുടൻ തന്നെ ROB-II-ന്റെ പ്രവൃത്തി ആരംഭിക്കുന്നതായിരിക്കും.

(ബി) ഏപ്രിൽ മാസം അവസാനത്തോടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായാണ് മുന്നോട്ടുപോകുന്നത്.

## കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്കായി പുതിയ അലൈൻമെന്റ്

67(1027) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്കായി നാഷണൽ ഹൈവേ അതോറിറ്റി പുതിയ അലൈൻമെന്റ് നിശ്ചയിച്ച് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) പുതിയ അലൈൻമെന്റ് നിശ്ചയിച്ച് നൽകാനുണ്ടായ സാഹചര്യം എന്താണ് എന്നറിയിക്കാമോ;

(സി) പുതിയ അലൈൻമെന്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് കൂടിയാലോചനകളോ തീരുമാനങ്ങളോ എടുത്തിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ - സി) കൊല്ലം-കോട്ടവാസൽ ദേശീയപാത 744 കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിൻപ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കൺസൾട്ടന്റ് മുഖാന്തരം സാധ്യതാപഠനം നടത്തി അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത അലൈൻമെന്റ് കോട്ടവാസൽ മുതൽ ആര്യങ്കാവ് വരെ നിലവിലെ എൻ.എച്ച്.744-ന്റെ അലൈൻമെന്റിൽ കൂടിയും ആര്യങ്കാവ്, ചടയമംഗലം വഴി ദേശീയപാതാ 66-ൽ കടമ്പാട്ടുകോണത്ത് എത്തുന്ന ഗ്രീൻ ഫീൽഡ് അലൈൻമെന്റുമാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നിലവിലെ ദേശീയപാത 744-ലെ അലൈൻമെന്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് (കൊട്ടാരക്കര, പുനലൂർ എന്നീ പട്ടണങ്ങളുടെ പ്രാധാന്യം, ശബരിമല റോഡ് എന്ന പ്രാധാന്യം) അത് ദേശീയപാത 744 ആയി നിലനിർത്തി ആവശ്യമായ വികസനം നടത്തുന്നതിന് ഭാരത് മാലയിൽ നിർദ്ദേശിച്ച ഗ്രീൻ ഫീൽഡ് അലൈൻമെന്റ് വഴി പുതിയ inter-state ദേശീയപാതയായി പരിഗണിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തലപ്പാടി മുതൽ മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത വികസനം

68(1028) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത നാല് വരിയാക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലങ്ങളുടെ തുക പൂർണ്ണമായും നൽകിക്കഴിഞ്ഞുവോ; ഇതിനുവേണ്ടി എത്ര തുകയാണ് ഇതുവരെ ചെലവഴിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തലപ്പാടി-മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരമായി 1448.26 കോടി രൂപ ദേശീയപാത അതോറിറ്റി നിക്ഷേപിച്ചിട്ടുണ്ട്. അതിൽ 937.73 കോടി രൂപ കോമ്പീറ്റന്റ് അതോറിറ്റി (CALA) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ദേശീയപാത വികസനത്തിനായി ഒഴിപ്പിക്കപ്പെട്ട കഴക്കൂട്ടത്തെ വ്യാപാരികൾ

69 (T1029) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കഴക്കൂട്ടം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് കഴക്കൂട്ടത്തെ വ്യാപാര സ്ഥാപനങ്ങളും കെട്ടിടങ്ങളും പൊളിച്ച് നീക്കേണ്ടതുണ്ടോ; വിശദാംശം നൽകുമോ;

(ബി) വർഷങ്ങളായി വ്യാപാരം നടത്തുന്ന പ്രസ്തുത കട ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് തുകയാണ് അനുവദിച്ചത്;

(സി) വ്യാപാര സ്ഥാപനങ്ങൾ പൊളിക്കുന്നതുമൂലം തൊഴിൽരഹിതരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) കഴക്കൂട്ടം മുതൽ ടെക്നോപാർക്ക് വരെയുള്ള എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തിന്റെ ഭാഗമായി 45 മീറ്റർ ROW-യിൽ സ്ഥലമെടുക്കുന്ന ഭാഗത്ത് കച്ചവടസ്ഥാപനങ്ങളും കെട്ടിടങ്ങളും നിലവിലുണ്ട്. ആയതിന്റെ സ്ഥലമെടുപ്പിനെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ആകെ ആവശ്യമുള്ള ഭൂമി (ഹെക്ടറിൽ) - 15.23

അധികമായി ആവശ്യമുള്ള ഭൂമി (ഹെക്ടറിൽ) - 1.4931

എൻ.എച്ച്. ആക്ട് 1956 പ്രകാരം

3A നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ)- 1.4931 (100%)

3D നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ) - 1.4931 (100%)

3G നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ) - 1.4931 (100%)

കൈവശം ഏറ്റെടുത്ത ഭൂമി (ഹെക്ടറിൽ) - 0.615 (41%)

(ബി) ഉണ്ട്. നാഷണൽ ഹൈവേ ആക്ട് 1956 പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിലും ഭൂമിയുടെ നഷ്ടപരിഹാര തുക 2013-ലെ RFCTLARR ആക്ട് പ്രകാരമാണ് നൽകിവരുന്നത്. ആയതുപ്രകാരം 92.44 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) അംഗീകരിക്കുകയും അതിൽനിന്ന് 33.69 കോടി രൂപ ബന്ധപ്പെട്ട എൽ.എ. തഹസിൽദാർ 15-2-2020-ൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുമുണ്ട്.

(സി) ഒഴിപ്പിക്കപ്പെട്ട ഭൂവുടമകളുടെ പുനരധിവാസം 2013-ലെ RFCTLARR ആക്ട് സെക്കൻഡ് ഷെഡ്യൂൾ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് അർഹരായവർക്ക് അനുവദിക്കുന്നതാണ്.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണം**

70(1030) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് പാണ്ട്യാലക്കടവ് പാലം മുതൽ നീലേശ്വരം അഴീത്തല വരെയുള്ള തീരദേശ റോഡ് നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്ന പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് നടന്നുവരുന്നത്. ഇതുവരെ 5 റീച്ചുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 7 റീച്ചുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ബാക്കിയുള്ള റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി ഡ്രോൺ സർവ്വേ നടത്തി അന്തിമ അലൈൻമെന്റ് തയ്യാറാക്കിയതിനുശേഷം സമർപ്പിക്കുന്നതാണ്.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിൽ രണ്ടുതെങ്ങ്-വലിയപറമ്പ പാലത്തിന്റെയും റോഡിന്റെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഇൻവെസ്റ്റിഗേഷനുശേഷം പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ്**

71(1031) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തിക്കായി 200.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (Price ID:BL/2019/5062)

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പിൽ 2-3-2020-ൽ സമർപ്പിച്ചിട്ടുണ്ട്.

## കായംകുളം പൊതുമരാമത്ത് വകുപ്പ് സെക്ഷൻ ഓഫീസ് സംരക്ഷണം

72 (1032) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ സെക്ഷൻ ഓഫീസ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹെറിറ്റേജ് കെട്ടിടം പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കായംകുളത്ത് സെക്ഷൻ ഓഫീസ് നിലവിലില്ല. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ, ബ്രിഡ്ജസ് സെക്ഷൻ എന്നീ ഓഫീസുകളാണ് കായംകുളത്ത് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഹെറിറ്റേജ് കെട്ടിടം പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## പള്ളിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ്, ലൈബ്രറി കെട്ടിടങ്ങൾ

73(1033) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ്, ലൈബ്രറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ രൂപരേഖ തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എന്നാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ;

(ഡി) ലാബ്, ലൈബ്രറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ലഭിച്ച തീയതി വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് അവസാനഘട്ടത്തിലാണ്. കെട്ടിട നിർമ്മാണത്തിനുവേണ്ടി സ്കൂൾ അധികാരി കളുമായി ചർച്ച നടത്തിയപ്പോൾ ടി കെട്ടിടം നിലവിൽ പഞ്ചായത്ത് മുഖേന

നിർമ്മിച്ച കെട്ടിടത്തിന്റെ മുകളിൽ നിർമ്മിക്കാനാണ് ആവശ്യപ്പെട്ടത്. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിലവിലുള്ള കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും മറ്റ് ഡിസൈൻ വിവരങ്ങളും പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും ലഭിക്കേണ്ടതുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ രൂപരേഖ തയ്യാറാക്കുന്നതിന് കുറച്ച് കാലതാമസമുണ്ടായി.

(സി) 1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം, ആറ്റിങ്ങൽ.

2. അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് കെട്ടിടവിഭാഗം, കിളിമാനൂർ സെക്ഷൻ

7-11-2019-ലാണ് ചുമതലപ്പെടുത്തിയത്.

(ഡി) ലാബ്, ലൈബ്രറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 6-11-2019-ൽ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

**കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തിയ റോഡുകൾ**

74(1034) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാക്കവയൽ-കൊളവയൽ -കാര്യമ്പാടി റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; ഈ പ്രവൃത്തിക്ക് എന്ന് ഭരണാനുമതി നൽകാനാകുമെന്ന് അറിയിക്കാമോ;

(ബി) കൽപ്പറ്റ-വാരാമ്പറ്റ റോഡിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് എത്ര രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത തുക എന്ന് അനുവദിക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 7-9-2019-ലെ പി.ഡബ്ല്യൂ.ഡി. 15-18/APR-2/2019/KIIFB ഉത്തരവുപ്രകാരം 28.47 കോടി രൂപയുടെ അനുമതി ലഭ്യമാകുകയും അതുപ്രകാരം എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയിട്ടുമുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയിൽനിന്നും 1,37,10,000 രൂപയുടെയും കെ.എസ്.ഇ.ബി.-യിൽ നിന്നും 91,46,841 രൂപയുടെയും എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുക 28-2-2020-ന് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-ക്കുള്ള തുക അനുവദിച്ചിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമായ ഉടൻതന്നെ തുക അനുവദിച്ചുകിട്ടുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതിനേക്കാൾ തുക യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടിവരുന്നതിനുള്ള കാരണം കിഫ്ബി ആവശ്യപ്പെട്ടിരിക്കുന്നു. തുക വർദ്ധിച്ചതിന്റെ കാരണം കിഫ്ബിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. കിഫ്ബിയുടെ നടപടിക്രമങ്ങളുടെ ഭാഗമായ കാലതാമസമാണ് ഇപ്പോഴുള്ളത്. പ്രസ്തുത തുക ലഭ്യമാക്കാനാവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I തസ്തിക

75 (1035) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ -ഗ്രേഡ് I തസ്തികയിലേക്ക് ഇലക്ട്രിക്കൽ, സിവിൽ വിഭാഗങ്ങളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിലെ സമാന തസ്തികയായ എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് മേൽപ്പറഞ്ഞ പ്രകാരം ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ നിയമനം നൽകുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് സാധിക്കുന്ന രീതിയിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ - ഗ്രേഡ് I തസ്തികയിലേയ്ക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള രണ്ടാംതരം ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ, മൂന്നാംതരം ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ, ക്ലാർക്ക്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് നിലവിലുള്ള

സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റുമാർക്കും സമാന തസ്തികയിലുള്ളവർക്കും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ട പ്രകാരം നിയമനം ലഭിക്കുന്നതിന് നിലവിൽ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് എഞ്ചിനീയറിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിനുള്ള ശിപാർശ ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

76(1036) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കിയിട്ടുള്ളതുമായ മുഴുവൻ പ്രവൃത്തികളും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഉള്ളതെന്ന് അറിയിക്കുമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികരാത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗത്തിനുകീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കിയിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പാലങ്ങൾ വിഭാഗത്തിനുകീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളായ പുളിഞ്ഞോളിക്കടവ് പാലം, കുണ്ടുചിറ എന്നീ പാലങ്ങളുടെ പുതുക്കിയ ഡിസൈൻ ഡ്രോയിംഗിനുവേണ്ടി ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡ്രോയിംഗ് കിട്ടുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്. കുയ്യാലി പാലം നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തിയായ സർവ്വേ പൂർത്തിയാക്കിയെങ്കിലും പാലത്തിന് തൊട്ടടുത്ത് റെയിൽവേ ഗേറ്റ് ഉള്ളതിനാലും ഇൻലാന്റ് നാവിഗേഷൻ റിക്രൂട്ട് ഈ അലൈൻമെന്റിൽ വരുന്നതിനാലും ഒരു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആർ.ഒ.ബി.യുടെ ആവശ്യകതയുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. നിലവിലുള്ള പാലത്തിൽ നിന്നും 40 മീറ്റർ മാറിയാണ് റെയിൽവേ ഗേറ്റ് സ്ഥിതി ചെയ്യുന്നത്. കൂടാതെ 65 മീറ്റർ ദൂരെയായി പ്രധാനപ്പെട്ട ഒരു ജംഗ്ഷനുണ്ട്. ഈ പ്രദേശത്ത് ധാരാളം വീടുകളും സമീപത്ത് റിസർവ് ഫോറസ്റ്റ് ഏരിയയും വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുയ്യാലി പാലവും നിലവിലുള്ള റെയിൽവേ ഗേറ്റുംകൂടി ബന്ധിപ്പിച്ച് ഒരു ആർ.ഒ.ബി. ആയിരിക്കും ഇവിടെ അനുയോജ്യം.

തലശ്ശേരി കളറോഡ് റോഡിന്റെയും ഒ.വി. റോഡിന്റെയും പുനരുദ്ധാരണ പ്രവൃത്തികളാണ് കെ.എസ്.ടി.പി. നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവൃത്തിയിൽ റോഡ് നിർമ്മാണവും ഇരഞ്ഞോളി പാലത്തിന്റെ പൈലിംഗ് വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ ഗർഡർ വർക്കുകളും പുരോഗമിച്ചുവരുന്നു. സർവ്വീസ്/ അപ്രോച്ച് റോഡുകൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. 2020 ഒക്ടോബർ മാസത്തോടുകൂടി പാലം പണി പൂർത്തീകരിക്കുന്നതായിരിക്കും.

## എറണാകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച തുക

77(1037) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും എറണാകുളം നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) കെട്ടിട വിഭാഗം, നിരത്ത് വിഭാഗം, പാലങ്ങൾ വിഭാഗം, നാഷണൽ ഹൈവേ വിഭാഗം എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിനുകീഴിൽ എറണാകുളം നിയോജകമണ്ഡലത്തിലേയ്ക്ക് നോൺപ്ലാൻ ഇനത്തിൽ 435 ലക്ഷം രൂപയും 100 രൂപ ടോക്കൺ പ്രൊവിഷനുള്ള 200 ലക്ഷം രൂപയുള്ള പ്രവൃത്തിയും ചേർത്ത് ആകെ 635 ലക്ഷം രൂപ അനുവദിച്ചു. കെട്ടിടം വിഭാഗത്തിനുകീഴിൽ നോൺപ്ലാൻ ഹെഡിൽ 211.385 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗത്തിനുകീഴിൽ ചിറ്റൂർ-വടുതല പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 4.60 ലക്ഷം രൂപയും എറണാകുളം, കൊച്ചി, തൃപ്പൂണിത്തുറ എന്നീ നിയോജകമണ്ഡലങ്ങളിലുൾപ്പെടുന്ന 17 പാലങ്ങൾക്കും കൂടി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രവൃത്തികൾക്കായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ നിരത്ത് പരിപാലന വിഭാഗം

78(1038) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിരത്ത് പരിപാലനവിഭാഗം നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം എന്താണ്;

(ബി) ഈ വിഭാഗം നിലവിൽ വന്നതിന് ശേഷം ഏതെങ്കിലും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നിരത്ത് പരിപാലന വിഭാഗത്തിൽ നിന്നും രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; അതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) എറണാകുളം ജില്ലയിൽ നിരത്ത് പരിപാലന വിഭാഗം നിലവിൽ വന്നിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനം നടത്തുക, റോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കുക, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനം മുഖേന റോഡുകളുടെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവ തുടർച്ചയായി വിശകലനം ചെയ്ത് റോഡുകളുടെ വാർഷിക പരിപാലന പദ്ധതി (ARMOP) തയ്യാറാക്കുക എന്നതാണ് ഇവരിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം.

(ബി) നിരത്ത് പരിപാലന വിഭാഗം നിലവിൽ വന്നതിനുശേഷമാണ് എറണാകുളം ജില്ലയിലെ സംസ്ഥാന പാതകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനു വേണ്ടിയുള്ള റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം ത്വരിതഗതിയിലായത്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി 327 കി.മീ. റോഡിലെ ഇൻവെന്ററി സർവ്വേയും CVPD (Commercial Vehicles Per Day) സർവ്വേയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഔട്ട് പുട്ട് ആന്റ് പെർഫോർമൻസ് ബേയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന നൂതന പരിപാലന കരാർ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ട സർവ്വേയും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉടൻ തയ്യാറാക്കുന്നതാണ്.

(സി) നിരത്ത് പരിപാലന വിഭാഗത്തിൽനിന്നും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഒരു അസിസ്റ്റന്റ് എഞ്ചിനീയറെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആലുവ എറണാകുളം റോഡിൽ പാലാരിവട്ടം ഭാഗത്ത് പൈപ്പ് പൊട്ടിയതുമൂലം വാട്ടർ അതോറിറ്റിയെടുത്ത കുഴിയിൽ വീണ് യുവാവ് മരിക്കാൻ ഇടയായത് അപകട മുന്നറിയിപ്പ് ബോർഡോ, ബാരിക്കേഡോ സ്ഥാപിക്കാത്തതുകൊണ്ടാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതിനാണ് ടിയാളുകളെ സസ്പെന്റ് ചെയ്തിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

79(1039) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ആന്റ് ബ്രിഡ്ജസ്, കെട്ടിട വിഭാഗം എന്നിവ മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ, അവ ഓരോന്നിനും നീക്കിവച്ച തുക എന്നിവ വിശദമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് ദേശീയപാത വിഭാഗം വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ, അവ ഓരോന്നിനും നീക്കിവച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ആൻഡ് ബ്രിഡ്ജസ്, കെട്ടിട വിഭാഗം എന്നിവ മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ, അവ ഓരോന്നിനും നീക്കിവച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അനുബന്ധമായി ചേർക്കുന്നു*.

**ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

80(1040) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഈ സർക്കാർ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ നടക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. 2019 ഫ്ലഡിൽ തകർന്ന വേങ്ങന്നിയൂർ പാലത്തിന്റെ കൈവരികളുടെ പുനർ നിർമ്മാണം പൂർത്തിയാക്കി.

2. പനയഞ്ചിറ പാലം, വണ്ടാഴിപ്പാലം എന്നിവയുടെ 2019 ഫ്ലഡിനോട് ബന്ധപ്പെട്ട റിപ്പയർ വർക്ക് പുരോഗമിക്കുന്നു.

കെട്ടിട, നിരത്ത് വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് ഫണ്ട് മുഖേന കൊല്ലം ജില്ലയിൽ അനുവദിച്ച പദ്ധതികൾ

81(1041) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1-നുശേഷം സ്റ്റേറ്റ് ലവൽ ടാസ്ക് ഫോഴ്സ് ഫണ്ട് മുഖേന കൊല്ലം ജില്ലയിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ജില്ലയിലെ ഓരോ മണ്ഡലത്തിലും ഇതിനായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വെള്ളപ്പൊക്കംമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് എസ്.എൽ.റ്റി.എഫ്.-ൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ ജില്ലാതലത്തിൽ നിന്നും സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് അനുമതി നൽകുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെടുമങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

82(1042) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം മുഖാന്തരം നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് നിർമ്മാണം ആരംഭിച്ചതിന് ശേഷം നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ സി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ "പൗഡിക്കോണം സൊസൈറ്റി ജംഗ്ഷൻ-അയിരൂപ്പാറ-പോത്തൻകോട് റോഡ് വികസനം" എന്ന പ്രവൃത്തിയുടെ അയിരുപ്പാറ പോത്തൻകോട് ഭാഗം (25 കി.മീ.) പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പാലങ്ങൾ വിഭാഗത്തിനുകീഴിൽ വാളിക്കോട്- വട്ടപ്പാറ റോഡിൽ വാളിക്കോട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിക്കായി 31-3-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 624/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ പാലം നിർമ്മാണം പൂർത്തിയാക്കി അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെ.എസ്.റ്റി.പി. രണ്ടാംഘട്ട പ്രവൃത്തികൾക്കായി 13-2-2013-ലെ സ.ഉ.(കൈ) നമ്പർ 16/2013/പൊ.മ.വ. പ്രകാരം 2005 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.റ്റി.പി.യുടെ അധീനതയിലുള്ള എം.സി. റോഡിൽ നെടുമങ്ങാട് മണ്ഡലത്തിൽ വരുന്ന കാട്ടായിക്കോണം മുതൽ തൈക്കാട് വരെയുള്ള 7 കി.മീ. ഭാഗത്ത് ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന മാതൃകാ സുരക്ഷാ ഇടനാഴി പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.റ്റി.പി.-യുടെ അധീനതയിലുണ്ടായിരുന്ന മണ്ണന്തല-തൈക്കാട് റോഡിൽ അരുവിയോട് മുതൽ തൈക്കാട് വരെ 13/500 കി.മീ. ഭാഗത്തും, പേരൂർക്കട-നെടുമങ്ങാട് റോഡിൽ വഴയില മുതൽ പുത്തൻപാലം വരെയുള്ള 12 കി.മീ. റോഡിലും മെയിന്റനൻസ് പ്രവൃത്തികളും നടത്തിയിരുന്നു.

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ കീഴിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പാക്കേജ് ബി-യിൽ ഉൾപ്പെടുത്തി വെള്ളനാട്-ചെറ്റച്ചൽ റോഡ് (തിരുവനന്തപുരം ജില്ല) 21.90 കി.മീ. പി.പി.പി. ആന്വിറ്റി വ്യവസ്ഥയിൽ രണ്ട് വർഷത്തെ നിർമ്മാണ കാലാവധിയിൽ 27-10-2018-ന് പൂർത്തീകരിക്കുകയും ശേഷമുള്ള 13 വർഷത്തെ പി.പി.പി. ആന്വിറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയുമാണ്. 21.9 കി.മീ. ദൈർഘ്യം വരുന്ന റോഡ് തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് തുടങ്ങി ആര്യനാട് ഇരുതലമൂല വരെയും അവിടുന്ന് സ്വരാജ് ഗേറ്റ് തുടങ്ങി ചെറ്റച്ചലിൽ അവസാനിക്കുന്നു. 5.5 മീറ്റർ വീതിയിലാണ് ടാർ പണി പൂർത്തീകരിച്ചത്. ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ ഫുട്ട്പാത്തും ഹാൻഡ് റെയിലും സജ്ജമാക്കിയിട്ടുണ്ട്. വെള്ളനാട്, ആര്യനാട്, കാഞ്ഞിരംമൂട്, ഇരുതലമൂല, ചെറ്റച്ചൽ എന്നീ 5 പ്രധാന ജംഗ്ഷനുകളാണ് ഈ പ്രോജക്ട് റോഡിലുള്ളത്. മഴവെള്ളം ഒലിച്ച് പോകുന്നതിനും റോഡിന്റെ നിലനിൽപ്പിനാവശ്യമായ സ്ഥലങ്ങളിലെല്ലാം ഡ്രെയിനേജുകളും കൾവെർട്ടും കെട്ടി റോഡിൽ മഴവെള്ളം തങ്ങി നിൽക്കാതിരിക്കാനുള്ള പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ ഉറപ്പുവരുത്തുന്നതിനുള്ള സൈൻ ബോർഡ്, സീബ്ര ലൈൻ ക്രോസിങ്ങ്, റോഡ് മാർക്കിംഗ്, റോഡ് സ്റ്റഡ്സ് എന്നിവയെല്ലാം സജ്ജീകരിച്ചിട്ടുണ്ട്. കെട്ടിട നിരത്ത് വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം I ആയും ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായിചേർക്കുന്നു*.

(ബി) കെട്ടിട വിഭാഗത്തിനുകീഴിൽ നെടുമങ്ങാട് റവന്യൂ ടവർ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ മണ്ണ് പരിശോധന യ്ക്കായുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു. നിരത്ത് വിഭാഗത്തിനുകീഴിൽ ആരംഭിക്കാത്ത പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കെട്ടിടവിഭാഗത്തിനുകീഴിൽ നെടുമങ്ങാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ മണ്ണ് പരിശോധന നടത്തിത്തുടങ്ങിയപ്പോൾ മണ്ണിന് വേണ്ടത്ര ബലമില്ലാത്തതിനാൽ അഡീഷണലായി soil conformation test നടത്തേണ്ടിവന്നു. അതിനുശേഷം additional structural design ചെയ്ത് കിട്ടിയതിനുശേഷമേ പണി തുടങ്ങാൻ കഴിഞ്ഞുള്ളൂ. ആയതിനാലാണ് കാലതാമസമുണ്ടായത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവൃത്തികൾ

83(1043) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിവര സാങ്കേതിക മേഖലയിലെ നൂതനാശയമായ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ സംവിധാനം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു :

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം

3. ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസൊടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസൊടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.

13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

(ബി) ആധുനികവത്കരണ നടപടികളുടെ ഗുണനിലവാരമുള്ള സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താൻ സർക്കാർ നയപരമായി തീരുമാനമെടുക്കുകയും ഐ.എസ്.ഒ. നിലവാരം കൊണ്ടുവരുന്നതിനുള്ള മാനദണ്ഡങ്ങൾ

നിശ്ചയിക്കാൻ ഐ.എസ്.ഒ. മേഖലയിൽ പ്രാവീണ്യമുള്ള കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തുടർനടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ഏജൻസി ഇതുസംബന്ധിച്ച് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ ആവശ്യമായ ആഡിറ്റുകൾ നടത്തി ഇതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം ഐ.എസ്.ഒ. നിലവാരം പുലർത്തുന്നുവെന്ന സാക്ഷ്യപത്രവും നൽകുന്നതാണ്. ഈ നിലവാരം കൈവരിക്കാനുതകുന്ന തരത്തിലുള്ള ഭൗതികസാഹചര്യങ്ങൾ വകുപ്പ് ഒരുക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

(സി) വിവര സാങ്കേതിക മേഖലയിലെ നൂതനമായ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. സ്ഥാവര വസ്തുക്കളുടെ കൈമാറ്റങ്ങൾക്ക് ബാധകമായ നിയമവ്യവസ്ഥകളെ സാങ്കേതികവിദ്യയുമായി സന്നിവേശിപ്പിച്ച് കേരളത്തിലെ ഭൂരേഖ മാനേജ്മെന്റിന് ഒരു പുതിയ മുഖം നൽകുന്നതോടൊപ്പം രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളുടെ സേവനം ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്നതും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ പരീക്ഷണപരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികളും പുരോഗമിക്കുന്നു.

## രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

84(1044) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ സ്മാർട്ട് കോൺട്രാക്ട് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും ഡോക്യുമെന്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളിലെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു :

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈനായി ടോക്കണെടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നമുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടി കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസൊടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസൊടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.

13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെതന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പിലാക്കുന്നമുറയ്ക്ക് സ്മാർട്ട് കോൺട്രാക്റ്റ് എന്ന ആശയം പ്രാവർത്തികമാകുന്നതാണ്. സ്ഥാവര വസ്തുക്കളുടെ കൈമാറ്റങ്ങൾക്ക് ബാധകമായ നിയമവ്യവസ്ഥകളെ സാങ്കേതികവിദ്യയുമായി സന്നിവേശിപ്പിച്ചുകൊണ്ട് സുരക്ഷിതമായ മാർഗ്ഗത്തിലൂടെ കൈമാറ്റ ഇടപാടുകൾ ഡിജിറ്റൽ രൂപത്തിലൂടെ സാധ്യമാകുന്നുവെന്നതാണ് സ്മാർട്ട് കോൺട്രാക്റ്റ് എന്ന ആശയംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ രീതി നടപ്പിലാക്കുന്നതോടുകൂടി വ്യാജ ഇടപാടുകൾ പൂർണ്ണമായും തടയാനും ഭൂമി കൈമാറ്റ ഇടപാടുകൾ തികച്ചും സുതാര്യവും സുരക്ഷിതവുമായിരിക്കും.

(സി) ബിസിനസ്സ് സൗഹാർദ്ദ സംസ്ഥാനങ്ങളുടെ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ഒരു വ്യവസായം ആരംഭിക്കുന്നതിന് വേണ്ടുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന വിവിധ സേവനങ്ങളുടെ നടപടി ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് അവധി ദിവസങ്ങളിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച പ്രാരംഭഘട്ട ചർച്ചകൾ ഇനിയും തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത സൗകര്യം നടപ്പിലാക്കുന്ന ഓഫീസുകളെ സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല.

## രജിസ്ട്രാർ ഓഫീസുകളിലെ ഡിജിറ്റൈസേഷൻ

85(1045) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരത്തിന്റെ പകർപ്പ് ലഭിക്കാൻ രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയ ഡിജിറ്റൈസേഷൻ പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ രജിസ്ട്രാർ ഓഫീസുകളിലാണ് നിലവിലുള്ളത്;

(ബി) ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയവയിൽ ഏത് കാലയളവിന് ശേഷമുള്ള രേഖകളാണ് ലഭ്യമാകുക; വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പാക്കി വരുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ 1990-ന് ശേഷമുള്ളതും പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള എല്ലാ രജിസ്റ്റർ വാല്യങ്ങളും കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ 2005 മുതൽ 2018 വരെയുള്ള രജിസ്റ്റർ വാല്യങ്ങളുമാണ് ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## സ്റ്റാമ്പ്ഡ്യൂട്ടി വരുമാനം

86(1046) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ഭൂമിയുടെ ന്യായവിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ന്യായവിലയിൽ ഇത്രയും ഉയർച്ച വന്നിട്ടും സ്റ്റാമ്പ്ഡ്യൂട്ടിയിൽ ഇത് അനുസരിച്ചുള്ള വർദ്ധനവും അതു പ്രകാരമുള്ള വരുമാന വർദ്ധനവും വന്നിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. S.R.O.No.698/2014 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച 14-11-2014-ലെ ജി.ഒ.(പി) 188/2014/ടി.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം* 1-4-2010-ൽ പ്രസിദ്ധീകരിച്ച നിലവിലുണ്ടായിരുന്ന ഭൂമിയുടെ അടിസ്ഥാന ന്യായവിലയുടെ അൻപത് ശതമാനം വർദ്ധിപ്പിച്ചു. (150%)

2. S.R.O.No.186/2018 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച 31-3-2018-ലെ ജി.ഒ.(പി) 43/2018/ടി.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ന്യായവിലയുടെ 10% കൂടി വർദ്ധിപ്പിച്ചു. (165%)

3. S.R.O.No.311/2019 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ച 30-4-2019-ലെ ജി.ഒ.(പി) 70/2019/ടി.ഡി. നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം ന്യായവിലയുടെ 10% കൂടി വർദ്ധിപ്പിച്ചു. (182%)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ വർഷത്തെയും കണക്ക് പരിശോധിക്കുമ്പോൾ വാർഷിക വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും ആനുപാതിക വർദ്ധനവ് പ്രതീക്ഷിക്കുന്നു.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

87(1047) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദത്ത് ആരംഭിക്കുന്ന സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മാണത്തിനായി കുഴൽമന്ദം ഗ്രാമപഞ്ചായത്ത് നൽകിയ Building permit No.A2-BAC 2436157 dated 12-10-2018-എന്ന നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റിനെ ചോദ്യം ചെയ്ത് ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ ബഹുമാനപ്പെട്ട LSGI (Local self Government Institutions) ട്രിബ്യൂണലിന് നൽകിയ പരാതി പരിഗണിച്ച് 25-9-2019-ലെ IA No.1429/2019-നമ്പർ ഉത്തരവുപ്രകാരം ടി കെട്ടിട നിർമ്മാണ പെർമിറ്റും അനുപ്രകാരമുള്ള നിർമ്മാണ നടപടികൾക്കും സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽനിന്നും കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(ബി) കെട്ടിടനിർമ്മാണ കരാർപ്രകാരം 10-12-2019-ന് നിർമ്മാണം പൂർത്തിയാകേണ്ടതായിരുന്നു. കെട്ടിടനിർമ്മാണത്തിനുള്ള സ്റ്റേ ഓർഡർ മാറ്റിക്കിട്ടിയാലേ കെട്ടിടനിർമ്മാണം പുനരാരംഭിക്കാൻ കഴിയൂ.

**രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

88(1048) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ കരാർ എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; കരാർ തീയതിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 51 ഓഫീസുകളുടെ പുതിയ കെട്ടിട നിർമ്മാണവും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയുമാണ് കിഫ്ബി പ്രോജക്റ്റിൽ ഉൾപ്പെടുന്നത്. നേമം (നേമം രജിസ്ട്രേഷൻ കോംപ്ലക്സ്), വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ, നാവായിക്കുളം, മാരാരിക്കുളം, തൊടുപുഴ, ഉടുമ്പൻചോല, കോട്ടയം അഡീഷണൽ (കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ്), കടുത്തുരുത്തി, കോതമംഗലം, കുഴപ്പിള്ളി, കുന്നംകുളം, അക്കിക്കാവ്, മുണ്ടൂർ, അണ്ടത്തോട്, പഴയന്നൂർ, തൃപ്രയാർ, കല്ലേറ്റുംകര, ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, തൃത്താല, കുറ്റിപ്പുറം, കൽപ്പകഞ്ചേരി, താനൂർ, തേഞ്ഞിപ്പാലം, മലപ്പുറം, പരപ്പനങ്ങാടി, വെസ്റ്റ്ഹിൽ, ചാത്തമംഗലം, വില്ല്യാപ്പിള്ളി, പയ്യോളി, ഫറോക്ക്, പേരാമ്പ്ര, അഴിയൂർ, നാദാപുരം, നടുവണ്ണൂർ, ചേളന്നൂർ, തിരുവള്ളൂർ, മാനന്തവാടി, തളിപ്പറമ്പ്, ഉളിയിൽ, തൃക്കരിപ്പൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെയും കോഴിക്കോട് ജില്ലാ രജിസ്ട്രാർ ഓഫീസിന്റെയും (കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്) നവീകരണവും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലയിൻകീഴ്, കന്യാകുളങ്ങര, തോപ്രാംകുടി, കുഴൽമന്ദം, ഉദുമ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്കുള്ള സ്വന്തം കെട്ടിട നിർമ്മാണവുമാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. കൊല്ലം സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണവും ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നെങ്കിലും ടി ഓഫീസിനുപകരം ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിനെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) ഒന്നാംനിലയുടെ വാർപ്പ് കഴിഞ്ഞു. രണ്ടാംനിലയ്ക്കുള്ള പില്ലറുകളുടെ നിർമ്മാണം നടന്നുവരുന്നു.

(സി) കരാർപ്രകാരം 29-1-2020-ന് നിർമ്മാണം പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ കെട്ടിടനിർമ്മാണ സൈറ്റിൽനിന്നും പാറ, മണ്ണ് എന്നിവ നീക്കം ചെയ്യേണ്ടിയിരുന്നതിനാൽ അതിന് നിയമാനുസൃതമായ ചില നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതായിവന്നു.

## പള്ളുരുത്തിയിൽ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാൻ നടപടി

89(1049) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കൊച്ചി സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പള്ളുരുത്തിയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് സഹിതമുള്ള റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പള്ളുരുത്തി സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ കളക്ടറുടെ അഭിപ്രായം രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് സഹിതമുള്ള റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ബാധകമല്ല.

## ആലപ്പുഴ-അമ്പലപ്പുഴ രണ്ടുവരി റെയിൽപ്പാത

90(1050) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-അമ്പലപ്പുഴ (10-കിലോമീറ്റർ) രണ്ടുവരി റെയിൽപ്പാത സാക്ഷാത്കരിക്കാൻ കഴിഞ്ഞാൽ ആലപ്പുഴ മുതൽ തിരുവനന്തപുരം വരെ രണ്ടുവരിപ്പാത പൂർത്തിയാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആലപ്പുഴ-അമ്പലപ്പുഴ രണ്ടുവരിപ്പാതയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി യുദ്ധകാലാടിസ്ഥാനത്തിലാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) തീരദേശ റെയിൽപ്പാതയിലെ ആലപ്പുഴ-എറണാകുളം രണ്ടുവരിപ്പാതയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ അർത്ഥന റെയിൽവേയിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) എറണാകുളം-അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കുന്നതാണെന്ന് പദ്ധതി പ്രഖ്യാപനവേളയിൽ അറിയിച്ചിരുന്നു. എന്നാൽ ഉയർന്ന ഭൂമിവില കാരണം പദ്ധതി ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് റെയിൽവേ ആവശ്യപ്പെടുന്നത്. എന്നാൽ 2010 മുതൽ 2015 വരെയുള്ള വിവിധ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതു പോലെ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും റെയിൽവേ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## റെയിൽവേ വികസന പദ്ധതികൾ

91(1051) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ റെയിൽവേ വികസനകാര്യത്തിൽ അവഗണന ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, സിഗ്നൽ പരിഷ്കരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പി.പി.പി. മോഡൽ വഴി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെങ്കിലും റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) കോഴിക്കോട്, തിരുവനന്തപുരം സ്റ്റേഷനുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം, എന്നിവയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇതിനോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം അനുവർത്തിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്രബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി റെയിൽ), അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാംപാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് നീക്കിവച്ചിട്ടുള്ളത്.

ഇതിൽ തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ, (ഇ.ബി.ആർ.ഐ.എഫ്.) ഇനത്തിലും 5 കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ 5 കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം മെമു ഷെഡ് വികസനം, റെയിൽവേ സ്റ്റേഷനുകളുടെ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പദ്ധതികൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന വിഹിതം അടിയന്തരമായി അനുവദിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി&ഡി) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിലുൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി കോ-ഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട് നഗ്ലിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വർക്കല-ശിവഗിരി റെയിൽവേ

സ്റ്റേഷൻ വികസനം വിവിധ കോർപ്പറേഷനും ഇന്ത്യൻ റെയിൽവെ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾക്കുപുറമെ പാലക്കാട് ഡിവിഷന് കീഴിലുള്ള 11 റെയിൽവേ സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ. 14001:2015 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനുകീഴിലുള്ള 16 റെയിൽവേ സ്റ്റേഷനുകളിലും, പാലക്കാട് ഡിവിഷനുകീഴിലുള്ള 4 റെയിൽവേ സ്റ്റേഷനുകളിലും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

## റെയിൽവേ വികസനം

92(1052) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേന്ദ്ര അവഗണനയ്ക്കെതിരെ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) സംസ്ഥാന റെയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽപാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽകരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്.

ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൽ യാത്ര ദുസ്സഹമാക്കിയ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ എൽ.എച്ച്.ബി. കോച്ചുകളുള്ള ട്രെയിൽ ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽനിന്നും ബംഗളൂരുവിലേയ്ക്കുള്ള വർദ്ധിച്ച തോതിലുള്ള യാത്ര ആവശ്യവും സ്വകാര്യ ബസ്സുകൾ യാത്രക്കാരെ ചൂഷണത്തിന് വിധേയമാക്കുന്നതും കണക്കിലെടുത്ത് കേരള-ബാംഗ്ലൂർ സെക്ടറിൽ ദിവസേന രണ്ട് അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം-പാലക്കാട് അമൃത എക്സ്പ്രസ് ട്രെയിനിന്റെ സമയമാറ്റംമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയപട്ടിക പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും റെയിൽവേ വകുപ്പുമന്ത്രിക്കും സംസ്ഥാനത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. എം.പി.-മാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് നിയമസഭ പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേരളത്തിലെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ അനുകൂല നിലപാട് കൈക്കൊള്ളണമെന്നും 10-7-2019, 30-12-2019, 16-1-2020, 6-2-2020 എന്നീ തീയതികളിലെ കത്തുകൾ മുഖേന സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ഉതകുന്ന എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കൽ, അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ, കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതി, ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി (ശബരി റെയിൽ), അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി, എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കുമിടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക്

സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, റെയിൽവേ സ്റ്റേഷനുകളുടെ വികസനം, നേമം ടെർമിനലിന് പദ്ധതി, തിരുവനന്തപുരം-കാസർഗോഡ് വരെ സെമി ഹൈസ്പീഡ് റെയിൽ കൊറിഡോർ, കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗമില്ലാത്തത്) പുനർനിർമ്മാണം തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനം മുന്നോട്ടുവച്ചിട്ടുള്ളത്.

**റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം**

93(1053) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്തെ നിർദ്ദിഷ്ട റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നറിയിക്കാമോ;

(സി) വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി എത്ര രൂപയുടെ പദ്ധതി ആണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) 19-4-2018-ലെ സ.ഉ (സാധാ) നമ്പർ 718/2018/പൊ.മ.വ. പ്രകാരം ബാലരാമപുരത്തെ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന്റെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ആർ.ഒ.ബി.യുടെ ജി.എ.ഡി. സതേൺ റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, വിഴിഞ്ഞം പോർട്ടുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു വികസന പദ്ധതി കൊങ്കൺ റെയിൽവേയെ ഏൽപ്പിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ ആർ.ബി.ഡി.സി.കെ.-യെ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റും ജി.എ.ഡി.-യും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) Institute of Societal Advancement -നെ കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്.

(സി) അലൈൻമെന്റും ജി.എ.ഡി.-യും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം മാത്രമേ വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ബാലരാമപുരം ആർ.ഒ.ബി. ഉൾപ്പെടെ 39 ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിനായി 878 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ലൈറ്റ് മെട്രോ മേൽപ്പാല നിർമ്മാണം

94(1054) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാല നിർമ്മാണം സംബന്ധിച്ച പ്രഖ്യാപനം 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രഖ്യാപനം കഴിഞ്ഞ് ഏകദേശം നാല് വർഷമായിട്ടും ഇക്കാര്യത്തിൽ പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടാണ്;

(സി) മേൽപ്പാല നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത മേൽപ്പാലങ്ങൾക്ക് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; കിഫ്ബിയുടെ ധനസഹായം ഇതിന് ലഭ്യമാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാലം, പട്ടം ജംഗ്ഷനിൽ അണ്ടർ പാസ്സേജ് എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പിന്നീട് 2016 സെപ്റ്റംബറിൽ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചു.

(ബി) 2016-17-ൽ തന്നെ പ്രസ്തുത പദ്ധതികൾക്കുള്ള പ്രാരംഭ നടപടി ആരംഭിച്ചു. രൂപരേഖകൾ തയ്യാറാക്കുക, അവ പരിശോധിച്ച് അംഗീകരിക്കുക, കിഫ്ബിയുടെ പ്രാഥമിക അംഗീകാരം ലഭ്യമാക്കുക, സ്ഥലമെടുപ്പിനുള്ള വിശദ വിവരങ്ങൾ തയ്യാറാക്കുക എന്നീ പ്രവൃത്തികൾ 2017-ൽ പൂർത്തിയാക്കുകയും തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പ് നടപടി ആരംഭിക്കുകയും ചെയ്തു. മൂന്ന് മേൽപ്പാലങ്ങളുടെയും സ്ഥലമെടുപ്പിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ശ്രീകാര്യം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പ് നടപടി താമസിയാതെ പൂർത്തിയാകും. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി&ഡി) മേൽപ്പാല നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും 272 കോടി രൂപയ്ക്ക് 8-9-2016-ലെ ജി.ഒ (എം.എസ്.) നമ്പർ 67/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് ഈ പദ്ധതിക്കാവശ്യമായ തുക അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

95(1055) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി തയ്യാറാക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖക്ക് കാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ;

(ബി) പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുവാൻ സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഡി.എം.ആർ.സി. തയ്യാറാക്കിയ പദ്ധതിരേഖ സെക്രട്ടറിതല സമിതി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിൽ എന്തൊക്കെ മാറ്റങ്ങളാണ് നിർദ്ദേശിച്ചതെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ സാഹചര്യത്തിൽ ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പിലാക്കുന്നതിന് എന്ത് തുക ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് സംസ്ഥാനത്തിന് വലിയ ബാധ്യത ഉണ്ടാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ സാധ്യമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; ലൈറ്റ് മെട്രോക്കായി കേന്ദ്ര അനുമതി തേടേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖയ്ക്ക് കാബിനറ്റ് അംഗീകാരം നൽകിയിട്ടില്ല.

(ബി&സി) ഡി.എം.ആർ.സി. തയ്യാറാക്കിയ തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ വിശദ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ നിരീക്ഷണങ്ങളുടെ സംക്ഷിപ്ത രൂപം താഴെപ്പറയുന്നു :

1. നിർദ്ദിഷ്ട ലൈറ്റ്മെട്രോ പദ്ധതികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും, ചെലവ് ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദപരവും സുഖപ്രദവും സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. ചുരുങ്ങിയത്, 50 വർഷത്തേയ്ക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2. ആദ്യ വർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കുമെന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈറ്റ് മെട്രോകൾ പ്രവർത്തനസജ്ജമായശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടി രൂപയും തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്ത് നിന്ന് അധിക ധനസഹായമായി വേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ട് പദ്ധതികളും പൂർത്തിയായതിനുശേഷം 8-9 വർഷംകൊണ്ട് നടപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷംകൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിനുപുറമെ ഏകദേശം 3783 കോടി രൂപ വായ്പയും അതിന്മേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടയ്ക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മോറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലൈറ്റ് മെട്രോ നടത്തിപ്പിൽ നിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടിവരും.

5. പുതുക്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതികവശങ്ങളും ഇനം തിരിച്ചുള്ള ചെലവ് സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance (VCF)-നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോപാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ ഉൾപ്പെടുന്നു. ഇത് തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ ശിപാർശകൾ നടപ്പിലാക്കുന്നതിനുമുമ്പ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തേണ്ടത് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor area Ratio(FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ നിയമങ്ങളിലും (KMBR), കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ നിയമങ്ങളിലും (KPBR), ഇതിനോടകംതന്നെ മിക്ക വിഭാഗം കെട്ടിടങ്ങളുടെയും FAR 4 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4673 കോടി രൂപയാണ്. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 2773 കോടി രൂപയാണ്. രണ്ട് പദ്ധതികൾക്കുമായി 2187 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ, വായ്പയായി സമാഹരിക്കാനുദ്ദേശിച്ചിട്ടുള്ള 3783 കോടി രൂപയും അതിന്മേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ധനസഹായം ആവശ്യമായി വരും. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞുള്ള ആദ്യവർഷങ്ങളിലെ നടത്തിപ്പിനുള്ള ധനസഹായവും സംസ്ഥാന സർക്കാർ നൽകേണ്ടിവരും.

(ഇ) തിരുവനന്തപുരത്ത് ടെക്നോപാർക്കിനെ ലൈറ്റ് മെട്രോ പാതയുമായി ബന്ധിപ്പിക്കുന്നതു സംബന്ധിച്ച പഠനറിപ്പോർട്ട് ലഭ്യമായതിനുശേഷം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖ കെ.ആർ.ടി.എൽ. ഡയറക്ടർ ബോർഡ് വീണ്ടും പരിഗണിക്കുന്നതാണ്. ബോർഡിന്റെയും സംസ്ഥാന മന്ത്രിസഭയുടെയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**അതിവേഗ റെയിൽ പദ്ധതി**

96(1056) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം.ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് പ്രകാരം എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരിക എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷംതന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സുരക്ഷിത ട്രെയിൻ യാത്ര ഉറപ്പാക്കാനുള്ള നടപടികൾ**

97(1057) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരേ രാത്രിയിൽ ചെന്നൈ-മംഗലൂരു എക്സ്പ്രസ്സിലും തിരുവനന്തപുരം-മംഗലൂരു മലബാർ എക്സ്പ്രസ്സിലുമുണ്ടായ വൻ സ്വർണക്കവർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷങ്ങൾ വിലമതിക്കുന്ന ആഭരണങ്ങളോടൊപ്പം പണവും വിലപ്പെട്ട രേഖകളും യാത്രക്കാർക്ക് നഷ്ടമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) യാത്രക്കിടയിലുണ്ടാകുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടി എടുക്കേണ്ടതും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും സംസ്ഥാന സർക്കാരിന് കീഴിലുള്ള ഗവൺമെന്റ് റെയിൽവേ പോലീസിന്റെ (ജി.ആർ.പി.) ചുമതലയിൽപ്പെട്ട കാര്യമാണോ; എങ്കിൽ അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെങ്കിലും നൂതന നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) യാത്രക്കാർക്ക് സുരക്ഷ നൽകാൻ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതും വിവിധ കേന്ദ്രങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തിക്കാത്തതും ട്രെയിനുകളിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും മോഷണവും വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ;

(ഇ) എങ്കിൽ പരിഹാരമാർഗ്ഗമായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്ഷങ്ങൾ വിലമതിക്കുന്ന ആഭരണങ്ങളോടൊപ്പം പണവും വിലപ്പെട്ട രേഖകളും യാത്രക്കാർക്ക് നഷ്ടമായത് സംബന്ധിച്ച പരാതി റെയിൽവേ പോലീസ് നൽകിയിട്ടുണ്ട്. കോഴിക്കോട് റെയിൽവേ പോലീസ് രണ്ട് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(സി) റെയിൽവേ സ്റ്റേഷൻ, പ്ലാറ്റ്ഫോം എന്നിവിടങ്ങളിലെ യാത്രക്കാരുടെ നിയന്ത്രണം, സ്റ്റേഷനുകളിലെ വാഹന നിയന്ത്രണം, സ്റ്റേഷനുകളിൽ നിർത്തിയിരിക്കുന്ന ട്രെയിനുകളുടെ മേൽനോട്ടം, ട്രെയിനുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്നവർക്കും എതിരായി നടക്കുന്ന അതിക്രമങ്ങൾ തടയുക മുതലായവ ഗവൺമെന്റ് റെയിൽവേ പോലീസിന്റെ (ജി.ആർ.പി.) ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. നിലവിലെ അംഗബലം വച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി&ഇ) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി രാജ്യത്തെമ്പാടുമുള്ള റെയിൽവേ സ്റ്റേഷനുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും, ട്രെയിനിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്നവരുടെയും സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി രാജ്യത്തെ മുഴുവൻ ട്രെയിനുകളിലെ കോച്ചുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിച്ചിട്ടുണ്ട്.

## റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം

98(1058) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി-പുതിയങ്ങാടി റോഡിലെ റെയിൽവേ അണ്ടർ പാസിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നിലവിലുള്ള റെയിൽവേ അണ്ടർ ബ്രിഡ്ജിൽനിന്നും 20 മീറ്റർ മാറി മംഗലാപുരം ഭാഗത്തേയ്ക്ക് റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ആവശ്യമായ റഫ് കോസ്റ്റ് എസ്റ്റിമേറ്റും റിപ്പോർട്ടും നൽകാൻ കണ്ണൂർ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 6-11-2019-ന് സതേൺ റെയിൽവേ ഡിവിഷൻ, പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

## ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ വെട്ടിക്കുറയ്ക്കാനുള്ള നീക്കം

99(1059) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നുള്ള ദീർഘദൂര ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ വെട്ടിക്കുറയ്ക്കുവാനുള്ള റെയിൽവേ ബോർഡിന്റെ നീക്കം യാത്രക്കാർക്ക് ദുരിതം ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചെന്നൈ-തിരുവനന്തപുരം, ആലപ്പുഴ-ചെന്നൈ, മാവേലി, മലബാർ എക്സ്പ്രസ്സ് ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ കുറച്ചതുമൂലം ഉള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെന്നൈ-തിരുവനന്തപുരം, ആലപ്പുഴ-ചെന്നൈ, മാവേലി, മലബാർ എക്സ്പ്രസ്സ് മുതലായ ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ കുറച്ചത് മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നും, കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി, അമൃത എക്സ്പ്രസ്സ്, എറണാകുളം നിസാമുദ്ദീൻ മില്ലേനിയം എക്സ്പ്രസ്, കൊച്ചുവേളി-ഡെറാഡൂൺ എക്സ്പ്രസ്സ്, കന്യാകുമാരി-മുംബൈ ജയന്തി

ജനത എക്സ്പ്രസ്സ് മുതലായ ട്രെയിനുകളിൽ കൂടുതൽ കോച്ചുകൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കാരണം ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന 7 ട്രെയിനുകളിൽ ഓരോ എ.സി. ത്രീ ടയർ കോച്ച് അധികമായി അനുവദിച്ചിട്ടുണ്ട്.

## ടി.ടി.സി./ഡി.എഡ്. കോഴ്സുകളുടെ സിലബസിൽ വന്ന മാറ്റങ്ങൾ

100(1060) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മുതൽക്കൂട്ടാകുന്നതിന് ഉതകുന്ന രീതിയിൽ നിലവിലുണ്ടായിരുന്ന ടി.ടി.സി./ഡി.എഡ്. കോഴ്സുകളുടെ സിലബസിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് വിശദമാക്കാമോ;

(ബി) ഈ പരിഷ്കരിച്ച സിലബസ് പ്രകാരം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) പഴയ ടി.ടി.സി./ഡി.എഡ്. ബാച്ചുകളിൽ മാത്സ്/സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിൽ ഓപ്ഷണലായി പഠിച്ച വിദ്യാർത്ഥികളെക്കാൾ ഓപ്ഷനുകൾ ഇല്ലാതെ എല്ലാവിഷയങ്ങളും ഒരുപോലെ പഠിച്ച് 2020 വർഷത്തിൽ പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ പുറപ്പെടുവിച്ച എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) 1. എൻ.സി.ടി.ഇ. നിർദ്ദേശപ്രകാരം പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ ഡി.എൽ.എഡ്. കോഴ്സിലെ ആകെ സാധ്യമായ ദിവസങ്ങളുടെയും ആകെ സ്കോറിന്റെയും 25% സ്കൂൾ അനുഭവ പരിപാടികൾക്കായി (ഇന്റേൺഷിപ്പ്) മാറ്റിവച്ചു.

2. വിവരവിനിമയ സാങ്കേതികവിദ്യ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഉൾച്ചേർന്ന വിദ്യാഭ്യാസം (302) എന്ന പേപ്പറിൽ അർഹമായ പരിഗണനയോടെ ഉൾപ്പെടുത്തി.

4. പഠനയാത്ര, സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് എന്നിവയുടെ സംഘാടനത്തിലും വിലയിരുത്തലിലും കാലോചിതമായ മാറ്റം വരുത്തി.

5. ഒന്നാം സെമസ്റ്ററിലും, രണ്ടാം സെമസ്റ്ററിലും അഞ്ച് ദിവസം വീതവും മൂന്നും നാലും സെമസ്റ്ററുകളിൽ 45 ദിവസം വീതവും ആകെ 100 ദിവസം സ്കൂൾ അനുഭവ പരിപാടികൾക്കായി വിഭജിച്ചു.

6. ഡി.എൽ.എഡ്. വിദ്യാർത്ഥികളുടെ റഫറൻസിനായി എല്ലാ വിഷയങ്ങൾക്കും പഠന പിന്തുണാ സഹായി തയ്യാറാക്കി എസ്.സി. ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. 2020 ഏപ്രിലിൽ ആദ്യ ബാച്ച് പൂർത്തിയാകും.

(സി) ഡി.എഡ്. കോഴ്സിൽ സോഷ്യൽ സയൻസ്, ഗണിതം, സയൻസ് എന്നിങ്ങനെ ഓപ്ഷണൽ വിഷയങ്ങളുണ്ടായിരുന്നു. കുട്ടികൾ ഇതിൽ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുത്ത് പഠിച്ചാൽ മതിയായിരുന്നു. എന്നാൽ പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകരാവുന്നവർ എല്ലാ വിഷയവും കൈകാര്യം ചെയ്യേണ്ടതുണ്ട്. എന്നതിനാൽ എല്ലാ വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളും പഠിക്കണമെന്ന് ഗവേഷണ പഠനത്തിലൂടെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഡി.എൽ.എഡ്. കോഴ്സ് ആരംഭിച്ചപ്പോൾ ഓപ്ഷണൽ സമ്പ്രദായം ഇല്ലാതായത്. ഈ കാരണം കൊണ്ട് എൽ.പി. യു.പി. അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ സാധിക്കാതെ വരില്ല.

## കേരള എഡ്യൂക്കേഷൻ ആക്ട്

101(1061) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള എഡ്യൂക്കേഷൻ ആക്ട് (1958) നിലവിൽ എത്ര പ്രാവശ്യം ഭേദഗതി വരുത്തിയിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) 2019-ലെ കേരള എഡ്യൂക്കേഷണൽ റൂൾസ് ഭേദഗതിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ഭാഗങ്ങൾ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) കെ.ഇ.ആറ്.-ൽ 2019-ൽ മാത്രം എത്ര ഭേദഗതികൾ വരുത്തിയിട്ടുണ്ട്; ഈ ഭേദഗതികൾ വരുത്തുന്നതിന് മുൻപായി നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ചട്ട ഭേദഗതികൾ നിയമവകുപ്പിനെ കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിയമത്തിൽ ഭേദഗതി വരുത്താതെ ചട്ടത്തിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ കോടതികളിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കെ.ഇ.ആർ.-മായി ബന്ധപ്പെട്ട് 2019-ലെ ഭേദഗതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; കെ.ഇ.ആർ. ഭേദഗതികളിലെ പിശകുകൾ പരിശോധിച്ച് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി-ഡി) കേരള വിദ്യാഭ്യാസ ആക്ട് 1958 സെക്ഷൻ 36 പ്രകാരം വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്താനുള്ള അധികാരം സർക്കാരിനുണ്ട്. പ്രൊഫ. (ഡോ.) എം.എ. ഖാദർ കമ്മിറ്റിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 31-5-2019-ലെ സ.ഉ.(കൈ)നമ്പർ 53/2019/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ തീരുമാനങ്ങൾക്ക് അനുസൃതമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തി 30-6-2019-ലെ സ.ഉ.(പി) നമ്പർ 6/2019/ പൊ.വി.വ. (SRO No.433/2019), 22-8-2019-ലെ സ.ഉ.(പി) നമ്പർ 8/2019/പൊ.വി.വ. (SRO No.572/2019), 22-8-2019-ലെ സ.ഉ.(പി) നമ്പർ 9/2019/പൊ.വി.വ. (SRO No.573/2019), 4-9-2019-ലെ സ.ഉ.(പി) നമ്പർ 11/2019/പൊ.വി.വ. (SRO No.626/2019) എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്ക് അനുസൃതമായി ആക്ടിലും ഭേദഗതി വരുത്തേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് ആക്ടിലെ ഭേദഗതികൾ ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊഫ. (ഡോ.) എം. എ. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. കോടതിയിൽ വിവിധ കേസ്സുകൾ നിലവിലുണ്ട്.

2019-ൽ എസ്.ആർ.ഒ.നമ്പർ 166/2019/പൊ.വി.വ. പ്രകാരം കെ.ഇ.ആർ.-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 2016-ൽ പുറത്തിറക്കിയ എസ്.ആർ.ഒ. നമ്പർ 752/2016 [സ.ഉ.(പി) നമ്പർ 199/2016/പൊ.വി.വ.] ന്മേൽ ഏതാനും ചില മാറ്റങ്ങൾ മാത്രമേ എസ്.ആർ.ഒ. 166/2019 പ്രകാരം നടത്തിയിട്ടുള്ളൂ. പ്രസ്തുത മാറ്റങ്ങൾ ആക്ടിലെ സെക്ഷൻ 36 പ്രകാരം അനുവദനീയമാണെന്നതിനാൽ ആക്ട് ഭേദഗതി ചെയ്യേണ്ട ആവശ്യം ഉദിക്കുന്നില്ല. ഈ ഭേദഗതികളെ ചോദ്യം ചെയ്ത് WP(C) No.6998/ 2019, WP(C) No.25790/2019 എന്നിവ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) 2019-ലെ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ഇതിൽ പിശകുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപാകതകൾ കണ്ടെത്തുന്ന പക്ഷം ആവശ്യമായ തിരുത്തലുകൾ ഭാവിയിൽ വരുത്തുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

102(1062) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്ന് വർഷത്തിനിടയിൽ എത്ര ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയ ങ്ങളിൽ അധികമായി എത്തിച്ചേർന്നത്; വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് ഒന്നുമുതൽ ഹയർസെക്കന്ററി തലം വരെ പഠിക്കുന്ന കുട്ടികളുടെ സ്കൂൾ സമയം ഇപ്പോൾ എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്;

(സി) പ്രസ്തുത സ്കൂൾ സമയം മാറ്റാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് സമയം മുതൽ ഏത് സമയം വരെ ആക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്കൂൾ സമയം രാവിലെ മുതൽ ഉച്ചവരെയാക്കിയാൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് കൂടുതൽ മികച്ച തൊഴിലധിഷ്ഠിത പരിശീലനം നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളീയ രക്ഷകർതൃ സമൂഹത്തിലുണ്ടാക്കിയ ആത്മവിശ്വാസം കുട്ടികളുടെ പ്രവേശന പ്രവണതകളിൽ പ്രതിഫലിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ സർക്കാർ/സർക്കാർ എയ്ഡഡ് മേഖലയിലുള്ള എല്ലാ സ്കൂളുകളിലുമായി 2017-18 അദ്ധ്യയന വർഷം 156565 കുട്ടികളും 2018-19 അധ്യയന വർഷം 184728 കുട്ടികളും 2019-20 അധ്യയന വർഷം 163558 കുട്ടികളും പുതുതായി വന്നുചേർന്നിട്ടുണ്ട്. ആകെ മൂന്ന് വർഷങ്ങളിലായി 504851 കുട്ടികൾ പുതുതായി വന്നുചേർന്നു.

(ബി) സംസ്ഥാനത്ത് പ്രൈമറിതലം മുതൽ ഹൈസ്കൂൾതലം വരെയുള്ള കുട്ടികളുടെ സ്കൂൾ സമയം നിലവിൽ സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ ഭൗതിക-സാമൂഹിക-പാരിസ്ഥിതിക സാഹചര്യങ്ങൾക്ക് അനുകൂലമായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ ക്രമീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. കെ.ഇ.ആർ. 7-ാം അധ്യായത്തിലെ ചട്ടം 4(3) പ്രകാരം വെള്ളിയാഴ്ചകളിലെ സമയക്രമം നിജപ്പെടുത്തിയിട്ടുണ്ട്. രാവിലെ 9.30 മുതൽ 12.30 വരെയും, 2.00 മുതൽ 4.00 വരെയുമാണ് വെള്ളിയാഴ്ചകളിലെ പ്രവൃത്തി സമയം. മറ്റ് ദിവസങ്ങളിൽ രാവിലെയും ഉച്ചയ്ക്ക് ശേഷവുമായി 5 മണിക്കൂർ ഉൾക്കൊള്ളുന്നതായിരിക്കണം സ്കൂൾ പ്രവൃത്തി സമയം എന്ന് കെ.ഇ.ആർ. 8-ാം അദ്ധ്യായത്തിലെ ചട്ടം 3 നിഷ്കർഷിക്കുന്നു.

(സി&ഡി) വിശദമായ ചർച്ചകളിലൂടെ തീരുമാനത്തിലെത്തേണ്ട വിഷയമാണ്.

**പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം**

103(1063) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ.ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളുടെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളുടെ പഠനപരമായ കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുംവിധം അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1. ഒരു പ്രത്യേക പരിശീലന മൊഡ്യൂൾ തയ്യാറാക്കി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക-രക്ഷാകർതൃ സമിതിയിലെ അംഗങ്ങൾക്ക് പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺസിന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകി.

2. ഉല്ലാസ ഗണിതം, മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം തുടങ്ങി നിരവധി പഠനപോഷണ പരിപാടികളുടെ വിശദാംശങ്ങൾ സ്കൂൾതലത്തിൽ രക്ഷാകർതൃയോഗം വിളിച്ച് വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

3. സ്കൂളിൽ സാംസ്കാരിക പരിപാടികൾ, സെമിനാറുകൾ, ചർച്ചകൾ, സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സ്കൂൾ അദ്ധ്യാപക-രക്ഷാകർതൃ സംഘടന നേതൃത്വം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഓരോ വർഷവും അദ്ധ്യാപക രക്ഷാകർതൃ സംഘടന സമാഹരിച്ചിരിക്കുന്ന തുകയിൽനിന്നും 15% തുക സ്കൂൾ ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗപ്പെടുത്തേണ്ടതാണെന്നും കൂടാതെ കമ്പ്യൂട്ടർ ലാബിലേയ്ക്കാവശ്യമായ കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാനും അദ്ധ്യാപക-രക്ഷാകർതൃ സംഘടനയുടെ ഫണ്ട് വിനിയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പത്രം, ആനുകാലികങ്ങൾ, രാസവസ്തുക്കൾ ഉൾപ്പെടെ ലബോറട്ടറി സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിനും കുട്ടിയുടെ വിവരങ്ങളും പഠനനിലവാരവും എല്ലാം രേഖപ്പെടുത്താനുള്ള സ്കൂൾ ഡയറി അച്ചടിച്ച് നൽകുന്നതിനും അദ്ധ്യാപക-രക്ഷാകർതൃ സംഘടനയുടെ ഫണ്ട് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മികച്ച പ്രവർത്തനം നടത്തുന്ന അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് സബ്ജില്ലാ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് 10,000 രൂപ വീതവും വിദ്യാഭ്യാസ ജില്ലാതലത്തിൽ 25,000 രൂപ വീതവും ജില്ലാതലത്തിൽ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാംസ്ഥാനക്കാർക്ക് 60,000 രൂപയും രണ്ടാംസ്ഥാനക്കാർക്ക് 40,000 രൂപയും നൽകുന്നു. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന അദ്ധ്യാപക-രക്ഷാകർതൃ സമിതിക്ക് 5 ലക്ഷം രൂപവീതവും രണ്ടാംസ്ഥാനത്തെത്തുന്നവർക്ക് 4 ലക്ഷം രൂപ വീതവും മൂന്നാംസ്ഥാനം ലഭിക്കുന്നവർക്ക് 3 ലക്ഷം രൂപ വീതവും നാലാംസ്ഥാനം ലഭിക്കുന്നവർക്ക് 2 ലക്ഷം രൂപ വീതവും അഞ്ചാംസ്ഥാനം ലഭിക്കുന്നവർക്ക് 1 ലക്ഷം രൂപ വീതവുമാണ് നൽകി വരുന്നത്.

**നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി**

104(1064) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെല്ലാം ഇനങ്ങളിൽ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഒരു മണ്ഡലത്തിലെ ഒരു വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് തീരുമാനിച്ച സ്കൂളുകളിൽ ഓരോ മണ്ഡലത്തിലേയും സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിലും 3 കോടി കിഫ്ബി ധനസഹായത്തോടെ 220 സ്കൂളുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166

സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെയും, 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെയും നിർമ്മാണപ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 5 കോടി രൂപ/3 കോടി രൂപ 1 കോടി രൂപ എന്നീ വിഭാഗങ്ങളിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിൽ വയനാട് ജില്ലയിൽ ഉൾപ്പെട്ട സ്കൂളുകളുടെ വിവരങ്ങൾ താഴെ പറയുന്നു :

5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച സ്കൂളുകൾ

1. മാനന്തവാടി VHSS
2. മീനങ്ങാടി GHSS
3. കൽപ്പറ്റ GVHSS

3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച സ്കൂളുകൾ

1. GHSS, പനമരം
2. GHSS, വെള്ളമുണ്ട
3. GHSS, കാട്ടിക്കുളം
4. GVHSS, അമ്പലവയൽ
5. GHSS, വടുവഞ്ചാൽ
6. GHSS, മൂലങ്കാവ്
7. GHSS, ആനപ്പാറ
8. GHSS, കാക്കവയൽ
9. GHSS, മേപ്പാടി
10. GHSS, തലപ്പുഴ
11. GHSS, വലാട്ട്
12. GHSS, കണിയാമ്പറ്റ
13. GMHSS, ചീരാൽ

1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച സ്കൂളുകൾ

1. GUPS, തലപ്പുഴ
2. GHSS, തൃശ്ശിലേരി
3. GHS, വാരാമ്പറ്റ
4. GHSS, നീർവാരം
5. GHS, പെരിയ
6. GHSS, കുഞ്ഞോം
7. GUPS, മാനന്തവാടി
8. GHS, തരുവണ
9. GUPS, തരുവണ
10. GHSS, ആറാട്ടുതറ
11. GHS, ബീനാച്ചി
12. GHS, പെരിക്കല്ലൂർ
13. GLPS, മീനങ്ങാടി
14. GHS, ഇരുളത്ത്
15. GTHS, സുൽത്താൻ ബത്തേരി
16. GHS, കുപ്പാടി
17. GHS, വകേരി
18. RGMR HS, നൂൽപ്പുഴ
19. GHS, കല്ലൂർ
20. Govt. SVHSS, സുൽത്താൻ ബത്തേരി
21. GUPS, കണിയാമ്പറ്റ
22. GVHSS, വെള്ളാർമല
23. GHS, അച്ചൂർ

24. GHSS, വൈത്തിരി
25. GUPS, പിണങ്ങോട്
26. GHS, കോട്ടത്തറ
27. GHSS, പടിഞ്ഞാറത്തറ
28. GHSS, തരിയോട്
29. GHS, റിപ്പൺ
30. GHSS, പനങ്കണ്ടി

(സി) ഒരു മണ്ഡലത്തിലെ ഒരു വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മണ്ഡലത്തിലെ മീനങ്ങാടി ജി.എച്ച്.എസ്.എസ്.-ന്റെ പണികൾ പൂർത്തിയാക്കി അധികൃതർക്ക് കൈമാറിയിട്ടുണ്ട്. മാനന്തവാടി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്., മാനന്തവാടി എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുന്ന തരത്തിൽ പ്രവൃത്തികൾ നടത്തുകയാണ്. കല്പറ്റ നിയോജക മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്., കല്പറ്റയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി മേയ് മാസത്തോടെ സ്കൂൾ അധികൃതർക്ക് കൈമാറാൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ സംക്ഷിപ്തവിവരം അനുബന്ധമായി ചേർക്കുന്നു*.

### വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിനുള്ള പദ്ധതികൾ

105 (1065) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അന്തരീക്ഷ താപനില ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന ഈ കാലത്ത് അതിന്റെ തീക്ഷണത ഏറ്റവും അനുഭവിക്കേണ്ടി വരുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ എന്നിരിക്കെ വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാലയങ്ങളിൽ അനുയോജ്യമായ വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുകയും അത് പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളത് ഒരു കർശന നിയമമായി കൊണ്ടുവരാൻ സർക്കാരിന് സാധിക്കുമോ;വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വിദ്യാലയങ്ങൾ ഹരിതാഭമാക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 5493 സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങൾ സ്വമേധയാ ജൈവവൈവിദ്ധ്യ പദ്ധതി നടപ്പിലാക്കി വിദ്യാലയങ്ങൾ ഹരിതാഭമാക്കി സംരക്ഷിച്ചുവരുന്നുണ്ട്.

(ബി) സ്കൂളുകളിൽ പൂന്തോട്ടവും തണൽ വൃക്ഷങ്ങളും നട്ട് പരിപാലിക്കണമെന്ന വ്യവസ്ഥ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിലവിലുണ്ട്.

## ഐ.ക്യൂ. ടെസ്റ്റിന്റെ ആനുകൂല്യം ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾ

106(1066) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം പത്താം ക്ലാസ് പരീക്ഷയെഴുതുന്നതിന് ഐ.ക്യൂ. ടെസ്റ്റ് പാസ്സായി ഇന്റർപ്രട്ടറുടെയും, സ്ക്രൈബിന്റെയും സഹായം ലഭ്യമാക്കുന്നതിനുള്ള ഇളവ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ഐ.ക്യൂ.ടെസ്റ്റിന്റെ ആനുകൂല്യം ലഭ്യമായിട്ടുള്ള കുട്ടികളുടെ എണ്ണം സ്കൂൾ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2020 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് സവിശേഷ സഹായം ലഭ്യമാക്കുന്നതിന് 2020 ഫെബ്രുവരി 15 വരെ ലഭിച്ച അപേക്ഷകളിൽ ഇപ്രകാരമുള്ള ഇളവ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1046 |
| 2 | കൊല്ലം | 463 |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 227 |
| 4 | ആലപ്പുഴ | 335 |
| 5 | കോട്ടയം | 218 |
| 6 | ഇടുക്കി | 470 |
| 7 | എറണാകുളം | 746 |
| 8 | തൃശ്ശൂർ | 381 |
| 9 | പാലക്കാട് | 430 |
| 10 | മലപ്പുറം | 712 |
| 11 | കോഴിക്കോട് | 443 |
| 12 | വയനാട് | 104 |
| 13 | കണ്ണൂർ | 414 |
| 14 | കാസർഗോഡ് | 268 |
| | ആകെ | 6257 |

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

107(1067) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ പ്രസ്തുത തീരുമാനവുമായി ബന്ധപ്പെട്ട സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) അത്തരം ഒരു നിയമ ഭേദഗതിക്ക് മുമ്പായി സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ എല്ലാ തലങ്ങളിലും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി അഭിപ്രായ രൂപീകരണത്തിന് സർക്കാർ തയ്യാറാകുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

108 (1068) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം തെറ്റായി വ്യാഖ്യാനിച്ച് അധികമായി നിയമനാംഗീകാരം നേടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളുടെ അംഗീകാരം പുനഃപരിശോധിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഇപ്രകാരം എത്ര തസ്തികകളാണ് അധികമായി സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടതായോ അപ്രകാരം തെറ്റായി വ്യാഖ്യാനിച്ച് അധിക തസ്തികകൾ അനുവദിക്കുകയോ, നിയമനാംഗീകാരം നേടുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## വിദ്യാർത്ഥികൾക്ക് കണ്ണട വിതരണം ചെയ്യുന്ന പരിപാടി

109(1069) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കണ്ണട വിതരണം ചെയ്യുന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ നടപ്പ് അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് മാസങ്ങൾക്ക് മുമ്പ് തന്നെ ആവശ്യമായ കണ്ണ് പരിശോധനകൾ നടത്തിയിട്ടും, കണ്ണട വിതരണം ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മാസങ്ങൾക്ക് മുമ്പ് കണ്ണ് പരിശോധന നടത്തിയതനുസരിച്ച് നിശ്ചയിച്ചിട്ടുള്ള കണ്ണട വൈകി ഉപയോഗിക്കുന്നതുമൂലം, വിദ്യാർത്ഥികളുടെ കണ്ണിനുണ്ടാകാവുന്ന പ്രശ്നങ്ങളുടെ ഗുരുതരാവസ്ഥ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കെ-ടെറ്റ് പരീക്ഷയുടെ വിജയശതമാനം

110(1070) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ-ടെറ്റ് യോഗ്യത നേടുന്നതിന് നിലവിൽ എത്ര ശതമാനം മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) അദ്ധ്യാപക യോഗ്യതകളുള്ള സെറ്റ്, എം.ഫിൽ, എം.എഡ്. തുടങ്ങിയ പരീക്ഷകൾ പാസ്സാകുവാൻ 50 ശതമാനം മാർക്ക് മതിയെന്നിരിക്കെ കെ-ടെറ്റ് യോഗ്യത നേടുവാൻ ഉയർന്ന മാർക്ക് നിശ്ചയിച്ചിട്ടുള്ളത് ഏത് സാഹചര്യത്തിലാണ്;

(സി) 2019-ൽ നടത്തിയ കെ-ടെറ്റ് പരീക്ഷയുടെ വിജയശതമാനം എത്രയായിരുന്നു;

(ഡി) പ്രസ്തുത പരീക്ഷയ്ക്ക് യോഗ്യത നേടുന്നതിന് നിശ്ചയിച്ചിട്ടുള്ള മിനിമം മാർക്കിന്റെ ശതമാനം 50 ശതമാനമായി കുറയ്ക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ജനറൽ കാറ്റഗറിക്ക് 60% (90 മാർക്ക്) ആയും, എസ്.സി./ എസ്.റ്റി/ഒ.ബി.സി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് മിനിമം മാർക്ക് 55% (82 മാർക്ക്) ആയും, പി.എച്ച്. വിഭാഗങ്ങൾക്ക് 50% (75 മാർക്ക്) ആയും നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ആണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്.

(സി) 2019 നവംബറിൽ നടന്ന കെ-ടെറ്റ് പരീക്ഷയുടെ വിജയ ശതമാനം 23.47% ആണ്.

(ഡി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) ആണ് അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റംവരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

## സ്കൂൾ സമയമാറ്റം

111(1071) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ സമയം മാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ സമയം രാവിലെ 8 മുതൽ 1 മണി വരെ ആക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) റോഡിലെ ഗതാഗതക്കുരുക്കും തിരക്കും നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുമെന്നതിനാലും കുട്ടികളുടെ ബൗദ്ധികമായ ഉണർവ് കൂടുതലായിരിക്കുന്ന സമയമായതിനാലും രാവിലെ 8 മണിക്ക് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിശദമായ ചർച്ചയിലൂടെ തീരുമാനമെടുക്കേണ്ട വിഷയമാണിത്.

## സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കാൻ സർക്കുലർ

112(1072) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കുവാൻ സർക്കുലർ പുറപ്പെടുവിച്ചുവെങ്കിലും അത് പല സ്കൂളുകളിലും നടപ്പിലാക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്കൂൾ ബാഗിന്റെ അമിത ഭാരം കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനാൽ കോടതി നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) സർക്കുലർ പുറപ്പെടുവിക്കുകയും നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ ഓർമ്മക്കുറിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കുവാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് ഡോ. ജോൺ സിറിയക് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള wp(c)No.35193/2018 നമ്പർ കേസ് കോടതി പരിഗണിക്കുകയും സ്കൂൾ ബാഗുകളുടെ ഭാരം ലഘൂകരിക്കുന്നതിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കൂടാതെ സി.ബി.എസ്.ഇ. പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് എല്ലാ സ്കൂളുകളും പാലിക്കണമെന്ന് കേന്ദ്ര/സംസ്ഥാന സർക്കാരുകളും സി.ബി.എസ്.ഇ. ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ അധികാരികളും ഉറപ്പുവരുത്തുന്നതാണെന്നും ആയതിനായി സ്കൂളുകളിൽ കാലാനുസൃതമായി ഇൻസ്പെക്ഷനുകൾ നടത്തേണ്ടതാണെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂളുകളിലെ മതപഠനം

113(1073) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകൃത സ്കൂളുകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ മതപഠനവും മതശിക്ഷണവും നടത്തുന്ന സാഹചര്യമുണ്ടോ;

(ബി) അംഗീകൃത സ്വകാര്യ സ്കൂളുകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ മതപഠനം നടത്തരുതെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഹിദായ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ഫയൽ ചെയ്ത WP(C) 25006 of 2016 (A) എന്ന കേസ്സിൽ 24-1-2020-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്ത് എല്ലാ അംഗീകൃത സ്കൂളുകളിലും സർക്കാർ അനുമതിയോടെ മാത്രമേ മതപഠനം നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**കുട്ടികളുടെ ആരോഗ്യവും സന്തോഷവും ഉറപ്പാക്കാൻ പദ്ധതി**

114(1074) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ ആരോഗ്യവും സന്തോഷവും ഉറപ്പാക്കുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കുട്ടികളുടെ സുരക്ഷയും മാനസിക സാമൂഹിക ആരോഗ്യവും ഉറപ്പു വരുത്തി ആഹ്ലാദകരമായ പഠനാന്തരീക്ഷം ഉറപ്പാക്കാനുള്ള ആസൂത്രണം സ്കൂൾ തലത്തിൽ നടത്തുന്നതിനുവേണ്ട അവബോധവും പരിശീലനവും നൽകുന്നതിനായി എസ്.സി.ഇ.ആർ.ടി. ആസൂത്രണം ചെയ്ത പരിപാടിയാണ് സേഫ്, ഹെൽത്തി ആന്റ് ഹാപ്പി സ്കൂൾ. കുട്ടികളുടെ ആരോഗ്യ-മാനസിക അഭിവൃദ്ധി കണക്കിലെടുത്ത് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ നടത്തി വരുന്നുണ്ട് :

- ആരോഗ്യ-കായിക വിദ്യാഭ്യാസം
- നഴ്സുമാരുടെ സേവനം
- പ്രതിവാര അയൺ, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി
- പാൽ, മുട്ട വിതരണം

- മെഡിക്കൽ ക്യാമ്പ്
- കൗൺസിലിംഗ്
- ഭിന്നശേഷിക്കുട്ടികൾക്കുള്ള റിസോഴ്സ് ടീച്ചർമാരുടെ സേവനം
- കൗമാര വിദ്യാഭ്യാസം
- കലാ-കായിക മേളകൾ

## സ്കൂളുകളുടെ അപ്ഗ്രഡേഷൻ

115(1075) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ വന്നതിന് ശേഷം എത്ര എൽ.പി. സ്കൂളുകൾ യു.പി.ആയും, യു.പി.സ്കൂളുകൾ ഹൈസ്കൂൾ ആയും ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂൾ ആയും അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളൊന്നുംതന്നെ എൽ.പി. വിഭാഗം യു.പി. ആയും, യു.പി. വിഭാഗം എച്ച്.എസ്. വിഭാഗമായും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

## സ്കൂളുകളിൽ നഷ്ടപ്പെടുന്ന അദ്ധ്യയന മണിക്കൂറുകൾ വീണ്ടെടുക്കാൻ നടപടി

116(1076) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണിമുടക്ക്, ഹർത്താൽ, പ്രകൃതിക്ഷോഭം എന്നിവമൂലം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയന മണിക്കൂറുകൾ നഷ്ടപ്പെടുന്നത് വീണ്ടെടുക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആയിരം മണിക്കൂർ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശനിയാഴ്ച കളിൽ ക്ലാസ്സുകൾ നടത്താറുണ്ടോ;

(സി) അപ്രകാരം നടത്തുന്ന ക്ലാസ്സുകളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ സാന്നിധ്യം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ശനിയാഴ്ച ക്ലാസിന് പകരം തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെയും വൈകിട്ടും അര മണിക്കൂർ വീതം അധ്യയനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വൈദ്യുതി, വാഹനം എന്നിവയുടെ ചെലവ് വർദ്ധിക്കാതിരിക്കാനും ഇത് സഹായിക്കുമെന്നതിനാൽ പ്രത്യേക പരിഗണന നല്കാമോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭവും മറ്റുമായി അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ, നഷ്ടപ്പെട്ട അദ്ധ്യയനദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിരുന്നു.

(ബി) അദ്ധ്യയന മണിക്കൂർ പൂർത്തീകരിക്കുന്നതിനായി ചില ശനിയാഴ്ചകളിൽ ക്ലാസ് നടത്തിയിട്ടുണ്ട്.

(സി) സാധിച്ചിട്ടുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) ബാധകമല്ല.

## പൊതുവിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ

117(1077) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വിജ്ഞാനം വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(സി) കെ.ഐ.ടി.ഇ. എന്ന പേരിൽ ഒരു സ്ഥാപനം വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്; വിശദമാക്കുമോ;

(ഇ) KOOL എന്ന പേരിലുള്ള ട്രെയിനിംഗ്, അദ്ധ്യാപകർക്ക് എന്നുമുതലാണ് നിർബന്ധമാക്കിയത്; വ്യക്തമാക്കുമോ;

(എഫ്) സ്കൂളുകളിലെ വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്ന പ്രത്യേകതരം സോഫ്റ്റ്‌വെയറുകൾ/ആപ്ലിക്കേഷനുകൾ ഏതെല്ലാമാണ്; അറിയിക്കാമോ;

(ജി) പ്രസ്തുത സോഫ്റ്റ്‌വെയറുകൾ/ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള പദ്ധതി

118(1078) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ അക്കാദമിക നേട്ടങ്ങൾക്കൊപ്പം സർഗ്ഗശേഷിയും സാമൂഹിക മികവും വളർത്തുന്നതിനും മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുമായി പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങളും മറ്റ് ഉദ്ദേശലക്ഷ്യങ്ങളും വിശദമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ കഴിവും സാധ്യതയും പ്രശ്നങ്ങളും നിരന്തരം നിരീക്ഷിക്കുന്നതോടൊപ്പം വിദ്യാർത്ഥികളിലുണ്ടായേക്കാവുന്ന കാഴ്ച വൈകല്യങ്ങളും കേൾവികുറവുകളും കണ്ടെത്തുന്നതിനും പരിഹാരം കാണുന്നതിനും നടപടി സ്കൂളുകളിൽ തന്നെ സ്വീകരിക്കുമോ;അറിയിക്കാമോ;

(ഡി) കുട്ടികളുടെ ശാരീരികവും മാനസികവുമായ മികവുകൾ കണ്ടെത്തുന്നതിനും ഇവയിൽ ന്യൂനതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും നടപടികളെടുക്കുമോ; വ്യക്തമാക്കാമോ;

(ഇ) ഏത് മേഖലയിൽ നിന്നും കുട്ടികൾക്കുണ്ടാകുന്ന പഠനപ്രയാസങ്ങൾ നിരീക്ഷിക്കുന്നതിനും, ഇടപെടൽ ആവശ്യമെങ്കിൽ അതിനുള്ള സംവിധാനവും പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും സാമൂഹിക മികവും വളർത്തുന്നതിനും മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുമായി 'സഹിതം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കുട്ടികളെ അറിയാനും കുട്ടികളെ വളർത്താനും ലക്ഷ്യമിട്ട ടി പദ്ധതിയിൽ കുട്ടിയും ടീച്ചറും തമ്മിലുള്ള സൗഹൃദമാണ് അടിത്തറ. അനൗപചാരിക സംഭാഷണങ്ങളിലൂടെയും ഗൃഹസന്ദർശനങ്ങളിലൂടെയും പഠനസമയത്തിനപ്പുറം ഇടപെട്ടുകൊണ്ടാണ് ടീച്ചർ കുട്ടിയെ മനസ്സിലാക്കേണ്ടത്. ഭാവിയിൽ അനുഗുണമായ സ്വഭാവ സവിശേഷതകൾ കാരണമായിത്തീരുന്ന സാമൂഹിക ഗുണങ്ങൾ, കുട്ടിയുടെ താൽപ്പര്യം, സവിശേഷമായ കഴിവുകൾ, പഠന പ്രയാസങ്ങൾ എന്നിവയും ടീച്ചർ തിരിച്ചറിയണം. ഇതോടൊപ്പം ഭാഷാശേഷി, ഗണിതശേഷി, സാമൂഹികാവബോധം, ശാസ്ത്രാഭിമുഖ്യം എന്നിവയെല്ലാം സമയാസമയം നിരീക്ഷിച്ച് പരിമിതികൾ മറികടക്കാൻ ടീച്ചർ കുട്ടിയെ സഹായിക്കണം. നിരന്തരം ഇത് രേഖപ്പെടുത്താനും രക്ഷിതാക്കളുമായി പങ്കുവയ്ക്കാനും അവസരമൊരുക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമും സഹിതത്തിന്റെ ഭാഗമാകുന്നു.

(സി) എല്ലാ വിദ്യാലയ വർഷത്തിന്റെ ആരംഭത്തിലും മെഡിക്കൽ ക്യാമ്പ് നടത്തുകയും, ഭിന്നശേഷിക്കാരെന്ന് കണ്ടെത്തുന്ന കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. കാഴ്ച, കേൾവിക്കുറവുള്ള കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങളും നൽകുന്നുണ്ട്.

(ഡി) സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, നഴ്സ്, കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കുട്ടികൾക്കുണ്ടാകുന്ന ഏത് പ്രശ്നവും അദ്ധ്യാപകന് കണ്ടെത്താനാകുന്ന വിധത്തിലാണ് 'സഹിതം' എന്ന മെന്ററിംഗ് പദ്ധതി നടപ്പിലാക്കുന്നത്.

## വിദ്യാർത്ഥികൾക്കുവേണ്ടി നീന്തൽക്കുളം

119(1079) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ നീന്തൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും വിദ്യാർത്ഥികൾക്ക് വേണ്ടി നീന്തൽ കുളം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഓരോ നിയമസഭാ മണ്ഡലങ്ങളിലും എവിടെയൊക്കെയാണ് നീന്തൽ കുളങ്ങൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) എന്തുമാത്രം തുകയാണ് ഓരോ നീന്തൽ കുളത്തിനും നിർമ്മാണത്തിനായി അനുവദിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി-ഡി) ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

## ഹൈടെക് ക്ലാസ് മുറികൾ

120(1080) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ് മുറികളായി സജ്ജീകരിച്ചിട്ടുണ്ട്; സ്കൂൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. കൊല്ലം നിയോജകമണ്ഡലത്തിൽ 16 സർക്കാർ, 10 എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്ന പദ്ധതികളുടെ പുരോഗതി

121(1081) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കായി പരിശീലനപരിപാടികളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മോണിറ്ററിംഗിനായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുവിദ്യാലയങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ-എയ്ഡഡ് സെക്കണ്ടറി-ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 30 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 185 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 96 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 18 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

(ബി) കെ.ഇ.ആർ.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ഓഫീസർമാർ സ്കൂൾ സന്ദർശിക്കുന്നുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ ഡയറ്റ് ഫാക്കൽറ്റി, എസ്.എസ്.കെ. പ്രോഗ്രാം ഓഫീസർമാർ എന്നിവരും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരും അക്കാദമിക മോണിറ്ററിംഗിന്റെ ഭാഗമായാണ് സ്കൂൾ സന്ദർശിക്കുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള മെന്ററിംഗ് പരിപാടിയുടെ ഭാഗമായ സഹിതത്തിനായി വികസിപ്പിച്ചിട്ടുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം അക്കാദമിക മോണിറ്ററിംഗിനെയും അതുവഴി പൊതുവിദ്യാലയങ്ങളിലെ ഗുണനിലവാരം മോണിറ്റർ ചെയ്യുന്നതിനും

സഹായകമാകുന്നുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ ഗുണനിലവാരം വിലയിരുത്തുന്നതിന് നിലവിലുള്ള അക്കാദമിക മോണിറ്ററിംഗ് കൂടാതെ ഡിജിറ്റൽ പോർട്ടൽ ഏർപ്പെടുത്തി വിലയിരുത്തിവരുന്നു.

(സി) ഐ.ടി., ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കു ന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ക്ലാസ് റൂം വിനിമയം ഫലപ്രദമായി നടത്തുന്നതിനായി സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികൾ വിദ്യാലയങ്ങളിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകൾ അനന്യമാണെന്ന തിരിച്ചറിവോടെ അക്കാദമിക ഇടപെടലുകൾ നടത്താൻ പ്രാപ്തമാകുംവിധമാണ് അദ്ധ്യാപക പരിശീലനങ്ങളുടെ ഉള്ളടക്കം നിശ്ചയിക്കുന്നത്. കൂടാതെ ടാലന്റ് ലാബ് എന്ന ആശയവും നടപ്പിലാക്കിവരുന്നുണ്ട്. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് അദ്ധ്യാപകർക്കുവേണ്ടി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി തലത്തിൽ എച്ച്.എസ്.റ്റി.റ്റി.പി. പുതിയ അദ്ധ്യാപകർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ്, അദ്ധ്യാപകർക്ക് വിദൂര വിദ്യാഭ്യാസ മാതൃകയിലും ഓൺലൈൻ പ്ലാറ്റ്ഫോമിലും അദ്ധ്യാപക പരിവർത്തന പരിപാടി എന്നിവ നടപ്പിലാക്കിവരുന്നു.

(ഡി) ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനവും പഠന ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്സ്, ഐ.റ്റി. ക്ലബ്ബുകൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രപഠന വിഭവ പോർട്ടലിൽ അദ്ധ്യാപകർ സമർപ്പിക്കുന്ന പാഠാസൂത്രണങ്ങൾ നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനും പ്രഥമാദ്ധ്യാപകർക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ പ്രതിഫല നക്കുറിപ്പുകൾ നിരീക്ഷിക്കുന്നതിന് സമഗ്രയിലെ അവരുടെ ഉപയോഗം വിലയിരു ത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് അവരവരുടെ സമഗ്ര ലോഗിനിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെട്ട പട്ടാമ്പിയിലെ സ്കൂളുകൾ

122(1082) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നവീകരി ക്കുന്നതിന് മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള പട്ടാമ്പി മണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ അധിക ഫണ്ടിനായി എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും നീക്കി വച്ചിട്ടുള്ള തുകയുടെ ഭരണാനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്തിവികസന ഫണ്ടിൽ നിന്നും നീക്കി വച്ചിട്ടുള്ള തുകയുടെ ഭരണാനുമതി മാർച്ച് മാസത്തിനുള്ളിൽ ലഭിക്കേണ്ടതിനാൽ എത്രയും പെട്ടെന്ന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മേൽ പറഞ്ഞ ഫണ്ടിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ചെക്ക് ലിസ്റ്റ് എന്നിവ പാലക്കാട് ജില്ലാ കളക്ടർക്ക് ലഭ്യമായാലുടൻ, ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ആദ്യ നടപടിയെന്ന നിലയ്ക്ക് പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഡി.പി.ആർ. സമർപ്പിക്കണം. അതിനുശേഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ചെക്ക് ലിസ്റ്റ് എന്നിവ മേലൊപ്പ് ചാർത്തി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നമുറയ്ക്ക്, പ്രസ്തുത രേഖകൾ സ്കാൻ ചെയ്ത് സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ഭരണാനുമതി ഉത്തരവിന്റെ കരട് അംഗീകാരത്തിനായി ഓൺലൈനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും, ജില്ലാ കളക്ടറുടെ അംഗീകാരത്തിനുവിധേയമായി പ്രസ്തുത ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്യുക എന്നതാണ് നടപടിക്രമം.

**ഉദുമ നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

123(1083) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്. ഉദുമ എന്നീ സ്കൂളുകൾക്ക് കിഫ്ബി മൂന്ന് കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്.പി.വി. നിലവിൽ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽ പ്രവൃത്തികളുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഈ പ്രവൃത്തികൾ എന്ന് ടെൻഡർ ചെയ്യാനാവുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ജി.എച്ച്.എസ്.എസ്., കുണ്ടംകുഴി, ജി.എച്ച്.എസ്.എസ്., ഉദുമ എന്നീ സ്കൂളുകളുടെ DPR കൈറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വി.-യെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV-യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം

124(1084) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിലെ സർക്കാർ എൽ.പി., യു.പി. ഹൈസ്കൂളുകളിലെ കഴിഞ്ഞ അക്കാദമിക വർഷത്തിലേയും നടപ്പ് അക്കാദമിക വർഷത്തിലേയും കുട്ടികളുടെ എണ്ണം സ്കൂളുകൾതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം നിയോജകമണ്ഡലത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായുള്ള 21 സർക്കാർ സ്കൂളുകളിലെ കഴിഞ്ഞ അക്കാദമിക വർഷത്തെയും നടപ്പുവർഷത്തെയും കുട്ടികളുടെ എണ്ണം സ്കൂൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

125(1085) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രവൃത്തികൾ പൂർത്തിയാകാത്ത സ്കൂളുകളിൽ ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും അത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ താഴെപ്പറയും പ്രകാരമാണ്. മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ചിറക്കര ജി.എച്ച്.എസ്.എസ്-ൽ കിഫ്ബി ധനസഹായത്തോടെയുള്ള 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. 80 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മാർച്ച് മാസം അവസാനത്തോടെ സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് കരുതുന്നു. 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കതിരൂർ ജി.വി.എച്ച്.എസ്.എസ്.-ന് ഭരണാനുമതി നൽകുകയും KITE ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തികൾ 66 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മേയ് മാസത്തോടെ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറാൻ സാധിക്കുമെന്ന് കരുതുന്നു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ജി.എച്ച്.എസ്.എസ്., തിരുവങ്ങാട്, ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്., തലശ്ശേരി എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി INKEL-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പീരുമേട് മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട്

126(1086) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഓരോ സ്ക്കൂളുകളിലെയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ താഴെ പറയുന്ന സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

<u>5 കോടി രൂപ</u>

വണ്ടിപ്പെരിയാർ ഗവ. എച്ച്.എസ്.എസ്.

<u>3 കോടി രൂപ</u>

കുമിളി ഗവ. വി.എച്ച്.എസ്.എസ്.

<u>1 കോടി രൂപ</u>

GTUPS, കുമിളി

GHS പാമ്പനാർ

GHSS അമരാവതി

GHS ആനക്കര

പഞ്ചായത്ത് HSS ഏലപ്പാറ

(ബി) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി വണ്ടിപ്പെരിയാർ ജി.എച്ച്.എസ്.എസ്.-ൽ 5 കോടി രൂപയുടേയും ഭൗതിക സാഹചര്യ വികസനത്തിനുള്ള പദ്ധതിയിലുൾപ്പെടുത്തി കുമിളി ജി.വി.എച്ച്.എസ്.എസ്.-ൽ 3 കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തൊടെ കൈറ്റ് എസ്.പി.വി. ആയി നടത്തുന്നുണ്ട്. വണ്ടിപ്പെരിയാർ ഗവ.എച്ച്.എസ്.എസ്.-ന്റെ ഒന്നാംനിലയുടെ പണി 80%ത്തോളം പൂർത്തിയായിട്ടുണ്ട്. കുമിളി ഗവ. വി.എച്ച്.എസ്.എസ്.-ന്റെ പണി 67% പൂർത്തിയായി. 1 കോടി കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ SPV ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മേയ് മാസത്തോടു കൂടി കുമിളി ജി.വി.എച്ച്.എസ്.എസ് പണി പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

127(1087) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി ഹൈടെക് നിലവാരത്തിൽ ഉയർത്തി മൂന്ന് കോടി രൂപ അനുവദിച്ച ചേലക്കര നിയോജക മണ്ഡലത്തിലെ പാഞ്ഞാൾ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കാമോ; എസ്.പി.വി. ആയി ചുമതലപ്പെടുത്തിയത് ഏത് സ്ഥാപനത്തെയാണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ചു. ഭൗതിക സാഹചര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജകമണ്ഡലത്തിലെ പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV ആയി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ടി സ്കൂളിന്റെ പ്രവൃത്തിക്കായി കൈറ്റ് ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. തുടർന്ന് കൈറ്റ് നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി ഏതാനും സ്കൂളുകളുടെ എസ്.പി.വി.-യെ മാറ്റണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV ആയി INKEL-നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. 'ഇൻകെൽ' ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പഴയന്നൂർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

128(1088) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണം യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിച്ച് ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തിയ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ എസ്.പി.വി. ആയി ഏതു സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി കഴിവതും വേഗത്തിൽ ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകുമോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യ വികസന പദ്ധതിയിലുൾപ്പെട്ട ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV ആയി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കൈറ്റ് നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വി.-യെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV ആയി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

129(1089) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖല എന്തൊക്കെ നേട്ടങ്ങളാണ് കൈവരിച്ചതെന്നും എന്തൊക്കെ പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഗവൺമെന്റ് എൽ.പി. സ്കൂൾ, മണിയൻതടം, ഗവൺമെന്റ് യു.പി. സ്കൂൾ, പുളിന്താനം എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, മൂവാറ്റുപുഴയ്ക്ക് 200 ലക്ഷം രൂപയും അനുവദിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ചാത്തമംഗലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലാബ് നവീകരണത്തിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് :

- ഹൈടെക് ക്ലാസ് മുറികളും പ്രോഗ്രാമുകളും
- ശ്രദ്ധ
- വിജയദീപം
- സഹായ എസ്.എം.എസ്.
- മലയാള തിളക്കം
- ജൈവവൈവിധ്യ ഉദ്യാനം
- ഷീപാഡ് ഇൻസിനേറ്റർ
- ശാസ്ത്രായനം
- ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം
- കുടിവെള്ള സൗകര്യം

## പല്ലാരിമംഗലം ജി.വി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

129(1089) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 3 കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരി മംഗലം ജി.വി.എച്ച്.എസ്.എസ്.-ന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി. ആയി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും, നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്.പി.വി. സ്വീകരിച്ചിട്ടുള്ള തുടർ നടപടിയും വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ ഉൾപ്പെട്ട കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം ജി.വി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണത്തിനുള്ള SPV-യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിനും പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലുമുണ്ടാകുന്ന കാലതാമസം ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ മാനവവിഭവശേഷിയുടെ അപര്യാപ്തത എന്നിവ ചൂണ്ടിക്കാട്ടി 'കൈറ്റ് 50 സ്കൂളുകളുടെ എസ്.പി.വി.-യെ മാറ്റണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ SPV ആയ കൈറ്റിനെ മാറ്റി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവില്വാമല വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം**

131(1091) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിച്ച് ഹൈടെക്ക് നിലവാരത്തിൽ ഉയർത്തിയ ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ പ്രവൃത്തിയുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയത് ഏതു സ്ഥാപനത്തെയാണ്;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സാഹചര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജക മണ്ഡലത്തിലെ

തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണത്തിനുള്ള SPV-യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സ വാദങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി 50 സ്കൂളുകളുടെ എസ്.പി.വി.-യെ മാറ്റണ മെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ SPV-യായ കൈറ്റിനെ മാറ്റി WAPCOS-നെ SPV-യായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചലഞ്ച് ഫണ്ട്**

132(1092) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം എയ്ഡഡ് സ്കൂളുകളാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയി ട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

**ശ്രദ്ധ പദ്ധതി**

133(1093) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പല കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഈ പദ്ധതിയിലേയ്ക്ക് കുട്ടികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് കുട്ടികളുടെ സാമൂഹിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യത്യസ്ത കാരണങ്ങൾകൊണ്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തുകയും അത്തരം കുട്ടികൾക്ക് പ്രീടെസ്റ്റ് നടത്തി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

(സി) ഇല്ല. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ ഒരു അദ്ധ്യാപകന് ചുമതല നൽകുന്നു.

(ഡി) അദ്ധ്യാപക പരിശീലനങ്ങളിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്.

## നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ

134(1095) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അറിവ് നേടുന്നതിനൊപ്പം തൊഴിലും നേടുക എന്ന കാഴ്ചപ്പാടോടുകൂടി ഒമ്പതാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികൾക്ക് നിർബന്ധിതമാക്കിയ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് പ്രാവർത്തികമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ അനുഭവം അവലോകനം ചെയ്ത് വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കിയ അവസ്ഥാ പഠന റിപ്പോർട്ട് എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ അനുവദിച്ച സ്കൂളുകളുടെയും, ടി സ്കൂളുകളിൽ അനുവദിച്ച കോഴ്സുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ, പ്രാദേശിക സവിശേഷത, വിഭവ ലഭ്യത, തൊഴിൽസാധ്യത, പുതുതായി ആരംഭിക്കാൻ കഴിയുന്ന എൻ.എസ്.ക്യു.എഫ്. കോഴ്സുകൾ, കോഴ്സുകൾ കൈകാര്യം ചെയ്യുന്നതിൽ അദ്ധ്യാപകർക്കുള്ള വൈദഗ്ധ്യം, കോഴ്സിന്റെ ഘടന, കുട്ടികളുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി സംബന്ധിച്ച ധാരണ എന്നീ വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തി എൻ.എസ്.ക്യു.എഫ്. കോഴ്സുകൾ കൂടുതൽ ഫലപ്രദമാക്കാൻ വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അവസ്ഥാപഠനം നടത്തുകയുണ്ടായി.

അനുവദിച്ച കോഴ്സുകൾ പ്രാദേശിക സവിശേഷതകൾക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുക, വൊക്കേഷണൽ അദ്ധ്യാപകർക്ക് തൊഴിൽ മേഖലയിൽ കൂടുതൽ പരിശീലനം നല്കുക, പ്രാദേശിക വിദഗ്ദ്ധരുടെ സേവനം സ്കൂൾതലങ്ങളിൽ ലഭ്യമാക്കുക, യഥാസമയത്ത് പഠനസാമഗ്രികൾ ലഭ്യമാക്കുക, പ്രായോഗിക പരിശീലനത്തിന്റെ സമയദൈർഘ്യം വർദ്ധിപ്പിക്കുക, സ്കൂൾ ജീവനക്കാർക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ, പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കുക, കൃത്യമായ അക്കാദമിക് മോണിറ്ററിംഗ് ഉറപ്പുവരുത്തുക, വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരവും ജോബ് റോളുകൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുക, എൻ.എസ്. ക്യു.എഫ്. പാഠ്യപദ്ധതിയെക്കുറിച്ച് പൊതുസമൂഹത്തിന് ബോധവത്കരണം നല്കുക തുടങ്ങിയ പൊതുനിർദ്ദേശങ്ങൾ എൻ.എസ്.ക്യു.എഫ്. സ്കൂളുകളിൽ നടത്തി അവസ്ഥാ പഠനത്തിൽ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി സമർപ്പിക്കുകയുണ്ടായി.

## സ്കൂൾ പഠനരംഗത്ത് സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി

135(1096) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-എയ്ഡഡ് മേഖലകളിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും റോബോട്ട് നിർമ്മാണം ഉൾപ്പെടെയുള്ള സാങ്കേതിക പരിജ്ഞാനവും നിർമ്മിത ബുദ്ധിയും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഡേറ്റ അനലിറ്റിക്സും പഠനഭാഗമാക്കാനുള്ള സർക്കാർ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവയുടെ ഭാഗമായി റോബോട്ടിക്സ്, മെഷീൻലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, 3D ക്യാരക്ടർ മോഡലിംഗ്, വെർച്ച്വൽറിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, അനിമേഷൻ, മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പഠന സൗകര്യങ്ങൾ നടപ്പാക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത് എന്നും എപ്രകാരമാണ് നടപ്പാക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) ഇതോടൊപ്പം ശബ്ദസിഗ്നലുകളും മൊബൈൽ ഫോണും ഉപയോഗിച്ച് ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാവുന്ന "ഹോം ഓട്ടമേഷനിലും" കുട്ടികൾക്ക് പരിശീലനം നൽകുവാനുള്ള പദ്ധതി വിദ്യാഭ്യാസ വകുപ്പ് എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ ?

## ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിലെ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്ക് റോബോട്ട് നിർമ്മാണം ഉൾപ്പെടെയുള്ള സാങ്കേതിക പരിജ്ഞാനവും നിർമ്മിതബുദ്ധിയും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഡാറ്റ അനലിസ്റ്റിക്സും പഠിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബിന്റെ സഹായത്താൽ ആരംഭിച്ചിട്ടുണ്ട്. 2060 സെക്കന്ററി സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ടി വിഷയങ്ങളിലുൾപ്പെടെ പ്രത്യേക പരിശീലനം നൽകുകയും അവരുടെ സഹായത്താൽ സ്കൂളിലെ മറ്റ് കുട്ടികൾക്കും പരിശീലനം നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് നിലവിൽ ഒരുക്കിയിരിക്കുന്നത്. ഒന്നാംഘട്ടമെന്ന നിലയിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് ഇലക്ട്രോണിക് കിറ്റുകൾ, റാസ്പ്ബെറി പൈ കിറ്റ് എന്നിവ വിതരണം ചെയ്ത് ഇവ പ്രയോജനപ്പെടുത്തിയുള്ള റോബൊട്ടിക്സ് പ്രാഥമിക പരിശീലനം നൽകിവരുന്നു.

(ബി) ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഐ.ടി. മേഖലയിലെ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായവരുടെ പ്രത്യേക ക്ലാസ് ക്രമീകരിക്കുകയും അംഗങ്ങൾ സെക്കന്ററി തലത്തിലെ മറ്റ് കുട്ടികൾക്കും പരിശീലനം നൽകുന്നതിനുമുള്ള സംവിധാനമാണ് നിലവിൽ ക്രമീകരിച്ചിരിക്കുന്നത്. റോബോട്ടിക്സ് പരിശീലനത്തിനുപരിയായി 3 ഡി ആനിമേഷൻ നിർമ്മാണത്തിന് ഉതകുന്ന ബ്ലെൻഡർ എന്ന സ്വതന്ത്രസോഫ്റ്റ്വെയർ എല്ലാ അംഗങ്ങളേയും പരിശീലിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി 3 ഡി മോഡലിംഗ് സംബന്ധിച്ച് പ്രാഥമിക പരിശീലനവും നൽകുന്നുണ്ട്. ഓഗ്മെന്റഡൽ റിയാലിറ്റി, വിർച്വൽ റിയാലിറ്റി എന്നിവ സംബന്ധിച്ച വിദഗ്ദ്ധരുടെ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ പ്രോഗ്രാമിംഗ്, ആനിമേഷൻ എന്നിങ്ങനെ രണ്ട് മേഖലകളിലായി പ്രത്യേക പരിശീലനം ക്രമീകരിച്ചുകൊണ്ടുള്ള ക്യാമ്പുകളും

നടത്തിയിട്ടുണ്ട്. പരിശീലനങ്ങളിലും ക്യാമ്പുകളിലും റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, 3D ക്യാരക്ടർ മോഡലിംഗ്, വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, അനിമേഷൻ, മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം തുടങ്ങിയ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളും പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്.

(സി) ഇന്റർനെറ്റ് ഓഫ് തിംഗ്സ് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുള്ള ഇലക്ട്രോണിക് കിറ്റുകൾ, റാസ്പ്ബെറി പൈ കിറ്റ് എന്നിവ പ്രയോജനപ്പെടുത്തി ഹോം ഓട്ടമേഷൻ സാധ്യതകൾ പരിശീലിപ്പിച്ചിട്ടുണ്ട്. ഇതിന് എം.ഐ.ടി. ആപ്ഇൻവെന്റർ സഹായത്തോടെ മൊബൈൽ ആപ് നിർമ്മാണം പരിശീലനം നൽകുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 2060 സർക്കാർ, എയ്ഡഡ് സെക്കന്ററി സ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കാണ് പരിശീലനം നൽകുന്നത്. അവരുടെ സഹായത്താൽ സ്കൂളിലെ മറ്റ് കുട്ടികൾക്കും പരിശീലനം നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് നിലവിൽ ഒരുക്കിയിരിക്കുന്നത്.

## നീന്തൽകുളം പദ്ധതി

136(1097) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യഭ്യാസ രംഗത്തെ മാതൃകാ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്ക് നീന്തൽ പരിശീലനം ലക്ഷ്യമിട്ട് ഓരോ നിയോജക മണ്ഡലത്തിലും ഒരു നീന്തൽ കുളം എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഈ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും ഈ പദ്ധതിക്കായി നിർദ്ദേശിച്ച സ്കൂളിൽ ഈ പദ്ധതിയുടെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കിയിട്ടു ണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് ഏജൻസിയാണ് ഈ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

## സ്പെഷ്യൽ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

137(1098) ശ്രീ. സി. കെ. ശശീന്ദ്രൻ :
പ്രൊഫ.കെ.യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ എന്തെല്ലാം പരിശീലന പരിപാടികളാണ് അദ്ധ്യാപകർക്കായി സംഘടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മേഖലയിൽ 7 സ്പെഷ്യൽ കേന്ദ്രങ്ങളും എയ്ഡഡ് മേഖലയിൽ 36 സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. സർക്കാർ സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രതിവർഷം പദ്ധതി വിഹിതത്തിൽ 65 ലക്ഷം രൂപവകയിരുത്തുന്നുണ്ട്. താഴെപ്പറയുന്ന കാര്യങ്ങൾക്ക് തുക വിനിയോഗിക്കുന്നുണ്ട്.

1. സ്റ്റേറ്റ് സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയ മേള - 15 ലക്ഷം
2. കാരാർ ജീവനക്കാരുടെ ഓണറേറിയം - 20 ലക്ഷം
3. ക്ലാസ് റൂം, ഹോസ്റ്റൽ, അടുക്കള എന്നിവയിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിന് - 20 ലക്ഷം
4. ലാബ്, ലൈബ്രറി, സ്പോർട്സ് ഇനങ്ങൾ വാങ്ങുന്നതിന് - 8 ലക്ഷം

5. പ്രഥമാദ്ധ്യാപകരുടെ മീറ്റിംഗ്, റ്റി.എ./ഡി.എ., ചോദ്യപേപ്പർ വിതരണം, അദ്ധ്യാപക പരിശീലനം, സ്കീമിന്റെ മോണിറ്ററിംഗ് - 2 ലക്ഷം.

ആകെ - 65 ലക്ഷം

(ബി) എസ്.സി.ഇ.ആർ.ടി. മുഖേന 7 മുതൽ 12 വരെ പ്രായത്തിലുള്ള സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി അദ്ധ്യാപക സഹായിയും പ്രവർത്തന പുസ്തകങ്ങളും വികസിപ്പിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ശ്രവണ പരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അദ്ധ്യാപക സഹായിയും വികസിപ്പിച്ച് എല്ലാ വിദ്യാലയങ്ങളിലും നൽകിയിട്ടുണ്ട്.

(സി) 1. ബുദ്ധിപരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് എസ്.ആർ.ജി. പരിശീലനം നൽകിയിട്ടുണ്ട്.

2. ശ്രവണ പരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ 2 അദ്ധ്യാപകർക്ക് വീതം ഇന്ത്യൻ ആംഗ്യഭാഷാ പരിശീലനം നൽകിയിട്ടുണ്ട്.

3. കേരളത്തിലെ 12 കാഴ്ചപരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിൽ നിന്നും 2 അദ്ധ്യാപകരെ വീതം സംഘടിപ്പിച്ച് എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചെടുത്ത 'ശാരദാബ്രെയിൽ' സോഫ്റ്റ്‌വെയർ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് തുടങ്ങിയ തലങ്ങളിലായി മോണിറ്റർ ചെയ്തുവരുന്നു.

## സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബ്

138(1099) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിട്ട നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല നൽകിയിരുന്നത് ആർക്കാണെന്ന് വെളിപ്പെടുത്താമോ;

(സി) നിർവ്വഹണച്ചുമതല നൽകിയ ഏജൻസി ലാബ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക, കുട്ടികളെ നൂതന ആശയങ്ങളെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക, കുട്ടികളിൽ സ്വയംപഠനവും പരീക്ഷണാത്മക പഠനവും പ്രോത്സാഹിപ്പിക്കുക, ലബോറട്ടറി പരീക്ഷണങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായ ആശയങ്ങൾ കുട്ടികളിലേയ്ക്ക് പകർന്നുനൽകുന്നതിന് വേണ്ടി അദ്ധ്യാപകർക്കുവേണ്ട സാഹചര്യം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതി മുഖേന ലക്ഷ്യമിട്ട നേട്ടങ്ങൾ.

(ബി) കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല നൽകിയിരുന്നത്.

(സി) ശാസ്ത്രപോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അപെക്സ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചു. ഈ ഗ്രൂപ്പിന്റെ നിർദ്ദേശപ്രകാരം ആവശ്യമായ മാറ്റങ്ങൾ കാലാകാലങ്ങളിൽ സ്വീകരിക്കുന്നു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേക്കായി തെരഞ്ഞെടുത്ത സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിക്കുവാനുള്ള മുറികൾ സജ്ജീകരിക്കുവാൻ ആദ്യഘട്ടമായി റീഫർണിഷിങ് ഗ്രാന്റ് നൽകുന്നതിനും രണ്ടാംഘട്ടമായി ലാബുകളിലേക്കാവശ്യമായ സാധനസാമഗ്രികൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രപോഷിണി ലാബുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കായി പരിശീലനങ്ങൾ നടത്തുന്നതാണ്.

(ഡി) ശാസ്ത്രപോഷിണി പദ്ധതിക്ക് കീഴിൽ നാളിതുവരെ സംസ്ഥാനത്തെ 14 ജില്ലകളിലായി ആകെ 221 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ 12 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഇതിൽ 7 സ്കൂളുകളിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും സ്കൂൾ സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെയും ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ തനതുഫണ്ട് ഉപയോഗിച്ചുകൊണ്ട് സ്ഥാപിക്കുന്ന 7 സ്കൂളുകൾക്കായുള്ള മുഴുവൻ തുകയും സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ബാക്കി 5 സ്കൂളുകളിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിഹിതമായ 3 ലക്ഷം രൂപയിൽ രണ്ട് ലക്ഷം രൂപ റീഫർണിഷിങ് ഗ്രാന്റായി നൽകിയിട്ടുണ്ട്.

## പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സ്

139(1100) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് D.El.Ed. കോഴ്സ് സിലബസ് 2018 അദ്ധ്യായന വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ടോ; മുമ്പ് നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയിൽ നിന്നും എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള D.El.Ed. കോഴ്സിന്റെ ആദ്യബാച്ച് വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്കാണ് ഇവരുടെ കോഴ്സ് പൂർത്തിയാവുന്നതെന്ന് അറിയിക്കാമോ;

(സി) പുതുതായി എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികകളിലേക്ക് നിയമനത്തിനായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള തസ്തികകളിലേക്ക് പരിഷ്കരിച്ച സിലബസ് പ്രകാരം D.El.Ed. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ D.El.Ed. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടി ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സാധിക്കുന്ന രീതിയിൽ വിജ്ഞാപനം ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

1. എൻ.സി.ടി.ഇ. നിർദ്ദേശപ്രകാരം പരിഷ്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ ഡി.എൽ.എഡ്. കോഴ്സിലെ ആകെ സാധ്യമായ ദിനങ്ങളുടെയും ആകെ സ്കോറിന്റെയും 25% സ്കൂൾ അനുഭവ പരിപാടികൾക്കായി (ഇന്റേൺഷിപ്പ്) മാറ്റിവച്ചു.
2. വിവരവിനിമയ സാങ്കേതികവിദ്യ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.
3. ഉൾച്ചേർന്ന വിദ്യാഭ്യാസ (302) എന്ന പേപ്പറിൽ അർഹമായ പരിഗണനയോടെ ഉൾപ്പെടുത്തി.
4. പഠനയാത്ര, സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് എന്നിവയുടെ സംഘാടനത്തിലും, വിലയിരുത്തലിലും കാലോചിതമായ മാറ്റം വരുത്തി.

5. ഒന്നാം സെമസ്റ്ററിലും, രണ്ടാം സെമസ്റ്ററിലും അഞ്ച് ദിവസം വീതവും മൂന്നും നാലും സെമസ്റ്ററുകളിൽ 45 ദിവസം വീതവും ആകെ 100 ദിവസം സ്കൂൾ അനുഭവ പരിപാടികൾക്കായി വിഭജിച്ചു.

6. ഡി.എൽ.എഡ്. വിദ്യാർത്ഥികളുടെ റഫറൻസിനായി എല്ലാ വിഷയങ്ങൾക്കും പഠന പിന്തുണാസഹായി തയ്യാറാക്കി എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. 2020 ഏപ്രിലിൽ ആദ്യ ബാച്ച് പൂർത്തിയാകും.

(സി) ഉണ്ട്. ടി തസ്തികയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കകം വിജ്ഞാപനപ്രകാരം യോഗ്യത നേടിയിരിക്കുന്ന എല്ലാവർക്കും അപേക്ഷിക്കാൻ സാധിക്കും.

(ഡി) ബാധകമല്ല.

### പാഠ്യപദ്ധതിയിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ

140(1101) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇന്ന് നിലവിലുള്ള സിലബസ് ഏത് വർഷം മുതലാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) കേന്ദ്രം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി എന്തെല്ലാം മാറ്റങ്ങളാണ് പാഠ്യപദ്ധതിയിൽ വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പുതിയ അദ്ധ്യയന വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് മാറ്റംവരുത്തേണ്ടത് എന്നത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2013-2014 വർഷം മുതലാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

(ബി) ദേശീയ വിദ്യാഭ്യാസ നയം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല. ലഭ്യമാകുന്നമുറയ്ക്ക് വിദഗ്ദ്ധരുടെ അഭിപ്രായത്തോടുകൂടി പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതാണ്.

(സി) ഈ വർഷം ഒരു പാഠപുസ്തകത്തിലും മാറ്റംവരുത്തിയിട്ടില്ല.

## ഏക അദ്ധ്യാപക വിദ്യാലയങ്ങൾ

141(1102) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക അദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നിലവിൽ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ പലതും ശോച്യാവസ്ഥയിലായതിനാൽ അത് നന്നാക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(ഡി) ട്രൈബൽ/തീരദേശമേഖലയിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും, അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 270 എം.ജി.എൽ.സി.-കൾ പ്രവർത്തിക്കുന്നു.

(ബി) പ്രതിമാസ ഓണറേറിയം 18,500 രൂപയും ഹിൽ ട്രാക്ക് അലവൻസ് പ്രതിമാസം 500 രൂപയും കൂടാതെ ഫെസ്റ്റിവൽ അലവൻസായി 1300 രൂപയും ഏൺഡ് ലീവ് സറണ്ടറും (20 ദിവസത്തേയ്ക്ക്) നൽകിവരുന്നു.

(സി&ഡി) ഓരോ സാമ്പത്തികവർഷവും മെയിന്റനൻസ് ഗ്രാന്റിനത്തിൽ 5000 രൂപ നൽകിവരുന്നു. എം.ജി.എൽ.സി. പ്രവർത്തിക്കുന്ന മിക്കകെട്ടിടങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള എം.ജി.എൽ.സി.-കൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കേട്ടുപാടുകൾ പരിഹരിച്ച് നൽകാറുണ്ട്. വിദ്യാ വോളന്റിയർമാർക്ക് ഓണറേറിയമാണ് നൽകി വരുന്നത്. ആയത് കുടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രീ-പ്രൈമറി വിദ്യാഭ്യാസം

142(1103) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠിപ്പിക്കാനല്ല, പഠിക്കാനുള്ള താല്പര്യം കുട്ടികളിലുണ്ടാക്കലാണ് പ്രീ പ്രൈമറി തലം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന കാര്യം സർക്കാർ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിലെ മുന്നേറ്റത്തിനായി സർക്കാരിന് നയങ്ങളുണ്ടെങ്കിലും പ്രീ പ്രൈമറിയെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പോലും കാണാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രീ പ്രൈമറി തലവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വ്യക്തമായി നിർവ്വചിക്കുന്ന ഒരു നിയമമുണ്ടാക്കി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് പ്രീ സ്കൂളുകളിലും നടപ്പാക്കുന്ന കാര്യം ഉറപ്പുവരുത്തുമോ?

<u>ഉത്തരം</u>

(എ) അംഗീകരിക്കുന്നു.

(ബി) പ്രീ സ്കൂൾ വിഭാഗം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (കെ.ഇ.ആർ. ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ) ഭാഗമല്ല. വനിതാ ശിശു വികസന വകുപ്പിനാണ് 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ പരിചരണം, പോഷണം, വിദ്യാഭ്യാസം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല.

(സി) പ്രീ-സ്കൂൾ നയരേഖ (കരട്) എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

## പ്രീ പ്രൈമറി മേഖലയിൽ സ്വീകരിച്ച നടപടി

143(1104) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രീ പ്രൈമറി മേഖലയുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ പ്രീ പ്രൈമറി അംഗീകാരത്തിനുള്ള മാനദണ്ഡം, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, പാഠ്യപദ്ധതി, അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം/യോഗ്യത തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി നിയമനിർമ്മാണം നടത്തുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന അജണ്ടയിൽ ഒന്നാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. അതിന്റെ ഭാഗമായി പ്രീ സ്കൂൾ അധ്യാപകർക്കായി 'കളിപ്പാട്ടം' എന്ന പേരിലും, കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും വിനിമയ സഹായിയും 'കളിത്തോണി' എന്ന പേരിലും തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനങ്ങളും നൽകിവരുന്നു.

(ബി) പ്രീ-സ്കൂൾ നയരേഖ (കരട്) തയ്യാറാക്കിയിട്ടുണ്ട്.

## പ്രീ-പ്രൈമറിയും അങ്കണവാടികളും ഒരേ കുടക്കീഴിൽ

144(1105) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ പ്രൈമറിയും അങ്കണവാടികളും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) അടുത്ത അദ്ധ്യയനവർഷം മുതൽ ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അതിന്റെ ഭാഗമായി സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 414 പ്രീ-സ്കൂളുകളെയും അതിന് ചുറ്റുമുള്ള 3 വീതം അങ്കണവാടികളെയും ഉൾപ്പെടുത്തി ക്ലസ്റ്റർ സംവിധാനം രൂപീകരിക്കുന്ന പ്രക്രിയ പൈലറ്റ് പരിപാടിയായി ചെയ്തുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

## പ്രീ-പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

145(1106) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രീ-പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസം ലോകനിലവാരത്തിലേക്ക് ഉയർത്തു ന്നതിന് ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് അദ്ധ്യാപകർക്ക് മികച്ച പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അതിന്റെ ഭാഗമായി സമഗ്രശിക്ഷ-കേരളയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 414 പ്രീസ്കൂളുകളെയും ചുറ്റുമുള്ള 3 അങ്കണവാടികളെയും ഉൾപ്പെടുത്തി ക്ലസ്റ്റർ സംവിധാനം രൂപീകരിക്കുന്ന പ്രക്രിയ പൈലറ്റ് പരിപാടിയായി ചെയ്തുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

(ബി&സി) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്.സി.ഇ. ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രീ-സ്കൂൾ കോർ റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.സി. ആർ.ജി.) പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.എസ്.ആർ.ജി.) പ്രീ-സ്കൂൾ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.ഡി.ആർ.ജി.) എന്നിവ രൂപീകരിച്ചിട്ടുണ്ട്. പരിശീലന പാക്കേജ് 'സംപ്രീതം' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. 50 പേരടങ്ങുന്ന സംസ്ഥാന റിസോഴ്സ് അംഗങ്ങളെ (പി.എസ്.എസ്.ആർ.ജി.) പിശീലനത്തിനായി ശില്പശാലകളിലൂടെ സജ്ജരാക്കിയിട്ടുണ്ട്.

**അംഗീകാരം ലഭിക്കാത്ത പ്രീ-പ്രൈമറി സ്കൂളുകൾ**

146(1107) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകൾ എത്ര എണ്ണം ഉണ്ടെന്നും ഇവയിൽ സർക്കാർ അംഗീകരിച്ചതും അംഗീകാര ത്തിനായി അപേക്ഷ നൽകിയതും ആയ എത്ര വീതം പ്രീ പ്രൈമറി സ്കൂളുകൾ ഉണ്ടെന്നും അറിയിക്കാമോ;

(ബി) ഇതുവരെ അംഗീകാരം നൽകാത്ത പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആകെ 2795 പ്രീ-പ്രൈമറി സ്കൂളുകളും അതിൽ 1956 സ്കൂളുകൾക്ക് അംഗീകാരം നൽകിയി ട്ടുള്ളതുമാണ്. 7-12-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 385/2012/ പൊ.വി.വ. പ്രകാരം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ പുതുതായി അംഗീകാരത്തിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നില്ല.

## സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ-പ്രൈമറി ആരംഭിക്കുന്ന നടപടി

147(1108) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് തടയുന്നതിലേക്ക് എൽ.കെ.ജി., യു.കെ.ജി. തലം സംസ്ഥാനത്തെ സ്കൂളുകളിൽ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) പ്രീ പ്രൈമറി സ്കൂളുകൾക്ക് 2012 വരെ ഓണറേറിയം സർക്കാർ നൽകിയിരുന്നുവെങ്കിലും ചട്ടങ്ങൾ ഇല്ലാത്തതിനാൽ ജില്ലാപഞ്ചായത്തിന് ഈ രംഗത്ത് ഇടപെടാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുവാൻ നിർദ്ദേശമുണ്ടെങ്കിലും അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിന് ഇതുവരെയും പരിഹാരമുണ്ടാകാത്ത വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുമോ;

(ഡി) സംസ്ഥാനത്ത് തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിലെങ്കിലും പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് ചട്ടങ്ങളിൽ വേണ്ട മാറ്റം വരുത്തുവാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഒരവസ്ഥ ഇപ്പോൾ കേരളത്തിൽ ഇല്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല.

(ബി-ഡി) സർക്കാർ വിദ്യാലയങ്ങളിൽ പി.റ്റി.എ.യുടെ കീഴിൽ 7-12.-2012-നുമുമ്പ് ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം നൽകിവരുന്നു. ചട്ടങ്ങൾ ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിന് ഈ രംഗത്ത് ഇടപെടാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗം ശാക്തീകരിക്കാൻ നടപടി

148(1109) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി സ്കൂളുകളുടെ ശാക്തീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രീ-പ്രൈമറി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സർക്കാർ ശമ്പളമോ മറ്റാനുകൂല്യങ്ങളോ നൽകാതെ ഇതിന്റെ ഉത്തരവാദിത്വം അദ്ധ്യാപക-രക്ഷകർതൃ സമിതിയെ ഏൽപ്പിക്കുന്നത് പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്ത് വർഷം തുടർച്ചയായി ജോലി ചെയ്യുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രമുഖ ലക്ഷ്യങ്ങളിൽ ഒന്നാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. ശിശു കേന്ദ്രീകൃതമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി 2014-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ 2017-ൽ പ്രീസ്കൂൾ അദ്ധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) കളിത്തോണി എന്ന പ്രവർത്തന പുസ്തകവും, അവ ക്ലാസ്സിൽ വിനിമയം ചെയ്യുന്നതിനുള്ള അദ്ധ്യാപക വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കപ്പെട്ട സഹായികൾ പ്രാവർത്തികമാക്കുന്നതിനായി അദ്ധ്യാപകർക്ക് ഘട്ടംഘട്ടമായി ട്രൈ ഔട്ടുകൾ നടത്തി പരിശീലനം എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ നൽകിവരുന്നു. ക്ലാസ് മുറികളിൽ അക്കാദമിക ഭൗതിക സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രീ-സ്കൂളുകളിൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനമൂലകൾ സജ്ജീകരിച്ചുവരുന്നു.

(ബി&സി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിക്കുകയും 1-8-2012 വരെ സർവ്വീസിലുണ്ടായിരുന്ന പ്രീ- പ്രൈമറികളിലെ ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം അനുവദിച്ചുനൽകുകയും ചെയ്തു. അതിനുശേഷം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ജൂനിയർ റെഡ്ക്രോസ് കേഡറ്റുമാർക്കുള്ള ഗ്രേസ് മാർക്ക്

149(1110) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ റെഡ് ക്രോസ് കേഡറ്റുമാരായ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര മാർക്കാണ് ഗ്രേസ് മാർക്കായി നൽകി വരുന്നത്;

(ബി) ഇപ്പോൾ നൽകിവരുന്ന ഗ്രേസ് മാർക്ക് വർദ്ധിപ്പിച്ച് മറ്റ് കേഡറ്റ് ഗ്രൂപ്പുകൾക്ക് നൽകുന്നത് പോലെ 25 മാർക്ക് നൽകണമെന്നുള്ള ഹൈക്കോടതി വിധി സർക്കാരിന്റെ മുന്നിലുണ്ടോ;വിശദമാക്കാമോ;

(സി) അത്തരത്തിൽ ഒരു വിധി ഉണ്ടെങ്കിൽ ആ വിധിയുടെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് 25 മാർക്കായി വർദ്ധിപ്പിച്ച് നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് നിലവിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 10 മാർക്കാണ് ഗ്രേസ് മാർക്കായി നൽകിവരുന്നത്.

(ബി) ഇല്ല. ജൂനിയർ റെഡ്ക്രോസ് കേഡറ്റ്സിന് ഗ്രേസ് മാർക്ക് 25 ആയി വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യത്തിന്മേൽ ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി ഫയൽ ചെയ്ത WP(C)18661/2015, WP(C) 34573/15 മേൽ സർക്കാരിനോട് ഇക്കാര്യം അപേക്ഷകനെ നേരിൽ കേട്ടശേഷം ഒരു മാസത്തിനകം പരിഗണിക്കണമന്ന് ഉത്തരവിട്ടിരുന്നു. ഈ വിഷയത്തിൽ 2-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 262/2017/പൊ.വി.വ., പ്രകാരം ജൂനിയർ റെഡ്ക്രോസ് കേഡറ്റ്സിന്റെ ഗ്രേസ് മാർക്ക് വർദ്ധിപ്പിച്ച നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

## ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്താൻ നടപടി

150(1111) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തലത്തിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശാസ്ത്ര-മാനവിക വിഷയങ്ങൾ സരളമായി കൈകാര്യം ചെയ്യുവാൻ അദ്ധ്യാപകർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 20 ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവിണ്യം മെച്ചപ്പെടുത്തുന്നതിനായി Enhancement of English Learning എന്ന പദ്ധതി നടത്തിവരുന്നു.

(ബി) ഹയർ സെക്കന്ററി തലത്തിലെ ഒന്നും രണ്ടും വർഷങ്ങളിലെ മുഴുവൻ പാഠപുസ്തകങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള (74 ടൈറ്റിലുകൾ) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹയർ സെക്കന്ററി തലത്തിൽ 10 ദിവസത്തെ സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടി (എച്ച്.എസ്.എസ്.റ്റി.റ്റി.പി.) കഴിഞ്ഞ രണ്ട് വർഷമായി നടന്നുവരുന്നു.

## കിഫ്ബി പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ച സ്കൂളുകൾ

151(1112) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ എത്ര സ്കൂളുകൾക്ക് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പ്രവൃത്തികളുടെ എസ്.പി.വി. ആരാണ്;

(സി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് അറിയിക്കാമോ;

(ഡി) കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കി മേൽ സ്കൂൾ പ്രവൃത്തികൾ എന്ന് ടെണ്ടർ ചെയ്യാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകൾക്കാണ് ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത് :

1. GUPS ചെമ്മനാട് വെസ്റ്റ്
2. GOVT HSS, പക്കം
3. GHSS ബെത്തൂർ പാറ
4. GHSS കല്ലിയോട്ട്

5. GUPS കോളിയടുക്കം
6. GUPS മൂളിയാർ മാപ്പിള
7. GHS ബാരെ
8. GHS തച്ചങ്ങാട്
9. GHS കൊളത്തൂർ
10. GMUPS പള്ളിക്കര
11. GFHSS ബേക്കൽ
12. GHSS അമ്പലത്തറ
13. GHSS ചന്ദ്രഗിരി
14. GVHSS ദേലമ്പാടി
15. GVHSS കുനിയ

(ബി) കിലയെയാണ് SPV-യായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി

152 (1113) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോപ്പുംപടി അരൂജാ സ്കൂളിലെ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് സി.ബി.എസ്.സി. പരീക്ഷ എഴുതാൻ സാധിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) 2018-ൽ സർക്കാർ പൂട്ടാൻ നിർദ്ദേശിച്ച ടി സ്കൂൾ 2020-ലും തുടർന്ന് പ്രവർത്തിക്കുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും, സ്കൂൾ അനധികൃതമായി പ്രവർത്തിപ്പിച്ചുവന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സിലബസിലും സ്റ്റേറ്റ് സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂൾ അധികൃതർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തിവയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ 1-3-2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 22/2019/പൊ.വി.വ. പ്രകാരം സി.ബി. എസ്.ഇ./ഐ.സി.എസ്.ഇ. സിലബസുള്ള സ്കൂളുകൾക്കും 22-5-2019-ലെ ജി.ഒ.(എം.എസ്.)നമ്പർ 45/2019/പൊ.വി.വ. പ്രകാരം സ്റ്റേറ്റ് സിലബസിലുള്ള സ്കൂളുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ തലത്തിൽ അംഗീകാരം/എൻ.ഒ.സി. നൽകുകയും ചെയ്തുവരുന്നു. ഈ നടപടി പൂർത്തീകരിക്കുന്നതോടൊപ്പം അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതെയോ അംഗീകാരം ലഭിക്കാതെയോ ഇനിയും അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ടെങ്കിൽ അവ അടച്ചുപൂട്ടുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ബി) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ വരുന്ന കൊച്ചി മൂലങ്കുഴി അരൂജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളാണ്. പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് സി.ബി.എസ്.ഇ. പരീക്ഷയെഴുതാൻ സാധിക്കാത്ത വിവരം ലഭിക്കുന്നതിന് മുമ്പുതന്നെ 20-2-2020-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്.2/76423/16/ഡി.ജി.ഇ. നമ്പർ കത്ത് പ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന കൊച്ചി മൂലങ്കുഴി അരുജാസ് ലിറ്റിൽ സ്റ്റാർസ് സ്കൂൾ അടച്ചുപൂട്ടുന്നതിനും നിലവിലുള്ള കുട്ടികളെ 2020-21 അദ്ധ്യയന വർഷം മുതൽ സൗകര്യപ്രദമായിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്കൂളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

## ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം

153(1114) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ മിഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ കെട്ടിട നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കുന്നതിന് എന്ത് നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; കെട്ടിട നിർമ്മാണം ഇടയ്ക്കുവച്ച് തടസ്സപ്പെട്ടതുകാരണമുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് സ്കൂളിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള താൽപ്പര്യങ്ങൾ സ്ഥാപനമേധാവിയുടെ കാഴ്ചസീമയ്ക്കുടുത്ത് ക്ലാസ്സുകളും കുട്ടികളും കഴിയാവുന്നതും ഉണ്ടാകുക, കളിസ്ഥലം കഴിയാവുന്നതും സംരക്ഷിക്കുക തുടങ്ങി നിലവിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചുനക്കര ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

154(1115) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് മൂന്ന് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ ചുമതല കെ.ഐ.ടി.ഇ.-ൽ നിന്നും ഡബ്ല്യൂ.കെ.ഇ.എൽ.-ന് കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള SPV-യായി കൈറ്റിനെ (KITE)യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കൈറ്റ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വി.-യെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാറ്റണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി SPV-യായ കൈറ്റിനെ മാറ്റി പുതിയ എസ്.പി.വി.-യായി 'ഇൻകെലി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 'ഇൻകെൽ' തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വാളപുരം ജി.എം.യു.പി. സ്കൂളിലെ നിർമ്മാണ പ്രവൃത്തനങ്ങൾ

155(1116) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വാളപുരം ജി.എം.യു.പി. സ്കൂളിന് കിഫ്ബി വഴി അനുവദിച്ച ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തി നടപ്പിലാക്കുന്നതിന് എസ്.പി.വി. യായ 'കില' സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി അറിയിക്കുമോ; പ്രസ്തുത സമയപരിധിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വാളപുരം ജി.എം.യു.പി. സ്കൂളിന് കിഫ്ബി വഴി അനുവദിച്ച ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി കില സ്വീകരിച്ചുവരുന്നു.

## നോർത്ത് എഴിപ്രം യു.പി. സ്കൂളിൽ ബസ് വാങ്ങുന്നതിനുണ്ടായ കാലതാമസം

156(1117) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോർത്ത് എഴിപ്രം യു.പി. സ്കൂളിന് ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച തുക ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നോർത്ത് എഴിപ്രം ഗവൺമെന്റ് യു.പി. സ്കൂളിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന അനുവദിച്ച തുക ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചതിനുശേഷം GeM-ന്റെ പോർട്ടൽ മുഖേന ബസ് വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നിരവധി തവണ നൽകിയെങ്കിലും ഒരു കമ്പനിയും ഓർഡർ സ്വീകരിക്കാത്തതിനാലാണ് ബസ് വാങ്ങാൻ സാധിക്കാത്തത്. കമ്പനികളുടെ ഡീലേഴ്സുമായി നേരിട്ട് ബന്ധപ്പെട്ടെങ്കിലും, BS IV വാഹനങ്ങളുടെ വിൽപ്പന 2020 ഏപ്രിൽ ഒന്ന് മുതൽ മാത്രമേ ആരംഭിക്കുകയുള്ളൂവെന്നാണ് അറിയിച്ചിരിക്കുന്നത്. അതിനാലാണ് കാലതാമസം നേരിടുന്നത്.

**കൃഷ്ണപുരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ**

157 (1118) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ കൃഷ്ണപുരം ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടവും, വർക്ക്ഷോപ്പും, ലബോറട്ടറിയും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്ലാസ്സ് മുറികൾ, സ്റ്റാഫ്റൂം, ലബോറട്ടറി, ശൗചാലയങ്ങൾ, സൈക്കിൾഷെഡ് തുടങ്ങിയവയ്ക്ക് ആവശ്യമായ കെട്ടിടം നിർമ്മിച്ച് കൃഷ്ണപുരം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷ്ണപുരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## അംബേദ്കർ മെമ്മോറിയൽ എൽ.പി.സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി

158(1119) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിലെ കള്ളിമൂട്ട്കാണി അംബേദ്കർ മെമ്മോറിയൽ എൽ.പി. എയ്ഡഡ് സ്കൂളിന്റെ മാനേജ്മെന്റ് ട്രസ്റ്റ് അംഗങ്ങൾ മരണപ്പെട്ടതിനാലും സ്കൂൾ അന്യാധീനപ്പെട്ട നിലയിലായതിനാലും സ്കൂളിനെ സർക്കാർ സൗജന്യമായി ഏറ്റെടുക്കുന്നതിന് നിലവിലുള്ള മാനേജ്മെന്റ് പ്രതിനിധികൾക്ക് സമ്മതമായതിനാലും ആയതിലേയ്ക്കുള്ള തുടർ നടപടികൾ സ്വീകരിക്കാമോ;

(ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഒരു എയ്ഡഡ് സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദമായ റിപ്പോർട്ട് സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സഹിതം സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതുമാണ്.

## ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

159(1120) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപള്ളി തഴവ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി അനുവദിച്ച 3 കോടി രൂപയുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ് യു.പി.എസ്. ആദിനാട്, യു.പി. ജി.എസ്. കരുനാഗപ്പള്ളി, ഗവൺമെന്റ് എ.വി.എൽ. പി.എസ് തഴവ, ഗവൺമെന്റ് എച്ച്.എസ്.എസ് തൊടിയൂർ, ഗവൺമെന്റ്

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ചെറിയഴീക്കൽ എന്നീ സ്കൂളുകൾക്കനുവദിച്ച ഒരു കോടി രൂപയുടെ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്ക് കിഫ്ബിയുടെ 3 കോടി രൂപ ധനസഹായം അനുവദിച്ച് ഭരണാനുമതി നൽകിയതിൽ തഴവ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇൻകെൽ തുടർനടപടി സ്വീകരിച്ചുവരുന്നു. 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തഴവ ഗവൺമെന്റ് എ.വി.എച്ച്.എസ്.-നെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. കൈറ്റാണ്. നിലവിൽ 51% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജൂൺ മാസത്തോടെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) ആദിനാട് ജി.യു.പി.എസ്., യു.പി.ജി.എസ്. കരുനാഗപ്പള്ളി, ഗവൺമെന്റ് എ.വി.എൽ.പി.എസ്. തഴവ, ഗവൺമെന്റ് എച്ച്.എസ്.എസ്. തൊടിയൂർ, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ചെറിയഴീക്കൽ എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കില (KILA) സമർപ്പിച്ചിട്ടുണ്ട്.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

160(1121) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച്, ഭൗതിക സാഹചര്യ വികസന പദ്ധതിയിലുൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വി.യെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എസ്.പി.വി.-യായി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി**

161(1122) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ മോഡൽ എച്ച്.എസ്.എസ്.-ന്റെയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പുലാമന്തോൾ ഗവ. എച്ച്.എസ്.എസ്., കുന്നക്കാവ് ഗവ: എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പ്രവൃത്തിയും എത്ര ശതമാനം വീതം പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെട്ട പെരിന്തൽമണ്ണ മോഡൽ എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 50% പൂർത്തിയായി. നിലവിൽ കിച്ചൻ ബ്ലോക്കിന്റെയും എച്ച്.എസ്.എസ്. ബ്ലോക്കിന്റെയും നിർമ്മാണ

പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മേയ് മാസത്തോടുകൂടി പ്രവൃത്തികൾ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറാനുള്ള അടിയന്തര നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പുലാമന്തോൾ ജി.എച്ച്.എസ്.എസ്.-ൽ നിർമ്മാണ പ്രവർത്തനങ്ങൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ എച്ച്.എസ്.എസ്. ബ്ലോക്ക് വെർട്ടിക്കൽ എക്സ്പാൻഷൻ വർക്കുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ജൂലൈ മാസത്തോടെ ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എച്ച്.എസ്.എസ്. കുന്നംകാവ് സ്കൂളിൽ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്ലാസ് റൂം ബ്ലോക്കിന്റെ പണികളാണ് നിലവിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. ജൂലൈ മാസത്തോടെ പണികൾ പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ

162(1123) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റ്റി.എച്ച്.എസ്.എസ്. കുറ്റിപ്പുറം, ജി.യു.പി. സ്കൂൾ കോട്ടയ്ക്കൽ, ജി.എൽ.പി. സ്കൂൾ പറങ്കിമൂച്ചിക്കൽ, ഗവൺമെന്റ് എൽ.പി. സ്കൂൾ പെരുപറമ്പ്, ഗവൺമെന്റ് എൽ.പി. സ്കൂൾ ചൂനൂർ എന്നിവയുടെ സാങ്കേതികാനുമതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഭരണാനുമതി എന്നാണ് ലഭ്യമായതെന്നും സാങ്കേതികാനുമതി എന്നാണ് നൽകിയതെന്നും, ടെൻഡറിംഗ് നടപടികൾ ഏതുവരെ ആയെന്നും അറിയിക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഗവൺമെന്റ് യു.പി. സ്കൂൾ കോട്ടയ്ക്കലിന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതി യിലുമാണ്. ഗവൺമെന്റ് എൽ.പി.സ്കൂൾ പറങ്കിമൂച്ചിക്കലിന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി നടന്നുവരുന്നുമുണ്ട്. ഗവൺമെന്റ് എൽ.പി. സ്കൂൾ പെരുംപറമ്പിനും ഗവൺമെന്റ് എൽ.പി. സ്കൂൾ ചൂനൂരിനും 2019-20 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി നടന്നുവരികയും ചെയ്യുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ അനുവദിച്ച പ്രവൃത്തികൾ

163(1124) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും അവശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

## ഡയറ്റിനുകീഴിൽ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ

164(1125) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റിന് കീഴിൽ എത്ര അദ്ധ്യാപക തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളത്; അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;അറിയിക്കാമോ;

(ഡി) ഒഴിവുകളിൽ എത്ര ശതമാനമാണ് തസ്തിക മാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഡയറ്റിനുകീഴിൽ 19 സീനിയർ ലക്ചറർ തസ്തികകളും 59 ലക്ചറർ തസ്തികകളുമാണ് നിലവിൽ ഒഴിവുള്ളത്.

(ബി&സി) നിലവിലുള്ള ഡയറ്റ് വിശേഷാൽ ചട്ടത്തിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് പുറപ്പെടുവിക്കുന്നതിനുള്ള സത്വര നടപടി നടന്നുവരികയാണ്. അന്തിമ വിശേഷാൽ ചട്ടം പുറപ്പെടുവിച്ചശേഷം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടി സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം 50% ഒഴിവുകളാണ് തസ്തിക മാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളത്.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം**

165(1126) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :

<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാനുള്ള അധികാരം എ.ഇ.ഒ.,ഡി.ഇ.ഒ. എന്നിവരിൽ നിന്നും മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(ബി) എങ്കിൽ നിയമന അംഗീകാരം ആർക്ക് നൽകാനാണ് തീരുമാനി ച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി കെ.ഇ.ആർ. ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

(സി) കെ.ഇ.ആർ. ഭേദഗതി വരുത്തിയിട്ടില്ല.

## ആലപ്പുഴ ജില്ലയിലെ വിവിധ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ

166(1127) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എസ്.റ്റി., വി.എച്ച്.എസ്.ഇ., എച്ച്.എസ്.എ., യു.പി.എസ്.എ., എൽ.പി.എസ്.എ. എന്നിവയിലെ വിവിധ വിഷയങ്ങളിലെ തസ്തികകളിൽ ഒഴിവുകൾ എത്രയെന്ന് സ്കൂളുകൾ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്കുള്ള നിയമനം സംസ്ഥാനതലത്തിലാണ് നടത്തുന്നത്. എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകളും ഹൈസ്കൂൾ, എൽ.പി./യു.പി. അദ്ധ്യാപകരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. തസ്തികയിലേയ്ക്ക് യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. എച്ച്.എസ്.ടി/ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ജി.എഫ്.സി.-യിലുള്ള തസ്തികകൾ താൽക്കാലികമാണ്.

## അനധികൃതമായി സൃഷ്ടിക്കുന്ന അദ്ധ്യാപക തസ്തികകൾ

167(T1128) ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഇല്ലാത്ത കുട്ടികൾ ഉണ്ടെന്ന് കാണിച്ച് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന പ്രവണത നിലവിലുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കുട്ടികളെ വാടകക്കെടുത്ത് അധിക ഡിവിഷനുകൾ ഉണ്ടാക്കി അദ്ധ്യാപകരെ നിയമിക്കുന്ന പ്രവണത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സർക്കാരിനുണ്ടായ അധിക സാമ്പത്തിക ഭാരം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) ഈ ഡിജിറ്റൽ യുഗത്തിലും കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാട്ടി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിൽ എന്തൊക്കെ നിബന്ധനകളും നിയന്ത്രണങ്ങളുമാണ് കൊണ്ടുവരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

(സി-ഇ) മുകളിൽ (എ) പിരിവിൽ വ്യക്തമാക്കിയ പരിശോധനകൾ പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ സ്ഥിതിഗതികൾ വ്യക്തമാകുകയുള്ളൂ.

## സർക്കാർ-എയ്ഡഡ് സ്കൂൾ ജീവനക്കാർ

168(1129) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ - എയ്ഡഡ് മേഖലകളിൽ എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിലായി സർക്കാർ ശമ്പളം പറ്റുന്ന ജീവനക്കാർ എത്ര; തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലകളിലെ തസ്തിക നിർണ്ണയ മാനദണ്ഡങ്ങൾ നിലവിൽ എപ്രകാരമാണെന്നും ആയതിൽ ഈ സർക്കാർ എന്തെല്ലാം മാറ്റങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥി വർദ്ധനവ് കൃത്രിമമായുണ്ടാക്കി അധിക തസ്തിക എയ്ഡഡ് മേഖലയിൽ സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കൃത്രിമ നിയമനങ്ങൾ തടയുവാനും നിയമ വ്യവസ്ഥ പ്രകാരം നിയമനം ഉറപ്പാക്കാനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ അനധികൃത നിയമനങ്ങൾ എത്ര എന്നും അതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ-എയ്ഡഡ് ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| സ്കൂൾ | സർക്കാർ | എയ്ഡഡ് |
|---|---|---|
| ഹൈസ്കൂൾ | 27150 | 45514 |
| യു.പി.എസ് | 10548 | 26976 |
| എൽ.പി.എസ്. | 12957 | 23219 |
| റ്റി.റ്റി.ഐ. | 200 | 358 |
| ആകെ | 50855 | 96067 |

(ബി) നിലവിലുള്ള തസ്തിക നിർണ്ണയമാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1 മുതൽ 5 വരെ ക്ലാസ്സുകളിൽ (1:30) (ഓരോ ക്ലാസ്സിനും)

| കുട്ടികളുടെ എണ്ണം | ഡിവിഷൻ | തസ്തിക |
|---|---|---|
| 30 വരെ | 1 | 1 |
| 31-60 വരെ | 2 | 2 |
| 61-90 വരെ | 3 | 3 |
| 91-120 വരെ | 4 | 4 |
| 121-150 വരെ | 5 | 5 |
| 151-200 വരെ | 5 | 5+1HM |
| 201-240 വരെ | 6 | 6+1HM |
| 241-280 വരെ | 7 | 7+1HM |

6 മുതൽ 8 വരെ ക്ലാസ്സുകളിൽ (1:35) (ഓരോ ക്ലാസ്സിനും)

| കുട്ടികളുടെ എണ്ണം | ഡിവിഷൻ | തസ്തിക |
|---|---|---|
| 35 വരെ | 1 | 1 |
| 36-70 വരെ | 2 | 2 |
| 71-105 വരെ | 3 | 3 |
| 106-140 വരെ | 4 | 4+1 HM |
| 141-175 വരെ | 5 | 5+1 HM |

9, 10 ക്ലാസ്സുകളിൽ 1:45 അടിസ്ഥാനത്തിൽ

| | |
|---|---|
| 1 മുതൽ 50 വരെ | 1 ഡിവിഷൻ |
| 51 മുതൽ 95 വരെ | 2 ഡിവിഷൻ |
| 96 മുതൽ 140 വരെ | 3 ഡിവിഷൻ |
| 141 മുതൽ 185 വരെ | 4 ഡിവിഷൻ എന്നിങ്ങനെ |

എൽ.പി., യു.പി. സ്കൂളുകളിലെ പ്രഥമധ്യാപകരെ ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ താഴെപ്പറയും പ്രകാരമാണ്.

1. 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള എൽ.പി. സ്കൂളിൽ 150-ൽ അധികം കുട്ടികൾ
2. 1 മുതൽ 5 വരെ ക്ലാസ്സുകളുള്ള എൽ.പി.സ്കൂളുകളിൽ 150-ൽ അധികം കുട്ടികൾ
3. 5 മുതൽ 7 വരെ ക്ലാസ്സുകളുള്ള യു.പി. സ്കൂളുകളിൽ 100-ൽ അധികം കുട്ടികൾ
4. 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള യു.പി. സ്കൂളുകളിൽ 1 മുതൽ 4 വരെ 150-ൽ അധികം/5 മുതൽ 7 വരെ 100-ൽ അധികം കുട്ടികൾ

(സി&ഡി) പരിശോധിച്ചുവരുന്നു.

(ഇ) അനധികൃത നിയമനങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ബൈട്രാൻസ്ഫർ മുഖേന അദ്ധ്യാപകരായി നിയമനം

169(1130) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത യോഗ്യതയുള്ള അഞ്ച് വർഷം സർവ്വീസ് പൂർത്തീകരിക്കുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന് ബൈട്രാൻസ്ഫർ മുഖേന അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വി.എച്ച്.എസ്.എസ്.-ലെ ജീവനക്കാർക്കും ഈ നിയമം ബാധകമാണോ; വിശദമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന് ബൈട്രാൻസ്ഫർ മുഖേന അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്.

(ബി) വി.എച്ച്.എസ്.എസ്.-ലെ ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമാക്കിയിട്ടില്ല.

## കൊടല മൊഗർ സ്കൂളിലെ എച്ച്.എസ്.എ. നിയമനം

170(1131) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എസ്.വി.വി..എച്ച്.എസ്.എസ്. കൊടല മൊഗർ സ്കൂളിലെ കന്നഡ മീഡിയം എച്ച്.എസ്.എ. ശ്രീമതി വി. പുഷ്പലതയുടെ നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) നിയമനാംഗീകാരം ലഭ്യമാക്കിതരണമെന്ന് അപേക്ഷിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ ഹർജിയിൽ (No. 2150/2019/VIP/M/Edn/Dated 1-11-2019) പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. കാസർഗോഡ് ജില്ലിയിലെ കൊടല മൊഗർ എസ്.വി. വി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എ. കന്നഡ വിഭാഗം അദ്ധ്യാപിക ശ്രീമതി വി. പുഷ്പലതയുടെ 1-6-2017 മുതലുള്ള നിയമനം തസ്തിക ലഭ്യമാണെന്ന് ഉറപ്പുവരുത്തി

പരിശോധിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29-2-2020-ലെ ഇ.എം.5/8484/2020/ഡി.ജി.ഇ. കത്ത് പ്രകാരം കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി വി. പുഷ്പലതയുടെ 1-6-2017 മുതലുള്ള നിയമനാംഗീകാര ശിപാർശ 'സമന്വയ' വഴി സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എസ്.വി.വി.എച്ച്.എസ്.എസ്. മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## എച്ച്.എസ്.എ. മലയാളം-കോഴിക്കോട് ജില്ലാ റാങ്ക് പട്ടിക

171(1132) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. മലയാളം കോഴിക്കോട് ജില്ലാ റാങ്ക് പട്ടികയിൽ നിന്ന് ഇതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ നിന്ന് ഇപ്പോൾ ഈ തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) കാലാവധി കഴിയാൻ പോകുന്ന റാങ്ക് പട്ടികയെന്ന നിലയിൽ 2020 മാർച്ച് 31 വരെ ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 61 നിയമനങ്ങൾ നടന്നിട്ടുണ്ട്.

( ബി) 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എല്ലാ വർഷവും പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകാറുണ്ട്. എന്നാൽ അടുത്തവർഷത്തെ തസ്തിക നിർണ്ണയംകൂടി പൂർത്തിയായാലാണ് ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്യുക.

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

172(1133) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ കേരളയിൽ ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാരുടെയും സ്ഥിരം ജീവനക്കാരുടെയും വിശദവിവരങ്ങൾ നൽകുമോ; ഇവരിൽ താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കോടതിയിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല. താൽക്കാലിക/സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചുവടെപ്പറയുന്ന 5 കേസ്സുകൾ നിലവിലുണ്ട്.

1. WP (C) No.5923/16, Arun V. Gopal & Others
2. WP (C) No.25422/19, Hidayathulla. K.
3. WP (C) No.27047/19, Peethambaran. T & Others.
4. WP (C) No.24211/18, Sajimsha A. K. & Others
5. WP (C) No.37864/18, Sajimsha A. K. & Others

**തസ്തിക സൃഷ്ടിക്കൽ നിയന്ത്രിക്കാൻ നടപടി**

173(1134) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ മേഖലയിൽ നിയന്ത്രണമില്ലാതെ നടത്തുന്ന നിയമനങ്ങൾ സർക്കാരിന്റെ സാമ്പത്തിക നിലയെ കാര്യമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുമ്പോൾ ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം 40:1ൽ നിന്നും 30:1 ആയി മാറ്റിയിട്ടും ഒരു കുട്ടികൂടി അധികമായാൽ മാനേജർമാർ അദ്ധ്യാപക നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളുവാനാണ് സർക്കാർ ആലോചിക്കുന്നത്?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. ചട്ടങ്ങൾക്കും, നിലവിലിരിക്കുന്ന വ്യവസ്ഥകൾക്കും ഉത്തരവുകൾക്കും വിധേയമായി നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ ഉത്തരവാദപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ നിയമനാംഗീകാരം നൽകുന്നുള്ളൂ.

(ബി) കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി.-യുടെ അടിസ്ഥാനത്തിലും യു.ഐ.ഡി./ഇ.ഐ.ഡി. ഇല്ലാത്ത കുട്ടികൾക്ക് പ്രധാനാദ്ധ്യാപിക സമർപ്പിക്കുന്ന ഡിക്ലറേഷന്റെ അടിസ്ഥാനത്തിലുമാണ് കുട്ടികളുടെ എണ്ണം കണക്കാക്കി തസ്തിക നിർണ്ണയം നടത്തിവരുന്നത്.

(സി) നിലവിലിരിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരമാണ് അദ്ധ്യാപക നിയമനം നടത്തുന്നത്.

(ഡി) പരിശോധിച്ചുവരുന്നു.

## സ്കൂളുകളിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

174(1135) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എൽ.പി.,യു.പി., എച്ച്.എസ്. എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൽ.പി./യു.പി./ എച്ച്.എസ്. എന്നീ വിഭാഗങ്ങളിലായി പുതിയതായി 8003 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അധിക തസ്തിക ഉൾപ്പെടെ 8063 നിയമനങ്ങൾ നടന്നിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ആകെ 3540 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിൽ 1610 അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സംസ്ഥാന തലത്തിലാണ് നിയമനം നടത്തുന്നത്. പുതുതായി സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികകളിലേയ്ക്ക് ക്വാളിഫൈഡ് ജൂനിയേഴ്സുള്ള സാഹചര്യത്തിൽ ടി അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം നൽകിയിട്ടുള്ളതും ക്വാളിഫൈഡ് ഇല്ലെങ്കിൽ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികകളും എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളും എല്ലാംതന്നെയും നിയമന ശിപാർശക്കായി പി.എസ്.സി.-യിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനായും തസ്തികമാറ്റ നിയമനത്തിനായും റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത തസ്തികകളിൽ

നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളവയിൽ നിയമന ശിപാർശ ലഭിച്ച ഒഴിവുകളിൽ നിയമനം നടത്തപ്പെട്ടിട്ടുള്ളതും പൊതുസ്ഥലംമാറ്റത്തിൽ ഈ സ്കൂളുകളിൽ അദ്ധ്യാപകർ സ്ഥലംമാറ്റം മുഖേന നിയമിക്കപ്പെട്ടിട്ടുള്ളതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 371 ലാബ് അസിസ്റ്റന്റുമാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

175(1136) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് അഡീഷണൽ പോസ്റ്റുകൾ സൃഷ്ടിക്കുന്നതിൽ പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ വ്യക്തമാക്കുമോ;

(ബി) എങ്കിൽ പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

## എച്ച്.എസ്.എസ്.ടി. കൊമേഴ്സ് അദ്ധ്യാപക വേക്കൻസികൾ

176(1137) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.ടി. കൊമേഴ്സ് അദ്ധ്യാപകരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്;

(ബി) എച്ച്.എസ്.എ. പ്രൊമോഷൻ ലിസ്റ്റ് (കൊമേഴ്സ് ) നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ടി ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ഡി) എച്ച്.എസ്.എസ്.ടി. കൊമേഴ്സ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉത്തരം

(എ) 14

( ബി) ഇല്ല

(സി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ എച്ച്.എസ്.എസ്.റ്റി. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുള്ളൂ. എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയിലേയ്ക്ക് യോഗ്യരായ എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകർ നിലവിലുണ്ട്. എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് തസ്തികയിൽ നിലവിൽ 14 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ ഇപ്രകാരം നീക്കിവച്ചിരിക്കുന്നു.

| | | |
|---|---|---|
| Reported to PSC for ST only category | – | 1 |
| Junior to Senior Promotion | - | 5 |
| LWA/Deputation rejoining | - | 8 |
| Total | - | 14 |

(ഡി) ഇല്ല

**അൺഎയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി.**

177(1138) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് സ്റ്റേറ്റ് സിലബസിന് എൻ.ഒ.സി. നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനി എത്ര സ്കൂളുകളുടെ അപേക്ഷ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും ആയതിന് കാരണം എന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് സി.ബി.എസ്.ഇ. സിലബസിന് എൻ.ഒ.സി. നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനി എത്ര സ്കൂളുകളുടെ അപേക്ഷകൾ തീരുമാനമാകാത കിടക്കുന്നുണ്ടെന്നും ആയതിന് കാരണം എന്താണെന്നും സ്കൂളുകളുടെ പേര് സഹിതം ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അംഗീകാരത്തിനുവേണ്ടിയുള്ള 58 അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ കോഴിക്കോട് ജില്ലയിലെ ഒരു സ്കൂളിനുമാത്രമാണ് ഇതുവരെ സർക്കാർ അംഗീകാരം നൽകി ഉത്തരവായിട്ടുള്ളത്. മറ്റ് അപേക്ഷകൾ വിവിധ തലങ്ങളിലായി പരിശോധിച്ചു വരികയാണ്.

(സി) സർക്കാരിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ 98 സ്കൂളുകൾക്ക് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. അഫിലിയേഷനുള്ള എൻ.ഒ.സി. അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) 11 സ്കൂളുകളുടെ അപേക്ഷകൾ അപാകതകൾ കാരണം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് മടക്കി നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു*. 14 സ്കൂളുകളുടെ അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധ നയിലാണ്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്കെതിരെ നടപടി

178(1139) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് സി.ബി.എസ്.ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടി സർക്കാർ ഏതെങ്കിലും തരത്തിലുള്ള അനുമതിയോ സർട്ടിഫിക്കറ്റോ നൽകേണ്ടതുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സി.ബി.എസ്.ഇ.യുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ സി.ബി.എസ്.ഇ.യുടെ അംഗീകാരമില്ലാതെ പ്രവർത്തിച്ച് കുട്ടികൾക്ക് വർഷാവസാന പരീക്ഷ എഴുതാൻ കഴിയാതെയാക്കിയ സ്കൂളുകൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സി.ബി.എസ്.ഇ. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ കണ്ടെത്തുന്നതിനും അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നടപടികൾ എന്തൊക്കെയാണ്; ആയത് ശക്തമാക്കുന്നതിന് സ്വീകരിക്കാനുദ്ദേ ശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ നൽകുന്ന എൻ.ഒ.സി.യും അംഗീകാരവും ആവശ്യമാണ്.

(ബി) ഉണ്ട്. ഇത്തരം സ്കൂളുകൾക്ക് അഫിലിയേഷൻ നേടുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. ആവശ്യമായതിനാൽ ആയത് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ 1-3-2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 22/2019/ പൊ.വി.വ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം ലഭിച്ചിട്ടുള്ള അപേക്ഷകൾ (പ്രൊപ്പോസലുകൾ) സർക്കാർ പരിശോധിച്ച് എൻ.ഒ.സി.യും അംഗീകാരവും നൽകിവരുന്നു. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്കായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 31-5-2020 വരെയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ സർക്കാരിന് സമർപ്പിക്കേണ്ട അവസാന തീയതി 30-6-2020 ആയും നിശ്ചയിച്ചിട്ടുണ്ട്. ഈ നടപടിക്രമം പൂർത്തിയായതിനുശേഷം മാത്രമേ സി.ബി.എസ്.ഇ.-യുടെ അഫിലിയേഷനും സർക്കാരിന്റെ എൻ.ഒ.സി.-യുമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണവും മറ്റു വിവരങ്ങളും കൃത്യമായി ശേഖരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ വരുന്ന അരൂജാസ് ലിറ്റിൽ ഫ്ലവർ മൂലങ്കുഴി, കൊച്ചി എന്ന സ്കൂളിലെ കുട്ടികൾക്കാണ് 2020 -ലെ പത്താം ക്ലാസ്സ് (CBSE) പരീക്ഷ എഴുതാൻ കഴിയാതെ വന്നിട്ടുള്ളത്.

(ഡി) സി.ബി.എസ്.ഇ. സിലബസിലും സംസ്ഥാന സിലബസിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് അടച്ചുപൂട്ടൽ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടൽ നടപടി താൽക്കാലികമായി നിർത്തിവയ്ക്കുകയും ഇത്തരം സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി.ക്കുവേണ്ടി അപേക്ഷ സമർപ്പിക്കാൻ 1-3-2019-ലെ ജി.ഒ.(എംഎസ്.) നമ്പർ 22/2019/പൊ.വി.വ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് എൻ.ഒ.സി.യും അംഗീകാരവും നൽകിവരുന്നു. ഈ നടപടി പൂർത്തിയാകുന്നതോടൊപ്പം ഇനിയും അപേക്ഷ നൽകാതെയോ അംഗീകാരം ലഭിക്കാതെയോ ഉള്ള സ്കൂളുകളുണ്ടെങ്കിൽ അവ അടച്ചുപൂട്ടുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

## സൗജന്യ യൂണിഫോം വിതരണം

179(1140) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് എത്ര വിഭാഗങ്ങളിലായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതെന്നും ഇതിന് എത്ര തുകയാണ് വേണ്ടതെന്നും വ്യക്തമാക്കാമോ;

(ബി) ഈ തുക ഈ അദ്ധ്യയനവർഷം വിതരണം ചെയ്തോ എന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം തുക വിതരണം ചെയ്തിട്ടില്ലെന്ന വാർത്തകൾ വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മൂന്ന് വിഭാഗങ്ങളിലായി സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നു. 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം നൽകുന്നു. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും SC/ST വിഭാഗം ആൺകുട്ടികൾക്കും സമഗ്രശിക്ഷ-കേരള മുഖേന ഒരു കുട്ടിക്ക് രണ്ട് ജോടി യൂണിഫോമിന് തുക നൽകിവരുന്നു. കൈത്തറി യൂണിഫോം നൽകാത്ത എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും ഒരു കുട്ടിക്ക് രണ്ട് ജോടി യൂണിഫോമിന് തുക നൽകുന്നു. കൈത്തറി യൂണിഫോമിനായി 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് 108.7 കോടി രൂപയും കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം വിതരണത്തിനായി 85 കോടി രൂപയും ചെലവ് വരും.

(ബി&സി) കൈത്തറി യൂണിഫോമിനുള്ള തുക കൈത്തറി വകുപ്പിന് നൽകിയിട്ടുണ്ട്. പണമായി തുക വിതരണം ചെയ്യേണ്ട കുട്ടികൾക്ക് തുക പൂർണ്ണമായും നൽകിക്കഴിഞ്ഞിട്ടില്ല. വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്കൂൾ യൂണിഫോം വിതരണം

180(1141) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷത്തിന്റെ അവസാനമായിട്ടും ഇതുവരെ ഈ വർഷത്തെ സ്കൂൾ യൂണിഫോം ലഭിക്കാത്ത കുട്ടികൾ പല സ്കൂളുകളിലും ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) സ്കൂൾ യൂണിഫോമിനുള്ള തുക വർദ്ധിപ്പിച്ചതായി 2020 ബജറ്റ് പ്രഖ്യാപനത്തിൽ വന്നതുമൂലം കുട്ടികൾക്ക് ഉണ്ടാകുന്ന പ്രയോജനം വ്യക്തമാക്കാമോ;

(സി) നേരത്തേ യൂണിഫോമിനുള്ള തുക സ്കൂൾ അധികൃതർക്ക് നേരിട്ട് കൈമാറിയിരുന്ന സമയത്ത് യഥാസമയം ആവശ്യാനുസരണം കുട്ടികൾക്ക് യൂണിഫോം കിട്ടിയിരുന്ന അവസ്ഥ യൂണിഫോം തുണി നേരിട്ട് നൽകുന്നത് വഴി മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യൂണിഫോമിനുള്ള തുക ബജറ്റിൽ വർദ്ധിപ്പിച്ച സ്ഥിതിക്ക് മദ്രസ്സയിൽ പോകുന്ന പ്രൈമറി കുട്ടികൾക്ക് ഹാഫ് ട്രൗസറിനുള്ള തുണിക്ക് പകരം ഫുൾ ട്രൗസറിനുള്ള തുണി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഈ വർഷത്തെ സ്കൂൾ യൂണിഫോം മിക്കവാറും എല്ലാ സ്കൂളുകളിലും ലഭ്യമായിക്കഴിഞ്ഞു. സമഗ്രശിക്ഷാ കേരളവഴി യൂണിഫോം ലഭ്യമാകുന്ന സ്കൂളുകളിൽ 90 ശതമാനത്തിലധികം സ്കൂളുകൾക്കും തുക വിതരണം ചെയ്തുകഴിഞ്ഞു. ചില സ്കൂളുകൾക്ക് 50% തുകയും നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകൾക്ക് തുക ഉടൻ നൽകും.

(ബി) ഈ വർദ്ധനവ് നടപ്പ് അദ്ധ്യയനവർഷംതന്നെ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. യൂണിഫോമിനുള്ള തുക കാലാനുഗതമായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ ചെയ്തത്.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഏകീകൃത രീതിയിലാണ് യൂണിഫോം വിതരണം ചെയ്തുവരുന്നത്. മദ്രസ്സ വിദ്യാർത്ഥികൾക്ക് ഹാഫ് ട്രൗസറിനുള്ള തുണിക്ക് പകരം ഫുൾ ട്രൗസറിനുള്ള തുണി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പ്രവേശന പരീക്ഷകൾക്ക് ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾ

181(1142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ പ്രവേശന പരീക്ഷകൾക്ക് അപേക്ഷയോടൊപ്പം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിനും, അത്തരം സർട്ടിഫിക്കറ്റുകൾ പ്രവേശനം ലഭിച്ചവരിൽനിന്നു മാത്രം വ്യത്യസ്ത സമയങ്ങളിൽ ആവശ്യപ്പെടുകയും ചെയ്യുന്ന തരത്തിൽ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

എൻട്രൻസ് പരീക്ഷകൾക്ക് സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം 19-11-2019-ലെ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിശദമായി ചർച്ചചെയ്യുകയും ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി പര്യാപ്തമാകുകയാൽ തൽസ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 27-1-2020-ലെ സ.ഉ.(സാധാ) നമ്പർ 150/2020/ഉ.വി.വ. ഉത്തരവുപ്രകാരം KEAM 2020 പരീക്ഷയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ വിവിധ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം ഹാജരാക്കുന്നതിന് 2020 ജനുവരി മുതൽതന്നെ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവായിട്ടുമുണ്ട്.

## കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ

182(1143) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ ഇടപാടുകൾ ഓൺലൈൻ ആക്കുന്നതിന് 25-8-2018-ൽ രൂപീകരിച്ച കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ സംസ്ഥാന, ജില്ലാതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മേൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മമൂലം ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വേ ആധുനീകരിക്കുക, സർവ്വേ ഡിജിറ്റൈസേഷൻ നടപടി ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് കേരള ലാൻഡ് റിക്കോർഡ്സ് മോഡണൈ സേഷൻ മിഷൻ (KLRMM) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) മിഷൻ ഡയറക്ടറായി ലാൻഡ് റവന്യൂ കമ്മീഷണറും, അഡീഷണൽ മിഷൻ ഡയറക്ടറായി സർവ്വേ ഡയറക്ടറും ഡെപ്യൂട്ടി മിഷൻ ഡയറക്ടർമാരായി സർവ്വേ വകുപ്പിൽനിന്ന് അഡീഷണൽ ഡയറക്ടറും റവന്യൂ വകുപ്പിൽനിന്നും ഡെപ്യൂട്ടി കളക്ടറും, രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ജോയിന്റ് ഇൻസ്പെക്ടർ ജനറലും മിഷന്റെ സംസ്ഥാനതല ചുമതലകൾ നിർവ്വഹിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷനിൽ സംയോജിപ്പിച്ച കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥരായിരുന്ന ടി ജില്ലകളിലെ അസിസ്റ്റന്റ് ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർമാരായി ചുമതല വഹിച്ചിരുന്ന സർവ്വേ അസിസ്റ്റന്റ് ഡയറക്ടർമാരും മറ്റ് ജില്ലകളിൽ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർമാരായി ചുമതല വഹിച്ചിരുന്ന സർവ്വേ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരായി ചുമതലവഹിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷന്റെ മേൽനോട്ടം വഹിച്ചുവരുന്നു.

**വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി**

183(1144) ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നവർക്ക് തീർത്തും അപര്യാപ്തമായ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നതെന്നതാണ് ഭൂമി വിട്ടുകിട്ടുന്നതിനുള്ള മുഖ്യതടസ്സമെന്നതിനാൽ ഭൂമി കൈമാറേണ്ടി വരുന്നവർക്ക് ആകർഷകമായ പാക്കേജ് ലഭ്യമാക്കുന്നതിന് പുനരധിവാസ നയം പ്രഖ്യാപി ച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പൊതു ആവശ്യത്തിനുള്ള വിവിധ പദ്ധതികൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം ലളിതവൽക്കരിക്കുവാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും കയ്യേറ്റത്തിന് വിധേയമാകുന്നത് അവസാനിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നവർക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26, 27, 28, 29, 30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ. ആക്ട് 2013 സെക്ഷൻ 26-ൽ താഴെപ്പറയുംപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

(എ) സ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്ത് അതത് സംഗതികളിൽ തീറാധാരങ്ങൾക്കോ വില്പന കരാറുകൾക്കോ 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് 2 പ്രകാരമുള്ള കമ്പോളവില നിശ്ചയിക്കാവുന്നതാണ്.

(ബി) സമീപത്തുള്ള വില്ലേജിലോ സമീപ പ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന അതുപോലുള്ള സമാന രീതിയിലുള്ള സ്ഥലങ്ങൾക്കുള്ള ശരാശരി വില്പനവില കണക്കാക്കാവുന്നതാണ്.

(സി) സ്വകാര്യ കമ്പനികൾക്കോ പൊതു-സ്വകാര്യ/കൂട്ടുടമസ്ഥ പ്രോജക്ടുകൾക്കോവേണ്ടി ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ 2-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൻകീഴിൽ ധാരണാപത്രം സമ്മതിച്ചുറപ്പിച്ചിട്ടുള്ള നഷ്ടപരിഹാര തുക ഇവയിലേതാണോ കൂടുതൽ ആയത് കമ്പോള വിലയായി നിശ്ചയിക്കുന്നു.

കമ്പോളവില തീരുമാനിക്കുന്ന തീയതി പ്രാഥമിക വിജ്ഞാപനം 11(1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26(എ) പ്രകാരമുള്ള മാനദണ്ഡം മിക്കവാറും സംഗതികളിൽ 26(ബി) പ്രകാരമുള്ള മാനദണ്ഡത്തിനെക്കാൾ കുറവായിരിക്കും. 26(സി) പ്രകാരമുള്ള മാനദണ്ഡമനുസരിച്ചുള്ള ധാരണാപത്രം ലഭ്യമാകാനുള്ള സാദ്ധ്യതയും വിരളമാണ് ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നതിന് 26(ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടുമുന്നിലത്തെ മൂന്ന്

വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വിൽപ്പന വിലയായി കണക്കാക്കി ഭൂമി വില നിശ്ചയിക്കുന്നു.

ഈ കമ്പോള വിലയോടൊപ്പം നഗര പ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100% ന് തുല്യമായ തുക സോലേഷ്യമായും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുക സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഭൂമി കൈവശത്തിലെടുക്കുന്ന തീയതി വരെയോ ഇതിൽ ഏതാണ് ആദ്യം വരുന്നതെന്ന് നോക്കി ഈ കാലയളവിൽ 12% പലിശയും നൽകുന്നു.

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസ്സുകളിൽ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേയ്സ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോമ്പൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡം 26(b) യേക്കാൾ കൂടിയവില അനുവദിച്ച് നൽകാറുണ്ട്.

മേൽപ്പറഞ്ഞ നഷ്ടപരിഹാരത്തിനുപുറമെ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ പുനരധിവാസവും പുനഃസ്ഥാപനവും നൽകണമെന്ന് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് കെ.എസ്.റ്റി.പി.-ക്ക് കൈമാറുന്നതിന് 3-4-2017-ലെ സ.ഉ.(കൈ) 105/17/റവ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴികെയുള്ള സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന കേടുപാടുകൾക്ക് ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ പുനർനിർമ്മിച്ച് നൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയോടെ നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി നൽകുന്നതിന് 26-8-2017-ലെ 302/17/റവ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറി നൽകുന്നതിന് 24-11-2018-ലെ 175/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ. (പി) 31/18/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതിന് 1-11-2018-ലെ എൽ.ആർ.കെ.2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 10-9-2018-ലെ സ.ഉ.(സാധാ) 3778/18/റവ. നമ്പർ ഉത്തരവുപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥല പരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയുടെ സഹായത്തോടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ആധാർ അധിഷ്ഠിത തണ്ടപ്പേർ

184(1145) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ടപ്പേരുമായി ആധാറിനെ ബന്ധിപ്പിച്ച് ആധാർ അധിഷ്ഠിത തണ്ടപ്പേർ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോഴുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് കൂടി വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് 12-2-2020-ലെ സ.ഉ.(സാധാ) നമ്പർ 552/2020/റവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് എല്ലാ ഭൂവുടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓൺലൈനായി ഭൂമി കൈമാറ്റ നടപടികൾ ചെയ്യുന്നതിന് നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്‍വെയർ അപ്ഡേഷൻ ചെയ്യുന്നതിന് സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാത്രമല്ല, ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് UIDAI-യുടെ അനുവാദം നേടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(ബി) ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള എല്ലാ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത്തരത്തിൽ ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാവുകവഴി പൊതുജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും

ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ ഭൂവുടമകളുടെ വിവരങ്ങൾ ലഭിക്കുന്നതുവഴി സാമ്പത്തികലാഭവും സമയലാഭവും ഉണ്ടാകുന്നതാണ്. ഇതിലൂടെ ഭൂമിയുടെ ഭരണനിർവ്വഹണം (Land Governance) മെച്ചപ്പെടുന്നതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാൻ സാദ്ധ്യതയില്ല.

## നദികളുടെ മാപ്പിംഗും മണൽ ആഡിറ്റിംഗും

185(1146) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് സംസ്ഥാനത്തെ നദികളുടെ മാപ്പിംഗും, മണൽ ആഡിറ്റിംഗും നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അനധികൃത മണൽവാരലും വില്പനയും നടക്കുന്നു എന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ ;

(സി) മണൽ വില്പന സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ടോ;

(ഡി) സർക്കാരിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളിലേ മണൽ കൊണ്ടുപോകാവൂ എന്നും ഇവയിൽ ജി.പി.എസ്. ഘടിപ്പിച്ച് യാത്ര നിയന്ത്രിക്കണമെന്നുമുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 20 നദികളുടെ റിവർ ബാങ്ക് മാപ്പിംഗും 23 നദികളുടെ സാന്റ് ആഡിറ്റിംഗും പൂർത്തിയായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അനധികൃത മണൽവാരലുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും പ്രസ്തുത മാർഗ്ഗരേഖ ശേഖരിച്ചിട്ടുണ്ട്.

(ഡി) നടപ്പാക്കിയിട്ടില്ല. മണൽ ഖനനം സംസ്ഥാനത്ത് പുനരാരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് പരിഗണിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം

186(1147) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ നിന്നും 2016 ജൂൺ മുതൽ 2020 ജനുവരി വരെയുള്ള കാലയളവിൽ പട്ടയം അനുവദിച്ച് കിട്ടുന്നതിലേക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നുള്ള കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ നൽകാമോ;

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം അനുവദിച്ചു എന്നതിന്റെ കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) എത്ര അപേക്ഷകളിന്മേൽ ഇനി പട്ടയം അനുവദിക്കുവാനുണ്ടെന്നും, പ്രസ്തുത നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി പുറമ്പോക്കിൽ കഴിയുന്നവരുൾപ്പെടെയുള്ളവരിൽ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് നടത്തിയ പ്രവർത്തനം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2016 ജൂൺ മുതൽ 2020 ജനുവരി വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | വെള്ളറട | 197 |
| 2 | പരശുവയ്ക്കൽ | 57 |
| 3 | കൊല്ലയിൽ | 52 |
| 4 | പാറശ്ശാല | 16 |
| 5 | പെരുങ്കടവിള | 15 |
| 6 | കുന്നത്തുകാൽ | 14 |
| 7 | ആനാവൂർ | 8 |
| | ആകെ | 359 |

(ബി) 2016 മുതൽ 2020 ജനുവരി വരെ ലഭിച്ച അപേക്ഷകളിൽ പട്ടയം നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | പട്ടയം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | വെള്ളറട | 61 |
| 2 | പരശുവയ്ക്കൽ | - |
| 3 | കൊല്ലയിൽ | 18 |
| 4 | പാറശ്ശാല | - |
| 5 | പെരുങ്കടവിള | 2 |
| 6 | കുന്നത്തുകാൽ | - |
| 7 | ആനാവൂർ | 7 |
| | ആകെ | 88 |

ആയത് കൂടാതെ പാറശ്ശാല മണ്ഡലത്തിൽനിന്നും നിലവിൽ 36 കേസ്സുകളിൽ പട്ടയ നടപടി പൂർത്തീകരിച്ചിട്ടുള്ളതും ടി കേസ്സുകളിൽ ഉടൻതന്നെ പട്ടയം നൽകാൻ സാധിക്കുന്നതുമാണ്.

(സി) 271 അപേക്ഷകളിന്മേൽ നിലവിൽ പട്ടയം നൽകാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് മഹസ്സർ തുടങ്ങിയവ പരിശോധിച്ച് യോഗ്യത ഉറപ്പുവരുത്തി 12(1) പരസ്യപ്പെടുത്തി ആക്ഷേപരഹിതമായി മടങ്ങുന്നവ TLAC (Taluk Land Assignment Committee) -യിൽ വച്ച് അംഗീകാരം കിട്ടുന്നതോടെ മാത്രമേ പട്ടയം അനുവദിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത നടപടി പൂർത്തിയാക്കാനുള്ള കാലതാമസം മാത്രമാണ് ഇത്തരം അപേക്ഷകളിൽ അവശേഷിക്കുന്നതെന്ന് ജില്ലാ കളക്ടർ വ്യക്തമാക്കുന്നു.

(ഡി) അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി കൈവശഭൂമി, പതിവിന് വിധേയമായ ഭൂമിയുടെ പട്ടികയിൽ ഉൾപ്പെടുന്നതാണോയെന്നും കക്ഷിക്ക് പതിവിന് അർഹതയുണ്ടോയെന്നും പരിശോധിച്ച് പട്ടയം നൽകിവരുന്നു.

എന്നാൽ, പതിവിന് വിധേയമല്ലാത്ത റോഡ്, കുളം, തോട്, പാറ, വനം തുടങ്ങിയ ഭൂമികളാണ് കൈവശ ഭൂമിയെങ്കിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടി വരും. പതിവിന് വിധേയമല്ലാത്ത മേൽ ഇനം പുറമ്പോക്കിൽ കഴിയുന്ന അപേക്ഷകൾ 1-1-1992-നുമുമ്പ് കൈവശമുണ്ടെങ്കിൽ അർഹത പരിശോധിച്ച് അവർക്ക് കൈവശരേഖ നൽകിവരുന്നു.

## കായംകുളം കേന്ദ്രമാക്കി താലൂക്ക് രൂപീകരണം

187(1148) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്.

## ഭൂനികുതി സ്വീകരിക്കാൻ നടപടി

188(1149) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ താലൂക്ക് അമരമ്പലം വില്ലേജ് റീ.സർവ്വേ നമ്പർ 311, 317, 415, 429/1A1, 434 എന്നിവയിൽ ഉൾപ്പെട്ട മിച്ചഭൂമി ഏറ്റെടുത്ത് കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലയിലെ കീഴുപറമ്പിൽ 2019, ഫെബ്രുവരി 20-ന് ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ശ്രീമതി കാർത്ത്യായനി തമ്പുരാട്ടിയിൽ നിന്ന് അമരമ്പലം വില്ലേജിലെ 70.705 ഏക്കർ ഭൂമി ഏറ്റെടുത്തത് സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ഡി) മേൽ സർവ്വേ നമ്പരുകളിലെ ഇപ്പോഴത്തെ കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ താലൂക്ക് അമരമ്പലം വില്ലേജിലെ ശ്രീമതി കാർത്ത്യാനി തമ്പുരാട്ടിയുടെ പേരിലുള്ള SR-13/97 നമ്പർ മിച്ചഭൂമി കേസ്സിൽ ഏറ്റെടുക്കാൻ ഉത്തരവായ സർവ്വേ നമ്പർ 415, 429/1 എ 1, 434 എന്നിവയിൽ ഉൾപ്പെട്ട 40.8975 ഏക്കർ മിച്ചഭൂമി പതിച്ചുനൽകുന്നതിന് അനുമതി നൽകുന്നതിനുവേണ്ട നിയമാനുസൃത നടപടി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സ്വീകരിച്ചുവരുന്നു.

(ബി) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലയിലെ കീഴുപറമ്പിൽ 2019 ഫെബ്രുവരി 20-ന് ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് അമരമ്പലം നിവാസികൾ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ സ്വീകരിച്ച് ഡിവിഷണൽ ഓഫീസർ, തിരൂർ തഹസിൽദാർ എന്നിവരോട് മൂന്ന് മാസത്തിനുള്ളിൽ അപേക്ഷകരുടെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുത്ത് ഭൂപരിഷ്കരണ നിയമമനുസരിച്ച് പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. പകർപ്പ് ലഭ്യമല്ല.

(സി) ശ്രീമതി കാർത്ത്യാനി തമ്പുരാട്ടിയിൽനിന്നും അമരമ്പലം വില്ലേജിലെ 70.705 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായതിൽ 40.8975 ഏക്കർ ഭൂമി അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 96 അനുസരിച്ചുള്ള പതിവ് നടപടി സ്വീകരിക്കുന്നതിന് ലാൻഡ് ബോർഡിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭൂനികുതി സ്വീകരിക്കുന്നുണ്ട്.

**നദികളിൽ നിന്നുള്ള മണൽ ഖനനം**

189(1150) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ ഖനനം നിരോധിച്ചത് എന്നാണ്;ഏതൊക്കെ നദികളിലാണ് ഈ നിരോധനം നിലവിൽ ഉള്ളത്;

(ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ നദികളിലായിരുന്നു നേരത്തെ മണൽഖനനം ഉണ്ടായിരുന്നത്;

(സി) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ മഹാപ്രളയത്തിൽ നദികളിൽ മണൽ അടിഞ്ഞുകൂടി ഇവയുടെ ആഴം കുറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അടിഞ്ഞുകൂടിയ മണൽ ഖനനം ചെയ്ത് മാറ്റുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും നദികളിൽ നിന്ന് ഇത്തരത്തിൽ മണൽ ഖനനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നദികളിൽ നിന്നാണ്; എത്ര അളവിൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ നദികളിൽ നിന്നാണ് ഇങ്ങനെ മണൽ ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്നത്; എത്ര അളവിൽ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാന്റ് ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യമല്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം 6-6-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, കരമന, വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട, ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള പമ്പ, അച്ചൻകോവിൽ നദികളുടെ ഭാഗങ്ങൾ, കോട്ടയം ജില്ലയിലെ മീനച്ചിലാർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, കരുവന്നൂർ, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിപ്പുഴ, വയനാട് ജില്ലയിലെ കബനി, കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിപ്പുഴ കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ എന്നീ നദികളിലാണ് മണൽ ഖനനം നിരോധനം നിലവിലുള്ളത്.

(ബി) പത്തനംതിട്ട ജില്ലയിൽ നേരത്തെ ഖനനം നടന്നിരുന്നത് പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ നിന്നായിരുന്നു.

(സി&ഡി) സംസ്ഥാനത്ത് 2018-ലുണ്ടായ മഹാപ്രളയത്തിൽ നദികളിൽ മണൽ അടിഞ്ഞു കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തിൽ അടിഞ്ഞുകൂടിയ മണൽ തിട്ടപ്പെടുത്തുന്നതിനായി പ്രളയം പ്രധാനമായും ബാധിച്ച പമ്പ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പെരിയാർ, മൂവാറ്റുപുഴ, ചാലിയാർ നദികളുടെ സാന്റ് ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. സാന്റ് ആഡിറ്റിംഗ് പൂർത്തിയായ നദികളിൽ മണൽ ഖനനത്തിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനാവശ്യമായ മൈൻപ്ലാൻ ഉൾപ്പെടെയുള്ളവ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുന്നുണ്ട്. ഇതുകൂടാതെ പ്രളയം കാരണം നദികളിൽ വന്നടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും ഡീസിൽറ്റിംഗ് നടത്തുന്നതിനും 24-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3880/2019/റവന്യൂ പ്രകാരം ഉത്തരവായിട്ടുള്ളതും ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിക്കുന്നതുമാണ്.

(ഇ) സാന്റ് ആഡിറ്റിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, പമ്പ, മണിമല നദികളിൽനിന്നും മണൽ ഖനനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പമ്പ നദിയുടെ സാന്റ് ആഡിറ്റിംഗ് അന്തിമ ഘട്ടത്തിലാണ്. മണിമലയാറിന്റെ സാന്റ് ആഡിറ്റിംഗ് പുരോഗമിക്കുന്നുണ്ട്. അച്ചൻകോവിൽ ആറിൽ നിന്നും 29743 ക്യൂബിക് മീറ്റർ മണൽ ഖനനം ചെയ്യാവുന്നതായി സാന്റ് ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ സർക്കാർ പുറമ്പോക്ക് ഭൂമി

190(1151) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ തരിശ്ശു കിടക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി എവിടെയെല്ലാമാണെന്നും എത്ര അളവിലുള്ളതാണെന്നുമുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ തരിശായിട്ടുള്ള ആകെ സർക്കാർ ഭൂമി 2.18.80 ഹെക്ടറാണ്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. വെന്മണി വില്ലേജ് | - | 31.05 ആർസ് |
| 2. എണ്ണയ്ക്കാട് വില്ലേജ് | - | 12.20 ആർസ് |
| 3. മാന്നാർ വില്ലേജ് | - | 3.45 ആർസ് |
| 4. ചെറിയനാട് വില്ലേജ് | - | 67.90 ആർസ് |
| 5. ആലാ വില്ലേജ് | - | 104.20 ആർസ് |

## റവന്യൂ മിത്രം പദ്ധതി

191(1152) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന റവന്യൂ മിത്രം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ മന്ത്രിയെ ഓൺലൈനായി അറിയിക്കുന്നതോടൊപ്പം പരാതി പരിഹാര നിർദ്ദേശങ്ങളും ഓൺലൈനായി അറിയിക്കുമോ; മൊബൈൽ ഫോൺ വഴി മെസ്സേജ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) റവന്യൂ മിത്രം വഴി എം.എൽ.എ.-മാർക്കും പരാതി നൽകുന്നതിന് പ്രത്യേക ലിങ്ക് തയ്യാറാക്കാമോ; ആയതിന് സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പൊതുജനത്തിനുണ്ടാകുന്ന പരാതികൾ ഓൺലൈനായി റവന്യൂ വകുപ്പ് മന്ത്രിയെ അറിയിക്കുന്നതിനും പ്രസ്തുത പരാതിക്ക് ഓൺലൈനായി തന്നെ മറുപടി ലഭ്യമാക്കുകയും ചെയ്യുന്ന പരാതി പരിഹാര സംവിധാനമായ റവന്യൂ-മിത്രം (Revene - Minister's Interactive Transparent Redressal and Assistance Mission) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പരാതിയുള്ള ഏത് വ്യക്തിക്കും ഇത് സംബന്ധിച്ച് https://mitram.revenue.kerala.gov.in/ എന്ന പോർട്ടലിലൂടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് പരാതി നൽകാവുന്നതാണ്.

(ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾക്ക് പരിഹാര നിർദ്ദേശങ്ങളും മറുപടികളും ഓൺലൈനായി തന്നെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതാണ്. കൂടാതെ, പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിക്കുന്ന വിവരം യഥാസമയം പരാതിക്കാർക്ക് മൊബൈൽ മെസ്സേജ് വഴി ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) റവന്യൂ മിത്രം വെബ് പോർട്ടലിലൂടെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് സമർപ്പിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ അപേക്ഷകളും/പരാതികളും അടിയന്തര പ്രാധാന്യമുള്ളതായി കണക്കാക്കി നടപടിയെടുക്കുന്നതിന് ശ്രദ്ധിക്കുന്നതിനാൽ എം.എൽ.എ.-മാർക്ക് പരാതി നൽകുന്നതിന് പ്രത്യേക ലിങ്ക് തയ്യാറാകേണ്ട ആവശ്യമുണ്ടെന്ന് കാണുന്നില്ല.

## ഹാരിസൺസ് മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി

192(1153) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺസ് മലയാളം കമ്പനി ഉൾപ്പെടെ വൻകിട തോട്ടം ഉടമകൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്ന നടപടിക്ക് ഒട്ടും വേഗതയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാരിസൺ ഭൂമി സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ തിരിച്ചടി നേരിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഇതു സംബന്ധമായി ഒരു സിവിൽ കേസ്സ് പോലും ഫയൽ ചെയ്യാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സ്പെഷ്യൽ ഓഫീസർ എം. ജി. രാജമാണിക്യം, ഗവൺമെന്റ് പ്ലീഡർ സുശീല.ആർ.ഭട്ട് എന്നിവരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിയത് കേസ് നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ വാദം പോലും കേൾക്കാതെയാണോ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ സുപ്രീം കോടതി തള്ളിയത്;

(ഇ) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച നിയമപോരാട്ടം അവസാനിക്കണമെങ്കിൽ നിയമനിർമാണം വഴി ഭൂമി ഏറ്റെടുക്കണമെന്ന നിയമവിദഗ്ദ്ധരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ; ഉചിതമായ നടപടികൾ കൈക്കൊള്ളുമോയെന്നറിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും, ടി കമ്പനിയിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥത സർക്കാരിനാണെന്നുള്ള നിഗമനത്തിൽ സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി 11-4-2018-ലെ WP(C) 33122/2014&Ors തുടങ്ങിയ കേസ്സുകളിലെ വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടറി റദ്ദ് ചെയ്യുകയുണ്ടായി. വൻകിട കമ്പനികൾ കൈവശം വയ്ക്കുന്ന തോട്ടഭൂമിയിന്മേൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുകയോ, ഇതര നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 6-6-2019-ലെ ജി.ഒ.(എംഎസ്.) 172/2019/റവ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് കോട്ടയം ജില്ലയിൽ സർക്കാർ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) 11-4-2018-ലെ WP(C) 33122/2014&Ors കേസ്സുകളിലെ വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളുകയാണുണ്ടായത്.

(ഇ) ഉണ്ട്. ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യണമെന്നുള്ള ഹൈക്കോടതി വിധിന്യായം സുപ്രീംകോടതി അംഗീകരിച്ച സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണം കൊണ്ടുമാത്രം അത്തരം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിച്ചെടുക്കുക സാദ്ധ്യമല്ല. പുതിയ നിയമം നിർമ്മിച്ചാലും എതിർ കക്ഷികൾ കോടതിയെ സമീപിച്ച് ഉടമസ്ഥത സിവിൽ കോടതി മുമ്പാകെ സ്ഥാപിക്കാൻ ആവശ്യപ്പെടാൻ സാദ്ധ്യതയുണ്ട്. ഭൂമിയുടെ ഉടമസ്ഥത അന്തിമമായി നിർണ്ണയിക്കേണ്ടത് സിവിൽ കോടതിയിൽ ആയതിനാലാണ് സർക്കാർ സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

**കാസർഗോഡ് താലൂക്കിലെ സർക്കാർ പുറമ്പോക്ക് ഭൂമി**

193(1154) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ നിലവിൽ സർക്കാർ പുറമ്പോക്കായിട്ടുള്ള ഭൂമി ഏതൊക്കെയാണെന്ന് സർവ്വേ നമ്പർ സഹിതം വില്ലേജ് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ അനധികൃത കുടിയേറ്റമുണ്ടോ എന്നും എങ്കിൽ എത്രകാലമായി ഈ അനധികൃത കുടിയേറ്റം തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ ഭൂമി കയ്യേറി അനുഭവിച്ചുവരുന്നവരുടെ ലിസ്റ്റ് സർക്കാരിന്റെ പക്കലുണ്ടോ എന്നും ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഇത്തരം കയ്യേറ്റക്കാർ ഈ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) വർഷങ്ങളായി സർക്കാർ ഭൂമി അനുഭവിച്ചുവരുന്നവർക്ക് അവ പതിച്ച് നൽകുമോ; അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. സർക്കാർ ഭൂമിയിൽ അനധികൃത കയ്യേറ്റമുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇല്ല. വീട് വയ്ക്കുന്നതിനും കാർഷിക ആവശ്യത്തിനുമാണ് സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതെന്ന് കാണുന്നു.

(ഡി) വർഷങ്ങളായി സർക്കാർ ഭൂമി കൈവശം വച്ചിരുന്നാൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹതയുള്ള കേസ്സുകളിൽ അർഹരായവർക്ക് പതിച്ച് നൽകാവുന്നതാണ്. എന്നാൽ, റോഡ് സർക്കാർ ഇടവഴി, തോട്, പുഴ കായൽ എന്നിവയോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം കണ്ടാൽ ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയാണ് ചെയ്യുന്നത്.

## സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുക്കൾ

194(1155) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം വസ്തുവകകളിൽ എവിടെയെങ്കിലും കയ്യേറ്റംമൂലം ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെന്നും എത്ര സ്ഥലമാണെന്നും എന്തൊക്കെ നടപടികളാണ് ഇതിനെതിരെ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | ഉടമസ്ഥാവകാശം (വകുപ്പ്) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കേരള ഹൗസ്, ന്യൂഡൽഹി | 2.496 ഏക്കർ | പൊതുഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി | 8.075 ഏക്കർ | പൊതുഭരണ വകുപ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | പൊതുഭരണ വകുപ്പ് |
| 4 | കേരള പവലിയൻ, പ്രഗതി മൈദാൻ, ന്യൂഡൽഹി | 0.40 ഏക്കർ | ഇന്ത്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ടൂറിസം വകുപ്പ് |
| 6 | കേരള ഹൗസ്, കന്യാകുമാരി | 1.645 ഹെക്ടർ | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം, തമിഴ്നാട് | 56.68 ഏക്കർ | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം | 6.17 ഏക്കർ | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 5.823 ഹെക്ടർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 3.49 ഹെക്ടർ | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചംകോട്, കർണ്ണാടക | 2.40 ഹെക്ടർ | വനം വകുപ്പ് |
| 12 | സത്രം വാരാണസി, ധർമ്മശാല | 17.5 സെന്റ് | കൊച്ചിൻ ദേവസ്വം ബോർഡ് |

(ബി&സി) പൊതുമരാമത്ത് വകുപ്പിന്റെ കൈവശം തഴിമ്നാട്ടിലുള്ള കുറ്റാലം കൊട്ടാരത്തിലെ ഉടമസ്ഥത അവകാശപ്പെട്ടുകൊണ്ട് ശ്രീ പത്മനാഭ ദാസ ഉത്രാടം തിരുനാൾ ശ്രീമൂലം തിരുനാൾ രാമവർമ്മ എന്നിവർ ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന യഥാക്രമം WP(MD) 13737/2013, WP(MD) 18108/2015 എന്നീ റിട്ട് ഹർജികൾ പരിഗണിച്ച കോടതി, ബന്ധപ്പെട്ട വിഷയത്തിൽ കേരള സർക്കാർ, പെറ്റീഷണേഴ്സ് എന്നിവരെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളാൻ തിരുനെൽവേലി RDO-യെ ചുമതലപ്പെടുത്തിക്കൊണ്ട് 13-7-2016-ൽ വിധി പുറപ്പെടുവിച്ചിരുന്നു. ടി കേസ്സിൽ കേരള സർക്കാരിനനുകൂലമായി ആർ.ഡി.ഒ. ഉത്തരവായി. ടി ഉത്തരവിനെതിരെ ശ്രീമൂലം തിരുനാൾ രാമവർമ്മ ഒരു കേസ് (WP(MD) No. 11208/2019) മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസ്സിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിലേയ്ക്കായി വാദിക്കുന്നതിന് ഒരു അഡ്വക്കേറ്റിനെ നിയമിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിരുന്നു. മുകളിൽ പറഞ്ഞ കേസ് വാദിക്കുന്നതിലേയ്ക്കായി മധുര ബെഞ്ച് ഓഫ് മദ്രാസ് ഹൈക്കോടതിയിലെ അഡ്വക്കേറ്റായ ശ്രീ. പ്രതാപ് സുദർശനൻ. കെ.-യെ അഡ്വക്കേറ്റ് ജനറൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഭാരതപ്പുഴയുടെ തീരങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കൽ

195(T 1156) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ പ്രളയം പട്ടാമ്പി ടൗണിൽ കാര്യമായ ആഘാതം സൃഷ്ടിച്ചതിന്റെ ഒരു കാരണം ഭാരതപ്പുഴയിലെ കയ്യേറ്റങ്ങൾ ആണെന്നതിനാൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുഴയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഭാരതപ്പുഴയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. 2017 വർഷത്തിൽ കുറ്റിപ്പുറം, തിരുനാവായ വില്ലേജുകളിലായി 2.3079 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ചില കയ്യേറ്റ വിഷയങ്ങളിൽ കോടതി മുമ്പാകെ വ്യവഹാരം നിലനിൽക്കുന്നുണ്ട്. കണ്ടെത്തിയ കയ്യേറ്റങ്ങളിൽ നിയമപരമായ നടപടി സ്വീകരിച്ച് ഭൂരിഭാഗം കയ്യേറ്റങ്ങളും ഒഴിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഭൂമികയ്യേറ്റം ഒഴിപ്പിക്കാൻ നടപടി

196(1157) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ വ്യക്തികളുടെ അനധികൃത ഭൂമികയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജരേഖകളും മറ്റും ചമച്ച് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കയ്യടക്കിവച്ചിട്ടുള്ള ഭൂമി പിടിച്ചെടുത്ത് ലൈഫ് ഭവന പദ്ധതിക്കും സർക്കാരിന്റെ പൊതുവികസന പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 10-9-2018-ലെ സ.ഉ.(സാധാ) നമ്പർ 3778/18/റവ. ഉത്തരവിൻപ്രകാരം ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും ഉൾപ്പെടുത്തി കമ്മീഷണറേറ്റ് തലത്തിലും കൂടാതെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ ടി സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇത്തരത്തിൽ പിടിച്ചെടുക്കുന്ന ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുകയും ആവശ്യാനുസരണം വികസന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചുവരുന്നത്.

## പട്ടയവിതരണം

197(1158) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്രപേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും അതിനായി എത്ര ഭൂമി ആവശ്യമായി വന്നുവെന്നും അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് പട്ടയം നൽകിയെന്നും അതിനായി എത്ര ഭൂമി ആവശ്യമായിരുന്നുവെന്നും അറിയിക്കുമോ;

(സി) 2016-ന് ശേഷം വയനാട് ജില്ലയിൽ മാത്രം എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും അതിനായി എത്ര ഭൂമി കണ്ടെത്തേണ്ടിവന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## പട്ടയഭൂമിയിൽ നട്ടുവളർത്തിയ തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതി

198(1159) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1966-ൽ ഡിസ്റിസർവ് ചെയ്ത് സംരക്ഷിത വനമേഖലയല്ലാതാക്കി മാറ്റി എൽ.എ. പട്ടയങ്ങൾ നൽകിയ കർഷകരുടെ കൈവശ ഭൂമിയിൽ അവർ നട്ടുവളർത്തിയ തേക്ക് മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുമോ;

(ബി) ഇതുസംബന്ധിച്ച പട്ടയത്തിലെ നിബന്ധനകൾ നീക്കി ഉപാധിരഹിത പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിന്നിരുന്നതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാർദാർക്കാണെന്ന രീതിയിൽ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി എസ്.ആർ.ഒ.നമ്പർ 621/2017 പ്രകാരം നോട്ടിഫിക്കേഷൻ 2017 മുതൽ നിലവിലുള്ളതിനാൽ പട്ടയഫാറത്തിലുള്ള വ്യവസ്ഥകൾ കണക്കാക്കേണ്ടതായി കാണുന്നില്ലെന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ വഴി നിർദ്ദേശം നൽകുന്നതിന് 5-2-2020-ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. സർക്കുലർ പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരമോ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ)

പ്രകാരമോ പതിച്ചു നൽകിയ ഭൂമിയിൽ പട്ടയത്തിലെ ഷെഡ്യൂളിൽ പരാമർശിച്ചിട്ടുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വ്യവസ്ഥയില്ലാത്തതും പ്രസ്തുത ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ തേക്ക മരങ്ങൾ മുറിച്ചുമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് ചട്ടത്തിലാവശ്യമായ ഭേദഗതി വരുത്തുന്നതിന് വനംവകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായംകൂടി ആരാഞ്ഞശേഷം മാത്രമെ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**കോവളം മണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കുള്ള അപേക്ഷകൾ**

199(1160) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കുള്ള എത്ര അപേക്ഷകളാണ് എല്ലാ നടപടികളും പൂർത്തിയാക്കി സർക്കാർ തീരുമാനത്തിനായി കാത്തിരിക്കുന്നത്; പ്രസ്തുത പട്ടയങ്ങൾ എന്നത്തേക്ക് നൽകുവാൻ കഴിയും; വിശദാംശം നൽകാമോ;

(ബി) തീരദേശ പട്ടയങ്ങൾക്കുള്ള എത്ര ഫയലുകൾ ജില്ലാ കളക്ടറേറ്റിൽ പെന്റിംഗ് ഉണ്ടെന്നും കോവളം മണ്ഡലത്തിൽ ഓരോ തീരദേശ വില്ലേജിലും തീർപ്പാക്കാത്ത തീരദേശ പട്ടയ അപേക്ഷകൾ എത്ര വീതമെന്നും താലൂക്കിൽ എത്ര ഫയലുകൾ പെന്റിംഗ് ഉണ്ടെന്നും വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് എന്നേക്ക് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരദേശ പട്ടയ അപേക്ഷകൾ നൽകിയിട്ട് നാല് വർഷത്തോളമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കോവളം നിയോജകമണ്ഡലത്തിൽ അൺസർവ്വെയ്ഡ് ലാന്റിൽ താമസിക്കുന്ന എത്ര പേരാണ് പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളത്; പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ കോവളം നിയോജകമണ്ഡലത്തിൽ നിന്നും 307 അപേക്ഷകളാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനായി നൽകിയിട്ടുള്ളത്.

(ബി) തീരദേശ പട്ടയങ്ങൾക്കായി സർക്കാരിൽ നൽകിയിട്ടുള്ള 307 ഫയലുകളാണ് കളക്ടറേറ്റിൽ പെന്റിംഗായിട്ടുള്ളത്.

കോവളം മണ്ഡലത്തിലെ അപേക്ഷകളുടെ പെൻഡിംഗ് വിവരം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടുകാൽ | 247 |
| 2 | വിഴിഞ്ഞം | 156 |
| 3 | കരുംകുളം | 502 |
| 4 | പൂവാർ | 57 |
| | ആകെ | 962 |

(സി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നകാര്യം സർക്കാർ പരിശോധനയിലാണ്.

(ഡി) ഉണ്ട്.

(ഇ) കോവളം നിയോജകമണ്ഡലത്തിൽ അൺസർവ്വെയ്ഡ് ലാൻഡിൽ താമസിക്കുന്ന പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടുകാൽ | 101 |
| 2 | വിഴിഞ്ഞം | 11 |
| 3 | കരുംകുളം | 68 |
| 4 | പൂവാർ | 73 |
| | ആകെ | 253 |

സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള നടപടി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

## വേങ്ങൂരിലെ ഭൂമി കൈവശക്കാർക്ക് പട്ടയം

200(1161) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ വേങ്ങൂർ ഭൂമി കൈവശക്കാർക്ക് പട്ടയം നൽകാനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടയവിതരണം സംബന്ധിച്ച് നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ; വേങ്ങൂരിലെ കൈവശക്കാർക്ക് എത്രയും വേഗം പട്ടയം വിതരണം ചെയ്യുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ മുൻ സർവ്വേ നമ്പർ 185/1-ൽപ്പെട്ട 64.55 ഹെക്ടർ കൃഷിയുക്ത വനഭൂമി 4-1-1970-ലെ ജി.ഒ.(എം.എസ്) നമ്പർ 162/70/അഗ്രി ഉത്തരവുപ്രകാരം വിമുക്തഭടന്മാർക്ക് വിതരണം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് കൈമാറി നൽകിയിരുന്നു. ഇത്തരത്തിൽ ലഭിച്ച ഭൂമി ജില്ലാ കളക്ടർ നറുക്കെടുപ്പിലൂടെ 75 ഗുണഭോക്താക്കൾക്ക് 1974-ൽ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ, സമീപവാസികളുടെ അനധികൃത കയ്യേറ്റത്തെത്തുടർന്ന് അനുവദിച്ചുനൽകിയ ഭൂമി ബന്ധപ്പെട്ട കക്ഷികൾക്ക് ഏറ്റെടുക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് നിലവിൽ കയ്യേറി കൈവശം വച്ചിരിക്കുന്നവരുടെ കൈവശം തിട്ടപ്പെടുത്തി പതിച്ചുനൽകാൻ സർക്കാർ തലത്തിൽ നീക്കങ്ങൾ ആരംഭിച്ചപ്പോൾ 1974-ലെ ജില്ലാ കളക്ടറുടെ ഉത്തരവിലൂടെ ഭൂമി ലഭിച്ച് 23 പേർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.9960/82(ഡി) നമ്പർ കേസ്സിലെ 28-8-1986-ലെയും ഒ.പി.1366/88-ാം നമ്പർ കേസ്സിലെ 1988-ലെ ഉത്തരവിലൂടെയും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി പട്ടയ കക്ഷികൾക്ക് നൽകുന്നതിന് വിധി ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ടി സ്ഥലത്ത് കയ്യേറ്റക്കാർ വീടുകളും മറ്റും വച്ച് കുടുംബമായി താമസിക്കുന്നതിനാലും മറ്റ് കാരണങ്ങളാലും കയ്യേറ്റം ഒഴിപ്പിക്കുന്നതിനോ കോടതി വിധിപ്രകാരം ഭൂമി നൽകുന്നതിനോ സാധിച്ചിട്ടില്ലാത്തതാണ്. തുടർന്ന് ഭൂമി അനുവദിക്കപ്പെട്ട ആറ് പേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.18980/02 നമ്പർ കേസ്സിൽ 6-8-2007-ൽ പുറപ്പെടുവിച്ച വിധിയിൽ 4-1-1970-ലെ ജി.ഒ.(എം.എസ്.) നമ്പർ 162/70/അഗ്രി ഉത്തരവുപ്രകാരം ഭൂമി അനുവദിച്ചിരുന്ന വ്യക്തികൾക്ക് പകരം ഭൂമി അനുവദിച്ചുകൊണ്ടോ നിലവിൽ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചുകൊണ്ടോ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി നൽകണമെന്ന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതികക്ഷികളിൽ

ജീവിച്ചിരിക്കുന്ന നാല് പേർക്കും മരിച്ചുപോയ രണ്ടുപേരുടെ നിയമാനുസൃത അവകാശികൾക്കുമായി കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 47-ൽ റീസർവേ 153/2-ൽപ്പെട്ട 1.44.90 ഹെക്ടർ ഭൂമിയിൽനിന്നും 50 സെന്റ് വീതം പതിച്ചു നൽകിയിട്ടുള്ളതാകുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി.18980/2002 മേലുള്ള വിധിപ്രകാരം ശേഷിക്കുന്ന 17 പേർക്ക് 50 സെന്റ് ഭൂമി വീതം 8.5 ഏക്കർ ഭൂമി കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് 29-ൽ റീസർവേ 304/10, 277/1, 313, 278, 298, 304/3 എന്നീ സർവ്വേ നമ്പരുകളിൽ കണ്ടെത്തിയിട്ടുള്ളതുമാണ്. ടി ഹൈക്കോടതി ഉത്തരവുപ്രകാരം 17 പേർക്ക് ഭൂമി അനുവദിച്ച് നൽകുന്നതിന് നിലവിലുള്ള 55 സെന്റിൽ കൂടുതൽ ഭൂമിയുള്ള മറ്റ് കൈവശക്കാരിൽ നിന്ന് ഭൂമി ഏറ്റെടുത്തിട്ടുള്ളതുമാണ്. കൊല്ലം ജില്ലാ കളക്ടർ ഇളമാട് വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ 674 കൈവശക്കാരുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ട്. കൈവശകക്ഷികളിൽനിന്നും ഏറ്റെടുത്ത് കക്ഷികൾക്ക് കൈമാറി നൽകേണ്ട ഭൂമിക്കും നിലവിലെ കൈവശ കക്ഷികൾക്കും നിയമാനുസൃതം പട്ടയം അനുവദിക്കുന്നതിനും അതിനാവശ്യമായ സർക്കാർ ഉത്തരവ് സമ്പാദിക്കുന്നതിനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21-8-2017, 25-9-2017 എന്നീ തീയതികളിൽ ചേർന്ന യോഗതീരുമാനങ്ങൾ പ്രകാരം മന്ത്രിസഭാ തീരുമാനത്തിനായി വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒ.പി.18980/2002 മേലുള്ള ഉത്തരവനുസരിച്ച് ഭൂമി അനുവദിച്ചിരുന്ന വ്യക്തികൾക്ക് പകരം ഭൂമി അനുവദിച്ചുകൊണ്ടോ അല്ലെങ്കിൽ നിലവിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിച്ചുകൊണ്ടോ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി നൽകേണ്ടതായുണ്ട്. ആയതിനാൽ ടി ഉത്തരവ് പാലിക്കുന്നതിലേയ്ക്കായി പരാതിക്കാർക്കും മറ്റ് ഗുണഭോക്താക്കളിൽ മുമ്പ് കടയ്ക്കൽ വില്ലേജിൽ 50 സെന്റ് വീതം വസ്തു നൽകിയ ആറ് പേർ ഒഴികെ ശേഷിക്കുന്ന പതിനേഴ് പേർക്ക് 50 സെന്റ് വീതം കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 29-ൽ റീസർവേ 304/10, 277/1, 313, 278, 298, 304/3 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിന്ന് ഭൂമി കണ്ടെത്തിയിട്ടുള്ളതും, ടിയാളുകൾക്ക് ടി സ്ഥലത്ത് പട്ടയം നൽകുന്നതിനോടൊപ്പം ടി സർവേ നമ്പരിലുള്ള ബാക്കിവരുന്ന ഭൂമിയിൽ നിലവിലുള്ള 674 കൈവശക്കാർക്കുകൂടി പട്ടയം നൽകുന്ന വിഷയം സർക്കാർ സജീവമായി പരിശോധിച്ചുവരികയാണ്. ഉടൻതന്നെ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഭൂരഹിതർക്ക് ഭൂമി നൽകാൻ നടപടി**

201(1162) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകൾ പ്രകാരം നിലവിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ അളവെത്ര; ആയത് 2016-ൽ എത്രയായിരുന്നു;

(ബി) റവന്യൂ വകുപ്പിന്റെ കണക്കുകൾ പ്രകാരം നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിത കുടുംബങ്ങളാണുള്ളത്; ആയത് 2016-ൽ എത്രയായിരുന്നു;

(സി) ഈ സർക്കാർ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം നൽകിയിട്ടുണ്ട് ; 2011-16 കാലഘട്ടത്തിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്;

(ഡി) സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ കുടുബങ്ങൾക്കും ഭൂമി നൽകുവാൻ എന്തൊക്കെ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കാമോ

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം**

202(1163) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ജില്ലയിലെ അർഹരായ മുഴുവൻപേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പുളിയിലപ്പാറ നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകുന്നതിന് സാധിക്കുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവർക്ക് 1960-ലെ കേരള ഭൂമി പതിവുനിയമവും ആയത് അടിസ്ഥാനമാക്കിയുള്ള 1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾക്കും 1993-ലെ വനഭൂമി പ്രത്യേക നിയമപ്രകാരവും കേരള

ഭൂപരിഷ്കരണ നിയമപ്രകാരവും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലും പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റ് വകുപ്പുകളുടെ ഭൂമി കൈവശംവച്ച് വരുന്ന അർഹരായ അപേക്ഷകർക്ക് അത്തരത്തിലുള്ള ഭൂമി ടി വകുപ്പുകളുടെ സമ്മതം ലഭ്യമാക്കി പതിച്ചുനൽകുന്നതിനും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ലഭ്യമാക്കി വനഭൂമി പതിച്ച് നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി കൈവശം വച്ചുവരുന്ന അർഹരായ അപേക്ഷകർക്ക് ആയത് പതിച്ച് നൽകുന്നതിനായി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി പട്ടയവിതരണം പൂർത്തിയാക്കുന്നതിനുംവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജില്ലയിലെ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പുളിയിലപ്പാറ പ്രദേശത്തെ വനഭൂമി കയ്യേറ്റക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി തയ്യാറാക്കിയ സംയുക്തപരിശോധന റിപ്പോർട്ട് വിവിധ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കെ.എസ്.ഇ.ബി.-യും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും ഒപ്പുവയ്ക്കാതെ തിരിച്ചയച്ചിട്ടുള്ളതാണ്. വനം വകുപ്പിൽ നിന്നും കെ.എസ്.ഇ.ബി. പാട്ടത്തിനെടുത്ത ഭൂമിയായതിനാൽ വനം വകുപ്പിനാണ് ഭൂമിയിൽ അവകാശമെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. വനഭൂമിക്ക് പട്ടയം നൽകണമെങ്കിൽ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്. വനം, വൈദ്യുതി വകുപ്പുകളുടെ കണക്കുപ്രകാരമുള്ള കയ്യേറ്റക്കാരുടെ എണ്ണവും വിസ്തീർണ്ണവും ഇപ്പോഴത്തെ യഥാർത്ഥ കൈവശക്കാരുടെ എണ്ണവും വിസ്തീർണ്ണവുമായി യോജിക്കാത്തതും കൈവശ വസ്തു പലസ്ഥലത്തായി ചിതറി കിടക്കുകയും അതിനിടയിൽ വനഭൂമി ഉൾപ്പെട്ടുവരികയും ചെയ്യുന്ന അവസ്ഥയാണ്. വനം വൈദ്യുതി-റവന്യൂ വകുപ്പുകൾ തമ്മിലും വസ്തുവിലെ യഥാർത്ഥ കൈവശക്കാർ തമ്മിലും ഏകോപനവും യോജിപ്പുമുണ്ടാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നതതലത്തിലുള്ള ഏകോപനവും തീരുമാനവും ഇക്കാര്യത്തിൽ ആവശ്യമാണ്. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഓഖി ഫണ്ടിൽ നിന്ന് വീട്ടുനിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി

203(T1161) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയ്ക്ക് എത്ര തുകയാണ് ഓഖി ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിന് ഓഖി ഫണ്ടിൽനിന്നും തുക അനുവദിച്ചുവെന്നും എത്ര തുക വീതം അനുവദിച്ചുവെന്നും ഇതിൽ ഇനി എത്ര തുക നൽകാനുണ്ടെന്നും ബാക്കി തുക നൽകാതിരിക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച മുഴുവൻ തുകയും നൽകാത്തതുകാരണം വീടുനിർമ്മാണം പൂർത്തിയാക്കാനാകാതെ പ്രയാസപ്പെടുന്ന സാഹചര്യത്തിൽ ബാക്കി തുക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഓഖിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയ്ക്ക് 2,26,89,260 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) മഞ്ചേശ്വരം മണ്ഡലത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. സ്ഥലം വാങ്ങുന്നതിന് രണ്ടുപേർക്കുംകൂടി 9,67,820 രൂപയും (4,01,450+5,66,370) വീട് നിർമ്മാണത്തിന്റെ ആദ്യഘട്ടം (തറയുടെ നിർമ്മാണം) പൂർത്തീകരിച്ച ഗുണഭോക്താവിന് 1,00,000 രൂപയും ചേർത്ത് ആകെ 10,67,820 രൂപ അനുവദിച്ചിട്ടുണ്ട്. ഇനി അനുവദിക്കാനുള്ള 7 ലക്ഷം രൂപ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ജനകീയ ദുരന്ത പ്രതിരോധ സേന

204(1165) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, ചുഴലിക്കാറ്റ് എന്നിവ പോലുള്ള പ്രകൃതിദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ ജനകീയ ദുരന്ത പ്രതിരോധ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത സേനയുടെ പ്രധാന ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സേനയിൽ എത്രപേരെ ഉൾക്കൊള്ളിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ദുരന്ത പ്രതിരോധത്തിനായി ഇവർക്ക് എപ്രകാരമുള്ള പരിശീലനമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 1-1-2020-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 01/2020/പൊ.ഭ.വ. പ്രകാരം ജനകീയ ദുരന്ത പ്രതിരോധ സേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 100 പേർക്ക് ഒരാൾ എന്ന നിലയ്ക്ക് പ്രതിരോധസേന ഉണ്ടാകും. ദുരന്ത/അപകടസമയത്ത് പ്രതികരിക്കേണ്ടതെങ്ങനെയെന്ന് പരിശീലനം നൽകുകയും അതിലൂടെ കൂടുതൽ തയ്യാറെടുക്കുകയും ചെയ്യുകയെന്നതാണ് ഉദ്ദേശിക്കുന്നത്.

(സി) ശരാശരി 3,40,000 പേരെയാണ് ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

(ഡി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ നേരിടുന്ന തരത്തിലുള്ള പ്രാഥമിക പരിശീലനമാണ് ആദ്യഘട്ടത്തിൽ നൽകാൻ ഉദ്ദേശിക്കുന്നത്.

**പ്രളയ ധനസഹായം**

205(1166) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ പ്രളയബാധിതരിൽ എത്രപേർക്കാണ് ധനസഹായത്തിന് അർഹതയുള്ളതെന്നും എത്ര പേർക്ക് ലഭിച്ചുവെന്നും ഇനി എത്രപേർക്ക് ലഭിക്കുവാനുണ്ടെന്നും അറിയിക്കാമോ; ഓരോ വിഭാഗത്തിന്റെയും വിവരങ്ങൾ വില്ലേജ്/പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രത്യേകം തരംതിരിച്ച് നൽകാമോ;

(ബി) അർഹതയുണ്ടായിട്ടും ധനസഹായം ലഭിക്കാത്തവർക്ക് അത് ലഭിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ദുരന്തനിവാരണ ഭാഗമായി റോഡ് പുനരുദ്ധാരണം

206(1167) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിനാണ് റവന്യൂ വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത റോഡുകളുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

## സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

207(T 1168) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ ആധുനിക സാങ്കേതികവിദ്യകളും ഉപകരണങ്ങളും നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എന്തെല്ലാം ആധുനിക ഉപകരണങ്ങളാണ് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി വാങ്ങിയിട്ടുള്ളത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയത്തിന് സമാനമായ ദുരന്തങ്ങൾ നേരിടുന്ന തരത്തിൽ ദുരന്ത നിവാരണ അതോറിറ്റിയെ സജ്ജമാക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് അംഗീകൃത കേന്ദ്ര ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. ആയത് വിശകലനം ചെയ്യുന്നതിന് വേണ്ടിയുള്ള സാങ്കേതിക

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉപകരണങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാണ്. പ്രകൃതി ദുരന്തങ്ങളോട് നേരിട്ട് പ്രതികരിക്കുന്നതിന് ആവശ്യമായിട്ടുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന അഗ്നിസുരക്ഷാ വകുപ്പിന് 2009 കാലഘട്ടം മുതൽ ആവശ്യമായ തുക നൽകിവരുന്നു. ഈ ആവശ്യത്തിലേയ്ക്കായി 2009 മുതൽ 2016 വരെ 26.23 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ദുരന്ത നിവാരണ അതോറിറ്റി സ്വന്തം ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. Desktop, Laptop, Workstations, Servers, Software, GIS Software, Scanners, Printers, Plotters, Satellite Phones, VSAT Connectivity, Video Conferencing Solution, Video wall, T.V., Hotline Connectivity, High End Band width Internet Leased Line Connectivity with alternate Connections തുടങ്ങിയ സാങ്കേതിക ഉപകരണങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ദുരന്ത നിവാരണ അതോറിറ്റി വാങ്ങിയിട്ടുള്ള ആധുനിക ഉപകരണങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| Sl.No. | Item | Price |
|---|---|---|
| 1 | Computers, Servers, Laptops, Networking, Softwares (IBMIOC Decision Support System) Firewalls, GIS Software, Infrastructure Development, Video walls | 4,53,97,893 |
| 2 | Isat Phones (Satellite phones) | 10,58,871 |
| 3 | Hotline Connection from BSNL | 2,14,158 |
| 4 | 100 Mbps internet Leased line connection (BSNL) | 9,55,524 |
| 5 | Alternate Internet Connection | 2,77,300 |
| 6 | Android & Internet based TV | 3,50,000 |

(സി) ഇന്ത്യയിലെ ഏറ്റവും മികച്ചതും കാര്യക്ഷമവുമായ ദുരന്ത നിവാരണ സംവിധാനങ്ങളിൽ ഒന്നായി കേരളത്തിലെ സംവിധാനങ്ങൾക്ക് ഇതിനോടകം തന്നെ മാറാൻ സാധിച്ചിട്ടുണ്ട്. മഹാപ്രളയത്തെ അതിജീവിക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ച ദുരന്ത നിവാരണ അതോറിറ്റിക്ക് പ്രവർത്തനങ്ങളെയും കേരളത്തിന്റെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെയും ഈ മേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെടെ പ്രശംസിക്കുന്ന സ്ഥിതിയാണുള്ളത്. 2016-ലെ വരൾച്ച 2017-ലെ ഓഖി 2018-ലെയും 2019-ലെയും മഴക്കാലക്കെടുതികൾ തുടങ്ങിയ ദുരന്തങ്ങളുടെ അനുഭവങ്ങളുടെകൂടി വെളിച്ചത്തിൽ ഭാവി കേരളത്തിന്റെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് നിരവധി പദ്ധതികളാണ് ദുരന്ത നിവാരണ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഭിന്നശേഷി സൗഹൃദ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും സിവിൽ ഡിഫെൻസിലും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ തന്നെ പ്രത്യേക പ്രശംസ പിടിച്ചുപറ്റുന്ന സാഹചര്യമുണ്ടായി. കാലാവസ്ഥ വ്യതിയാനത്തിന്റെ കാല ഘട്ടത്തിൽ വിവിധ തരത്തിലുള്ള പ്രകൃതിക്ഷോഭങ്ങൾ ആവർത്തിക്കുകകൂടി ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെയും പതിനാല് ജില്ലകളിലെയും ദുരന്തനിവാരണ അതോറിറ്റികളെയും ശക്തിപ്പെടുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ദുരന്ത നിവാരണ അതോറിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക വിഭാഗമായ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുകയും സദാസമയവും കേരളത്തിലെ സ്ഥിതിഗതികൾ നിരീക്ഷിക്കുകയും ചെയ്യുന്നു. ദുരന്തഘട്ടത്തിൽ ദുരന്ത പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുള്ള അത്യാധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. ദുരന്തഘട്ടങ്ങളിലല്ലാത്ത സമയങ്ങളിൽ സംസ്ഥാനത്തെ സംവിധാനങ്ങളുടെയും പൊതുജനങ്ങളുടെയും ദുരന്ത പ്രതിരോധശേഷി വർദ്ധനവിനുള്ള നിരവധിയായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും വൈദഗ്ധ്യവും കാര്യക്ഷമതയുമുള്ള കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിയമിക്കുകയും ചെയ്തു.

വിവിധ ശാസ്ത്ര ശാഖകളിൽ പ്രാവീണ്യമുള്ള വിഷയ വിദഗ്ദ്ധരായിട്ടുള്ള ഹസാഡ് അനലിസ്റ്റുമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും കൂടുതൽ ആളുകളെ നിയമിക്കുകയും ചെയ്തു. ജില്ലാ കളക്ടർമാർക്ക് സാങ്കേതിക ഉപദേശങ്ങളും സഹായങ്ങളും നൽകാൻ കൂടുതൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേയ്ക്ക് ഹസാഡ്

അനലിസ്റ്റുമാരെ നിയമിച്ചു. കൂടാതെ Environmental Planner, hydrologist, GIS വിദഗ്ദ്ധർ, Agricultural specialist, Meteorologist തുടങ്ങിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ സർക്കാർ വകുപ്പുകളെല്ലാം ദുരന്ത നിവാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും കാര്യക്ഷമമായി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുമായി സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുകയും അവർക്കായുള്ള പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാനത്തെ 14 ജില്ലകളുടെയും സംസ്ഥാനത്തിന്റെയും ദുരന്ത നിവാരണ പ്ലാനുകൾ പുതിയ അനുഭവങ്ങളുടെകൂടി പശ്ചാത്തലത്തിൽ പുതുക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. അതിനോടൊപ്പം തന്നെ തദ്ദേശസ്വയംഭരണ വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും സഹകരിച്ചുകൊണ്ട് തയ്യാറാക്കുന്ന പഞ്ചായത്തുതല ദുരന്ത നിവാരണ പദ്ധതികളും സംസ്ഥാനത്ത് രൂപീകരിച്ച് കൊണ്ടിരിക്കുന്ന സന്നദ്ധസേനയും അഗ്നിരക്ഷാ വകുപ്പും ദുരന്തനിവാരണ അതോറിറ്റിയും സഹകരിച്ചു കൊണ്ട് നടപ്പാക്കുന്ന സിവിൽ ഡിഫെൻസും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനായി കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റിക്ക് കരുത്തേകും.

## പ്രളയത്തിൽ വീടുകൾ തകർന്നവർക്കുള്ള രണ്ടാംഘട്ട ധനസഹായം

208(1169) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിൽ വീടുകൾ പൂർണ്ണമായും തകർന്നവർക്ക് ലഭിക്കേണ്ട ധനസഹായം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് രണ്ടാം ഘട്ട ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

റീബിൽഡ് കേരള ആപ്പിൽ ഉണ്ടായിട്ടുള്ള സാങ്കേതിക തകരാർമൂലം പ്രളയത്തിൽ വീടുകൾ പൂർണ്ണമായും തകർന്നവർക്കുള്ള ധനസഹായം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ട ധനസഹായം എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടി താലൂക്കിൽ പ്രളയ നഷ്ടപരിഹാരം

209(1170) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ കോഴിക്കോട് ജില്ലയിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ജില്ലയിൽ ഇതുവരെ എത്ര കോടി രൂപയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്;

(ബി) 2019-ലെ പ്രളയത്തെത്തുടർന്ന് നഷ്ടപരിഹാരത്തിനായി കൊയിലാണ്ടി താലൂക്കിലെ ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, അവിട്ടനല്ലൂർ എന്നീ വില്ലേജുകളിൽ നിന്നും എത്ര പേരുടെ അപേക്ഷയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത വില്ലേജുകളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര പേർക്കാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ആശുപത്രികളിൽ ദുരന്തലഘൂകരണത്തിനായി ആസൂത്രണ രേഖ

210(1171) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ദുരന്തലഘൂകരണത്തിനായി ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലന പരിപാടി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തുടക്കമെന്ന നിലയിൽ ഓരോ ജില്ലയിലും മെഡിക്കൽ കോളേജ് ഒഴികെ കിടക്കയുടെ എണ്ണം കൂടുതലുള്ള 14 സർക്കാർ ആശുപത്രികളിൽ ദുരന്ത ലഘൂകരണം ലക്ഷ്യംവച്ചുള്ള ആസൂത്രണ രേഖകളുടെ കരട് തയ്യാറായിട്ടുണ്ട്. മറ്റ് പല സർക്കാർ ആശുപത്രികളിലും ആസൂത്രണരേഖകൾ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടി തുടങ്ങി. കരട് രേഖ തയ്യാറായ ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം ജനറൽ ആശുപത്രി
2. കൊല്ലം ജില്ലാ ആശുപത്രി
3. പത്തനംതിട്ട ജനറൽ ആശുപത്രി
4. ആലപ്പുഴ ജനറൽ ആശുപത്രി
5. കോട്ടയം ജനറൽ ആശുപത്രി

6. ഇടുക്കി ജില്ലാ ആശുപത്രി
7. എറണാകുളം ജനറൽ ആശുപത്രി
8. തൃശ്ശൂർ ജനറൽ ആശുപത്രി
9. പാലക്കാട് ജില്ലാ ആശുപത്രി
10. പെരിന്തൽമണ്ണ ജില്ലാ ആശുപത്രി
11. കോഴിക്കോട് ജില്ലാ ആശുപത്രി
12. മാനന്തവാടി ജില്ലാ ആശുപത്രി
13. കണ്ണൂർ ജില്ലാ ആശുപത്രി
14. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി

(ബി) ഉണ്ട്. യു.എൻ.ഡി.പി.-ആണ് പദ്ധതി സംഘടിപ്പിക്കുന്നത്.

## കേരളത്തിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള സ്ഥലങ്ങൾ

211(1172) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങൾ പരിശോധിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇത് പ്രകാരം കൂടുതൽ അപകട സാധ്യതയുള്ള സ്ഥലങ്ങൾ ഏതൊക്കെ യാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളെ ഹൈ ഹസാർഡ് സോണായി പ്രദേശ ഭൂപടങ്ങളിൽ കാണിച്ചിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ പാറപൊട്ടിക്കലും ക്വാറി പ്രവർത്തനവും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പുറമ്പോക്കുകളിൽ താമസിച്ചിരുന്ന പൂർണ്ണമായും വാസയോഗ്യമല്ലാത്ത വീടുകൾ ഉണ്ടായിരുന്നവർക്ക് ക്ലസ്റ്റർ ഹൗസുകൾ നിർമ്മിച്ച് നൽകണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; ഇത് പ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ഇ) റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ആഭിമുഖ്യത്തിൽ ഉരുൾപൊട്ടൽ മേഖലയിൽ നിന്നുള്ള ജനങ്ങളെ മാറ്റിപ്പാർപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

212(1173) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് വയ്ക്കുവാൻ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമി, വിവിധ പദ്ധതികൾക്ക് നീക്കി വച്ച് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി എന്നിവ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും ഇപ്രകാരമുള്ള എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയതെന്നും അവിടെ ഭവന നിർമ്മാണ/ഫ്ലാറ്റ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിവിധ പദ്ധതികൾക്കുവേണ്ടി നീക്കിവച്ച് ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50.69 ആർ സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ 33 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ 12 ഹെക്ടർ ഭൂമി (29.652 ഏക്കർ) കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 266.68 ആർ. ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി വിലയ്ക്കെടുത്തിരുന്നതിൽ ടി ആവശ്യം കഴിഞ്ഞ ബാക്കിയുള്ള സർവ്വേ 975/2(എ) നമ്പരിൽപ്പെട്ട 20 സെന്റിൽ വഴി, കിണർ എന്നിവ ഒഴിവാക്കി 3 സെന്റ് വീതമുള്ള 6 പ്ലോട്ടുകളിൽ (ആകെ 18 സെന്റ്) വീട് നിർമ്മിച്ച് താക്കോൽദാനം നടത്തിയിട്ടുള്ളതാണ്. വാരപ്പെട്ടി വില്ലേജിലെ ഒരേക്കർ സർക്കാർ

അധീനതയിലുള്ള ഭൂമി പ്രളയാനന്തര പുനർനിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളതും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്. ആലുവ താലൂക്കിൽ 38.82 ഏക്കർ ഭൂമി കണ്ടെത്തിയിരുന്നു. ടി ഭൂമിയിൽ ഭവന/ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പറവൂർ താലൂക്കിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തി മേൽ ഭൂമിയിൽ 10 പേർക്കായി മൂന്ന് സെന്റ് വീതം ഭൂമിയിൽ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവന നിർമ്മാണം നടത്തുന്നതിലേയ്ക്കായി തൃശ്ശൂർ ജില്ലയിൽ മുളയം, മേലൂർ വില്ലേജുകളിലായി 0.5224 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയും ആമ്പല്ലൂർ വില്ലേജിൽ 0.1214 ഹെക്ടർ പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയും ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ദേശമംഗലം വില്ലേജിൽ 0.7683 ഹെക്ടർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ യാക്കര വില്ലേജിൽ 0.8510 ഹെക്ടറും പട്ടാമ്പി താലൂക്കിൽ ചാലിശ്ശേരി വില്ലേജിൽ 0.1112 ഹെക്ടറും ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭവന/ഫ്ലാറ്റ് നിർമ്മാണത്തിന് മുത്തൂറ്റ് ഗ്രൂപ്പിനെ ചുമതല ഏൽപ്പിച്ചിരുന്നെങ്കിലും അവർ പിൻമാറിയതിനെത്തുടർന്ന് കണ്ടെത്തിയ ഭൂമി ലൈഫ് മിഷനെ ഏൽപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രളയബാധിതർക്ക് ധനസഹായം

213(1174) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും ദുരന്തം അനുഭവിച്ച ഷൊർണ്ണൂർ മണ്ഡലത്തിലെ എത്രയാളുകൾക്ക് ധനസഹായം അനുവദിച്ചു എന്നും എത്ര തുകയാണ് അനുവദിച്ചത് എന്നും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇനിയും ആർക്കെങ്കിലും ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; ഇവർക്ക് എത്രയും പെട്ടെന്ന് ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരംശേഖരിച്ചു വരുന്നു.

### കവളപ്പാറയിലുണ്ടായ ഉരുൾപൊട്ടൽ

214(1175) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ എത്ര പേരാണ് മരണപ്പെട്ടത്; എത്രപേരെയാണ് കണ്ടെത്താൻ കഴിയാത്തത്;വിശദാംശം ലഭ്യമാക്കുമോ;

(ബി) മരണപ്പെട്ടവർക്കും കണ്ടെത്താൻ കഴിയാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചത്; ഇതിൽ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും ഇനി എന്തെങ്കിലും സഹായം നൽകാൻ ബാക്കിയുണ്ടോ എന്നും അറിയിക്കാമോ;

(സി) അപകടത്തിൽ നഷ്ടപ്പെട്ട രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതുമൂലം അപകടത്തിൽപ്പെട്ടവർക്കോ ബന്ധുക്കൾക്കോ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാതിരുന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കവളപ്പാറ ഉരുൾപൊട്ടലിൽ 48 പേർ മരണപ്പെട്ടു. 11 പേരെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

(ബി) കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതുപ്രകാരം 59 പേരാണ് കവളപ്പാറയിൽ മരണപ്പെട്ടത്. ആയതിൽ നാല് പേരുടെ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന നാല് പേരുടെ അനന്തരാവകാശികൾ ആരാണെന്ന വിവരത്തിന് വ്യക്തത വരുത്തുന്നതിനായി ജില്ലാ ഗവൺമെന്റ് പ്ലീഡറോട് നിയമോപദേശം ആരാഞ്ഞിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) ജില്ലയിൽ അത്തരത്തിലുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടുത്തുരുത്തി മണ്ഡലത്തിലെ തീപിടിത്തത്തിൽ നഷ്ടം സംഭവിച്ച കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം

215(1176) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും തീപിടിത്തത്തിൽ നഷ്ടം സംഭവിച്ച കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷകളിൽ എത്ര അപേക്ഷകൾക്ക് തുക അനുവദിച്ചു; തുക അനുവദിച്ചിട്ടില്ലെങ്കിൽ ഈ അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) തീപിടിത്തത്തിൽ നഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് കട്ടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഓരോന്നിലും സ്വീകരിച്ച നടപടി അറിയിക്കാമോ?

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ**

216(1177) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

| Sl. No | Name of Work | Amount in lakhs | Government Order |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Recontruction of right side wall in Thopputhode near Chullamukku, Thamalam, Karamana West, Thiruvananthapuram Corporation | 15.85 | G.O.(Ms). No. 404/20/17/RD dated 28-11-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | Rs. 5,00,000 has been allotted to the Director of ILDM for phase II River Bank Mapping & Sand Auditing as part of the River Bank Development Plan in Thiruvananthapuram District | 5.0 | Govt. Letter No.1604/P3/17/RD dated 8-2-2017 |
| 3 | Rs. 1,23,956 has been allotted to the River Management Center for river bank protection activities at the ILDM Center at Thiruvananthapuram | 1.24 | G.O.(Ms). No. 271/2018/RD dated 31-7-2018 |
| 4 | Rs. 4,06,400 has been allotted to the Director of ILDM for conducting awareness work on the protection of the Vamanapuram river using the NSS Units of colleges of Kerala Universitites. | 4.064 | G.O.(Rt). No. 3860/2018/RD dated 18-9-2018 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | Construction of side wall of Attaramoola-Manali Thodu in Kottukal Panchayath, Neyyattinkara Taluk | 4.3 | G.O.(Rt). No. 2657/2019/REV dated 18-9-2018 |

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ/കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നും ലഭിച്ചിട്ടില്ല.

**മങ്കട മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതികൾ**

217(1178) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന 2019-2020 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എത്ര ശിപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തികവർഷം റിവർ മാനേജ്മെന്റ് മുഖേന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ നിന്നും "കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിൽ പടിഞ്ഞാറ്റുമുറിയിൽ കീഴ്ത്തൃക്കോവിൽ ക്ഷേത്രത്തിന് സമീപം കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം" എന്ന ഒരു പ്രവൃത്തി മാത്രമാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം ജില്ലാതല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിദശ്ധ സമിതി അംഗങ്ങൾ പരിശോധിക്കുകയും ആർ.എം.എഫ്. ജില്ലാതല വിദഗ്ദ്ധ സമിതിയുടെ 87-ാം നമ്പർ യോഗനടപടി കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 19-2-2020-ന് ഇറിഗേഷൻ വകുപ്പിൽനിന്നും കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി സർക്കാരിൽ ലഭിച്ചിട്ടില്ല.

## കേരള നദീതീര സംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമം

218(1179) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നദീതീര സംരക്ഷണ മണൽവാരൽ നിയന്ത്രണ നിയമം ലംഘിക്കുന്നതിനുള്ള പിഴ നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പിഴ വർദ്ധിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള നിയമ പ്രകാരം ഇത്തരത്തിൽ കണ്ടു കെട്ടുന്ന മണൽ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും പുതിയ ഭേദഗതിയിൽ ആയതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ;

(ഡി) ഏതൊക്കെ നദികളും നദീതീരങ്ങളുമാണ് പുതിയ നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ (2002) ഖണ്ഡിക 27(3) പ്രകാരം അനധികൃത മണൽ ഖനനത്തിനുപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുന്നതും വാഹനത്തിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നിശ്ചയിക്കുന്ന വിലയും 25,000 രൂപ പിഴയും ആവർത്തിക്കുന്ന ഓരോ തവണയും 1000 രൂപ അധിക പിഴയും വാഹനയുടമ ഒടുക്കാത്തപക്ഷം വാഹനം പിടിച്ചെടുക്കുന്നതും ലേലനടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) അനധികൃത മണൽ ഖനനത്തിനുപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കുന്നതും വാഹനത്തിന് 25,000 രൂപ പിഴയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും കുറ്റം ആവർത്തിക്കുന്ന ഓരോ തവണയും 1000 രൂപ അധിക പിഴയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ പിടിച്ചെടുക്കുന്ന മണൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന വിൽക്കുന്നതും തുക ആർ.എം.എഫ്.-ൽ ഒടുക്കു വരുത്തുന്നതും പിഴയായി ലഭിക്കുന്ന തുക തഹസിൽദാർ മുഖാന്തരം ആർ.എം.എഫ്-ൽ ഒടുക്കു വരുത്തുന്നതുമാകുന്നു. എന്നാൽ കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതുമാണെന്ന വിധത്തിൽ ആക്ടിന് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒമ്പത് നദികളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 35 നദികളും പ്രസ്തുത ഭേദഗതി നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

**ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

219(1180) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന്റെ ഭാഗമായി നഷ്ടപരിഹാരം വാങ്ങി ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടുള്ളവരുടെ ഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യുമ്പോൾ ഹാജരാക്കേണ്ട റവന്യൂ രേഖകളിൽ ചിലത് ഇല്ലാത്തത് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള റവന്യൂ രേഖകൾ വേഗത്തിൽ ഭൂവുടമകൾക്ക് ലഭ്യമാക്കാൻ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക ഫാസ്റ്റ് ട്രാക്ക് സംവിധാനം റവന്യൂ വകുപ്പ് ഒരുക്കുമോ; വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സമാനമായ പ്രശ്നങ്ങൾ പരിഹരിക്കാൻ റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂവുടമകൾക്ക് ഇത്തരത്തിലുള്ള റവന്യൂ രേഖകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട സഹായം നൽകാൻ കോഴിക്കോട് ജില്ലയിലെ എൽ.എ. ഓഫീസുകളിൽ ഓരോ ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രതിമാസം യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസവും

ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ യഥാർത്ഥ കൈവശക്കാരെ കണ്ടെത്താനുള്ള കാലതാമസവും കൈവശക്കാർ യഥാസമയം മതിയായ രേഖകൾ ഹാജരാക്കാത്തതുമാണ് സ്ഥല മേറ്റെടുക്കൽ ജോലിയിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളെ കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വെള്ളായണി കായലിൽപ്പെട്ട സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്ന നടപടി

220(1181) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിൽപ്പെട്ട സ്വകാര്യ വ്യക്തികളുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്നറിയിക്കാമോ;

(ബി) എത്ര ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ കായലിനുള്ളിൽപ്പെട്ടിരിക്കു ന്നതായി കണ്ടെത്തിയിട്ടുള്ളത്;

(സി) കായലിനുള്ളിൽപ്പെട്ട ഭൂമിയുടെ ഉടമസ്ഥരായ സ്വകാര്യ വ്യക്തികളുടെ പേരും മേൽവിലാസവും ഭൂമിയുടെ വിസ്തീർണ്ണവും അടങ്ങുന്ന വിവരങ്ങൾ നൽകാമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം വെള്ളായണിക്കായൽ ജലവിതാനത്തിനടിയിൽ പ്പെട്ടുപോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന തിനായി 16-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെള്ളായണിക്കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സർവ്വേ ചെയ്തിട്ടുള്ളതും 2017-ലെ Fair value-ന്റെ അടിസ്ഥാനത്തിൽ സ്ഥലവില നിർണ്ണയിച്ചുകൊണ്ടുള്ള റിപ്പോർട്ട് 23-6-2017-ലെ കത്തുപ്രകാരം ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് സമർപ്പിക്കു

കയുണ്ടായി. നഷ്ടപരിഹാരത്തുക കണക്കിലാക്കേണ്ടത് പ്രസ്തുത വസ്തുക്കൾ കൃഷി യോഗ്യമല്ലാതായത് എന്നാണോ അന്നത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ജലവിഭവ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത പട്ടയവസ്തുക്കൾ കൃഷിയോഗ്യമല്ലാതായി തീർന്ന സമയത്തെ വില കണ്ടെത്താൻ കഴിയുന്ന റെക്കോർഡുകളൊന്നുംതന്നെ നിലവിലില്ലെന്നും ആയതിനാൽ അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കാൻ സാധിക്കുകയില്ലെന്നും ജില്ലാ കളക്ടർ 10-7-2018-ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. വെള്ളായണിക്കായലിലെ ജലവിധാനത്തിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകരുടെ സ്ഥലം വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായത് 1991-ലാണ്. സമാനഭൂമിയുടെ വില കണ്ടുപിടിക്കുന്നത് ദുഷ്കരമാണെങ്കിലും അസാദ്ധ്യമല്ലാത്തതിനാൽ പ്രസ്തുത കാലഘട്ടത്തിലെ ഭൂമി കൈമാറ്റങ്ങൾ സബ് രജിസ്ട്രാറിൽനിന്നും കണ്ടുപിടിച്ച് സമാനസ്വഭാവമുള്ള ഭൂമിയുടെ വില നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 27-2-2020-ലെ ബി3/568/2018-റവ. നമ്പർ കത്തുപ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-5-2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) വെങ്ങാനൂർ വില്ലേജിൽ 162 കൈവശങ്ങളിലായി 21.17.65 ഹെക്ടർ ഭൂമിയും കല്ലിയൂർ വില്ലേജിൽ 463 കൈവശങ്ങളിലായി 66.0193 ഹെക്ടർ ഭൂമിയും വെള്ളം കയറിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## പോങ്ങുംമൂട് പുന്നാവൂർ പാലത്തിന് ഭൂമി ഏറ്റെടുക്കൽ

221(1182) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലത്തിന് വേണ്ടി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; ആയതിന്റെ ഏറ്റെടുക്കൽ നടപടികൾ എന്ന് മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര ദിവസം കൂടി വേണമെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പോങ്ങുംമൂട്-പുന്നാവൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ വില്ലേജിലുൾപ്പെട്ട 0.16 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 24-4-2019-ലെ സ.ഉ.(സാധാ) 1041/2019/റവ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പൊന്നുംവില നടപടിയുടെ ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ, പി.ഡബ്ല്യു.ഡി സതേൺ സർക്കിളിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എസ്.ഐ.എ. റിപ്പോർട്ട് വിലയിരുത്തുന്നതിനായി നിയമിച്ച എക്സ്പെർട്ട് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർവ്വേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തുനിന്നും ഏറ്റെടുക്കേണ്ട ഭൂമി 6.84 ആർ ആയി കണ്ടെത്തുകയും 31-12-2019-ലെ 3259-ാം നമ്പർ കെ5-4425/18 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടിയിൽ കാലതാമസമുണ്ടായിട്ടില്ല. ആക്ടിൽ നിഷ്കർഷിച്ചതിൻപ്രകാരമുള്ള സമയക്രമം പാലിച്ചുകൊണ്ട് പൊന്നും വില നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പാലങ്ങളുടെ സ്ഥലമെടുപ്പ്

222(1183) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കൈപ്പാലക്കടവ് പാലം, വഴുവാടിക്കടവ് പാലം, ശാർങ്ങകാവ് പാലം എന്നിവയുടെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ ഭാഗമായി ആലപ്പുഴ ലാന്റ് അക്വസിഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഉടമസ്ഥർ സ്ഥലം വിട്ടുതരുവാൻ തയ്യാറായതിനാൽ, പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നേരിട്ടുള്ള പർച്ചേസ് അനുമതി ലഭ്യമാക്കുന്നത് സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) <u>കൈപ്പാലക്കടവ് പാലം</u>

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ ഉൾപ്പെട്ട 100 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 18-5-2019-ലെ സ.ഉ (സാധാ)നമ്പർ 1143/2019/ റവ. പ്രകാരം ലഭ്യമായിട്ടുള്ളതും

എസ്.ഐ.എ പഠനം നടത്തുന്നതിന് ശ്രീമതി പ്രിൻസി ജേക്കബ് എറണാകുളം-ന്റെ നേതൃത്വത്തിലുള്ള ഏജൻസിയെ നിശ്ചയിച്ചി ട്ടുള്ളതാണ്. കണ്ടിൻജൻസി ചാർജ്ജായി നിശ്ചയിച്ച് നൽകി യിരുന്ന തുക അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നാളിതുവരെ ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ എസ്.ഐ.എ. ഏജൻസിയെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

<u>വഴുവാടി കടവ് പാലം</u>

ആലപ്പുഴ ജില്ലയിൽ എണ്ണയ്ക്കാട്, തഴക്കര വില്ലേജുകളിൽ ഉൾപ്പെട്ട 24 ആർസ് ഭൂമി ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 3-4-2019-ലെ സ.ഉ.(സാധാ) നമ്പർ 986/2019/റവ. പ്രകാരം ഉത്തരവായിരുന്നതും സർവ്വേ ഡിവിഷൻ റിക്കാർഡുകളും അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും (BVR) ആലപ്പുഴ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കി വരുന്നതുമാണ്. ആയത് ലഭിക്കുന്നമുറയ്ക്ക് DLFC കൂടുകയും DLFC-യുടെ ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതുമാണ്.

<u>ശാർങ്ങക്കാവ് പാലം</u>

ശാർങ്ങക്കാവ് പാലം നിർമ്മാണ ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ഒന്നും നാളിതുവരെ ലഭിച്ചിട്ടില്ലാ ത്തതാണ്.

(സി) വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 3-4-2019-ലെ സ.ഉ.(സാധാ)നമ്പർ 986/2019/റവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൈപ്പാലക്കടവ് പാലം, ശാർങ്ങക്കാവ് പാലം എന്നിവയുടെ നിർമ്മാണത്തിന് ഭൂവുടമകളുടെ സമ്മതപത്രം സഹിതം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഉടമസ്ഥരില്ലാത്ത ഭൂമി ഉപയോഗപ്പെടുത്താൻ നടപടി

223(1184) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ ;

(ബി) വർഷങ്ങളായി നികുതി അടക്കാതെയും കൈവശം ഇല്ലാതെയും കിടക്കുന്ന ഉടമസ്ഥരില്ലാത്ത ഭൂമി ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താം എന്ന് റവന്യൂ വകുപ്പ് ആലോചിച്ചിട്ടുണ്ടോ ;

(സി) കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഇത്തരം ഭൂമിയിൽ കൃഷി ഇറക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## അയിരൂപ്പാറയിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തൽ

224(1185) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയിരൂർപ്പാറ വില്ലേജിൽ ബ്ലോക്ക് 12-ൽ റീസർവ്വേ 520-ൽ സർക്കാർ റോഡ് പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് ബഹു. ഹൈക്കോടതിയുടെ 18-9-2019-ലെ WPC 23884/19 ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം അളവ് നടപടികൾ നടത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

തിരുവനന്തപുരം താലൂക്ക്, അയിരൂപ്പാറ വില്ലേജിൽ സർവ്വേ 520-ൽ ഉൾപ്പെട്ട 16.00 ആർസ് റോഡ് പുറമ്പോക്ക് സമീപ വസ്തുഉടമകളായ ശ്രീമതി രമണി, ശ്രീമതി ചിത്രലേഖ, ശ്രീ. സാബു എന്നിവർ കയ്യേറി കൈവശം വച്ചിട്ടുള്ളതായും ആയതിനാൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എസ്. സുരേഷ് എന്ന വ്യക്തി തിരുവനന്തപുരം ജില്ലാ കളക്ടർ, തിരുവനന്തപുരം താലൂക്ക് തഹസിൽദാർ, അയിരൂർപ്പാറ വില്ലേജ് ആഫീസർ എന്നിവർക്ക് 29-7-2019ൽ നിവേദനം നൽകിയിരുന്നു. ടി നിവേദനം പരിഗണിച്ച് തീർപ്പാക്കണമെന്നാവശ്യപ്പെട്ട്

ശ്രീ. സുരേഷ്.കെ.എസ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 23884/19 നമ്പരായി ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും ടി റിട്ട് ഹർജി 3-9-2019 തീയതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളതുമാണ്. ശ്രീ. കെ.എസ്. സുരേഷ് 29-7-2019-ൽ സമർപ്പിച്ച നിവേദനത്തിന്മേൽ ബന്ധപ്പെട്ട കക്ഷികളെ കേട്ട് വിധി പകർപ്പ് കിട്ടി മൂന്ന് മാസത്തിനകം തീർപ്പാക്കാനാണ് 3-9-2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ആയതിൻപ്രകാരം പരാതിക്കാരനെയും എതിർകക്ഷികളെയും നേരിൽകേട്ട് 13-12-2019-ൽ DCTVM/5954/2019/B12 നമ്പർ നടപടി ക്രമപ്രകാരം ശ്രീ. കെ. എസ്. സുരേഷ് സമർപ്പിച്ച പരാതി തീർപ്പാക്കിയിട്ടുള്ളതാണ്. ജില്ലാ കളക്ടറുടെ മേൽ നടപടിക്രമത്തിലെ നിർദ്ദേശപ്രകാരം അളവ് നടപടികൾ നടത്തിയതിൽ അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 12, റീസർവ്വേ 520-ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം ഇല്ലായെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.

## 2013-ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള സംസ്ഥാന നയം

225(1186) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 108-ാം വകുപ്പ് അനുസരിച്ച് കേരള സർക്കാർ സംസ്ഥാന നയം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നയം അനുസരിച്ച് 19(1) വിജ്ഞാപനത്തിന് മുൻപ് ബന്ധപ്പെട്ട ഭൂവുടമകളുമായി നഷ്ടപരിഹാര തുക സംബന്ധിച്ച് ചർച്ച ചെയ്യുവാൻ വ്യവസ്ഥയുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥയനുസരിച്ച് തിരുവനന്തപുരം വലിയമലയിലെ ഐ.എസ്.ആർ.ഒ. എൽ.പി.എസ്.സി.-യുടെ വികസനത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്നവർ ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നോ;

(ഡി) പ്രസ്തുത നിവേദനമനുസരിച്ച് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 108-ാം വകുപ്പ് അനുസരിച്ച് 29-9-2015-ലെ കേരള സർക്കാർ ജി.ഒ.(എം.എസ്.) 485/2015/RD പ്രകാരം സംസ്ഥാന നയം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നയത്തിൽ ഖണ്ഡിക 18 പ്രകാരം വിലയാധാരം ചമയ്ക്കുന്നതിന് മുമ്പായി സെക്ഷൻ 19 പ്രകാരമുള്ള ഡിക്ലറേഷൻ പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കണമോ എന്ന് തീരുമാനിക്കുന്നത് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുമ്പോൾ മാത്രമാണ്. ആയതിനാൽ തന്നെ ഭൂവില നിശ്ചയിക്കുക, ഭൂവുടകൾ സമ്മതപത്രം നൽകുന്ന പക്ഷം ഡി.എൽ.എഫ്.സി കൂടുന്ന കാര്യം തീരുമാനിക്കുക എന്നീ നടപടികൾ സാധാരണഗതിയിൽ 19(1) പ്രഖ്യാപനത്തിനു ശേഷമാണ് കൈക്കൊള്ളാറുള്ളത്.

(സി&ഡി) നൽകിയിരുന്നു. പ്രസ്തുത നിവേദനം തുടർനടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ കാര്യാലയത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. 19(1) പ്രഖ്യാപനത്തിനുശേഷം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വനഭൂമി പതിച്ചുനൽകൽ**

226(1187) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ആവശ്യങ്ങൾക്കായി എന്തുമാത്രം വനഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വനഭൂമി പതിച്ചു നൽകിയിട്ടുണ്ടെങ്കിൽ അത് ആർക്കൊക്കെയെന്നും എത്ര വീതമാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം പതിച്ച് നൽകിയ വനഭൂമിയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വനഭൂമി പതിച്ച് നൽകിയിട്ടില്ലാത്തതാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ CA104/105/04 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച പ്രോജക്ട് പ്രകാരം ട്രൈബൽ റീഹാബിലിറ്റേഷൻ നടപ്പാക്കുന്നതിനായി വനം വകുപ്പ് പനത്തടി വില്ലേജിൽ അനുവദിച്ച റീ.സ.നമ്പർ 273-ൽപ്പെട്ട 91.89 ഏക്കർ വനഭൂമിയിൽ 75 ഏക്കർ ഭൂമി 150 ഗുണഭോക്താക്കൾക്ക് 50 സെന്റ് വീതം കൈവശരേഖ നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ വനഭൂമി നിലവിലില്ലാത്തതിനാൽ വിശദാംശങ്ങളൊന്നും നൽകാനില്ലാത്തതാണ്.

<u>കൊല്ലം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ പുതിയതായി വനഭൂമി പതിച്ച് നൽകിയിട്ടില്ലാത്തതാണ്. എന്നാൽ ആര്യങ്കാവ് വില്ലേജിൽ സർവ്വേ 371/1-ൽപ്പെട്ട 1.20 ഏക്കർ സ്ഥലത്തിന് വനഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ടി വില്ലേജിൽ ഇരുളൻകാട് വെഞ്ച്വർ എസ്റ്റേറ്റ് ലയത്തിൽ ശ്രീ. കേശവൻ നാണു പേരിൽ എൽ.എ.സി 57/93 നമ്പരായി പട്ടയം അനുവദിച്ചിരുന്നതിൽ 2000-ൽ സംയുക്ത പരിശോധനാ സമയത്ത് ശ്രീ. കേശവൻ നാണുവും ഭാര്യയും മരണപ്പെട്ടുപോയിട്ടുള്ളതിനാൽ ടിയാളുടെ അനന്തരാവകാശികളായ ശ്രീ.സദാനന്ദൻ മുതൽപേരിൽ 29-11-2013-ൽ LAC 57/93 നമ്പരായി പതിവ് ഉത്തരവ് തയ്യാറാക്കിയിരുന്നതാണ്. തറവില ഒടുക്കാൻ കാലതാമസം വന്നതിനാൽ പട്ടയം നൽകിയിരുന്നില്ല. തുടർന്ന് കക്ഷികൾ സർക്കാർ ഉത്തരവ് പ്രകാരം തറവില ഒടുക്ക് വരുത്തിയതിൽ ടി കക്ഷികൾക്ക് 2019 നവംബർ 21-ന് പട്ടയം നൽകിയിട്ടുള്ളതാണ്.

<u>ഇടുക്കി</u>

1833.64.38 ഹെക്ടർ

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കൃഷി, വാസഗൃഹം നിർമ്മിക്കൽ, ഷോപ്പ് സൈറ്റ് എന്നീ ആവശ്യങ്ങൾക്കായി 10301 കുടിയേറ്റങ്ങൾ ക്രമീകരിച്ച് 1833.64.38 ഹെക്ടർ വനഭൂമി പതിച്ച് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

<u>എറണാകുളം</u>

164.28 ആർസ്

1. ശ്രീ. ദേവസ്യ, S/o.ചാക്കോ, ഐമനത്തിൽ, പൂയംകുട്ടി (കുട്ടമ്പുഴ വില്ലേജ് സർവ്വേ നമ്പർ 567, 568 എന്നിവയിൽപ്പെട്ട 121.40 ആർസ്)
2. ശ്രീമതി ലാലി ജോസ് & ജോസ് കെ. എ. കാഞ്ഞിരത്തിങ്കൽ, മണിമരുതുംചാൽ, നേര്യമംഗലം (നേര്യമംഗലം വില്ലേജ് സർവ്വേ നമ്പർ 715/1-1-ൽപ്പെട്ട- 32.76 ആർസ്)
3. ശ്രീമതി ലീല, W/o.രാജു, ഈഴകുന്നേൽ (കുട്ടമ്പുഴ വില്ലേജ്, സർവ്വെ നമ്പർ 460/8, 460/9 എന്നിവയിൽപ്പെട്ട 10.12 ആർസ്)

<u>തൃശ്ശൂർ</u>

122.1451 ഹെക്ടർ

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

<u>പാലക്കാട്</u>

1005.90 ഹെക്ടർ

കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരധിവാസ സ്ഥാപനവും ആക്ട് 1999-ലെ വകുപ്പ് 10 പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ വീതവും ഒരേക്കറിൽ താഴെ ഭൂമി കൈവശമുള്ളവർക്ക് ഒരേക്കർ തികയ്ക്കാൻ ആവശ്യമുള്ളത്ര ഭൂമി സർക്കാർ പതിച്ച് നൽകേണ്ടതുള്ളതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 1 & 2 ക്ലിയറൻസ് ലഭിച്ച നിക്ഷിപ്ത വനഭൂമികളിൽനിന്നും 1862 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ 1005.90 ഹെക്ടർ നിക്ഷിപ്ത വനഭൂമി നൽകിയിട്ടുണ്ട്.

<u>മലപ്പുറം</u>

ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് വിതരണത്തിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിലുൾപ്പെടുന്ന 10 ഹെക്ടർ ഭൂമി 27.09.2018-ന് വനം-വകുപ്പിൽനിന്നും ലഭിച്ചിരുന്നു. പ്രസ്തുത ഭൂമി 20.2347 ആർ വീതമുള്ള പ്ലോട്ടുകളാക്കി തിരിച്ച് 34 കുടുംബങ്ങൾക്ക് പതിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 3.1202 ഹെക്ടർ ഭൂമി 34 പുറമ്പോക്ക് കുടുംബങ്ങളുടെ പൊതു ആവശ്യങ്ങൾക്ക് മാറ്റി വച്ചിട്ടുണ്ട്. അങ്കണവാടി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തൊഴിൽ നൈപുണ്യ കേന്ദ്രം, കുടിവെള്ള ലഭ്യത, ആരാധനാലയം, ശ്മശാനം തുടങ്ങിയ പൊതു ആവശ്യങ്ങൾക്കാണ് ഭൂമി മാറ്റി വച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഇറപ്പുഴ ക്നാനായ പള്ളി അധികൃതർക്ക് വസ്തു വിട്ടുനൽകാൻ നടപടി

227(1188) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ കെ.എസ്.റ്റി.പി. റോഡിൽ ഇറപ്പുഴ പാലത്തിന് സമീപം സ്ഥാപിച്ചിരുന്ന ക്നാനായ പള്ളിയുടെ കുരിശടി മാറ്റിയതിന് പകരം സ്ഥലം നൽകുന്നതിലുള്ള തീരുമാനം താമസിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 16-5-2018-ലെ റവ.എ(4)57/18 നമ്പർ കത്തിൽ ഉപാധി വച്ചിട്ടുള്ളത് എന്തിനാണെന്ന് വ്യക്തമാക്കാമോ;

(സി) 19-7-2017-ലെ സ.ഉ.(കൈ)234/2017/റവ. ഉത്തരവിലെ 4,5 ഖണ്ഡികകൾ പ്രകാരം ഉള്ളടക്കത്തിൽ സൂചിപ്പിക്കുന്ന ഉപാധികളില്ലാതെ വസ്തു വിട്ടുനൽകുന്നു എന്ന് പറഞ്ഞിട്ടും ക്നാനായ പള്ളിക്ക് വസ്തു നൽകാത്തതെന്താണെന്ന് വിശദമാക്കുമോ;

(ഡി) പള്ളി അധികൃതർക്ക് വസ്തു വിട്ടുനൽകുന്നതിന് നടപടി എത്രയും വേഗം സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ - ഇറപ്പുഴ പാലത്തിന്റെ അപ്രോച്ച് റോഡിനായി പള്ളിയുടെ കുരിശ്ശടി നിന്നിരുന്ന തിരുവൻവണ്ടൂർ വില്ലേജ് ബ്ലോക്ക് 6 റീസർവ്വേ 559/15-ൽ പ്പെട്ട 0.40 ആർസ് വസ്തു ഏറ്റെടുത്തതിന് പകരമായി കുരിശ്ശടി സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ബ്ലോക്ക് 6 റീസർവ്വേ 559/14-2 ൽപ്പെട്ട 0.40 ആർസ് വസ്തു ഏറ്റെടുത്തിരുന്നു. ടി ഭൂമി തങ്ങൾക്ക് ആവശ്യമില്ലെന്നും പകരം റീസർവ്വേ 559/16-ൽ പ്പെട്ട 0.40 ആർസ് സ്ഥലം പതിച്ചുനൽകണമെന്നും പള്ളി അധികൃതർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19-7-2017-ലെ ഉത്തരവ് പ്രകാരം ടി ഭൂമി പതിച്ചുനൽകുന്നതിന് ഉത്തരവായിരുന്നു. കുരിശ്ശടി നിർമ്മാണത്തിന് അഞ്ച് ലക്ഷം രൂപ പള്ളി അധികൃതർ കൈപ്പറ്റിയിട്ടുള്ളതിനാലും കുരിശ്ശടി നിന്നിരുന്ന സ്ഥലം പുറമ്പോക്കാണെന്നതിനാലും മാർക്കറ്റ് വില ഈടാക്കി ഭൂമി പതിച്ചു നൽകുന്നതിന് ഉത്തരവായിരുന്നു. കുരിശ്ശടി നിന്നിരുന്നത് പള്ളിയുടെ സ്വന്തം സ്ഥലത്താണെന്ന് പള്ളി ഭാരവാഹികൾ അറിയിച്ചതിനെ തുടർന്നുള്ള അന്വേഷണത്തിലും റവന്യൂ രേഖകൾ പരിശോധിച്ചതിലും പാലത്തിനായി ഏറ്റെടുത്ത വസ്തു പള്ളിയുടേതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ മുമ്പ് പകരമായി ഏറ്റെടുത്ത സ്ഥലത്തിന് അവാർഡ് പാസ്സാക്കി തുക നൽകിയിട്ടുള്ളതാണ്. പക്ഷെ ടി വസ്തു ഇപ്പോഴും ടി വ്യക്തിയുടെ പേരിൽതന്നെ റവന്യൂ റിക്കാർഡുകളിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതാണ്. അവാർഡ് തുക കൈപ്പറ്റിയ ടി വസ്തുവിന്റെ റവന്യൂ റിക്കാർഡുകളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ബി) പള്ളി പണിയുന്നതിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുള്ളതിനാലും കുരിശ്ശടി നിന്നിരുന്ന സ്ഥലം പുറമ്പോക്കാണെന്ന് ലഭ്യമാക്കിയിരുന്ന മുൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്.

(സി) 19-7-2017-ലെ സ.ഉ.(കൈ) 234/2017/റവ. ഉത്തരവിൽ ഭൂമി ക്നാനായ പള്ളിക്ക് ഉപാധികളില്ലാതെ വിട്ടുനൽകുന്നതായി പരാമർശമില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നം

228(1189) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ കർഷകർ അടക്കമുള്ളവരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 2019 ആഗസ്റ്റ് 22- ലെ വിവാദ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും അല്ലാത്ത പക്ഷം കർഷകരെയും ചെറുകിട വ്യാപാരികളെയും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത ഉത്തരവിൽ നിയമപരമായ പരിശോധന നടത്തി ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടിയെടുക്കുമോ എന്നും വ്യക്തമാക്കാമോ;

(സി) കൈവശമുള്ള കൃഷിഭൂമിയുടെ ആകെ വിസ്തൃതിയുടെ 25 ശതമാനത്തിൽ കുറയാത്ത ഭൂമി ടൂറിസം പോലുള്ള കാർഷികേതര ആവശ്യത്തിന് കൂടി ഉപയോഗിക്കാൻ കഴിയത്തക്ക രീതിയിൽ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ കർഷകരുൾപ്പെടെയുള്ളവരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ പറയുന്നു. പതിവു നൽകുന്ന ഭൂമിയിലെ സർവ്വേ നമ്പരുകളിൽ തെറ്റ് വരുന്നതുകാരണം നിരവധി പ്രശ്നങ്ങൾ കർഷകർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളും നേരിടുന്ന സാഹചര്യത്തിൽ സർവ്വെ നമ്പരുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നിയമാനുസൃതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. കൈവശഭൂമി പതിച്ചുകിട്ടിയത് കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി ഒഴിവാക്കി നൽകി. കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശമുണ്ടായിരുന്ന ഭൂമി പതിച്ചുകിട്ടിയാലും കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടിയാലും അത് സർക്കാരിലും എല്ലാത്തരം ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും, റബ്ബർ ബോർഡിലും, ടീ ബോർഡിലും ഈടുവച്ച് കൃഷിക്കും വീട് വയ്ക്കുന്നതിനും ഉൾപ്പെടെ ലോണെടുക്കുന്നതിന് ഉതകുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

മൂന്നാർ മേഖലയിലെ ഗൃഹനിർമ്മാണങ്ങൾക്ക് NOC നൽകുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇടുക്കി പദ്ധതി പ്രദേശത്ത് 10 ചങ്ങലയിൽ മൂന്ന് ചങ്ങലവിട്ടുള്ള കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടയഭൂമിയിലെ പട്ടയ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിശ്ചിത വിസ്തൃതി വരെയുള്ള നിർമ്മിതികൾ വ്യവസ്ഥകളോടെ ക്രമവത്ക്കരിച്ച് നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) 22-8-2019-ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയം ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല.

**സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച്**

229(1190) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക സ്ഥാപനങ്ങൾ, വായനശാല,സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഭൂമി നൽകുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആരാധനാലയങ്ങളും ശ്മശാനങ്ങളും ക്ലബ്ബുകൾ ഒഴികെയുള്ള വിവിധ കലാകായിക സാംസ്കാരിക സംഘടനകളും വായനശാലകളും ചാരിറ്റബിൾ സ്ഥാപനങ്ങളും മതിയായ രേഖകളില്ലാത്ത കാലങ്ങളായി കൈവശം വച്ചുവരുന്ന ഭൂമിയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി വ്യവസ്ഥകളോടെ പതിച്ചുനൽകുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും 29-1-2020-ലെ സ.ഉ.(എം.എസ്.)40/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടില്ല.

**അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലം കൈമാറുന്ന നടപടി**

230(1191) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലം ബി.പി.സി.എൽ.-ന് കൈമാറുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. അമ്പലമുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലം ബി.പി.സി.എൽ.-ന് കൈമാറുന്നത് സംബന്ധിച്ച് A3/30/2019/Rev ഫയലിൽ സത്വര നടപടി സ്വീകരിച്ചുവരുന്നു.

## മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകളുടെ വിഭജനം

231(1192) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകൾ വിഭജിക്കുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മിഷണറുടെ റിപ്പോർട്ട് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച നടപടികളുടെ പുരോഗതി ഫയൽ നമ്പർ സഹിതം വെളിപ്പെടുത്താമോ ;

(സി) 2020-ൽ സംസ്ഥാനത്തെ ഏതൊക്കെ വില്ലേജുകളെ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) മെച്ചപ്പെട്ട ഭരണനിർവ്വഹണം സാധ്യമാക്കുന്നതിനായി മൂന്നിയൂർ, പള്ളിക്കൽ വില്ലേജുകൾ വിഭജിക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് 5-10-2019-ൽ ലഭിക്കുകയും സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തരപ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ലാത്തതിനാൽ പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണെന്ന് REV-F1/252/2019-REV നമ്പർ ഫയലിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട പഡ്രെ ഗ്രൂപ്പ് വില്ലേജിനെ പഡ്രെ, കാട്ടുകുക്കെ എന്നീ സ്വതന്ത്ര വില്ലേജുകളായി വിഭജിച്ചു.

(ഡി) പരിശോധിക്കാവുന്നതാണ്.

## പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് അനുവദിച്ച ഭൂമി കൈമാറൽ

232 (1193) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിച്ച ഭൂമി കൈമാറി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഭൂമി കൈമാറുന്ന നടപടികളിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലം കൈമാറ്റം ചെയ്യുന്ന നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ മങ്കട വില്ലേജിൽ കർക്കിടകം ദേശം സർവ്വേ 48/1, 48/12 എന്നിവയിൽപ്പെട്ട 3.82 ഏക്കറിൽനിന്നും 1.07 ഏക്കർ സ്ഥലം പുഴക്കാട്ടിരി ഐ.ടി.ഐ. നിർമ്മാണത്തിനായി റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ളതും പ്രസ്തുത സ്ഥലം സബ് ഡിവിഷൻ ചെയ്ത് രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിന് വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വേയർ എന്നിവരെ ഉൾപ്പെടുത്തി ടീമിനെ നിയോഗിച്ചിട്ടുള്ളതും പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൈമാറ്റം ചെയ്യുന്ന ഭൂമി സബ്ഡിവിഷൻ ചെയ്യുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ലഭിക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് ഭൂമി കൈമാറി നൽകുന്നതിൽ കാലതാമസം നേരിട്ടത്.

(സി) ഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ സത്വര നടപടി സ്വീകരിക്കുന്നുണ്ട്.

## സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്താൻ നടപടി

233(T 1194) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

---

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) സ്ഥലം ലഭ്യമല്ലാത്തതിനാൽ വിപുലീകരണത്തിന് ബുദ്ധിമുട്ട് നേരിടുന്ന വകുപ്പുകൾക്കായി പ്രസ്തുത ഭൂമി പുനർവിന്യസിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പോലീസ് വകുപ്പിലടക്കം ഏക്കർ കണക്കിന് ഭൂമി ഉപയോഗിക്കാതെ കിടക്കുന്നത് കണ്ടെത്താനുള്ള സർവ്വേ നടത്തുന്നതിന് സമഗ്ര പാക്കേജ് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) 8-5-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1077/2019/ റവന്യൂ പ്രകാരം സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച വിവരം ക്രോഡീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരശേഖരണം നടന്നുവരുന്നതാണ്.

(ബി) അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ ഭൂമിയുടെ പാട്ടകുടിശ്ശിക**

234(1195) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ആരാധനാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമി പ്രസ്തുത ഭൂമിയുടെ കമ്പോളവില ഈടാക്കി പതിച്ച് നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര ഏക്കർ ഭൂമി പതിച്ച് നൽകിയെന്നും അതിലൂടെ എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പാട്ടവ്യവസ്ഥയിൽ സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ വൻതുക പാട്ടകുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കുടിശ്ശിക എത്രയാണെന്നും, ഇത് ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) പാട്ടകുടിശ്ശിക അടയ്ക്കുവാൻ വിസമ്മതിക്കുന്ന സ്ഥാപനങ്ങളുടെ കൈവശം വച്ചിട്ടുള്ള ഭൂമി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് ഏറ്റെടുക്കുന്നുണ്ടോ; ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി ഇതിനകം ഏറ്റെടുത്തു;

(എഫ്) ഇക്കാര്യത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ കൺവീനറായി സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി നൽകിയിട്ടുള്ള ശിപാർശ എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരാധനാലയങ്ങളും ശ്മശാനങ്ങളും ക്ലബ്ബുകൾ ഒഴികെയുള്ള വിവിധ കലാകായിക സാംസ്കാരിക സംഘടനകളും വായനശാലകളും ചാരിറ്റബിൾ സ്ഥാപനങ്ങളും മതിയായ രേഖകളില്ലാതെ കാലങ്ങളായി കൈവശം വച്ചു വരുന്ന ഭൂമിയിൽ പ്രസ്തുത സ്ഥാപനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി വ്യവസ്ഥകളോടെ പതിച്ചുനൽകുന്നത് സംബന്ധിച്ച് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും 29-1-2020-ലെ സ.ഉ.(എം.എസ്.) 40/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുപ്രകാരമുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉദ്ദേശം 1155 കോടി രൂപയോളം കുടിശ്ശികയുണ്ട്. പാട്ടക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 15-2-2020-ലെ സ.ഉ.(പി) നമ്പർ 17/2020/റവ. 15-2-2020-ലെസ.ഉ.(പി)16/2020/റവ. പ്രകാരം ഒറ്റത്തവണത്തീർപ്പാക്കലിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ ആരംഭിച്ചിട്ടുള്ളതാണ്.

(ഇ) പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസ്സുകളിൽ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തവയുടെ പാട്ടം റദ്ദുചെയ്ത് ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഏറ്റെടുത്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ പറയുന്നു :

| ജില്ല | തിരിച്ചെടുത്ത ഭൂമിയുടെ വിശദാംശം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1.09 ഹെക്ടർ |
| കോട്ടയം | 0.1215 ഹെക്ടർ |
| ഇടുക്കി | 0 |

| (1) | (2) |
|---|---|
| എറണാകുളം | 5.7572 ഹെക്ടർ |
| തൃശ്ശൂർ | 0 |
| പാലക്കാട് | 0.002285 ഹെക്ടർ |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 0.0040 ഹെക്ടർ |
| കണ്ണൂർ | 0 |
| കാസർഗോഡ് | 0 |
| ആകെ | 6.9749 ഹെക്ടർ |

(എഫ്) ഉണ്ട്. വാണിജ്യാവശ്യത്തിന് പാട്ടം അനുവദിച്ചിട്ടുള്ള കേസ്സുകളിൽ പാട്ടനിരക്ക് 5 ശതമാനമായി നിശ്ചയിച്ചും വാണിജ്യേതര ആവശ്യങ്ങൾക്ക് പാട്ടം അനുവദിച്ചിട്ടുള്ള കേസ്സുകളിൽ പാട്ടനിരക്ക് 2 ശതമാനമായി നിശ്ചയിച്ചും മുൻകാല പ്രാബല്യത്തോടെ പാട്ടക്കുടിശ്ശിക കണക്കാക്കി ഒറ്റത്തവണ തീർപ്പാക്കൽ അനുവദിക്കാവുന്നതാണ് എന്നതാണ് റവന്യൂ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ധന-നിയമ വകുപ്പ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച സമിതി ശിപാർശ. പ്രസ്തുത സമിതിയുടെ ശിപാർശയുടെകൂടി അടിസ്ഥാനത്തിലാണ് ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

**പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി തിരിച്ചെടുക്കൽ**

235(1196) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടവ്യവസ്ഥ ലംഘിച്ച എത്ര ഏക്കർ സ്ഥലമാണ് ഈ സർക്കാർ തിരിച്ചെടുത്തിട്ടുള്ളത്; വ്യവസ്ഥകൾ ലംഘിച്ച എത്ര ഏക്കർ സ്ഥലം ഇനി തിരിച്ചെടുക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നാളിതുവരെയായി പാട്ടക്കുടിശ്ശിക ഇനത്തിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്; ഇതിൽ പിരിച്ചെടുക്കാവുന്ന തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉണ്ടായിട്ടുള്ള അലംഭാവത്തിന് കാരണമെന്താണ്; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള വിവരങ്ങളടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു :

| ജില്ല | പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) | പാട്ടവ്യവസ്ഥ ലംഘിച്ചതിനാൽ തിരിച്ചെടുക്കാനുള്ള ഭൂമി (ഹെക്ടറിൽ) |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 2.060729 | 0.3329 |
| കൊല്ലം | 0.87728 | 0 |
| പത്തനംതിട്ട | 6.04984 | 0 |
| ആലപ്പുഴ | 6.16880 | 0.8149 |
| കോട്ടയം | 1.24950 | 0.1094 |
| ഇടുക്കി | 0.90495 | 39.4177 |
| എറണാകുളം | 5.44800 | 16.5978 |
| തൃശ്ശൂർ | 12.37650 | 0 |
| പാലക്കാട് | 0.09930 | 0 |

| (1) | (2) | (3) |
|---|---|---|
| മലപ്പുറം | 0 | 0 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 0.02630 | 0 |
| കണ്ണൂർ | 0.04047 | 0.00202 |
| കാസർഗോഡ് | 0 | 0 |
| ആകെ | 35.3016 | 57.2747 |

(ബി) ഉദ്ദേശം 1155 കോടി രൂപയാണ് പാട്ടക്കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| ജില്ല | കുടിശ്ശിക തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 1540759680 |
| കൊല്ലം | 956498636 |
| പത്തനംതിട്ട | 48392196 |
| ആലപ്പുഴ | 14620656 |
| കോട്ടയം | 113838088 |
| ഇടുക്കി | 2644244 |
| എറണാകുളം | 5854122597 |
| തൃശ്ശൂർ | 2131708266 |

| (1) | (2) |
|---|---|
| പാലക്കാട് | 34120309 |
| മലപ്പുറം | 114943066 |
| കോഴിക്കോട് | 703316174 |
| വയനാട് | 0 |
| കണ്ണൂർ | 3190079 |
| കാസർഗോഡ് | 34982459 |
| ആകെ | 11553136450 |

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിൽ ഓരോ ജില്ലകളിലെയും പാട്ട കക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി ജില്ലാ കളക്ടർ നേരിൽ കേട്ട് പാട്ടക്കുടിശ്ശിക ചിട്ടപ്പെടുത്തി ആയത് ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും പാട്ട കക്ഷികൾ അവ അടയ്ക്കാത്തപക്ഷം പാട്ടം റദ്ദ് ചെയ്ത് പാട്ടഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമവും കേരള ഭൂസംരക്ഷണ നിയമവും പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 15-2-2020-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(പി) 16/2020/റവ., ജി.ഒ.(പി)17/2020/റവ. എന്നീ ഉത്തരവുകൾ പ്രകാരം പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കി കുടിശ്ശിക പുനർനിർണ്ണയം നടത്തി ഈടാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാട്ടക്കാലാവധി കഴിഞ്ഞ റവന്യൂ ഭൂമിയിന്മേലുള്ള പാട്ടക്കുടിശ്ശിക**

236(1197) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും കോടികൾ വിലമതിക്കുന്നതുമായ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഹെക്ടർവീതം റവന്യൂ ഭൂമി ഈ വിധം കൈവശപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ ഇതിനകം ലഭിക്കേണ്ടതായിട്ടുണ്ട്; പാട്ടക്കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ഇവർ ഏതെല്ലാമാണെന്നും ഓരോരുത്തരുടെയും പാട്ടക്കുടിശ്ശിക എത്രയാണെന്നും എത്ര വർഷത്തെ കുടിശ്ശികയാണ് ഓരോരുത്തരും അടയ്ക്കുവാനുള്ളതെന്നും ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി) പാട്ടകുടിശ്ശിക ഉദ്ദേശം 1155 കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെ വിശദാംശം ശേഖരിച്ചുവരുന്നു.

(ഡി) പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനും അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചെടുക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള കേസ്സുകളിൽ ഓരോ ജില്ലകളിലെയും പാട്ടകക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി ജില്ലാ കളക്ടർ നേരിൽകേട്ട് പാട്ടകുടിശ്ശിക തിട്ടപ്പെടുത്തി ആയത് ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും പാട്ടകക്ഷികൾ അവ അടയ്ക്കാത്ത പക്ഷം പാട്ടം റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമപ്രകാരവും കേരള ഭൂസംരക്ഷണ നിയമപ്രകാരവുമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 15-2-2020-ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(പി) 16/2020/ആർ.ഡി, ജി.ഒ. (പി) 17/2020/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കി കുടിശ്ശിക പുനർനിർണ്ണയം നടത്തി ഈടാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു.

## പട്ടാമ്പി താലൂക്കിൽ പ്രളയ ധനസഹായം

237(1198) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ വീടുകൾക്ക് തകരാറ് സംഭവിച്ചിട്ടുള്ളവർക്ക് നൽകുന്ന ധനസഹായം ലഭ്യമാക്കുന്നതിനുള്ള എത്ര അപേക്ഷകൾ പട്ടാമ്പി താലൂക്കിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര പേർക്ക് ധനസഹായം മുഴുവനായി ലഭിച്ചുവെന്നും എത്ര പേർക്ക് ഇനിയും ധനസഹായം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## നിലമ്പൂർ പ്രളയത്തിലെ നഷ്ടപരിഹാരം

238(1199) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ പ്രളയത്തോടനുബന്ധിച്ച് വഴിക്കടവ്, എടക്കര, ചുങ്കത്തറ, അമരമ്പലം, മൂത്തേടം, കരുളായി, നിലമ്പൂർ നഗരസഭ എന്നിവിടങ്ങളിൽ ഭാഗികമായോ പൂർണ്ണമായോ തകർന്ന വീടുകളുടെ എണ്ണം, ആയത് കുടുംബങ്ങളുടെ പേരും വിലാസവും തകർന്നതിന്റെ ശതമാനം എന്നിവ സഹിതം വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ചവരിൽ അടിയന്തര ധനസഹായമായ പതിനായിരം രൂപ, വീട് ഭാഗികമായി തകർന്നവർക്കുള്ള ധനസഹായം, വീട് പൂർണ്ണമായും തകർന്നവർക്കുള്ള ആദ്യ ഗഡു എന്നിവ ലഭിച്ചവരുടെ എണ്ണവും, ലഭിക്കാത്തവരുടെ എണ്ണവും എത്രയെന്ന് അറിയിക്കാമോ; ലഭിക്കാത്തവരുടെ പേര് വിവരം അറിയിക്കാമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് എന്നത്തേക്ക് ധനസഹായം ലഭിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പോത്തുകല്ല് പഞ്ചായത്തിലെ പുനരധിവാസം

239(1200) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ കവളപ്പാറ-പാതാർ പുനരധിവാസവുമായി ബന്ധപ്പെട്ട് എത്ര പേർക്കാണ് വീട് പൂർണ്ണമായും നഷ്ടപ്പെട്ടത്; ജിയോളജി വകുപ്പിന്റെ സർവ്വേ പ്രകാരം എത്ര വീടുകളിൽ താമസിക്കാൻ പാടില്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) വീടുകൾ പൂർണ്ണമായും തകർന്നതും വാസയോഗ്യമല്ലാത്തതുമായ ഏതൊക്കെ കുടുംബങ്ങൾക്കാണ് പുനരധിവാസം നടപ്പിലാക്കുന്നതെന്ന് പേരും വിലാസവും ഉൾപ്പെടെ വെളിപ്പെടുത്താമോ;

(സി) പോത്തുകല്ല് പഞ്ചായത്തിൽ ഭാഗികമായി വീട് തകർന്നവരുടെ പേരും വിലാസവും എത്ര ശതമാനം വീതം തകർന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ) പോത്തുകല്ല് വില്ലേജ് പരിധിയിൽ 148 കുടുംബങ്ങളാണ് വീട് പൂർണ്ണമായി നഷ്ടപ്പെട്ട് റീബിൽഡ് ആപ്പ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ജിയോളജി സർവ്വേ പ്രകാരം 117 കുടുംബങ്ങളാണ് പുനരധിവാസം ആവശ്യമുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പോത്തുകല്ല് വില്ലേജിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) പോത്തുകല്ല് വില്ലേജിന്റെ പരിധിയിൽ ഭാഗികനാശം സംഭവിച്ചതായി റീബിൽഡ് ആപ്പ് പ്രകാരം കണ്ടെത്തിയവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രളയവുമായി ബന്ധപ്പെട്ട് നിലമ്പൂർ താലൂക്കിൽ അടിയന്തര ധനസഹായ വിതരണം

240(1201) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് നിലമ്പൂർ താലൂക്കിൽ എത്ര കുടുംബങ്ങൾക്കാണ് പതിനായിരം രൂപ അടിയന്തര ധനസഹായമായി ലഭിക്കുന്നതിന് അർഹതയുള്ളത് എന്ന് അറിയിക്കാമോ;

(ബി) വീട് ഭാഗികമായി തകർന്ന കുടുംബങ്ങൾ എത്രയെന്നും പൂർണ്ണമായി തകർന്ന കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ;

(സി) പതിനായിരം രൂപ അടിയന്തര സഹായം എത്ര പേർക്ക് നൽകിയിട്ടുണ്ട്; ഭാഗികമായും പൂർണ്ണമായും വീട് തകർന്ന എത്ര പേർക്ക് ധനസഹായത്തിന്റെ ആദ്യ ഗഡു നൽകിയിട്ടുണ്ട്; അടിയന്തര ധനസഹായവും വീട് ഭാഗികമായോ പൂർണ്ണമായോ തകർന്നവർക്കുള്ള ധനസഹായത്തിന്റെ ആദ്യ ഗഡുവും ലഭിക്കാനുള്ളവർ ഇനി എത്രപേരുണ്ട്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും സർക്കാരിലേക്ക് 'ഡിസ്ബഴ്സ്ഡ് ടു ഗവൺമെന്റ്' എന്ന സ്റ്റാറ്റസോടുകൂടി അയച്ച കേസ്സുകളിൽ എത്ര പേർക്ക് അടിയന്തര ധനസഹായവും വീടിന്റെ കേടുപാടുകൾക്കും വീട് പൂർണ്ണമായി തകർന്നവർക്കുമുള്ള ധനസഹായവും ഇനിയും ലഭിക്കുവാനുണ്ട്; വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## ദുരന്തബാധിത വില്ലേജുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി

241(1202) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-ൽ ഉണ്ടായ കനത്ത മഴയിലും പ്രകൃതി ദുരന്തത്തിലും വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ള ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1, വാണിയംകുളം-2, ചളവറ എന്നീ വില്ലേജുകളെ ദുരന്തബാധിത വില്ലേജുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ പാലക്കാട് ജില്ലാ കളക്ടർ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1, വാണിയംകുളം-2, ചളവറ എന്നീ വില്ലേജുകളെ ദുരന്തബാധിത വില്ലേജുകളുടെ പട്ടികയിലുൾപ്പെടുത്തുവാൻ സാധിക്കുമോയെന്ന വിഷയം പരിശോധിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

242(1203) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലെ പ്രളയത്തെ തുടർന്ന് തകർന്ന് പോയ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി കണ്ണൂർ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും എത്ര ലക്ഷം രൂപയുടെ പ്രവൃത്തികൾ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് നൽകിയ ധനസഹായം

243(1204) ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ എത്ര കുടുംബങ്ങൾക്കാണ് നാശനഷ്ടം സംഭവിച്ചത്; ഓരോ വർഷവും ഓരോരുത്തർക്കും ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയതിന്റെ പട്ടിക മണ്ഡലം തിരിച്ച് പേര് വിവരസഹിതം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര കുടുംബങ്ങൾക്ക് ഇക്കാര്യത്തിൽ നഷ്ട പരിഹാരം നൽകി; ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തുകയുടെ കണക്ക് പേര് വിവരം സഹിതം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ആവശ്യത്തിന്മേലുള്ള സഹായനിധിയിലേക്ക് ലഭ്യമായ ആകെ തുകയുടെ (പ്രളയം സംഭവിച്ച 2018 മുതൽ 2019 ഡിസംബർ 31 വരെ) വിവരം നൽകുമോ;

(ഡി) പ്രസ്തുത തുകയിൽ ഭാഗഭാക്കായവർ ആരെല്ലാം; എന്ത് തുക വീതം; ഇവരുടെ പേര് വിവരം, ലഭ്യമാക്കിയ തുക, തീയതി അടക്കം മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 2018-2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവരുടെ മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല.

(സി) 2018-2019 വർഷങ്ങളിൽ പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 4728.77 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ഡി) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

## പ്രളയക്കെടുതിയിൽ തകർന്ന വീടുകൾ

244(1205) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതിയിൽ തകർന്ന വീടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിൽ എത്ര വീടുകൾ നിർമ്മിച്ചുനൽകുന്നതിന് ഫണ്ട് അനുവദിച്ചു എന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയബാധിതർക്കുള്ള നഷ്ട പരിഹാരത്തുക**

245(1206) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രളയബാധിതർക്കുള്ള നഷ്ടപരിഹാര തുക ഇനിയും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം, ആനക്കയം, പന്തല്ലൂർ, പുൽപ്പറ്റ, മൊറയൂർ, പൂക്കോട്ടൂർ, പാണക്കാട്, മേൽമുറി കോഡൂർ എന്നീ വില്ലേജുകളിൽ എത്ര പേർ വിവിധ പ്രളയ ദുരിതാശ്വാസ ധനസഹായത്തിന് അപേക്ഷ നൽകി എന്നും എത്രപേർക്ക് ധനസഹായം വിതരണം ചെയ്തു എന്നും വ്യക്തമാക്കാമോ;

(സി) മലപ്പുറം വില്ലേജിലെ താമരക്കുഴി, ചെമ്മങ്കടവ്, മൈലപ്പുറം, കണ്ണത്തുപാറ പ്രദേശങ്ങളിൽ പ്രളയ ദുരിതബാധിതർക്ക് അടിയന്തര ധനസഹായമായ പതിനായിരം രൂപ ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിതരണം ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനസഹായ വിതരണം പുരോഗമിച്ചുവരികയാണ്. അപാകതകളുള്ള കേസ്സുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവരം ചുവടെ ചേർക്കുന്നു :

| വില്ലേജ് | സർവ്വേ പൂർത്തിയായത് | വെരിഫൈ ചെയ്തത് | ലാന്റ് റവന്യൂ കമ്മീഷണർ അപ്രൂവ് ചെയ്തത് | Withheld |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| മലപ്പുറം പാണക്കാട് | 2179 | 2179 | 1852 | 224 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ആനക്കയം പന്തല്ലൂർ | 334 | 334 | 292 | 31 |
| പുൽപ്പറ്റ | 29 | 29 | 29 | 0 |
| മൊറയൂർ | 35 | 35 | 31 | 1 |
| കോഡൂർ | 693 | 693 | 661 | 26 |

(സി) സാങ്കേതിക പിഴവുകളില്ലാത്ത എല്ലാ കേസ്സുകളിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. അപാകതകളുള്ള കേസ്സുകളിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ**

246(1207) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിസർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണെന്നും ഇത് എൻ.ഐ.സി. അംഗീകാരം ഉള്ളത് ആണോ എന്നും അറിയിക്കാമോ;

(ബി) എൻ.ഐ.സി. അംഗീകാരം ഇല്ലാത്ത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ഏതൊക്കെ വില്ലേജിന്റെ റിക്കാർഡുകളാണ് അവ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) എൻ.ഐ.സി അംഗീകാരം ഇല്ലാത്ത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വില്ലേജുകളിൽ ഓൺലൈൻ സേവനങ്ങൾക്ക് സൗകര്യം ലഭിക്കുമോ എന്നും ഇല്ലെങ്കിൽ പകരം ഏർപ്പെടുത്തിയ സംവിധാനം എന്താണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടോട്ടൽ സ്റ്റേഷൻ മെഷീൻ വിതരണം ചെയ്തിട്ടുള്ള Leica കമ്പനിയുടെ LISCAD എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിലവിൽ റീസർവ്വേ പ്രവർത്ത നങ്ങളുടെ ഭാഗമായി എഫ്.എം.ബി. തയ്യാറാക്കി വരുന്നത്. ടി സോഫ്റ്റ്‌വെയറിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി)-ന്റെ അംഗീകാരം ഇല്ലാത്തതാണ്.

(ബി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) അംഗീകാരം ഇല്ലാത്ത സോഫ്റ്റ്‌വെയറുകളുപയോഗിച്ച് റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. ആധുനിക സർവ്വേ ഉപകരണമായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വേ നടത്തിയ 86 വില്ലേജുകളിൽ ഒരു വില്ലേജിന്റെ എഫ്.എം.ബി NIC യുടെ കൊളാബ് ലാൻഡ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചും 43 വില്ലേജുകളുടെ ലാന്റ് രജിസ്റ്ററുകൾ NIC-യുടെ Ideals എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചും തയ്യാറാക്കിയിട്ടുണ്ട്. NIC-യുടെ അല്ലാത്ത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ള വില്ലേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ റീസർവ്വേ എഫ്.എം.ബി.-കൾ LISCAD എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചും ലാന്റ് രജിസ്റ്ററുകളുടെ വിവരങ്ങൾ LHIS എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചുമാണ് തയ്യാറാക്കിവരുന്നത് ഇപ്രകാരം LHIS സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള ലാൻഡ് രജിസ്റ്റർ വിവരങ്ങൾ ഓൺലൈൻ സേവനം നൽകുന്ന തിലേയ്ക്കായി വില്ലേജ് ഓഫീസുകളിൽ ഉപയോഗിക്കുന്ന RELIS സോഫ്റ്റ്വെയറിൽ കൺവെർട്ട് ചെയ്ത് നൽകുന്നു. ഇത്തരത്തിലുള്ള കൺവെർഷൻ ഒഴിവാക്കി നേരിട്ട് RELIS സോഫ്റ്റ്വെയറിൽത്തന്നെ റീസർവ്വേ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ NIC-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. മാപ്പുകൾ ഓൺലൈൻ മുഖേന സേവനം നൽകുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം നിലവിലില്ലാത്തതാണ്. ഇതിലേയ്ക്കായി NIC- യുടെ 'ഭൂനക്ഷ' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ടി സോഫ്റ്റ്വെയർ വകുപ്പിന് ഉപയോഗപ്രദമാംവിധം പരിഷ്കരിക്കുന്നതിന് NIC യുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പ്രാവർത്തികമാകുന്നതിലൂടെ മാപ്പുകൾകൂടി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കല്ലറ കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് സ്ഥലം

247 (1208) ശ്രീ.ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള സ്ഥലം കെ.എസ്.ഇ.ബി.-യ്ക്ക് കൈമാറുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നമ്പർ(യു.4) 20/2020 പ്രകാരമുള്ള ഫയലിൽ നടപടികൾ എന്തായി എന്ന് അറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം എന്നത്തേയ്ക്ക് കൈമാറാൻ കഴിയും എന്നറിയിക്കാമോ?

### ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിക്കാനും ടി ഭൂമി കമ്പോളവില ഈടാക്കിയോ പാട്ടത്തിനോ കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകാനും മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭൂമി കമ്പോളവില ഈടാക്കിയോ പാട്ടത്തിനോ കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കെ.എസ്.ഇ.ബി. സമർപ്പിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മറ്റു വില്ലേജുകളുടെ ഭരണ ചുമതല നൽകിയിട്ടുള്ള വില്ലേജ് ഓഫീസുകൾ

248(1209) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആകെ എത്ര വില്ലേജുകളും വില്ലേജ് ഓഫീസുകളും ഉണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾക്കാണ് മറ്റു വില്ലേജുകളുടെ ഭരണ ചുമതല കൂടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പിറവം മണ്ഡലത്തിൽ ഒന്നിൽ കൂടുതൽ വില്ലേജുകളുടെ ഭരണ ചുമതലയും നിയന്ത്രണ അധികാരവുമുള്ള എത്ര വില്ലേജ് ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1664 വില്ലേജുകളും 1567 വില്ലേജ് ഓഫീസുകളുമുണ്ട്. 1664 വില്ലേജുകളിൽ തിരുവനന്തപുരം ജില്ലയിലെ 3 വില്ലേജ് ഓഫീസുകൾക്കും എറണാകുളം ജില്ലയിലെ 6 വില്ലേജ് ഓഫീസുകൾക്കും തൃശ്ശൂർ ജില്ലയിലെ 59 വില്ലേജ് ഓഫീസുകൾക്കും കാസർഗോഡ് ജില്ലയിലെ 29 വില്ലേജ് ഓഫീസുകൾക്കുമാണ് മറ്റ് വില്ലേജുകളുടെ (ഗ്രൂപ്പ് വില്ലേജ് സംവിധാനത്തിലൂടെ) ഭരണചുമതലകൂടി നൽകിയിട്ടുള്ളത്.

(ബി) പിറവം മണ്ഡലത്തിൽ ഒന്നിൽക്കൂടുതൽ വില്ലേജുകളുടെ ഭരണചുമതലയും നിയന്ത്രണാധികാരവുമുള്ള വില്ലേജ് ഓഫീസുകൾ താഴെപ്പറയുന്നവയാണ്.

1. ആമ്പല്ലൂർ (ഗ്രൂപ്പ്)-ആമ്പല്ലൂർ, കീച്ചേരി, കുലയറ്റിക്കര
2. കണയന്നൂർ (ഗ്രൂപ്പ്)-കണയന്നൂർ, കുരീക്കാട്

**പാറശ്ശാല മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി**

249(1210) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് നവീകരിക്കുന്നത്; ആയതിലേക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പരശ്ശുവയ്ക്കൽ, കുന്നത്തുകാൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം കരാറുകാർ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത വെള്ളറട വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശ്ശുവയ്ക്കൽ, കുന്നത്തുകാൽ എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഒരു വില്ലേജിന് 44,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) ട്രഷറി നിയന്ത്രണം നിലവിലുള്ളതിനാൽ ബില്ലുകൾ മാറി നൽകാൻ കാലതാമസം വരുന്നതിനാലാണ് കരാറുകാർ നിർമ്മാണ പ്രവർത്തനം നിർത്തി വച്ചിട്ടുള്ളത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേന ബാങ്കുകൾവഴി ബിൽ മാറി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വെള്ളറട വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ സമർപ്പി ച്ചിട്ടുണ്ട്.

### മലപ്പുറം ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

250 (1211) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ വില്ലേജ് ഓഫീസുകളുടെ നവീകരണ ത്തിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും നവീകരിക്കാനുള്ള വില്ലേജ് ഓഫീസുകൾക്കായി ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) ജില്ലയിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഫ്രണ്ട് ഓഫീസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെ ടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വിവിധ വില്ലേജ് ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്ത പ്രകാരമുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| വർഷം | പദ്ധതി | വില്ലേജുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 2017-18 | സ്മാർട്ട് വില്ലേജ് | 2 |

| (1) | (2) | (3) |
|---|---|---|
| 2017-18 | കുടിവെള്ള സൗകര്യം | 54 |
| 2017-18 | ടോയ്‍ലെറ്റ് | 2 |
| 2017-18 | അറ്റകുറ്റപ്പണി | 8 |
| 2017-18 | അധികമുറി | 5 |
| 2017-18 | ചുറ്റുമതിൽ | 1 |
| 2018-19 | സ്മാർട്ട് വില്ലേജ് | 4 |
| 2018-19 | അറ്റകുറ്റപ്പണി | 7 |
| 2018-19 | അധികമുറി | 7 |
| 2018-19 | ചുറ്റുമതിൽ | 5 |
| 2019-20 | സ്മാർട്ട് വില്ലേജ് | 2 |
| 2019-20 | അറ്റകുറ്റപ്പണി | 11 |
| 2019-20 | അധികമുറി | 9 |
| 2019-20 | ചുറ്റുമതിൽ | 5 |

(ബി&സി) ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ/അടിസ്ഥാന സൗകര്യവികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് ഫണ്ട് അനുവദിക്കുന്നത്.

## വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം

251(1212) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിൽ പോകാതെ റവന്യൂ വകുപ്പ് വഴി ലഭ്യമാകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാൻ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആദ്യഘട്ടത്തിൽ എത്ര വില്ലേജാഫീസുകളിലാണ് ഈ സംവിധാനം നടപ്പിലാക്കുകയെന്ന് അറിയിക്കാമോ;

(സി) ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുന്നതോടുകൂടി കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കേണ്ട സാഹചര്യമുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യവികസനം**

252(1213) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആഫീസിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളിലാണ് മാറ്റം വരുത്തിയതെന്നറിയിക്കാമോ;

(സി) 2019-20 സാമ്പത്തിവർഷം ഇതിനായി എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എത്ര രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ബജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ

സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്.

വില്ലേജാഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ആധുനിക മുറി നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ പ്ലാൻ സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. 2019-20 പ്ലാൻ സ്കീം പ്രകാരം 50 സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം, 100 വില്ലേജാഫീസ് കെട്ടിടങ്ങളിൽ അധികമുറി നിർമ്മാണം, 50 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണികൾ, 50 വില്ലേജാഫീസുകളിൽ ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

(സി) 2019-20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | സ്മാർട്ട് റവന്യൂ ഓഫീസ് നിർമ്മാണം (50 വില്ലേജാഫീസുകൾ) | - | 2200 ലക്ഷം |
| 2. | വില്ലേജാഫീസുകളുടെ അറ്റകുറ്റപ്പണികൾ (80 വില്ലേജാഫീസുകൾ) | - | 400 ലക്ഷം |
| 3. | വില്ലേജാഫീസുകളുടെ ചുറ്റുമതിൽ നിർമ്മാണം (80 വില്ലേജാഫീസുകൾ) | - | 400 ലക്ഷം |
| 4. | വില്ലേജാഫീസുകളിൽ അധികമുറി നിർമ്മാണം (1000 വില്ലേജാഫീസുകൾ) | - | 1000 ലക്ഷം |
| | ആകെ | | 4000 ലക്ഷം |

27-2-2020 വരെ ആകെ 11,00,91,228 രൂപ (പതിനൊന്ന് കോടി തൊണ്ണൂറ്റിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട് രൂപ) ടി നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) ട്രഷറി നിയന്ത്രണം നിലവിലുള്ളതിനാൽ ബില്ലുകൾ മാറി നൽകാൻ കാലതാമസം വരുന്നതിനാലാണ് കരാറുകാർ നിർമ്മാണപ്രവർത്തനം നിർത്തിവച്ചി ട്ടുള്ളത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേന ബാങ്കുകൾ വഴി ബിൽ മാറി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിൽ വില്ലേജ് ഓഫീസുകളുടെ നവീകരണം

253(1214) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസ് നവീകരണത്തിനായി മലപ്പുറം ജില്ലയിൽ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ വില്ലേജിനും സർക്കാർ വിഹിതമായി എത്രയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും ഇതിനകം നവീകരിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിലെ വില്ലേജുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഫ്രണ്ട് ഓഫീസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജാഫീസുകളുടെ നവീകരണത്തിനായി 5,02,33,966 രൂപ (അഞ്ച് കോടി രണ്ട് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. സ്മാർട്ട് വില്ലേജാഫീസ് നിർമ്മാണം-44,00,000 രൂപ, അറ്റകുറ്റപ്പണി-5,00,000 രൂപ, ചുറ്റുമതിൽ നിർമ്മാണം-5,00,000 രൂപ, അഡീഷണൽ റൂം നിർമ്മാണം- 10,00,000 രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ് വില്ലേജാഫീസുകളിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി പ്ലാൻ സ്കീം മുഖേന തുക അനുവദിച്ചുവരുന്നത്.

(ബി) മലപ്പുറം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും ഇതിനകം നവീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ/അടിസ്ഥാനസൗകര്യ വികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് ഫണ്ട് അനുവദിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

## കോങ്ങാട് മണ്ഡലത്തിലെ വില്ലേജാഫീസുകൾക്ക് അനുവദിച്ചതുക

254(1215) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ വിവിധ വില്ലേജാഫീസുകൾക്കായി അനുവദിച്ച തുകയിൽ ആരംഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

കോങ്ങാട് മണ്ഡലത്തിലെ വിവിധ വില്ലേജാഫീസുകൾക്കായി അനുവദിച്ച തുകയിൽ ആരംഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി | വില്ലേജിന്റെ പേര് | അനുവദിച്ച തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | കേരളശ്ശേരി | 5,00,000 | പൂർത്തിയായി |
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | പറളി 2 | 5,00,000 | പൂർത്തിയായി |
| വില്ലേജാഫീസ് അറ്റകുറ്റപ്പണി | മണ്ണൂർ | 5,00,000 | നിർമ്മാണം പുരോഗമിക്കുന്നു |
| സ്മാർട്ട് വില്ലേജ് നിർമ്മാണം | കോങ്ങാട് 2 | 40,00,000 | നിർമ്മാണം പൂർത്തിയായി |
| അഡീഷണൽ റൂം നിർമ്മാണം | കാരാകുറിശ്ശി | 9,70,000 | പൂർത്തിയായി |
| അഡീഷണൽ റൂം നിർമ്മാണം | മണ്ണൂർ | 10,00,000 | നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**പയ്യന്നൂർ താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മാണം**

255(1216) <u>ശ്രീ. സി.കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക നീക്കിവച്ചിരുന്ന പയ്യന്നൂർ താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ സാധിക്കുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂർ താലൂക്ക് ഓഫീസ് കെട്ടിടം പണിയുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി തൽക്കാലം മാറ്റിവച്ചിട്ടുണ്ട്.

**വെട്ടിയാർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

256(1217) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്കിലെ വെട്ടിയാർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര താലൂക്കിലെ വെട്ടിയാർ വില്ലേജ് ഓഫീസിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിട്ടുള്ളതാണ്.

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

257(1218) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളെ സ്മാർട്ട് ആക്കുന്നതിന് ഉള്ള നടപടികൾ ഏത് ഘട്ടം വരെയായി; സംസ്ഥാനത്തെ എത്ര വില്ലേജ് ഓഫീസുകളെ ഇതുവരെ സ്മാർട്ട് ആക്കിയെന്ന് അറിയിക്കാമോ;

(ബി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ജനങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനങ്ങളാണ് ഇതുമൂലം അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് ഇപ്പോൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷം മുതലാണ് സ്മാർട്ട് വില്ലേജാഫീസ് പദ്ധതി നിലവിൽ വന്നത്. 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെ ആകെ 180 വില്ലേജാഫീസുകൾക്കാണ് ടി പദ്ധതി പ്രകാരം ആധുനിക

രീതിയിലുള്ള കെട്ടിടങ്ങളും അനുബന്ധ ഭൗതിക സാഹചര്യങ്ങളുമൊരുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജാഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. വില്ലേജാഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ വില്ലേജാഫീസുകൾ ആധുനികവത്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവത്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ, പന്തളം, വള്ളിക്കോട്, തണ്ണിത്തോട്, കുരമ്പാല, തുമ്പമൺ, മൈലപ്ര, ഇരവിപേരൂർ, അയിരൂർ, ഏനാത്ത്, പഴവങ്ങാടി, ഏനാദിമംഗലം എന്നീ വില്ലേജാഫീസുകളെയാണ് ഇപ്പോൾ സ്മാർട്ട് വില്ലേജാഫീസുകളാക്കി മാറ്റിയിരിക്കുന്നത്.

## നെടുമങ്ങാട് മണ്ഡലത്തിൽ കരിപ്പൂർ വില്ലേജാഫീസ് നിർമ്മാണം

258(1219) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കരിപ്പൂര് വില്ലേജ് ഓഫീസ് നിർമ്മാണം നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി നിയന്ത്രണം നിലവിലുള്ളതിനാൽ ബില്ലുകൾ മാറി നൽകാൻ കാലതാമസം വരുന്നതിനാലാണ് കരാറുകാർ നിർമ്മാണപ്രവർത്തനം നിർത്തിവച്ചിട്ടുള്ളത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേന ബാങ്കുകൾ വഴി ബിൽ മാറി നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ബില്ലുകൾ മാറുന്നതിന് കാത്തിരിക്കാതെതന്നെ അടിയന്തരമായി നിർമ്മാണം പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷംതന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

259(1220) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കൂടുതൽ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1, തൃക്കടീരി-2, ചെർപ്പുളശ്ശേരി, വാണിയംകുളം-2 എന്നീ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതും ആയത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ഷൊർണ്ണൂർ മണ്ഡലത്തിലെതന്നെ വെള്ളിനേഴി വില്ലേജ് ഓഫീസിന് സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്.

(ബി) ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ/അടിസ്ഥാന സൗകര്യ വികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് ഫണ്ട് അനുവദിക്കുന്നത്.

## റവന്യൂ ജീവനക്കാരുടെ പണിമുടക്ക്

260(1221) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി 19-ന് റവന്യൂ ജീവനക്കാർ നടത്തിയ പണിമുടക്ക് സമരത്തിന് ഡയസ്നോൺ ബാധകമാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡയസ്നോൺ ബാധകമാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പ് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) 2020 ഫെബ്രുവരി 19-ൽ റവന്യൂ ജീവനക്കാർ നടത്തിയ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കിയിട്ടുണ്ട്;

(ഡി) ഡയസ്നോൺ ബാധകമാക്കിയ റവന്യൂ ജീവനക്കാരുടെ കണക്ക് ജില്ലയും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) 10,670 ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു*.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

261(1222) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ റിപ്പോർട്ട് ചെയ്തതിലധികം ഒഴിവുകൾ ഉണ്ടെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വേയിൽ പല പോസ്റ്റുകൾക്കും 8 മാസം തുടർച്ചാനുമതി ബാക്കി നിൽക്കെ പുതിയ തുടർച്ചാനുമതിയുടെ പ്രൊപ്പോസൽ നടപടികൾ ആരംഭിച്ചോ;ഇല്ലെങ്കിൽ ആയത് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ രണ്ടാം തരം സർവ്വേയർമാരുടെ ഒഴിവുകളുടെ എണ്ണമെത്ര;ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഫയൽ നമ്പർ ഉൾപ്പെടെ വിശദവിവരം ലഭ്യമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരുടെ ഒഴിവുകളുടെ എണ്ണം, പ്രൊമോഷൻ നടപടികൾ ഏതുവരെ ആയെന്നും, പ്രൊമോഷൻ നടക്കാത്തതിനുള്ള കാരണം എന്നിവ വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഭരണപരിഷ്കാര കമ്മീഷനിൽ നിന്നും 2019 ഡിസംബറിൽ ഉത്തരവ് വന്നതിനു ശേഷം എൽ.ഡബ്ല്യൂ.എ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരം നൽകാമോ;

(ഇ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഗ്രേഡ് 2 സർവ്വേയറുടെ ആന്റിസിപ്പേറ്ററി ഒഴിവുകൾ പി.എസ്.സി.-ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന കാരണം വ്യക്തമാക്കാമോ; സർവ്വേയും ഭൂരേഖയും വകുപ്പിൽ രണ്ടാം തരം സർവ്വേയർമാരുടെ എണ്ണം, അവരുടെ പേര്, എംപ്ലോയി ഐ.ഡി, ഇപ്പോൾ എവിടെ ജോലി ചെയ്യുന്ന തുടങ്ങിയ വിവരങ്ങൾ നൽകാമോ ;

(എഫ്) ഹെഡ് സർവ്വേയർ തസ്തികയിൽ ഒഴിവുകളുടെ എണ്ണവും, പ്രൊമോഷൻ നടപടികൾ ഏതുവരെ ആയെന്നും, പ്രൊമോഷൻ നടക്കാത്തതിനുള്ള കാരണം എന്നിവ വ്യക്തമാക്കാമോ;

(ജി) സൂപ്രണ്ട്, അഡിഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ഒഴിവുകളുടെ എണ്ണം, പ്രൊമോഷൻ നടപടികൾ ഏതുവരെ ആയെന്നും എന്തുകൊണ്ട് പ്രൊമോഷൻ നടക്കുന്നില്ലെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ റിപ്പോർട്ട് ചെയ്തതിലധികം ഒഴിവുകളുണ്ടെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സർവ്വേയർമാരുടെ നാല് ഒഴിവുകളും ചെയിൻമാന്റെ ഒരൊഴിവുമാണ് ഇനി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളത്. സർവ്വേയും ഭൂരേഖയും വകുപ്പിലുള്ള താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് നടപടി ആരംഭിച്ചിട്ടില്ല. എന്നാൽ ടി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച നടപടികൾ സർക്കാർ സജീവമായി പരിഗണിച്ചുവരികയാണ്.

(ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ രണ്ടാംതരം സർവ്വേയർമാരുടെ നാല് ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഫസ്റ്റ് ഗ്രേഡ് സർവ്വേയർമാരുടെ 35 ഒഴിവുകൾ നിലവിലുണ്ട്. സ്ഥാനക്കയറ്റ ലിസ്റ്റിലുള്ള രണ്ടാംതരം സർവ്വേയർമാരുടെ പ്രൊബേഷൻ വിവരങ്ങൾ പരിശോധിച്ച് ടിയാളുകൾക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) LWA ഒഴിവുകളുടെ എണ്ണം, സർവ്വേയും ഭൂരേഖയും വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിൽനിന്നും ശേഖരിച്ചുവരുന്നു. ആയത് ലഭ്യമാക്കിയതിനുശേഷം മാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ.

(ഇ) സർവ്വേയും ഭൂരേഖയും വകുപ്പിൽ 2020-ൽ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ ആന്റിസിപ്പേറ്ററി ഒഴിവുകൾ നിലവിലില്ല. വകുപ്പിലെ സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികകളുടെ എണ്ണം 835 ആണ്. 1-2-2020-ൽ 91 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ടി ജീവനക്കാരിൽ എല്ലാവരുടെയും ജോയിനിംഗ് റിപ്പോർട്ടും NJD വിവരം സംബന്ധിച്ച റിപ്പോർട്ടും ലഭ്യമായിട്ടില്ല. അതൊഴികെ നിലവിൽ ജോലി ചെയ്തുവരുന്ന സർവ്വേയർമാരുടെ വിവരങ്ങൾ (എണ്ണം, അവരുടെ പേര്, എംപ്ലോയി ഐ.ഡി, ഇപ്പോൾ എവിടെ ജോലി ചെയ്യുന്നു) സി.ഡി.യിലാക്കി ഉള്ളടക്കം ചെയ്യുന്നു.

(എഫ്) ഹെഡ് സർവ്വേയർ തസ്തികയിൽ നിലവിൽ രണ്ട് ഒഴിവുകളുണ്ട്. 15 തസ്തികകളിൽ 1-2-2020-ന് പ്രൊമോഷൻ നടത്തികഴിഞ്ഞു.

(ജി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ സൂപ്രണ്ട് തസ്തികയിൽ 15 ഒഴിവുകളും ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് വിഭാഗം) തസ്തികയിൽ 5 ഒഴിവുകളും ഡെപ്യൂട്ടി ഡയറക്ടർ (ഓഫീസ് വിഭാഗം) തസ്തികയിൽ 2 ഒഴിവുകളുമുണ്ട്. അഡീഷണൽ ഡയറക്ടർ തസ്തികയിൽ നിലവിൽ ഒഴിവില്ല. സർവ്വേയും ഭൂരേഖയും വകുപ്പിൽ ഹെഡ് സർവ്വേയർ തസ്തികയിലെ SC/ST വിഭാഗത്തിലുള്ള ജീവനക്കാർക്ക് KS & SSR Rule 13 A(1) പ്രകാരം ടെസ്റ്റ് യോഗ്യതകളിൽ നിന്നുള്ള ഇളവനുസരിച്ച് സർവ്വേ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10-11-2016 തീയതിയിലെ G.O.(Rt) 4726/16/RD നമ്പർ പ്രകാരം സർക്കാർ ഉത്തരവിറക്കിയിരുന്നു. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റ് യോഗ്യത നേടാത്ത SC/ST വിഭാഗത്തിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി താൽകാലിക സ്ഥാനക്കയറ്റം നൽകി 30-11-2016-ൽ ഉത്തരവിറക്കിയിരുന്നു. ടി ഉത്തരവുപ്രകാരം 2-11-17-ൽ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് 27-2-2020-ൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

സർവ്വേ സൂപ്രണ്ട് തസ്തികയിൽ 30-11-16-ൽ താത്കാലിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ DPC(L) കൂടി റെഗുലറൈസ് ചെയ്യാതെയാണ് 27-2-2020-ൽ പ്രസിദ്ധീകരിച്ച സർവ്വേ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ടി സർവ്വേ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് DPC(L) കൂടി റെഗുലറൈസ് ചെയ്തതിനുശേഷം മാത്രമേ AD തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് DPC(H) കൂടി തുടർനടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. സർവ്വേ സൂപ്രണ്ട് തസ്തികയിൽ നിലനിന്നിരുന്ന സീനിയോറിറ്റി ലിസ്റ്റ് പുനർനിർണ്ണയിച്ചതിനാൽ നിലവിൽ AD തസ്തികയിലെ നാളിതുവരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സീനിയോറിറ്റിയിൽ മാറ്റം വന്നിട്ടുണ്ട്. ആയതിനാൽ AD തസ്തികയിലേക്കുള്ള DPC(H) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിയാത്തതിനാലാണ് DD തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകാൻ നിലവിൽ കഴിയാത്തത്.

27-2-2020-ൽ സർവ്വേ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കിയതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് സർവ്വേ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കും തുടർന്ന് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്കുമുള്ള സ്ഥാനക്കയറ്റത്തിനുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ്ഗ്രഡേഷൻ

262(1223) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ അമ്പത് ശതമാനം അപ്ഗ്രേഡ് ചെയ്ത് വില്ലേജാഫീസുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ്ഗ്രഡേഷൻ സംബന്ധിച്ച് റവന്യൂ വകുപ്പ് മറ്റ് ഏതൊക്കെ വകുപ്പുകൾക്ക് ഫയൽ സർക്കുലേറ്റ് ചെയ്തിരുന്നു;

(സി) ഇക്കാര്യത്തിൽ ഓരോ വകുപ്പും സ്വീകരിച്ച നടപടിക്രമങ്ങളും അഭിപ്രായങ്ങളും പ്രത്യേകം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കി വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ്ഗ്രേഡേഷൻ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിനായി ഫയൽ അയച്ചിരുന്നു.

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

1. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50 ശതമാനം തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി മാറ്റുന്നതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയശേഷം വില്ലേജ് അസിസ്റ്റന്റ് തസ്തികയുടെ നിയമനരീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഭരണ വകുപ്പിന് ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു.

2. വിശേഷാൽ ചട്ടം പ്രകാരം നിലവിലുണ്ടായിരുന്ന തസ്തികമാറ്റ നിയമന അനുപാതത്തിൽ കുറവ് വന്നതിനെത്തുടർന്ന് റവന്യൂ, നീതിന്യായം പോലുള്ള വകുപ്പുകളിൽനിന്നും നിരവധി പരാതികളും വ്യവഹാരങ്ങളും ഈ വകുപ്പിൽ ലഭിക്കുകയുണ്ടായി. ടി വിഷയത്തിൽ വളരെ വിശദമായ പരിശോധന നടത്തിയതിനുശേഷമാണ് ഈ വകുപ്പ് 24-8-2019-ൽ സ.ഉ.(പി)06/2019/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ 3-1-2014-ന് മുമ്പുണ്ടായിരുന്ന തസ്തികമാറ്റ നിയമനം പുനഃസ്ഥാപിച്ചിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ ആവശ്യം നിലനിൽക്കുന്നതാണോ യെന്ന് ടി വകുപ്പ് പരിശോധിക്കേണ്ടതാണ്.

ധനകാര്യ വകുപ്പ്

വില്ലേജ് ഓഫീസുകളുടെ ഫീൽഡ് ലെവൽ പ്രവർത്തനത്തിനുവേണ്ടിയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക വില്ലേജ് ഓഫീസുകളിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ എൽ.ഡി. ക്ലാർക്ക് തസ്തിക റവന്യൂ വകുപ്പിന്റെ വില്ലേജ് ഓഫീസ് മുതൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ് വരെയുള്ള ഓഫീസുകളിൽ നിലവിലുള്ള തസ്തികയാണ്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയ്ക്ക് നിറവേറ്റപ്പെടേണ്ട നിർവ്വചിക്കപ്പെട്ടിട്ടുള്ള ചുമതലകളുണ്ട്. മുമ്പ് 'വില്ലേജ്മാൻ' ആയിരുന്ന തസ്തിക പിന്നീട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് തസ്തികയുടെ യോഗ്യത ഉയർത്തി എന്നതുകൊണ്ട് VFA

തസ്തികകൾ ഇപ്പോൾ വില്ലേജ് ഓഫീസുകളിൽ അത്യന്താപേക്ഷിതമല്ല. അതുകൊണ്ട് ആയത് അപ്ഗ്രേഡ് ചെയ്ത് ക്ലറിക്കൽ തസ്തികയാക്കി മാറ്റണമെന്ന റവന്യൂ വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നില്ല. റവന്യൂ വകുപ്പിനെ സംബന്ധിച്ച് ഫീൽഡ് ലെവലിൽ ഉത്തരവാദിത്വം വഹിക്കേണ്ട, ഒരു വില്ലേജിൽ നിലവിലുള്ള രണ്ട് VFA തസ്തികകളിൽ ഒന്നിനെ ക്ലറിക്കൽ തസ്തികയാക്കി മാറ്റണം എന്ന ആവശ്യം അംഗീകരിക്കുന്നത് ഇപ്പോൾ ടി തസ്തികയിൽ ഉള്ളവർ നിർവ്വഹിക്കുന്ന ജോലി ഭാവിയിൽ നിർവ്വഹിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കാരണമാകും. മാത്രമല്ല ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നത് ഉടൻതന്നെ രണ്ടായിരത്തോളം തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതുവഴി ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കും. VFA തസ്തികയിൽ നിലവിലുള്ള മുഴുവൻ ജീവനക്കാരും പഴയ യോഗ്യത പ്രകാരമുള്ള പി.എസ്.സി.-യുടെ നിയമന പ്രക്രിയ വഴി നിയമിക്കപ്പെട്ടവരാണ്. ഒരു തസ്തികയുടെ യോഗ്യത അനുസരിച്ചുള്ള നിയമനരീതിയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടശേഷം ഉയർന്ന യോഗ്യതയുണ്ട് എന്നതിനാൽ തസ്തിക അതനുസരിച്ച് അപ്ഗ്രേഡ് ചെയ്യണമെന്ന വാദം യുക്തിസഹമല്ല. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ താഴ്ന്ന തസ്തികകളിൽ നിയമിക്കപ്പെടുന്നത് സർക്കാർ സർവ്വീസിന്റെ സ്വാഭാവികതയാണ്. ഓരോ ജോലിക്കും സർക്കാർ സ്പഷ്ടമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചിട്ടുണ്ട് എന്നതിനാൽ വിദ്യാഭ്യാസയോഗ്യത ഉയർത്തി എന്നതുകൊണ്ട് ഒരു തസ്തികയെ ഉയർന്ന തസ്തികയാക്കി ഉയർത്തണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ ക്ലറിക്കൽ തസ്തികയ്ക്ക് തുല്യമാക്കാൻ നടപടി

263(1224) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഏകദേശം എത്ര ജീവനക്കാരാണ് ഉള്ളത്; അവരുടെ ഓരോരുത്തരുടെയും തസ്തികകളും ചുമതലകളും വിശദമാക്കാമോ;

(ബി) ഓരോ വില്ലേജിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നൊരു തസ്തിക ഉണ്ടോ; ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്;

(സി) മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നോട്ടീസ് നടത്തിപ്പിന് ഇപ്പോൾ അധികസമയം ആവശ്യമില്ലാത്ത സാഹചര്യത്തിൽ വി.എഫ്.എ.-മാരെ കൂടി വില്ലേജ് ഓഫീസിലെ മറ്റു ജോലികളിൽ ഉൾപ്പെടുത്തുന്നതിന് നിയമം ഭേദഗതി ചെയ്ത് ക്ലറിക്കൽ തസ്തികയ്ക്ക് തുല്യമാക്കാനും അതിനനുസരിച്ചുള്ള ജോലികൾ ചെയ്യുന്നതിന് ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 1664 വില്ലേജുകളിലായി വില്ലേജ് ഓഫീസർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ/കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളിലായി ഏകദേശം 9300 ജീവനക്കാർ ജോലി ചെയ്യുന്നു. വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ തസ്തിക അടിസ്ഥാനത്തിലുള്ള പ്രധാന ചുമതലകൾ താഴെ വിവരിക്കുന്നു.

<u>വില്ലേജ് ഓഫീസർ</u>

1. ഭൂമിയിന്മേൽ ചുമത്തപ്പെട്ട നികുതികളായ അടിസ്ഥാന ഭൂനികുതി, ആഡംബര നികുതി, കെട്ടിട നികുതി തുടങ്ങിയ ലാൻഡ് റവന്യൂ വകുപ്പ് ചുമത്തുന്ന എല്ലാവിധ നികുതികളും, കരങ്ങളും, വരികളും സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായ മറ്റ് തുകകളും യഥാസമയം പിരിക്കുക.

2. തഹസിൽദാരുടെ നിർദ്ദേശാനുസരണം റവന്യൂ റിക്കവറി നിയമമനുസരിച്ച് വസൂലാക്കേണ്ടതായ കുടിശ്ശികകളും മറ്റ് തുകകളും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഈടാക്കുക.

3. ജപ്തി ചെയ്ത ജംഗമങ്ങൾ വിൽക്കുന്നതുവരെ നാശനഷ്ടങ്ങളില്ലാതെ സൂക്ഷിക്കുകയും ജപ്തി ചെയ്ത വകയിലോ അല്ലാതെയോ മേലാദായ മെടുക്കുന്നതും അല്ലാത്തതുമായ സ്ഥാവരവസ്തുക്കൾ കാര്യക്ഷമമായി സംരക്ഷിക്കുകയും ചെയ്യുക.

4. നികുതിദായകരിൽ നിന്നും കുടിശ്ശികക്കാരിൽ നിന്നും പിരിച്ചെ ടുക്കുന്ന തുകകൾ നടപടിക്രമങ്ങൾ പാലിച്ച് യഥാസമയം സർക്കാർ ഖജനാവിൽ അടയ്ക്കുക.

5. സർക്കാർ വക ഭൂമികളിൽ അനധികൃത പ്രവേശനമുണ്ടാകാതെ സൂക്ഷിക്കുകയും കയ്യേറ്റമുണ്ടായാൽ വിവരം യഥാസമയം ബന്ധപ്പെട്ട അധികാരിക്ക് റിപ്പോർട്ട് ചെയ്ത് അദ്ദേഹത്തിന്റെ നിർദ്ദേശാ നുസരണം കയ്യേറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

6. ഭൂസംരക്ഷണം, ഭൂമി പതിവ്, ഭൂമി ഏറ്റെടുക്കൽ, ഭൂമി വിട്ടൊഴിയൽ, ജമമാറ്റം(പോക്കുവരവ്) അന്യം നിൽപ്പ്, റവന്യൂ റിക്കവറി, ഭൂവിനിയോഗം, നെൽവയൽ-തണ്ണീർത്തട സംരക്ഷണം എന്നീ

റവന്യൂ കേസ്സുകളിൽ സ്ഥലപരിശോധനകളും അന്വേഷണങ്ങളും നടത്തി സ്കെച്ചും മഹസ്സറും തയ്യാറാക്കി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുക.

7. വില്ലേജ് അതിർത്തിയിലെയും സർക്കാർ ഭൂമികളിലെയും സർവ്വേ അതിരടയാളങ്ങൾ സംരക്ഷിക്കുകയും ഭൂമിയെ സംബന്ധിച്ചുള്ള എല്ലാ റിക്കാർഡുകളും കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക.

8. സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ് തയ്യാറാക്കുന്ന പ്രതിമാസ മുതൽ-പിരിവ്-ബാക്കി പത്രികകൾ ബന്ധപ്പെട്ട നാൾവഴി, രസീത് ബുക്കുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവയുമായി വേണ്ടുംവിധം ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി യഥാസമയം താലൂക്കാഫീസിൽ എത്തിക്കുക.

9. മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ട എല്ലാ റിപ്പോർട്ടുകളും ആനുകാലികങ്ങളും കൃത്യസമയത്ത് അയയ്ക്കുക.

10. സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തയ്യാറാക്കുന്ന എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളും യഥാസമയം പരിശോധിക്കുകയും ആണ്ടുതോറും ജമാബന്തിക്ക് മുമ്പായി 'വാർഷിക ലാൻഡ് റവന്യൂ അക്കൗണ്ട് (തവണ മുടക്കം) എഴുതി പൂർത്തിയാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളുമായി ഒത്തുനോക്കി പരിശോധനയ്ക്കായി മേയ് മാസം 15-ാം തീയതിക്ക് മുമ്പായി തയ്യാറാക്കിവയ്ക്കുകയും ചെയ്യുക.

11. വില്ലേജ് ഭരണത്തിന് ലഭ്യമാക്കിയിട്ടുള്ള എല്ലാവിധ അക്കൗണ്ടുകളുടെയും രജിസ്റ്ററുകളുടെയും ലഡ്ജറുകളുടെയും രേഖകളുടെയും സ്കെച്ചുകളുടെയും മാപ്പുകളുടെയും ഫർണിച്ചറുകളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മറ്റുപകരണങ്ങളുടെയും കസ്റ്റോഡിയൻ എന്ന നിലയിൽ അവയെല്ലാം ശരിയായും ഭംഗിയായും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.

12. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുക.

13. റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കേണ്ടതായ വിവിധ സാക്ഷ്യപത്രങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി തങ്ങളെ അധികാരപ്പെടുത്തിയിട്ടുള്ള

സാക്ഷ്യപത്രങ്ങൾ യഥാസമയം അനുവദിക്കുകയും നിരസിക്കേണ്ട കേസ്സുകളിൽ വിവരം അപേക്ഷകനെ അറിയിക്കുകയും തഹസിൽദാർ അനുവദിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സംഗതിയിൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക.

14. സെൻസസ്, ഇലക്ഷൻ എന്നിവ സംബന്ധിച്ച് മേലധികാരികൾ നിർദ്ദേശിക്കുന്ന എല്ലാ ജോലികളും കൃത്യമായും സൂക്ഷമമായും നിർവ്വഹിക്കുക.

15. ദേശീയ സമ്പാദ്യ പദ്ധതി വിജയപ്രദമാക്കാൻ ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

16. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, അഗ്നിബാധ തുടങ്ങിയ ദുരന്തങ്ങൾ/അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ വിവരം ഉടനടി തഹസിൽദാരെയും ജില്ലാ കളക്ടറെയും അറിയിക്കുകയും അവരുടെ നിർദ്ദേശാനുസരണം അനുയോജ്യമായ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

17. വില്ലേജുതല ജനകീയ സമിതികൾ യഥാസമയം വിളിച്ചു ചേർക്കുകയും യോഗ തീരുമാനങ്ങൾ നിയമാനുസൃതം നടപ്പിലാക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

18. ഇ-ഡിസ്ട്രിക്, ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ) എന്നീ ഓൺലൈൻ സംവിധാനങ്ങളിൽ രേഖകൾ/ സാക്ഷ്യപത്രങ്ങൾ അംഗീകരിക്കുകയും ഇ-പേമെന്റ് സംവിധാനത്തിൽ ചെല്ലാനുകൾ തയ്യാറാക്കുകയും ചെയ്യുക.

19. ലാൻഡ് റവന്യൂ രജിസ്റ്ററുകളും അക്കൗണ്ടുകളും തയ്യാറാക്കുക, മുതൽ-പിരിവ്-ബാക്കി പത്രികകൾ തയ്യാറാക്കുക, ഫീൽഡ് ജോലികൾ നിർവ്വഹിക്കുക എന്നിവയിൽ വില്ലേജ് അസിസ്റ്റന്റ്, സ്പെഷ്യൽ വില്ലേജ് ആഫീസർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് അനുയോജ്യമായ രീതിയിൽ ജോലികൾ വീതിച്ചു നൽകുക.

20. കളക്ടറേറ്റ് പരിശോധനാ വിഭാഗം, താലൂക്ക് പരിശോധനാ വിഭാഗം, ജമാബന്തി ഓഫീസർ, നിയമപരമായി അധികാരപ്പെടുത്തപ്പെട്ട മറ്റ് പരിശോധന ഉദ്യോഗസ്ഥർ എന്നിവർ തയ്യാറാക്കി നൽകുന്ന പരിശോധനക്കുറിപ്പുകൾക്ക് ഉടനടി ന്യൂനതാപരിഹാര മറുപടികൾ തയ്യാറാക്കി നൽകുക.

<u>വില്ലേജ് അസിസ്റ്റന്റ്/സ്പെഷ്യൽ വില്ലേജ് ആഫീസർ</u>

1. നികുതി പിരിവ്, കുടിശ്ശിക ഈടാക്കൽ എന്നിവയിൽ വില്ലേജ് ഓഫീസറെ സഹായിക്കുകയും തുകകൾ ഈടാക്കി രസീത് നൽകുകയും ചെയ്യുക.

2. വ്യക്തമായി അധികാരപ്പെടുത്തിയിട്ടുള്ളപക്ഷം ജംഗമവസ്തുക്കൾ ജപ്തി ചെയ്യുക.

3. പ്രതിമാസ മുതൽ-പിരിവ്-ബാക്കി പത്രികകൾ ഓൺലൈനായോ അല്ലാതെയോ തയ്യാറാക്കുക.

4. മേലുദ്യോഗസ്ഥർക്ക് അയയ്ക്കേണ്ട റിപ്പോർട്ടുകളും ആനുകാലി കങ്ങളും തയ്യാറാക്കുക.

5. വില്ലേജ് ഓഫീസിലെ റിക്കാർഡുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുകയും നശിപ്പിക്കാൻ കാലമായ റിക്കാർഡുകളുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

6. പുറമ്പോക്കുകൾ പരിശോധിക്കുകയും സർവ്വേ ചെയ്യുകയും അവയിൽ പ്രവേശനങ്ങൾ കാണുന്നപക്ഷം 'എ' ഫോറം റിപ്പോർട്ട്/ 'എ.എ' ഫോറം റിപ്പോർട്ട്, സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുകയും ചെയ്യുക.

7. പുറമ്പോക്ക് ഭൂമികളുടെ അതിർത്തിക്കല്ലുകൾ പരിശോധിക്കുകയും അവയിൽ ഏതെങ്കിലും പുതുക്കുകയോ കേടുപാട് തീർക്കുകയോ ചെയ്യാനുണ്ടെങ്കിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

8. ഭൂമി പതിവ്, ഭൂസംരക്ഷണം, ജമമാറ്റം (പോക്കുവരവ്) ഭൂമി ഏറ്റെടുക്കൽ, ഭൂമിയുടെ പരിവർത്തനം/രൂപാന്തരം തുടങ്ങിയ റവന്യൂ കേസ്സുകളെ സംബന്ധിച്ച മഹസറുകളും റിക്കാർഡുകളും തയ്യാറാക്കുക.

9. ഇ-ഡിസ്ട്രിക്റ്റ്, റവന്യൂ റിക്കവറി ഓൺലൈൻ, ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ) തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളിൽ സൂക്ഷ്മ പരിശോധന (Scrutiny) പ്രോസസിംഗ്, വെരിഫിക്കേഷൻ കൂടാതെ റവന്യൂ ഇ-പേമെന്റ് സംവിധാനത്തിൽ യഥാസമയം അക്കൗണ്ട് ക്ലോസ് ചെയ്യൽ എന്നീ ജോലികൾ നിർവ്വഹിക്കുക.

10. എല്ലാവിധ എഴുത്തുകുത്ത് ജോലികളിലും വില്ലേജ് ഓഫീസറെ സഹായിക്കുകയും വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവ്വഹിക്കുകയും ചെയ്യുക.

11. വില്ലേജ് ഓഫീസിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ, ഹർജികൾ, നിവേദനങ്ങൾ എന്നിവയ്ക്കെല്ലാം നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രസീത് നൽകുക.

വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്

1. വില്ലേജിൽ പിരിയുന്ന തുകകൾ സർക്കാർ ഖജനാവിൽ ഒടുക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.

2. നികുതിദായകരുടെയോ കുടിശ്ശികക്കാരുടെയോ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റെല്ലാവിധ നോട്ടീസുകളും യഥാവിധി നടത്തുക.

3. നികുതിദായകരിൽ നിന്നും നികുതിയിനത്തിലുള്ള തുകകൾ ഓൺലൈനായോ അല്ലാതെയോ സ്വീകരിച്ച് രസീത് നൽകുകയും വിവരം ബന്ധപ്പെട്ട അക്കൗണ്ടിലോ ലഡ്ജറിലോ ചേർക്കുകയും ചെയ്യുക.

4. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഫീൽഡ് ജോലികൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവ്വഹിക്കുക.

പാർട്ട് ടൈം സ്വീപ്പർ/കാഷ്വൽ സ്വീപ്പർ വില്ലേജാഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുക. എല്ലാ വില്ലേജിലും ഫീൽഡ് ജോലിക്കായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന തസ്തിക നിലവിലുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. വില്ലേജിൽ പിരിയുന്ന തുകകൾ സർക്കാർ ഖജനാവിൽ ഒടുക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.

2. നികുതിദായകരുടെയോ കുടിശ്ശികക്കാരുടെയോ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റെല്ലാവിധ നോട്ടീസുകളും യഥാവിധി നടത്തുക.

3. നികുതിദായകരിൽ നിന്നും നികുതിയിനത്തിലുള്ള തുകകൾ ഓൺലൈനായോ അല്ലാതെയോ സ്വീകരിച്ച് രസീത് നൽകുകയും വിവരം ബന്ധപ്പെട്ട അക്കൗണ്ടിലോ ലഡ്ജറിലോ ചേർക്കുകയും ചെയ്യുക.

4. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഫീൽഡ് ജോലികൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവ്വഹിക്കുക.

(സി) 50% വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി മാറ്റുന്നതിനും ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട് ലഭിക്കുന്ന ക്ലെറിക്കൽ തസ്തിക ഉപയോഗപ്പെടുത്തി ഫ്രണ്ട് ഓഫീസ് സംവിധാനം വില്ലേജ് ഓഫീസുകളിൽ ഏർപ്പെടുത്തുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പള്ളുരുത്തി സബ് ട്രഷറി നിർമ്മാണം**

264(1225) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുള്ള പള്ളുരുത്തി സബ് ട്രഷറി നിർമ്മാണത്തിന് കൊച്ചി താലൂക്കിലെ പള്ളുരുത്തി വില്ലേജ് സർവ്വേ 616/2, 616/10 എന്നിവയിൽപ്പെട്ട 5.500 സെന്റ് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊച്ചി തഹസിൽദാർ സമർപ്പിച്ച (S3-6211/2018 തീയതി 26-10-2019) റിപ്പോർട്ടിൽ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പള്ളുരുത്തി സബ്ട്രഷറി നിർമ്മാണത്തിന് കൊച്ചി താലൂക്കിലെ പള്ളുരുത്തി വില്ലേജ് സർവ്വേ 616/2, 616/10 എന്നിവയിൽപ്പെട്ട 5.500 സെന്റ് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് കൊച്ചി തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി ഭൂമി വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ ഉൾപ്പെട്ടുവരുന്നതിനാൽ ഭൂമി കൈമാറ്റ അപേക്ഷയിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറോട് ജില്ലാകളക്ടർ സ്പഷ്ടീകരണം ആരായുകയും വില്ലേജ് ഓഫീസ് കോമ്പൗണ്ടിലെ ഭൂമി പതിച്ച് നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്യരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ ട്രഷറി നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്രഷറി നിർമ്മാണത്തിന് അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

265(1226) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷന്റെ 1-ാം ഡിവിഷനിൽപ്പെട്ട രാമൻ തുരുത്തിൽ (വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന് സമീപം) 150 വർഷത്തിലേറെയായി താമസിക്കുന്ന 5 കുടുംബങ്ങളെ പുതുവൈപ്പ് വില്ലേജ് റീസർവ്വേ 300/1-ൽപ്പെട്ട 50 സെന്റ് ഭൂമിയിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് മാറിതാമസിക്കുന്നതിനുള്ള ഭൂമി നല്കുന്നതോടൊപ്പം ഭവന നിർമ്മാണത്തിനുള്ള സഹായം കൂടി സർക്കാർ നൽകുമോ?

### ഉത്തരം

(എ) കൊച്ചിൻ കോർപ്പറേഷന്റെ 1-ാം ഡിവിഷനിൽപ്പെട്ട രാമൻ തുരുത്തിലെ കൈവശക്കാരായ 5 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളതും ആയത് നടപടിയിലുള്ളതുമാണ്. ടി 5 കുടുംബങ്ങളും രാമൻ തുരുത്തിൽ പല ഭാഗങ്ങളിലായി താമസിച്ചുവരുന്നു. ടി അപേക്ഷകരെ പുതുവൈപ്പ് വില്ലേജ് റീസർവ്വേ 300/1-ൽപ്പെട്ട ഭൂമിയിലേക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലപരിശോധന റിപ്പോർട്ട് സഹിതം ടി കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനാവശ്യമായ ശിപാർശ ഉടനടി സമർപ്പിക്കുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ വിശദമായ പരിശോധനയ്ക്കുശേഷമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## റീ-ബിൽഡ് കേരളയിൽ വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം

266(1227) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകൾ പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ താഴെപ്പറയുന്ന വില്ലേജാഫീസുകളെ ഒന്നാം ഘട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മുതുമല
2. മരുതറോഡ്
3. അലനല്ലൂർ-2
4. വല്ലങ്ങി
5. നെല്ലിയാമ്പതി

താഴെപ്പറയുന്ന വില്ലേജാഫീസുകളെ 2-ാം ഘട്ട പട്ടികയിലുൾപ്പെടുത്തി ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

1. വടക്കാഞ്ചേരി-2
2. കണ്ണമ്പ്ര
3. കുത്തന്നൂർ-1
4. കാവശ്ശേരി-1
5. എരിമയൂർ-1
6. തരൂർ-1
7. തരൂർ-2
8. വണ്ടാഴി-2
9. കുഴൽമന്ദം-1
10. തേങ്കുറിശ്ശി-2
11. മേലാർകോട്
12. മംഗലം ഡാം
13. തൃക്കടീരി-1
14. ഒറ്റപ്പാലം- 2

15. നെല്ലായ
16. പൂക്കോട്ടുകാവ്
17. കടമ്പഴിപ്പുറം-1
18. കടമ്പഴിപ്പുറം -2
19. ലക്കിടി പേരൂർ-1
20. വാണിയകുളം -1
21. പുതുശ്ശേരി ഈസ്റ്റ്
22. പാലക്കാട്-2
23. അലനല്ലൂർ-1
24. അലനല്ലൂർ-3
25. പയ്യനെടം
26. മണ്ണാർക്കാട് - 2
27. കള്ളമല
28. കോട്ടോപ്പാടം-1
29. കോഴിപ്പതി
30. അയിലൂർ
31. ഒഴലപ്പതി
32. തത്തമംഗലം
33. കൊല്ലങ്കോട്-1
34. നെന്മാറ

**വയനാട് ജില്ലയിലെ കരിങ്കൽ ക്വാറികൾ**

267(1228) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചിരുന്നു;വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) 2016-2019 വർഷങ്ങളിൽ വയനാട് ജില്ലയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്;എവിടെയെല്ലാമാണ് ക്വാറികൾ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2011-16 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ 1242 ക്വാറികൾ പ്രവർത്തിച്ചിരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | ക്വാറിയിങ്ങ് പെർമിറ്റ് (CRPS) | ഷോർട്ട് ടേം ക്വാറിയിങ്ങ് പെർമിറ്റ് | ക്വാറിയിങ്ങ് ലീസ് |
|---|---|---|---|
| 2011 | 84 | 224 | |
| 2012 | 59 | 291 | |
| 2013 | 92 | 121 | 15 |
| 2014 | 31 | 175 | |
| 2015 | 62 | 30 | |
| 2016 | 57 | 1 | |
| ആകെ | 385 | 842 | 15 |

മൊത്തം എണ്ണം- 1242

(ബി) 2016-19 കാലയളവിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ വിശദവിവരങ്ങൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിലെ റവന്യൂ പുറമ്പോക്ക്**

268(1229) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിലെ റവന്യൂ പുറമ്പോക്ക് സംബന്ധിച്ച വ്യക്തമായ കണക്ക് റവന്യൂ വകുപ്പിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഉണ്ട്. പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിൽ 19.46 ഹെക്ടർ റവന്യൂ പുറമ്പോക്ക് കൈവശത്തിലുണ്ട്.

## കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറ്റം

269(1230) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി കൈമാറുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി വില്ലേജിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ആഭ്യന്തരവകുപ്പ് ആവശ്യപ്പെട്ടിട്ടില്ല. ടി വില്ലേജിൽപ്പെട്ട ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 584/4 ൽപ്പെട്ട 59.45 ആർസ് സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് ജില്ലാ ജഡ്ജി റിക്വിസിഷൻ നൽകിയിട്ടുള്ളതാണ്.

(ബി) ജില്ലാ ജഡ്ജി ഹാജരാക്കിയ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ ഭൂമി കൈമാറ്റ റിക്കാർഡുകൾ തയ്യാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ജലവിഭവ വകുപ്പിന്റെ NOC (നിരാക്ഷേപപത്രം) ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് മാത്രമേ സ്ഥലം കൈമാറുന്ന കാര്യം പരിശോധിക്കാനാകുകയുള്ളൂ.

## റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ രേഖകളുടെ പരിഷ്കരണം

270(1231) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ, റവന്യൂ രേഖകളിൽ ഭൂപടം യോജിപ്പിക്കുന്ന തരത്തിൽ റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ രേഖകൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പിലാക്കുക വഴി പൊതുജനങ്ങൾക്കും സർക്കാരിനും എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാകുകയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് പ്രധാനമായും ഭൂമി സംബന്ധമായ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരുന്നത്. റവന്യൂ ഭരണത്തിന്റെ ഭാഗമായി RELIS എന്ന ഓൺലൈൻ സോഫ്റ്റ്‌വെയറും ഭൂമി രജിസ്ട്രേഷൻ ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി PEARL എന്ന ഓൺലൈൻ ചെയ്യുന്ന സോഫ്റ്റ്‌വെയറുമാണ് നിലവിൽ ഉപേയാഗിച്ചുവരുന്നത്. ഈ രണ്ട് സോഫ്റ്റ്‌വെയറുകളും NIC തയ്യാറാക്കിയിട്ടുള്ളതും ഇത് മുഖാന്തരം ഓൺലൈൻ സേവനം നൽകിവരുന്നതുമാണ്. നിലവിൽ മാപ്പുകൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ഇല്ലാത്തതാണ്. ഇതിലേയ്ക്കായി NIC-യുടെ ഭൂനക്ഷ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടി സോഫ്റ്റ്‌വെയർ ഉപയോഗപ്രദമാംവിധം പരിഷ്കരിക്കുന്നതിന് NIC-യുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി വരുന്നതും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. ഇത് പ്രാവർത്തികമാകുന്നതിലൂടെ മാപ്പുകൾകൂടി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്.

(ബി) മാപ്പുകൾകൂടി ഓൺലൈൻ സംവിധാനത്തിൽ സാധ്യമാകുന്നതിലൂടെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് മാപ്പുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ മുഖാന്തരം നിർവ്വഹിക്കാൻ സാധിക്കുന്നതും ഓൺലൈൻ സംവിധാനത്തിലൂടെ

മാപ്പുകൾ നാളതീകരിച്ച് പരിപാലിച്ച് ഭൂമി സംബന്ധമായ അപേക്ഷകളിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നതുമാണ്. ഡിജിറ്റൽ രീതിയിൽ മാപ്പുകൾ പരിപാലിക്കുന്നതിനാൽ മാപ്പുകൾ നശിക്കാതെ സംരക്ഷിക്കാൻ സാധിക്കുന്നതും പൊതുജനങ്ങളുടെ വിവിധ ആവശ്യത്തിലേയ്ക്കായി അവരുടെ ഭൂമി സംബന്ധമായ മാപ്പുകൾ ഓഫീസുകൾ സന്ദർശിക്കാതെ ഓൺലൈനായി ലഭ്യമാക്കുന്നതിന് സാധിക്കും.

**സർവ്വേ വേഗത്തിലാക്കുന്നതിന് നടപടി**

271(1232) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനായി കണ്ടിന്യൂസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) റീ സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) റീ സർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ ദ്രുതഗതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനായി കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS Network) സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതിക്കായി 21-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3854/19/റവ. ഉത്തരവ് പ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CORS നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വേ ഓഫ് ഇന്ത്യ തുടങ്ങിയ ഏജൻസികളുമായി ചർച്ച ചെയ്ത് പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) റീസർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി 10-2-2018-ലെ സ.ഉ.(എം.എസ്.) 181/2018/റവന്യൂ നമ്പർ പ്രകാരം സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. സംസ്ഥാനത്ത്

ആധുനിക സാങ്കേതികവിദ്യയായ CORS Network സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സർവ്വേ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർവ്വേയും ഭൂരേഖയും വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) 26-8-2017-ലെ സ.ഉ(എം.എസ്.)303/2017/റവന്യൂ പ്രകാരം റീ സർവ്വേയുമായി ബന്ധപ്പെട്ട് പരാതികൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസിലെ ഭൂരേഖ തഹസിൽദാർ മുഖേന പരിഹരിച്ചുവരുന്നു. ഇതിലേയ്ക്കായി താലൂക്ക് ഓഫീസുകളിൽ ലാവണമുള്ള സർവ്വേ ജീവനക്കാർ അപര്യാപ്തമായതിനാൽ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിലേയ്ക്കായി കൂടുതൽ സർവ്വേ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നൽകിവരുന്നു.

## റീ സർവ്വേ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം

272(1233) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര വില്ലേജുകളിലെ റീ സർവ്വേ പൂർത്തിയാക്കി രേഖകൾ കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ള വില്ലേജുകളെ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങളുമായി സംയോജിപ്പിക്കുവാനും അതുവഴി പൊതുജനങ്ങൾക്ക് സർവ്വേ മാപ്പ് ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ റീ സർവ്വേ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി വില്ലേജ്-പഞ്ചായത്തുതലങ്ങളിൽ ജനപ്രതിനിധികളെയും റസിഡന്റ്സ് അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും കൂടാതെ റീ സർവ്വേ സംബന്ധിച്ച വിവിധ ഘട്ടങ്ങളിൽ കേരള സർവ്വേയും അതിരടയാളവും ചട്ടം 6(1), 9(2), 13 എന്നിവപ്രകാരം വിവിധ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുകയും ചെയ്ത് റീസർവ്വേ പ്രവർത്തനത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളാണ് പ്രധാനമായും ഭൂമി സംബന്ധമായ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരുന്നത്. റവന്യൂ ഭരണത്തിന്റെ ഭാഗമായി RELIS എന്ന സോഫ്റ്റ്‌വെയറും വസ്തുക്കൾ രജിസ്ട്രേഷൻ ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി PEARL എന്ന സോഫ്റ്റ്‌വെയറുമാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഈ രണ്ട് സോഫ്റ്റ്‌വെയറുകളും NIC തയ്യാറാക്കിയിട്ടുള്ളതും ഇവ തമ്മിൽ ബന്ധിപ്പിച്ചിട്ടുള്ളതുമാണ്. ഇതോടൊപ്പം NIC തന്നെ തയ്യാറാക്കിയിട്ടുള്ള 'ഭൂനക്ഷ' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സർവ്വേ മാപ്പുകളെ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനവുമായി സംയോജിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി പ്രസ്തുത സോഫ്റ്റ്‌വെയർ വകുപ്പിനനുയോജ്യമായ രീതിയിൽ കസ്റ്റമൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് NIC യുമായി പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു. ഇത് സാധ്യമാകുന്നതിലൂടെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് മാപ്പുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ മുഖാന്തരം നിർവ്വഹിക്കുവാൻ സാധിക്കുന്നതും ഭൂമി സംബന്ധമായ ആവശ്യങ്ങൾ വളരെ വേഗത്തിൽ നിറവേറ്റാൻ സാധിക്കുന്നതുമാണ്.

## പീരുമേട് മണ്ഡലത്തിലെ റീസർവ്വേ നടപടികൾ

273(1234) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജകമണ്ഡലത്തിൽ റീസർവ്വേ നടപടികൾ ഏതൊക്കെ വില്ലേജുകളിലാണ് നടന്നുവരുന്നത്; ആയതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

പീരുമേട് നിയോജകമണ്ഡലത്തിലെ പീരുമേട്, ഏലപ്പാറ എന്നീ വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. പീരുമേട് വില്ലേജിൽ ആകെയുള്ള 5508.75 ഹെക്ടർ വിസ്തീർണ്ണത്തിൽ 3805.085 ഹെക്ടർ വിസ്തീർണ്ണവും ഏലപ്പാറ വില്ലേജിന്റെ ആകെയുള്ള 7765.2605 ഹെക്ടർ വിസ്തീർണ്ണത്തിൽ 1812.461 ഹെക്ടർ വിസ്തീർണ്ണവും ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഫീൽഡ് ജോലികൾ പുരോഗമിക്കുന്നു. സർവ്വേ അതിരടയാള നിയമം സെക്ഷൻ 13 പ്രസിദ്ധീകരിച്ച ഉപ്പുതറ വില്ലേജിന്റെ ആകെയുള്ള 6 ബ്ലോക്കുകളിൽ ബ്ലോക്ക് നമ്പർ 8 ന്റെ 1 മുതൽ 499 വരെയുള്ള സർവ്വേ നമ്പരുകളുടെ ആഫീസ് ജോലികൾ പുരോഗതിയിലുമാണ്.

## വട്ടിയൂർക്കാവ് നിയമസഭാമണ്ഡലത്തിലെ റീസർവ്വേ നടപടികൾ

274(1235) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) വട്ടിയൂർക്കാവ് വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി രേഖകൾ വില്ലേജ് ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് രേഖകൾ എന്ന് വട്ടിയൂർക്കാവ് വില്ലേജ് ഓഫീസിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ആകെയുള്ള ഏഴ് വില്ലേജുകളിലും റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കുടപ്പനക്കുന്ന്, പേരൂർക്കട, കവടിയാർ, ശാസ്തമംഗലം, വഞ്ചിയൂർ, പട്ടം എന്നീ 6 വില്ലേജുകളിലെയും റീസർവ്വേ റിക്കാർഡുകൾ പൂർണ്ണമായും വട്ടിയൂർക്കാവ് വില്ലേജിലെ ടൗൺ ഭാഗം ഉൾപ്പെട്ടുവരുന്ന 1 മുതൽ 80 വരെയുള്ള ബ്ലോക്കുകളുടെ റെക്കാർഡുകളും പൂർണ്ണമായും റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി&സി) വട്ടിയൂർക്കാവ് വില്ലേജിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുവാൻ തടസ്സങ്ങളൊന്നും നിലവിലില്ല. വട്ടിയൂർക്കാവ് വില്ലേജിലെ ടൗൺ ഭാഗം ഉൾപ്പെട്ടുവരുന്ന 1 മുതൽ 80 വരെയുള്ള ബ്ലോക്കുകളുടെ രേഖകൾ തയ്യാറാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് ഏര്യയിലെ 1 മുതൽ 272 വരെയുള്ള സർവ്വേ നമ്പരുകളുടെ റീസർവ്വേ നടപടികൾ എൽ.ആർ.എം. ക്യാമ്പ്, കവടിയാർ മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. 31-3-2020-ന് മുമ്പായി റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ തരിശുഭൂമി പോക്കുവരവ് ചെയ്ത് പട്ടയം നൽകിയത് സംബന്ധിച്ച്

275(1236) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പള്ളിവാസൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ മൂന്ന് റിസോർട്ടുകളുടെ ഭൂമി, ലാൻഡ് റജിസ്റ്ററിൽ പാറക്കെട്ടുകൾ നിറഞ്ഞ സർക്കാർ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടും പോക്കുവരവ് ചെയ്തു പട്ടയം നൽകിയത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ ഭൂമിക്ക് പട്ടയം നൽകാൻ കഴിയില്ലെന്നും നിയമവിരുദ്ധമായ പട്ടയ അദാലത്തിലാണ് ഈ പട്ടയങ്ങൾ പോക്കുവരവ് ചെയ്തതെന്നും മുൻ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പള്ളിവാസൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 15-ൽ തണ്ടപ്പേർ റദ്ദാക്കിയ ഭൂമിയിൽ സ്ഥിതിചെയ്യുന്ന റിസോർട്ടുകൾ ഉടമകൾക്ക് തന്നെ പാട്ടത്തിന് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ, കൊട്ടക്കമ്പൂർ മേഖലകളിലെ വ്യാജപട്ടയങ്ങൾ കണ്ടെത്തി റദ്ദ് ചെയ്യുന്നതിന് പകരം പട്ടയവ്യവസ്ഥകൾ ലംഘിച്ചതിന് തണ്ടപ്പേർ റദ്ദ് ചെയ്യുന്നത് കയ്യേറ്റ ലോബിക്ക് സഹായകരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി പള്ളിവാസൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ ഉൾപ്പെട്ട ഭൂമിയിൽ പട്ടയം അനുവദിച്ചിട്ടുള്ളത് 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരമാണ്. പ്രസ്തുത ബ്ലോക്ക് 15-ൽ റീസർവ്വേ 1/1 ൽ ഉൾപ്പെട്ട ഭൂമി BTR ൽ 'സർക്കാർ തരിശ്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി വസ്തു സർക്കാർ, പാറ, പാറക്കെട്ട് എന്നിവയിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. ടി വസ്തുവിന്റെ റീസർവ്വേ നടപടികൾ സർവ്വേ അദാലത്ത് വഴിയാണ് ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത ഭൂമിക്ക് പട്ടയം നല്കാൻ കഴിയില്ലെന്നും നിയമവിരുദ്ധമായ പട്ടയ അദാലത്തിലാണ് ഈ പട്ടയങ്ങൾ പോക്കുവരവ് ചെയ്തതെന്നും മുൻ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പള്ളിവാസൽ വില്ലേജിലെ തണ്ടപ്പേര് റദ്ദ് ചെയ്ത കേസ്സുകളിലെ റിസോർട്ട് ഉടമകളിൽ ഒരാളായ ശ്രീ. ശിശുപാലൻ 22-8-2019-ലെ സ.ഉ. (എം.എസ്.) 269/2019/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കണമെന്ന് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. പട്ടയവ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള സ്ഥലത്തെ നിർമ്മിതികൾ ഉൾപ്പെടുന്ന സ്ഥലം പാട്ടത്തിന് അപേക്ഷകന് അനുവദിക്കാമോയെന്നതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും വിശദാംശങ്ങൾ തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസൃതം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഒരിക്കൽ പതിച്ചു നൽകിയിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകളുടെ ലംഘനം നടത്തിയാലോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് തികച്ചും അനുചിതമാണെന്നോ അല്ലെങ്കിൽ വസ്തുതാ പരമായ പിശകു കാരണമായോ അല്ലെങ്കിൽ തെറ്റിദ്ധാരണയുടെ ഫലമായോ അല്ലെങ്കിൽ പതിച്ചുനൽകൽ അധികാരകേന്ദ്രം അതിന്റെ അധികാരപരിധി ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ളതാണെന്നോ അല്ലെങ്കിൽ നടപടികളിൽ ക്രമക്കേ ടുള്ളതായോ കണ്ടെത്തുന്നപക്ഷം 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 8(3) പ്രകാരം പട്ടയം റദ്ദ് ചെയ്യാവുന്നതും അത്തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ ഉചിതമായ റദ്ദ് ചെയ്യൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. പ്രാഥമിക നടപടിയെന്ന നിലയിലാണ് തണ്ടപ്പേർ അക്കൗണ്ടുകൾ റദ്ദ് ചെയ്തിട്ടുള്ളത്.

### സർക്കാരിന് കൈമാറിയ ഭൂമി

276(1237) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് വീടുവച്ച് നൽകുവാൻ വ്യക്തികൾ/സംഘടനകൾ സർക്കാരിലേക്ക് സൗജന്യമായി എത്ര ഏക്കർ ഭൂമിയാണ് കൈമാറിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭൂമിയിൽ ഇതിനകം എത്ര പേർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ച് നൽകി; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

### സർക്കാരിലേക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമം

277(1238) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്ക് വീട് വച്ചു നൽകുന്നതിന് സൗജന്യമായി സ്ഥലം വിട്ടു നൽകുന്നതിന് സംഘടനകളും വ്യക്തികളും മുന്നോട്ട് വന്നിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം സർക്കാരിലേക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) 2018 ആഗസ്റ്റിന് ശേഷം ഓരോ ജില്ലയിലും സംഘടനകൾ/വ്യക്തികൾ കൈമാറിയ ഭൂമി സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

278(1239) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ വന്നതിനുശേഷം മുരടിക്കുന്നു എന്ന പരാതി പരിശോധിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികളാണ് ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാർ നടപ്പിലാക്കി വന്നിരുന്ന ഏതെല്ലാം ഭവന പദ്ധതികൾ പൂർത്തീകരിച്ചു; ഇനി പൂർത്തീകരിക്കാനുള്ളത് ഏതെല്ലാം; ഇവയുടെ ഇപ്പോഴത്തെ പുരോഗതി അറിയിക്കാമോ;

(ഡി) പ്രളയ പുനർനിർമ്മാണ പദ്ധതി, ലൈഫ് പദ്ധതി എന്നിവയിൽ ബോർഡിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഭവന നിർമ്മാണ ബോർഡ് ആധുനിക സാങ്കേതിക വിദ്യ ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; പ്രീഫാബ് രീതിയിലുള്ള നിർമ്മാണം ബോർഡിന് ഏറ്റെടുക്കാനും നടപ്പിലാക്കാനും കഴിയുമോ എന്നറിയിക്കാമോ;

(എഫ്) പരീക്ഷണാർത്ഥം പുതിയ നിർമ്മാണ രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ ബോർഡ് തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. ആയതിന്റെ തുടർച്ചയായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 2020-2021 സാമ്പത്തികവർഷം ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി, EWS/LIG ഭവന പദ്ധതി, സർക്കാർ ജീവനക്കാർ/ഉന്നത ഉദ്യോഗസ്ഥർക്കുള്ള ഫ്ലാറ്റുകൾ/ ക്വാർട്ടേഴ്സുകൾ എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി (RHS) കാസർഗോഡ് ഘട്ടം IV, കടകംപള്ളി റവന്യൂ ടവർ, വെള്ളരിക്കുണ്ട് റവന്യൂ ടവർ, മട്ടന്നൂർ റവന്യൂ ടവർ, മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നീ പദ്ധതികൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നിരുന്ന എല്ലാ ഭവന പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിവന്നിരുന്നതും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പൂർത്തീകരിച്ചതുമായ 12 പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇന്നൊവേറ്റീവ് ഭവന പദ്ധതി, പൂജപ്പുര ഘട്ടം III
2. ഇന്നൊവേറ്റീവ് ഭവന പദ്ധതി, പൂജപ്പുര ഘട്ടം IV
3. എൻ.സി.സി. നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തിരുവനന്തപുരം.
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കിഴക്കേ ചാലക്കുടി, തൃശ്ശൂർ
5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കോഴിക്കോട്
7. സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി RHS (Rental Housing Scheme ) കാസർഗോഡ് ഘട്ടം III
8. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഇടപ്പള്ളി, എറണാകുളം.
9. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കട്ടപ്പന, ഇടുക്കി.
10. ഹരിപ്പാട് റവന്യൂ ടവർ, ആലപ്പുഴ
11. സാഫല്യം പദ്ധതി, ചേളന്നൂർ, കോഴിക്കോട്
12. സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി, കുട്ടനെല്ലൂർ, കോഴിക്കോട്
13. സാഫല്യം ഭവന പദ്ധതി, ചാത്തന്നൂർ, കൊല്ലം.

(ഡി) ലൈഫ് മിഷൻ പദ്ധതിയുടെ നടത്തിപ്പിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് യാതൊരു പങ്കുമില്ല. ലൈഫ് മിഷനുമായി ബന്ധപ്പെട്ട നിർമ്മാണ പദ്ധതികൾ നിലവിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ

ഏൽപ്പിച്ചിട്ടില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ ലൈഫ് മിഷന്റെ കീഴിൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വകയിരുത്തിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. പ്രളയ പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന പദ്ധതിക്കായി ബോർഡിന്റെ കൈവശം അലകുന്നത്തുള്ള 2.27 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ&എഫ്) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആധുനിക സാങ്കേതിക വിദ്യയായ പ്രീ-ഫാബ് രീതിയിലുള്ള നിർമ്മാണം നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്.

**ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്ന പദ്ധതി**

279(1240) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന ഹൗസിംഗ് ബോർഡിന്റെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇത്തരത്തിൽ വീട് നിർമ്മിച്ച് നൽകി എന്ന് അറിയിക്കാമോ;

(ബി) ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഇരട്ട വീടുകളാണ് ഇത്തരത്തിൽ ഒറ്റ വീടുകൾ ആക്കി മാറ്റിയത്; ഇനിയും ഇത്തരത്തിൽ ഒറ്റ വീടുകൾ ആക്കി മാറ്റാൻ കഴിയാത്ത എത്ര ഇരട്ട വീടുകൾ സംസ്ഥാനത്ത് ഉണ്ടെന്ന് വിശദമാക്കാമോ; ഇവ ഒറ്റ വീടുകൾ ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇവർക്ക് എന്ന് വീട് വച്ച് നൽകാനാകും എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിൽ പുതുതായി പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഗൃഹശ്രീ പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം 500 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനും ഒറ്റ വീടുകൾ നവീകരിക്കുന്നതിനുമായി ലക്ഷ്യമിട്ടിരുന്ന 18489-ൽ 12,852 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് അതായത് 30-4-2016-നകം പുനർനിർമ്മിച്ചിട്ടുണ്ട്. ബാക്കി 5637 വീടുകളാണുള്ളത്. പിന്നീട് എം.എൻ ലക്ഷം വീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6.16 കോടി രൂപയിൽ 1.50 കോടി രൂപ ബോർഡിന് 2018-ൽ ലഭ്യമായതനുസരിച്ച് കണ്ണൂർ ജില്ലയിലെ പാനൂരിൽ 25 വീടുകൾ പുനർനിർമ്മാണം നടത്തുകയുണ്ടായി.

ഒരു വീടിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കാസർഗോഡ് പുല്ലൂർ പെരിയയിൽ 8 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വീടു നിർമ്മാണത്തിന്റെ പുരോഗതിയനുസരിച്ച് നാല് ഘട്ടങ്ങളിലായാണ് ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്. 6.16 കോടി രൂപയിൽ ഇനിയും ലഭിക്കുവാനുള്ള 4.66 കോടി രൂപ കൂടി ലഭ്യമാക്കുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**മങ്കട മണ്ഡലത്തിലെ ഗൃഹശ്രീ പദ്ധതി**

280(1241) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2019-20-ൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ മങ്കടയിൽ നിന്ന് ലഭിച്ച അപേക്ഷകൾക്ക് സർക്കാർ വിഹിതം എന്നത്തേക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തുനിന്ന് 2013-19 വർഷങ്ങളിലായി 89 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 88 പേർ വീട് പണി പൂർത്തിയാക്കി എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. ഒരാൾക്ക് മൂന്ന് ഗഡുക്കൾ നൽകി. ഇനി ഒരു ഗഡു നൽകാനുണ്ട്.

(ബി&സി) 2019-20 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ 'ഗൃഹശ്രീ' പദ്ധതിയ്ക്കായി വകയിരുത്തിയ തുക അനുവദിക്കുന്നതിനായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചപ്പോൾ 'ഗൃഹശ്രീ' പദ്ധതിയിലെ ഗുണഭോക്താക്കൾ 'ലൈഫ് മിഷൻ' പദ്ധതിയിൽ ഉൾപ്പെട്ട് ഡ്യൂപ്ലിക്കേഷൻ വരുമെന്ന് തീരുമാനിച്ചതിനാൽ 'ലൈഫ് മിഷൻ' പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലൈഫ് മിഷനിൽ നിന്നും ലഭ്യമാക്കുകയും ഭവന നിർമ്മാണ ബോർഡിൽനിന്നും 'ഗൃഹശ്രീ' പദ്ധതിപ്രകാരം വീട് അനുവദിക്കുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് നമ്പർ, 'ലൈഫ് മിഷൻ' പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ പരിശോധിച്ച് ഇരട്ടിപ്പ്/ ആവർത്തനം (ഡ്യൂപ്ലിക്കേഷൻ) ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ ഭവന നിർമ്മാണ ബോർഡ് കമ്പ്യൂട്ടർ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഭരണാനുമതിക്കായുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. 2017-20 വർഷങ്ങളിലായി മങ്കട നിയോജകമണ്ഡലത്തിൽനിന്നും 75 വീടുകൾക്കായി സ്പോൺസർമാരിൽനിന്നും (വ്യക്തികൾ/സംഘടന) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണ ബോർഡ് നടത്തിയ അദാലത്ത്**

281(1242) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനനിർമ്മാണ ബോർഡ് വയനാട് ജില്ലയിൽ നടത്തിയ അദാലത്തിൽ എത്ര കോടി രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് വയനാട് ജില്ലയിൽ നടത്തിയ വായ്പാ കുടിശ്ശിക തീർപ്പാക്കൽ അദാലത്തിൽ 252 കേസ്സുകളിലായി 16,33,55,308 രൂപ (പതിനാറ് കോടി മുപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി അയ്യായിരത്തി മൂന്നൂറ്റി എട്ട് രൂപ) യുടെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

**കെട്ടിട നിർമ്മാണ ചെലവ് സൂചിക**

282 (1243) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചെലവ് സൂചിക തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണരംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ നാളിതുവരെ ഇത്തരത്തിലൊരു സൂചിക തയ്യാറാക്കുന്നതിന് ഭവനനിർമ്മാണ ബോർഡിന് കഴിയാത്തത് ശരിയായ ദിശാബോധത്തോടെയല്ല ഈ സ്ഥാപനം പ്രവർത്തിക്കുന്നത് എന്നതുകൊണ്ടാണെന്ന് കരുതുന്നുണ്ടോ;

(സി) സർക്കാരിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉൾപ്പെടെ മാർഗ്ഗ നിർദ്ദേശങ്ങളും മേൽനോട്ടവും വഹിക്കുന്ന തരത്തിലുള്ള കാര്യക്ഷമമായ ഏജൻസിയായി ഭവന നിർമ്മാണ ബോർഡിനെ മാറ്റുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെട്ടിട നിർമ്മാണ ചെലവ് സൂചിക നിലവിൽ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് തയ്യാറാക്കുന്നില്ല. 2011-2012 സാമ്പത്തിക വർഷം അടിസ്ഥാനമാക്കി കെട്ടിട നിർമ്മാണ ചെലവ് സൂചിക തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷനിൽ നിന്നും 25-11-2019-ന് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന് ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചെലവ് സൂചിക തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് DSR (Delhi Scheduled Rate) പ്രകാരം PRICE SOFTWARE വികസിപ്പിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ അതിൽ ആവശ്യമായ ഭേദഗതികളും പൊതുമരാമത്ത് വകുപ്പ് വരുത്തുന്നുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പ്രസ്തുത SOFTWARE-ന്റെ സഹായത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിരക്കുകൾ പൊതുമരാമത്ത് വകുപ്പ് ആധികാരികമായി തയ്യാറാക്കി പ്രസിദ്ധീകരിച്ച് ഭവന നിർമ്മാണ ബോർഡ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി നൽകിയിട്ടുള്ളതിനാലാണ് ബോർഡ് ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തത്.

(സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നല്കുന്ന ഭവന നിർമ്മാണ മേഖലയിലെ ഏജൻസിയാണ് ഭവന നിർമ്മാണ ബോർഡ്. സർക്കാർ 2020-2021 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന ചുവടെ കാണുന്ന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി,

വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പദ്ധതി, ഇ.ഡബ്ല്യൂ.എസ്/എൽ.ഐ.ജി. ഭവന പദ്ധതി, കോഴിക്കോട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഭൂമിയിൽ സർക്കാർ ജീവനക്കാർ/ഉന്നത ഉദ്യോഗസ്ഥർക്കുള്ള ഫ്ലാറ്റുകൾ/ക്വാർട്ടേഴ്സുകൾ. കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.90 ഏക്കർ ഭൂമിയിൽ 3105 കോടി രൂപയുടെ പദ്ധതി ചെലവിൽ അന്തർദ്ദേശീയ പ്രദർശന നഗരി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

## കടലിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ

283(1244) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ യാതൊരു നിയന്ത്രണവുമില്ലാതെ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നത് മൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേരള തീരത്ത് നിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അംശം ഗണ്യമായ തോതിൽ കണ്ടെത്തിയെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) സമുദ്രത്തിൽ നിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനായി നീണ്ട കരയിൽ മത്സ്യത്തൊഴിലാളി പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ശുചിത്വ നഗരം പദ്ധതി വിജയപ്രദമാണോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ തുറമുഖങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) കടലിൽ നിന്നും നീക്കം ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഡീസൽ ഉല്പാദിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

(സി) കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്കുകൾ കടലിൽ നിന്നും ശേഖരിച്ച് ഹാർബറുകളിലെത്തിച്ച് സംസ്കരിക്കുന്നതിനായി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ്, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള NETFISH എന്നിവ ചേർന്ന് ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ സഹകരണത്തോടെ കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബറിൽ നടപ്പിലാക്കിവരുന്ന ശുചിത്വ സാഗരം പദ്ധതി വിജയപ്രദമാണ്.

(ഡി) ഉണ്ട്. നിലവിൽ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നീണ്ടകരയിൽ പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ തുറമുഖങ്ങളിൽ ഈ പദ്ധതി ആവിഷ്കരിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(ഇ) കടലിൽനിന്നും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഡീസൽ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധനയിലാണ്.

## കടലിലും ജലാശയങ്ങളിലും എത്തുന്ന പ്ലാസ്റ്റിക് മാലിന്യം

284(1245) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ കേരളത്തിലെ പത്ത് ശതമാനം കടൽത്തീരം ശുചീകരിച്ചപ്പോൾ എൺപതിനായിരം കിലോ പ്ലാസ്റ്റിക് മാലിന്യം കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലിലും ജലാശയങ്ങളിലും എത്തുന്ന പ്ലാസ്റ്റിക് മാലിന്യം വിഘടിച്ച് ചെറുകണികകളാകുകയും ഇത് ഭക്ഷണമാണെന്ന് കരുതി മത്സ്യങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടോ;

(സി) മത്സ്യങ്ങളുടെ കടലിൽ പ്ലാസ്റ്റിക് കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; ഇത്തരം മത്സ്യം ഭക്ഷിക്കുന്ന മനുഷ്യരിലും പ്ലാസ്റ്റിക് അംശം എത്തുകയും ഗുരുതരമായ ഉദരരോഗങ്ങൾക്കും മറ്റു മാരകരോഗങ്ങൾക്കും ഇത് കാരണമാകുമെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ഏത് ഏജൻസിയാണ് നിലവിൽ പഠനം നടത്തുന്നത്; പഠനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിവരം ഫിഷറീസ് വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) കടലിലും ജലാശയങ്ങളിലും എത്തുന്ന പ്ലാസ്റ്റിക് മാലിന്യം വിഘടിച്ച് ചെറുകണികകളായി മത്സ്യത്തിന്റെ കുടലിൽ എത്തുന്നതിനുള്ള സാധ്യതയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) CIFT, CUSAT എന്നീ സ്ഥാപനങ്ങൾ പഠനം ആരംഭിച്ചിട്ടുണ്ട്. പഠനം സംബന്ധിച്ച വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

**ഗുജറാത്ത്-കന്യാകുമാരി പുതിയ കപ്പൽ പാത**

285(1246) ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് നിന്നും പതിനഞ്ച് നോട്ടിക്കൽ മൈൽ പ്രദേശത്ത് കൂടി ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത നിർമ്മിക്കുന്നത് സംസ്ഥാനത്തെ മത്സ്യതൊഴിലാളികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാത മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന പ്രദേശത്ത് നിന്നും ദൂരത്തേക്ക് മാറ്റണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പന്ത്രണ്ട് നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അത് എല്ലാ യാനങ്ങളിലും സ്ഥാപിച്ചുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും, തിരിച്ച് കരയിൽ എത്തുമ്പോഴും മത്സ്യതൊഴിലാളികൾ അവരുടെ വിശദാംശം സാഗര മൊബൈൽ ആപ്പിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക രൂപപ്പെട്ടിട്ടുള്ളതിനാൽ നിർദ്ദിഷ്ട കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തെക്കൻ കേരള തീരത്തുനിന്ന് 12 മുതൽ 15 നോട്ടിക്കൽ മൈൽ പ്രദേശത്തുവരെ ടി കപ്പൽ പാത നിലനിൽക്കുന്നതിനാൽ മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിച്ച് അപകടങ്ങളുണ്ടാകുന്നതിന് സാധ്യതയുണ്ട്.

(ബി) ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തുനിന്ന് മാറ്റിസ്ഥാപിക്കണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ചുചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി കേന്ദ്ര ഫിഷിംഗ് വകുപ്പ് മന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഫിഷിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്തുനിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വ്യക്തമായ അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടില്ല.

(സി) കേരള തീരത്ത് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനത്തിനാണ് സംസ്ഥാന മത്സ്യബന്ധന വകുപ്പ് ലൈസൻസ് നൽകുന്നത്. അതിനപ്പുറം EEZ ആണ്. അത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. പുതിയ കെ.എം. എഫ്.ആർ. ചട്ടങ്ങളിലൂടെ മെക്കനൈസ്ഡ് യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ്/AIS നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) മത്സ്യബന്ധനത്തിനായി കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി സാഗര എന്ന ഒരു മൊബൈൽ അപ്ലിക്കേഷൻ ഫിഷറീസ് വകുപ്പ് NIC യുടെ സഹായത്താൽ വികസിപ്പിച്ചെടുക്കുകയും പ്രധാനപ്പെട്ട 50 ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നടപ്പിലാക്കിവരികയുമാണ്. സാഗര ആപ്ലിക്കേഷൻ ഉപയോഗിക്കണമെങ്കിൽ ആൻഡ്രോയിഡ് മൊബൈൽ ഫോൺ ആവശ്യമാണ്. മൊത്തം മുപ്പത്തയ്യായിരത്തോളം രജിസ്റ്റർ ചെയ്ത യാനങ്ങൾ ഉള്ളതിൽ സ്ഥിരമായി കടലിൽ പോകുന്നത് ഇരുപതിനായിരത്തോളം യാനങ്ങളാണ്. ഇതിനകം 17033 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കി യാനങ്ങൾ സാഗര മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വായ്പകളിലെ ജപ്തി നടപടികളിൽ ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം

286(1247) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾ സഹകരണസംഘങ്ങളിൽ നിന്നും എടുത്ത വായ്പകളിലെ ജപ്തി നടപടികളിൽ ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം നീട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുവരെ എടുത്തിട്ടുള്ള വായ്പകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും 31-12-2008 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങി വച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികളുൾപ്പെടെയുള്ള റിക്കവറി നടപടികളിൽനിന്നും അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മൊറട്ടോറിയത്തിന്റെ കാലാവധി 1-1-2020 മുതൽ 31-12-2020 വരെ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

## മത്സ്യബന്ധന യാനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ ലൈസൻസ്

287(1248) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന യാനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ ലൈസൻസ് കൂടി വേണമെന്ന തരത്തിൽ കേന്ദ്ര നിയമം നിലവിൽ വരുന്നത് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധിയുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലാണ് പ്രതിസന്ധിക്ക് കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രസ്തുത നിയമം ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇതിന് സംസ്ഥാന സർക്കാർ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കരട് നിയമം ലഭ്യമായതോടെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടുകയുണ്ടായി. ഒരുപരിധി വരെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ കരട് നിയമത്തിൽ നിന്നൊഴിവാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര നിയമത്തിന്റെ അവസാന കരട് പതിപ്പ് ലഭ്യമായിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ കരട് മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ അത് സംസ്ഥാന താല്പര്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടും സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്ന കയറ്റമാണെന്നും ബോധ്യപ്പെടുത്തിക്കൊണ്ടും കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. തുടർന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. ചുവടെ പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നത്.

1. 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ / ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

2. കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റഗുലേഷൻ & മാനേജ്മെന്റ്) ബിൽ 2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽത്തന്നെ നിലനിർത്തണം.

3. നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

4. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

5. തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്ത മാക്കണം.

6. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

7. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങ ൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

8. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തു കളയണം.

9. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.

10. മത്സ്യ വിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.

11. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

12. നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

13. മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

14. ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

15. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധനയാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

16. " മത്സ്യബന്ധനയാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

17. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനം വളരെ ഗുണകരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുകയും തുടർന്ന് നിലവിൽവന്ന ബില്ലിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം

288(1249)ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശങ്ങളിലെ വേലിയേറ്റ രേഖയിൽ നിന്ന് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ താമസം മാറ്റി പുനരധിവസിപ്പിക്കുന്നതിനായി വകുപ്പ് വിഭാവനം ചെയ്ത 'പുനർഗേഹം' പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കി യിട്ടുണ്ടോ; ആയതിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതുപ്രകാരമുള്ള ധനസഹായം എത്രയാണ്; ഇതിനായുള്ള പ്രതീക്ഷിത ചെലവ് എത്ര; നടപ്പു സാമ്പത്തിക വർഷം ചെലവ് ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷ കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ജില്ലകളിൽ മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. 323 പേർ സ്ഥലം കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ സർവ്വേപ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18,685 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 1868.50 കോടി രൂപയാണ് പ്രതീക്ഷിത ചെലവ്. കൂടാതെ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പദ്ധതികളിലുൾപ്പെട്ട 1798

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകി പദ്ധതി പൂർത്തീകരണത്തിന് 68.49 കോടി രൂപയും 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വകുപ്പ് നിലവിൽ നടപ്പാക്കുന്ന ഫ്ളാറ്റ് നിർമ്മാണത്തിനാവശ്യമായ 78.20 കോടി രൂപയും ഫ്ളാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ള 425.15 കോടി രൂപയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾക്കായി 9.66 കോടി രൂപയും ഉൾപ്പെടെ പദ്ധതിയുടെ ആകെ തുക 2450 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## മത്സ്യവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

289(1250) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന മത്സ്യവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സമുദ്ര ആവാസ വ്യവസ്ഥയുടെ പാരിസ്ഥിതിക തനിമ നിലനിർത്തുന്നതിനും സമുദ്ര മലിനീകരണം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തീരദേശ സമുദ്ര ആവാസ വ്യവസ്ഥയുടെ അവിഭാജ്യഘടകവും നിരവധി മത്സ്യങ്ങളുടെ ആവാസ കേന്ദ്രങ്ങളുമായ കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ തുടങ്ങിയവയെ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ ആഘാതത്തിൽ നിന്ന് സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന മത്സ്യവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ചും പുതിയ കേരള കടൽ മത്സ്യബന്ധന നിയന്ത്രണ ചട്ടങ്ങൾ നടപ്പിലാക്കിയും അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ

കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാന വലകളുടെ പരമാവധി വലിപ്പവും കണ്ണിവലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പെഴ്സീൻ, പെലാജിക് ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠനറിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വംശനാശ ഭീഷണി നേരിടുന്ന 58 മത്സ്യയിനങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനമിറക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 Trapezoidal ആകൃതിയിലുള്ള കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കൃത്രിമ പാരുകൾ കടലിൽ നിക്ഷേപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപ്പള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമ പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനുള്ള 200 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

ഇതു കൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമ പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പദ്ധതിയിലുൾപ്പെടുത്തി 7 മത്സ്യഗ്രാമങ്ങളിൽ Re-inforced cement concrete നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളും ഒരു മത്സ്യ ഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ferro cement നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളുമാണ് സ്ഥാപിക്കുന്നത്. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ട്രോളിംഗ് നിരോധനം 47 ദിവസത്തിൽനിന്ന് 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ്, എം.പി.ഇ.ഡി.എ. എന്നിവയുടെയും ബോട്ട് ഓണേഴ്സ് അസോസിയേഷന്റെയും സഹകരണത്തോടെ കടലിലെ ജീവജാലങ്ങളുടെ ജീവനും നിലനിൽപ്പിനും ആവാസ വ്യവസ്ഥയ്ക്കും പ്രധാന ഭീഷണിയായി തീർന്നിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി അവ കടലിൽനിന്ന് ശേഖരിച്ച് ഉൽപ്പന്നങ്ങളായി മാറ്റുന്ന ശുചിത്വ സാഗരം പദ്ധതിക്ക് തുടക്കം കുറിച്ചു. കടലിൽനിന്നും ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യങ്ങൾ തരം തിരിച്ച് നൽകുന്നതിനായി സാഫിൽ നിന്നും 5 പേരടങ്ങുന്ന മൂന്ന് ഗ്രൂപ്പുകളായി 15 സ്ത്രീ വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് കൊല്ലം, നീണ്ടകര ഹാർബറിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വഴി സംസ്കരിച്ച് ഉൽപ്പന്നങ്ങളാക്കി റോഡ് ടാറിംഗിനും മറ്റും വിജയകരമായി ഉപയോഗിച്ചു വരുന്നു. ദൈനംദിനം ഒരു ടൺ മാലിന്യസംസ്കരണശേഷിയുള്ള യൂണിറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ മുനമ്പം, നീലേശ്വരം, കായംകുളം, ബേപ്പൂർ, പുതിയാപ്പ, ചേറ്റൂർ എന്നീ ഹാർബറുകളിൽ പ്ലാസ്റ്റിക് മാലിന്യസംസ്കരണം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലാണ്. സമുദ്ര മലിനീകരണം കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികളെയും മറ്റും ബോധ്യപ്പെടുത്തുന്നതിന് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെയും ജാഗ്രതാ സമിതികളുടെയും ഫിഷറീസ് വകുപ്പിന്റെയും നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) മത്സ്യപ്രജനന കേന്ദ്രങ്ങളായ അഴിമുഖങ്ങളോട് ചേർന്നും അനുബന്ധ കായൽ പ്രദേശങ്ങളിലും കണ്ടൽ വച്ചുപിടിപ്പിക്കുന്ന പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ട്. ട്രോളിംഗ് നിരോധനം 47 ദിവസത്തിൽ നിന്നും 52 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ KMFR റൂൾ പുറത്തിറക്കുകയും അതിലൂടെ 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 HP-യ്ക്ക് മുകളിൽ എഞ്ചിൻ കപ്പാസിറ്റിയുള്ളതുമായ മത്സ്യബന്ധനയാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധന ലൈസൻസിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ തീരക്കടലിൽ ഫിഷിംഗ് പ്രഷർ കുറയ്ക്കാനും തീരദേശ സമുദ്ര ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുമാണുദ്ദേശിക്കുന്നത്.

## തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്കൂളുകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ

290(1251) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്കൂളുകളിൽ അടുക്കള നിർമ്മിക്കുന്നതിനും സ്മാർട്ട് ക്ലാസ്സുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിയിൽ തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന സ്കൂളുകളിൽ അടുക്കള നവീകരണം, സ്മാർട്ട് ക്ലാസ് നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിനായി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>അടുക്കള നിർമ്മാണം</u>

1. ജി.എൽ.പി.എസ് മളേക്കാട്
2. ജെ.ബി.എസ്. ഉദയംപേരൂർ
3. ജി.എൽ.പി.ജി.എസ്. തൃപ്പൂണിത്തുറ
4. ജി.എച്ച്.എസ്. ഇടക്കൊച്ചി
5. ജി.യു.പി.എസ്. പള്ളുരുത്തി

<u>സ്മാർട്ട് ക്ലാസ് നിർമ്മാണം</u>

1. ജി.എൽ.പി.എസ് മളേക്കാട്
2. വി.ജെ.ബി.എസ്. ഉദയംപേരൂർ
3. ജെ.ബി.എസ്. ഉദയംപേരൂർ
4. ജി.ജെ.ബി.എസ്. പുത്തോട്ട
5. ജി.യു.പി.എസ്. തെക്കുംഭാഗം
6. ജി.എൽ.പി.ജി.എസ്. തൃപ്പൂണിത്തുറ
7. ജി.കെ.എം.യു.പി.എസ്. ഏരൂർ
8. ജി.എച്ച്.എസ്. ഇടക്കൊച്ചി
9. ജി.യു.പി.എസ്. പള്ളുരുത്തി

## പുത്തൂർ മത്സ്യമാർക്കറ്റിന്റെ നവീകരണം

291(1252) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് മേഖലയിൽ നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് മേഖലയിൽ നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പുത്തൂർ മത്സ്യമാർക്കറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റ് നവീകരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കിവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം

292(1253) ശ്രീമതി യു. പ്രതിഭ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മത്സ്യത്തൊഴിലാളികൾക്കായി 2016-17 മുതൽ നടപ്പാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും മുഖേന നടപ്പാക്കുന്ന നൂതന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2016-17 മുതൽ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുകയും 3936 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവന രഹിതരായ 4883 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ഭവന രഹിതരായ 7000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന 2020-21 സാമ്പത്തിക വർഷം വീട് നൽകുമെന്ന് 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

(സി&ഡി) ഉണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും, ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷക്കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളുടെ പുനരധിവാസത്തിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 2016-17 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള തുകയും പുനർഗേഹം പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

**പുനർഗേഹം പുനരധിവാസ പദ്ധതി**

293(1254) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടേയും ക്ഷേമത്തിനും സുരക്ഷയ്ക്കും മത്സ്യബന്ധനമേഖലയിലെ തൊഴിലാളി സംരക്ഷണങ്ങൾക്കുമായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മത്സ്യത്തൊഴിലാളികൾക്കായുള്ള പുനർഗേഹം പുനരധിവാസ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതി വഴി എത്ര കുടുംബാംഗങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കും മത്സ്യബന്ധനമേഖലയിലെ തൊഴിലാളി സംരക്ഷണങ്ങൾക്കുമായി സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷക്കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ജില്ലകളിൽ മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. 323 പേർ സ്ഥലം കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 323 പേർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള ഹൗസിംഗ് കോളനി**

294(1255) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്ഥലം ഏറ്റെടുക്കുകയും ഈ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാക്കുകയും ചെയ്ത മുട്ടത്തറയിലെ മത്സ്യത്തൊഴിലാളികൾക്കായുള്ള ഹൗസിംഗ് കോളനിയിൽ എത്ര കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തീരദേശത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റുന്ന പദ്ധതി പ്രകാരം കുടുംബങ്ങൾക്ക് പ്രസ്തുത ഹൗസിംഗ് കോളനിയിൽ ഫ്ളാറ്റ് അനുവദിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ മറ്റ് ജില്ലകളിലെ തീരദേശത്ത് കൂടി ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും പദ്ധതി സംബന്ധിച്ച് നിയമസഭാ സാമാജികരുടെ യോഗം ചേർന്നിരുന്നോയെന്നും വിശദമാക്കുമോ;

(ഡി) ഇത്തരം ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ ഏജൻസികളുടെയോ എന്തെങ്കിലും ധനസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610-ൽപ്പെട്ട ക്ഷീരവികസന വകുപ്പിന് കീഴിലുള്ള 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിന് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിക്കിട്ടിയിരുന്നില്ല. മാത്രമല്ല അന്ന് വീട് നിർമ്മാണത്തിന് കൈമാറാനുദ്ദേശിച്ചിരുന്ന സ്ഥലം പൂർണ്ണമായും വാസയോഗ്യമായിരുന്നില്ല. തിരുവനന്തപുരം ജില്ലാ കളക്ടറുമായും ക്ഷീരവികസന വകുപ്പ് മന്ത്രിയുമായും ഇക്കാര്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം അളന്നതിട്ടപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലത്ത് തൊഴിലെടുത്തിരുന്ന ഫാം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും സ്ഥലം കൈമാറുന്നതിന് തടസ്സമായി നിലനിന്നിരുന്നു. ഫാം തൊഴിലാളികളെ മത്സ്യഫെഡിന്റെ കീഴിലുള്ള നെറ്റ് ഫാക്ടറിയിൽ പുനർവ്യന്യസിച്ച് അവർക്ക് ജോലി ഉറപ്പാക്കുമെന്ന വ്യവസ്ഥയിലാണ് സ്ഥലം കൈമാറ്റം നടന്നത്. മുൻസർക്കാരിന്റെ കാലത്ത് 370 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള വീടായിരുന്നു. വിഭാവനം ചെയ്തിരുന്നതെങ്കിൽ ഈ സർക്കാർ അത് 540 സ്ക്വയർ ഫീറ്റായി ഉയർത്തുകയും ചെയ്തു. 24-3-2017-ൽ ഫ്ളാറ്റ് നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി വകുപ്പ് കോൺട്രാക്റ്റിൽ ഏർപ്പെടുകയും, പ്രസ്തുത സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മാണം 16-2-2018-ന് പൂർത്തീകരിക്കുകയും ചെയ്തു. 192 കുടുംബങ്ങൾക്കും ഫ്ളാറ്റ് കൈമാറിയിട്ടുണ്ട്.

(ബി) മുട്ടത്തറ ഫ്ളാറ്റിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

(സി) ഉണ്ട്; മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിന് ബി.ഐ.എഫ്&എച്ച്.ഡി.എഫ് (2018-19)-ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ് കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനർഗേഹം പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തിയിട്ടുണ്ട്.

(ഡി) ഇല്ല; സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ചാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്.

## മത്സ്യത്തൊഴിലാളി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ

295(1256) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ വള്ളവും വലയും വാങ്ങുന്നതിനായി വൻതുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുന്നതുമൂലമുണ്ടാകുന്ന ബാധ്യത, ജീവിതകാലം മുഴുവനും അവരെ കടക്കെണിയിലാക്കുന്ന സ്ഥിതിവിശേഷമുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വള്ളവും വലയും വാങ്ങുന്നതിന്, മത്സ്യത്തൊഴിലാളി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പ നൽകികൊണ്ട് വള്ളത്തിന്റെയും വലയുടെയും ഉടമകളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുകയെന്നും എത്ര ജെ.എൽ.ജി.-കൾക്ക് ഈ വർഷം ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് വള്ളവും, വലയും എഞ്ചിനും മറ്റ് അനുബന്ധ ഉപകരണങ്ങളും മത്സ്യഫെഡ് വായ്പയായി നൽകി വരുന്നു. ഉപകരണങ്ങളായിട്ടാണ് വായ്പ നൽകുന്നത്. 2018-19 വർഷം മുതൽ ഈ പദ്ധതി പലിശ രഹിത വായ്പയായിട്ടാണ് നൽകുന്നത്. എൻ.സി.ഡി.സി.-ക്ക് നൽകേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റിലുൾപ്പെടുത്തി മത്സ്യഫെഡിന് നൽകുന്നു. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് പലിശമൂലം ബാദ്ധ്യതയുണ്ടാകുന്നില്ല. വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ മതിയാകും.

(ബി&സി) മത്സ്യബന്ധന ഗ്രൂപ്പുകൾക്കാണ് മത്സ്യബന്ധനോപകരണ വായ്പകൾ നൽകുന്നത്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. പദ്ധതി തയ്യാറാക്കിവരുന്നു. അന്തിമമായിട്ടില്ല.

**മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ**

296(1257) <u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി ഈ സർക്കാർ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കായി അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരം എത്രയാണെന്നും പദ്ധതി കൂടുതൽ പേർക്ക് പ്രയോജനപ്രദമാകും വിധം വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

5. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

6. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

7. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി

8. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി

9. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതികൾ, ഫിഷറീസ് സ്കൂളുകൾ, അങ്കണവാടികൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

10. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) 17-12-2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം അനുബന്ധമായി ചേർക്കുന്നു.* മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രീമിയം തുക പൂർണ്ണമായും സർക്കാർ ആണ് വഹിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യത്തൊഴിലാളികൾക്കുവേണ്ടി അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും പദ്ധതി

297(1258) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 2015-16-ൽ മുൻ സർക്കാർ 'അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും' എന്ന പദ്ധതിക്ക് രൂപം നൽകിയിരുന്നോ;

(ബി) 2019-2020-ൽ ഈ പദ്ധതിയിൻകീഴിൽ എന്ത് തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക 20-2-2020 വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) നൽകിയിരുന്നു.

(ബി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനത്തിനുമായി 2019-20-ൽ ആകെ 6960 ലക്ഷം രൂപ വകയിരുത്തുകയും 20-2-2020 വരെ 3203 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## മീൻപിടിക്കാൻ കടലിൽ പോയി കാണാതായവർ

298(1259) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മീൻപിടിക്കാൻ കടലിൽപ്പോയി കാണാതായവരെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) തിരച്ചിലിനു ശേഷവും കണ്ടെത്താൻ കഴിയാത്തവരുടെ ബന്ധുക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദമാക്കാമോ;

(സി) കാണാതായവരെ കണ്ടുപിടിക്കാൻ ഏതെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് കടലിൽ കാണാതായ 91 പേരുൾപ്പെടെ 120 പേർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കടലിൽ കാണാതായിട്ടുണ്ട്.

(ബി) തിരച്ചിലിനുശേഷവും കണ്ടെത്താനാകാത്തതും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾ കടലിൽ കാണാതായാൽ അവരുടെ ബന്ധുക്കൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ട്. ഇത് നിയമപ്രകാരം 7 വർഷത്തിനുശേഷമാണ് നൽകിവന്നിരുന്നത്. എന്നാൽ കാണാതായ ആൾ non traceable ആണെന്ന് പോലീസ് സ്റ്റേഷനിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ/ആർ.ഡി.ഒ. അനുവദിക്കുന്ന മിസ്സിംഗ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നപക്ഷം ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് ധനസഹായം ലഭ്യമാക്കി മത്സ്യബോർഡ് മുഖേന കാണാതായ ആളിന്റെ അവകാശിക്ക് നൽകിവരുന്നു. ഓഖി ദുരന്തത്തിൽ കടലിൽ കാണാതായ 91 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൂന്ന് മാസത്തിനകത്തുതന്നെ സർക്കാർ 20 ലക്ഷം രൂപ വീതം ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(സി) കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ റെസ്ക്യൂ ബോട്ടുകൾ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടലിൽ തെരച്ചിൽ നടത്താറുണ്ട്. കോസ്റ്റൽ പോലീസിന്റെ സഹായവും ലഭിക്കാറുണ്ട്. അടിയന്തരഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം ഇന്ത്യൻ കോസ്റ്റ് ഗാർഡും, ഇന്ത്യൻ നേവിയും അവരുടെ ഹെലികോപ്റ്റർ, ഡോണിയർ വിമാനങ്ങൾ, കപ്പലുകൾ എന്നിവ ഉപയോഗിച്ചും തിരച്ചിൽ നടത്താറുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

299(1260) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര തീരത്തിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നതും കടലാക്രമണഭീഷണി നേരിടുന്നതുമായ മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിരുന്നോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കാമോ;

(സി) 2019-20 കാലയളവിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയെന്നും 20-2-2020 വരെ ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2016-17 മുതൽ വിവിധ പദ്ധതികളിലായി 1285 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 841 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുട്ടത്തറയിൽ 192 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

(സി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2019-20 കാലയളവിൽ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുനരധിവാസത്തിനായി വകയിരുത്തിയ 10 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതിക്ക് 2019-20 സാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് നടപ്പ് സാമ്പത്തികവർഷത്തിൽ 200 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി മൂന്ന് വർഷംകൊണ്ടാണ് പൂർത്തീകരിക്കുന്നത്.

**പുനർഗേഹം പദ്ധതി**

300(1261) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീരത്തുനിന്നും അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തയ്യാറാക്കിയ പുനർഗേഹം പദ്ധതിക്കായി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പിറവം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ എത്ര ഗുണഭോക്താക്കളെ വീതം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ സർവ്വേ പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ വസിക്കുന്നുണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ടി കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ

മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചു വരുന്നുണ്ട്. മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 323 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കടൽ തീരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയാണ് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ പിറവം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആരെയും ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിട്ടില്ല.

**ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി**

301(1262) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിവാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുംബത്തിന് എത്ര രൂപ നിരക്കിലാണ് സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് ബി.ഐ.എഫ്. & എച്ച്.ഡി.എഫ് (2016-17)-ലെ പദ്ധതി പ്രകാരം 800 കുടുംബങ്ങളെ ധനസഹായത്തിന് പരിഗണിക്കുകയും ഇതിൽ ഇതുവരെ 706 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കി സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17-ൽ നടപ്പാക്കിയ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 129 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ഇതിൽ 117 ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 മുതൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. 2016-17 മുതൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി 1798 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് ലക്ഷ്യമിടുകയും 1285 പേർ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 841 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, തിരുവനന്തപുരം ജില്ലയിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചുനൽകി പുനരധിവസിപ്പിച്ചു. ഓഖി ദുരന്തത്തിൽ കാണാതായ/മരിച്ചവരുടെ ഭൂമിയും വീടുമില്ലാത്ത 32 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് പുനരധിവാസം ഉറപ്പാക്കി. ആലപ്പുഴ ജില്ലയിലെ പുറക്കാട് കടൽക്ഷോഭത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 20 കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വീതവും അനുവദിച്ചു. കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ 3 വർഷംകൊണ്ട് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിക്ക് 2019-20 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2450 കോടി രൂപ ചെലവുവരുന്ന പദ്ധതിയിൽ ഒരാൾക്ക് 10 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്.

(ബി) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പുനരധിവാസ പദ്ധതികളിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു.

**പുനർഗേഹം പദ്ധതി**

302(1263) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ഞൂറ്റി തൊണ്ണൂറ് കിലോമീറ്റർ ദൈർഘ്യം വരുന്ന തീരപ്രദേശത്തിന്റെ പകുതിയിലധികം പ്രദേശം അതിരൂക്ഷമായ കടലാക്രമണ ഭീഷണികൊണ്ട് സുരക്ഷിത വാസത്തിന് അനുയോജ്യമല്ലാത്ത മേഖലയായതിനാൽ, സന്നദ്ധരാകുന്നവരെ നിലവിലുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും കൈവശാവകാശവും നിലനിർത്തിക്കൊണ്ട് പത്ത് ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സുരക്ഷിതമല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഇവരുടെ പുനരധിവാസത്തിനായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) രണ്ടായിരത്തി നാനൂറ്റി അമ്പത് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## ഉത്തരം

(എ) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ധനസഹായമായി 10 ലക്ഷം രൂപ ലഭ്യമാക്കി സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ സന്നദ്ധരാകുന്ന ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചു മാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ 5 സെന്റിൽ കൂടുതൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കുന്നതല്ലെന്നും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങൾ ഉണ്ടെന്ന് ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ സർവ്വേയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനായി 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 1868.50 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 7-1-2020-ലെ സ.ഉ. (സാധാ)നമ്പർ 13/2020/മ.ഉ.വ. ഉത്തരവുപ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുനർഗേഹം പദ്ധതി**

303(1264) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഓരോ ഘട്ടത്തിലുമുള്ള പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ എന്താണെന്നും അറിയിക്കുമോ;

(സി) കടലോരത്തു നിന്നും മാറിത്താമസിക്കാൻ തയ്യാറാകുന്ന കുടുംബങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) വസ്തു വാങ്ങുന്നതിന് തുക ആവശ്യമില്ലാത്ത കുടുംബങ്ങൾക്ക് അതിനായി മാറ്റി വയ്ക്കുന്ന തുക ഭവന നിർമ്മാണത്തിനായി ചെലവഴിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. പദ്ധതി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചു വരുന്നു. മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 323 പേർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കടലോരത്തുനിന്നും മാറിതാമസിക്കാൻ തയ്യാറാകുന്ന കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കും.

(ഡി) ഗുണഭോക്താവിന് സ്ഥലം വാങ്ങി വീട് വയ്ക്കുകയോ അല്ലെങ്കിൽ 2 സെന്റിൽ കുറയാത്ത ഭൂമിയും 500 സ്ക്വയർ ഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനം വാങ്ങുകയോ ചെയ്യാവുന്നതാണ്. എന്നാൽ അപേക്ഷകനോ/ പങ്കാളിക്കോ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ അല്ലാതെ വേറെ ഭൂമിയില്ലെന്നുള്ള സത്യവാങ്മൂലം ഹാജരാക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

304(1265) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യ തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര പേർക്ക് വീടുകൾ നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ജില്ലകളിൽ മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. 323 പേർ സ്ഥലം കണ്ടെത്തി രജിസ്റ്റർ ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 'പുനർഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തി 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## മത്സ്യത്തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം

305(1266) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റടക്കം എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്രയെണ്ണത്തിന്റെ നിർമ്മാണം നടക്കുന്നുണ്ടെന്നും തുടർന്ന് എത്ര വീടുകൾ കൂടി നിർമ്മിച്ചു നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ 2017-18 വരെ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവന നിർമ്മാണ ധനസഹായം ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചു. ഇതിൽ 3936 പേർക്ക് ഭവനം പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 192 വീടുകൾ ഫ്ലാറ്റ് നിർമ്മിച്ചു നൽകിയതും പൂർത്തീകരിച്ച വീടുകളിൽ ഉൾപ്പെടും. 2017-18 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷൻ മുഖേന 1317 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതുവരെ വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 4883 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പട്ടിക ലൈഫ് മിഷൻ മുഖേന വീട് നൽകുന്നതിന് ഫിഷറീസ് വകുപ്പ് കൈമാറിയിട്ടുണ്ട്.

(ബി) 2016-17 മുതൽ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുകയും വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 4718 പേരിൽ 3936 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 782 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

306(1267) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഏത് ഇൻഷ്വറൻസ് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുക; ഈ പദ്ധതിയുടെ കീഴിൽ പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടോ;

(സി) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രകൃതി ക്ഷോഭംമൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യ തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിയും വരികയാണ്. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുക. 2018-19-ൽ ആദ്യഘട്ടമായി ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. 2018-19-ൽ 647 മത്സ്യബന്ധനയാനങ്ങൾ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനും, എഞ്ചിനുംകൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. നിലവിൽ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നുവരികയാണ്.

(ബി) യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പൂർണ്ണവും ഭാഗികവുമായ നഷ്ടത്തിന് ഇൻഷ്വറൻസ് കവറേജ് ലഭിക്കും.

(സി) 2018-19 സാമ്പത്തികവർഷം ടി പദ്ധതിയിൽ 647 ഗുണഭോക്താക്കൾ അംഗമായിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. നടപ്പ് വർഷം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ അവസാനഘട്ടത്തിലാണ്.

2018-19

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 371 |
| കൊല്ലം | 56 |
| ആലപ്പുഴ | 17 |
| എറണാകുളം | 33 |
| കോഴിക്കോട് | 20 |
| കണ്ണൂർ | 24 |
| മലപ്പുറം | 55 |
| തൃശ്ശൂർ | 55 |
| കാസർഗോഡ് | 16 |

(ഡി) 2018 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് (2018 ലെ 38-ാം ആക്ട്) 9 എ വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ദുരിത ബാധിത പ്രദേശത്തേയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം വായ്പാ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്. ടി വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്കുപകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ

307(1268) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ശക്തിപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 9 തീരദേശ ജില്ലകളിലായി 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഘട്ടം ഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വലിയതുറ, ബേപ്പൂർ, താനൂർ, അഴീക്കൽ എന്നീ സ്കൂളുകൾ ആദ്യഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 24.71 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ ഓരോ സ്കൂളിനും അടിയന്തരമായി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചുവരുന്നു. 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വിവരങ്ങളും ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ

308 (1269) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) തീരദേശ മേഖലയിലെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള സവിശേഷ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഘട്ടംഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വലിയതുറ, ബേപ്പൂർ, അഴീക്കൽ, താനൂർ എന്നീ സ്കൂളുകൾ ആദ്യഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 24.71 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതികളെല്ലാം പുരോഗമിച്ചു വരുന്നു. ഓരോ സ്കൂളിനും അടിയന്തരമായി ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ തീരദേശമേഖലയിലെ 54 സ്കൂളുകൾ പുനരുദ്ധരിച്ച് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി 60.73 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചുകഴിഞ്ഞു. പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഓഖി ദുരന്തം- ആശ്രിത നിയമനം**

309 (1270) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എസ്.എസ്.എൽ.സി. പാസ്സായ എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളത്; ജോലി നൽകിയവരിൽ ആർക്കെങ്കിലും സ്ഥിര നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേര്, മേൽവിലാസം, ഉദ്യോഗം നൽകിയ സ്ഥാപനത്തിന്റെ പേരുവിവരം എന്നിവ ലഭ്യമാക്കാമോ;

(സി) ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ടതോ കാണാതായവരോ ആയ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ 42 പേർക്ക് മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ ജോലി നൽകുന്നതിന് ഉത്തരവാകുകയും നിലവിൽ 36 പേർ ജോലി ചെയ്ത് വരുകയും ചെയ്യുന്നു. കൂടാതെ 200 മത്സ്യത്തൊഴിലാളികളെ 14 തീരദേശ സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എസ്.എസ്.എൽ.സി. പാസ്സായ 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) ഓഖിയിൽ കാണാതായവരും മരിച്ചതുമായ 143 മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് ജോലി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ വിധവകളായ 114 വനിതകളാണുള്ളത്. പത്താം തരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതും 40 വയസ്സിന് താഴെ പ്രായമുള്ളതുമായ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. പത്താംതരത്തിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള 40 വയസ്സിൽ താഴെ പ്രായമുള്ള 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. ബാക്കിയുള്ളവർക്ക് ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിഴിഞ്ഞം സീ ഫുഡ് പ്രോസസ്സിംഗ് സെന്ററിൽ ജോലി നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനായുള്ള കിഫ്ബി പദ്ധതി

310 (1271) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി തീരദേശ മേഖലയിലെ ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനായുള്ള കിഫ്ബി പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഫിഷ് മാർക്കറ്റുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി തീരദേശ മേഖലയിലെ ഫിഷ് മാർക്കറ്റുകളുടെ നവീകരണത്തിനായുള്ള കിഫ്ബി പദ്ധതിയുടെ രൂപീകരണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കൊല്ലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിഷ് മാർക്കറ്റുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യ മാർക്കറ്റുകൾ നവീകരിക്കാനുള്ള കിഫ്ബി പദ്ധതി

311 (1272) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിൽ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് നവീകരിക്കുവാൻ പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം മാർക്കറ്റുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യമാർക്കറ്റുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യ മാർക്കറ്റുകളുടെ ഒരു ശൃംഖല തന്നെ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഓരോ മത്സ്യ മാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടു കൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ്, അധികംവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചു വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം, ടോയ്‌ലെറ്റ് സംവിധാനം, വിശ്രമ മുറി എന്നിവ പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ ഉൾപ്പെടുന്നതാണ്.

(സി) ഈ പദ്ധതിപ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ

312 (1273) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, പഴയങ്ങാടി മേഖലകളിലെ മത്സ്യബന്ധന തൊഴിലാളികൾക്ക് വളരെ ഉപയോഗപ്രദമായ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തികൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പുതിയങ്ങാടി റിവർ ട്രെയിനിംഗ് വർക്ക്സ് ഉൾപ്പെടെയുള്ള 28.60 കോടി രൂപയുടെ പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് RKI (Rebuild Kerala Initiative)- യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പരിശോധിച്ചുവരുന്നു.

## നട്ടുത്തുരുത്തിയിലെ ഫിഷ് ലാന്റിംഗ് സെന്റർ

313 (1274) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ നട്ടുത്തുരുത്തിയിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ നട്ടുത്തുരുത്തിയിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഓഖി/ഫ്ളഡ് പാക്കേജിലുൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല.

## മത്സ്യങ്ങളിലെ മായം കണ്ടെത്താനുള്ള സാങ്കേതിക സംവിധാനങ്ങൾ

314 (1275) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണന കേന്ദ്രങ്ങളിലെ മത്സ്യങ്ങളിൽ രാസ പദാർത്ഥങ്ങളായ മായം കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സാങ്കേതിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) വിപണനത്തിനായുള്ള മത്സ്യങ്ങളിലെ മായം കലർത്തൽ വേഗത്തിലും നിരന്തരവുമായ പരിശോധനയിലൂടെയും ഇല്ലാതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ;

(സി) മത്സ്യങ്ങളിൽ മായം കലർത്തിയത് സംബന്ധിച്ച് എത്ര കേസ്സുകളാണ് 2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനതലത്തിൽ രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു.

കൂടാതെ മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങളായ മായം കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ്സ് ലാബോറട്ടറിയിലും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ലാബോറട്ടറികളിലും High Performance Liquid Chromatography (HPLC) Gas Chromatography Tandem with Mass Spectrophotometer (GC-MS-MS) എന്നീ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു.

(ബി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യസുരക്ഷ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് ഓപ്പറേഷൻ സാഗർറാണി. രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരുമടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യ മാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു.

പ്രസ്തുത പരിശോധനകളിൽ ഉപയോഗയോഗ്യമല്ലാത്തതായി കണ്ടെത്തിയ 2100 കി.ഗ്രാം മത്സ്യവും 2 ബോക്സ് ഐസും നശിപ്പിക്കുകയും 1,04,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമല്ലായെന്ന് കണ്ടെത്തിയ 2.5 ടൺ മത്സ്യം ആര്യങ്കാവ് ചെക്ക് പോസ്റ്റിൽനിന്നും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 2018-19, 2019-20 കാലയളവുകളിൽ 6 പ്രോസിക്യൂഷൻ കേസുകൾ സംസ്ഥാനത്തൊട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്.

## മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികൾ

315 (1276) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുവാനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും വേണ്ടി മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതുമൂലമുണ്ടായ ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വ്യാപകമായി വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലുകൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യങ്ങളിലെ രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിന് വേണ്ടി സി.ഐ.എഫ്.റ്റി. വികസിപ്പിച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധിച്ച് രാസവസ്തുകളില്ലെന്ന് ഉറപ്പുവരുത്തിയ മത്സ്യം മാത്രമേ സംസ്ഥാനത്തെ മാർക്കറ്റുകളിൽ വില്പന നടത്തുന്നുള്ളുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും, കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുപാതികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനുംവേണ്ടി കേരളത്തിലെ വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാർ തലായ്, മാപ്പിളബേ, ചെറുവത്തൂർ തുടങ്ങിയ 12 ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാനും മത്സ്യലേലം, വിൽപ്പന, ഗുണനിലവാരം എന്നിവയിൽ നിലവിലുള്ളതും ഇനി ആവിഷ്കരിച്ച് നടപ്പാക്കുന്നതുമായ നിയമങ്ങളിലെ വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും, വിജ്ഞാപനങ്ങൾക്കും അനുസൃതമായി ഹാർബറുകളിൽ നടപ്പിലാക്കാൻ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണംകൊണ്ട് സാധ്യമാകും. മാത്രവുമല്ല, മത്സ്യബന്ധന ഹാർബർ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, അനുബന്ധ തൊഴിലാളികൾ എന്നിവരുടെ പങ്കാളിത്തത്തോടെയും ഹാർബർ മാനേജ്മെന്റ് സാധ്യമാകുന്നുവെന്നതാണ് ഏറ്റവും പ്രധാനമായത്.

(സി) ഉണ്ട്. ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്ന മത്സ്യം വ്യാപകമായി വിൽക്കുന്നതിനെതിരെ ക്രിയാത്മകമായ ഇടപെടൽ നടത്താറുണ്ട്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും സംയുക്തമായി ചേർന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ,

ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണനശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യവിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Hi-Media company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

316(1277) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത കുറഞ്ഞു വരുന്നതായി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) എങ്കിൽ മത്സ്യ ലഭ്യത കുറയുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ എന്നിവ ചേർത്തിട്ടുണ്ടോ എന്നറിയാൻ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗിച്ചുവരുന്നു. മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് ഫിഷറീസ് ഉദ്യോഗസ്ഥരും എല്ലാ ജില്ലകളിലും പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് 2103 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെ 1584 സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിന്റെ

ഗുണമേന്മ ഉറപ്പാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി Fish Auctioning, Marketing & Quality Control ബിൽ പരിഗണനയിലാണ്.

മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പാക്കി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി 'അന്തിപ്പച്ച' മൊബൈൽ ഫിഷ് മാർട്ട് മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നു. ഹാർബറുകളിൽനിന്ന് നേരിട്ട് മത്സ്യം സംഭരിച്ച് മത്സ്യഫെഡ് മൊബൈൽ യൂണിറ്റുകൾവഴി നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവില്പന നടത്തിവരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 5 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഗുണമേന്മയുള്ള മത്സ്യവിൽപ്പന ഉറപ്പാക്കി മത്സ്യഫെഡ് മുഖേന 41 ഫിഷ് മാർട്ടുകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT-മായി ചേർന്ന് 20 Hygenic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന 16 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI-യുടെ പഠനത്തിൽ മത്തിപോലുള്ള ചിലതരം മത്സ്യങ്ങൾ കടലിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-ൽ 6.42 ടണ്ണായി വർദ്ധിച്ചുവെന്ന് CMFRI റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ CMFRI മത്സ്യലഭ്യത കുറയുന്നതിനെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു. ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റു ചിലവ പ്രകൃതിജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്.

(ഡി) ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നിരവധി നടപടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-യ്ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി, കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

## ജനകീയ മത്സ്യകൃഷി പദ്ധതി

317 (1278) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം സംസ്ഥാനത്ത് മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യകൃഷി പദ്ധതിയിൽ ഏർപ്പെടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018-ലെ മഹാപ്രളയംമൂലം 40% മത്സ്യകൃഷിയിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടും മത്സ്യകൃഷി വഴിയുള്ള ഉല്പാദനം 24198 മെട്രിക് ടണ്ണിൽ നിന്നും 24571 മെട്രിക് ടണ്ണായി നേരിയ തോതിൽ ഉയർന്നിട്ടുണ്ട്.

(ബി) ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം സംസ്ഥാനത്ത് 37674 കര്‍ഷകര്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

(സി) ജനകീയ മത്സ്യകൃഷി പദ്ധതിയില്‍ 21 തരം ഘടക പദ്ധതികളാണുള്ളത്. ഓരോ ഘടകപദ്ധതികളുടെയും മാനദണ്ഡങ്ങള്‍ വ്യത്യസ്തമാണ്. പൊതുവായ വ്യവസ്ഥകള്‍ അനുബന്ധമായി ചേര്‍ക്കുന്നു.*

## ഉള്‍നാടന്‍ മത്സ്യോല്പാദനം വര്‍ദ്ധിപ്പിക്കാന്‍ നടപടി

318 (1279) ശ്രീ. വി. പി. സജീന്ദ്രന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും ഹാര്‍ബര്‍ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വിവിധ പദ്ധതികള്‍ നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ ഉള്‍നാടന്‍ മത്സ്യോല്പാദനം ഗണ്യമായി കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കില്‍ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ഉള്‍നാടന്‍ മത്സ്യോല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് വകുപ്പ് നടത്തുന്ന ഇടപെടലുകള്‍ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ബ്ലൂ റെവല്യൂഷന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി കേന്ദ്രാനുമതിക്കായി എന്തെങ്കിലും പദ്ധതി സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ അതില്‍ ഏതൊക്കെ പദ്ധതികള്‍ക്ക് അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 2019-20 സാമ്പത്തിക വര്‍ഷം ആര്‍.കെ.വി.വൈ. പദ്ധതിയില്‍ ഉള്‍പ്പെടുത്തി കേന്ദ്രത്തിന് സമര്‍പ്പിച്ച പദ്ധതികള്‍ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉള്‍നാടന്‍ മത്സ്യോല്പാദനം ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. 2018-ലെ മഹാപ്രളയംമൂലം 40% മത്സ്യകൃഷിയിടങ്ങള്‍ക്ക് നാശനഷ്ടം സംഭവിച്ചിട്ടും മത്സ്യകൃഷി വഴിയുള്ള ഉല്പാദനം 24198 മെട്രിക് ടണ്ണില്‍നിന്നും 24571 മെട്രിക് ടണ്ണായി നേരിയ തോതില്‍ ഉയര്‍ന്നിട്ടുണ്ട്. യൂണിറ്റ് ഏരിയയില്‍ നിന്നുള്ള ഉല്പാദനക്ഷമത വര്‍ദ്ധിപ്പിച്ചത് വഴിയാണ് ഈ നേട്ടം കൈവരിക്കാന്‍ കഴിഞ്ഞത്. 2019-20 വര്‍ഷത്തോടുകൂടി 47356 മെട്രിക് ടണ്ണായി ഉയര്‍ത്തുന്നതിനുള്ള കര്‍മ്മപരിപാടികള്‍ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

*ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷിരീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തികവർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം 4851 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംഗ്ഷനിംഗ് ഓഫ് എഫ്.എം.സി.-കൾ എന്ന പദ്ധതിപ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തികവർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ബാണാസുര സാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

(സി) 2019-20 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 48.5 കോടി രൂപ അടങ്കൽത്തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ല.

(ഡി) 2019-20 സാമ്പത്തികവർഷം ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രത്തിന് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

**ഇടക്കൊച്ചി ഫിഷ് ഫാം**

319 (1280) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചി ഫിഷ് ഫാമിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) എന്നത്തേയ്ക്ക് ഈ നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ XX-ൽ ഉൾപ്പെടുത്തി ഇടക്കൊച്ചി ഫിഷ് ഫാം നവീകരണത്തിനായി 12.00 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 8 പോണ്ടുകളുടെയും അതിനോടനുബന്ധിച്ചുള്ള സ്ലൂയിസുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ്. അതിൽ മത്സ്യകൃഷി നടത്തിവരുന്നു. ബാക്കിയുള്ള തുക വിനിയോഗിച്ചുകൊണ്ട് തുടർപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ 6.5x13m വലിപ്പമുള്ള 4 റിയറിംഗ് കുളങ്ങൾ, 4x2m വലിപ്പമുള്ള നഴ്സറി പോണ്ടുകൾ, ഓഫീസ് ബിൽഡിംഗ്, സ്റ്റോർ, റസ്റ്റോറന്റ്, വൈദ്യുതീകരണം, ഫെൻസിംഗ്, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) അഡീഷണൽ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി റസ്റ്റോറന്റ് കം ഓഫീസ് ബിൽഡിംഗ്, റിയറിംഗ് കുളങ്ങൾ, നഴ്സറി കുളങ്ങൾ എന്നിവയുടെ നിർമ്മാണവും ഫെൻസിംഗും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) 2020 മാർച്ച് മാസത്തോടുകൂടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫാം പൂർണ്ണ അർത്ഥത്തിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉൾനാടൻ മത്സ്യബന്ധനവും മത്സ്യോത്പാദനവും**

320 (1281) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനവും മത്സ്യോത്പാദനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഉപയോഗ ശൂന്യമായ പൊതു-സ്വകാര്യ ജലാശയങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വഴി നാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ;

(സി) അന്യം നിന്നുപോകുന്ന ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കിക്കൊണ്ട് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷിരീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തികവർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംഗ്ഷനിംഗ് ഓഫ് എഫ്.എം.സി. എന്ന പദ്ധതിപ്രകാരം പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ടി പദ്ധതിയിൽ തദ്ദേശീയ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിതനിലവാരം ഉയർത്തുന്നതും സാധിക്കുന്നു. നടപ്പ് സാമ്പത്തികവർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ബാണാസുര സാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

(ബി) 2019-20 സാമ്പത്തികവർഷം ഉപയോഗശൂന്യമായ പൊതു ജലാശയങ്ങളിൽ നാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് വരാൽ, കാരി, മുഷി, കരിമീൻ, ചെമ്മീൻ, ഞണ്ട് എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കളാകാവുന്നതാണ്.

(സി) സംസ്ഥാനത്ത് അന്യംനിന്നു പോകുന്ന ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കിക്കൊണ്ട് ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. " ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംഗ്ഷനിംഗ് ഓഫ് എഫ്.എം.സി." എന്ന പദ്ധതിപ്രകാരം ജലാശയങ്ങളിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ റിസർവ്വോയറുകളിലും ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഇതുവഴി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരവും ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെ കൃഷിചെയ്ത് ഈ ഇനങ്ങളെ വ്യാപിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ രണ്ട് പ്രധാന ഓരുജലാശയങ്ങളായ വേമ്പനാട്, അഷ്ടമുടി കായലുകളിൽ കക്ക സമ്പത്തും മത്സ്യസമ്പത്തും സംരക്ഷിക്കുന്നതിന് 50 മത്സ്യ-കക്ക സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു.

## മുറ്റത്തൊരു മീൻ പദ്ധതി

321(1282) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളുടെ നശിച്ചുപോയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യകൃഷി ചെയ്യുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) മുറ്റത്തൊരു മീൻ എന്ന പേരിൽ ഫിഷറീസ് വകുപ്പ് നടത്തുന്ന പദ്ധതിയുടെ വിശദാംശം നൽകാമോ?

### ഉത്തരം

(എ) 2019-20 സാമ്പത്തികവർഷം ഉപയോഗശൂന്യമല്ലാതെ കിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 2019-20 സാമ്പത്തികവർഷം കാർപ്പ്, പങ്കേഷ്യസ്, നൈൽതിലാപ്പിയ, വരാൽ, കാരി, മുഷി, പൂമീൻ, കരിമീൻ, ചെമ്മീൻ, ഞണ്ട്, കല്ലുമ്മക്കായ എന്നിവയെ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി വെള്ളക്കെട്ടിലെ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഈ സാമ്പത്തികവർഷം ബ്ലൂ റെവലൂഷൻ പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച കുളത്തിൽ കാർപ്പ് കൃഷി, നവീകരിച്ച കുളത്തിൽ ചെമ്മീൻ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ഈ പദ്ധതികൾക്കായി കർഷകർക്ക് ജനകീയ മത്സ്യകൃഷി/ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിവിധ കൃഷി രീതികളുടെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിവരുന്നു. കൂടാതെ മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനവും സാങ്കേതിക സഹായവും ചെയ്തുവരുന്നു.

(ബി) " മുറ്റത്തൊരു മീൻതോട്ടം പദ്ധതി" ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡാക്ക് മുഖേനയാണ് നടപ്പിലാക്കിയത്. ടി പദ്ധതിക്കായി 19.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതി നിർവ്വഹണത്തിന് ആദ്യഗഡുവായി 15.96 ലക്ഷം രൂപ അഡാക്കിന് നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ 6 ജില്ലകളിൽ നടപ്പിലാക്കി. ടി ജില്ലകളിലെ 2065 കർഷകർക്ക് ട്രെയിനിംഗ് ഡിസംബർ 2018, ജനുവരി 2019 എന്നീ മാസങ്ങളിൽ നൽകിയിരുന്നു. ഒരു സെന്റിന് 123 കുഞ്ഞുങ്ങളെവച്ച് പരമാവധി 3 സെന്റ് വരെ ആസാംവാള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരുന്നു. സംസ്ഥാനത്ത് ആകെ 309959 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. 2520 യൂണിറ്റിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**പന്നിവേലിച്ചിറയിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ**

322 (1283) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറയിൽ ഫിഷറീസ് വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം ഇനങ്ങളിലുള്ള മത്സ്യങ്ങളാണ് അവിടെ നിന്ന് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷിയുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അതിന്റെ ഭാഗമായി എത്രത്തോളം പുതിയ കർഷകർ ഉൾനാടൻ മത്സ്യകൃഷിയിൽ വ്യാപൃതരായിട്ടുണ്ട് എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറയിൽ ഫിഷറീസ് വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിന്റെ നവീകരണത്തിനും ഗിഫ്റ്റ് ഹാച്ചറി നിർമ്മാണത്തിനുമായി 5 കോടി രൂപ അനുവദിക്കുകയും നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

2. അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബ് നിർമ്മാണത്തിനായി 35 ലക്ഷം രൂപ അനുവദിക്കുകയും, ആയതിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

3. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 84 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയായിരിക്കുകയുമാണ്.

4. അവയർനെസ് സെന്റർ കം കണ്ടീഷനിംഗ് ചേമ്പർ കം സെയിൽസ് കൗണ്ടർ നിർമ്മിക്കുന്നതിന് 32.65 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയായിരിക്കുകയുമാണ്.

5. സൈപ്രിനസ് മത്സ്യക്കുഞ്ഞുങ്ങളുടെ റിയറിംഗിനായി 10 മൺകുളങ്ങൾ നവീകരിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി) കട്‌ല, രോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ് കാർപ്പ് തുടങ്ങിയ കാർപ്പിനങ്ങളും ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളുമാണ് ഇവിടെനിന്നും ലഭ്യമാകുന്നത്.

(സി) ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായി ജനകീയ മത്സ്യകൃഷി എന്ന ബൃഹത് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. ആറന്മുള നിയോജക മണ്ഡല പരിധിയിൽ വിവിധ ഘടക പദ്ധതികളിലായി 227 കർഷകർ മത്സ്യകൃഷി ചെയ്തുവരുന്നു.

## ക്യൂ.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

323 (1284) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷനിൽ പള്ളിത്തോട്ടം ഡിവിഷനിലെ ക്യൂ.എസ്.എസ്. കോളനിയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള ഭവന പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2018-2019) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനിയിലെ ജീർണ്ണിച്ച് അപകടാവസ്ഥയിൽ

സ്ഥിതി ചെയ്തിരുന്ന 114 ഫ്ളാറ്റുകൾ പൊളിച്ചുമാറ്റി പുതിയ ഫ്ളാറ്റ് നിർമ്മാണ പദ്ധതിക്കായി 11.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 114 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ അനുമതി നൽകിയിരുന്നു. ക്യൂ.എസ്.എസ്. കോളനി ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഉപയോഗശൂന്യമായ റസിഡൻഷ്യൽ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്ത് കഴിഞ്ഞു. ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 114 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി മൂന്ന് ഫേസുകളായി തിരിച്ച് ടെണ്ടർ ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാർക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഫേസ് ഒന്നിലും രണ്ടിലും പൈൽ ഫൗണ്ടേഷൻ പുരോഗമിച്ചു വരുന്നു. ഫേസ് മൂന്നിൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ടി പ്രവൃത്തിയുടെ ഭാഗമായി ക്യൂ.എസ്.എസ്. കോളനി സ്ഥിതി ചെയ്യുന്ന കൊല്ലം കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനും മത്സ്യത്തൊഴിലാളികളല്ലാത്ത 65 താമസക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുമായി 23-9-2019-ൽ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**കുമ്പളം പഞ്ചായത്തിലെ ലൈവ്‌ലിഹുഡ് പദ്ധതി**

324(1285) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ കുമ്പളം പഞ്ചായത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ലൈവ്‌ലിഹുഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) എന്നത്തേയ്ക്ക് പദ്ധതി നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നതെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുമ്പളം പഞ്ചായത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ലൈവ്‌ലിഹുഡ് പദ്ധതിയിലെ കെട്ടിടത്തിന്റെ പൈൽ കാപ്, പ്ലിന്ത് ബീം എന്നിവ പൂർത്തീകരിക്കുകയും ഫില്ലിംഗ് പ്രവൃത്തി 70% പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി) ടി പദ്ധതി 2020 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആകെ ഇരുന്നൂറ്റി മുപ്പത്തി രണ്ട് ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന കെട്ടിടത്തിൽ 12 സ്റ്റാൾ, ഒരു ചിൽ റൂം, ഒരു ലേല ഹാൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**തീരദേശ റോഡുകളുടെ നിലവാരം**

325 (1286) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-16) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ആയവയിൽ പ്രവൃത്തി പൂർത്തീകരിക്കാത്തവ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-16) തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നൽകിയിട്ടുള്ള ഭരണാനുമതി തുക മണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. *

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2011-16) ഭരണാനുമതി നൽകിയതിൽ 42 തീരദേശ റോഡുകൾ പൂർത്തീകരിക്കാനുണ്ട്. സ്ഥലം ലഭ്യമല്ലാത്തതും പല കാരണങ്ങളാൽ വർഷങ്ങളായി പ്രവൃത്തി നടക്കാതിരുന്നതുമായ 113 റോഡ് പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുണ്ട്.

**തീരദേശ റോഡുകളുടെ നിലവാരം**

326 (1287) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19, 2019-20 സാമ്പത്തിക വർഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് ഭരണാനുമതി ലഭിച്ച മുഴുവൻ റോഡുകളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അപ്രകാരം പൂർത്തിയാകാത്ത റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും അറിയിക്കാമോ; ഇവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18, 2018-19, 2019-20 സാമ്പത്തികവർഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് ഭരണാനുമതി നൽകിയ മുഴുവൻ റോഡുകളുടെയും നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പൂർത്തിയാകാത്ത റോഡുപ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മറൈൻ ആംബുലൻസ് സൗകര്യം

327 (1288) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മറൈൻ ആംബുലൻസ് സൗകര്യം ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മറൈൻ ആംബുലൻസ് സൗകര്യം സംസ്ഥാനത്തെ ഏതെല്ലാം പ്രദേശത്താണ് ഏർപ്പെടുത്തേണ്ടതെന്ന് നിഗമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ ലഭ്യമല്ല. ഓഖി പോലുള്ള പ്രതികൂല സാഹചര്യങ്ങളിലും ആകസ്മികമായുണ്ടാകുന്ന കടൽ പ്രക്ഷുബ്ധഘട്ടങ്ങളിലും അടിയന്തര രക്ഷാപ്രവർത്തനം നടത്തുന്നതിനായി 3 മറൈൻ ആംബുലൻസുകൾ നിർമ്മാണ ഘട്ടത്തിലാണ്. പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്‌യാർഡ് മുഖേനയാണ് ടി മറൈൻ ആംബുലൻസുകൾ നീറ്റിലിറങ്ങുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായ മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് 2020 ഏപ്രിൽ ആദ്യവാരവും മറ്റ് 2 ആംബുലൻസുകൾ 2020 മേയ് മാസവും പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും രണ്ടാമത്തേത് എറണാകുളം ജില്ലയിലെ വൈപ്പിനിലും മൂന്നാമത്തേത് കോഴിക്കോട് ജില്ലയിലെ ബേപ്പൂരും രക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുന്നതിനാണ് ധാരണയായിട്ടുള്ളത്.

**മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ പ്രവർത്തനം**

328(1289) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുരികുളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിനുവേണ്ടി എത്ര തുകയുടെ പ്രൊപ്പോസൽ ആണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഹാച്ചറിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ കുരികുളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോണെടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ.) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ 6.65 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ പരിപാലനം നടത്തി കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, എർത്തേൺ പോണ്ട്, ഇൻറേണൽ റോഡ്, ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, സീഡ് പാർക്കിംഗ് ഷെഡ്, കുടിവെള്ള കിണർ എന്നിവയുടെ നിർമ്മാണവും, ഹൈമാസ്

ലൈറ്റ്, സി.സി.ടി.വി. ക്യാമറ, എയർ ബ്ലോവർ ഫെസിലിറ്റി, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വർക്ക് എന്നീ സംവിധാനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യകുഞ്ഞുല്പാദനവും വിപണനവും നടത്തിവരുന്നു. ഭരണാനുമതി നൽകിയതിൻപ്രകാരം പരമാവധി 12 മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തുറമുഖ നിർമ്മാണത്തിനായി ചെലവഴിച്ച തുക

329(1290) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതൊക്കെ തുറമുഖങ്ങളാണ് ഫിഷറീസ് വകുപ്പ് മുഖേന കിഫ്ബി വഴി നിർമ്മിക്കുന്നതെന്നും ഇതിനായി നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, ആലപ്പുഴ ജില്ലയിലെ ചെത്തി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുന്നത്. പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 112.22 കോടി രൂപയുടെയും ചെത്തി ഹാർബറിന് 97.44 കോടി രൂപയുടെയും ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചു. പരപ്പനങ്ങാടി തുറമുഖ നിർമ്മാണത്തിനായി കെ.എസ്.സി.എ.ഡി.സി. കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 32.91681 ലക്ഷം രൂപ ചെലവഴിച്ചു. ചെത്തി തുറമുഖത്തിന് CRZ ക്ലിയറൻസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ T.S, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മത്സ്യബന്ധന തുറമുഖ വികസനം

330 (1291) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഈ സർക്കാർ ഇതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) 2020-ൽ ഏതെങ്കിലും പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കാൻ ഈ സർക്കാർ ഇതുവരെ വിവിധ സ്കീമുകൾവഴി നടപ്പിലാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2020-ൽ സംസ്ഥാനത്തെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി 112.22 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിവഴി ലഭിച്ചു. പദ്ധതിയുടെ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

ചെത്തി മത്സ്യബന്ധനതുറമുഖത്തിന്റെ 97.44 കോടി രൂപയുടെ വികസന പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങളുടെ ഭാഗമായി ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ-മൺസൂൺ- പോസ്റ്റ്മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## മാവേലിക്കര നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾ അനുവദിച്ച തുക

331 (1292) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജകമണ്ഡലത്തിലെ റോഡുകൾക്കായി ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അനുവദിച്ച റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭിച്ചിട്ടില്ലെന്നതും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 14 റോഡ് പ്രവൃത്തികൾക്ക് 1000.11 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 1 നൂറനാട് പഞ്ചായത്ത് പടനിലം ഫിഷ് മാർക്കറ്റ് പറയാകുളം ജംഗ്ഷൻ-109.00

2 തഴക്കര പഞ്ചായത്ത് -വെട്ടിയാർപാലം ആറ്റുതീരം റോഡ്-111.00

3 മന്ദാലിൽ ക്ഷേത്രം നിരവിനാൽ കോളനി റോഡ് തഴക്കര പഞ്ചായത്ത് -101.00

4 മാളിയേക്കൽ-LPS-തെക്കെ ജംഗ്ഷൻ- കുന്നത്ത് ജംഗ്ഷൻ റോഡ് -63

5 പ്രായിക്കര അച്ചൻകോവിലാർ തീരദേശ റോഡ്- 76

ഭരണാനുമതി നൽകിയ 14 റോഡുകളിൽ 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാനുണ്ട്. 28-1-2020-ൽ ബഹുമാനപ്പെട്ട മാവേലിക്കര എം.എൽ.എ. പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും എസ്റ്റിമേറ്റ് സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(സി) ഭരണാനുമതി നൽകിയ 14 റോഡ് പ്രവൃത്തികളിൽ ഒരു റോഡ് പ്രവൃത്തിയുടെ ഭരണാനുമതി റെപ്പിറ്റേഷൻ ആയതിനാൽ (110.00 ലക്ഷം) റദ്ദാക്കിയിട്ടുണ്ട്. 8 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 5 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കായംകുളം ഫിഷിംഗ് ഹാർബറിലെ വികസന പ്രവർത്തനങ്ങൾ

332 (1293) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ട് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഹാർബറിൽ 2019-20 വർഷത്തിൽ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ഇവിടത്തെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ തെക്കെ പുലിമുട്ടിന്റെ തകർന്ന ഭാഗങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി 844 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാഥമിക ലെവൽസ് എടുക്കുകയും വേയ്ബ്രിഡ്ജ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടെട്രോപോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായംകുളം ഹാർബറിൽ 2019-20 വർഷത്തിൽ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. *

(സി) കായംകുളം ഹാർബറിലെ ലേലഹാളും പരിസരവും ദൈനംദിനം വൃത്തിയാക്കുന്നതിന് ടോൾ ലേലത്തിലെടുത്ത കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശുചിമുറികളും, കാന്റീനും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി നവീകരിക്കാറുണ്ട്. കായംകുളം ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ നടപ്പിലാക്കി ആഴം കൂട്ടിക്കൊണ്ട് യാനങ്ങൾക്ക് അപകടരഹിതമായി മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നതിന് IRE യുമായി ധാരണയിലെത്തുകയും കരാർ ഒപ്പിട്ട് പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നതിന് ശാശ്വത പരിഹാരം

333 (1294) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിക്ക് സമീപം പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽക്കുനയിൽ തട്ടി ബോട്ടുകൾ മറിയുന്നത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശാശ്വതമായി പരിഹരിക്കുന്നതിന് അവിടെ റിവർ ട്രെയിനിംഗ് വർക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ മാതൃകാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 365 മീറ്ററും 210 മീറ്ററും നീളമുള്ള രണ്ട് പുലിമുട്ടുകൾ അഴിമുഖത്തിന് ഇരുവശത്തുമായി നിർമ്മിക്കാൻ CWPRS നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പുതിയങ്ങാടി പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിച്ചുകൊണ്ട് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും മത്സ്യബന്ധന യാനങ്ങൾക്ക് അപകട രഹിതമായി അഴിമുഖത്തുകൂടി ലാന്റിംഗ് സെന്ററിലേയ്ക്ക് കയറിയിറങ്ങുന്നതിനുമായി 28.60 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

## ആവിയിൽതോട് പുനരുദ്ധാരണം

334 (T 1295) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ആവിയിൽതോട് പുനരുദ്ധരിക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തോട് പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ആവിയിൽതോട് പുനരുദ്ധരിക്കുന്നതിന് നിലവിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**കായംകുളം മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

335 (1296) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ ആകെ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ കാപ്പക്സിന്റെ അധീനതയിൽ ഉള്ള ഫാക്ടറികൾ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ, ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എന്നിവ വിശദമാക്കാമോ;

(ബി) കേരളത്തിൽ അടഞ്ഞുകിടന്നിരുന്ന എത്ര കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തുറന്ന് പ്രവർത്തിപ്പിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ ആകെ

| | | |
|---|---|---|
| കശുവണ്ടി ഫാക്ടറികൾ | - | 11 |
| കാപ്പെക്സ് | - | 2 |
| KSCDC | - | 1 |
| സ്വകാര്യ മേഖല | - | 8 |
| ജോലിക്കാർ | | |
| കാപ്പെക്സ് | - | 830 |
| KSCDC | - | 569 |
| സ്വകാര്യ മേഖല | - | 800 |
| ആകെ | - | 2199 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 511 ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

| ജില്ല | ഫാക്ടറികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 62 |
| കൊല്ലം | 413 |
| ആലപ്പുഴ | 16 |
| പത്തനംതിട്ട | 13 |
| എറണാകുളം | 1 |
| തൃശ്ശൂർ | 2 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 2 |
| ആകെ | 511 |

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി**

336 (1297) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; വിശദമാക്കുമോ;

(ബി) വിയറ്റ്നാമിൽ നിന്നും മൂല്യം കുറഞ്ഞ ഉല്പന്നം എന്ന നിലയിൽ സ്പെഷ്യൽ എക്കണോമിക് സോൺ വഴി കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുവാൻ കേന്ദ്രം നൽകിയ അനുമതി ഈ വ്യവസായത്തെ എപ്രകാരമാണ് ബാധിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഡി) കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനായി രൂപീകൃതമായ കാഷ്യു ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രവർത്തനം സംബന്ധിച്ചുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിട ന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. അടഞ്ഞുകിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പലിശ ധനസഹായം അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കാനറ ബാങ്ക് 37 യൂണിറ്റുകൾക്കും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ആറ് യൂണിറ്റുകൾക്കും ഫെഡറൽ ബാങ്ക് അഞ്ച് യൂണിറ്റുകൾക്കും യൂക്കോ ബാങ്ക് രണ്ട് യൂണിറ്റുകൾക്കും കൂടി ആകെ 31.20 കോടി രൂപ ഇതുവരെ അധികവായ്പ നൽകിയിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2-3-2020-ൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചിരുന്നു. കശുവണ്ടി വ്യവസായികളുടെ വായ്പയിന്മേൽ ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാൻ ബാങ്കുകളോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അർഹതയുള്ളവർക്കെല്ലാം അധികവായ്പ സമയബന്ധിതമായി അനുവദിക്കാനും അനുവദിക്കുന്ന വായ്പ പലിശയിൽ തട്ടിക്കിഴിക്കുന്നത് ഒഴിവാക്കാനും ഒറ്റത്തവണ തീർപ്പാക്കുന്ന കേസ്സുകളിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി മുതലിന്റെ നിശ്ചിത ശതമാനം തവണകളായി അടച്ചുതീർക്കാൻ ഒരുവർഷത്തെ സാവകാശം അനുവദിക്കാനും ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചു തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം ഇരുപതിനായിരത്തോളം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നമുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്. കേരള കാഷ്യൂ ബോർഡ് വഴി സംഭരിച്ച 20,000 ടണ്ണോളം തോട്ടണ്ടി കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ആ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്ത് കശുവണ്ടി കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസികൾ തീരുമാനിച്ചിരിക്കുകയാണ്. ആദ്യഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നും ഇത്തരത്തിൽ തോട്ടണ്ടി ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും സഹകരണ ബാങ്കിൽ നിന്നും കണ്ടെത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പൊതുമേഖലാ ഫാമുകളിൽ നിന്നുള്ള തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ശേഖരിക്കുന്നതിനുള്ള നടപടി ഈ വർഷവും തുടരുന്നതാണ്.

(ബി&സി) ഗുണനിലവാരം കുറഞ്ഞ ഇനത്തിൽപ്പെട്ട വിയറ്റ്നാമിൽ നിന്നുള്ള പരിപ്പ് കാലിത്തീറ്റയെന്ന വ്യാജേന സ്പെഷ്യൽ എക്കണോമിക്ക് സോൺ വഴി ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുവദിച്ചത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിലെ ഗുണമേന്മയുള്ള പരിപ്പിന്റെ വില കുറയ്ക്കാൻ കാരണമായിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഇത്തരം പരിപ്പിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കാഷ്യൂ ബോർഡിന്റെ പ്രവർത്തനം സർക്കാർതലത്തിൽ വിലയിരുത്തി വരുന്നുണ്ട്. കാഷ്യൂ ബോർഡിന്റെ ഇടപെടൽമൂലം കേരളത്തിൽ തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കാനും ന്യായവില ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇതിലൂടെ സാധ്യമാകും.

### കശുമാവ് കൃഷി വ്യാപന പ്രവർത്തനങ്ങൾ

337 (1298) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് കശുമാവ് കൃഷി വികസന ഏജൻസി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം വേണ്ട തോട്ടണ്ടി എത്ര ലക്ഷം ടൺ ആണെന്നും സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനം നിലവിലെത്രയാണെന്നും വിശദമാക്കാമോ;

(സി) ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുമെന്നത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. സംസ്ഥാനത്തെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കെ.എസ്.എ.സി.സി. അതുവഴി കശുമാവ് കൃഷിയിൽ തത്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, മാതൃക കശുമാവിൻ തോട്ടം, അതിസാന്ദ്രത കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

1. കശുമാവ് പുതുകൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ്-കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്-സംസ്ഥാനത്ത് കെ.എസ്.എ. സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. സംസ്ഥാനത്ത് കൃഷി സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ, അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിലുള്ള കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് കെ.എസ്.എ.സി.സി. ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ കുളത്തുപ്പുഴയിലെ 53 ഹെക്ടർ സ്ഥലത്തും വനം വകുപ്പിന്റെ കീഴിലുള്ള 18 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. തരിശ്ശായി കിടക്കുന്ന സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഏജൻസിയുടെ ചെലവിൽ ശാസ്ത്രീയമായ രീതിയിൽ കാഷ്യൂ മോഡൽ ഗാർഡൻ സ്ഥാപിക്കുന്നതിന് ശ്രമം നടത്തിവരുന്നു. ഏജൻസിയുടെ പൂർണ്ണനിയന്ത്രണത്തിൽ പത്തുവർഷം കശുമാവ് തൈകൾ വളർത്തിയ ശേഷം ഗാർഡന്റെ പൂർണ്ണ അവകാശം അതാത് സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം ജയിൽ വകുപ്പിന്റെ കീഴിൽ നെട്ടുകാൽത്തേരിയിലുള്ള 25 ഏക്കർ സ്ഥലത്ത് കാഷ്യൂ മോഡൽ ഗാർഡൻ വരും ദിവസങ്ങളിൽ ഉദ്ഘാടനം ചെയ്യുന്നതാണ്.

കാപ്പെക്സിന്റെയും കശുവണ്ടി വികസന കോർപ്പറേഷന്റെയും കീഴിലുള്ള ഫാക്ടറി കോമ്പൗണ്ടുകളിൽ കശുമാവ് കൃഷിയും കശുമാവ് നഴ്സറിയും മോഡൽ ഗാർഡനും നടത്തിവരുന്നുണ്ട്. കൂടാതെ കർഷകർക്ക് കശുമാവിന്റെ പ്രാധാന്യത്തെ

ക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ, കർഷക പരിശീലന പരിപാടികൾ എന്നിവ നടത്തി കർഷകരെ ഇതിലേയ്ക്ക് ആകർഷിക്കാനും കൂടുതൽ സ്ഥലത്തേയ്ക്ക് കശുമാവ് കൃഷി വ്യാപിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന് ഒരു വർഷം 6 ലക്ഷം ടണ്ണോളം തോട്ടണ്ടി ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ നിലവിലെ ആഭ്യന്തരോല്പാദനം എൺപത്തിയെണ്ണായിരത്തോളം ടൺ മാത്രമാണ്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നത് പ്രാവർത്തികമാക്കിയിട്ടില്ല. കേന്ദ്രസർക്കാരിന്റെയും ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയും അനുമതി ലഭിക്കാനുള്ള തടസ്സം, പാട്ടത്തിന് സ്ഥലം കിട്ടിയാൽത്തന്നെ നടീൽ പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെ ലഭ്യത, കൂലി, മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള സംഘടനകളുടെ നിലപാട്, തോട്ടണ്ടി ഉൽപ്പാദനം തുടങ്ങുമ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി പൂർണ്ണമായും കേരള സംസ്ഥാനത്തിന് തന്നെ ലഭ്യമാകുമെന്നതിന് ഉറപ്പില്ലാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിന് പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

## കശുവണ്ടി കൃഷി

338 (1299) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനും കാഷ്യൂ ബോർഡ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടെ പല കശുവണ്ടിത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളായി പരിണമിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീട്ടുവളപ്പിൽ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള സംസ്ഥാന സർക്കാർ നടപടികളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് മറ്റു കശുവണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കുന്നതിനാണ് നിലവിൽ ഊന്നൽ നൽകുന്നത്. കശുവണ്ടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിനുംവേണ്ടി മറ്റൊരു ഏജൻസി (Kerala State Agency for the Expansion of Cashew Cultivation) പ്രവർത്തിച്ചു വരുന്നതിനാൽ പ്രസ്തുത വിഷയത്തിൽ കേരള കാഷ്യൂ ബോർഡ് നിലവിൽ മറ്റ് നടപടികളൊന്നുംതന്നെ സ്വീകരിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) വീട്ടുവളപ്പിൽ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുറ്റത്തൊരു കശുമാവ് എന്ന പദ്ധതിയിലൂടെ അത്യുല്പാദനശേഷിയുള്ള അധികം ഉയരം വയ്ക്കാത്ത, വളർന്ന് പന്തലിക്കാത്ത കശുമാവ് ഗ്രാഫ്റ്റുകൾ വിതരണം നടത്തി പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

## പയ്യന്നൂരിലെ ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കേന്ദ്രത്തിൽ ഡിഗ്രി കോഴ്സുകൾ

339 (1300) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ പയ്യന്നൂർ ഉത്തരമേഖലാ കേന്ദ്രത്തിൽ ഡിഗ്രി കോഴ്സുകൾ എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഉത്തരമേഖലാ കേന്ദ്രമായ പയ്യന്നൂരിൽ കോളേജ് തുടങ്ങുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് കോഴ്സുകൾ ICAR-ന്റെ നിബന്ധനകൾക്ക് വിധേയമായാണ് നടത്തപ്പെടുന്നത്. അക്രെഡിറ്റേഷൻ ആവശ്യമായ ഭൗതിക സൗകര്യങ്ങളും ICAR നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയും ലഭ്യമാകുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(ബി) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഉപസമിതി, പയ്യന്നൂർ എം.എൽ.എ. എന്നിവരടക്കമുള്ളവർ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി 5.0935 ഹെക്ടർ വരുന്ന പയ്യന്നൂർ താലൂക്കിലെ കൊറോം വില്ലേജിലെ റീസർവ്വേ നമ്പർ-33/1 & 32/1 സർക്കാർ പുറംപോക്ക് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റം ചെയ്ത് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്.

(നക്ഷത്രചിഹ്നമിടാത്ത 1094-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II തിരുത്തിയ ഉത്തരം

31-10-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 31-10-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## III അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി. മിന്നൽ പണിമുടക്ക്

മി. സ്പീക്കർ: ഇന്നലെ തലസ്ഥാനത്തുണ്ടായ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെത്തുടർന്ന് ഒരു യാത്രക്കാരൻ യഥാസമയം ചികിത്സ ലഭിക്കാതെ മരണമടഞ്ഞതും പൊതുജനങ്ങൾക്ക് യാത്രാക്ലേശമുണ്ടായതും സർക്കാർ ഇക്കാര്യത്തിൽ യഥാസമയം ഇടപെടാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരത്ത് ആറ്റുകാൽ ഉത്സവവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ബസ് സർവ്വീസുകൾ നടത്തുന്നതിന് കിഴക്കേകോട്ട സിറ്റി ബസ് സ്റ്റാന്റിൽ പോലീസ് ചില സുരക്ഷാ ക്രമീകരണങ്ങൾ വരുത്തിയിരുന്നു. 4-3-2020-ന് രാവിലെ സജിത്ത് എന്ന പ്രൈവറ്റ് ബസ് കിഴക്കേകോട്ട സ്റ്റോപ്പിൽനിന്നല്ലാതെ ഗാന്ധിപാർക്കിന് സമീപത്തുനിന്ന് യാത്രക്കാരെ കയറ്റിയെന്നും സമയക്രമം തെറ്റിച്ച് ബസ് ഓപ്പറേറ്റ് ചെയ്തുവെന്നും ആരോപിച്ച് കെ.എസ്.ആർ.ടി.സി.-യിലെയും സ്വകാര്യ ബസിലെയും ജീവനക്കാർ തമ്മിൽ സംഘർഷമുണ്ടായി. കെ.എസ്.ആർ.ടി.സി. ജീവനക്കാർ സംഘം ചേർന്ന് സ്വകാര്യ ബസ് തടഞ്ഞു. സംഘർഷത്തെക്കുറിച്ചുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി.

---

*അനുബന്ധമായി ചേർക്കുന്നു.

പ്രൈവറ്റ് ബസ്സിലെ കണ്ടക്ടറെ മർദ്ദിക്കുന്നത് തടയാൻ ശ്രമിച്ചപ്പോൾ എ.ടി.ഒ. ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാർ പോലീസിന്റെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തി. സംഭവത്തിൽ ഒരു സിവിൽ പോലീസ് ഓഫീസർക്ക് പരിക്കേറ്റിട്ടുണ്ട്. ഇതിനിടയിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽനിന്നും കൂടുതൽ പോലീസ് സ്ഥലത്തെത്തുകയും പരിക്കേറ്റ പോലീസുദ്യോഗസ്ഥനെ ചികിത്സയ്ക്കയച്ചശേഷം സംഭവത്തിലുൾപ്പെട്ട കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോയിലെ അഞ്ച് ജീവനക്കാരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ഇവർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ IPC 143, 147, 149, 294(b), 353, 332 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 495/2020 ആയി കേസ് രജിസ്റ്റർ ചെയ്തു. പ്രൈവറ്റ് ബസ് തടയുകയും സ്ഥലത്തെത്തിയ പോലീസുദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ചെയ്തതിനുപുറമെ മറ്റൊരു സ്വകാര്യ ബസ്സിലെ കണ്ടക്ടറെയും ചില ജീവനക്കാർ ദേഹോപദ്രവം ഏൽപ്പിച്ചതായാണ് റിപ്പോർട്ട്. സ്വകാര്യ ബസ്സിലെ കണ്ടക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 294(b), 323, 34 വകുപ്പുകൾ അനുസരിച്ച് ക്രൈം നം. 497/2020 പ്രകാരം അഞ്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് ഒരുകൂട്ടം കെ.എസ്.ആർ.ടി.സി. ജീവനക്കാർ രാവിലെ 11.30-ന് ഫോർട്ട് പോലീസ് സ്റ്റേഷന് മുൻവശത്തുള്ള റോഡിൽ സംഘം ചേർന്ന് വാഹനങ്ങൾ തടയുകയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും മറ്റും ആക്രമിക്കുകയും ചെയ്തു. ഈ സംഭവത്തിൽ പരിക്കേറ്റ ദീപക് രാജ് എന്ന ഓട്ടോറിക്ഷ ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 294(b), 341, 323, 506, 34 വകുപ്പുകൾ പ്രകാരം മൂന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 496/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ കസ്റ്റഡിയിലെടുത്തെന്ന കാരണം പറഞ്ഞാണ് അവർ മിന്നൽ പണിമുടക്ക് നടത്തിയത്. 4-3-2020-ന് രാവിലെ 10.30 മുതൽ വൈകുന്നേരം 4.00 മണിവരെ അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയുള്ള പൊതുനിരത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ തലങ്ങുംവിലങ്ങും പാർക്ക് ചെയ്ത് ഗതാഗത തടസ്സമുണ്ടാക്കുകയും കാൽനട യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഡ്രൈവർമാർക്കെതിരെ IPC 188, 283, 34 പ്രകാരവും The Essential Services Maintenance Act-ലെ 4, 5 വകുപ്പുകൾപ്രകാരവും ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 499/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ രാവിലെ 11.30-ന് തമ്പാനൂരിൽ ഗതാഗത തടസ്സം സൃഷ്ടിച്ചതിന് IPC 143, 147, 149, 188, 283 വകുപ്പുകൾ പ്രകാരം തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 450/2020

ആയും ബസ്സുകളുടെ ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ഇതിനിടെ കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ബസ് കാത്തുനിൽക്കുകയായിരുന്ന കടകംപള്ളി സ്വദേശിയായ സുരേന്ദ്രൻ വൈകിട്ട് 3.00 മണിയോടെ കുഴഞ്ഞു വീണതിനെത്തുടർന്ന് പോലീസ് അദ്ദേഹത്തെ ആംബുലൻസിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും 3.15-ന് അദ്ദേഹം മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവിന്റെ മൊഴി രേഖപ്പെടുത്തി ക്രിമിനൽ നടപടിക്രമം 174 പ്രകാരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 500/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4-3-2020-ന് രാവിലെ 9.40-ന് കിഴക്കേ കോട്ടയിൽനിന്നും കസ്റ്റഡിയിലെടുത്ത മൂന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാരെ വൈകുന്നേരം 5.10-ന് ജാമ്യത്തിൽ വിട്ടയച്ചു. സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈര ജീവിതം തടസ്സപ്പെടുത്തുന്ന ഇത്തരം മിന്നൽ സമരങ്ങളെ അംഗീകരിക്കാനാകില്ല. പ്രത്യേകിച്ച് നഗരമൊട്ടുക്കും ഉത്സവാന്തരീക്ഷം നിലനിൽക്കുന്ന ഘട്ടത്തിൽ ഈ സമരം ഒഴിവാക്കപ്പെടേണ്ടതായിരുന്നു. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെക്കുറിച്ച് പരിശോധിക്കും. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ വിഷയം ഇന്നലെ സഭ പിരിയുന്നതിനുമുമ്പ് ഞാനിവിടെ ഉന്നയിക്കുകയും ഗതാഗത വകുപ്പുമന്ത്രിക്ക് കത്ത് കൊടുക്കുകയും ചെയ്തിരുന്നു. തലസ്ഥാനത്ത് ഇത്രയും വലിയൊരു സംഭവമുണ്ടായ സ്ഥിതിക്ക് ഗതാഗത വകുപ്പുമന്ത്രി ഇന്നിവിടെ ഹാജരാകേണ്ടതായിരുന്നു. അദ്ദേഹത്തിന് അസൗകര്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ടാകണമായിരുന്നു. ഗതാഗതം, പോലീസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് തലസ്ഥാനം നേരിട്ട ഗുരുതരമായൊരു പ്രശ്നത്തെ സംബന്ധിച്ച് ഇത്ര ലാഘവത്തോടെ മറുപടി പറഞ്ഞത് ശരിയാണോ? ….(ബഹളം)….

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നിലപാട് കൃത്യമായും അദ്ദേഹം പറയും. ….(ബഹളം.)…. ഇന്ന ആളുതന്നെ പറയണമെന്ന് വാശിപിടിക്കരുത്. സഭയിൽ ഹാജരാകാൻ ചിലപ്പോൾ വ്യക്തിപരമായ പല പ്രയാസങ്ങളുണ്ടാകാം, നമുക്കും ബുദ്ധിമുട്ടുണ്ടാകാറുണ്ട്. പക്ഷേ, സർക്കാർ ഒഴിഞ്ഞു മാറിയിട്ടില്ല. മറുപടി പറയുന്നതിനായി മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം കൃത്യമായി മറുപടി പറഞ്ഞിട്ടുണ്ട്. ….(ബഹളം)….. നമുക്കെല്ലാവർക്കും സഭയിൽ ഹാജരാകാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടാകാറില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗതാഗത വകുപ്പുമന്ത്രിക്ക് അസൗകര്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാമായിരുന്നില്ലേ; പോലീസും ഗതാഗതവും തമ്മിലുള്ള പ്രശ്നമല്ലേ; അദ്ദേഹം എവിടെപ്പോയി?

മി. സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രനെ ആതറൈസ് ചെയ്തുകൊണ്ട് അദ്ദേഹം മറുപടി പറയും. അദ്ദേഹത്തിന്റെ മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പോൾ സംസാരിച്ചാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുസംബന്ധിച്ച് നോട്ടീസ് കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. അദ്ദേഹം ഇത്രയും സമയം സഭയിലുണ്ടായിരുന്നു, ഇപ്പോൾ ഇവിടെനിന്നും പോയി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അത്യാവശ്യ കാര്യത്തിനായി പോയതാണ്. അദ്ദേഹം ഇവിടെത്തന്നെയുണ്ട്, ഇതെല്ലാം നിരീക്ഷിക്കുന്നുണ്ട്, അടിയന്തരമായി സഭയിലെത്തും. ....(ബഹളം.)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കരുത്. സർക്കാരിന്റെ അഭിപ്രായം പറയാനുള്ള അവകാശം എല്ലാ മന്ത്രിമാർക്കുമുണ്ടെന്നുള്ളത് മനസ്സിലാക്കണം. ....(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു മന്ത്രിയില്ലെങ്കിൽ മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തുന്നതിൽ തെറ്റൊന്നുമില്ല. തലസ്ഥാന നഗരം 5 മണിക്കൂർ സ്തംഭിപ്പിച്ച സംഭവമാണിത്.

മി. സ്പീക്കർ: അതാണല്ലോ ശ്രീ. എം. വിൻസെന്റ് പറയാൻ പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതീവ ഗൗരവമുള്ള വിഷയമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട് ഇതെല്ലാം കേൾക്കുകയാണ് എന്നുപറഞ്ഞ് ഞങ്ങളെ പൊട്ടന്മാരാക്കുകയാണോ? ....(ബഹളം).....

മി. സ്പീക്കർ: ദയവായി ആര് പറയണം, എന്ത് പറയണമെന്ന് നിങ്ങൾ തീരുമാനിക്കരുത്. അത് ശരിയല്ല. ഇത് കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയാണ്. ആ മന്ത്രിസഭയിലെ ഒരാൾ മറ്റൊരാളെ ചുമതലപ്പെടുത്തിയാൽ അത് ഗവൺമെന്റിന്റെ അഭിപ്രായമാണ്. ....(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കല്ലേ ഞങ്ങൾ നോട്ടീസ് കൊടുത്തത്? അദ്ദേഹം വളരെ ലാഘവത്തോടെയാണ് ഇതിനെ കാണുന്നത്. ....(ബഹളം).....

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് സംസാരിക്കൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്നലെ നടന്ന സംഭവത്തിൽ സർക്കാർ കാണിച്ച തികഞ്ഞ അലംഭാവമാണ് ഇന്നും തുടരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുകയാണ്. മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നിട്ടും ഒരു പ്രതിപക്ഷാംഗം ഉന്നയിക്കുന്ന അടിയന്തരപ്രമേയത്തിന് മറുപടി പറയാതെ ഒളിച്ചോടിയിരിക്കുകയാണ്. അല്ലെങ്കിൽ ഇവിടെയുണ്ടായിരുന്ന മുഖ്യമന്ത്രിക്ക് എന്തുകൊണ്ടാണ് ഈ സഭയിൽ വന്ന് ഇന്നലെ നടന്ന സംഭവങ്ങൾക്ക് കൃത്യമായ വിശദീകരണം നൽകാൻ സാധിക്കാത്തത്? ഇത് തികഞ്ഞ അലംഭാവമാണ്. സാധാരണയായി മുഖ്യമന്ത്രി ഇല്ലെങ്കിൽ മുതിർന്ന മന്ത്രിയെന്ന നിലയ്ക്ക്......

മി. സ്പീക്കർ: മന്ത്രിസഭയ്ക്കുവേണ്ടിയല്ലേ ഇവിടെ സംസാരിക്കുന്നത്? ശ്രീ. എം. വിൻസെന്റ് ദയവായി അതിലേയ്ക്ക് പോകരുത്. നിങ്ങൾ വിഷയം അവതരിപ്പിക്കൂ. .......(ബഹളം).....

ശ്രീ. എം. വിൻസെന്റ്: സർ, വ്യവസായ വകുപ്പുമന്ത്രിയാണ് സാധാരണ മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറയുന്നത്.

മി. സ്പീക്കർ: എന്താണ് പറയുന്നത്; മന്ത്രിസഭയിൽ ആര് പറയണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങളുടെ കാലത്തുള്ളതുപോലെയല്ല, ഇത് കൂട്ടമന്ത്രിസഭയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു മന്ത്രിയെ മറുപടി പറയാൻ ചുമതലപ്പെടുത്തിയത്. അദ്ദേഹത്തിന് വ്യക്തിപരമായ ആവശ്യമുള്ളതുകൊണ്ട് ഇന്നലെ പോകേണ്ടിവന്നു. മനുഷ്യരല്ലേ; പലതും സംഭവിക്കാമല്ലോ, അതുകൊണ്ട് പോകേണ്ടിവന്നു. ഇത് സാമാന്യരീതിയിൽ നമുക്കെല്ലാം മനസ്സിലാക്കാവുന്നതല്ലേ. വിഷയം അവതരിപ്പിക്കുക, വിശദമായി ചർച്ച ചെയ്യാം, പരിശോധിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രീ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഞങ്ങൾ നോട്ടീസ് നൽകിയത്. ഗതാഗത വകുപ്പുമന്ത്രിക്ക് വ്യക്തിപരമായ ആവശ്യമുള്ളതുകൊണ്ട് പോകുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ, മുഖ്യമന്ത്രി സഭയിൽ ഇല്ലായിരുന്നുവെങ്കിൽ മനസ്സിലാക്കാം, അദ്ദേഹം ഇവിടെയുണ്ടായിരുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് കൊടുത്ത നോട്ടീസ് ആതറൈസ് ചെയ്യുന്നത് ആദ്യമായാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, എത്രയോ തവണ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ എതിർത്തിട്ടുണ്ടോ? അത് സാധാരണഗതിയിലുള്ള നടപടിചട്ടമാണ്, ഞങ്ങൾക്കത് മനസ്സിലാകും. എന്നാൽ ഇതുവരെ സഭയിലുണ്ടായിരുന്ന മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറാകാതെ പോയത് ഗൗരവതരമായ ഈ സംഭവത്തെ അദ്ദേഹം എത്ര ലാഘവബുദ്ധിയോടെ കാണുന്നുവെന്നതിന് ഉദാഹരണമല്ലേ?

മി. സ്പീക്കർ: ദയവായി അങ്ങനെ കാണരുത്.

ശ്രീ. എം. വിൻസെന്റ്: സർ, ഗൗരവതരമായ ഈ സംഭവത്തെ ഗവൺമെന്റ് ഇപ്പോഴും അലംഭാവത്തോടുകൂടിയാണ് കാണുന്നത്. ഇതിന് യാതൊരു ഗൗരവവും ഗവൺമെന്റ് കൊടുക്കുന്നില്ല. തിരുവനന്തപുരത്തിന്റെ മന്ത്രിയായ ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രനെയാണ് മറുപടി പറയാൻ ചുമതലപ്പെടുത്തിയത്. ഇന്നലെ ഈ സംഭവമുണ്ടായിട്ട് ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് മറുപടി പറയാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതിനുശേഷമാണ് മരണപ്പെട്ട ആളിന്റെ വീട്ടിലേയ്ക്ക് പോകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായത്. ജ്വല്ലറി മുതൽ ബ്യൂട്ടിപാർലർ വരെ ഉദ്ഘാടനം ചെയ്യാൻ പോകുന്ന മന്ത്രി ഇത്രയും വലിയൊരു സംഭവമുണ്ടായിട്ട് അവിടേയ്ക്ക് തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല. പ്രതിപക്ഷനേതാവും ഉപനേതാവും അവിടെ പോയിരുന്നു. ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഇന്നലെ ഏതെങ്കിലുമൊരു മന്ത്രി അവിടെ പോകേണ്ടതായിരുന്നില്ലേ? ഇവിടെ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, സമാനതകളില്ലാത്ത സംഭവ പരമ്പരകൾക്കാണ് ഇന്നലെ രാവിലെ 9.00 മണിമുതൽ തലസ്ഥാന നഗരം സാക്ഷ്യംവഹിച്ചത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരും പോലീസും ഗവൺമെന്റുംകൂടി 6 മണിക്കൂർ ജനങ്ങളെ ബന്ദിയാക്കി വച്ചു. ഇന്നലെ ഈ സംഭവം നടക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ഡിമാന്റ് ചർച്ചയും ഇവിടെ നടക്കുകയായിരുന്നു. ഇവിടെ കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തിയതിന്റെ വീരകഥകളെല്ലാം മന്ത്രി വിശദീകരിച്ചു. അദ്ദേഹം ഐ.സി.യു.-വിൽ കിടന്ന കെ.എസ്.ആർ.ടി.സി.-യെ വാർഡിലേയ്ക്ക് മാറ്റിയ വീരനായകനാണെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ജന്മംകൊണ്ട അവതാരപുരുഷനാണെന്നുവരെ അഭിനന്ദന കമ്മിറ്റിക്കാർ ഇവിടെ വാനോളം പുകഴ്ത്തി. അങ്ങനെ വാനോളം പുകഴ്ത്തുന്നതിനിടയ്ക്ക് പരീക്ഷയ്ക്കും ജോലിക്കും ആശുപത്രിയിലുമൊക്കെ പോകാൻ കഴിയാതെ കുട്ടികളും പ്രായമായവരും ഗർഭിണികളും രോഗികളുമടക്കമുള്ളവർ പൊരിവെയിലത്ത് 6 മണിക്കൂർ നിൽക്കുകയുണ്ടായി. തലസ്ഥാനമല്ലേ, നിയമസഭ നടക്കുകയല്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമുണ്ടല്ലോ, നിമിഷനേരംകൊണ്ട് ഇത് പരിഹരിക്കുമെന്ന് ജനങ്ങൾ വിചാരിച്ചു. എന്നാൽ ആരും തിരിഞ്ഞുനോക്കിയില്ല. മുഖ്യമന്ത്രിയും മന്ത്രിമാരും

എവിടെയായിരുന്നു? കെ.എസ്.ആർ.ടി.സി. മാനേജ്മെന്റും പോലീസ് അധികാരികളുമൊക്കെ എവിടെയായിരുന്നു? ആരാണ് ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ടത്; ആരാണ് ഈ സംഭവത്തിൽ ഇടപെടേണ്ടത്; ആരാണ് ഇത് പരിഹരിക്കേണ്ടത്? ഒരു ഫോൺകോൾ കൊണ്ട് ഒരു മിനിറ്റിൽ പരിഹരിക്കാൻ കഴിയുന്ന ഈ വിഷയം സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം 6 മണിക്കൂർ നീണ്ടുപോയി.

ബഹുമാനപ്പെട്ട മന്ത്രിക്ക് പരിചയമുള്ള ആളായിരിക്കും മരണപ്പെട്ട കടകംപള്ളി സ്വദേശിയെന്ന് എനിക്ക് തോന്നുന്നു. 6 മണിക്കൂർ കാത്തുനിന്ന സുരേന്ദ്രൻ എന്ന സാധുമനുഷ്യൻ ഹൃദയം പൊട്ടിയാണ് മരിച്ചത്. രാവിലെ മരുന്നുവാങ്ങാൻ കിഴക്കേകോട്ടയിൽ വന്ന അദ്ദേഹം ഓട്ടോറിക്ഷ പിടിച്ച് വീട്ടിൽ പോകാൻ പണമില്ലാത്ത പാവപ്പെട്ടവനായിരുന്നു. കടക്കെണിയിലായതിനെത്തുടർന്ന് സ്വന്തം വീട് വിറ്റ് ഭാര്യാസഹോദരിയുടെ വീട്ടിൽ താമസിക്കുന്ന ഇവരെ ലൈഫ് മിഷന്റെ കമ്മിറ്റിക്കാർ ആരും കണ്ടിട്ടില്ല. മിന്നൽ പണിമുടക്ക് മരണദൂതനായി വന്ന് രണ്ട് പെൺകുട്ടികളുടെ പിതാവായ അദ്ദേഹത്തിന്റെ ജീവൻ അപഹരിക്കുകയുണ്ടായി. അദ്ദേഹം ഈ സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെ ഇരയാണ്. ഇതിന്റെ vicarious liability സർക്കാരിനാണ്, മുഖ്യമന്ത്രിക്കാണ്. അതിൽ നിന്ന് ഈ സർക്കാരിന് ഒഴിഞ്ഞുമാറാൻ കഴിയില്ല.

ഡൽഹി കലാപത്തിൽ ഭരണകൂടം നിഷ്ക്രിയമായതിനെക്കുറിച്ച് നമ്മൾ വിമർശിച്ചു. 6 മണിക്കൂർ കലാപസമാനമായ ഒരു അന്തരീക്ഷം ഇവിടെയുണ്ടായപ്പോൾ നിഷ്ക്രിയത്വത്തിൽ ഡൽഹി ഭരണകൂടത്തെ ഓർമ്മിപ്പിക്കുന്ന ഒരു ഗവൺമെന്റല്ലേ ഇവിടെയുണ്ടായത്? 9.10-ന് ത്രിക്കണ്ണാപുരത്തുനിന്ന് സർവ്വീസ് തുടങ്ങേണ്ട സ്വകാര്യ ബസ് 9.00 മണിക്ക് കിഴക്കേകോട്ടയിൽ നിന്ന് സർവ്വീസ് ആരംഭിച്ചു. ഇത് ചോദ്യംചെയ്തുകൊണ്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർ ബസ് തടയുകയും പോലീസിനെ അറിയിക്കുകയും ചെയ്തു. പോലീസ് എത്തിയപ്പോൾ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും പോലീസും തമ്മിൽ വാഗ്വാദമുണ്ടാകുകയും പോലീസ് സ്വകാര്യ ബസ്സിനെ പോകാൻ അനുവദിക്കുകയും ചെയ്തു. ആ സംഭവം അവിടെ തീർന്നു. അതിനുശേഷം ഡിസ്ട്രിക് ട്രാൻസ്പോർട്ട് ഓഫീസറും ജീവനക്കാരും ആറ്റുകാൽ പൊങ്കാലയ്ക്കുവേണ്ടി പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള സ്റ്റേഷൻ മാസ്റ്റർ ഓഫീസിലേയ്ക്ക് പോയി. ഇരുപത് മിനിറ്റ് കഴിഞ്ഞപ്പോൾ ഫോർട്ട് പോലീസ് വന്ന് ക്രിമിനലുകളെ പിടിക്കുന്നതുപോലെ ഡി.റ്റി.ഒ.-യുടെ കഴുത്തിന് കുത്തിപ്പിടിച്ച് കോളറിൽ തൂക്കിയെടുത്ത് പോലീസ് ജീപ്പിലേയ്ക്കിട്ടു. സർക്കിൾ ഇൻസ്പെക്ടർ മൊബൈൽ ഫോണിലൂടെ 'ശ്യാമേ നീ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തോ ഇവന്മാരുടെ കാര്യം ഞാൻ നോക്കിക്കൊള്ളാം' എന്നുപറഞ്ഞ് അവരെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയാണ്. ഇതാണ് പോലീസിന്റെ അതിക്രമം. അതിനുശേഷം

നിരുത്തരവാദപരമായ, ന്യായീകരണം അർഹിക്കാത്ത നടപടിയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായത്. ആദ്യം സിറ്റി ഡിപ്പോയിലും പിന്നീട് തമ്പാനൂർ, പഴവങ്ങാടി, സെക്രട്ടേറിയറ്റിന് മുൻവശം അങ്ങനെ എല്ലായിടത്തും വാഹനങ്ങൾ സ്തംഭിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ റിട്ടയറിംഗ് റൂമിലെ ജനലിൽക്കൂടി നോക്കിയാൽ ഈ നഗരത്തിന്റെ സ്തംഭനാവസ്ഥ കാണാമായിരുന്നു. ആ നിലയിൽ നഗരം മുഴുവനും സ്തംഭിക്കുന്ന സാഹചര്യമുണ്ടായി. എവിടെ വച്ചാണോ സന്ദേശം കിട്ടുന്നത് അവിടെ ബസ് നിർത്തി യാത്രക്കാരെ പെരുവഴിയിൽ ഇറക്കിവിടുകയാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർ ചെയ്തത്. ശമ്പളം ലഭിക്കാത്ത ജീവനക്കാരോട് സഹതാപമുണ്ടായിരുന്ന സമൂഹത്തോടാണ് അവർ ഈ കടുംകൈ ചെയ്തത്. ഈ ഗുരുതരമായ സാഹചര്യത്തിൽ അവർക്കെതിരെ കനത്ത ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ സംഭവം കഴിഞ്ഞപ്പോൾ ഇതുസംബന്ധിച്ച് കളക്ടർ അന്വേഷിക്കുമെന്ന് പറയുകയാണ്. 6 മണിക്കൂർ നഗരത്തിൽ കലാപസമാനമായ അന്തരീക്ഷമുണ്ടായപ്പോൾ ഒരു ചെറുവിരൽപോലും അനക്കാത്ത കളക്ടറെ അന്വേഷണത്തിന് ഏൽപ്പിച്ചിരിക്കുന്നു. 'ഊമ പെണ്ണിന് ഉരിയാടാ പയ്യൻ' എന്നുപറയുന്നതുപോലെ 'ഉറങ്ങിക്കിടക്കുന്ന ഗവൺമെന്റിന് അനങ്ങാത്ത കളക്ടർ'. ഈ കളക്ടറെക്കൊണ്ട് അന്വേഷിച്ചാൽ എന്ത് നടപടിയാണ് ഉണ്ടാകാൻ പോകുന്നത്? നമ്മളെല്ലാവരും വിമർശിച്ചൊരു സംഭവമാണ് നോട്ട് നിരോധന സമയത്ത് ശ്രീ. നരേന്ദ്ര മോദി ബാങ്കുകൾക്ക് മുന്നിൽ ജനങ്ങളെ ക്യൂ നിർത്തി അനേകംപേരുടെ മരണത്തിനിടയാക്കി എന്നത്. അതിനുസമാനമല്ലേ സർക്കാർ ഈ മിന്നൽ പണിമുടക്ക് യഥാസമയം പരിഹരിക്കാത്തതുമൂലം ബസ് സ്റ്റാൻഡിൽ ഒരു പാവപ്പെട്ടവന്റെ ജീവൻ നഷ്ടമായതെന്ന് ഞാൻ ആലോചിക്കുകയാണ്. നിരാലംബമായ അദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ട പരിഹാരം നൽകാൻ സർക്കാർ തയ്യാറാകണം. കൃപേഷിന്റെയും ശരത്ത് ലാലിന്റെയും ഷുഹൈബിന്റെയും കൊലയാളികളെ സംരക്ഷിക്കാൻ ഈ സർക്കാർ 80 ലക്ഷം രൂപ നൽകി. അതുപോലെ ഇവർക്ക് 50 ലക്ഷം രൂപ നഷ്ടപരിഹാരവും കുടുംബത്തിന് ജോലിയും നൽകണം. തലസ്ഥാന നഗരിയിൽ ഇന്നുവരെ ഇങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. ഈ സർക്കാരിന് 5.30-നുണ്ടായ വിവേകം 10.30-നുണ്ടായെങ്കിൽ ഇങ്ങനെയൊരു സംഭവം ഉണ്ടാകുമായിരുന്നില്ല. ഈ സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെയും കെടുകാര്യസ്ഥതയുടെയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ ഒരു മുന്നറിയിപ്പുമില്ലാതെ ഡാമുകൾ തുറന്നുവിട്ട അതേ നിഷ്ക്രിയത്വം ഇന്നും തുടരുകയാണ്. അതുകൊണ്ടാണ് ഇത്തരം സംഭവ പരമ്പരകളുണ്ടാകുന്നത്. അതുകൊണ്ട് സമാനതകളില്ലാത്ത ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം. ഉത്തരവാദപ്പെട്ട മന്ത്രിമാർ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഇന്ന് ഗതാഗത വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ

സഭയിലില്ല. തലസ്ഥാന നഗരത്തോടും ഇവിടത്തെ ജനങ്ങളോടും എന്തിനാണ് അവഗണന കാണിക്കുന്നത്? സെക്രട്ടേറിയറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ഈ സംഭവം നടന്നത് അല്ലാതെ ഉൾനാടൻ പ്രദേശങ്ങളായ ഇടുക്കിയിലോ വയനാട്ടിലോ അല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ നടന്ന ഈ സംഭവത്തിലിടപെടാൻ തയ്യാറാകാത്ത ഗവൺമെന്റിനാണ് ഇതിന്റെയെല്ലാം ഉത്തരവാദിത്വം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നമ്മുടെ സംസ്ഥാനത്തെയും തലസ്ഥാന നഗരിയെയും സംബന്ധിച്ച് വളരെയേറെ അപമാനകരമായൊരു സമരാഭാസമാണ് ഇന്നലെ നടന്നതെന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നിർദ്ദേശിച്ചതനുസരിച്ചാണ് ഞാൻ മറുപടി പറയാൻ ശ്രമിച്ചത്. ഈ വിഷയത്തിന് വളരെയേറെ ഗൗരവമുണ്ടെന്നാണ് ആദരണീയനായ പ്രതിപക്ഷനേതാവ് പറയുന്നതും നമുക്കെല്ലാം ബോധ്യമുള്ളതും. അങ്ങനെയാണെങ്കിൽ ശ്രീ. എം. വിൻസെന്റിനെ ഒഴിവാക്കി മറ്റേതെങ്കിലും പ്രധാനപ്പെട്ടൊരു നേതാവിനെക്കൊണ്ട് അടിയന്തരപ്രമേയം അവതരിപ്പിക്കാമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. .....(ബഹളം)...... ഏറ്റവും പിൻനിരക്കാരനായ ശ്രീ. എം. വിൻസെന്റിനെ ഇത്രയും ഗൗരവമുള്ള വിഷയം അവതരിപ്പിക്കാൻ ചുമതലപ്പെടുത്തേണ്ട കാര്യമില്ലായിരുന്നുവെന്നാണ് ഞാൻ പറയുന്നത്. .......(ബഹളം)..... മുൻനിരക്കാരായ ആളുകൾ ഇവിടെ ഉണ്ടല്ലോ? .... (ബഹളം)... നിങ്ങൾ അസ്വസ്ഥതപ്പെട്ടിട്ട് കാര്യമില്ല. നിങ്ങൾക്ക് പറയാം, അതിന് ഞാൻ മറുപടി പറയാൻ പാടില്ലെന്ന് പറയുന്നത് ശരിയാണോ? .....(ബഹളം)...... തിരുവനന്തപുരം ജില്ലക്കാരനായതുകൊണ്ടായിരിക്കാം ശ്രീ. എം. വിൻസെന്റിനെ ചുമതലപ്പെടുത്തിയത്.

(മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി സ്പീക്കർ: പ്ലീസ്, സീറ്റിലേയ്ക്ക് പോകൂ.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. എം. വിൻസെന്റ് പറഞ്ഞതുപോലെ ഞാൻ തലസ്ഥാന നഗരിയിലെ എല്ലാ കാര്യങ്ങളിലും ബന്ധപ്പെടുന്ന വ്യക്തിയാണ്. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയിലെ ഒരു മന്ത്രിക്ക് മറുപടി പറയാൻ പാടില്ലെന്ന് പറയാൻ സാധിക്കുമോ? ...(ബഹളം)... അത് പറഞ്ഞത് വളരെ മോശമായിപ്പോയി, കഷ്ടമായിപ്പോയി എന്നേ എനിക്ക് പറയാനുള്ളൂ. ഈ വിഷയം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ളതും നടപടികൾ സ്വീകരിച്ചിട്ടുള്ളതും, യാതൊരു സംശയവും വേണ്ട. .... (ബഹളം)....

മി. സ്പീക്കർ: പ്ലീസ്, സീറ്റിൽ പോയിരിക്കൂ. സീറ്റിൽ പോയിരുന്ന് ഉന്നയിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. എം. വിൻസെന്റ് പറഞ്ഞതുപോലെ ലാഘവത്തോടുകൂടിയല്ല ഈ വിഷയത്തെ ഗവൺമെന്റ് കണ്ടിട്ടുള്ളത്. ഇന്നലെ തലസ്ഥാന നഗരയിൽ നടന്ന മിന്നൽ പണിമുടക്കും അത് സൃഷ്ടിച്ച സാഹചര്യങ്ങളും വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നതും വിലയിരുത്തുന്നതും. സർക്കാരിന്റെ ഭാഗത്തുനിന്നും അലംഭാവമുണ്ടായെന്ന് ശ്രീ. എം. വിൻസെന്റ് പറയുകയുണ്ടായി. സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു അലംഭാവവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മിന്നൽ പണിമുടക്കെന്ന് അറിഞ്ഞ മാത്രയിൽത്തന്നെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പോലീസും ജീവനക്കാരും തമ്മിലുള്ള തർക്കമെന്ന നിലയിൽ ആ തർക്കം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട ഡിമാന്റ് ചർച്ചയായിരുന്നു ഇന്നലെ സഭയിൽ നടന്നത്. അതുകൊണ്ട് അദ്ദേഹം എ.ഡി.ജി.പി.-യുമായി സംസാരിച്ച് കഴിയുന്നത്ര വേഗതയിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ..... (ബഹളം)..... ഞാൻ ഇന്ന് രാവിലെ മരണപ്പെട്ട സുരേന്ദ്രന്റെ വീട്ടിൽ പോയിരുന്നു. സുരേന്ദ്രന്റെ വീടുമായി എനിക്ക് നല്ല ബന്ധമുണ്ട്. സുരേന്ദ്രന്റെ ഭാര്യയുടെ അച്ഛൻ പതിനേഴ് വർഷക്കാലം സി.പി.ഐ.(എം) പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ച ആളാണ്. അദ്ദേഹത്തിന്റെ ആറ് മക്കളിൽ നാലാമത്തെ മകളെ വിവാഹം കഴിച്ച സുരേന്ദ്രനാണ് മരണപ്പെട്ടത്. സ്വാഭാവികമായും ഞങ്ങൾക്കെല്ലാവർക്കുമുള്ള ദുഃഖവും പ്രയാസവും ആ സന്ദർഭത്തിൽ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. സമരങ്ങളെ ജനാധിപത്യ സമൂഹത്തിലെ പ്രതിഷേധത്തിന്റെ പ്രതിഫലനങ്ങളായി മാത്രമാണ് കാണേണ്ടത്. അതിനെ അതേ അർത്ഥത്തിൽ ത്തന്നെ കാണാനും ബഹുമാനിക്കാനും ഒരു പ്രയാസവും ഈ ഗവൺമെന്റിനില്ല. .... (ബഹളം)....

മി. സ്പീക്കർ: സീറ്റിൽ പോയിരിക്കൂ. സീറ്റിൽ പോയിരുന്ന് ഉന്നയിക്കേണ്ടത് ഉന്നയിക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രാജ്യത്തെ സംരക്ഷിക്കാനുള്ള ഐതിഹാസികമായ നിരവധി പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിയ പാരമ്പര്യ മുള്ളവരും മനുഷ്യസ്നേഹത്തിന്റെ നിരവധി അദ്ധ്യായങ്ങൾ സൃഷ്ടിച്ചവരുമാണ് തൊഴിലാളി വിഭാഗങ്ങൾ. അവരുടെ അദ്ധ്വാനത്തിന്റെ ഫലമായാണ് സമൂഹം നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. സമരം ചെയ്യാനും സംഘടിക്കാനുമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ജനാധിപത്യ ത്തിന്റെ അന്തസ്സ് തന്നെ ചോർന്നുപോകും. .... (ബഹളം)....

മി. സ്പീക്കർ: വ്യവസ്ഥാപിതമായ രീതിയിൽ സീറ്റിൽ പോയിരുന്ന് ഉന്നയിക്കേണ്ട കാര്യം ഉന്നയിക്കൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എപ്പോൾ സമരം ചെയ്യണം, എന്തെല്ലാം വിഷയങ്ങളിൽ സമരം ചെയ്യണം, അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തുമാത്രം ലഘൂകരിക്കാം എന്നെല്ലാം ഉത്തരവാദപ്പെട്ട തൊഴിലാളി സംഘടനകൾ പരിഗണിക്കേണ്ടതുണ്ട്, പരിഗണിക്കാറുമുണ്ട്.

മി. സ്പീക്കർ: പ്ലീസ്, സീറ്റിൽ പോയിരിക്കൂ.

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എം. വിൻസെന്റ് എന്ന ഉത്തരവാദപ്പെട്ട അംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിലുണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ റിട്ടയറിംഗ് റൂമിലുണ്ട്. ആറ് മണിക്കൂർ നേരം കേരളത്തിന്റെ തലസ്ഥാന നഗരി സ്തംഭിച്ച ഗൗരവതരമായ വിഷയം സഭയിൽ ഉന്നയിക്കാൻ നോട്ടീസ് നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥലത്തില്ലായിരുന്നെങ്കിൽ മനസ്സിലാകും. അദ്ദേഹം ഉണ്ടായിട്ടും മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തിയതിന്റെ അസാംഗത്യമാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. അങ്ങ് റൂൾ ചെയ്യൂ, ഞങ്ങൾ ഇവിടെ ഇരുന്നു. തിരുവനന്തപുരം ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ആറ് മണിക്കൂർ എവിടെയായിരുന്നു?

മി. സ്പീക്കർ: അക്കാര്യം അദ്ദേഹം ഉന്നയിച്ചല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, തിരുവനന്തപുരം ജില്ലയുടെ ചുമതലയുണ്ടായിരുന്ന മന്ത്രി ആറ് മണിക്കൂർ നേരം എവിടെയായിരുന്നു, ഇടപെട്ടില്ലല്ലോ? തിരുവനന്തപുരം ജില്ലക്കാരനായ, തൊട്ടടുത്ത കോവളം നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. എം. വിൻസെന്റ് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചാൽ എന്താണ് തെറ്റ്? ബഹുമാനപ്പെട്ട സ്പീക്കർ പറയണം. അങ്ങനെയൊരു പരാമർശം നടത്തിയത് ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കണം. അത് സഭയിലെ ഒരു അംഗത്തോടുള്ള അവഹേളനമാണ്. നിയമപരമായും ചട്ടപ്രകാരവുമാണ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. അതാണ് ഞങ്ങൾ ഉന്നയിച്ചത്. അങ്ങയുടെ റൂളിംഗാണ് ഞങ്ങൾക്ക് അറിയേണ്ടത്.

മി. സ്പീക്കർ: സഭയിലെ എല്ലാ അംഗങ്ങൾക്കും തുല്യഅവകാശവും അവസരങ്ങളുമാണുള്ളത്. നിയമസഭാ സാമാജികരായ ആർക്കും സഭയിൽ വ്യവസ്ഥാപിതമായ രീതിയിൽ എന്തും ഉന്നയിക്കാനുള്ള അവകാശമുണ്ട്. അതിൽ

ഒരു തെറ്റുമില്ല. അതുപോലെതന്നെ സർക്കാരിനെ പ്രതിനിധാനം ചെയ്ത് സർക്കാരിന്റെ പ്രതിനിധിയായി ക്യാബിനറ്റ് നിശ്ചയിക്കുന്ന, മുഖ്യമന്ത്രി ചുമതലപ്പെടുത്തുന്ന ഏതൊരു മന്ത്രിക്കും സർക്കാരിനുവേണ്ടി അഭിപ്രായം പറയാവുന്നതാണ്. ഇത് രണ്ടുകൂട്ടർക്കും അറിയാവുന്നതുമാണ്. ബഹുമാന്യനായ മന്ത്രി, ശ്രീ. എം. വിൻസെന്റിനെ ആക്ഷേപിച്ചുവെന്നാണ് അവർ ഉദ്ദേശിച്ചത്. അക്കാര്യം മന്ത്രി വിശദീകരിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാന്യനായ എം. വിൻസെന്റിനെ ആക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കാണുന്ന വിഷയം തന്നെയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിക്കാതെ ഇത്രയും ഗൗരവമുള്ള വിഷയത്തിന് മറുപടി തയ്യാറാക്കുകയില്ല. അത് ഞാൻ സഭയിൽ അവതരിപ്പിച്ചത് മോശമായിപ്പോയി എന്ന രീതിയിലുള്ള ശ്രീ. എം. വിൻസെന്റിന്റെ വാദത്തെ ഞാൻ ഏറ്റെടുത്തതിന്റെ ഭാഗമായിട്ടാണ് ഇത്രയും പ്രധാനപ്പെട്ട വിഷയം പ്രതിപക്ഷനേതാവോ തൊട്ടുപിന്നിലിരിക്കുന്ന അംഗങ്ങളോ ഉന്നയിച്ചു കൂടായിരുന്നോ യെന്ന് ഞാൻ ചോദിച്ചത്. അല്ലാതെ ബഹുമാനപ്പെട്ട അംഗത്തെ മോശമായി കണ്ടിട്ടില്ല. അത് ഞാൻ ഉദ്ദേശിച്ചിട്ടുമില്ല. .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തെ ആക്ഷേപിക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞല്ലോ. നിങ്ങൾ വെറുതെ വാശിപിടിക്കുന്ന തെന്തിനാണ്? പ്ലീസ്, .....(ബഹളം).....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ അങ്ങനെ ഉന്നയിച്ചിട്ടില്ല, അങ്ങനെ ഉദ്ദേശിച്ചിട്ടുമില്ല. ഞാൻ അങ്ങനെ ആരെയും ആക്ഷേപിക്കാറുമില്ല. അത് എന്റെ രീതിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഗൗരവം ഇക്കാര്യ ത്തിനുണ്ടെങ്കിൽ കുറച്ചുകൂടി ഗൗരവമുള്ള ആരെങ്കിലും ഈ വിഷയം ഉന്നയിക്കു മായിരുന്നല്ലോ എന്നുമാത്രമേ ഞാൻ ഉദ്ദേശിച്ചുള്ളൂ. .....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചെവിയിൽ ഹെഡ് സെറ്റുള്ളതുകൊണ്ട് ഞാൻ പറഞ്ഞത് മനസ്സിലായിക്കാണുമെന്നാണ് കരുതുന്നത്. അതുകൊണ്ടുതന്നെ അങ്ങയുടെ അനുയായികളെ സീറ്റിലിരിക്കാൻ പറയുകയാണ് വേണ്ടത്. .....(ബഹളം)..........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് ഈ ബഹളം അവസാനിപ്പിക്കാൻ നേതൃത്വം നൽകേണ്ടത്. ....(ബഹളം)....

മി. സ്പീക്കർ: ചെയർ പറയാനുള്ളത് പറഞ്ഞുകഴിഞ്ഞു. ഇതിൽക്കൂടുതലൊന്നും പറയാനില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തിരുവനന്തപുരം ജില്ലയിൽ ഒരു സംഭവമുണ്ടായാൽ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്നാണോ സഭയിൽ അടിയന്തരപ്രമേയം ഉന്നയിക്കേണ്ടത്; ആർക്കും ഉന്നയിക്കാം. തിരുവനന്തപുരത്ത് നടക്കുന്ന ഒരു സംഭവമാകുമ്പോൾ തിരുവനന്തപുരത്തെ എം.എൽ.എ. ഉന്നയിക്കുന്നതിനാണ് കൂടുതൽ സാംഗത്യം. അക്കാര്യത്തിൽ ഞങ്ങൾ ബഹുമാന്യനായ മുഖ്യമന്ത്രിയോടാണ് മറുപടി ആവശ്യപ്പെട്ടത്. ശ്രീ. എം. വിൻസെന്റിനെ തരംതാഴ്ത്തി പറഞ്ഞത് ശരിയായില്ല. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റിനെ ആക്ഷേപിക്കാനോ വിമർശിക്കാനോ ഉദ്ദേശിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, .....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത് ഈ സംഭവം നടന്നത് ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിലാണ്. ശ്രീ. എം. വിൻസെന്റിനെക്കാൾ വളരെ സീനിയറായ നേതാവാണ് അദ്ദേഹം. അദ്ദേഹത്തെ ഇന്ന് സഭയിൽ കാണാനില്ല. അദ്ദേഹം എവിടെയും പോയതായി കണ്ടില്ല. ഇക്കാര്യത്തിൽ എന്നെ തെറ്റിദ്ധരിക്കരുത്. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ആര് ഉന്നയിക്കുന്നു, ആര് മറുപടി പറയുന്നു എന്നതല്ല ഉന്നയിക്കുന്ന വിഷയമാണ് പ്രധാനം. ഈ വിഷയം സഭയിൽ അവതരിപ്പിച്ചു. ഗവൺമെന്റിനെ പ്രതിനിധാനം ചെയ്തുകൊണ്ട് മന്ത്രി മറുപടി പറഞ്ഞുവെന്നു കണ്ടാൽ മതി. ദയവായി, ഇന്ന മന്ത്രി മറുപടി പറയണം, ഇന്ന സാമാജികൻ വിഷയം അവതരിപ്പിക്കണം എന്ന നിലയിലേയ്ക്ക് സഭയെ കൊണ്ടുപോകരുത്. എല്ലാ സാമാജികർക്കും ഒരേ ഉത്തരവാദിത്വവും അധികാരവും അവകാശവുമാണുള്ളത്. അതുപോലെ മന്ത്രിസഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് ഏത് മന്ത്രിക്കും ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാവുന്നതാണ്. .....(ബഹളം)...... പ്ലീസ്,... ബഹുമാന്യനായ മന്ത്രി പറഞ്ഞ് അവസാനിപ്പിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഗവൺമെന്റ് അലംഭാവം കാണിച്ചുവെന്ന് ശ്രീ. എം. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റ് അലംഭാവമൊന്നും കാണിച്ചിട്ടില്ല. ആറ് മണിക്കൂർ നഗരം സ്തംഭിച്ചുവെന്നത് വാസ്തവമാണ്. .....(ബഹളം)..... ദയവുചെയ്ത് ഞാൻ പറയുന്നത് കേൾക്കണം. അകാരണമായി മിന്നൽ പണിമുടക്ക് നടത്തിയെന്നുമാത്രമല്ല, എം.ജി. റോഡിൽ അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയുള്ള ഭാഗത്തും തമ്പാനൂർ പരിസരത്തും വാഹനങ്ങൾ തലങ്ങുംവിലങ്ങുമിട്ടിട്ട് ഡ്രൈവർമാർ ക്യാബിനിൽനിന്നും ഇറങ്ങിപ്പോകുകയും ചെയ്തു. വളരെയേറെ പരിശ്രമിച്ചിട്ടും തിരിച്ചുവന്ന് വാഹനങ്ങൾ റോഡിൽനിന്നും മാറ്റാൻ അവർ

തയ്യാറായില്ല. ഇതിന് എന്നോട് ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട എം. വിൻസെന്റിനറിയാം, ശ്രീ. ലോപ്പസ് ആരാണെന്ന്? അദ്ദേഹം കോൺഗ്രസ് പ്രവർത്തകനും ഐ.എൻ.ടി.യു.സി. നേതാവുമാണ്. .....(ബഹളം)..... ഇതാണ് നിങ്ങളുടെ പ്രശ്നം. നിങ്ങൾക്ക് പറയാം ഞങ്ങൾ അതിനെ വിശദീകരിക്കാൻ പാടില്ല. എങ്കിൽ നിങ്ങൾ മറുപടി എഴുതിത്തരൂ, അതുമാത്രം ഞാൻ വായിക്കാം. ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നിശബ്ദമായി എല്ലാം കേട്ടിരുന്നില്ലേ? അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കണം. .....(ബഹളം).....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എ.ടി.ഒ. അടക്കം ലോപ്പസിന്റെ നേതൃത്വത്തിലുള്ളൊരു സംഘം സംഘർഷഭരിതമായ അന്തരീക്ഷമുണ്ടാക്കി. അതുമാത്രമല്ല, അട്ടക്കുളങ്ങര മുതൽ പഴവങ്ങാടി വരെയും തമ്പാനൂർ പരിസരത്തും വാഹനങ്ങൾ തലങ്ങുംവിലങ്ങുമിട്ട് താക്കോലുമെടുത്ത് ഡ്രൈവർമാർ പോയതു കൊണ്ടാണ് നാലഞ്ച് മണിക്കൂർ നേരം ഒന്നുംചെയ്യാൻ സാധിക്കാത്ത അന്തരീക്ഷമുണ്ടായത്. .....(ബഹളം)..... എന്തുകൊണ്ടാണ് ഇത്രയും സമയമിത് നീണ്ടുപോയതെന്ന് ചോദിച്ചാൽ, അത് ഗവൺമെന്റ് ഇടപെടാത്തതുകൊണ്ടല്ല, ഗവൺമെന്റ് ഇടപെടുന്നുണ്ടായിരുന്നു. കമ്മീഷണറും എ.ഡി.ജി.പി.-യും യൂണിയൻ നേതാക്കന്മാരും മാനേജ്മെന്റും എല്ലാവരും വിളിച്ച് സംസാരിക്കുന്നുണ്ടായിരുന്നു. പക്ഷേ, വാഹനങ്ങളുടെ താക്കോലുമെടുത്ത് പോയവർ മടങ്ങിവന്നില്ല. അതുകൊണ്ട് വാഹനങ്ങൾ റോഡിൽനിന്നും നീക്കാൻ സാധിച്ചില്ല. ഇതാണ് സംഭവിച്ചത്. വസ്തുത മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. ഈ സംഭവത്തെ ഡൽഹി കലാപവുമായി ബന്ധിപ്പിക്കാൻ നടത്തിയ പരിശ്രമം, ഡൽഹി കലാപം എന്താണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് മനസ്സിലാക്കാൻ സാധിക്കാത്തതിന്റെ ഫലമാണെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ മിന്നൽ പണിമുടക്കിനെയും ഇത്തരത്തിലുള്ള തോന്ന്യാസങ്ങളെയും ഡൽഹി കലാപവുമായി ബന്ധിപ്പിക്കേണ്ട കാര്യമില്ല. അത് രാജ്യത്തുണ്ടാക്കിയത് വർഗ്ഗീയ ലഹളയാണ്. അതിനെ മിന്നൽ പണിമുടക്കുമായി ബന്ധിപ്പിക്കാൻ ശ്രമിക്കരുത്. സമരങ്ങളെയെല്ലാം ഞങ്ങൾ അനുകൂലിക്കുന്നു. സമരം ചെയ്യാനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ എപ്പോൾ സമരം ചെയ്യണം; എന്തെല്ലാം കാര്യങ്ങൾ മുൻനിർത്തിയാണ് സമരം ചെയ്യേണ്ടത്; അതിലൂടെയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എത്രമാത്രം ലഘൂകരിക്കാൻ സാധിക്കും; എന്നൊക്കെ ഉത്തരവാദപ്പെട്ട തൊഴിലാളി സംഘടനകൾ നിശ്ചയമായും പരിഗണിക്കണം. സാധാരണഗതിയിൽ

ഇതൊക്കെ പരിഗണിച്ചാണ് തൊഴിലാളി സംഘടനകൾ സമരം ചെയ്യാറുള്ളത്. ഇന്നലെ തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പൊതു നിരത്തിലിട്ടശേഷം ഡ്രൈവർമാർ ഇറങ്ങിപ്പോയതിനെ അവകാശ സമരമെന്ന് വിളിക്കാൻ ഇത്തരം രീതി അവലംബിച്ച ആളുകൾക്കുപോലും സാധിക്കുമെന്ന് തോന്നുന്നില്ല. കെ.എസ്.ആർ.ടി.സി. ബസ്സിനെ ആശ്രയിച്ച് യാത്ര ചെയ്യുന്നവർ സമൂഹത്തിലെ സാധാരണക്കാരിൽ സാധാരണക്കാരാണ്. യാത്രക്കാർക്കുണ്ടായ യാതനകൾ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. പൊതുമേഖലാ സ്ഥാപനങ്ങളോടും തൊഴിലാളികളോടും പ്രതിജ്ഞാബദ്ധതയുള്ള സർക്കാരാണ് ഇന്ന് കേരളത്തിലുള്ളത്. എന്നാൽ നിസ്സാരകാരണങ്ങളാൽ നഗരത്തെ സ്തംഭിപ്പിക്കുകയും ജനങ്ങളെ മുൾമുനയിൽ നിർത്തുകയും ചെയ്ത സംഭവത്തെ സമരമായി കരുതാൻ ഒരുകാരണവശാലും സാധ്യമല്ല. പണിമുടക്ക് എന്നത് ഒരു തൊഴിലാളിയുടെ അവസാനത്തെ സമരായുധമാണ്. അത് ആ വിധത്തിലാണ് ഉപയോഗിക്കപ്പെടേണ്ടത്. എന്നാൽ അങ്ങനെയല്ലാതെ പണിമുടക്കിനെ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ വല്ലപ്പോഴുമൊക്കെ ഉണ്ടാകുന്നുണ്ട്. അതിൽപ്പെടുന്നതാണ് കഴിഞ്ഞദിവസം നടന്ന കെ.എസ്.ആർ. ടി.സി.-യുടെ മിന്നൽ പണിമുടക്ക്. ഇതിനെ തൊഴിലാളി പ്രസ്ഥാനങ്ങൾക്കോ തൊഴിലാളികൾക്കോ അംഗീകരിക്കാനാകില്ല. സർക്കാർ അംഗീകരിക്കുന്ന പ്രശ്നവുമില്ല. നിസ്സാരകാര്യം പറഞ്ഞ് മിന്നൽ പണിമുടക്ക് നടത്തി ജനങ്ങളെ ബന്ദികളാക്കുന്ന പ്രവർത്തനം അംഗീകരിക്കാനാകുന്നതല്ല. ഇക്കാര്യത്തിൽ കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഒരു മുന്നറിയിപ്പുമില്ലാതെ ബസ്സുകൾ വഴിയിലിട്ടിട്ട് പോകുക, അതിൽപ്പെട്ട് ജനങ്ങളാകെ വലയുക, ഇതൊന്നും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. യാത്രക്കാർക്ക് യാത്ര ചെയ്യാനുള്ള അവകാശമുണ്ട്. ആ അവകാശത്തി ന്മേലുള്ള കടന്നുകയറ്റമാണ് ഇന്നലെ കണ്ടത്. ടിക്കറ്റെടുത്ത് ബസ് യാത്ര ചെയ്യുന്ന യാത്രക്കാരനെ മുന്നറിയിപ്പില്ലാതെ വഴിയിലിറക്കിവിടുന്ന തെറ്റായ രീതിയെ ആർക്കും അംഗീകരിക്കാൻ സാധിക്കില്ല. മനുഷ്യാവകാശത്തിനും പൗരാവകാശ ത്തിനുമെതിരായ സമരം എന്തിന്റെ പേരിലായാലും ആരുടെ പേരിലായാലും അംഗീകരിക്കുന്ന പ്രശ്നമില്ല. നാടിനും സമൂഹത്തിന്റെ വളർച്ചയ്ക്കുംവേണ്ടി ജീവൻ ത്യജിച്ചുകൊണ്ട് പോരാടിയ പാരമ്പര്യമാണ് തൊഴിലാളിവർഗ്ഗത്തിനുള്ളത്. എന്നാൽ പ്രതിബദ്ധതയെത്തന്നെ ചോദ്യംചെയ്യുന്ന വിധത്തിലുള്ള ഇത്തരം നടപടിയെ ഒരുതരത്തിലും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. സംഭവത്തെക്കുറിച്ച് കളക്ടറുടെ അന്വേഷണം നടന്നുവരികയാണ്. അതിനാൽ ഇപ്പോൾ അതിനെ ക്കുറിച്ച് കൂടുതൽ പറയുന്നില്ല. കളക്ടറുടെ അന്വേഷണം പൂർത്തിയായശേഷം വീഴ്ചവരുത്തിയെന്ന് കണ്ടെത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, തലസ്ഥാന നഗരിയിലുണ്ടാകുന്ന എല്ലാ

പ്രശ്നങ്ങളിലും ഇടപെടുകയും പോകുകയും ചെയ്യുന്നൊരാളാണ് ഞാൻ. മറ്റ് കാരണങ്ങളാൽ മരണപ്പെട്ട ആളിന്റെ വീട്ടിൽ ഇന്നലെ രാത്രി എനിക്ക് പോകാൻ സാധിച്ചില്ല. ഇന്ന് വെളുപ്പിനുതന്നെ ആ വീട്ടിൽ ഞാൻ പോയിരുന്നു. 17 വർഷം ഞങ്ങളുടെ പാർട്ടി അംഗവും ഒരു പഞ്ചായത്ത് മെമ്പറുമായിരുന്ന തമ്പി മേസ്തിരി എന്നുപറയുന്ന വ്യക്തിയുടെ മകളുടെ ഭർത്താവാണ് മരണപ്പെട്ടയാൾ. അയാൾക്ക് മൂന്നുപ്രാവശ്യം ഹൃദ്രോഗബാധയുണ്ടായി. ഒരു പ്രാവശ്യം ആൻജിയോപ്ലാസ്റ്റിയും ചെയ്തു. അവർക്ക് മൂന്ന് സെന്റ് സ്ഥലമാണ് അവിടെയുള്ളത്. ആ മൂന്ന് സെന്റ് സ്ഥലം മൂന്ന് ലക്ഷം രൂപയ്ക്ക് ഒരു ബാങ്കിൽ കടം വച്ചിരിക്കുകയാണ്. അവരിപ്പോൾ അവരുടെ സഹോദരിയുടെ വീട്ടിലാണ് താമസിക്കുന്നത്. ഇന്നലെ രാവിലെ അവർ മെഡിക്കൽ കോളേജിൽ വന്നതാണ്. ഹോസ്പിറ്റലിനടുത്തുള്ള മരുന്നുകടയിൽ പോയി മരുന്നെല്ലാം വാങ്ങി ഭാര്യ വേറൊരു വഴിക്കും ഭർത്താവ് വീട്ടിലേയ്ക്കും പോകുന്നതിനുവേണ്ടി ബസ് സ്റ്റാൻഡിൽ വന്നതാണ്. ഞാൻ എല്ലാ കടകളും ഉദ്ഘാടനം ചെയ്യാൻ പോകുമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. തിരുവനന്തപുരത്ത് എന്ത് കാര്യത്തിന് ആര് വിളിച്ചാലും ഞാൻ പോകും. അത് ഞാൻ തെറ്റായി കാണുന്നില്ല, അതൊന്നും മോശമായി കാണേണ്ട കാര്യവുമില്ല. ഏതൊരു പ്രക്ഷോഭത്തിനായാലും സമരത്തിനായാലും ഞാനിവിടെയുണ്ടെന്ന കാര്യം അങ്ങ് വിസ്മരിക്കേണ്ട. ദയവുചെയ്ത് അതൊന്നും ഒരു പിശകായി ചൂണ്ടിക്കാണിക്കരുത്. എനിക്ക് അധികമൊന്നും പറയാനില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, “ Nero fiddling while Rome was in flames” റോമാ നഗരം വെന്തെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു. ...(ബഹളം.)..

മി. സ്പീക്കർ: ദയവായി കമന്റുകൾ ഒഴിവാക്കണം. ഇന്ന് മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രം മുഖപ്രസംഗം എഴുതിയിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് കതിർക്കനമുള്ള വാദമുഖങ്ങൾകൊണ്ടാണ് ബൗദ്ധികമായി സഭയിൽ സംവാദങ്ങളുണ്ടാകേണ്ടത്, പരസ്പരം ആക്രോശിച്ചുകൊണ്ടല്ല എന്നാണ്. ഇരുഭാഗത്തുനിന്നും ആക്രോശിക്കുന്നവരോട് അത് ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ദയവായി കമന്റുകൾ ഒഴിവാക്കു. എഴുന്നേറ്റുനിന്ന് സംസാരിക്കാമല്ലോ; അങ്ങ് സംസാരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, "റോമാ നഗരം വെന്തെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുകയായിരുന്നു" എന്നുള്ള ഈ വാചകത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണ് ഇവിടെയുണ്ടായത്. ഇന്നലെ ഈ സംഭവം നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് ഞാൻ സഭയിൽനിന്നൊരു കുറിപ്പ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് കൊടുത്തത്. ആറ് മണിക്കൂറായി നഗരത്തിൽ മുഴുവൻ ഗതാഗതസ്തംഭനമാണെന്ന് എന്റെ ഓഫീസിൽനിന്ന് എന്നെ വിളിച്ചറിയിച്ചതിനെത്തുടർന്നാണ് ഞാൻ ആ കുറിപ്പ് ഗതാഗത വകുപ്പുമന്ത്രിക്ക് കൊടുത്തത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും റിയാക്ഷനുണ്ടാകുമെന്ന് ഞാൻ കരുതി. അല്ലെങ്കിൽ മറുപടിയെങ്കിലും എഴുതിത്തരുമെന്ന് വിചാരിച്ചു. പക്ഷേ, മന്ത്രി യാതൊരു മറുപടിയും തന്നില്ല. അദ്ദേഹം സഭയിൽ മറുപടി പറയുന്നതുകൊണ്ട് അവസാനംവരെ ഞാൻ കാത്തിരുന്നു. അവസാനം ഞാൻ എഴുന്നേറ്റുനിന്ന് ഇങ്ങനെയൊരു സംഭവമുണ്ടായി, ആളുകൾക്ക് ബുദ്ധിമുട്ടാണ് എന്നുപറഞ്ഞപ്പോഴാണ് കളക്ടർ അന്വേഷിക്കുമെന്ന് അദ്ദേഹം പറഞ്ഞത്. ആറ് മണിക്കൂർ നേരം ഈ കളക്ടർ എവിടെയായിരുന്നു? ജില്ലാ കളക്ടർക്ക് ഉത്തരവാദിത്വമില്ലേ; ആറ് മണിക്കൂർ നേരം തലസ്ഥാന നഗരിയായ തിരുവനന്തപുരത്തെ ആളുകൾ നെട്ടോട്ടമോടുമ്പോൾ, ബുദ്ധിമുട്ടുമ്പോൾ കളക്ടറുടെയും ചാർജ്ജുള്ള മന്ത്രിയുടെയും ട്രാൻസ്പോർട്ടിന്റെയും പോലീസിന്റെയും ചുമതലയുള്ള മന്ത്രിമാരുടെയും ഉത്തരവാദിത്വം എന്താണ്? ആ കളക്ടറെ തന്നെയാണ് അന്വേഷണം നടത്താൻ നിയോഗിച്ചിരിക്കുന്നത്. എന്തൊരു വിരോധാഭാസമാണിത്! ഒരു ജില്ലയിൽ നടക്കുന്ന എല്ലാവിധ പ്രശ്നങ്ങളും മനസ്സിലാക്കേണ്ട മജിസ്ട്രേറ്റ് കൂടിയാണ് കളക്ടർ. വൈകുന്നേരം 6 മണിവരെ ഈ സംഭവം തുടർന്നിട്ടും അത് അറിയാത്തൊരു കളക്ടറെക്കൊണ്ട് എന്ത് അന്വേഷിക്കുമെന്നാണ് പറയുന്നത്; ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം ചെറുതാണോ? ഇന്നലെ കണ്ടത് complete breakdown of the administration ആണ്. Lawlessness, anarchy എന്നീ പദങ്ങൾ ഏറ്റവും യോജിക്കുന്ന സംഭവ വികാസങ്ങളാണുണ്ടായത്. രണ്ട് പേർ താക്കോൽ ഊരിക്കൊണ്ട് പോയതുകൊണ്ട് തിരുവനന്തപുരം നഗരം മുഴുവൻ ആറ് മണിക്കൂർനേരം സ്തംഭനാവസ്ഥയിലായി എന്നുപറയുമ്പോൾ അതിനെ നേരിടാൻ ഇവിടെ പോലീസില്ലേ? പോലീസ് കമ്മീഷണറുടെ ജോലി എന്താണ്; അദ്ദേഹത്തെ അവിടെയൊന്നും കണ്ടില്ലല്ലോ. സിറ്റിയുടെ ചാർജ്ജുള്ള ഐ.ജി.-യുടെ ചുമതലയെന്താണ്? ഇവിടെ ഇതിന് ചുമതലയുള്ള എ.ഡി.ജി.പി.-മാരില്ലേ; ആറ് മണിക്കൂർനേരം അവരെല്ലാം മിണ്ടാതിരുന്നത് എന്തുകൊണ്ടാണ്? എല്ലാ പ്രമുഖ ദിനപത്രങ്ങളും എഴുതിയത്, 'മിന്നലായി പണിമുടക്ക്, ഇടിവെട്ടേറ്റ് ജനം', എന്നാണ്. മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും തലസ്ഥാനത്തുണ്ടായിരുന്നിട്ട് ചെറുവിരലെങ്കിലും അനക്കിയോ; ഇന്നലെ പകൽ മുഴുവൻ ജനം നരകിച്ചില്ലേ? മലയാള മനോരമയിൽ

എഴുതിയിരിക്കുന്നത് 'പൊലിഞ്ഞ ജീവന് ആര് സമാധാനം പറയും' എന്നാണ്. എല്ലാ പത്രങ്ങളും ഞാൻ വായിക്കുന്നില്ല. ദേശാഭിമാനിയുടെ ബാനർ ഹെഡ്ഡിംഗ് തന്നെ 'നഗരം സ്തംഭിച്ച് നാല് മണിക്കൂർ' എന്നാണ്. സംസ്ഥാന സർക്കാരിന്റെ രണ്ട് വകുപ്പുകൾ തമ്മിലാണ് ഏറ്റുമുട്ടിയത്. കെ.എസ്.ആർ.ടി.സി. ബസ് ഓടേണ്ടിടത്ത് പ്രൈവറ്റ് ബസ് ഓടിയത് എ.ടി.ഒ. തടഞ്ഞു. പോലീസ് സ്വകാര്യ മുതലാളിമാരോടൊപ്പം നിന്ന് എ.ടി.ഒ.-യെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി. അതിനെതിരായിട്ടാണ് കെ.എസ്.ആർ.ടി.സി.-ക്കാർ സമരം ചെയ്തത്. ഞാൻ അവരെ ന്യായീകരിക്കുന്നതല്ല. ഹരികൃഷ്ണൻ ആരാണെന്ന് മന്ത്രിക്ക് അറിയാമല്ലോ; സി.ഐ.ടി.യു.-വിന്റെ നേതാവാണ്. അങ്ങ് ഹരികൃഷ്ണന്റെ കാര്യംകൂടി പറയേണ്ടതായിരുന്നു. ലോപ്പസ് ആണെങ്കിലും ഹരികൃഷ്ണനാണെങ്കിലും ഇക്കാര്യത്തിൽ രണ്ട് പേരും ചെയ്തത് തെറ്റാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഹരികൃഷ്ണൻ അവിടത്തെ സി.ഐ.ടി.യു. യൂണിയന്റെ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം ഇന്നലെ സി.ഐ.ടി.യു. തൊഴിലാളികളെയും സംഘടിപ്പിച്ച് രാജ്ഭവന് മുന്നിൽ ദേശീയ പ്രശ്നത്തെ ആസ്പദമാക്കിയുള്ള സമരത്തിലായിരുന്നു. ഹരികൃഷ്ണൻ അവിടെയുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു സമരം നടക്കുമായിരുന്നില്ല. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രീ, ഏതായാലും ആറ് മണിക്കൂർ നേരം ട്രാൻസ്പോർട്ട് തൊഴിലാളികൾ സമരം ചെയ്തിട്ട് രാജ്ഭവന് മുന്നിലുണ്ടായിരുന്ന ഹരികൃഷ്ണൻ ഇതൊന്നും അറിഞ്ഞില്ല എന്നുപറയുന്നത് ആരെ ബോധിപ്പിക്കാനാണ്? ഏതായാലും ഞാൻ രാഷ്ട്രീയം പറയുന്നില്ല. കെ.എസ്.ആർ. ടി.സി.-യിലെ എല്ലാ തൊഴിലാളി യൂണിയന്റെയും നേതാക്കന്മാർക്ക് ഇതിൽ ഉത്തരവാദിത്വമുണ്ട്. അങ്ങ് ഇതിനെ രാഷ്ട്രീയമായി കണ്ടത് ശരിയായില്ല. പോലീസിന് ഉത്തരവാദിത്വമില്ലേ; തന്റെ ഡ്യൂട്ടി നിർവ്വഹിച്ച എ.ടി.ഒ.-യെ പോലീസ് അറസ്റ്റ് ചെയ്തത് എന്തിനാണ്? വിവിധ ആശുപത്രികളിലേയ്ക്ക് പോയ രോഗികളും ആറ്റുകാൽ ക്ഷേത്രത്തിൽ നിന്ന് തൊഴുത് മടങ്ങിയവരും ഉൾപ്പെടെയുള്ള സാധാരണക്കാരായ ആളുകളാണ് ആറേഴ് മണിക്കൂർ ബുദ്ധിമുട്ടിയത്. മണിക്കൂറുകളോളം എല്ലാ ചാനലുകളും ഈ സംഭവങ്ങൾ ലൈവായി പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. കേരളത്തിലെ മുഖ്യമന്ത്രി ഇത് കണ്ടില്ല. അദ്ദേഹത്തിന് അപ്പോൾത്തന്നെ വിവരം ലഭിക്കില്ലേ? ട്രാൻസ്പോർട്ട് മന്ത്രിക്ക് വിവരം ലഭിച്ചില്ലെങ്കിൽ അദ്ദേഹത്തെ ഞാൻ അറിയിച്ചല്ലോ. ഇത്രയും സംഭവമുണ്ടായിട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും കാഴ്ചക്കാരായി നിന്നുവെന്നു പറയുന്നത് ശരിയായ നടപടിയാണോ? ഇന്നിവിടെ മറുപടി പറഞ്ഞ ശ്രീ. കടകംപള്ളി സുരേന്ദ്രൻ തിരുവനന്തപുരം ജില്ലയുടെ മന്ത്രിയാണ്. ആ മന്ത്രിക്ക് അവിടെവരെ ഒന്നുപോകാൻ ചുമതലയില്ലേ; അങ്ങയെ ആരും ഒന്നും ചെയ്യില്ലല്ലോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, രാജ്ഭവന് മുന്നിൽ സമരം നടത്തിക്കൊണ്ടിരുന്ന ട്രാൻസ്പോർട്ട് തൊഴിലാളികൾ വിളിച്ചുപറഞ്ഞാണ് ഞാൻ ഈ വിവരം അറിഞ്ഞത്. അപ്പോഴേയ്ക്കും പോലീസുമായി പ്രശ്നമായിക്കഴിഞ്ഞിരുന്നു. ഇത് കൈകാര്യം ചെയ്തുകൊണ്ടിരുന്ന തിരുവനന്തപുരം പോലീസ് കമ്മീഷണറെ ഞാൻ വിളിച്ച് എത്രയുംവേഗം ഈ പ്രശ്നം രമ്യമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. അപ്പോൾ അദ്ദേഹം സംഘടനാനേതാക്കളുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നുതന്നെ ഇത് പരിഹരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ട് അത് പരിഹരിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതി.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങത് ഉറപ്പുവരുത്തേണ്ടതായിരുന്നു. അങ്ങ് ആ കസേരയിൽ ഇരിക്കുന്നതുകൊണ്ട് അങ്ങേയ്ക്ക് അതിനുള്ള ഉത്തരവാദിത്വമുണ്ട്. അല്ലാതെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ എന്ന വ്യക്തി അത് ചെയ്യണമായിരുന്നുവെന്നല്ല ഞാൻ പറയുന്നത്. തലസ്ഥാനനഗരം ആറ് മണിക്കൂർ സ്തംഭിച്ച സംഭവത്തിൽ കുറെക്കൂടി ജാഗ്രത കാണിക്കേണ്ടതായിരുന്നില്ലേ? എല്ലാം സംഭവിച്ച കഴിഞ്ഞാണ് ഗതാഗത വകുപ്പുമന്ത്രി പ്രതികരിക്കുന്നത്. രാത്രി 8.30-നാണ് കർശന നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞതായുള്ള വാർത്തകൾ ടെലിവിഷനിൽ വന്നത്. എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്? എനിക്ക് ആ കളക്ടർക്കെതിരെ ശക്തമായ ആക്ഷേപമുണ്ട്. മന്ത്രിമാരെ മാറ്റിനിർത്താം, ഇവിടെയൊരു ജില്ലാ കളക്ടർ ഉണ്ടല്ലോ? ആറ് മണിക്കൂർ നഗരം സ്തംഭിച്ചിട്ട് അതിനെതിരെ നടപടി സ്വീകരിക്കാൻ കളക്ടർക്ക് ഉത്തരവാദിത്വമില്ലേ? ആ കളക്ടറെയാണ് നിങ്ങൾ അന്വേഷണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അപ്പോൾ എന്തായിരിക്കും അന്വേഷണത്തിന്റെ സ്ഥിതി? പോലീസിന്റെ ഭാഗത്ത് തെറ്റില്ലെന്ന് കമ്മീഷണർ റിപ്പോർട്ട് നൽകിയതായി എല്ലാ ടെലിവിഷൻ ചാനലുകളിലും ഇപ്പോൾ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. പോലീസിന്റെ ഭാഗത്തല്ലേ തെറ്റ്? തെറ്റുകാരെയെല്ലാം അവരുടെ ഉന്നതോദ്യോഗസ്ഥർ ന്യായീകരിക്കുകയാണ്. എ.ടി.ഒ.-യെ എന്തിനാണ് അറസ്റ്റ് ചെയ്തത്? വളരെ നിസ്സാരമായി പരിഹരിക്കേണ്ട ഒരു പ്രശ്നത്തെ വലുതാക്കി തലസ്ഥാന നഗരിയെ ഏഴ് മണിക്കൂർ സ്തംഭിപ്പിച്ചിട്ടും നിങ്ങൾക്കാർക്കും ഒരു പ്രശ്നവുമില്ലെന്ന് പറയുമ്പോൾ ഈ ഗവൺമെന്റിനെപ്പറ്റിയുള്ള യഥാർത്ഥ ചിത്രം ജനങ്ങൾക്ക് ബോധ്യപ്പെടുകയാണ്. സർക്കാർ സംവിധാനത്തിന്റെ തകർച്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അവകാശവാദമൊന്നും ഞങ്ങൾ കണക്കിലെടുക്കുന്നില്ല. മരിച്ചുപോയ ആൾ ഏത് പാർട്ടിക്കാരനാണ്, ഏത് പാർട്ടിയിൽ മെമ്പർഷിപ്പുണ്ട് എന്നൊക്കെ അന്വേഷിച്ച് നടക്കേണ്ട ആവശ്യമൊന്നും ഞങ്ങൾക്കില്ല. ആര് മരിച്ചാലും ഒരു മനുഷ്യന്റെ ജീവനാണ് നഷ്ടപ്പെട്ടത്. ഇന്നലെ വൈകിട്ട് ഞാനും

ശ്രീ. വി. എസ്. ശിവകുമാറും ഡോ. എം. കെ. മുനീറും ആശുപത്രിയിൽ പോയിരുന്നു. അപ്പോൾ മരണപ്പെട്ടയാളുടെ വീട്ടുകാരാരും എത്തിയിരുന്നില്ല. ഡോക്ടർമാരോട് ഞങ്ങൾ വിവരം ആരാഞ്ഞു. മുമ്പ് ഹൃദയസംബന്ധമായ അസുഖമുണ്ടായിരുന്ന വ്യക്തിയായിരുന്നുവെന്നും മരുന്നുവാങ്ങാൻ പോയതായിരുന്നുവെന്നുമുള്ള എല്ലാ വിവരങ്ങളും മനസ്സിലാക്കിയിട്ടാണ് ഞങ്ങൾ തിരികെവന്നത്. ശശിധരൻ എന്ന ഒരു റിട്ടയേർഡ് മിലിട്ടറി ഓഫീസർ ആശുപത്രിയിൽ പോകുന്നതിനായി ബസ്സിൽ കയറിയിരുന്നു. പൊരിവെയിലത്ത് മൂന്ന് മണിക്കൂർ ബസ്സിൽ കുടുങ്ങിയപ്പോയതിനെ ത്തുടർന്ന് ശ്വാസംമുട്ടൽ കലശലായ അദ്ദേഹത്തെ കൂടെയുണ്ടായിരുന്ന മകൾ പതുക്കെ ബസ്സിൽനിന്നുമിറക്കി കുറെ നടന്ന് ഒരു ഓട്ടോറിക്ഷയിൽ ആശുപത്രി യിലേയ്ക്ക് കൊണ്ടുപോയി. ഇപ്പോൾ ആശുപത്രിയിൽ വെന്റിലേറ്ററിന്റെ സഹായത്തോടെ കഴിയുകയാണ് ആ പാവപ്പെട്ട മനുഷ്യൻ. അദ്ദേഹത്തിന്റെ മകൾ സ്മിതാറാണി ഇന്നലെ എന്നെ ഫോണിൽ വിളിച്ച് പറഞ്ഞ കാര്യമാണിത്. ഇത് ഒരാളിനുണ്ടായ അനുഭവമാണ്. എന്നെ ഫോണിൽ വിളിച്ചുപറഞ്ഞതുകൊണ്ടാണ് ഈ വിവരം അറിയാൻ സാധിച്ചത്. ഇതുപോലെ ബസ്സിനെ ആശ്രയിച്ച് യാത്ര ചെയ്യുന്ന എത്രയോ പാവപ്പെട്ടവർക്കാണ് ഇന്നലെ ബുദ്ധിമുട്ടുണ്ടായത്. പ്രശ്നം പരിഹരിക്കുന്നതിനല്ല, വഷളാക്കാനാണ് ഉദ്യോഗസ്ഥർ ശ്രമിച്ചത്. ഇവിടെ ശക്തമായ ഒരു ഭരണകൂടവും ഭരണനേതൃത്വവും ഉദ്യോഗസ്ഥ നേതൃത്വവുമുണ്ടായിരുന്നുവെങ്കിൽ ഒരു മണിക്കൂർകൊണ്ട് പരിഹരിക്കപ്പെടേണ്ട ഈ വിഷയം ആറ് മണിക്കൂർ നഗരത്തെ സ്തംഭനാവസ്ഥയി ലെത്തിക്കുമായിരുന്നില്ല. ഇതിവിടെ ചർച്ച ചെയ്യുന്നതിന് ഗതാഗത വകുപ്പുമന്ത്രി ഹാജരല്ല. അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യത്തിൽ പങ്കെടുക്കുന്നതിനായി പോയതാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ടാകുമെന്ന് കരുതി, അദ്ദേഹവും ഇപ്പോഴാണ് വന്നത്. ഈ വിഷയം വളരെ ഗൗരവപൂർവ്വം കാണണം. ഏത് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തുന്ന മിന്നൽ പണിമുടക്കുകളായാലും ഒരുകാരണവശാലും അനുവദിക്കാൻ പാടില്ല. ഒരു സുപ്രഭാതത്തിൽ കുറെ ആളുകളിറങ്ങി മിന്നൽ പണിമുടക്ക് പ്രഖ്യാപിക്കുന്നത് ജനങ്ങളെ വലയ്ക്കുന്ന കാര്യമാണ്. ഇതെങ്ങനെ ന്യായീകരിക്കാൻ കഴിയും? ഇതാണോ സർക്കാർ കൂടെയുണ്ടാകുമെന്ന് നിങ്ങൾ പറഞ്ഞതെന്ന് ഞങ്ങൾക്ക് ഇപ്പോൾ ചോദിക്കേണ്ടിവന്നിരിക്കുകയാണ്. നൂറുകണക്കിനാളുകൾ ബുദ്ധിമുട്ടിയപ്പോൾ സർക്കാർ കൂടെയുണ്ടായിരുന്നോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, കെ.എസ്.ആർ.ടി.സി.-യും പോലീസും ഈ സംഭവത്തിൽ തുല്യ കുറ്റക്കാരാണ്. പോലീസുദ്യോഗസ്ഥരാണ് പ്രശ്നത്തിന് തുടക്കം കുറിച്ചത്. സ്വകാര്യ ബസ് തൃക്കണ്ണാപുരത്തുനിന്നും ഒൻപത് മണിക്ക് സർവ്വീസ് ആരംഭിച്ച് കിഴക്കേകോട്ടയിൽ 9.45-ന് എത്തിച്ചേരണം. പക്ഷേ 9.30-ന് ഗാന്ധി പാർക്കിൽ പാർക്ക് ചെയ്തിട്ട് ആറ്റുകാൽ അമ്പലത്തിലേയ്ക്ക് പോകാൻ കാത്തുനിന്ന ഭക്തജനങ്ങളെ ബസ്സിൽ കയറ്റാൻ തുടങ്ങിയപ്പോഴാണ് സംഘർഷം ആരംഭിച്ചത്. പോലീസുദ്യോഗസ്ഥർ സ്വകാര്യ ബസ്സുകളോടൊപ്പംനിന്ന് അവർക്ക് കടന്നു പോകുന്നതിനുള്ള അവസരമൊരുക്കിക്കൊടുക്കുകയും എതിർത്തവരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്തു. അങ്ങനെ എ.ടി.ഒ.-യെ അടക്കം അറസ്റ്റ് ചെയ്യുന്ന അവസ്ഥയുണ്ടായി. ഇതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യും പോലീസുദ്യോഗസ്ഥരും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. കെ.എസ്.ആർ.ടി.സി. നടത്തുന്ന രണ്ടാമത്തെ മിന്നൽ പണിമുടക്കാണിത്. ഒരിക്കൽ കുടുംബശ്രീക്ക് ടിക്കറ്റ് റിസർവേഷൻ കൗണ്ടർ അനുവദിച്ചതിന്റെ പേരിൽ ഇതുപോലെ 8 മണിമുതൽ 12 മണിവരെ മിന്നൽ പണിമുടക്ക് നടത്തി. മിന്നൽ പണിമുടക്ക് നടത്തുകയെന്നത് അവരുടെ സ്വഭാവമായി മാറുകയാണ്. സത്യത്തിൽ ആറ്റുകാലിലെ ഭക്തജനങ്ങൾക്കുവേണ്ടി സർവ്വീസ് നടത്താൻ നിയോഗിക്കപ്പെട്ടവർ അവർക്ക് ദ്രോഹമായി മാറുന്ന സ്ഥിതി വിശേഷമാണ് ഇന്നലെയുണ്ടായത്. പി.എസ്.സി., സി.ബി.എസ്.ഇ., എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള പരീക്ഷകൾ എഴുതാൻ കുട്ടികൾ നടന്നു പോകേണ്ടി വരികയും രോഗികൾക്ക് ആശുപത്രിയിൽ എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയുണ്ടാകുകയും ചെയ്തു. മണിക്കൂറുകൾ നീണ്ട ഗതാഗതക്കുരുക്കുണ്ടായിട്ട് അത് പരിഹരിക്കുന്നതിന് പോലീസ് തയ്യാറായില്ല. അവസാനം ജാമ്യമില്ലാ വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്ത കേസ് കെ.എസ്.ആർ.ടി.സി.-യുടെ സമ്മർദ്ദത്തിന്റെ ഫലമായി സ്റ്റേഷനിൽ വച്ചുതന്നെ ജാമ്യം അനുവദിച്ച് പറഞ്ഞയയ്ക്കുന്ന സ്ഥിതിയുണ്ടായി. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും മൂക്കിനുതാഴെ ഇങ്ങനെയൊരു സംഭവം നടന്നിട്ട് ഒന്നുംചെയ്യാൻ സാധിച്ചില്ല. ഒരാളുടെ ജീവൻ നഷ്ടപ്പെടുന്നതിനിടയായി. മരണപ്പെട്ട കടകംപള്ളി സ്വദേശി സുരേന്ദ്രൻ 12.45-നാണ് തന്റെ പ്രതിഷേധം അറിയിച്ചത്. അപ്പോൾ അദ്ദേഹത്തിന് ക്ഷീണം തോന്നുകയും രണ്ടുമണിയോടുകൂടി തളർന്നുവീഴുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കുന്നതിനായി തൊട്ടടുത്തുണ്ടായിരുന്ന ഒരു സ്ത്രീ പരിശ്രമിച്ചെങ്കിലും മരണപ്പെടുകയാണുണ്ടായത്. മരിച്ചിട്ട് അദ്ദേഹത്തിന്റെ ബോഡി കിടത്തിയിരുന്നത് എ.കെ.ജി. സെന്ററിനടുത്ത് സ്ഥിതി ചെയ്യുന്ന ജനറൽ ആശുപത്രിയിലായിരുന്നു. നിയമസഭ പിരിഞ്ഞതിനുശേഷം ഒന്നര മിനിട്ട് യാത്ര ചെയ്താൽ അവിടെയെത്താമായിരുന്നു. ഞങ്ങൾ അവിടെ പോയിരുന്നു. ഒരു മന്ത്രിപോലും ഒന്നുപോയി അന്വേഷിച്ചില്ല. ഞങ്ങൾ ചെല്ലുമ്പോൾ അവരുടെ ബന്ധുക്കളാരും എത്തിയിരുന്നില്ല. അദ്ദേഹം ഞങ്ങളുടെ പാർട്ടിക്കാര

നായിരുന്നുവെന്ന് ഇവിടെ പറഞ്ഞല്ലോ. എന്നാൽ ആരാണ് അവിടെ ആദ്യം എത്തിച്ചേർന്നത്? ഇൻക്വസ്റ്റ് തയ്യാറാക്കാൻപോലും പറ്റാത്ത അവസ്ഥയിൽ ആ മൃതശരീരം അനാഥമായി കിടക്കുന്ന കാഴ്ചയാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. ഇത്രയും ക്രൂരമായി ഇവിടത്തെ ജനങ്ങളോട് പെരുമാറാൻ അവരെന്ത് തെറ്റാണ് ചെയ്തത്? അതുകൊണ്ട് പോലീസിൽനിന്നും, ഈ സമരത്തിന് ആഹ്വാനം നൽകിയ കെ.എസ്.ആർ.ടി.സി.-യിൽനിന്നും നഷ്ടപരിഹാരം ഈടാക്കി ആ കുടുംബത്തിന് നൽകണമെന്നാണ് ഞങ്ങൾക്കിവിടെ പറയാനുള്ളത്. സർക്കാർ ഖജനാവിൽനിന്ന് നൽകാതെ സമരം ചെയ്ത് ഇത്തരത്തിലുള്ള ജീവഹാനി വരുത്തുന്നവരിൽനിന്നുതന്നെ നഷ്ടപരിഹാരം ഈടാക്കിയാൽപ്പിന്നെ ഇത് ആവർത്തിക്കില്ല. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഈ ചർച്ചയിൽ സജീവമായി പങ്കെടുക്കേണ്ട തായിരുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് അദ്ദേഹം അവിടെ യിരുന്ന് ഇതെല്ലാം നിരീക്ഷിക്കുന്നുവെന്നാണ്. ഈ വിഷയം ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ചതിനെ ഞങ്ങൾ എതിർത്തതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയിരുന്നത് മുഖ്യമന്ത്രിക്കായിരുന്നു. അദ്ദേഹത്തിൽനിന്നുള്ള മറുപടിയായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഏതായാലും ഈ സംഭവത്തെ ഗൗരവത്തോടെ കാണണം. ജില്ലാ കളക്ടർപോലും നിഷ്ക്രിയമായി നിന്ന വിഷയത്തെപ്പറ്റി ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാരെ ശിക്ഷിക്കാനും അവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുമുള്ള ശ്രമം നടത്തണം. സജീവമായ ഒരു ചർച്ച നടന്നിരുന്നുവെങ്കിൽ അതിന് സാധിക്കുമായിരുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

11.00 A.M.]

ശ്രീ. പി. ജെ. ജോസഫ്: സർ, ഇത്രയും ഗുരുതരമായൊരു സ്ഥിതി വിശേഷമുണ്ടായിട്ട് അനങ്ങാതെയിരുന്ന കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചത് അർത്ഥശൂന്യമാണ്. ഡ്രൈവർ താക്കോലുമായി പോയാൽപ്പിന്നെ വണ്ടി അനങ്ങില്ല എന്നാണോ; മിനിട്ടുകൾക്കുള്ളിൽ ആ വാഹനം സ്റ്റാർട്ട് ചെയ്യാനുള്ള സംവിധാനമില്ലേ? തലങ്ങും വിലങ്ങുമായി പാർക്ക് ചെയ്തിരുന്ന വണ്ടികൾ മാറ്റാൻ പോലീസ് വിചാരിച്ചാൽ സാധിക്കുമായിരുന്നു. മണിക്കൂറുകളോളം നീണ്ട മിന്നൽ പണിമുടക്കിനെത്തുടർന്ന് ഒരാളുടെ ജീവനാണ് നഷ്ടപ്പെട്ടത്. അതിൽ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ആറേഴ് മണിക്കൂർ തലസ്ഥാനനഗരത്തെ സ്തംഭിപ്പിച്ചു.

പോലീസിന്റെ ശക്തമായ ഇടപെടലുണ്ടായിരുന്നെങ്കിൽ ഇത് അവസാനിപ്പിക്കാമായിരുന്നു. കളക്ടർക്കുപകരം മറ്റേതെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെയാണ് ഇതിന്റെ അന്വേഷണ ചുമതല ഏൽപ്പിക്കേണ്ടത്. കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വിവിധ വകുപ്പുകളുടെ വീഴ്ചയും പരാജയവുമാണ് ഇന്നലെ തലസ്ഥാനനഗരിയിൽ കാണാൻ കഴിഞ്ഞത്. സ്വകാര്യ ബസ്സുകൾ സമയക്രമം തെറ്റിച്ചും അനധികൃതമായും ഓടുന്നത് ഇവിടെ മാത്രമല്ല, കേരളത്തിലെമ്പാടുമുണ്ട്. ഓവർസ്പീഡിൽ ഓടുന്നതടക്കമുള്ള പരാതികളുണ്ടായാൽ അതിലേയ്ക്കൊന്നും കൃത്യമായ അഡ്രസ്സിംഗ് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. ഇവിടെ അത് ചോദ്യംചെയ്ത ഉദ്യോഗസ്ഥരെ കസ്റ്റഡിയിലെടുക്കുന്ന സമീപനമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായത്. ഞാൻ അതിന്റെ പശ്ചാത്തലത്തിലേയ്ക്കൊന്നും പോകുന്നില്ല. എന്തായാലും ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്നതിൽ സംശയമില്ല. അതിന് രക്തസാക്ഷിയാകേണ്ടിവന്നത് ഒരു സാധാരണ മനുഷ്യനാണ്. തലസ്ഥാനത്ത് ഇത്തരത്തിലൊരു വിഷയമുണ്ടാകുമ്പോൾ സർക്കാരിന് അടിയന്തര ഇടപെടൽ നടത്താമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ കമ്മീഷണറെ വിളിച്ച് സംസാരിച്ചുവെന്നൊക്കെ പറഞ്ഞു. അതൊന്നും ഒരിടപെടലല്ല. അതിന്റെ ഗൗരവം മനസ്സിലാക്കാൻ സർക്കാരിന് കഴിയാതെ പോയി. അതാണിവിടെ സംഭവിച്ചത്. ഇത്തരത്തിലുള്ള മിന്നൽ പണിമുടക്കുകളെ ശക്തമായി നേരിടാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കെ.എസ്.ആർ.ടി.സി.-യെ എങ്ങനെയൊക്കെ നശിപ്പിക്കാമോ എന്നതിനെ സംബന്ധിച്ച് ഗവേഷണം നടത്തുന്ന സമ്പ്രദായം ഇപ്പോഴുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയൊക്കെ നമ്മൾ ഒരുപാട് ചർച്ച ചെയ്തതാണ്. കെ.എസ്.ആർ.ടി.സി. പൊതു സമൂഹത്തിനു മുമ്പിൽ കൂടുതൽ കളങ്കിതമായിരിക്കുന്നുവെന്നത് വാസ്തവമാണ്. ഒരു മനുഷ്യൻ മരണപ്പെടുമ്പോൾ അയാൾക്ക് സി.പി.ആർ. കൊടുക്കുന്ന പടമാണ് ഇന്ന് മലയാള മനോരമ ദിനപത്രത്തിൽ അച്ചടിച്ചുവന്നിരിക്കുന്നത്. പ്രഥമശുശ്രൂഷയെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ട സന്ദർഭവും കൂടിയാണിത്. ജനംകൂടുന്ന സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പ്രതിസന്ധികളെ എങ്ങനെ മറികടക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളും ഗൗരവമായി ചിന്തിക്കണം. ഇതുമായി ബന്ധപ്പെട്ട യൂണിറ്റുകൾ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ,

ടെർമിനലുകൾ, ജനംകൂടുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. സി.പി.ആർ. കൃത്യസമയത്ത്, കൃത്യമായ നിലയിൽ ഈ മനുഷ്യന് നൽകിയിരുന്നുവെങ്കിൽ ഒരുപക്ഷേ ജീവൻ രക്ഷിക്കാമായിരുന്നു എന്നത് വാർത്തകൾ വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്തായാലും ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും പരാജയമുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകാത്തതാണ് ഒരു വലിയ ദുരന്തത്തിലേയ്ക്ക് തലസ്ഥാനത്തെ കൊണ്ടെത്തിച്ചത്. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, തലസ്ഥാനത്ത്, അതും നഗരത്തിന്റെ ഹൃദയ ഭാഗത്താണ് ഇത്രയും അരാജകത്വം സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു സാഹചര്യമുണ്ടാക്കിയത്. ഭരിക്കുന്നവരും ചുമതലപ്പെട്ടവരുമെല്ലാം സന്നിഹിതരായിരുന്നിട്ടും ഒരു നടപടിയുമെടുക്കാതെ അരാജകത്വത്തിലേയ്ക്ക് നാടിനെ വിട്ടുകൊടുക്കുന്ന സാഹചര്യമുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് തീർച്ചയായും അപലപനീയവും പൂർണ്ണ പരാജയവുമായിരുന്നു. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) തീരദേശ സംരക്ഷണ വിജ്ഞാപന വ്യവസ്ഥകളിൽ ഇളവ്

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിലെ ചില അസംബ്ലി നിയോജക മണ്ഡലങ്ങളിലെ ജനങ്ങളെ ബാധിക്കുന്ന സുപ്രധാനമായ വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. 1996-ൽ തയ്യാറാക്കിയ തീരദേശ പരിപാലന ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 26000 കെട്ടിടങ്ങൾ CRZ-III B-യിൽ ഉൾപ്പെട്ടിരിക്കുന്നതായി കണ്ടെത്തി. ഇതിൽ 90%-വും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകളാണ്. എന്നാൽ 2018-ലെ പുതുക്കിയ നിയമപ്രകാരം തീരപരിപാലന നിയമത്തിൽ ചില ഇളവുകൾ അനുവദിച്ചിരുന്നു.

ഡോ. ഷൈലേഷ് നായക് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2019-ലെ തീരദേശ മേഖലാ റിപ്പോർട്ടിൽ മാറ്റം വന്നിട്ടുണ്ട്. എന്നാൽ ഈ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് സംസ്ഥാനങ്ങൾ പുതിയ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി ആറ് മാസത്തിനകം അംഗീകാരം വാങ്ങണമെന്ന് വ്യക്തമാക്കിയിരുന്നു. സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെട്ട സ്ഥാപനമായ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) 2020 മേയ് മാസത്തോടെ മാത്രമേ റിപ്പോർട്ട് സമർപ്പിക്കുകയുള്ളൂവെന്നാണ് അറിയാൻ കഴിയുന്നത്. ലൈഫ് പദ്ധതിയിൽ പൂർത്തീകരിക്കേണ്ട 7000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും തീരദേശത്തെ സ്കൂളുകൾ, അങ്കണവാടികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ളവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുന്നത് സംബന്ധിച്ച ആശങ്ക മത്സ്യത്തൊഴിലാളികൾക്കും തീരദേശ വാസികൾക്കുമുണ്ട്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, തീരദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റ് പ്രാദേശിക സമൂഹം എന്നിവയുടെ ജീവിതസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ച് നിർത്തുക, പരിസ്ഥിതിയെയും സമുദ്ര മേഖലയെയും തനതായ രീതിയിൽ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011-ൽ CRZ വിജ്ഞാപനം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചത്. ടി വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (CRZ-B) ആണ് നിലവിലുള്ളത്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനപ്രകാരം കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 500 മീറ്റർ കരഭാഗത്തേയ്ക്ക് തീരദേശ നിയന്ത്രണ നിയമം ബാധകമാണ്. പ്രസ്തുത 500 മീറ്ററിൽ തീരദേശ നിയന്ത്രണ മേഖലയിൽ കെട്ടിടനിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ അനുമതി വാങ്ങേണ്ടതാണ്. കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നത് അതിന്റെ ഉപയോഗവും വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരവും പരിഗണിച്ചാണ്. 2019-ൽ 2011-ലെ CRZ വിജ്ഞാപനം ഭേദഗതി ചെയ്തുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചു. ടി വിജ്ഞാപനത്തിലെ 6(1) വ്യവസ്ഥപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ 2019-ലെ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. അതുവരെ 2011-ലെ CRZ വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമായിരിക്കും സംസ്ഥാനത്ത് ബാധകമാകുന്നത്. 18-1-2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച CRZ വിജ്ഞാപനപ്രകാരം തീരദേശ

നിയന്ത്രണ മേഖലയിലുൾപ്പെടുന്ന ഗ്രാമപ്രദേശങ്ങളെ 2011-ന്റെ സെൻസസ് അടിസ്ഥാനത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 2161-ലേറെ ജനസംഖ്യയുള്ള വികസന നിശ്ചിത മേഖല വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററായിരുന്നത് 50 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2161-ൽ താഴെ ജനസംഖ്യയുള്ള വികസന നിശ്ചിത മേഖല വേലിയേറ്റ രേഖയിൽനിന്നുള്ള 200 മീറ്റർ എന്ന നിബന്ധന തുടരുന്നതാണ്. 18-1-2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച CRZ വിജ്ഞാപനപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. അത് നൽകുന്ന മുറയ്ക്ക് നമുക്ക് ഇളവുകൾ ലഭ്യമാകും. അതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പുതുക്കിയ വിജ്ഞാപനത്തിൽ ദ്വീപുകൾക്കും കായൽ ദ്വീപുകൾക്കും നിർമ്മാണ മേഖലാ പരിധി തീരത്തുനിന്നും 20 മീറ്ററായി നിശ്ചയിച്ചിരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ ധർമ്മടം, കവായി, എറണാകുളം ജില്ലയിലെ വൈപ്പിൻ, ബോൾഗാട്ടി, കുറുവ, വെല്ലിംഗ്ടൺ ഐലന്റ്, മുളവുകാട്, തിരുവനന്തപുരം ജില്ലയിലെ പൊന്നുംതുരുത്ത്, ആലപ്പുഴ ജില്ലയിലെ കാക്കത്തുരുത്ത്, എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പാട് എന്നീ പ്രദേശങ്ങൾക്ക് ദ്വീപിന്റെ പരിഗണന നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്ക് 20 മീറ്റർ ദൂരപരിധി നിശ്ചയിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് ശാസ്ത്രീയമായിട്ടാണ്. അതനുസരിച്ച് മാത്രമേ ഇളവ് ലഭിക്കുകയുള്ളൂ. ആ പ്ലാനാണ് സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. അത് പൂർത്തീകരിച്ച് കൊടുക്കുന്നമുറയ്ക്ക് മാത്രമേ ഇളവുകൾ ലഭ്യമാകുകയുള്ളൂ.

(2) ഗതാഗത സുരക്ഷാ വിഷയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിക്കുമ്പോൾ ഗതാഗത സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ചാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ പരാമർശിക്കുന്നത്. 'Ignorantia juris non excusat' എന്നുപറഞ്ഞാൽ 'Ignorance of law is not an excuse' എന്നാണ്. ഇവിടെ ഗതാഗത നിയമങ്ങൾ നിരവധിയുണ്ടെങ്കിലും അവ പാലിക്കപ്പെടുന്നില്ല. അപകടങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ കാരണം, ഈ നിയമത്തെക്കുറിച്ചുള്ള

അവബോധമില്ലായ്മയും യഥാർത്ഥ ഗതാഗത സംസ്കാരമില്ലായ്മയുമാണ്. പല രാജ്യങ്ങളിലും പാഠ്യപദ്ധതിയിൽ ഗതാഗത സംസ്കാരവും ഗതാഗത നിയമങ്ങളും എൽ.കെ.ജി. ക്ലാസ് മുതൽതന്നെ പഠിപ്പിക്കുന്നുണ്ട്. അമേരിക്കയിൽ റോഡ് സുരക്ഷ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ട്രാൻസിറ്റ് കരിക്കുലത്തിൽ ഉൾപ്പെടുത്തിയാണ് അവിടെ മുന്നോട്ടുപോകുന്നത്. ഇവിടെയാണെങ്കിൽ 18 വയസ്സ് പൂർത്തിയായി ലേണേഴ്സ് ലൈസൻസിനുവേണ്ടി അപേക്ഷ നൽകുമ്പോൾ മാത്രമാണ് ട്രാഫിക് നിയമങ്ങൾ പഠിക്കുന്നത്. ഇന്ത്യയിൽ 2018-ൽ റോഡിൽ പൊലിഞ്ഞത് 151417 ജീവനുകളാണ്. എന്നുവച്ചാൽ, ഓരോ മണിക്കൂറിലും മരിക്കുന്നത് 17 പേരാണ്. രാജ്യത്ത് 789 അതീവ അപകടമേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഈ അപകടമേഖലകളിലാണ് വീണ്ടും വീണ്ടും മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ അപകടമുണ്ടാക്കുന്ന ഡ്രൈവർമാരിൽ 9% പേർക്കും ലൈസൻസില്ലെന്നാണ് പറയുന്നത്. അതിൽ ഭൂരിഭാഗവും കുട്ടികളാണെന്നുള്ളതും യാഥാർത്ഥ്യമാണ്. 2018-ൽ 467044 അപകടങ്ങളിലായി 151417 പേരും വാഹനമിടിച്ച് 22656 കാൽനട യാത്രക്കാരും റോഡിലെ കുഴിയിൽചാടി വാഹനത്തിന്റെ നിയന്ത്രണംവിട്ട് 2015 പേരും മരണപ്പെടുകയുണ്ടായി. സമീപഭാവിയിൽ അവിനാശിയിൽ ദാരുണമായി മരിച്ച 19 പേരുടെ കാര്യവും നമുക്കറിയാം. ഒരു വ്യക്തി ശ്രദ്ധയോടെ വാഹനമോടിച്ചാലും എതിരെ വരുന്ന വാഹനത്തിന്റെ ഡ്രൈവർക്ക് ശ്രദ്ധയില്ലെങ്കിൽ അപകടം സംഭവിക്കാം. രണ്ടുപേരുടെയും അശ്രദ്ധകൊണ്ടോ ഓവർടേക്കിംഗ് മുഖേനയോ അപകടം സംഭവിക്കുന്നുണ്ട്. നമ്മുടെ അശാസ്ത്രീയ റോഡ് നിർമ്മാണംകൊണ്ടും അപകടങ്ങളു ണ്ടാകുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നതും ഡ്രൈവർ ഉറങ്ങിപ്പോകുന്നതുമൊക്കെ അപകടങ്ങളുണ്ടാകുന്നു. ഇങ്ങനെ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരിൽ 51 ശതമാനവും യുവാക്കളാണെന്നാണ് കണക്കുകളിൽനിന്നും മനസ്സിലാകുന്നത്. ഒരു മിനിറ്റിൽ ഒരു അപകടവും നാല് മിനിറ്റിൽ ഒരു മരണവും ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. നിരവധി കണക്കുകൾ എന്റെ കയ്യിലുണ്ടെങ്കിലും സമയപരിമിതികൊണ്ട് അതൊന്നും ഞാൻ പറയുന്നില്ല. 5 കാരണങ്ങളാലാണ് പ്രധാനമായും അപകടങ്ങളുണ്ടാകുന്നത്. അതിലൊന്ന്, സ്പീഡാണ്. 60% പേർ ഓവർസ്പീഡ് കാരണം അപകടങ്ങളിൽപ്പെടുന്നു. അതുമൂലം ചിലർ മരിക്കുന്നു, ചിലർക്ക് പരിക്കേൽക്കുന്നു. ഓവർ ക്രൗഡിംഗ് കാരണം 27%, സ്കിൽ ഇല്ലാത്ത ഡ്രൈവർമാർ കാരണം 18%, Behaviour causes കാരണം 15%, Drunken drivers കാരണം 5% എന്നിങ്ങനെയാണ് റോഡപകടങ്ങളുടെ നിരക്ക്. ട്രാഫിക് ബോർഡുകൾ കൃത്യമായി പ്രവർത്തിക്കാത്തതും അപകടങ്ങൾ ക്കിടയാക്കുന്നു. ക്യാമറകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവയിൽ പലതും നിർജ്ജീവാ വസ്ഥയിലാണ്. ഇതിന്റെ ചുമതല കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും അവരത്

മെയിന്റയിൻ ചെയ്യാത്തതുകൊണ്ട് അപകടങ്ങൾ കൂടുന്നു. കുട്ടികൾക്ക് എങ്ങനെ വാഹനമോടിക്കണമെന്ന് അറിയില്ല. അപകടത്തിൽപ്പെടുന്നവരെ ആശുപത്രി യിലെത്തിക്കാൻ ആരും തയ്യാറാകുന്നില്ല. അതിന്റെ കാരണം അവരിൽ ഗതാഗത സംസ്കാരമില്ലാത്തതാണ്. എങ്ങനെ ഫസ്റ്റ് എയ്ഡ് കൊടുക്കണമെന്ന് അറിയില്ല. റോഡ് മുഴുവൻ ഗതാഗതക്കുരുക്കാണ്. ഏറ്റവും പുറകിൽ വരുന്നവനും ഹോൺ മുഴക്കി മുന്നിൽ കയറാൻ ശ്രമിച്ചുകൊണ്ടിരിക്കും. വിദേശരാജ്യത്തൊക്കെ 'Thanks giving horn' എന്ന ഏർപ്പാടുണ്ട്. ഒരു വാഹനം പുറകിൽ വരികയാണെങ്കിൽ അതിനെ കയറ്റി വിടും. എന്നിട്ട് മൂന്നുപ്രാവശ്യം ഹോണടിച്ച് നന്ദി പ്രകടിപ്പിക്കും. ഇവിടെ ആംബുലൻസിനെപ്പോലും കടത്തിവിടാൻ തയ്യാറാകാത്ത മാനസികാവ സ്ഥയുള്ള ആളുകളുണ്ട്. 2010-ൽ കൂടിയ ഐക്യരാഷ്ട്ര സഭ 2011 മുതൽ 2020 വരെ റോഡ് സുരക്ഷാ ദശകമായി ആചരിക്കുകയാണ്. നമ്മുടെ നാട്ടിൽ റോഡപകടങ്ങൾ കാരണം മരണപ്പെടുന്ന യുവജനങ്ങളുടെ കണക്ക് ഭീതിപ്പെടുത്തുന്നതായതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. നമ്മുടെ രാജ്യത്ത് ഒരു ഗതാഗത സംസ്കാരമുണ്ടാകണം. അതുകൊണ്ട് അങ്കണവാടി മുതൽ കുട്ടികളെ ഗതാഗത സംസ്കാരം പഠിപ്പിക്കണം, അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റണം. എൽ.കെ.ജി. കുട്ടികളെ മഞ്ഞ, പച്ച, ചുവപ്പ് ബൾബുകളെക്കുറിച്ച് പഠിപ്പിച്ചാൽ മതി. കേരളത്തിൽ നിലവിലുള്ള ഗതാഗത നിയമങ്ങളെല്ലാം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അത് കുട്ടികളിലെത്തുകയും അവർക്ക് പ്രയോജനപ്രദമാകുകയും ചെയ്യും. അതുകൊണ്ട് ഗൗരവപൂർവ്വം ഇക്കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ട നടപടി സ്വീകരിക്കണം. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ "ഹാപ്പി ട്രാഫിക്" എന്നുപറയുന്ന ഒരു സിസ്റ്റമുണ്ട്. ഏകദേശം നാല്പതോളം സ്വയം സേവകരായ ആളുകൾ പോലീസിനെ സഹായിക്കാൻ വേണ്ടി "ഫ്രണ്ട്സ് ഓഫ് പോലീസ്" എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി ഗതാഗതക്കുരുക്ക് പരിഹരിക്കാനും അപകടങ്ങൾ കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അക്കാര്യവും അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു നല്ല ഗതാഗത സംസ്കാരമുണ്ടാക്കിയെടുക്കാൻവേണ്ടി ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പാഠഭാഗങ്ങളിൽ ഇപ്പോൾത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഗതാഗത വകുപ്പും വിദ്യാഭ്യാസ വകുപ്പും കേരള റോഡ് സുരക്ഷാ അതോറിറ്റിയും എസ്.സി.ഇ.ആർ.റ്റി.-യും സംയുക്തമായി "സുരക്ഷിത യാത്ര" എന്ന റോഡ് നിയമങ്ങൾ വളരെ വിശദമായി രേഖപ്പെടുത്തിയ ഒരു കൈപുസ്തകം തയ്യാറാക്കി സ്കൂളുകളിലെത്തിച്ച് അതിൽ വിശദമായ ചർച്ച

നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് അദ്ദേഹം പറഞ്ഞ രീതിയിലുള്ള ബോധവൽക്കരണവും നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങ് പറയുന്നതുപോലെ കൈപുസ്തകങ്ങൾ കൊടുക്കുന്നുണ്ട്, ക്ലബ്ബുകളൊക്കെയുണ്ട്. എൽ.കെ.ജി. മുതൽ ഇത് പാഠ്യപദ്ധതിയുടെ ഭാഗമാക്കി കൊണ്ടുവരുന്ന കാര്യത്തിൽ തീരുമാനമുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ പാഠ്യപദ്ധതിയിലുണ്ട്. അത് കുറേക്കൂടി വിശദമായി മനസ്സിലാക്കാനുള്ള അധിക പരിപാടികളാണ് ഞാൻ സൂചിപ്പിച്ചത്. ഏതായാലും ഇത് പ്രധാനപ്പെട്ട വിഷയമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് അത് വളരെ പ്രധാനപ്പെട്ട വിഷയമായിത്തന്നെ എടുക്കുന്നുണ്ട്.

## V സബ്മിഷൻ

### (1) ചാലക്കുടി സാങ്കേതിക സഹകരണ സംഘം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടിയിൽ സാങ്കേതിക സഹകരണ സംഘത്തിന് വ്യവസായ വകുപ്പ് നേരത്തെ സ്ഥലം അനുവദിച്ച് നൽകിയിരുന്നു. 50 സെന്റോളം വരുന്ന പ്രസ്തുത സ്ഥലത്തെ കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞതും സ്ഥലം കാടുപിടിച്ചതുമായ അവസ്ഥയിലാണ്. ചാലക്കുടി റീ-ഫാക്ടറീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്തിനും ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കുമിടയിലുള്ള ഏറെ പ്രാധാന്യമുള്ള ഈ സ്ഥലത്ത് വ്യവസായ വകുപ്പിനുകീഴിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംരംഭകർക്കായി ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതുൾപ്പെടെയുള്ള അനുയോജ്യമായ പ്രോജക്ട് അനുവദിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതിനായി നേരത്തെയുണ്ടായിരുന്ന സാങ്കേതിക സഹകരണ സംഘം ലിക്വിഡേഷൻ നടപടികൾക്ക് അംഗീകാരം നൽകുന്നതിനും സ്ഥലം വ്യവസായ വകുപ്പിൽ നിഷിപ്തമാക്കുന്നതിനുമാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, 1955-ൽ പ്രവർത്തനം ആരംഭിച്ച ചാലക്കുടി സാങ്കേതിക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 3548 നിലവിൽ ലിക്വിഡേഷനിലാണ്. 2002-ൽ പ്രവർത്തനം നിലച്ച പ്രസ്തുത സ്ഥാപനത്തിൽ 2013-ൽ തീപിടിച്ച് സംഘം രേഖകളുൾപ്പെടെ നശിച്ചുപോയിരുന്നു. പിന്നീട് 2015-ൽ ചില അംഗങ്ങൾ മുന്നോട്ടു വന്ന് സംഘം ഭരണസമിതി രൂപീകരിച്ചെങ്കിലും യാതൊരുവിധ പുനരുദ്ധാരണ

പ്രവർത്തനങ്ങളും നടത്താത്തതിനാൽ 2018-ൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സംഘം ലിക്വിഡേറ്റ് ചെയ്യാൻ ഉത്തരവിടുകയുണ്ടായി. ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 435/1-ൽ ഉൾപ്പെട്ടിട്ടുള്ള 49 സെന്റ് സ്ഥലം ലീസ് വ്യവസ്ഥയിൽ റവന്യൂ വകുപ്പ് പ്രസ്തുത സംഘത്തിന് അനുവദിച്ചിട്ടുണ്ട്. ലിക്വിഡേഷനിലായ സംഘത്തിന് 70,038 രൂപ സർക്കാർ ബാധ്യത നിലനിൽക്കുന്നുണ്ട്. സംഘം പുനരുദ്ധരിക്കാനുള്ള അവസരം നൽകണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ലിക്വിഡേഷൻ നടപടികൾ തൽക്കാലം നിർത്തിവയ്ക്കുകയും പുനരുദ്ധാരണത്തിന് സമയം അനുവദിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. എങ്കിലും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പ്രസ്തുത സ്ഥലം പരിശോധിച്ച് സംഘം പുനരുദ്ധരിക്കാൻ സാധ്യമാകില്ലെന്നും അവിടെ മറ്റു വ്യവസായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് കഴിയുംവിധം ഭൂമി പുനരുപയോഗപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. കാലാവധി നീട്ടിവാങ്ങിയതുതന്നെ ദുരുദ്ദേശ്യപരമാണെന്നും അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യവസായ ഡയറക്ടറോട് ഇത് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാലാവധി നീട്ടിക്കൊടുത്തതിനുശേഷവും ഒരു നടപടിയുമുണ്ടായിട്ടില്ല, അത് നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഭൂമി തിരിച്ചെടുത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

(2) വസ്തുവിന്റെ പരിവർത്തനം

ശ്രീ. അൻവർ സാദത്ത്: സർ, വളരെ പ്രധാനപ്പെട്ടതും സാധാരണക്കാരനെ ബാധിക്കുന്നതുമായ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 2008 ഓഗസ്റ്റിനുശേഷം ബേസിക് ടാക്സ് രജിസ്റ്റർ (ബി.റ്റി.ആർ.)-ൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തു വാങ്ങിയവർക്ക് അത് പരിവർത്തനം ചെയ്യാൻ അനുമതി നൽകുകയില്ലെന്ന് റവന്യൂ വകുപ്പ് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ സ്ഥലവും വീടുമില്ലാത്ത ആയിരക്കണക്കിന് പാവപ്പെട്ട അപേക്ഷകരെ ഈ സർക്കുലർ ദോഷകരമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്. ഇതുമൂലം കൃഷിക്കാരനായ ഒരാൾ 2008-നുശേഷം മക്കൾക്ക് വീതംവച്ചു നൽകിയ കൃഷിഭൂമിയിൽ വീട് നിർമ്മിക്കണമെങ്കിൽ അതിന് തടസ്സമുണ്ടാകും. അഞ്ച് സെന്റ് ഭൂമിവരെ വ്യതിയാനം നടത്താനും വീട് നിർമ്മിച്ചശേഷം റെഗുലറൈസ് ചെയ്യുന്നതിനും അപേക്ഷ സമർപ്പിച്ചവർക്ക് അത് സാധിക്കാത്ത അവസ്ഥയുണ്ടാകും. സ്വന്തമായി വീടും

സ്ഥലവുമില്ലാത്ത പലയാളുകളും വാടകവീടുകളിലോ ബന്ധുവീടുകളിലോ തറവാട് വീടുകളിലോ താമസിക്കുമ്പോൾ ഒരു വീട്ടിൽ രണ്ടോമൂന്നോ കുടുംബങ്ങളുണ്ടാകും. അവർക്ക് കിട്ടുന്ന വരുമാനം സമാഹരിച്ചുവച്ച് എവിടെയെങ്കിലും സ്ഥലം വാങ്ങാൻ ശ്രമിക്കുമ്പോൾ കരഭൂമിക്ക് വളരെയധികം വില കൊടുക്കേണ്ടിവരും. നിലമായിക്കിടക്കുന്ന ഭൂമിയായിരിക്കും കുറച്ച് വിലക്കുറവിൽ ലഭിക്കുക. എന്നാൽ ഈ നിയമം വന്നതോടുകൂടി അത്തരം ഭൂമി വാങ്ങിയാൽ അവിടെ വീട് നിർമ്മിക്കാൻ കഴിയില്ല. പാടശേഖരങ്ങളിലും നിലമായിക്കിടക്കുന്ന സ്ഥലങ്ങളിലും കെട്ടിടങ്ങൾ നിർമ്മിച്ച് ഭൂമി ദുർവിനിയോഗം ചെയ്യുന്ന സാഹചര്യത്തെക്കുറിച്ച് കോടതി പരാമർശമുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ചില മാഫിയകളൊക്കെ ഇത്തരം ഭൂമി വാങ്ങുകയും ആളുകൾക്ക് വെറുതെ 5 സെന്റ് ഭൂമി നൽകുകയും ചെയ്യുന്നുണ്ട്. ഇത് പലപ്പോഴും ആ സ്ഥലം കരഭൂമിയാക്കി മാറ്റാനുള്ള തന്ത്രമായിരിക്കും. അങ്ങനെയുള്ള കാര്യങ്ങൾ റവന്യൂ വകുപ്പ് കണ്ടുപിടിച്ച് അതിന് സാംഗ്ഷൻ നൽകാതിരിക്കണം. എന്നാൽ ഉമ്മറം അഥവാ വീട് എന്നത് നമ്മുടെ സ്വപ്നമാണ്. സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് വീട് പണിയുന്നതിനും അവിടെ താമസിക്കുന്നതിനുമുള്ള സാഹചര്യം ഈ നിയമത്തോടെ ഇല്ലാതാകുകയാണ്. ആയതിനാൽ വീടുവയ്ക്കുന്നതിനായി 5 സെന്റ് ഭൂമി വാങ്ങിയ പാവപ്പെട്ടയാളുകൾക്ക് മാനുഷിക പരിഗണന നൽകി അവർക്കനുകൂലമായ ഒരു നിയമഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ ചക്ലിയ സമുദായത്തിൽപ്പെട്ട പത്തുപതിനഞ്ചാളുകൾക്ക് എസ്.സി. വകുപ്പ് സ്ഥലം വാങ്ങുന്നതിനായി ഫണ്ട് കൊടുത്തിരുന്നു. അവരെല്ലാം ഇത്തരത്തിലുള്ള ഒരു നിലമാണ് വാങ്ങിയിരിക്കുന്നത്. ഇപ്പോൾ അവർ അതിന്റെ പുറകെ നടക്കുകയാണ്. കഴിഞ്ഞമാസം 29-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ ഒന്നാം പേജിൽ '2008-നുശേഷം വാങ്ങിയ വയൽ നികത്തി വീട് നിർമ്മിക്കാൻ പറ്റില്ല' എന്ന വാർത്തയുണ്ടായിരുന്നു. ഇത് ജനങ്ങളെ വളരെയധികം ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമം ഭേദഗതി ചെയ്ത് പാവപ്പെട്ടവർക്ക് അഞ്ചോ മൂന്നോ സെന്റ് ഭൂമി നിലമെന്നുള്ളത് കരഭൂമിയാക്കി മാറ്റിക്കൊടുത്ത് വീട് നിർമ്മിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ മറ്റ് എം.എൽ.എ.-മാർക്കും ഈ അഭിപ്രായമുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ഒരു പരിഹാരം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ Writ Petition 3466/17-ാം നമ്പർ കേസിലെ 6-6-2017-ലെ വിധിന്യായത്തിൽ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12-8-2008-നുശേഷം നിലം

തരത്തിൽപ്പെട്ട ഭൂമിയുടെ ഉടമസ്ഥരായവർക്ക് നിയമത്തിലെ 9(1) പ്രകാരമുള്ള ഇളവിന് അർഹതയില്ലെന്ന് ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമഭേദഗതി കൊണ്ടുവരാത്തിടത്തോളം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽപ്രസ്താവിച്ച വിധിന്യായമായിരിക്കും പ്രാബല്യത്തിലുണ്ടാകുകയെന്ന് 30-7-2019-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സർക്കാർ 14-2-2020-ലെ 248/2019/റവന്യൂ സർക്കുലർ പ്രകാരം 12-8-2008-നു ശേഷം നെൽവയൽ ഭൂമി വാങ്ങിയവർക്ക് ഭവനനിർമ്മാണത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ലെന്ന നിബന്ധന ഏർപ്പെടുത്തിയത്. എറണാകുളം ജില്ല ആലുവ താലൂക്ക് ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34-ൽ റീസർവ്വേ നമ്പർ 276/10-ൽപ്പെട്ട ഭൂമി റവന്യൂ രേഖകൾപ്രകാരം നിലംതരത്തിൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ നിലമായി (paddy land) ഉൾപ്പെട്ടതുമാണ്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 9(1) പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീടുവയ്ക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ 10 സെന്റ് ഭൂമിയും മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 5 സെന്റ് ഭൂമിയും വകുപ്പ് 9(8) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതനുസരിച്ച് പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ സമർപ്പിക്കുകയും ജില്ലാതല അധികൃത സമിതി ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ പ്രസ്തുത ഭൂമി 12-2-2008-നുശേഷമാണ് വാങ്ങിയതെങ്കിൽ മേൽ പ്രസ്താവിച്ച നിയമവ്യവസ്ഥയുടെയും കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിനായി ജില്ലാതല അധികൃത സമിതിയുടെ മുമ്പാകെ ശിപാർശ സമർപ്പിക്കാൻ പ്രാദേശികതല നിരീക്ഷണ സമിതിക്ക് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## (3) അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സർക്കാർ പദ്ധതികൾ സർക്കാർ തന്നെ അട്ടിമറിക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അരുവിക്കര കുപ്പിവെള്ള പദ്ധതി. വലിയരീതിയിൽ ചൂഷണം നടക്കുന്ന കുപ്പിവെള്ള ബിസിനസ്സിൽനിന്നും ജനങ്ങളെ മോചിപ്പിക്കാനായി സർക്കാർ നേരിട്ടിറങ്ങി മിതമായ നിരക്കിൽ ശുദ്ധമായ കുപ്പിവെള്ളം എല്ലായിടത്തും എത്തിക്കാനാണ് 2015-ൽ ഈയൊരു പ്രോജക്ട് അരുവിക്കര ഡാം കേന്ദ്രീകരിച്ച് തുടങ്ങിയത്. 5 വർഷം കഴിഞ്ഞിട്ടും ഇതുവരെ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഏകദേശം 16 കോടി രൂപയുടെ ബഡ്ജറ്റ് അപ്രൂവലും സ്റ്റേറ്റ് ഫണ്ടിൽനിന്നും ഫണ്ട് അലോക്കേഷനും നടത്തിയെങ്കിലും രണ്ട് വർഷംകൊണ്ട് പൂർത്തിയാകേണ്ട ഈ പ്രോജക്ട് നീണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പേരുപറഞ്ഞ് ഏകദേശം ഒരു വർഷം ഈ പദ്ധതി

നീണ്ടുപോയി. അതുകഴിഞ്ഞ് കുപ്പിയുടെ ഡിസൈൻ തീരുമാനിക്കുന്നതിന്റെ പേരിൽ ഏകദേശം ഒരു വർഷം വീണ്ടും ഈ പ്രോജക്ട് ഇഴഞ്ഞു. പിന്നീട് BIS certification-ന്റെ പേരുപറഞ്ഞു. 90% പൂർത്തിയാക്കിയ ഈ പ്രോജക്ട് ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നാട്ടുകാർക്ക് വലിയ സംശയമുണ്ട്. പ്രൈവറ്റ് കമ്പനികളെ സഹായിക്കാനായാണ് ഇത്രയും നൂതനമായ ഒരു പദ്ധതി 5 വർഷമായിട്ടും കമ്മീഷൻ ചെയ്യാൻ സർക്കാരിന് കഴിയാത്തത്. മാത്രമല്ല, 2017 കാലഘട്ടത്തിൽ പണം അനുവദിക്കാൻ ധനകാര്യ വകുപ്പിന് എഴുതിയപ്പോൾ അതിൽ ഒപ്പിട്ട ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ കുപ്പിവെള്ളം നൽകേണ്ടത് പ്രൈവറ്റ് കമ്പനികളാണെന്നും സർക്കാരിന് ഇതിന്റെ ആവശ്യമില്ലെന്നും പറഞ്ഞ് ഈ പ്രോജക്ട് മാറ്റിവയ്ക്കാൻ ശ്രമിച്ചിരുന്നു. അത്തരത്തിൽ കാര്യങ്ങളെത്തിയപ്പോൾ ഞാനടക്കമുള്ള ജനപ്രതിനിധികളും ഐ.എൻ.ടി.യു.സി.-യും സി.ഐ.ടി.യു.-വും അടക്കമുള്ള തൊഴിലാളി സംഘടനകളും തൊഴിലാളികളും എല്ലാവരും ചേർന്ന് സമരം നടത്തിയതിന്റെ ഭാഗമായാണ് വീണ്ടും ഈ പ്രോജക്ടിന് ജീവൻ വച്ചത്. 90% പണി പൂർത്തീകരിച്ചപ്പോഴാണ് വാട്ടർ അതോറിറ്റിയിൽനിന്നും ഈ പ്രോജക്ട് മാറ്റി KIIDC (Kerala Irrigation Infrastructure Development Corporation Ltd) എന്ന കമ്പനിക്ക് കൊടുത്തിരിക്കുന്നത്. ഞാൻ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് ഏകദേശം 9000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുള്ളതുകൊണ്ട് ഈ പ്രോജക്ട് നടപ്പിലാക്കാനുള്ള സ്രോതസ്സും ഹ്യൂമൻ റിസോഴ്സും വാട്ടർ അതോറിറ്റിക്കില്ല. അതുകൊണ്ടാണ് KIIDC-ക്ക് കൊടുത്തതെന്നാണ്. KIIDC-യെക്കുറിച്ച് അന്വേഷിച്ചപ്പോൾ തൊടുപുഴയിൽ ഹില്ലി അക്വാ എന്ന ഒരു പ്രോജക്ട് തുടങ്ങിയെങ്കിലും ഒരു കുപ്പി വെള്ളംപോലും ഒരിടത്തും വിൽക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അപ്പോൾ വാട്ടർ അതോറിറ്റിയിൽ നിന്നും ഈ പ്രോജക്ട് KIIDC-ക്ക് കൊടുക്കുന്നത് പ്രോജക്ട് ആരംഭിക്കുന്നതിനുമുമ്പുതന്നെ, ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പുതന്നെ അതിനെ തകർക്കാനുള്ള സ്വകാര്യ വ്യക്തികളുടെ രഹസ്യഅജണ്ടയുടെ ഭാഗമായി സർക്കാർ നിൽക്കുകയാണെന്ന ആശങ്ക രാഷ്ട്രീയഭേദമെന്യേ എല്ലാവർക്കുമുണ്ട്. വേനലിന്റെ കാഠിന്യമേറുന്നതിന് മുമ്പായി ഈ മാർച്ച്-ഏപ്രിൽ മാസങ്ങളിൽത്തന്നെ പ്രോജക്ട് ആരംഭിക്കണം. അതോടൊപ്പംതന്നെ ശരിയായ ദിശയിൽ പ്രോജക്ട് കൊണ്ടു പോകുന്നതിന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായി താല്പര്യമെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 4-4-2008-ലെ സർക്കാർ ഉത്തരവുപ്രകാരം അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 285 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി തുക 16 കോടി രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ട് 17-10-2018-ൽ

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 3 പാക്കേജുകളിലായി വർക്കുകൾ പൂർത്തീകരിച്ചു. കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്.-ൽനിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെത്തുടർന്ന് 2019 മേയ് മാസം ബി.ഐ.എസ്. ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിക്കുകയും വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോകുകയും ചെയ്തു. കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുകയെന്നത് അവശ്യസേവന മായതിനാൽ കേരള വാട്ടർ അതോറിറ്റി പ്രഥമ പരിഗണന നൽകേണ്ടത് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ജലവിതരണ-സ്വിവറേജ് പദ്ധതികളുടെ പൂർത്തീകരണത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമാണ്. ഈ ലക്ഷ്യം മുൻനിർത്തി നടപ്പ് സാമ്പത്തിക വർഷം എ.ഡി.ബി, കിഫ്ബി, ജലജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ, നബാർഡ് തുടങ്ങിയ സ്കീമുകളിലായി കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 9000 കോടിയോളം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും എൻ.ജി.റ്റി. നിർദ്ദേശമനുസരിച്ച് ഏകദേശം 2000 കോടി രൂപയിൽ സംസ്ഥാനത്താകെ ജലമലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ചുമതലയും കേരള വാട്ടർ അതോറിറ്റിക്ക് നിർവ്വഹിക്കേണ്ടതുണ്ട്. മാത്രമല്ല, ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഉയർന്ന സാങ്കേതിക തസ്തികകളിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ എണ്ണം പരിമിതമായതിനാൽ ഇവരുടെ സേവനം കുപ്പിവെള്ള പ്ലാന്റിന്റെ നടത്തിപ്പിനായി ഉപയോഗിക്കുമ്പോൾ അത് കേരള വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന കുടിവെള്ള-സ്വീവറേജ് പദ്ധതികളുടെ പൂർത്തീകരണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും തടസ്സമുണ്ടാകാനിടയുണ്ട്. ഈ സാഹചര്യത്തിൽ കുപ്പിവെള്ളം ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുകയെന്ന തികച്ചും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവൃത്തിയിൽ കേരള വാട്ടർ അതോറിറ്റി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലുപരി ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന് വിലയിരുത്തി സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും 16 കോടി രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തുക യുണ്ടായി. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള പ്ലാന്റ്, കുപ്പിവെള്ള നിർമ്മാണ-വിതരണ രംഗത്ത് പരിചയ സമ്പത്തുള്ളതും നിലവിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതുമായ ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ KIIDC (Kerala Irrigation Infrastructure Development Corporation Limited)-യെ ഏൽപ്പിക്കാൻ 28-2-2020-ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 17/2020/ ജ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസരിച്ചാണ് കുപ്പിവെള്ള പ്ലാന്റ് KIIDC-ക്ക് കൈമാറാൻ ഉത്തരവായത്: സർക്കാരിന്റെ അംഗീകാരത്തോടെ കരാറിൽ ഏർപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച അരുവിക്കരയിലെ 7200 എൽ.പി.എച്ച്. ശേഷിയുള്ള കുപ്പിവെള്ള പ്ലാന്റ് ആസ്തിബാദ്ധ്യതകളുൾപ്പെടെ ഇപ്പോൾ നിലനിൽക്കുന്ന അവസ്ഥയിൽത്തന്നെ 7 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ KIIDC-ന് കൈമാറേണ്ടതാണ്. ബി.ഐ.എസ്.-ന്റെ ലൈസൻസ് ലഭ്യമാക്കുക, മികച്ച വിപണി കണ്ടെത്തുക മുതലായവ ഉൾപ്പെടെയുള്ള എല്ലാ തുടർപ്രവർത്തനങ്ങളും നിക്ഷേപങ്ങളും KIIDC-യുടെ പൂർണ്ണ ചുമതലയിലായിരിക്കും. കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട പാട്ടനിരക്ക് സംബന്ധിച്ച് പ്രൊപ്പോസൽ KIIDC സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് പാട്ടനിരക്ക് നിർണ്ണയിക്കുന്നതുമായിരിക്കും. കുപ്പിവെള്ളത്തിന്റെ വിപണന ചുമതലയും കേരള വാട്ടർ അതോറിറ്റിയിൽനിന്നും KIIDC-യിൽ നിക്ഷിപ്തമാക്കുന്നതാണ്. സർക്കാരിന്റെ അനുമതി വാങ്ങിയതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെയും KIIDC-യുടെയും മാനേജിംഗ് ഡയറക്ടർമാർ ഒരു മാസത്തിനകം ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതും കുപ്പിവെള്ള പ്ലാന്റിന്റെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിലും യന്ത്രങ്ങളുടെയും കുപ്പികളുടെയും രൂപകല്പനയിൽ ചില സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കേരള വാട്ടർ അതോറിറ്റിയിൽ കുപ്പിവെള്ള പ്ലാന്റിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നിർവ്വാഹമില്ല. പ്ലാന്റിനുവേണ്ടി KIIDC നിയമിക്കുന്ന ജീവനക്കാരെ കേരള വാട്ടർ അതോറിറ്റിയുടെ ജീവനക്കാരായി പരിഗണിക്കുന്നതല്ല. കേരള വാട്ടർ അതോറിറ്റിക്കുകൂടി വരുമാനം ലഭിക്കുന്ന തരത്തിലാകും ധാരണാപത്രം ഒപ്പുവയ്ക്കുന്നത്. കൂടാതെ, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ഉൾപ്പെടെയുള്ളവരുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. കുപ്പിവെള്ളം രണ്ട് മാസത്തിനകം വിപണിയിലെത്തിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. KIIDC പ്രൈവറ്റ് കമ്പനിയാണെന്ന് പറയുന്നത് വാസ്തവവിരുദ്ധമാണ്. അതിന്റെ ചെയർമാൻ ഇറിഗേഷൻ വകുപ്പുമന്ത്രിയും ഡയറക്ടർ വാട്ടർ റിസോഴ്സസിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും മാനേജിംഗ് ഡയറക്ടർ ശ്രീ. അശോക് ഐ.എ.എസ്.-ഉം ആണ്. ബോർഡ് മെമ്പർമാരായ ശ്രീ. കെ. ഷംസുദ്ദീനും ശ്രീ. സുരേഷ് കുമാറും ചീഫ് എഞ്ചിനീയേഴ്സും ശ്രീ. ബിനു നായർ, ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുമാണ്. ഇത് തികച്ചും ഗവൺമെന്റ് സ്ഥാപനമാണ്, തെറ്റിദ്ധാരണയുണ്ടാക്കരുതെന്ന് അപേക്ഷിക്കുകയാണ്. KIIDC ഹില്ലി അക്വാ വാട്ടർ വിതരണം നടത്തുന്നുണ്ട്. അത് വളരെ നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്.

## (4) തൃപ്പൂണിത്തുറ ഇരുമ്പുപാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, തൃപ്പൂണിത്തുറയിലെ പൈതൃക പാലമെന്നറിയപ്പെടുന്ന ഇരുമ്പുപാലം ബ്രിട്ടീഷ് കാലഘട്ടത്തിൽ 1800-കളുടെ അവസാനം നിർമ്മിക്കപ്പെട്ടതാണ്. ഏകദേശം 130 വർഷം പഴക്കമുള്ള ഇരുമ്പുപാലത്തിലൂടെയുള്ള ഗതാഗതം അപകടകരമാണെന്നും പാലം ദുർബ്ബലാവസ്ഥയിലാണെന്നുമുള്ള റിപ്പോർട്ടിനെത്തുടർന്ന് ഒരുവർഷംമുമ്പ് അവിടെ നിയന്ത്രണം ഏർപ്പെടുത്തുകയും ഇരുചക്രവാഹനങ്ങളെ മാത്രം അതിലൂടെ കടന്നുപോകാൻ അനുവദിക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. അവിടെ പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിന് ഭരണാനുമതി ലഭിച്ചിട്ടില്ല. തൃപ്പൂണിത്തുറ-തൃക്കാക്കര നിയമസഭാ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും വളരെ ചരിത്രപ്രാധാന്യമുള്ളതും ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്നതുമായ പാലത്തിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ആളുകൾ വളരെയേറെ ക്ലേശമനുഭവിക്കുന്നുണ്ട്. എത്രയുംവേഗം പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പുതിയ പാലം നിർമ്മിക്കുമ്പോൾ പൈതൃക സ്വഭാവമുള്ള തൃപ്പൂണിത്തുറ ഇരുമ്പുപാലം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, തൃപ്പൂണിത്തുറ ഇരുമ്പുപാലം തൃപ്പൂണിത്തുറ-തൃക്കാക്കര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പൈതൃക പ്രാധാന്യമുള്ള ഒരു പാലമാണ്. എന്നാൽ ഇന്ന് ആ പാലം ഗതാഗതയോഗ്യമല്ലാത്തതിനാൽ അടച്ചിട്ടിരിക്കുകയാണ്. ഗാന്ധി സ്ക്വയറിൽ നിന്നുള്ള ആളുകൾക്ക്, പ്രത്യേകിച്ച് നൂറുകണക്കിന് ഭക്തർക്ക് രാവിലെയും വൈകിട്ടുമൊക്കെ പൂർണ്ണത്രയീശ ക്ഷേത്രത്തിലേയ്ക്ക് പോകേണ്ടതാണ്. അത്രയ്ക്ക് പ്രാധാന്യമുള്ള പാലം അടിയന്തരമായി പുനർനിർമ്മിക്കണം. മാത്രമല്ല, കൊച്ചിയിലെ 55 കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വാട്ടർ മെട്രോ പ്രാവർത്തികമാകുമ്പോൾ വേമ്പനാട് കായലിലൂടെ ഈ പാലത്തിനടിയിൽക്കൂടി കോട്ടയത്തേയ്ക്ക് പോകാൻ കഴിയും. അതുകൊണ്ട് ഓവൽ ഷെയ്പിൽ ഉയർത്തി പാലം നിർമ്മിക്കണം. ചമ്പക്കരയും ഒരു ചെറിയ പാലം പണിയേണ്ടതുണ്ട്. എന്റെയും ശ്രീ. എം. സ്വരാജിന്റെയും മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാലം അടിയന്തരമായി പുതുക്കി പണിയാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം. സ്വരാജിന്റെ സബ്മിഷനെ സപ്ലിമെന്റ് ചെയ്തുകൊണ്ട് ശ്രീ. പി. ടി. തോമസും വിഷയം ഉന്നയിക്കുകയുണ്ടായി. തൃപ്പൂണിത്തുറ-തൃക്കാക്കര മണ്ഡലങ്ങളെ യോജിപ്പിക്കുന്ന ഈ പാലം തട്ടപ്പിള്ളിക്കാട്ടുപുഴയ്ക്ക് കുറുകെയാണ് സ്ഥിതിചെയ്യുന്നത്. 1890-ൽ നിർമ്മിച്ച ഈ പാലത്തിന് 130 വർഷത്തെ പഴക്കമുണ്ട്. അന്ന് പാലത്തിന് 60 മീറ്റർ നീളവും 3 മീറ്റർ വീതിയുമാണുണ്ടായിരുന്നത്. കാലപ്പഴക്കംമൂലമാണ് പാലം നശിച്ചത്. 4-3-2019-മുതൽ ഇരുചക്ര വാഹനങ്ങൾ മാത്രമേ അതുവഴി കടത്തിവിടുന്നുള്ളൂ. പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി 2019-20 സാമ്പത്തികവർഷം 100 രൂപ ടോക്കൺ പ്രൊവിഷനായി വച്ചിട്ടുണ്ട്. എ.എസ്.-ന്റെ ഭാഗത്ത് പണമൊന്നും വച്ചിട്ടില്ല. പി.ഡബ്ല്യു.ഡി. ഇതിന്റെ പ്രോജക്ടും ഡിസൈനും തയ്യാറാക്കി 29 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അടിസ്ഥാന വികസന പദ്ധതികൾ സംബന്ധിച്ച് തീരുമാനിക്കുന്നതിനുള്ള ഹൈപവർ കമ്മിറ്റിക്ക് മുമ്പാകെ വന്നിട്ടുള്ള 26 പാലങ്ങളിൽ ഒന്നാണിത്. ഇതിന്റെ പ്രൊപ്പോസലിന്മേൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലും (RKI) കിഫ്ബിയിലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ചിട്ടുണ്ട്. ആ ഫണ്ട് വിവരങ്ങൾ ലഭ്യമാക്കി പാലം നിർമ്മാണത്തിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (5) കള്ളുചെത്ത് വ്യവസായത്തിന്റെ പുനഃസംഘടന

ശ്രീ. സി. ദിവാകരൻ: സർ, നിയമസഭയിൽ ചർച്ച ചെയ്യാതെ പോകുന്നൊരു വിഭാഗമാണ് ചെത്തുതൊഴിലാളികൾ. ചെത്തുതൊഴിലാളികൾ മരണത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കള്ളുഷാപ്പുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. പ്രകടനപത്രികയിൽ ചെത്തുതൊഴിലാളികൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള Toddy Board ഇപ്പോഴും കടലാസിൽ അവശേഷിക്കുകയാണ്. പുതിയ മദ്യനയത്തിന്റെ ഫലമായി വിദേശമദ്യ വില്പനശാലകളുടെയും ബിയർ പാർലറുകളുടെയും എണ്ണം വർദ്ധിച്ചുവരുന്നത് കള്ള് വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചെത്തുതൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കള്ളുചെത്ത് വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ എത്രയുംവേഗം നടപ്പിലാക്കണം. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യരംഗത്ത് വലിയ പങ്കുവഹിച്ച ചെത്തു തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. അവർക്ക് തൊഴിലില്ല; ഷാപ്പുകളെല്ലാം പൂട്ടുകയാണ്. വിദേശമദ്യ ഷാപ്പുകൾക്ക് ദൂരപരിധി 50 മീറ്ററും 200 മീറ്ററുമൊക്കെയാണ്. എന്നാൽ കള്ളുഷാപ്പിന്റെ ദൂരപരിധി 400 മീറ്റർ എന്നുള്ളത് മാറുന്നില്ല. അത് പരിശോധിക്കണം. അനുകൂല നടപടി പ്രതീക്ഷിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കള്ളുചെത്ത് വ്യവസായവും അവിടത്തെ തൊഴിലാളികളുടെ തൊഴിലും സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്താകെ വിജ്ഞാപനം ചെയ്തിട്ടുള്ള 5171 കള്ളുഷാപ്പുകളിൽ 810 ഗ്രൂപ്പുകളിലും 5 റേഞ്ചുകളിലുമായി 4306 എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഷാപ്പുകളിൽ 114 ഗ്രൂപ്പുകളിലായി 483 എണ്ണം തൊഴിലാളി കമ്മിറ്റികളാണ് നടത്തിവരുന്നത്. തൊഴിലാളികളുടെ ജോലി സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് തൊഴിലാളി കമ്മിറ്റിയെത്തന്നെ ഷാപ്പ് നടത്തുന്നതിന് അനുവദിക്കുന്നത്. 865 ഷാപ്പുകൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കാതിരിക്കുന്നത്. ചെത്തുതൊഴിലാളികൾക്കും ഷാപ്പുതൊഴിലാളികൾക്കും തൊഴിലും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ, ഷാപ്പൊന്നിന് 500 രൂപയെന്ന നാമമാത്രമായ തുകയ്ക്ക് തൊഴിലാളികൾക്ക് ഏറ്റെടുത്ത് നടത്തുന്നതിന് അനുവാദം നൽകുന്നുണ്ട്. ഇത്തരം ഷാപ്പുകൾക്ക് വൃക്ഷക്കരം ഉൾപ്പെടെയുള്ള നികുതികളും മറ്റ് ബാദ്ധ്യതകളും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. കള്ളുചെത്ത് വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി Toddy Board രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കരട് ബിൽ സജീവപരിഗണനയിലാണ്. വിദേശമദ്യം, ബിയർ എന്നിവയുടെ വില്പന കള്ളുചെത്ത് വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോഴും പ്രത്യേകമായ ആനുകൂല്യങ്ങളോ നേട്ടങ്ങളോ കള്ള് വ്യവസായത്തിന് ലഭിച്ചിട്ടില്ലെന്ന യാഥാർത്ഥ്യംകൂടി പരിഗണിക്കേണ്ടതുണ്ട്. കള്ള് ലേലം വിളിച്ച് വില്പന നടത്തുന്നത് പ്രായോഗികമല്ല. വിദേശ മദ്യത്തിന്റെ വിതരണം ബിവറേജസ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ഹോട്ടലുകൾക്കുമാത്രമേ ബാർ ലൈസൻസ് നൽകുന്നുള്ളൂ. 23 വയസ്സിന് താഴെയുള്ളവർക്ക് മദ്യം നൽകാൻ പാടില്ലെന്ന നയം അംഗീകരിച്ചിട്ടുണ്ട്. അബ്കാരി നിയമത്തിൽ മദ്യവില്പനയ്ക്ക് കടുത്ത ശിക്ഷ നൽകുന്ന ചട്ടമുണ്ടാക്കുക, നീര ഉല്പാദനം അനുവദിക്കുക എന്നിവയാണ് എ. പി. ഉദയഭാനു കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ. സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കിയാലുണ്ടാകുന്ന ഗുണദോഷങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയോഗിച്ച എ. പി. ഉദയഭാനു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഭൂരിഭാഗം ശിപാർശകളും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കള്ളിന്റെ ഉല്പാദന-വിതരണ ചുമതലകൾ ചെത്തുതൊഴിലാളികളുടെ സഹകരണ സംഘത്തെ ഏൽപ്പിക്കണമെന്ന ശിപാർശ toddy board രൂപീകരിക്കുന്ന വേളയിൽ പരിശോധിക്കുന്നതാണ്. കള്ളുചെത്ത് തൊഴിലാളികൾക്ക് നിയമപരമായി അർഹമായ എല്ലാ ആനുകൂല്യങ്ങളും

ലഭ്യമാക്കുന്നുണ്ട്. സർക്കാരിന്റെ 2020-21-ലെ മദ്യനയത്തിൽ പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് മേഖലയെ സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആദ്യവില്പനയിൽ പോകാത്ത ഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം അമ്പത് ശതമാനം റെന്റൽ കുറച്ച് വില്പന നടത്തുന്നതിനും അതിലും പോകാത്ത ഷാപ്പുകൾ അടുത്ത പ്രവൃത്തി ദിവസം തൊഴിലാളി കമ്മിറ്റികൾക്ക് നിലവിലുള്ള വ്യവസ്ഥകൾപ്രകാരം 500 രൂപ റെന്റലിന് ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ കള്ളുചെത്ത് മേഖലയെ സംരക്ഷിക്കാനുള്ള നയപരമായ തീരുമാന ങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ നിർദ്ദേശങ്ങളും അംഗീകരിച്ചുകൊണ്ട് തുടർന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് പോകുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

## (6) പരപ്പനങ്ങാടി-ചാപ്പപ്പടി റോഡ് പുനർനിർമ്മാണം

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ പരപ്പനങ്ങാടി-ചാപ്പപ്പടി റോഡിൽ അടിയന്തരമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പ്രളയത്തെത്തുടർന്ന് ടിപ്പുസുൽത്താൻ റോഡിലെ പരപ്പനങ്ങാടി-ചാപ്പപ്പടി ഭാഗം ഒലിച്ചുപോകുകയും റോഡ് മുറിഞ്ഞുപോകുകയും ചെയ്തു. തീരദേശ മേഖലയിലെ വളരെ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡാണിത്. തീരദേശ ഹൈവേ കടന്നുപോകുന്നതും ഈ ഭാഗത്തുകൂടിയാണ്. ഈ ദുരന്തമുണ്ടായതിന്റെ അടുത്തദിവസംതന്നെ മലപ്പുറം ജില്ലാ കളക്ടർ പ്രസ്തുത പ്രദേശം സന്ദർശിക്കുകയും അടിയന്തരമായി റോഡ് പുനർനിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 7-3-2020-ൽ നിർമ്മാണം ആരംഭിക്കാൻ പോകുന്ന പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ ഇതിന്റെ തൊട്ടടുത്താണ്. റോഡ് പുനർനിർമ്മിച്ചില്ലെങ്കിൽ ഹാർബർ നിർമ്മാണവും ആരംഭിക്കാൻ സാധിക്കില്ല. മാത്രവുമല്ല, ഈ റോഡിന്റെ തുടർഭാഗങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ 7 കോടി രൂപ ചെലവഴിച്ചുള്ള നവീകരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. അതിനോടൊപ്പം റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൂടി നടത്താവുന്നതേയുള്ളൂ. റോഡ് മുറിഞ്ഞ് രണ്ട് പ്രദേശങ്ങൾ ഒറ്റപ്പെട്ട് പോയിട്ട് ആറ് മാസം കഴിഞ്ഞെങ്കിലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും ബാധിച്ചിട്ടുണ്ട്. റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ ആറുമാസമായി ഈ ഭാഗത്ത് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കുന്നില്ല. അതുകൊണ്ട് പ്രത്യേക സാഹചര്യം പരിഗണിച്ച് അടിയന്തരമായി ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും 7 കോടി രൂപയുടെ പ്രവൃത്തിയോടൊപ്പം ഇതുകൂടി നടത്താൻവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മലപ്പുറം ജില്ലയിലെ പ്രധാന തീരദേശ റോഡാണ് ടിപ്പുസുൽത്താൻ റോഡ്. ഇതിന്റെ പരപ്പനങ്ങാടി-ചാപ്പപ്പടി ഭാഗമാണ് കടലിനോടുചേർന്ന് കിടക്കുന്നത്. മത്സ്യബന്ധന തോണികൾ അടുപ്പിക്കുന്നതിനായി കടൽഭിത്തി നിർമ്മിക്കാത്ത 200 മീറ്റർ നീളത്തിലുള്ള ഭാഗമാണത്. 2019-ലെ പ്രളയത്തിന് തൊട്ടുമുമ്പുണ്ടായ ശക്തമായ കടൽക്ഷോഭത്തിൽ സംരക്ഷണഭിത്തി തകർന്ന് റോഡ് ഏകദേശം പൂർണ്ണമായും കടലെടുത്തതിനാൽ ഗതാഗതം വഴിതിരിച്ചുവിട്ടിരിക്കുകയാണ്. കടൽക്ഷോഭംമൂലം തകർന്ന ഈ ഭാഗത്തെ റോഡ് പുനർനിർമ്മിക്കുന്നതിനായി 295 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. 200 മീറ്ററോളം റോഡിന്റെ സംരക്ഷണഭിത്തി പാടെ തകരുകയും ഏകദേശം 150 മീറ്ററോളം റോഡ് പൂർണ്ണമായും കടലെടുക്കുകയും ചെയ്തിട്ടുണ്ട്. റോഡ് റീ-അലൈൻമെന്റിന് അവിടെ സ്ഥലമില്ലാത്തതിനാൽ നിലവിൽ കടലെടുത്തുപോയ ഭാഗം റീ-ക്ലെയിം ചെയ്താലേ റോഡ് പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ. അതിനായി അവിടെ കടൽഭിത്തി നിർമ്മിക്കേണ്ടതാവശ്യമാണ്. പ്രസ്തുത പ്രവൃത്തി മേജർ ഇറിഗേഷൻ വകുപ്പ് (മലപ്പുറം) ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഭാഗം റീ-ക്ലെയിം ചെയ്ത് റീ-അലൈൻമെന്റ് നടത്തി കടൽഭിത്തി പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. റീ-ബിൽഡ് കേരളയിൽ ബഹുമാനപ്പെട്ട എം.എൽ.എ. മുൻകയ്യെടുത്ത് ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് പ്രോജക്ടുണ്ടാക്കുകയാണെങ്കിൽ അതിന് വേഗം അംഗീകാരം കിട്ടാനുള്ള സാദ്ധ്യതയുണ്ടെന്നാണ് കാണുന്നത്.

## (7) സൂര്യ സ്വാമിയുടെ സംരക്ഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിദയനീയമായ ഒരു കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കോട്ടയം തിരുനക്കരയിൽ താമസിക്കുന്ന സൂര്യ സ്വാമി എം.കോം. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായ വ്യക്തിയാണ്. അദ്ദേഹത്തിന്റെ അമ്മ രാജേശ്വരി, സഹോദരി ലക്ഷ്മി എന്നിവർ ഇപ്പോൾ അനാഥാലയത്തിലാണ്. അവർക്ക് ജീവിക്കാൻ ഒരു വരുമാനമാർഗ്ഗവുമില്ല. മിനിഞ്ഞാന്നാണ് അവർക്ക് ബി.പി.എൽ. കാർഡ് കൊടുത്തത്. അതിന് മുമ്പുണ്ടായിരുന്ന കാർഡ് വേറെയായിരുന്നതിനാൽ റേഷൻപോലും വാങ്ങാൻ നിവൃത്തിയുണ്ടായിരുന്നില്ല. സൂര്യ സ്വാമിയെ രക്ഷിക്കുന്നതിനുള്ള നടപടിയെടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. അവർക്ക് തിരുനക്കരയിലുള്ള ഒന്നര സെന്റ് സ്ഥലത്ത് ഒരു വീടുണ്ട്. പക്ഷേ, അതിന് ഒരു കതകുപോലുമില്ല. എം.കോം. പാസ്സായ അദ്ദേഹം ഒരു ജോലി കിട്ടാതെ അലഞ്ഞുതിരിയുകയാണ്. സ്വയരക്ഷയ്ക്കുവേണ്ടിയാണ് അമ്മയും മകളും ഒരു അനാഥാലയത്തിൽ പോയി താമസിക്കുന്നത്. അവർക്ക് ഒരു വീട് നിർമ്മിച്ച് കൊടുക്കണം. ലൈഫ് പദ്ധതിയിലും മറ്റുമായി വീട് വച്ചുകൊടുക്കുന്നത് സംബന്ധിച്ച്

മാധ്യമങ്ങളിലൊക്കെ ധാരാളം വാർത്തകൾ വന്നു. സൂര്യ സ്വാമിയുടെ കുടുംബത്തെക്കൂടി അതിൽ ഉൾപ്പെടുത്തണം. കൂടാതെ, അവർക്കാവശ്യമായ ചികിത്സയും കൗൺസിലിംഗും നൽകണം. മാതൃഭൂമി വാരാന്ത്യ പതിപ്പിലെ ഒരു ലേഖനത്തിൽ ശ്രീ. എച്ച്. ഹരികൃഷ്ണനാണ് സൂര്യ സ്വാമിയെക്കുറിച്ചുള്ള വിവരങ്ങൾ ജനമദ്ധ്യത്തിലേയ്ക്ക് കൊണ്ടു വന്നത്. ഗവൺമെന്റ് അവർക്ക് ബി.പി.എൽ. കാർഡ് അനുവദിക്കുമെന്നും വെള്ളം, വൈദ്യുതി എന്നിവ കൊടുക്കുന്നതിനുള്ള നടപടിയെടുക്കുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇതിൽ മുഖ്യമന്ത്രിയുടെ ഓഫീസും അങ്ങും ഇടപെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. അതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ പ്രശ്നം സമൂഹമദ്ധ്യത്തിൽ വന്നപ്പോൾ സൂര്യ സ്വാമിക്ക് കോട്ടയം മെഡിക്കൽ കോളേജിൽ രജിസ്ട്രേഷൻ കൈകാര്യം ചെയ്യുന്ന സ്ഥലത്ത് ജോലി കൊടുത്തിരിക്കുകയാണ്. അതുപോരാ. എം.കോം. പാസ്സായ കുട്ടിക്ക് ചെയ്യാൻ കഴിയുന്ന ഒരു ജോലി ഗവൺമെന്റ് കൊടുക്കണം. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന രീതിയിലേയ്ക്ക് വരരുത്. സമൂഹത്തിൽ തലയുയർത്തി നിൽക്കാൻ കഴിയുന്ന രൂപത്തിൽ വളരുന്നതിനുള്ള സഹായം നൽകണം. അടിയന്തര പ്രാധാന്യത്തോടുകൂടി അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അവർക്ക് വീടുവച്ച് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കണമെന്നും അത് സഭയിൽത്തന്നെ അങ്ങ് പ്രഖ്യാപിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യം തന്നെയാണ്. സൂര്യ സ്വാമിയുടെ അമ്മയും സഹോദരിയും ഒരു അനാഥാലയത്തിലാണ് ഇപ്പോൾ താമസിക്കുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ ഉൾപ്പെടെ ഇവർ മൂന്നുപേരും ചില മാനസികരോഗ ലക്ഷണങ്ങളുള്ളവരാണ്. ഇവർക്കുണ്ടായിരുന്ന വീട് മാനസിക പ്രശ്നമുള്ള അച്ഛൻ തീവച്ച് നശിപ്പിക്കുകയാണുണ്ടായത്. സൂര്യ സ്വാമി എം.കോം. പാസ്സായിട്ടുള്ള ആളാണ്. ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല. നേരത്തെ പറഞ്ഞതുപോലെ അടച്ചുറപ്പില്ലാത്ത ഒരു ഷെഡ്ഡിലായിരുന്നു ഇവർ താമസിച്ചിരുന്നത്. ഇപ്പോൾ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ കൊടുക്കുകയും റേഷൻ കാർഡിന്റെ കാര്യത്തിൽ തീരുമാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സൂര്യ സ്വാമിയുടെ രണ്ടേകാൽ സെന്റ് പുരയിടം എന്നുപറയുന്നത് കുടുംബസ്വത്താണ്. അച്ഛന്റെ സഹോദരനുകൂടി അവകാശമുള്ള സ്ഥലത്താണ് ആ വീട് ഇരിക്കുന്നത്. ഒരുമിച്ച് താമസിക്കണമെങ്കിൽ അവർക്ക് ഒരു വീടുവേണമെന്നുള്ളത് ന്യായമായ കാര്യമാണ്. ഇന്നലെ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഒരു പുതിയ സ്ഥലം കണ്ടെത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായാലുടൻതന്നെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ കഴിയുമെന്ന് അങ്ങേയ്ക്ക് ഉറപ്പ് നൽകുകയാണ്. ഇപ്പോൾ മെഡിക്കൽ

കോളേജിൽ എച്ച്.ഡി.എസ്. മുഖേനയാണ് താൽക്കാലിക ജോലി കൊടുത്തിരിക്കുന്നത്. അത് അങ്ങ് പറഞ്ഞതുപോലെയല്ല, അവിടെ ക്ലാർക്ക് തസ്തികയിൽ ജോലി കൊടുക്കാൻ കഴിയുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഒരു ജോലിയുമില്ലാതിരുന്ന അദ്ദേഹത്തിന് ഒരു വരുമാനമാർഗ്ഗം കണ്ടെത്തിക്കൊടുക്കുകയെന്ന അടിയന്തര ചുമതലയാണ് ചെയ്തിട്ടുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിക്കാം. വീടിന്റെ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(8) <u>ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഏകാദ്ധ്യാപക സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽസുരക്ഷിതത്വം, ശമ്പള കുടിശ്ശിക എന്നിവ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. കേരളത്തിലെ 266 ഏകാദ്ധ്യാപക സ്കൂളുകളിലായി ആകെ 341 അദ്ധ്യാപകരാണുള്ളത്. 4006 വിദ്യാർത്ഥികളിവിടെ പഠിക്കുന്നതിൽ 3800 പേർ എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാണ്. 1997-ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഈ ബദൽ സ്കൂൾ സമ്പ്രദായം 2010 ഏപ്രിൽ മാസം നിർത്തലാക്കിയെങ്കിലും സംസ്ഥാന സർക്കാർ അത് തുടരാൻ തീരുമാനിച്ചു. അദ്ധ്യാപകരുടെ വേതനം 5,000 രൂപയായിരുന്നത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 10,000 രൂപയായി ഉയർത്തിയെങ്കിലും അത് നൽകാത്തതിനെത്തുടർന്ന് 9 മാസത്തോളം കുടിശ്ശികയുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അത് കൊടുത്തുതീർക്കുകയും ശമ്പളം പരിഷ്കരിച്ച് 17,325 രൂപയായി ഉയർത്തുകയും ചെയ്തു. കഴിഞ്ഞ അഞ്ച് മാസം മുമ്പുവരെ ആ ശമ്പളമാണ് നൽകി വന്നിരുന്നത്. ഇപ്പോഴത് 18,500 രൂപയായി ഉയർത്തുകയുണ്ടായി. പക്ഷേ, കഴിഞ്ഞ അഞ്ച് മാസമായി അവർക്ക് ശമ്പളം ലഭിക്കുന്നില്ല. ആദിവാസി ഊരുകളിൽ പോയി വിദ്യാഭ്യാസം നൽകുന്ന ഇവർക്ക് തടസ്സംകൂടാതെ വേതനം നൽകാനുള്ള തീരുമാനമുണ്ടാകണം. ഏകാദ്ധ്യാപകരുടെ ജീവിതം നാം അറിയുന്നത് പ്രശസ്ത എഴുത്തുകാരനായ ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ രവി എന്ന കഥാപാത്രത്തിലൂടെയാണ്. അവരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചത് വളരെ ന്യായമായ ഒരു കാര്യമാണ്. അമ്പൂരി കുന്നത്തുമല ഏകാദ്ധ്യാപക വിദ്യാലയത്തിലെ അദ്ധ്യാപിക ശ്രീമതി ഉഷാകുമാരി അവിടെ കുറേ ദിവസങ്ങളായി നിരാഹാരസമരം നടത്തുന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട

മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കുട്ടികളോടൊപ്പം അവർ സമരം ചെയ്യുന്ന വാർത്ത എല്ലാ മാധ്യമങ്ങളിലും വന്നിരുന്നു. സ്ഥിരനിയമനം വേണമെന്ന തടക്കമുള്ളതാണ് അവരുടെ ആവശ്യം. അതിനാൽ ഏകാദ്ധ്യാപകരുടെ പ്രശ്നങ്ങളിൽ അടിയന്തര ഇടപെടൽ നടത്തണമെന്നും ശമ്പള കുടിശ്ശിക നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ആദിവാസികൾ, മത്സ്യബന്ധനത്തൊഴിലാളികൾ മറ്റ് അവശവിഭാഗങ്ങൾ എന്നിവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെ 1997-ൽ ഡി.പി.ഇ.പി.-യുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതാണ് ബദൽ വിദ്യാലയങ്ങൾ. ഡി.പി.ഇ.പി.-ക്കുശേഷം സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിലാണ് 2010 മാർച്ച് മാസം വരെ ഇവ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സ്കൂളുകൾക്കുള്ള ധനസഹായം സർവ്വശിക്ഷാ അഭിയാൻ നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് 2010 ഏപ്രിൽ മുതൽ പ്രസ്തുത സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2011-12 അദ്ധ്യയനവർഷം മുതൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും അത് പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ വഴി വിതരണം നടത്തുകയുമാണ് ചെയ്യുന്നത്. ബദൽ വിദ്യാലയങ്ങളിലെ വോളന്റിയർമാർക്ക് ശമ്പളം, ഏൺഡ് ലീവ് സറണ്ടർ, മെയിന്റനൻസ് ഗ്രാന്റ്, കണ്ടിൻജൻസി ഗ്രാന്റ് തുടങ്ങി വ്യത്യസ്ത ഗ്രാന്റുകൾ നൽകിവരുന്നു. 18-12-2019-ലെ ഉത്തരവുപ്രകാരം വിദ്യാ വോളന്റിയർമാരുടെ ഓണറേറിയം 18,500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർ കരാർ അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. ഇവർക്ക് ശമ്പളം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ തുടർപ്രവർത്തനങ്ങൾ വിദ്യാഭ്യാസാവകാശ നിയമത്തിന് അനുസൃതമായി പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ എം.ജി.എൽ.സി. (മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ)-കളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്. ശമ്പള കുടിശ്ശിക കൊടുക്കുന്നതും മറ്റും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## (9) ജോലിക്കിടെ മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചറുടെ കുടുംബത്തിന് സഹായം

ശ്രീ. രാജു എബ്രഹാം: സർ, നാട്ടിലിറങ്ങി രണ്ടുപേരെ കുത്തി പരിക്കേൽപ്പിക്കുകയും വൻതോതിൽ നാശനഷ്ടമുണ്ടാക്കുകയും ചെയ്ത കാട്ടാനയെ ഓടിക്കാനായി സഹപ്രവർത്തകർക്കൊപ്പമെത്തിയ എ. എസ്. ബിജു എന്ന ഫോറസ്റ്റ് ട്രൈബൽ വാച്ചർ ആനയുടെ കുത്തേറ്റ് അതിദാരുണമായി മരണപ്പെടുകയുണ്ടായി. ആദിവാസി റിക്രൂട്ട്മെന്റ് പ്രകാരം ഫോറസ്റ്റ് വകുപ്പിൽ ജോലി കിട്ടിയ അദ്ദേഹത്തിന്റെ കുടുംബത്തിന് സർക്കാർ നേരിട്ട് കുറഞ്ഞത് പത്ത് ലക്ഷം രൂപയും ഇൻഷ്വറൻസ് ഉൾപ്പെടെ അമ്പത് ലക്ഷം രൂപയും ധനസഹായമായി നൽകണം. അതുപോലെ ആശ്രിതന് ജോലി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം. അവിടെ റാപ്പിഡ് ആക്ഷൻ ഫോഴ്സോ എലിഫന്റ് സ്ക്വാഡോ ഇല്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞതിനുശേഷമാണ് തേക്കടിയിൽനിന്നും എലിഫന്റ് സ്ക്വാഡ് അവിടെ എത്തിയത്. പത്തനംതിട്ടയിൽ ഒരു സ്ക്വാഡ് രൂപീകരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. വനത്തിനുള്ളിൽ ഭക്ഷണമില്ലാത്തതിനാൽ മൃഗങ്ങൾ വൻതോതിൽ നാട്ടിലേയ്ക്കിറങ്ങുകയാണ്. ഒരു വർഷത്തിനിടയിൽ ഒരാളെ കടുവയും മറ്റൊരാളെ കാട്ടുപന്നിയും കൊല്ലുകയുണ്ടായി. ഇത്തരം അതിദാരുണ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം. മൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങിയാൽ ടൈഗർ കൺസർവേഷൻ ആക്ട് പ്രകാരം 144 പ്രഖ്യാപിക്കണമെന്നുണ്ട്. എന്നാൽ റവന്യൂ അധികാരികൾ അതിന് തയ്യാറാകുന്നില്ല. അതിനാവശ്യമായ കർശനനിർദ്ദേശം നൽകണം. ഇത്തരത്തിൽ 144 പ്രഖ്യാപിച്ചാൽ ജനങ്ങൾ ഓടിക്കൂടുന്നത് തടയാനും ദുരന്തം ഒഴിവാക്കാനും കഴിയും.

12.00 Noon]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, എ. എസ്. ബിജുവിന്റെ കുടുംബത്തിന് അർഹമായ സഹായങ്ങൾ നൽകണമെന്നാണ് സബ്മിഷനിലൂടെ ബഹുമാന്യനായ അംഗം ശ്രീ. രാജു എബ്രഹാം ഉന്നയിച്ചിരിക്കുന്നത്. റാന്നി റേഞ്ചിനുകീഴിലുള്ള കരികുളം സ്റ്റേഷൻ പരിധിയിൽപ്പെട്ട കടുമീൻചിറ ഭാഗത്ത് കൃത്യനിർവ്വഹണത്തിനിടെയാണ് കാട്ടാനയുടെ കുത്തേറ്റ് 26-2-2020-ന് ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ. എസ്. ബിജു മരണപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബത്തിന് നിയമപരമായി അനുവദിക്കാവുന്ന എല്ലാ ധനസഹായങ്ങളും അനുവദിക്കുന്നതും കുടുംബത്തിലെ അർഹതപ്പെട്ട അംഗത്തിന് ആശ്രിത നിയമനം നൽകുന്നതുമാണ്. മരണദിവസം മരണാനന്തര ചെലവുകൾക്കും മറ്റുമായി റാന്നി എഫ്.ഡി.ഐ.-യിൽനിന്നും 25,000 രൂപ നൽകിയതിനുപുറമെ 1,00,000

രൂപകൂടി അദ്ദേഹത്തിന്റെ കുടുംബത്തിന് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സതേൺ സർക്കിളിനുകീഴിലുള്ള മറ്റ് എഫ്.ഡി.ഐ.-കളിൽനിന്നായി 1,00,000 രൂപ പ്രസ്തുത കുടുംബത്തിന് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സതേൺ സർക്കിളിന് പുറത്തുള്ള മറ്റ് എഫ്.ഡി.ഐ.-കളിൽനിന്ന് കഴിയാവുന്നത്ര ധനസഹായം നൽകാൻ എഫ്.ഡി.ഐ.-കളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലെ നിയമപ്രകാരം അനുവദിക്കാവുന്ന 10,00,000 രൂപയിൽ 5,00,000 രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ നൽകുന്നതാണ്. ബാക്കി 5,00,000 രൂപ തഹസിൽദാറിൽനിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ അനുവദിക്കാവുന്നതാണ്. മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (ജി.പി.എ.ഐ.എസ്.) പ്രകാരമുള്ള ആനുകൂല്യവും ലഭ്യമാക്കുന്നതിനും അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരംഗത്തിന് ആശ്രിത നിയമനപ്രകാരം ജോലി നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിൽ വന്യജീവികൾക്ക് ഭക്ഷണവും ശുദ്ധജലവും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്വീകരിച്ചുവരികയാണ്.

### (10) മണ്ണാർകാട് എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കിഫ്ബി ഏറ്റെടുത്ത ഒരു റോഡിന്റെ ഇപ്പോഴത്തെ ദുരവസ്ഥ മന്ത്രിയുടെയും സഭയുടെയും മുമ്പിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പത്ത് കിലോമീറ്ററിൽ താഴെ ദൈർഘ്യമുള്ളതും ഏറ്റവും കൂടുതൽ ജനവാസ മേഖലയിലൂടെ പോകുന്നതുമായ മണ്ണാർകാട് എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ നിർമ്മാണ പ്രവർത്തനം 2018 ഡിസംബറിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഏകദേശം ഒരു വർഷത്തോളം മുന്നോട്ടുപോയ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇക്കഴിഞ്ഞ നവംബറിൽ കിഫ്ബി സ്റ്റോപ് മെമ്മോ കൊടുക്കുകയുണ്ടായി. കിഫ്ബിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) അംഗീകരിച്ച ഇനിഷ്യൽ ലെവൽ പ്രകാരമാണ് പ്രവൃത്തികൾ നടന്നുവന്നിരുന്നത്. പ്ലാനും പ്രൊഫൈലും ഡി.പി.ആർ.-ഉം പ്രകാരമല്ല പ്രവൃത്തി നടത്തുന്നതെന്നാണ് സ്റ്റോപ് മെമ്മോയിൽ പറഞ്ഞിരിക്കുന്നത്. ഇത് ശ്രദ്ധിക്കേണ്ടത് കിഫ്ബിയായിരുന്നു. ഒരു കൊല്ലം കഴിഞ്ഞാണ് കിഫ്ബി ഈ പോരായ്മ കണ്ടെത്തുന്നത്. പഴയ റോഡിൽനിന്നും അമ്പത്തിയഞ്ച് സെന്റിമീറ്റർ ഉയർത്തിയാണ് പുതിയ നിർമ്മാണം നടക്കുന്നതെന്നാണ് ഇപ്പോൾ കിഫ്ബി പറയുന്നത്. ഈ ഉയരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ നിർദ്ദേശിച്ചത് KRFB ആണ്.

KRFB അക്കാര്യം കിഫ്ബിയെ യഥാസമയം അറിയിക്കാത്തതാണ് ഇപ്പോൾ കിഫ്ബി ഇതിനെ എതിർക്കാനുള്ള കാരണമായി പറയുന്നത്. ഇത് പൊതുജനങ്ങളും ജനപ്രതിനിധികളും കൈകാര്യം ചെയ്യേണ്ട കാര്യമല്ല. ഇത് പരിഹരിക്കാൻ ശ്രമി ക്കേണ്ടതിനുപകരം ഇപ്പോൾ കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും തമ്മിൽ പരസ്പരം ആക്ഷേപമുന്നയിക്കുകയാണ്. സ്വന്തം എസ്.പി.വി. ചെയ്ത തെറ്റിന് കിഫ്ബി ജനങ്ങളെയാണ് ശിക്ഷിക്കുന്നത്? അതുപോലെ കോൺക്രീറ്റ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന വേണ്ടത്ര ഭാഗങ്ങളിൽ നടത്തിയിട്ടില്ലെന്നതാണ് മറ്റൊരാക്ഷേപം. ഇത് ഉറപ്പുവരുത്തേണ്ടത് കിഫ്ബിയും പി.ഡബ്ല്യു.ഡി.-യുമായിരുന്നു. കരാറുകാരനെ കൊണ്ട് യഥാവിധി പ്രവൃത്തികൾ ചെയ്യിപ്പിച്ചില്ലെന്നുമാത്രമല്ല, പ്രശ്ന പരിഹാരത്തിനോ കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനോ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാനോ ആവശ്യമായ യാതൊന്നും ഇവർ ചെയ്യുന്നില്ല. ഡ്രെയിനേജിന്റെ അമിത ഉയരവും കോൺക്രീറ്റിംഗിലെ പ്രശ്നങ്ങളുമൊക്കെ തുടക്കത്തിൽതന്നെ അവിടത്തെ ജനങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ഡ്രെയിനേജിന്റെ ഉയരത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഞങ്ങളോട് പറഞ്ഞത് ഇത് കിഫ്ബിയുടെ സ്റ്റാന്റേർഡാണെന്നാണ്. സ്റ്റാന്റേർഡുള്ള റോഡ് വരട്ടെയെന്ന് കരുതി ഞങ്ങൾ ജനങ്ങളെ അതിനുവേണ്ടി സഹകരിപ്പിച്ചു. ഇപ്പോൾ അതേ പരാതി വേറെ കുറെയാളുകൾ പറഞ്ഞപ്പോൾ അതിന്റെ പേരിൽ സ്റ്റോപ് മെമ്മോ കൊടുത്തിരിക്കുകയാണ്. കിഫ്ബിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള ശീതസമരത്തിൽ ജനങ്ങൾ വളരെയധികം പ്രയാസപ്പെടുകയാണ്. പഴയ റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ അവിടെ ഭയങ്കര പൊടിയാണ്. പുതിയ റോഡിന്റെ നിർമ്മാണം പാതിവഴിയിൽ സ്തംഭിച്ചിരിക്കുകയാണ്. കിഫ്ബിയുടെ തലപ്പത്തിരിക്കുന്ന ശ്രീ. കെ. എം. എബ്രഹാം ഉൾപ്പെടെയുള്ളവരെ വിളിച്ചിട്ടും ഇതിന് പരിഹാരമുണ്ടായില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേവലമൊരു മറുപടി പറയുന്നതിനുപകരം ഇതിന് പരിഹാരമുണ്ടാക്കിത്തരണം. ഇല്ലെങ്കിൽ ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഇതിന് തീരുമാനമാകുന്നതുവരെ ഞാൻ കിഫ്ബി ഓഫീസിനുമുന്നിൽ കുത്തിയിരിക്കും. അതിലേയ്ക്ക് വഴിവയ്ക്കാതെ ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം പദ്ധതി നിർവ്വഹണ ഏജൻസിക്കും അവയെ നിയമിക്കുന്ന ഭരണ വകുപ്പുകൾക്കുമാണ്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളുടെയും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി. അതാത് ഭരണവകുപ്പുകൾക്ക് കൈമാറുന്നതാണ്. കിഫ്ബി ആക്ട് പ്രകാരമാണ് കിഫ്ബിയുടെ പ്രവർത്തനം നടത്തിവരുന്നത്. ഇതുപ്രകാരം ഗുണനിലവാരം

ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുന്നുണ്ട്. ഭരണവകുപ്പും എസ്.പി.വി.-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ്.പി.വി.-യും ബാദ്ധ്യസ്ഥമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണാർക്കാട് എം.ഇ.എസ്. കോളേജ് പയ്യനാടം റോഡ് നിർമ്മാണം ആരംഭിച്ചത് 10-1-2019-ലാണ്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം 1-3-2019-ൽ, അതായത് രണ്ട് മാസത്തിനുള്ളിൽ സൈറ്റ് സന്ദർശിക്കുകയും 6-3-2019-ൽ ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ് ആദ്യത്തെ ജാഗ്രതാ നിർദ്ദേശം എസ്.പി.വി. ആയ KRFB-ക്ക് നൽകുകയും ചെയ്തു. ഇതുകൂടാതെ ഫിനിഷ് റോഡ് ലെവലിലെ നിർമ്മാണ പ്രവൃത്തികളിൽ അപാകതകൾ ചൂണ്ടിക്കാണിച്ച് വിശദമായ ഒരു ഒബ്സർവേഷൻ മെമ്മോ 27-6-2019-ൽ KRFB-ക്ക് നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച ഡി.പി.ആർ. പ്രകാരമല്ല നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് കിഫ്ബിയിൽനിന്ന് എസ്.പി.വി. ത്രികക്ഷി കരാർപ്രകാരം അനുമതി നേടേണ്ടതായിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ പരിഹരിക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഭാഗത്തുനിന്നും യാതൊരു വിധത്തിലുള്ള നടപടിയുമുണ്ടാകാത്തതിനാൽ കിഫ്ബിക്ക് 28-11-2019-ൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കുന്ന നടപടികൾ സ്വീകരിക്കേണ്ടിവന്നു. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങൾ കേരള റോഡ് ഫണ്ട് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുമായി കിഫ്ബി നടത്തുകയുണ്ടായി. കിഫ്ബിയിൽനിന്ന് നൽകിയ നിർദ്ദേശമനുസരിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് പുതിയ പ്രൊഫൈൽ ഡ്രോയിംഗ് 13-2-2020-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനായി 10-3-2020-ൽ കിഫ്ബിയിലെ TRC (Technical Resource Centre)-യും റോഡ് ഫണ്ട് ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരും സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധന നടത്തി പുതിയ പ്രൊഫൈൽ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള നടപടികൾ എപ്പോൾ സ്വീകരിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏത് എസ്.പി.വി. ആയാലും കോൺട്രാക്ടർ അംഗീകരിച്ച ഡി.പി.ആർ.-ൽ വ്യത്യാസം വരുത്തി ഏതെങ്കിലും വിധത്തിൽ പണി നടത്താമെന്നുള്ള തെറ്റിദ്ധാരണ വേണ്ട, കർശന നടപടി

സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം, ശ്രീ. കെ. എം. എബ്രഹാമിനെ വന്ന് കണ്ടപ്പോൾ കാര്യങ്ങളെല്ലാം വിശദീകരിച്ചിട്ടുള്ളതാണ്. അത് അങ്ങേയും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എത്രയും പെട്ടെന്ന് ഈ പോരായ്മകൾ തിരുത്തി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, " No allegation of a defamatory or incriminatory nature shall be made by a Member against any person unless the Member has given (prior notice) to the Speaker......" എന്നാണ് Rule 285-ൽ പറയുന്നത്. ഇന്നലെ കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയും ഇപ്പോഴത്തെ എം.പി.യുമായ ശ്രീ. എ. കെ. ആന്റണിയുടെ കുടുംബത്തെക്കുറിച്ച് ബഹുമാന്യനായ ശ്രീ. ജോൺ ഫെർണാണ്ടസ് വളരെ മോശമായി സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. ആയിരങ്ങളല്ല, ലക്ഷങ്ങളല്ല കോടികൾ കൊടുത്ത് ശ്രീ. എ. കെ. ആന്റണിയുടെ സഹധർമ്മിണിയിൽ നിന്ന് ഒരു പെയിന്റിംഗ് വാങ്ങിയതായിട്ടാണ് പറയുന്നത്. എല്ലാ രേഖകളും ഞാൻ അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. RTI Act പ്രകാരം എയർപോർട്ട് അതോറിറ്റിയിൽ നിന്ന് കിട്ടിയതിൽ പറയുന്നത്, How many paintings have been purchased from Mrs. Elisabath Antony? Two numbers. What was the cost of each painting? Rs. 1.25 lakhs. What was the total price given for all paintings purchased from Mrs. Elisabath Antony? Rs. 2.5 lakhs. ഒരു പെയിന്റിംഗ് ഒന്നേകാൽ ലക്ഷം രൂപ കൊടുത്ത് വാങ്ങുന്നത് കുറ്റമാണോ; ആ പെയിന്റിംഗിന് കോടികൾ വാങ്ങിയെന്നുപറഞ്ഞ് ഈ സഭയുടെ വേദി ഉപയോഗിച്ച് കേരളത്തിലെ മുൻമുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തിയത് നിർഭാഗ്യകരമാണ്. അദ്ദേഹത്തിന് മര്യാദയുണ്ടെങ്കിൽ അദ്ദേഹം ആക്ഷേപം പിൻവലിച്ച് മാപ്പ് പറയണം. അല്ലെങ്കിൽ റൂൾ 307 പ്രകാരം സഭയുടെ രേഖകളിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ പത്രവാർത്തകൾ മാത്രമാണ് ക്വാട്ട് ചെയ്തത്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ഇന്നലെയും ഇന്നുമായി റൂൾ 307 പ്രകാരം സഭയിൽ ഉന്നയിച്ച വിഷയം നേരത്തെതന്നെ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വസ്തുതാപരമല്ലാത്ത പരാമർശങ്ങൾ നിയമസഭാ രേഖകളിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ സംസാരിക്കുന്നവേളയിൽ, കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി

നെയ്യാർ ഡാമിൽ സംസ്ഥാന ഗവൺമെന്റിൽനിന്നും 5 ഏക്കർ ഭൂമി പതിച്ചുവാങ്ങി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയതായി പരാമർശിക്കുകയുണ്ടായി. അത് അവാസ്തവമാണ്. ഞാൻ കെ.പി.സി.സി. പ്രസിഡന്റാ യിരുന്ന കാലത്ത് ഞങ്ങൾ പർച്ചേസ് ചെയ്ത ഭൂമിയാണ്. അവിടെയാണ് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് പ്രവർത്തിക്കുന്നത്. കേന്ദ്രഗവൺമെന്റിൽനിന്നോ സംസ്ഥാന ഗവൺമെന്റിൽനിന്നോ ഒരാനുകൂല്യവും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് വാങ്ങുന്നില്ല. ഇന്ന് എല്ലാ പത്രങ്ങളിലും വന്നതുകൊണ്ടാണ് ഞാനിതിവിടെ സൂചിപ്പിക്കുന്നത്. അവാസ്തവമായ പ്രസ്താവനയാണത്.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## VIII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. വി. എസ്. അച്യുതാനന്ദൻ അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"ശാരീരിക അസ്വാസ്ഥ്യങ്ങളുള്ളതിനാൽ ഡോക്ടർമാർ എനിക്ക് കുറച്ച് ദിവസങ്ങൾകൂടി വിശ്രമം നിർദ്ദേശിച്ചിരിക്കുകയാണ്. 14-ാം കേരള നിയമസഭയുടെ 19-ാം സമ്മേളന കാലയളവിൽ അതുകൊണ്ടുതന്നെ എനിക്ക് സഭയിൽ ഹാജരാകാൻ കഴിയാതെ വന്നിരിക്കുന്നു. ആയതിനാൽ പ്രസ്തുത യോഗത്തിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം എനിക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു."

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എൻ. വിജയൻ പിള്ള അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

"ആരോഗ്യപരമായ കാരണങ്ങളാൽ 2020 മാർച്ച് മാസം 2-ാം തീയതി മുതൽ ഏപ്രിൽ 8-ാം തീയതിവരെ നടക്കുന്ന 14-ാം കേരള നിയമസഭയുടെ 19-ാം സമ്മേളനത്തിൽ ഹാജരാകാൻ കഴിയില്ലെന്ന വിവരം അറിയിക്കുന്നു. ടി കാലയളവിൽ അവധി അനുവദിച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു."

ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. എൻ. വിജയൻ പിള്ള എന്നിവർക്ക് പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ അംഗങ്ങൾക്ക് സഭയിൽ ഹാജരാകാതിരിക്കാൻ അനുവാദം നൽകിയിരിക്കുന്നു.

## IX ധനകാര്യം

### (1) 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-2021 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതി പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-2021 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (₹) |
| | | റവന്യൂ (₹) | മൂലധനം (₹) | |
| (1) | (2) | (3) | (4) | (5) |
| XXXVII | വ്യവസായങ്ങൾ | 601,75,40,000 | 842,28,02,000 | 1444,03,42,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 386,92,00,000 | 38,45,00,000 | 425,37,00,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വ്യവസായങ്ങൾ എന്ന XXXVII-നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. എം. ഉമ്മർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03, 42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ സ്ഥാപനങ്ങളിലെ അപകട സാധ്യതകൾ കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കരകൗശല വ്യവസായ മേഖലയുടെ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ വ്യവസായ

സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും വായ്പകൾ അനുവദിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മോൻസ് ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42, 000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസായ ശാലകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. അൻവർ സാദത്ത്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശബരിമലയ്ക്കായി 30 സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ കെൽട്രോൺ സമർപ്പിച്ച ടെൻഡർ കമ്പോളവിലയേക്കാൾ രണ്ടോ മൂന്നോ ഇരട്ടിയായതിനാൽ സർക്കാരിന് 1.5 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. സണ്ണി ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എക്സ്-റേ സ്കാനറുകൾ വാങ്ങിയതിൽ മതിയായ യോഗ്യത ഇല്ലാത്തതിനാൽ ടെൻഡർ നടപടികളിൽ നിന്നും മാറ്റി നിർത്തിയ കമ്പനിക്ക് കെൽട്രോൺ കരാർ നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. വി. ടി. ബൽറാം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന " സിംസ്" പദ്ധതിയുടെ കരാറിൽ സ്വകാര്യ കമ്പനിക്ക് അതീവ സുരക്ഷാ മേഖലയായ പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതി നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതായി പറയപ്പെടുന്ന കെൽട്രോണിന്റെ നടപടി ചർച്ച ചെയ്യുന്നതിന്)

## സൂചക വെട്ടിക്കുറയ്ക്കൽ

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1444,03,42,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം അവതരിപ്പിച്ചു.

10. ശ്രീ. അനൂപ് ജേക്കബ്.

11. ശ്രീ. പി. സി. ജോർജ്.

12. ശ്രീ. റോഷി അഗസ്റ്റിൻ

## ധനാഭ്യർത്ഥന നമ്പർ XXXIX – വൈദ്യുത പദ്ധതികൾ
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം, കോലത്തുനാട് ലൈൻസ് പദ്ധതികളിൽ ടെൻഡർ ചെയ്ത തുകയുടെ 50-65 ശതമാനം വരെ ഉയർന്ന നിരക്കിൽ കരാർ നൽകി സംസ്ഥാനത്തിന് 260 കോടി രൂപയുടെ നഷ്ടം വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. എം. വിൻസെന്റ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഭാഗമായുള്ള കോട്ടയം, കോലത്തുനാട് ലൈൻസ് പദ്ധതികളിൽ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം നേടാതെ ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. ടി. ജെ. വിനോദ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ഉപഭോഗം

കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പകരം കൃത്യമായി വൈദ്യുതി ചാർജ്ജ് അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളെ ബുദ്ധിമുട്ടിച്ചുകൊണ്ട് വൈദ്യുത ചാർജ്ജ് ഈടാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. കെ. സി. ജോസഫ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്ര – സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 1500 കോടി രൂപയിലധികം വൈദ്യുതി ബിൽ കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എം. ഉമ്മർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത ബോർഡിന്റെ നിലവിലെ മീറ്ററുകൾക്ക് പകരം പ്രീ-പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. കെ. എൻ. എ. ഖാദർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫിലമെന്റ് ബൾബുകൾക്കും ട്യൂബുകൾക്കും പകരം എൽ.ഇ.ഡി. ബൾബുകൾ നൽകാനുള്ള പദ്ധതി നടപ്പിലാക്കുന്നതിൽ കാലവിളംബം വരുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിന്റെ നഷ്ടത്തേക്കാൾ അധികരിച്ച വൈദ്യുത ചാർജ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനു പകരം മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത രംഗത്ത് ജോലി നോക്കുന്ന കരാർ തൊഴിലാളികളുടെ സുരക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 425,37,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

11. ശ്രീ. റോഷി അഗസ്റ്റിൻ
12. ശ്രീ. മോൻസ് ജോസഫ്
13. ശ്രീ. അനൂപ് ജേക്കബ്
14. ശ്രീ. പി. സി. ജോർജ്
15. ശ്രീ. കെ. എസ്. ശബരീനാഥൻ

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായം, വൈദ്യുതി, കശുവണ്ടി, കയർ എന്നീ മേഖലകളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. 42 പൊതുമേഖലാ വ്യവസായങ്ങളിൽ 8 എണ്ണമൊഴികെ ബാക്കിയെല്ലാം നഷ്ടത്തിലായിരുന്നു. വൈദ്യുതി മേഖലയിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗുമായിരുന്നു. വൈദ്യുതിയെത്താത്ത നിരവധി കുടുംബങ്ങളുണ്ടായിരുന്നു. വർഷങ്ങളായി ജോലിയും കൂലിയുമില്ലാത്ത നാല്പതോളം ഫാക്ടറികൾ കശുവണ്ടി മേഖലയിലുണ്ടായിരുന്നു. കയർ മേഖലയിലെ ആയിര കണക്കിന് തൊഴിലാളികൾ ചെയ്ത ജോലിക്ക് കൂലിപോലും ലഭിക്കാതെ പട്ടിണി യിലായിരുന്നു. ഈ സ്ഥിതിയിൽ നിന്നാണ് കേരളത്തെ ഇന്നത്തെ അവസ്ഥയി ലേയ്ക്കെത്തിച്ചത്. വ്യവസായ മേഖലയിൽ ഇന്ത്യയ്ക്കുതന്നെ മാതൃകയാക്കാൻ സാധിക്കുന്ന തരത്തിലുള്ള വിപ്ലവകരമായ മാറ്റങ്ങളാണുണ്ടാക്കിയത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വ്യവസായം ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുടെ മനംമടുപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപന നിയമവ്യവസ്ഥകളെല്ലാം പൊളിച്ചടുക്കി ഏഴ് നിയമങ്ങളും പത്ത് ചട്ടങ്ങളും ഭേദഗതി ചെയ്തു. വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എളുപ്പത്തിൽ അനുവാദം ലഭ്യമാക്കുന്ന സ്ഥിതിയുണ്ടാക്കി. അപേക്ഷ നൽകി ഒരു മാസത്തിനകം അനുമതി ലഭ്യമായില്ലെങ്കിൽ ലൈസൻസ് കിട്ടിയതായി കണക്കാക്കി പ്രവർത്തനം തുടങ്ങാൻ കഴിയും. ഓൺലൈനായി അപേക്ഷ നൽകാൻ K-Swift എന്ന ഏകജാലക സംവിധാനം ഏർപ്പെടുത്തി. കൂടാതെ റെഡ് കാറ്റഗറിയിൽപ്പെടാത്ത, 10 കോടി രൂപവരെ മുതൽമുടക്കുള്ള വ്യവസായങ്ങൾക്ക് അപേക്ഷയും അതോടൊപ്പം അഫിഡവിറ്റും നൽകിയാൽ ഉടൻതന്നെ വ്യവസായം തുടങ്ങാൻ അനുമതി ലഭ്യമാകുന്ന സാഹചര്യമുണ്ടാക്കി. വ്യവസായം തുടങ്ങി മൂന്ന് വർഷത്തിനുശേഷം, ആറ് മാസക്കാലയളവിൽ ലൈസൻസ് നടപടികൾ പൂർത്തീകരിച്ചാൽ മതി. പതിനാല് വകുപ്പുകളിൽ നിന്നുള്ള ഇരുപത്തൊമ്പത് സേവനങ്ങൾ ഓൺലൈനായി K-Swift-ലൂടെ ലഭ്യമാണ്. വ്യവസായങ്ങൾ തുടങ്ങാനുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കാനുള്ള ജില്ലാതല സമിതികൾ രൂപീകരിക്കുകയും ലൈസൻസ് കാലാവധി അഞ്ച് വർഷമായി ദീർഘിപ്പിക്കുകയും ചെയ്തു. ഈ മാറ്റങ്ങൾ കാരണം നിരവധി വ്യവസായ സ്ഥാപനങ്ങൾ പുതുതായി വന്നുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്നവർക്ക് ഗുണകരമാകുന്ന തരത്തിൽ 1964 മുതൽ പ്രാബല്യത്തിലുള്ള വിവിധ നിയമങ്ങൾ പരിഷ്കരിക്കുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. വ്യവസായ പാർക്കിൽ ഭൂമി ലഭിച്ച് വ്യവസായം നടത്തി നഷ്ടത്തിലായാൽ പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുകയല്ലാതെ മറ്റൊരാൾക്ക് കൈമാറാൻ സാധിക്കുമായിരുന്നില്ല. വലിയ മുതൽമുടക്കി വ്യവസായം ആരംഭിച്ചവർ നഷ്ടം സഹിക്കാനാകാതെ ഫാക്ടറി

അടച്ചുപൂട്ടിയാൽ വ്യവസായ വകുപ്പ് അത് തിരിച്ചുപിടിക്കാനുള്ള നടപടിയെടുക്കും. അപ്പോൾ വ്യവസായി കോടതിയിൽ പോയി സ്റ്റേ വാങ്ങുകയും അതോടെ പ്രസ്തുത സ്ഥാപനം വർഷങ്ങളോളം അടഞ്ഞുകിടക്കുകയും തൊഴിലും ഉത്പാദനവും നടക്കാതെ പോകുകയും ചെയ്യും. ഇതിന് പരിഹാരമെന്ന നിലയ്ക്ക് പുതിയ നിയമം കൊണ്ടു വന്നിരിക്കുകയാണ്. ഇത് വളരെ വർഷങ്ങളായി വ്യവസായികൾ ആവശ്യപ്പെട്ടു കൊണ്ടിരുന്നതാണ്. ഈ നിയമംകൊണ്ട് സർക്കാരിന് പൊതുവായ ഒരു നഷ്ടവുമുണ്ടാകുന്നില്ലെന്ന് മാത്രമല്ല, വ്യവസായം ഏറ്റെടുക്കുന്നവർ പുതിയ സാങ്കേതികവിദ്യയും സാമ്പത്തികബലവുമുള്ളവരായിരിക്കുകയും ചെയ്യും. അപ്പോൾ കൂടുതൽ തൊഴിലും ഉത്പാദനവുമുണ്ടാകും. ഈ വ്യവസ്ഥ കിൻഫ്രയിലും കെ.എസ്.ഐ.ഡി.സി.-യിലും കൊണ്ടുവരുന്നത് നന്നായിരിക്കും.

വൈദ്യുതി മേഖലയിൽ എടുത്തുപറയത്തക്ക മാറ്റമാണ് വന്നത്. കേരളം സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ സംസ്ഥാനമെന്ന ഖ്യാതി നേടി. ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഇവിടെ ഒഴിവാക്കാൻ കഴിയാത്തതാണെന്ന ധാരണ വൈദ്യുതി വകുപ്പ് തിരുത്തിയിരിക്കുകയാണ്. കൂടാതെ നിരവധി വികസന പ്രവർത്തനങ്ങളും നടത്തി. പരാതികളും പ്രശ്നങ്ങളും തീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് അദാലത്തുകളിൽ മുഴുവൻ സമയവും പങ്കെടുത്തു. ഭാവിയിൽ കേരളത്തിലെ ഓരോ കുടുംബത്തിനും വേണ്ട വൈദ്യുതി അവരവർക്കുതന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഭാവനാ പൂർണ്ണമായ നടപടികളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ജോലിയും കൂലിയുമില്ലാതെ കടുത്ത പ്രതിസന്ധിയിലും ദുരിതത്തിലുമായിരുന്നു മൂന്ന് ലക്ഷത്തിലധികം വരുന്ന കശുവണ്ടി തൊഴിലാളികൾ, അവരിൽ 95% സ്ത്രീകളായിരുന്നു. പൊതു-സ്വകാര്യ മേഖലകളിലായി അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിച്ച് കാഷ്യു കോർപ്പറേഷനിലും കാപെക്സിലുമുണ്ടായിരുന്ന എല്ലാ ബാധ്യതകളും സർക്കാർ ഏറ്റെടുക്കുകയും യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. അടഞ്ഞുകിടന്ന ഫാക്ടറികൾ തുറക്കാനും അവയ്ക്കാവശ്യമായ കശുവണ്ടി ശേഖരിച്ച് നൽകാനുമുള്ള നടപടി സ്വീകരിച്ചപ്പോൾ വിവാദമുണ്ടാക്കാനും അതുവഴി ഈ പ്രവർത്തനത്തെ തടസ്സപ്പെടുത്താനുമാണ് യു.ഡി.എഫ്. സുഹൃത്തുകൾ ശ്രമിച്ചതെന്ന് നമ്മൾ കണ്ടതാണ്.

കയർ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തുച്ഛമായ കൂലിയാണ് ലഭിക്കുന്നത്. അരപ്പട്ടിണിക്കാരായ തൊഴിലാളികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഴുപ്പട്ടിണിയിലായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടനെ കെട്ടിക്കിടന്ന കയർ ഏറ്റെടുക്കുകയും തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന കൂലി നൽകുകയും തൊഴിൽ ലഭ്യമാക്കുകയും യന്ത്രവത്കരണത്തിലൂടെ ഉത്പാദന ശേഷി വർദ്ധിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്തു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ പുരോഗതി പ്രാപിക്കുകയും ലാഭം വർദ്ധിപ്പിക്കുകയും ചെയ്തതിനെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്. കറന്റ് ബിൽ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി വിച്ഛേദിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതിനൊരു പരിഹാരം കാണുന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണത്. ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് സാമ്പത്തിക ബാധ്യതയും തൊഴിലാളികൾക്ക് ജോലി നഷ്ടവുമുണ്ടാക്കും. അതിനാൽ രണ്ട് വകുപ്പുകളും കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണമെന്നാണ് എന്റെ അഭിപ്രായം. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.6 കോടി രൂപയിൽ നിന്ന് സർക്കാരിന്റെ ആദ്യവർഷമായ 2016-17-ൽത്തന്നെ 80.67 കോടി രൂപയായി കുറയ്ക്കാനും തൊട്ടടുത്ത വർഷം ലാഭത്തിലെത്തിക്കാനും സാധിച്ചു. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങളെ അതിജീവിച്ച് പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലെത്തിച്ചതും ശ്രദ്ധേയമാണ്. പൊതുമേഖലാ വ്യവസായങ്ങളെ നിലനിർത്തുന്നതിനും ലാഭത്തിലാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ മാതൃകാപരമായ നടപടി സ്വീകരിക്കുമ്പോൾ കാലാകാലങ്ങളായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെപ്പോലും വിറ്റുതുലയ്ക്കുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ബി.എസ്.എൻ.എൽ.-ഉം ബി.പി.സി.എൽ.-ഉം സ്വകാര്യവത്കരിക്കുന്നതിനും ഇല്ലാതാക്കുന്നതിനും വഴിവയ്ക്കുന്ന നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഏറ്റവും പുതിയ ബഡ്ജറ്റിലൂടെ ഇപ്പോൾ എൽ.ഐ.സി.-യെയും ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. കേന്ദ്ര നയത്തിനുവിരുദ്ധമായി ഇത്തരം സ്ഥാപനങ്ങളെ ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകാൻ കേരള സർക്കാരിന് മാത്രമേ കഴിയൂ. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്-പാലക്കാട്, ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കാസർഗോഡിലെ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ 51% ഓഹരികൾ വാങ്ങാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. കേന്ദ്രസർക്കാർ വിറ്റഴിക്കാൻ തീരുമാനിച്ച കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുകയാണ്. ഇപ്പോൾ കേന്ദ്രസർക്കാർ തുച്ഛമായ വിലയ്ക്ക് ഇഷ്ടക്കാർക്ക് വിറ്റഴിക്കാൻ തീരുമാനിച്ച തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കാനും കേരള സർക്കാർ തയ്യാറാകുന്നുവെന്നത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ഇതോടൊപ്പം യു.ഡി.എഫ്. സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയുംകൊണ്ട് തകർന്നുപോയ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പരിശ്രമവും ഈ സർക്കാർ നടത്തിവരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ സ്റ്റീൽ കോംപ്ലക്സ്

ലിമിറ്റഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതി സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുകയാണ്. 52 കോടി രൂപ മുടക്കി Steel Re-rolling Mill സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ് പണം തട്ടിയെടുത്തത്.

പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് സർക്കാർ നൽകുന്ന പ്രാധാന്യം ഏറെ ആശ്വാസകരമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അവഗണിക്കപ്പെട്ട കൈത്തറി മേഖലയ്ക്ക് പുതുജീവൻ നൽകിയത് എൽ.ഡി.എഫ്. സർക്കാരാണ്. കൈത്തറി, നെയ്ത്ത് മേഖലയെ സംരക്ഷിക്കാനായി വ്യവസായ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി ഒരു അദ്ധ്യയന വർഷത്തേയ്ക്ക് എതാണ്ട് 42 ലക്ഷം മീറ്റർ തുണിയാണ് കൈത്തറി മേഖലയിൽനിന്നും ശേഖരിച്ചത്. ഇതിലൂടെ അയ്യായിരത്തിലധികം പേർക്ക് നേരിട്ടും അതിലേറെ പേർക്ക് അനുബന്ധ മേഖലകളിലും തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചു. അതോടൊപ്പം തന്നെ Kerala Artisans Development Corporation Limited വൈവിദ്ധ്യവൽക്കരണത്തിലൂടെ ഏറെ മുന്നോട്ടുപോയി. വിവിധങ്ങളായ പദ്ധതികളിലൂടെ സ്ഥാപനത്തിന്റെ വിറ്റുവരവും ലാഭവും വർദ്ധിപ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. അതുപോലെതന്നെ എടുത്തുപറയേണ്ടതാണ് KELPALM (Kerla State Palmyrah Products Development and Worker's Welfare Corporation Limited)-ന്റെ പ്രവർത്തനം. ആരംഭകാലം മുതൽതന്നെ ലാഭത്തിൽ പ്രവർത്തിച്ച ഈ സ്ഥാപനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതിയും കെടുകാര്യസ്ഥതയും കാരണം അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. എന്നാൽ ഈ സർക്കാർ ബജറ്റിലൂടെ ആവശ്യമായ സഹായം KELPALM-ന് നൽകുകയും നവീകരണ പ്രവർത്തനങ്ങളിലൂടെ നഷ്ടം കുറയ്ക്കുകയും ചെയ്തു. ഇപ്പോൾ ഈ സ്ഥാപനം മെച്ചപ്പെട്ട അവസ്ഥയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഉയർന്ന വിദ്യാഭ്യാസ സാഹചര്യത്തിനനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായവും കൊണ്ടുമാത്രം അഭ്യസ്തവിദ്യരായ കേരളത്തിലെ യുവാക്കൾക്ക് തൊഴിൽ നൽകാൻ സാധിക്കുകയില്ല. അതുകൊണ്ട് സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങളെയും വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കണം. മുൻകാല യു.ഡി.എഫ്. സർക്കാർ വലിയ പ്രചാരണ കോലാഹലങ്ങൾ നടത്തിയാണ് 'ജിം' എന്ന പേരിൽ വ്യവസായ സംഗമം സംഘടിപ്പിച്ചത്. വലിയ പ്രചാരണം നടത്തിയും വലിയ തുക ചെലവഴിച്ചും നടത്തിയ പ്രസ്തുത സംഗമത്തിന്റെ ഫലമായി കേരളം വ്യവസായങ്ങൾകൊണ്ട്

നിറയുമെന്നാണ് പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് പരിശോധിക്കുമ്പോൾ 'ജിം'-ന്റെ തുടർച്ചയായി യാതൊരു വ്യവസായവും ആരംഭിച്ചിട്ടില്ലെന്ന് കാണാൻ സാധിക്കും. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ഈ വർഷം കൊച്ചിയിൽ നടത്തിയ ‘ASCEND’ എന്ന വ്യവസായ സംഗമം കൃത്യമായ ആസൂത്രണത്തോടെയും കാഴ്ചപ്പാടോടുകൂടിയും നടത്താൻ സാധിച്ചു. ഇതിനായി സർക്കാർ മുന്നോട്ടുവച്ച പദ്ധതികളിൽ ആയിരം പേർക്ക് ജോലി നൽകുന്നത്, വ്യവസായങ്ങൾക്ക് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്, തൊഴിൽദിനം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേക സമിതി, പഞ്ചായത്ത് റോഡിന് സമീപം കെട്ടിട നിർമ്മാണത്തിന് ഇളവ്, തദ്ദേശ സ്ഥാപനങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കാനുള്ള ചുമതല, വ്യവസായ എസ്റ്റേറ്റ് എന്നിവ പ്രധാനപ്പെട്ടതാണ്. ഏതാണ്ട് ഒരു ലക്ഷം കോടിയുടെ നിക്ഷേപ വാഗ്ദാനം 'ASCEND'-ലൂടെ സാധ്യമായിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വ്യവസായ-തൊഴിൽ രംഗങ്ങളിൽ കേരളത്തിലുണ്ടായിരുന്ന ദുഷ്പേരുകൾ മാറി. തദ്ദേശ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും അനാവശ്യ വിലക്കുകളും നടപടിക്രമങ്ങളും കാരണം പല വ്യവസായങ്ങളും മുടങ്ങിപ്പോയിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ പ്ലീസ്...

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഒരു മിനിട്ട്. പല സംരംഭകരും പദ്ധതികൾ ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയുണ്ടായിരുന്നു. ഇതെല്ലാം ഈ നാട്ടിലെ സംഘടിതരും അസംഘടിതരുമായ തൊഴിലാളികളുടെ ഇടപെടൽമൂലമാണെന്ന ദുഷ്പ്രചരണവും നടന്നിരുന്നു. എന്നാൽ ഇന്ന് അതെല്ലാം മാറി. ഏറ്റവും ജനസൗഹൃദപരമായ പ്രവർത്തനം നടത്തുന്ന വകുപ്പുകളിലൊന്നായി വ്യവസായ വകുപ്പ് മാറി. പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതോടൊപ്പം കേരളത്തിലെ സ്വകാര്യമേഖലയ്ക്കും വളരാൻ സൗകര്യമൊരുക്കുന്ന നിലപാട് തന്നെയാണ് വേണ്ടത്. സ്വകാര്യ സംരംഭങ്ങൾ വരുമ്പോൾ കുറെയേറെ പേർക്ക് ജോലി ലഭ്യമാകുമെന്നത് വലിയ കാര്യം തന്നെയാണ്. പൊതുമേഖലയിലെ കെടുകാര്യസ്ഥതയും പഴഞ്ചൻരീതികളും മാറ്റാനും അഴിമതി ഇല്ലാതാക്കാനും കഴിഞ്ഞുവെന്നത് വ്യവസായ വകുപ്പിന്റെ വലിയ നേട്ടം തന്നെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇങ്ങനെ പറയുന്നതുകൊണ്ട് സംസാരിക്കാൻ സാധിക്കുന്നില്ല. വൈദ്യുതിയെക്കുറിച്ച് ധാരാളം സംസാരിക്കാനുണ്ടായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരുമിനിട്ട് കഴിഞ്ഞു. അങ്ങ് കൂടുതൽ സമയമെടുത്താൽ എല്ലാപേരുമെടുക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ നിർത്തുകയാണ്. വൈദ്യുതിയെപ്പറ്റി കുറച്ചുകൂടി സംസാരിക്കാനുണ്ടായിരുന്നു. ചെയർ അനുവദിക്കാത്തതുകൊണ്ട് ഞാനത് പറയുന്നില്ല.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ രാജ്യം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുകയാണ്. 4.7 ശതമാനമാണ് ജി.ഡി.പി.-യുടെ ഏറ്റവും ഒടുവിലത്തെ പ്രതീക്ഷിത വളർച്ചാ നിരക്ക്. കേരളം അതിനെക്കാൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് നമുക്കെല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. റിയൽ എസ്റ്റേറ്റ്/ടൂറിസം മേഖലകളെല്ലാം തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ നാട്ടിലെ വ്യാവസായിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സ്വന്തം ജില്ലയിലാണ് ഒരു പ്രവാസി വ്യവസായിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നത്. മന്ത്രിയുടെ സ്വന്തം പാർട്ടിക്കാരാണ് ആത്മഹത്യയിലേക്ക് അയാളെ തള്ളിയിട്ടതെന്ന് നമുക്കെല്ലാവർക്കുമറിയാം. കൊല്ലത്ത് പുനലൂരിൽ മറ്റൊരു വ്യവസായിക്കും ആത്മഹത്യ ചെയ്യേണ്ടിവന്നു. അതിനുപുറകിൽ ഭരണപക്ഷത്തെ രണ്ടാമത്തെ പാർട്ടിയാണ്. വ്യവസായികൾക്കുനേരെ കല്ലേറ് നടക്കുന്നൊരു നാടായി കേരളം മാറുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ASCEND-നെക്കുറിച്ചെല്ലാം പറഞ്ഞു. കൊട്ടിഘോഷിച്ച് നടത്തുന്ന നിക്ഷേപക സംഗമങ്ങൾകൊണ്ട് ഇതുവരെ കേരളത്തിന് എന്ത് നേട്ടമാണുണ്ടായിട്ടുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ നിരവധി വിദേശരാജ്യങ്ങൾ സന്ദർശിച്ച് തിരിച്ചുവരുമ്പോൾ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. അതൊക്കെ പ്രായോഗികമാകുന്നുണ്ടോ? ധൂർത്തല്ലാതെ മറ്റെന്തെങ്കിലും ഇവിടെ നടക്കുന്നുണ്ടോയെന്ന് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിന് കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ASCEND-ൽ 40,000 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ടുവെന്നാണ് പറയുന്നത്. 98,000 കോടി രൂപ ധാരണയായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഒരു ലക്ഷത്തിലും അമ്പതിനായിരം കോടിയിലും കുറഞ്ഞ കണക്കൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നില്ല. പക്ഷേ കണക്ക് മാത്രമേ നിൽക്കുന്നുള്ളൂ എന്നുള്ളതാണ് വാസ്തവം. ഇതിൽ പലതും expression of interest അഥവാ താല്പര്യപത്രം മാത്രമാണ്. അതിനപ്പുറത്തേയ്ക്ക് ധാരണാപത്രത്തിലേയ്ക്ക് പോകുകയോ നടപടിക്രമങ്ങളിലേയ്ക്ക് കടക്കുകയോ ചെയ്തിട്ടില്ല. കൊച്ചിയിൽ നടന്ന ASCEND-ൽ 500 കോടി രൂപയുടെ നിക്ഷേപം വാഗ്ദാനം ചെയ്ത ഒരു കമ്പനി രണ്ട് മാസമായി അവിടത്തെ ജീവനക്കാർക്ക് ശമ്പളംപോലും നൽകിയിട്ടില്ലെന്നുള്ളതാണ് പുറത്തുവന്ന വാർത്ത. അപ്പോൾ എത്ര അപഹാസ്യമായ അവസ്ഥയിലേയ്ക്കാണ്

കാര്യങ്ങൾ പോകുന്നതെന്ന് മനസ്സിലാക്കണം. Nissan-ന്റെ ചീഫ് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ടോണി തോമസിന്റെ ഫേസ്ബുക്ക് പോസ്റ്റുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് ഇവിടെ ഒരുഭാഗത്ത് ഇൻവെസ്റ്റർ മീറ്റും മറുഭാഗത്ത് ഇൻവെസ്റ്റർ പരാലിസിസുമാണ് നടക്കുന്നതെന്നാണ്. വ്യവസായികളെ ബുദ്ധിമുട്ടിക്കുകയും മാന്ദ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എൺപത്തിയഞ്ചിലേറെ യൂണിറ്റുകളുണ്ട്. അവിടെ റോഡില്ല, കുടിവെള്ളമില്ല, ചുറ്റുമതിലില്ല. ഇത്തരമൊരു അവസ്ഥയാണ് ഇതുപോലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നിലനിൽക്കുന്നത്. ഈ ഗവൺമെന്റ് ആരെയാണ് സംരക്ഷിക്കുന്നത്? വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറായി ശ്രീ. കെ. ബിജുവിനെ രായ്ക്കുരാമാനം സ്ഥലംമാറ്റി. ക്യാബിനറ്റുപോലും ചർച്ച ചെയ്യാതെ ഇത്ര തിടുക്കത്തിൽ ആ ഉന്നത ഉദ്യോഗസ്ഥനെ സ്ഥലംമാറ്റേണ്ട കാര്യമെന്തായിരുന്നു? അദ്ദേഹത്തിന്റെ ഔദ്യോഗിക ട്രാക്ക് റിക്കാർഡും ഈ ഗവൺമെന്റിലെ മന്ത്രിമാരിലുള്ള സ്വാധീനവും നമുക്കറിയാം. എന്നിട്ടും ആ ഉദ്യോഗസ്ഥനെ എന്തിനാണ് സ്ഥലംമാറ്റിയതെന്ന് പരിശോധിക്കുമ്പോൾ അത് കരിമണൽ ലോബിക്കുവേണ്ടിയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപിത പ്രകടന പത്രികയിലെ മുദ്രാവാക്യമാണ് സ്വകാര്യ മേഖലയിൽ ഖനനാനുമതി ഇല്ല, ഖനനം പൊതു മേഖലയിലേക്ക് മാറ്റുമെന്നുള്ളത്. എന്നിട്ടാണ് സ്വകാര്യ മേഖലയിലെ കമ്പനികളെ സഹായിക്കുന്നതിനുവേണ്ടി കേന്ദ്ര നിയമങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കൃത്യമായ നിലപാടെടുത്ത ആ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയത്.

ഇവിടെ നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം അഴിമതിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് CAMPCO (Central Arecanut and Cocoa Marketing and Processing Co-operative Limited) ഡയറക്ടർക്കെതിരെ ആരംഭിച്ച വിജിലൻസ് അന്വേഷണം ഈ സർക്കാർ അട്ടിമറിച്ച് പൂർണ്ണമായും ഇല്ലാതാക്കിയിരിക്കുകയാണ്. അങ്ങനെ അഴിമതിക്കാരെ സംരക്ഷിക്കുകയും അഴിമതിക്ക് ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്ന ഒരു വകുപ്പായി വ്യവസായ വകുപ്പ് മാറിയിരിക്കുകയാണ്.

ഞാൻ അഴിമതി ആരോപണം ഉന്നയിക്കാനുള്ള അനുവാദം ചോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചെയറിന് എഴുതി നൽകിയിട്ടുണ്ട്. കേരളത്തിൽ എത്രയോ കാല ങ്ങളായി നിലനിൽക്കുന്ന, നമ്മളൊക്കെ പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കെൽട്രോൺ. ഇന്ന് കെൽട്രോണിന്റെ അവസ്ഥ എന്താണ്; ഒരു മൊട്ടുസൂചിയെങ്കിലും ഇന്ന് നല്ല രീതിയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ? ഒരുകാലത്ത് കേരളത്തിന്റെ വ്യാവസായിക വിപ്ലവത്തിന്റെ പ്രതീക്ഷയായിരുന്ന ആ സ്ഥാപനം ഇന്ന് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. പല

കമ്പനികളുടെയും സാധനങ്ങൾ വെറുതെ വാങ്ങിക്കൂട്ടി അതിൽ സ്റ്റിക്കറൊട്ടിച്ച് കൂടിയ വിലയ്ക്ക് മറിച്ചുകൊടുക്കുന്ന ദല്ലാൾ പണിയല്ലാതെ എന്തെങ്കിലും അവിടെ നടക്കുന്നുണ്ടോ? ഈ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് എം.ഡി.-മാരെയും മറ്റും നിയമിച്ചപ്പോൾ മുതൽ വിവാദം തുടങ്ങിയതാണ്. കെൽട്രോണിന്റെ എം.ഡി.-യായി നിയമിച്ചത് ആരെയാണ്? എച്ച്.എം.ടി.-യിൽ ഉത്തരവാദപ്പെട്ട ജോലി ചെയ്ത് ചരിചയമില്ലാത്ത ഒരാളെയാണ് കെൽട്രോണിന്റെ എം.ഡി.-യായി നിയമിച്ചത്. അവർക്ക് ജോലിയിൽ താല്പര്യവുമില്ല, ശ്രദ്ധിക്കാനും കഴിയുന്നില്ല. ഈ അവസരം മുതലെടുത്താണ് വലിയ ദല്ലാളൻമാർ കെൽട്രോണിന്റെ മറവിൽ വലിയ ഡീലുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസുമായി ബന്ധപ്പെട്ട് കെൽട്രോൺ നടത്തിക്കൊണ്ടിരിക്കുന്ന ഡീലുകളെക്കുറിച്ച് ഞാൻ പറയേണ്ട കാര്യമില്ല, സി.എ.ജി. റിപ്പോർട്ട് അതിനുള്ള തെളിവാണ്. കെൽട്രോൺ + ശ്രീ. ലോകനാഥ് ബെഹ്റ + സ്വകാര്യ കമ്പനികൾ. ഇതാണ് പോലീസുമായി ബന്ധപ്പെട്ട് ഇപ്പോഴുണ്ടായിരിക്കുന്ന സമവാക്യം. Panasonic toughpad-മായി ബന്ധപ്പെട്ട് കെൽട്രോണും പാനസോണിക്കും നടത്തിയ കത്തിടപാടുകൾ ഇവിടെ ചർച്ച ചെയ്തതാണ്. ശ്രീ. ലോകനാഥ് ബെഹ്റ പ്രതീക്ഷിക്കുന്നത് ഒരുലക്ഷം രൂപയ്ക്ക് ഇത് വാങ്ങണമെന്നുള്ളതാണ്. അതിനനുസരിച്ച് ഞങ്ങളുടെ ലാഭത്തിൽ കുറവുവരുത്താതെ എത്രയാണെന്നുവച്ചാൽ നിങ്ങൾ വിലയിട്ടശേഷം ഞങ്ങളത് ശ്രീ. ലോകനാഥ് ബെഹ്റയെക്കൊണ്ട് വാങ്ങിപ്പിക്കാമെന്ന് പറയുന്ന തരത്തിൽ കെൽട്രോൺ അധഃപതിക്കാമോ? ഉപകരണങ്ങളുടെ സംഭരണത്തിനുള്ള ദർഘാസ് നടപടിയെ നിഷ്ഫലമാക്കിയെന്നും കെൽട്രോണിന് പാനസോണിക്, പോലീസ് വകുപ്പ് എന്നിവയുമായി അവിശുദ്ധ ബന്ധമാണെന്നും സി.എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്. Voice logger വാങ്ങിയതിലും അഴിമതിയാണ്. 1.72 ലക്ഷത്തിന് law abiding technologies നൽകാമെന്ന് സ്ഥാപനം പറഞ്ഞിട്ട് 3 ലക്ഷം രൂപയ്ക്കാണ് കെൽട്രോൺ അത് വാങ്ങി പോലീസിന് നൽകിയത്. X-ray baggage inspection system-ത്തിലും ഇതുപോലെ ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയാണ് നടത്തിയത്. ശബരിമലയുടെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി യതിൽപ്പോലും ഏതാണ്ട് ഒന്നരക്കോടി രൂപ നഷ്ടം വരുന്ന സാഹചര്യമുണ്ടായി. മൂന്നുംനാലും ഇരട്ടി വിലയാണ് ഓരോ സാധനത്തിനും കെൽട്രോൺ ഈടാക്കുന്നത്. 57 ലക്ഷം രൂപയ്ക്ക് വാങ്ങാൻ തീരുമാനിച്ച 19 Multizone Door Frame Metal Detector കെൽട്രോൺ വാങ്ങിക്കൊടുത്തത് 1 കോടി 22 ലക്ഷം രൂപയ്ക്കാണ്. 30 ലക്ഷം രൂപയ്ക്ക് വാങ്ങാമായിരുന്ന മൂന്ന് Non Linear Junction Detector കെൽട്രോൺ വാങ്ങിക്കൊടുത്തത് 1 കോടി 4 ലക്ഷം രൂപയ്ക്കാണ്. കെൽട്രോണിന്റെ ഓഫീസിൽത്തന്നെ ഇങ്ങനെ പലരീതിയിൽ വാങ്ങിക്കൂട്ടിയ അഞ്ഞൂറിലേറെ

Tablet Personal Computer-കൾ ഉപയോഗശൂന്യമായിക്കിടക്കുകയാണ്. അതിനു ശേഷം സ്വന്തമായി ലാപ്ടോപ് നിർമ്മിക്കുന്നതിനായി 'coconics laptop' എന്നൊരു സ്ഥാപനം ആരംഭിക്കാൻ കെൽട്രോൺ തീരുമാനിച്ചു. ഇതിനുവേണ്ടി കെൽട്രോണിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും സ്വകാര്യ കമ്പനികൾക്ക് തീറെഴുതാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഗൗരവമായി കാണണം. മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പി.സി.ബി. യൂണിറ്റായി പ്രവർത്തിച്ചിരുന്ന കെട്ടിടമുണ്ട്. മൂന്നരക്കോടി രൂപ ലോണെടുത്ത് ഇടിഞ്ഞുപൊളിഞ്ഞ് വീഴാറായ ആ പഴയ കെട്ടിടം കെൽട്രോൺ പുതുക്കിപ്പണിയുന്നു, അതോടൊപ്പം രണ്ടേകാൽ ഏക്കർ സ്ഥലം ഈ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കുന്നു. എന്നിട്ട് ഇത് പൊതുസ്ഥാപന മാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കെൽട്രോണിന് വെറും 26% ഓഹരി മാത്രമാണ് ഇതിലുള്ളത്. ബാക്കി 51% ശതമാനം യു.എസ്.ടി. ഗ്ലോബലിനാണ്. എന്നിട്ട് എന്താണ് ചെയ്യുന്നത്? ഉല്പന്നങ്ങൾ ചൈനയിൽ പോയി വാങ്ങുകയാണ്. ചൈനീസ് ഉല്പന്നം വാങ്ങി സ്റ്റിക്കറൊട്ടിച്ച് നൽകുന്നതിനുവേണ്ടി സ്വകാര്യ കമ്പനിക്ക് 51% ഓഹരി പങ്കാളിത്തം അനുവദിക്കുന്ന ഒരു വലിയ അഴിമതിയാണ് കെൽട്രോൺ കേന്ദ്രീകരിച്ച് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. പി. കെ. ബഷീർ എം.എൽ.എ. പത്താം സമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ടൊരു ചോദ്യം ചോദിച്ചപ്പോൾ യു.എസ്.ടി. ഗ്ലോബലിന് സ്ഥലം നൽകില്ലെന്നാണ് വ്യവസായ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. പക്ഷേ, സ്ഥലം നൽകുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഒമ്പതാം സമ്മേളനത്തിൽ അതേ എം.എൽ.എ. തന്നെ 5-2-2018-ന് എം.ഡി.-യുടെ ചൈനാ യാത്രയുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചു. ഉദ്യോഗസ്ഥർ സർക്കാർ അനുമതിയില്ലാതെ വിദേശരാജ്യങ്ങൾ സന്ദർശിക്കാൻ പാടുണ്ടോയെന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടിയിരുന്നതിന്റെ മൂന്ന് ദിവസം മുമ്പ് അതായത്, 2-2-2018-ന് അനുമതി റാറ്റിഫൈ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവിറങ്ങുകയാണ്. ഇങ്ങനെ സഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ നുണപറഞ്ഞുകൊണ്ട് ഇത്രയുംവലിയ അഴിമതികൾ നടക്കുമ്പോൾ ഇതിനു പുറകിലുള്ളവർ ആരാണെന്നാണ് ഈ ഗവൺമെന്റ് വ്യക്തമാക്കേണ്ടത്. സിൻസ ഇടപാടിനെക്കുറിച്ചും ഗ്യാലക്സോണുമായി ബന്ധപ്പെട്ട കാര്യങ്ങളും സഭയിൽ ചർച്ച ചെയ്യേണ്ടതാണ്. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. പക്ഷേ ഇതിലൊക്കെ കാണുന്നത് കെൽട്രോണിന്റെ ഇടപെടലാണ്. ആരാണ് ഗ്യാലക്സോണിന്റെ പ്രവർത്തനം നടത്തുന്നത്? ബർനാഡ് രാജിന് ഗവൺമെന്റും മന്ത്രിമാരും മുഖ്യമന്ത്രിയുമായുള്ള ബന്ധമെന്താണ്? വിദേശ യാത്രകളിൽ പലപ്പോഴും മന്ത്രിമാരെ അനുഗമിക്കുന്നത് ബർനാഡ് രാജാണെന്നുള്ള ആക്ഷേപം പുറത്തുവരുന്നു. അതുകൊണ്ട് കെൽട്രോണിലെ അഴിമതി സംബന്ധിച്ച്

സമഗ്രമായി അന്വേഷിക്കണം. അന്വേഷണത്തിന് വിമുഖത കാണിച്ചാൽ ഈ ഗവൺമെന്റിനും മന്ത്രിമാർക്കും അതിൽ നേരിട്ട് പങ്കുണ്ടെന്ന് വിശ്വസിക്കേണ്ടി വരും. അതുകൊണ്ട് ഇതിൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് അടിവരയിട്ട് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഒരു ചുക്കും ചുണ്ണാമ്പും ചെയ്യാത്ത ശ്രീ. വി. ടി. ബൽറാമിനെ പോലുള്ള ആളുകൾ വാചക കസർത്ത് നടത്തുകയാണ്. ഇവിടെ ഏറ്റവുമൊടുവിൽ അദ്ദേഹം പറഞ്ഞ് നിർത്തിയത് വിദേശയാത്രകളെക്കുറിച്ചാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാവപ്പെട്ട കയർ തൊഴിലാളികളുടെയും കശുവണ്ടി തൊഴിലാളികളുടെയും പണം നൽകാതെ അനധികൃതമായി നിരവധി വിദേശയാത്രകൾ ചെയ്തവരാണ് ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള യാത്രകളെ അധിക്ഷേപിച്ച് സംസാരിക്കുന്നത്. നിങ്ങളുടെ ഭരണകാലത്ത് ഉപേക്ഷിച്ച 'ഗെയിൽ' പദ്ധതിക്ക് പുതുജീവൻ നൽകി നടപ്പാക്കാൻ ഇച്ഛാ ശക്തിയോടുകൂടി പ്രവർത്തിച്ച സർക്കാരാണിത്. യു.ഡി.എഫ്. ഗവൺമെന്റ് 11 പൊതുമേഖലാ സ്ഥാപനങ്ങളെ നശിപ്പിച്ച് നഷ്ടത്തിലാക്കുകയാണ് ചെയ്തത്. എന്നാൽ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വ്യാവസായിക മേഖലയിൽ വൻ കുതിച്ചുചാട്ടം നടത്തിയ നാലുവർഷക്കാലമാണ് പിന്നിടാൻ പോകുന്നതെന്ന് ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കേരളത്തിന്റെ വികസനത്തിന് അനന്തസാധ്യതകളുള്ള വ്യാവസായിക മേഖലയുമായി ചേർന്നു നിൽക്കുന്നതാണ് വൈദ്യുതി മേഖല. യഥാർത്ഥത്തിൽ ഈ സർക്കാരിന്റെ രണ്ട് ശക്തികേന്ദ്രങ്ങളാണ് ശ്രീ. എം. എം. മണിയും ശ്രീ. ഇ. പി. ജയരാജനും. ഈ സർക്കാരിന്റെ ഇരുധ്രുവങ്ങളിലുള്ള കിംഗ് മേക്കേഴ്സാണ് ഇവരെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമാണുള്ളത്. വിദേശത്തുനിന്നും മടങ്ങിയെത്തുന്ന പ്രവാസികൾ ഒരു ചെറുകിട സംരംഭം ആരംഭിക്കണമെന്ന് ആഗ്രഹിച്ചാൽ അതിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തിയെങ്കിൽ പൊതുമേഖലയിലുള്ള ശക്തമായ ഇടപെടലുകളാണ് അതിന് കാരണമെന്ന് കാണാൻ കഴിയും. ഒരു സൗഹൃദ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾക്ക് ജീവവായു നൽകിയ ഒരു ഗവൺമെന്റാണിത്. പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽനിന്നും സാവധാനം ഉയർത്തി മുന്നിലേയ്ക്ക്

കൊണ്ടുവരുന്നതിൽ വ്യവസായിക വകുപ്പ് നിർണ്ണായക സംഭാവനകൾ നൽകിയിട്ടുണ്ട്. 2015-16-ൽ പൊതുമേഖലാ വ്യവസായങ്ങൾ 131.60 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് 2016-17-ൽ 80.67 കോടി രൂപയായി അവയുടെ നഷ്ടം കുറച്ചുകൊണ്ടുവരാനും 2017-18-ൽ 5.11 കോടി രൂപയുടെ ലാഭത്തിലെത്തിക്കാനും കഴിഞ്ഞു. 2018-19-ൽ 8.26 കോടി രൂപയുടെ ലാഭത്തിലെത്തിയിരിക്കുകയാണ്. ട്രാവൻകൂർ ടൈറ്റാനിയവും അടച്ചുപൂട്ടുമെന്ന് കരുതിയ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡും ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ലാഭത്തിലായി. KERALA CERAMICS, TRACO, KEL, SILK, KMML, KELTRON, TITANIUM തുടങ്ങിയ സ്ഥാപനങ്ങളെ ലാഭത്തിൽനിന്നും വീണ്ടുംവീണ്ടും ഉയർന്ന ലാഭത്തിലേയ്ക്ക് കൊണ്ടുപോകുന്ന ഒരു മികച്ച മാനേജ്മെന്റ് പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്നുവെന്നത് ശ്രദ്ധേയമാണ്.

കഴിഞ്ഞ നാല് വർഷക്കാലത്തിനകം കൈത്തറി മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 233 കൈത്തറി സംഘങ്ങൾ സജീവമാകുന്ന സ്ഥിതി വിശേഷമുണ്ടായി. ചേന്ദമംഗലം കൈത്തറിയെ പുനരുജ്ജീവിപ്പിച്ചു. പ്രളയത്തെത്തുടർന്ന് വ്യവസായിക മേഖലയിലുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നേറാൻ കഴിയുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ വില്പനയ്ക്ക് വച്ചിരിക്കുകയാണ്. രാജ്യത്തെ രണ്ടാമത്തെ വലിയ പൊതുമേഖലാ സ്ഥാപനമായ BPCL (Bharat Petroleum Corporation Ltd.)-ന്റെ 53.29% ഓഹരിയും വിൽക്കാനുള്ള തീരുമാനത്തിനെതിരെ സന്ധിയില്ലാതെ പോരാട്ടുന്നത് ഇടതുപക്ഷമാണെന്നത് ശ്രദ്ധേയമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തീരുമാനിക്കുമ്പോൾ കോൺഗ്രസ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന സമീപനമെന്താണ്? NALCO (National Aluminium Company Ltd.)-യും BALCO (Bharat Aluminium Company Ltd.)-യും ഉൾപ്പെടെയുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കണമെന്ന് തീരുമാനിച്ചത് യു.പി.എ. സർക്കാരായിരുന്നു. ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ ബി.ജെ.പി.-യും കോൺഗ്രസും ഭരണത്തിൽ വരുമ്പോൾ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നോരോന്നായി വിൽക്കുന്നത് ശീലമാക്കി മാറ്റുകയാണ്. ജനങ്ങളുടെ നികുതിപ്പണംകൊണ്ട് പടുത്തുയർത്തിയ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്കു വേണ്ടി വിൽക്കുന്നതിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അംബാനിമാരുടെയും

അദാനിമാരുടെയുമൊക്കെ വസതികളിൽ കിടന്നുറങ്ങാൻ അമിത് ഷായും നിർമ്മലാ സീതാരാമനും മോദിയുമെല്ലാം ശ്രമിക്കുമ്പോൾ, അതിനെതിരെ ശക്തമായ പ്രതിരോധത്തിന്റെ, സമരത്തിന്റെ ഐക്യനിര ഉയർന്നുവരേണ്ടതുണ്ട്.

കേരളത്തിന്റെ വിദ്യുച്ഛക്തി മേഖലയിൽ വലിയ മാറ്റമുണ്ടായ നാളുകളാണിത്. സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. പവർകട്ടും ലോഡ് ഷെഡ്ഡിംഗുമില്ലാത്ത കേരളം രാജ്യത്തിനുതന്നെ മാതൃകയായി മാറിയിരിക്കുകയാണ്. പ്രസരണ നഷ്ടം 12.47 ശതമാനത്തിലും വിതരണ നഷ്ടം 9 ശതമാനത്തിൽ താഴെയും എത്തിക്കുന്നതിൽ വിദ്യുച്ഛക്തി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നത് ഒരു മികച്ച ടീം വർക്കാണ്. 20 ലക്ഷത്തിൽപ്പരം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സൗകര്യമൊരുക്കുകയും ഇലക്ട്രിക് വാഹനങ്ങൾക്കുവേണ്ടി വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുകയും 14 ലക്ഷം കുടുംബങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തതുൾപ്പെടെ ധീരോദാത്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. കേരളത്തിനാവശ്യമായ മുഴുവൻ വൈദ്യുതിയും ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽനിന്നും വാങ്ങേണ്ടിവരികയാണ്. അത്തരം പരിമിതികൾക്കകത്ത് നിന്നുകൊണ്ടും 1000 കോടി മുതൽമുടക്കുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയും ഇ-സേഫ്, ദ്യുതി, പുരപ്പുറ സൗരോർജ്ജ പദ്ധതികളും നടപ്പിലാക്കുകയാണ്. ഫിലമെന്റ് ബൾബുകൾക്കുപകരം 2.50 കോടി LED ബൾബുകൾ കഴിഞ്ഞ ഒരു വർഷക്കാലത്തിനകം വിതരണം ചെയ്തത് ശ്രദ്ധേയമാണ്. എനിക്ക് ഒരു കാര്യം വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതിന് ഒരു സംവിധാനം അല്ലെങ്കിൽ കൺട്രോൾ റൂമുണ്ടാകണം എന്നതാണ്. എറണാകുളത്തും തിരുവനന്തപുരത്തുമെല്ലാം കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. പെട്ടെന്ന് സ്വിച്ച് ഓഫ് ചെയ്യുന്നതിന് ഒരു കൺട്രോളിംഗ് സിസ്റ്റമില്ലാത്തത് ക്രഷർ യൂണിറ്റുകൾ പോലെയുള്ളവയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഇലക്ട്രിക്കൽ സർക്കിൾ തലത്തിലോ ജില്ലാ തലത്തിലോ ഒരു കൺട്രോൾ റൂം സിസ്റ്റം ഏർപ്പെടുത്തുന്നത് നന്നായിരിക്കും. ഇലക്ട്രിക്കൽ സെക്ഷനുകളിൽ ജോലി ഭാരത്തിനനുസൃതമായി ജീവനക്കാരെ പുനഃക്രമീകരിക്കുന്നതിനുള്ള ഇടപെടൽ നടത്തണം. ഇടുക്കി ജില്ലയിലെ തോട്ടിയാർ, പള്ളിവാസൽ പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. മൂവാറ്റുപുഴയിൽ ഇലക്ട്രിക്കൽ സെക്ഷൻ നമ്പർ-1, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ ഡിവിഷൻ എന്നിവ ഉൾപ്പെടുത്തി ഒരു വൈദ്യുതി ഭവൻ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മൂവാറ്റുപുഴയിലെ തൃക്കളത്തൂരിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കേണ്ടത്

അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തി മേഖലയിലും വ്യാവസായിക മേഖലയിലും സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിച്ച ഒരു കാലയളവാണിത്. വികസന മുന്നേറ്റത്തിന് ഏറ്റവും പ്രധാനപ്പെട്ട ഈ രണ്ട് വകുപ്പുകളും പ്രതിസന്ധികൾക്കിടയിലും മിന്നുന്ന പ്രവർത്തനങ്ങൾ നടത്തുന്നുവെന്നുള്ളത് സന്തോഷം നൽകുന്ന കാര്യമാണ്. സർവ്വമേഖലകളിലും സജീവ സാന്നിദ്ധ്യമായി സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന, സൽപ്പേര് നേടിയിരിക്കുന്ന ഒരു ഗവൺമെന്റാണിത്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ ഇന്നത്തെ കാര്യവിവരപ്പട്ടിക അനുസരിച്ച് ഒരുമണി മുതൽ രണ്ട് മണിവരെ ധനവിനിയോഗ ബില്ലിന്റെ ചർച്ച നടത്തേണ്ടതുണ്ട്. ആയതിനാൽ ധനാഭ്യർത്ഥന ചർച്ച ഇപ്പോൾ നിർത്തിവയ്ക്കുന്നതും ധനവിനിയോഗ ബില്ലിന്റെ ചർച്ചയ്ക്കുശേഷം തുടരുന്നതുമാണ്.

1.00 P.M.]

## (2) 2020-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2020-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, 2020-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. സാധാരണഗതിയിൽ അദ്ദേഹം സാമാന്യം സമചിത്തതയോടെയാണ് കാര്യങ്ങൾ പറയാറുള്ളത്. എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല കഴിഞ്ഞ ദിവസം അദ്ദേഹം സഭയിൽ പറഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നു പറയുന്നത് നുണയാണ്, പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ആർദ്രം മിഷൻ നടത്തുന്നുവെന്ന് പറയുന്ന പ്രവൃത്തികളെല്ലാം നുണയാണ്, വ്യവസായ വകുപ്പ് വളർച്ച നേടിയെന്ന് പറയുന്നത് നുണയാണ്, ലൈഫ് മിഷൻ 214000 കുടുംബങ്ങൾക്ക് വീട് നൽകിയെന്ന് പറയുന്നത് പെരുംനുണയാണ് എന്നാണ്.

സത്യം പറഞ്ഞാൽ അദ്ദേഹത്തിന് എന്താണ് സംഭവിച്ചതെന്ന് അറിയില്ല. എന്തിനാണ് അദ്ദേഹം ഇങ്ങനെ കാര്യങ്ങൾ അവതരിപ്പിച്ചതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഈ സർക്കാർ പത്രമാധ്യമങ്ങളെ കൂട്ടുപിടിച്ച് പെയ്ഡ് ന്യൂസ് വരുത്തിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അതിന്റെ തുടർച്ചയായി പറഞ്ഞു. ഇതൊക്കെ കേട്ടപ്പോൾ എന്തോ പന്തികേട് പ്രതിപക്ഷനേതാവിന് സംഭവിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നി. അടുത്ത ദിവസം പത്രം വന്നപ്പോഴാണ് അദ്ദേഹത്തിന്റെ ഈ അഭിപ്രായപ്രകടനങ്ങളുടെ ചേതോവികാരം എന്താണെന്ന് മനസ്സിലായത്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഇക്കാലയളവിൽ സഭയിൽ സംസാരിച്ച് കണ്ടിട്ടേയില്ല. അദ്ദേഹം ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ ചോദിക്കാറില്ല, സബ്മിഷനോ അടിയന്തരപ്രമേയമോ അവതരിപ്പിക്കാറില്ല, പൊതുചർച്ചകളിൽ പങ്കെടുക്കാറില്ല. പക്ഷെ അദ്ദേഹം സഭയ്ക്ക് പുറത്ത് പത്രസമ്മേളനം നടത്തി ചില കാര്യങ്ങൾ പറയുകയുണ്ടായി. അതാണ് പ്രതിപക്ഷനേതാവിനെ പ്രകോപിപ്പിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, പ്രതിപക്ഷനേതാവ് നാല് കൊല്ലമായി അശ്രാന്ത പരിശ്രമം നടത്തിയിട്ടും സാധിക്കാത്ത കാര്യം ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഒരൊറ്റ പത്രസമ്മേളനംകൊണ്ട് സാധിച്ചെടുത്തു. അതുകണ്ടാൽ ആർക്കും അസൂയ തോന്നും. അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത് 'ഇത് നുണയാണ്, നുണയാണ്, നുണയാണ്, പെരുംനുണയാണ് എന്ന്. എന്നാൽ മുൻമുഖ്യമന്ത്രി പറഞ്ഞത് എന്താണ്? അദ്ദേഹം വളരെ സമർത്ഥനാണ്. അദ്ദേഹം പുറത്തുപോയി പറഞ്ഞത് 214000 വീട് നിർമ്മിച്ചുനൽകിയെന്ന് പറയുന്നത് കളവാണെന്നും എന്റെ കാലത്ത് 434282 വീടുകൾ കൊടുത്തിരുന്നുവെന്നുമാണ്. എല്ലാ പത്രങ്ങളിലും വാർത്ത വന്നു. അദ്ദേഹം തുടർന്ന് വിശദീകരിച്ചു. ആ വിശദീകരണമെല്ലാം ചേർത്ത് പത്രത്തിൽ വന്ന വാർത്ത പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത് അദ്ദേഹത്തിന്റെ അഞ്ച് വർഷക്കാലത്ത് ഏതാണ്ട് 434000 വീടുകൾ പൂർത്തിയാക്കിയെന്നാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനകം 434282 വീടുകൾ പൂർത്തീകരിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുകയ്ക്കുപുറമെ ഒരു ലക്ഷം രൂപയെങ്കിലും കൊടുത്തതായോ ബഡ്ജറ്റിൽ അങ്ങനെയൊരു പ്രൊവിഷൻ വച്ചതായോ കാണിച്ചുതരാൻ സാധിക്കുമോ? ഇത് തെളിയിക്കാൻവേണ്ടി രണ്ടുപേരും ഇപ്പോൾ സഭയിലില്ല. ഇന്നലെ ശ്രീ. പി. ടി. തോമസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞതുപോലെ ഞാനും ചെയ്യാൻ തീരുമാനിക്കുകയാണ്. അതുകൊണ്ട് ബഹുമാന്യരായ വി. ഡി. സതീശനും സണ്ണി ജോസഫുമെല്ലാം മുൻമുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സഭയിൽ വരുമ്പോൾ പറയണം 434282 വീടുകൾക്ക് ഒരു ലക്ഷം രൂപ വീതം നിങ്ങൾ കൊടുത്ത് പൂർത്തീകരിച്ചെങ്കിൽ ആ തുക ബഡ്ജറ്റിൽ ഏത് വർഷം, ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് പ്രൊവിഷൻ വച്ചതെന്ന്

പറയണമെന്ന്. അങ്ങനെയൊരു സംഭവമുണ്ടായിട്ടേയില്ല. കഴിഞ്ഞ അഞ്ച് വർഷം ഞങ്ങളും ഈ സഭയിലുണ്ടായിരുന്നു. ഇവിടെ 'നുണ, നുണ, പെരുംനുണ' എന്നൊക്കെ പറഞ്ഞത് ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ ഒരു ചോദ്യത്തിന് സർക്കാർ നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിലാണ്. പക്ഷെ സർക്കാർ ഉത്തരം കൊടുത്തതിനുശേഷമുള്ള ദിവസങ്ങളിൽ ഓരോന്നിലും പൂർത്തീകരിച്ച വീടുകളുടെ എണ്ണമെടുത്ത് പറഞ്ഞുകൊണ്ട്, 214000 വീട് 29-ാം തീയതിയാണെന്നും 2-ാം തീയതിയും 3-ാം തീയതിയുമാകുമ്പോൾ അത് 214000 കഴിഞ്ഞ് 16,000-വും 18,000-വുമായിയെന്ന് ബഹുമാന്യരായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞല്ലോ. ഓൺലൈനിൽ പരിശോധിച്ചാൽ ഏത് പഞ്ചായത്തിൽ ആർക്ക് വീട് ലഭിച്ചെന്ന് അറിയാൻ കഴിയും. നിങ്ങൾ പരിശോധിക്കൂ. അതുചെയ്യാതെ ഒരാൾ പറയുന്നു 'നുണ, നുണ, പെരുംനുണ' എന്ന്. മറ്റെയാൾ പറയുകയാണ്, എന്റെ കാലത്ത് 434282 വീടുകൾ നൽകിയെന്ന്. ലാൻഡ് റവന്യൂ കമ്മീഷണർ പറഞ്ഞ കണക്കുണ്ട്, അത് നമുക്ക് വിടാം. പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 24-2-2016-ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ച ചോദ്യത്തിന് മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞ ഉത്തരം ഞാനിവിടെ വായിക്കാം. ചോദ്യം ഇതാണ്, (എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്രപേർക്ക് സർക്കാർ പദ്ധതികളിലൂടെ പാർപ്പിടം നൽകി; ഇപ്പോഴും പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ; (ബി) ദുർബ്ബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കിയ ഭവനപദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളിൽ എത്രപേർ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കാമോ? ഈ രണ്ട് ചോദ്യങ്ങൾക്കുമുള്ള ഉത്തരം, അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു, അനുബന്ധം2-ആയി ചേർത്തിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അനുബന്ധം 1-ൽ സുരക്ഷ ഭവന പദ്ധതിയിൽ 698 വീടുകളും (2011-12-ൽ - 414; 2012-13-ൽ -114; 2013-14-ൽ - 122 ; 2014-15-ൽ- 29; 2015-16-ൽ- 19) 1,69,22,000 രൂപയും നൽകിയെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പറഞ്ഞതായതുകൊണ്ട് ഞാനത് വിശ്വസിക്കുകയാണ്. ഇതിനോടൊപ്പം എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരമുള്ള പുനർനിർമ്മാണംകൂടി ഉൾപ്പെടുത്താം. അതിന്റെ ഭാഗമായി 2191 വീടുകളും (2011-12-ൽ - 1460 ; 2012-13-ൽ - 498; 2013-14-ൽ - 142; 2014-15-ൽ- 61; 2015-16-ൽ-30) 18,78,35,600 രൂപയുമാണ് കൊടുത്തത്. പിന്നെയുള്ളത് അറ്റകുറ്റപ്പണിയാണ്. 772 വീടുകളുടെ അറ്റകുറ്റപ്പണി ചെയ്തിട്ടുണ്ട്. അതും വീടിന്റെ പുനർനിർമ്മാണമായി കൂട്ടാം. പിന്നെയുള്ളത് പാവപ്പെട്ട പത്രപ്രവർത്തകർക്ക് കൊടുത്ത സബ്സിഡിയാണ്. അത് കുറച്ച് കടന്നകയ്യാണ്. പത്രപ്രവർത്തകർ അവരുടെ കയ്യിലെ പണംകൊണ്ട് വീട് നിർമ്മിച്ചാൽ 50,000

രൂപ കൊടുക്കും. അത് നിങ്ങളുടെ കാലത്ത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അതുകൂടി കണക്കിലെടുത്താൽപ്പോലും ആകെ 3343 വീടുകളാണ് കൊടുത്തിരിക്കുന്നത്. 3343 വീടുകളാണ് കൊടുത്തിട്ടുള്ളതെന്ന് 2016-ൽ നിങ്ങളുടെ സർക്കാരിന്റെ ഭരണം അവസാനിക്കുന്നതിന് മൂന്ന് മാസം മുമ്പ് ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണന് കൊടുത്ത ഉത്തരത്തിൽ പറഞ്ഞിട്ട് നാണമില്ലാതെ മുൻമുഖ്യമന്ത്രി പറയുകയാണ് എന്റെ കാലത്ത് 434282 വീടുകൾ കൊടുത്തുവെന്ന്. അത് പത്രങ്ങൾ ഏറ്റു പിടിച്ചപ്പോൾ പ്രതിപക്ഷനേതാവിന് സമനില തെറ്റി, സ്ഥലകാല വിഭ്രാന്തിയായി. അദ്ദേഹം വന്നുപറയുകയാണ് 'നുണ, നുണ, പെരുംനുണ' എന്ന്. ഇത് പെരും നുണയാകുമോ; ഇല്ല. നിങ്ങൾ വസ്തുതകൾക്ക് നേരെ കണ്ണടയ്ക്കരുത്. വളരെ മിതമായ ഭാഷയിൽ അദ്ദേഹത്തിന്റെ പ്രായവും പാർലമെന്ററി പാരമ്പര്യവുമെല്ലാം കണക്കി ലെടുത്തുകൊണ്ട് കേരളത്തിന്റെ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ഞാൻ വെല്ലു വിളിക്കുന്നു, തന്റെ അഞ്ച് വർഷക്കാലത്ത് 434282 വീടുകൾ പൂർത്തീകരിച്ചുവെന്ന് അങ്ങ് തെളിയിച്ചാൽ രാഷ്ട്രീയപ്രവർത്തനവും പൊതുപ്രവർത്തനവും അവസാനിപ്പിക്കാൻ ഞാൻ തയ്യാറാണ്, ആരും അവസാനിപ്പിച്ചുപോകും. കാരണം, ആടിനെ പട്ടിയാക്കുന്ന, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന ഈ നയം നിങ്ങൾ സ്വീകരിക്കുമ്പോൾ ആർക്കാണ് പൊതുപ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും നടത്താൻ സാധിക്കുന്നത്? ചങ്കെടുത്ത് കാണിച്ചാൽ ചെമ്പരത്തിപ്പൂവെന്ന് പറയുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിക്കുന്നത്? നിങ്ങൾക്ക് ഇതിനോട് സഹകരിക്കാതിരിക്കാം, മുഖംതിരിഞ്ഞ് നിൽക്കാം. പക്ഷേ, 214000 കുടുംബങ്ങൾക്ക് കയറിക്കിടക്കാനിടമുണ്ടാക്കിക്കൊടുത്ത സർക്കാരിനെ നോക്കി ഞങ്ങളുടെ കാലത്താണ് 434282 കുടുംബങ്ങൾക്ക് വീടുണ്ടാക്കിക്കൊടുത്തതെന്ന് പറയരുത്. അങ്ങനെയെങ്കിൽ നിങ്ങളുടെ ഭരണം അവസാനിച്ചപ്പോൾ ഭവനരഹിതരായി ആരും ഉണ്ടാകുമായിരുന്നില്ലല്ലോ. എന്നിട്ടെന്താണ് നിങ്ങളുടെ സർക്കാരിന്റെ ഭരണം അവസാനിച്ചപ്പോഴും നാല് ലക്ഷത്തോളം കുടുംബങ്ങൾ ഭവനരഹിതരായി തുടരുന്നത്? ഇവിടെ നിങ്ങൾക്ക് സംസാരിക്കാൻ അവസരം കിട്ടുമല്ലോ. അപ്പോൾ ഇതൊന്ന് വിശദീകരിക്കണം. എണ്ണം കുറവാണെങ്കിലും ഉള്ളവർ തീരെ മോശക്കാരല്ലല്ലോ. നല്ല ഗുണഗണങ്ങളുള്ള ആളുകളല്ലേ ഇരിക്കുന്നത്? അതുകൊണ്ട് നിങ്ങൾക്ക് സംസാരിക്കാൻ അവസരം കിട്ടുമ്പോൾ പ്രതിപക്ഷനേതാവ് എണ്ണിയെണ്ണി പറഞ്ഞ് നുണകളെന്ന് വിശേഷിപ്പിച്ചതും ഇവിടെ മുൻമുഖ്യമന്ത്രി പറഞ്ഞ തന്റെ കാലത്തെ നേട്ടവും വസ്തുതകളെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കണം.

ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം മിഷൻ, വ്യവസായ വകുപ്പ്, കാർഷിക വകുപ്പ് തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത വകുപ്പുകളും നേടിയ നേട്ടം നിങ്ങൾ അഞ്ച് വർഷംകൊണ്ട് നേടിയതിനെക്കാൾ

അധികമാണെന്ന് തെളിയിക്കാൻ ഞങ്ങൾ തയ്യാറാണ്. അതിന് ഞങ്ങളുടെ മന്ത്രിമാർ വേണ്ട, ഞങ്ങൾ എം.എൽ.എ.-മാർ നിങ്ങളുടെ മണ്ഡലത്തിൽ വന്ന്, നിങ്ങളുടെ മണ്ഡലത്തിലെ പ്രവർത്തനംവച്ച് തെളിയിച്ചുതരാം. തന്റേടമുണ്ടെങ്കിൽ, ധൈര്യമുണ്ടെങ്കിൽ, ആത്മവിശ്വാസമുണ്ടെങ്കിൽ തിരിച്ചൊരു വെല്ലുവിളി നടത്താൻ നിങ്ങൾ തയ്യാറാകണം. നിങ്ങളുടെ മണ്ഡലത്തിൽ വന്ന് ഞങ്ങൾ ബോധ്യപ്പെടുത്തിത്തരാം, കേരളത്തിലെവിടെയും ഞങ്ങളതിന് തയ്യാറാണ്. ഇതൊന്നും ചെയ്യാതെ അടിയന്തരപ്രമേയവേളയിൽ എന്തും വിളിച്ചുപറയുകയാണ്. ബഹുമാന്യരായ പി. ടി. തോമസിനെയും അൻവർ സാദത്തിനെയും റോജി എം. ജോണിനെയുംപോലെ ആളുകൾക്ക് എന്തൊരു പ്രകടനപരതയാണ്! നിങ്ങൾക്ക് രാഷ്ട്രീയ അന്തസ്സുണ്ടെങ്കിൽ, നിങ്ങൾക്ക് രാഷ്ട്രീയമായ തന്റേടമുണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് നിങ്ങൾ സഭയ്ക്കകത്തോ പുറത്തോ ഞങ്ങളോട് ചർച്ച ചെയ്യാൻ തയ്യാറാകൂ. ശ്രീ. ഷാഫി പറമ്പിൽ, ഇപ്പോൾ ഞാൻ ഇരുന്നുതരാം, ഒന്ന് വിശദീകരിക്കാമോ? അല്പമെങ്കിലും ആർജ്ജവമുണ്ടെങ്കിൽ ഇതിനെക്കുറിച്ച് വിശദീകരിക്കണം. ഒന്നും നിങ്ങളുടെയടുത്തില്ല. നിങ്ങളുടെയടുത്തുള്ളത് എന്താണെന്ന് ഞാനിപ്പോൾ പറയുന്നില്ല, പറഞ്ഞാൽ മോശമായി പോകും. അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. എന്റെ നാട്ടിൽ കുറച്ചുകാലം മുമ്പ് കുഞ്ഞാപ്പ എന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് ചായക്കച്ചവടമായിരുന്നു ജോലി. ആ ചായക്കട ഒരിക്കലും പൂട്ടാറില്ല. ആരെങ്കിലും പോയി ഒരു ചായ ചോദിച്ചാൽ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറയും പഞ്ചസാരയില്ലെന്ന്. എന്നാൽ സാരമില്ല പഞ്ചസാരയില്ലാത്ത ചായ മതിയെന്ന് പറഞ്ഞാൽ പറയും പാലില്ലെന്ന്. എന്നാൽ സാരമില്ല ചായപ്പൊടിയിട്ട് ചൂടുവെള്ളം മതി ദാഹിക്കുന്നുവെന്ന് പറഞ്ഞാൽ പറയും ചായപ്പൊടി ഇപ്പോൾ കഴിഞ്ഞതേയുള്ളൂവെന്ന്. അതേ രീതിയിലാണ് നമ്മുടെ ട്രഷറിയുടെ ഇന്നത്തെ അവസ്ഥ. ട്രഷറി തുറന്നുവച്ചിട്ടുണ്ട്. 2 ലക്ഷം രൂപയുടെ ബിൽ കൊടുത്താൽ ഒരു ലക്ഷം രൂപ തരാമെന്ന് പറയും. ഒരു ലക്ഷത്തിന്റെ ബിൽ കൊടുക്കും. അപ്പോൾ പറയും 50,000 രൂപ തരാമെന്ന്. 50,000 രൂപയുടെ മറ്റൊരു ബിൽ കൊടുത്താൽ ഇപ്പോൾ പണം തീർന്നു നാളെ വരാൻ പറയും. എന്തിനാണ് ഇങ്ങനെയൊരു ധനവിനിയോഗ ബിൽ പാസ്സാക്കുന്നത്? ഈ സാമ്പത്തികവർഷം അവസാനിക്കാൻ ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ് 64% മാത്രമാണ്. അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാതെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വെട്ടിക്കുറച്ച് അവയ്ക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമൊരുക്കുകയും ചെയ്ത സർക്കാരിന് എന്തിനാണ് ഇനിയൊരു ധനാഭ്യർത്ഥന? ചെലവാക്കാൻ അങ്ങയുടെ കയ്യിൽ കാശുണ്ടോ? സി. ആന്റ് എ.ജി. റിപ്പോർട്ടുപ്രകാരം 15,000 കോടി രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. അതിൽ 5,500 കോടിയോളം

രൂപ അഞ്ച് കൊല്ലം മുമ്പുള്ളതാണ്. വില്പന നികുതി ഏകദേശം 4300 കോടി രൂപ, വാഹന നികുതി 590 കോടി രൂപ, ഭൂനികുതി 378 കോടി രൂപ, സ്വർണ്ണത്തിന്റെയും ലോട്ടറിയുടെയും നികുതി വെട്ടിപ്പ് തുടങ്ങി എല്ലാ വകുപ്പുകളും നികുതി പിരിവിൽ വളരെ പിന്നിലാണ്. ഇത് നികുതി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ്, ജി.എസ്.ടി.-യെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അഴിമതി ഗംഭീരമായി നടക്കുകയാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽവരെ അഴിമതിയാണ്. ഏകദേശം 33,000 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റാണ് ഇവിടെ അവതരിപ്പിച്ചത്. അതിൽത്തന്നെ 25,000 കോടി രൂപയിലധികം റിസർവ് ബാങ്കിന്റെ വെയ്സ് ആൻഡ് മീൻസ് ചെലവുകൾക്കും ഓവർഡ്രാഫ്റ്റ് അഡ്ജസ്റ്റ്മെന്റിനും വേണ്ടിയാണ്. മുമ്പെങ്ങുമില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുന്നുവെന്നതിന്റെ തെളിവാണിത്. മുൻമന്ത്രി ശ്രീ. ടി. ശിവദാസ മേനോന്റെ കാലത്തേയ്ക്കാണ് ഈ സർക്കാരിന്റെ പോക്കെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

നീതിനിർവ്വഹണം എന്ന ഡിമാന്റിൽ പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള 28 അതിവേഗ കോടതികൾക്ക് കേന്ദ്ര വിഹിതത്തിന്റെ മാച്ചിംഗ് ഗ്രാന്റിനുവേണ്ടി 6.3 കോടി രൂപയുടെ ഡിമാന്റ് അവതരിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7924 പ്രതികളുൾപ്പെട്ട 6934 പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 4971 എണ്ണത്തിൽ മാത്രമാണ് കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. പ്രതികൾക്ക് ശിക്ഷ കിട്ടിയത് 90 കേസ്സുകളിൽ മാത്രമാണ്. രാജ്യത്തുതന്നെ കുട്ടികൾക്കെതിരെ ഏറ്റവുംകൂടുതൽ അതിക്രമം നടക്കുന്ന സംസ്ഥാനങ്ങളിലൊന്നായി നമ്മുടെ സംസ്ഥാനം മാറി. അതുകൊണ്ടാണ് സുപ്രീംകോടതി 56 കോടതി വേണമെന്ന് പറഞ്ഞിട്ട് 28 കോടതിക്കുവേണ്ടി നമ്മൾ പോകുന്നത്.

വേറൊരു കാര്യം പറയാനുള്ളത്, നമ്മുടെ നാട്ടിൽ മിൽമ പാൽ കിട്ടാനില്ല, ലൈഫ് പദ്ധതിയുടെ പാലുകാച്ചാണ് കാരണം. 2.14 ലക്ഷം വീടുകൾ, ഒരു പഞ്ചായത്തിന് ആവറേജ് 200 വീടുകളുണ്ടാകണം. പെരിന്തൽമണ്ണ ബ്ലോക്കിലെ 8 പഞ്ചായത്തു കളിൽ ആകെ കിട്ടിയത് 531 വീടുകൾ. അതായത്, ഒരു പഞ്ചായത്തിന് ആവറേജ് 60 വീടുകൾ. മലപ്പുറം ജില്ലയിലെ 94 പഞ്ചായത്തുകളിൽ ആകെ കിട്ടിയത് 5150 വീടുകളാണ്. എന്നാൽ നിങ്ങളുടെ കണക്ക് 17994 എന്നാണ്. ഇങ്ങനെ ചെയ്യുന്നത് ശരിയാണോ?

റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA)-ക്കുവേണ്ടി ഒരു ഡിമാന്റ് അവതരിപ്പിച്ചിട്ടുണ്ട്. 2015-ൽ കേന്ദ്ര നിയമത്തിലെ അപ്രായോഗിക വകുപ്പുകൾ ഒഴിവാക്കി നമ്മുടെ സംസ്ഥാനം മാതൃകാപരമായ ഒരു നിയമം അസംബ്ലിയിൽ പാസ്സാക്കിയിരുന്നു. പാർലമെന്റിലും ഈ നിയമത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്നു.

പക്ഷെ, രണ്ട് വർഷത്തിനുശേഷം 2017-ൽ ഫണ്ടും അധികാരവും നൽകാതെ അതിന്റെ പ്രവർത്തനം സ്തംഭിപ്പിച്ചു. സർക്കാർ നിയമിച്ചവർക്ക് ഇതുവരെ ശമ്പളം പോലും കൊടുത്തിട്ടില്ല. ഇപ്പോൾ കേന്ദ്രനിയമമായി വീണ്ടും സർക്കാർ RERA ആരംഭിച്ചിരിക്കുന്നു. ഈ നിയമങ്ങൾ മുഴുവനും ഒരിക്കലും കേരളത്തിൽ നടപ്പിലാക്കാൻ കഴിയാത്തതാണ്. RERA-യിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ഇൻകം ടാക്സ് റിട്ടേൺ, ബാലൻസ് ഷീറ്റ്, അഞ്ച് കൊല്ലത്തെ പരിചയം, പാസ്സ് ബുക്ക് എന്നിങ്ങനെയുള്ള 27 ഡോക്യുമെന്റുകൾ വേണം. ഭാഗ്യത്തിന് എൻ.ആർ.സി. രജിസ്റ്ററിലുള്ള നമ്പർ മാത്രം ചോദിക്കുന്നില്ല, ബാക്കിയെല്ലാം ചോദിക്കുന്നുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, ഏകജാലകം തുടങ്ങിയവയുടെ ഈ കാലഘട്ടത്തിൽ എന്തിനാണ് ഇത്രയധികം ഡോക്യുമെന്റുകൾ? RERA കൊണ്ടുദ്ദേശിക്കുന്നത് വാങ്ങുന്നവർക്ക് എഗ്രിമെന്റിൽ പറഞ്ഞപ്രകാരം കൃത്യമായി ഫ്ലാറ്റുകളോ വില്ലകളോ ലഭിക്കുന്നുണ്ടെന്ന് പരിശോധിക്കുക, അവർ ചതിക്കപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തുക തുടങ്ങിയവയാണ്. പക്ഷെ RERA വേറൊരു സെക്രട്ടേറിയറ്റ് പോലെയാകുകയാണ്. രജിസ്ട്രേഷൻ ഫീസ് സ്ക്വയർമീറ്ററിന് 50 രൂപവരെയാണ്. 100 ഫ്ലാറ്റുകളുള്ള ഒരു ബിൽഡിംഗിന് 7.50 ലക്ഷം രൂപ രജിസ്ട്രേഷന് വേണം. കോർപ്പറേഷൻ ടാക്സിനും മറ്റും പുറമെയാണിത്. എന്തെങ്കിലും പ്രശ്നം വരുമ്പോൾ ഇടപെടേണ്ട RERA-ക്ക് എന്തിനാണ് ഇത്രയും വലിയ രജിസ്ട്രേഷൻ ഫീസ്? ആപ്ലിക്കേഷൻ ഫോറം തന്നെ കേന്ദ്രഭരണ പ്രദേശമായ ഛത്തീസ്ഗഢിലേതാണ്. യാതൊരു മാറ്റവും വരുത്താതെ കേരളത്തിൽ അതെങ്ങനെ ഉപയോഗിക്കാൻ കഴിയും? ധാരാളം പ്രശ്നങ്ങൾ അതിലുണ്ട്. കേരളത്തിന്റെ രീതിക്കനുസരിച്ച് അത് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. കോമൺ ഏരിയ Residents Association-ന് register ചെയ്ത് നൽകണമെന്നാണ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA) ആവശ്യപ്പെടുന്നത്. എന്നാൽ അസോസിയേഷൻ പ്രവർത്തനം ആരംഭിക്കുന്നത് ഫ്ലാറ്റുകൾ വിറ്റ് താമസമായതിനുശേഷമാണ്. അതുകൊണ്ട് ഫ്ലാറ്റ് വാങ്ങുന്നവർക്ക് അൺഡിവൈഡഡ് ഷെയറായി രജിസ്റ്റർ ചെയ്ത് നൽകാൻ റൂൾസിൽ മാറ്റം വേണം. RERA കംപ്ലീഷൻ ആൻഡ് ഒക്യുപൻസി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നുണ്ട്. മുനിസിപ്പാലിറ്റികൾക്ക് ബിൽഡിംഗ് റൂൾ കൊടുക്കാൻ മാത്രമേ നിയമമുള്ളൂ. അവർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റൊന്നും നൽകാനുള്ള നിയമമില്ല. ഇല്ലാത്ത സർട്ടിഫിക്കറ്റ് എങ്ങനെയാണ് RERA ആവശ്യപ്പെടുന്നത്? റൂൾസില്ലാതെ എങ്ങനെയാണ് ഇത് മുന്നോട്ടുപോകുന്നത്? ലോകം മുഴുവനും പ്രത്യേകിച്ച്, കേരളത്തിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് വളരെ പ്രതിസന്ധിയിലാണ്. കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നതുപോലെ ബിൽഡേഴ്സ് ആത്മഹത്യ ചെയ്യുന്ന വാർത്ത കേൾക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. ഇപ്പോഴത്തെ പുതിയ നിബന്ധനകൾ നിർമ്മാണച്ചെലവ് ഇനിയും വർദ്ധിപ്പിക്കും. ഇതൊക്കെ സഹിക്കേണ്ടിവരുന്നത് സാധാരണക്കാരാണ്. ഫ്ലാറ്റിൽ താമസിക്കുന്നവരിൽ പലരും ശരാശരിക്കാരാണ്. അവരെ സഹായിച്ചില്ലെങ്കിലും ദ്രോഹിക്കാതിരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിക്കായി മൂന്ന് കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 594 എണ്ണമാക്കി വർദ്ധിപ്പിച്ചു. എല്ലാവരും വന്ന് കുടിച്ചോയെന്ന് പറഞ്ഞിട്ട് അവസാനം ഇനി കുടിക്കരുതെന്ന് പറയുകയാണ്. എന്ത് നിയമമാണിത്; ആർക്കെങ്കിലും മനസ്സിലാക്കാൻ സാധിക്കുമോ? ഇതിന്റെ ഗുണമെന്താണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. വിമുക്തിയിൽ ഇപ്പോഴുള്ളത് സഖാക്കളാണ്. അവർക്ക് ജോലി കൊടുക്കുക മാത്രമാണ് ഇതിന്റെ ഉദ്ദേശം. ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ധനവിനിയോഗ ബില്ലിനെ സന്തോഷപൂർവ്വം ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ രാജ്യം സാമ്പത്തികമായി വലിയ പ്രതിസന്ധിയെ നേരിടുന്ന സന്ദർഭത്തിലും സാമ്പത്തിക വിനിമയ കാര്യങ്ങളിൽ പച്ചത്തുരുത്തായി കേരളം നിലനിൽക്കുന്നത് ധനകാര്യ വകുപ്പിന്റെ വിദഗ്ദ്ധമായ മാനേജ്മെന്റിന്റെ ഫലമാണ്. കേന്ദ്ര ഗവൺമെന്റ് വൈരനിര്യാതന ബുദ്ധിയോടെ കേരളത്തെ നോക്കിക്കാണുകയും ന്യായമായ ആവശ്യങ്ങൾപോലും നിരാകരിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിക്കുന്നത്. രണ്ട് പ്രളയങ്ങൾ വരുത്തിവച്ച ദുരന്തം കാണാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോഴും യു.ഡി.എഫ്. നിൽക്കുന്നത്. പ്രളയ ദുരന്തത്തിന്റെ കെടുതികളിൽനിന്നും കേരളത്തെ സംരക്ഷിക്കാൻ കഴിഞ്ഞത് നാടിനോടുള്ള പ്രതിബദ്ധതയും ജനങ്ങളോടുള്ള ഉത്തരവാദിത്വബോധവും കൊണ്ടാണ്. ഈ പ്രയാസങ്ങൾക്കിടയിലും ക്ഷേമപ്രവർത്തനങ്ങൾക്ക് അവധി കൊടുത്തിട്ടില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് കുടിശ്ശികയായിരുന്ന ക്ഷേമ പെൻഷനുകൾ കൊടുത്തു തീർത്തുവെന്ന് മാത്രമല്ല, തുക ഇരട്ടിയിലധികമാക്കി വർദ്ധിപ്പിക്കുകയും ചെയ്ത ഗവൺമെന്റായതുകൊണ്ടാണ് ഇവർ അപവാദങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുമ്പോഴും ജനങ്ങൾ ഈ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കുന്നത്. അസൂയയ്ക്ക് മരുന്നില്ലെന്ന് നാട്ടിലൊരു ചൊല്ലുണ്ട്. യു.ഡി.എഫ്.-ന് ബാധിച്ചിരിക്കുന്നത് അസൂയയാണ്. അസൂയ മൂത്ത്, പ്രത്യേകിച്ച് തെരഞ്ഞെടുപ്പുകൂടി ആസന്നമായപ്പോൾ എന്തും പറയാവുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പോലും അദ്ദേഹത്തിന്റെ ഭരണകാലത്ത് നാല് ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചുകൊടുത്തെന്ന പൊള്ളയായ അവകാശവാദം ഉന്നയിക്കാൻ നിർബന്ധിതനാകുന്നത്. ജനങ്ങളെ കബളിപ്പിക്കാമെന്നാണ് ഇനിയും അവർ കരുതുന്നത്. ജനങ്ങൾ ഇതെല്ലാം അപ്പപ്പോൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. പഴയകാലമല്ല, ഒരുപാട് പ്രസംഗിക്കുകയും പ്രചരണം നടത്തുകയും ചെയ്യേണ്ട കാര്യമില്ല. ജനങ്ങൾ കണ്ണാടിയിൽ കാണുന്നതുപോലെ നന്മതിന്മകൾ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്. ആ കാലഘട്ടത്തിലാണ് നമ്മൾ എത്തിപ്പെട്ടിരിക്കുന്നതെന്ന വിവേകപൂർവ്വമായ ചിന്തയുണ്ടാകുന്നതാണ് നല്ലതെന്ന് മാത്രമേ അവരോട് പറയുന്നുള്ളൂ.

ട്രഷറി തുറന്നിരിക്കുന്നുവെന്നേയുള്ളൂ ആർക്കും ഒന്നും ലഭിക്കുന്നില്ലെന്നാണ് ഇവിടെ പറഞ്ഞത്. ട്രഷറി തുറന്നിരിക്കുന്നല്ലോ; നിങ്ങളുടെ കാലത്ത് എത്ര ദിവസമാണ് അടച്ചിട്ടിരുന്നത്? നിങ്ങളുടെ ഭരണകാലത്ത് യാതൊരുവിധ ധനവിനിമയവുമില്ലാതെ കൃത്യമായി അടയ്ക്കപ്പെടുന്ന സ്ഥാപനമായി കേരളത്തിലെ ട്രഷറികൾ മാറിയിരുന്നുവെന്ന കാര്യം മറന്നുപോകരുത്. ഇപ്പോൾ ട്രഷറികൾ ഒരു ദിവസംപോലും അടച്ചിടാതെ പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മുന്നിൽ തുറന്നുവയ്ക്കുന്നുവെന്നു മാത്രമല്ല, സാധ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുകയുമാണ്. കേരളത്തിൽ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ നടന്ന വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും മുൻകാലങ്ങളിലെ തുകയും തമ്മിൽ താരതമ്യം ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ; ഓരോ മണ്ഡലവും മേഖലയുമെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. ഏത് മേഖലയിലാണ് മാറ്റങ്ങൾ ഉണ്ടാകാതിരുന്നിട്ടുള്ളത്? വിദ്യാഭ്യാസ മേഖലയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായതുപോലുള്ള പ്രവർത്തനം ഏത് കാലത്താണുണ്ടായിട്ടുള്ളത്? ആരോഗ്യരംഗത്ത് ഇത്രയധികം മാറ്റം മുമ്പുണ്ടായിട്ടുണ്ടോ? ആശുപത്രികൾ ഓരോന്നെടുത്ത് പരിശോധിച്ചാൽ അത് മനസ്സിലാകും. സാമ്പത്തിക പ്രതിസന്ധിക്കിടയിൽ നിന്നുകൊണ്ടാണ് ഈ മാറ്റങ്ങളെല്ലാം വരുത്തിയിട്ടുള്ളത് എന്ന കാര്യം വിസ്മരിക്കാൻ പാടില്ല. സാധാരണക്കാരുടെ ജീവിതഭദ്രത ഉറപ്പുവരുത്താനുള്ള പരിശ്രമങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തുന്നത്. അത് തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയുന്നതുകൊണ്ടാണ് നുണപ്രചരണങ്ങളെ അതിജീവിച്ചും ജനങ്ങളുടെ പിന്തുണ നാൾക്കുനാൾ വർദ്ധിപ്പിച്ചും മുന്നോട്ടുപോകാൻ സർക്കാരിന് സാധിക്കുന്നത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ പ്രതിബദ്ധതയോടെ മുന്നോട്ടു വരുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ മറ്റൊരു പ്രത്യേകത.

ലോകകമ്പോളത്തിൽ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്വർണ്ണത്തിന്റെ വില പവന് 41,000 രൂപയായി വർദ്ധിച്ചു. സാമ്പത്തികമായ സ്ഥിതിഗതികൾ എങ്ങനെ നിൽക്കുന്നുവെന്നതിന് വേറെ അന്വേഷണം നടത്തേണ്ട ആവശ്യമില്ല. അപ്രതീക്ഷിതമായുണ്ടാകുന്ന സംഭവങ്ങളെ അതിജീവിക്കാൻ ലോകമിന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

കേന്ദ്ര ഭരണാധികാരികൾ ഇന്ത്യൻ ജനതയെ ഭിന്നിപ്പിച്ച് നിക്ഷിപ്തമായ രാഷ്ട്രീയ താല്പര്യങ്ങളോടെ ഹിന്ദുത്വം സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ സംഭവവികാസമാണ് ഡൽഹിയിൽ ഉണ്ടായത്. കലാപങ്ങൾ അഴിച്ചുവിടുന്നതും ജനങ്ങളെയാകെ കൊന്നൊടുക്കാൻ പരിശ്രമിക്കുന്നതും ബി.ജെ.പി. ഗവൺമെന്റിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ കേരളം എന്ന കൊച്ചു സംസ്ഥാനത്തിനകത്തുനിന്നുകൊണ്ട് രാജ്യത്തെ കാണാതെ പോകുന്ന

അവസ്ഥ ആരും സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. വർഗ്ഗീയ വിഷം വമിക്കുന്ന അന്തരീക്ഷം രാജ്യത്ത് വളർന്നുവരുമ്പോൾ, ഫാസിസം രാജ്യത്ത് അടിച്ചേൽപ്പിക്കാനുള്ള പരിശ്രമം നടക്കുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടത് ജനാധിപത്യ വിശ്വാസികളുടെയും മതനിരപേക്ഷ പ്രസ്ഥാനങ്ങളുടെയും പ്രഥമ ബാധ്യതയാണ്. അതിനെ തുരങ്കംവയ്ക്കുന്ന തരത്തിലുള്ള നിലപാടുകളും നടപടികളും നമ്മളെ എവിടെയും എത്തിക്കുകയില്ല. അതുകൊണ്ട് കേന്ദ്രത്തിന്റെ ജനവിരുദ്ധവും ദേശ വിരുദ്ധവുമായ നിലപാടുകളെ ചെറുത്തുതോൽപ്പിക്കാനുള്ള ജനകീയമായ മുന്നേറ്റം നടത്തേണ്ട സന്ദർഭമാണിതെന്ന് മനസ്സിലാക്കിത്തന്നെയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഓരോ ചുവടും മുന്നോട്ടുവയ്ക്കുന്നതെന്ന കാര്യം വിസ്മരിക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ പ്രധാന വകുപ്പുകളുടെയും പ്രവർത്തനങ്ങൾക്ക് പരമാവധി തുക അനുവദിക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ മാസം അവതരിപ്പിച്ചത്. ഒന്നുരണ്ട് നിർദ്ദേശങ്ങളാണ് എനിക്ക് പറയാനുള്ളത്. കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സംരംഭമാണ് കശുവണ്ടി വ്യവസായം. ബഡ്ജറ്റിൽ അതിന് നല്ല പരിഗണന നൽകിയിട്ടുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും കശുവണ്ടി വ്യവസായ സംരംഭം ആരംഭിക്കുന്നതിന് 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, അതിന് ഭരണാനുമതിയുണ്ടോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നിങ്ങൾ ബഡ്ജറ്റ് വായിച്ചുനോക്കിയാൽ മനസ്സിലാകും. അതിനുള്ള ഭരണാനുമതി ധനകാര്യ വകുപ്പുമന്ത്രി നൽകും. ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ അത് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് നൽകുന്ന വർക്കുകൾക്ക് ഭരണാനുമതി നൽകുമെന്നതിൽ സംശയം വേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാല് വർഷമായി ഇങ്ങനെ പറയുന്നുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പത്തിരുപത് വർഷമായി ഞാൻ അപ്പുറത്തുമിപ്പുറത്തുമായി ഇരിക്കുകയാണ്. ഞാൻ യു.ഡി.എഫ്.-ൽ ആയിരുന്നപ്പോൾ എത്ര തുക നൽകിയെന്ന് എനിക്ക് നന്നായി അറിയാം. ഈ ഗവൺമെന്റ് അതാണോ ചെയ്യുന്നത്? വകുപ്പ് നോക്കാതെ, കൊടിയുടെ നിറം നോക്കാതെ, കോൺഗ്രസാണോ ലീഗാണോ എന്നൊന്നും നോക്കാതെയല്ലേ ധനകാര്യ വകുപ്പുമന്ത്രി മണ്ഡല വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ അനുവദിച്ചുനൽകിയത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടൂർ മണ്ഡലത്തിലെ എം.എൽ.എ. ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ധാരാളം കട്ടൗട്ടുകൾ അവിടെ കണ്ടിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം കോട്ടയത്തിന്റെ എം.എൽ.എ.-യാണ്. ഞാൻ കഴിഞ്ഞ മാസം കോട്ടയത്ത് ഒരു പരിപാടിക്ക് പോയപ്പോൾ അവിടെ ടൗണിലെല്ലാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വലിയ കട്ടൗട്ടുകൾ വച്ചിരിക്കുകയാണ്. ഈ സർക്കാർ അനുവദിച്ചുനൽകിയ തുക ഉപയോഗിച്ചല്ലേ അങ്ങ് വികസന പ്രവർത്തനങ്ങളൊക്കെ ചെയ്തത്? ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളെയും പരിഗണിക്കുന്നൊരു ധനകാര്യ വകുപ്പുമന്ത്രിയെ മുമ്പ് കേരളത്തിൽ നിങ്ങൾ കണ്ടിട്ടുണ്ടോ? കശുവണ്ടി മേഖലയ്ക്ക് കുറച്ചുകൂടി തുക അനുവദിച്ചാൽ ഈ മേഖലയെ ധന്യമാക്കാൻ കഴിയും. വകുപ്പുകളുടെ ഏകോപനക്കുറവിന്റെ ഫലമായി റോഡുകൾ വളരെ പെട്ടെന്ന് നിർമ്മിക്കാനോ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനോ കഴിയുന്നില്ല. അതുകൊണ്ട് വകുപ്പുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണ്, അതുണ്ടാകണം.

ശ്രീ. അൻവർ സാദത്ത്: സർ, അപ്പോൾ പോരായ്മയുണ്ടെന്ന് നിങ്ങൾക്കു തന്നെ അറിയാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ചില നിർദ്ദേശങ്ങൾ ഞങ്ങളും നിങ്ങളും മുന്നോട്ടുവയ്ക്കുമല്ലോ. പോരായ്മയുണ്ടെന്നല്ല, ചില വകുപ്പുകൾ തമ്മിൽ ശീതസമരമുണ്ടെങ്കിൽ അത് മാറ്റിയെടുത്ത് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നാല് വർഷമായി ആവശ്യപ്പെടുന്ന അഷ്ടമുടി കായലിനുവേണ്ടി തുക വച്ചിട്ടില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അഷ്ടമുടി കായലല്ല, ശാസ്താംകോട്ട കായലാണ്. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുക വച്ചിട്ടുണ്ട്. അത് ഇന്നത്തെ പ്രസംഗത്തിൽ അദ്ദേഹം പറയും.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങൊരു ശപഥമെടുത്തിട്ടില്ലേ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ആ ശപഥമൊക്കെ നിറവേറ്റാൻ പോകുകയാണ്. ശാസ്താംകോട്ട കായൽ ഇപ്പോൾ പൂർണ്ണമായും സംരക്ഷിക്കപ്പെടും. അതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ളതെല്ലാം സമയബന്ധിതമായി നടപ്പാക്കും.

ഇപ്പോൾ കെട്ടിടനികുതിയും ഭൂനികുതിയും അതത് വർഷമാണ് അടച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റ് ചർച്ചയിലും ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. 5 വർഷത്തേയ്ക്കുള്ള കെട്ടിടനികുതിയും ഭൂനികുതിയും അഡ്വാൻസായി അടയ്ക്കണമെന്ന നിർദ്ദേശം വച്ചാൽ നേട്ടമുണ്ടാകും, സാമ്പത്തിക പ്രതിസന്ധി ഒരുപരിധിവരെ

മാറ്റിയെടുക്കാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ട്രഷറികളിൽ പണത്തിന്റെ അപര്യാപ്തതയുണ്ട്, ഇല്ലെന്ന് പറയുന്നില്ല. പാവപ്പെട്ട ആളുകൾക്ക് ചികിത്സാ ധനസഹായം നൽകുന്നുണ്ട്. അത് ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് വരുന്നത്. അതുപോലെ 59 വയസ്സിനുതാഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബനാഥൻ മരണപ്പെട്ടാൽ 2 ലക്ഷം രൂപ നൽകുന്നുണ്ട്. എന്റെ മണ്ഡലത്തിലെ ഇരുപത്തിയൊന്നോളം പേർക്ക് അത് അനുവദിച്ചെങ്കിലും ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് തുക ലഭ്യമാകുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. അതുപോലെ അപകടമരണ സഹായവും സമയബന്ധിതമായി നൽകേണ്ടതുണ്ട്.

ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിന്റെ കാർഷിക-വിദ്യാഭ്യാസ മേഖലകളിൽ വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. 54,000 കോടി രൂപയുടെ റോഡുനിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആരോഗ്യം, വ്യവസായം, വൈദ്യുതി, പട്ടികജാതി/പട്ടികവർഗ്ഗം, തൊഴിൽ, ഫിഷറീസ് തുടങ്ങിയ മേഖലകളിൽ ഇതുവരെ കാണാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ചോദിച്ചുവാങ്ങാൻ കോൺഗ്രസിന് എന്തുകൊണ്ട് കഴിയുന്നില്ല; ഒരു വാക്കുപോലും കോൺഗ്രസ് പറയുന്നില്ലല്ലോ; ഇന്ത്യൻ പാർലമെന്റിൽ നിങ്ങൾ എന്തെങ്കിലും പറയുന്നുണ്ടോ? ഇവിടെയുള്ള പ്രതിപക്ഷ നേതാവടക്കം ഏതെങ്കിലും യു.ഡി.എഫ്. നേതാക്കൾ ബി.ജെ.പി.-യുടെ കേന്ദ്രഭരണത്തിനെതിരായി സമരം നടത്തുന്നുണ്ടോ? ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ശാസ്താംകോട്ട കായൽ നന്നാക്കണമെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ ഈ സഭയിൽവന്ന നാൾമുതൽ ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്രയുംകാലമായി ശാസ്താംകോട്ട കായലിന് മോചനമുണ്ടായിട്ടില്ലെന്ന ഒറ്റ കാര്യം കൊണ്ടുതന്നെ ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് ഉറപ്പാകുകയാണ്. ശാസ്താംകോട്ട കായൽ നന്നാക്കിയതിനുശേഷം മാത്രമേ കല്യാണം കഴിക്കുകയുള്ളൂവെന്ന് ഈ സഭയിൽ പ്രതിജ്ഞ ചെയ്തതുകൊണ്ട് അദ്ദേഹത്തിന്റെ കല്യാണംപോലും മുടങ്ങിയിരിക്കുകയാണ്. ഇനി ഒരു വർഷം മാത്രമേയുള്ളൂ. അതിനുള്ളിൽ അദ്ദേഹത്തിന്റെ കല്യാണം നടക്കണമെന്നോർത്തെങ്കിലും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശാസ്താംകോട്ട കായൽ നന്നാക്കിക്കൊടുക്കണം. അദ്ദേഹത്തിന് അത് പറയാൻ വിഷമമുള്ളതുകൊണ്ട് പറഞ്ഞില്ല. ഇപ്രാവശ്യമെങ്കിലും അതിന് തുക കിട്ടുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. എല്ലാ വർഷങ്ങളിലും ഇങ്ങനെ പ്രതീക്ഷിച്ചിരിക്കുന്നതല്ലാതെ

നടക്കുന്നില്ല. എല്ലാ കാര്യങ്ങളും ബഡ്ജറ്റിലുണ്ട്, ട്രഷറിയിൽ ചെല്ലുമ്പോൾ പണമില്ലെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻതന്നെ ഇവിടെ പറഞ്ഞു. ട്രഷറിയിൽ പണമില്ലാത്തതാണ് ഇന്നത്തെ പ്രതിസന്ധിയുടെ പ്രധാന പ്രശ്നം. ഇക്കാര്യം ശ്രീ. മഞ്ഞളാംകുഴി അലിയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തെ വികസന സ്തംഭനത്തിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. എം.എൽ.എ. ഫണ്ടിന്റെ കാര്യം തന്നെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. കടുത്തുരുത്തി മണ്ഡലത്തിലെ വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനായി എം.എൽ.എ. ഫണ്ടിൽനിന്നും 2 കോടി രൂപ അനുവദിച്ചിട്ട് രണ്ട് വർഷമായിട്ടും നടപ്പാക്കാൻ ഏജൻസികൾക്ക് ഫണ്ട് കൊടുക്കാത്തതിനാൽ അതിന്റെ പ്രവൃത്തി നടക്കുന്നില്ല. ഇതെങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? എം.എൽ.എ. ഫണ്ടുപോലും ലഭിക്കാത്ത അവസ്ഥയിൽ എങ്ങനെയാണ് മറ്റ് വികസന കാര്യങ്ങൾ നടക്കുന്നത്? ആസ്തിവികസന ഫണ്ടും അസെറ്റ് ഡെവലപ്മെന്റ് ഫണ്ടും ലഭ്യമാക്കണം. ഇതിനുമുമ്പ് കൊടിയുടെ നിറം നോക്കാതെ, പാർട്ടി നോക്കാതെ, മണ്ഡലം നോക്കാതെ ആരെങ്കിലും തുക കൊടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ ചോദിച്ചു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കെ. എം. മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് ഇപ്പോൾ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 5 കോടി രൂപയുടെ അസ്സെറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്ന സ്കീമിന് കേരളത്തിൽ തുടക്കം കുറിച്ചത്. 140 എം.എൽ.എ.-മാർക്കും തുക കൊടുക്കാൻ കഴിയുന്നവിധത്തിലുള്ള സാഹചര്യം കേരളത്തിലുണ്ടാക്കി. ഇന്നും അതല്ലേയുള്ളൂ? ബഡ്ജറ്റ് വർക്കുകൾ ബഡ്ജറ്റിൽ വന്നിട്ടുണ്ടെന്നല്ലാതെ വർക്ക് നടക്കുന്നില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ധാരാളം സ്ഥലങ്ങളിൽ വർക്ക് നടക്കുന്നുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, കുറച്ച് വർക്കുകൾ നടക്കുന്നുണ്ടാകും. എന്നാൽ നടക്കാത്ത ധാരാളം വർക്കുകളുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന ആദ്യദിവസം എല്ലാം പുസ്തകത്തിൽ വരും. പിന്നീട് ഒന്നിനും പണമില്ല. ഇവിടെ കർഷകരുടെ കാര്യം പറഞ്ഞു. എന്റെ അടുത്ത സുഹൃത്തും ഞങ്ങൾക്കെല്ലാം വേണ്ടപ്പെട്ടവനുമായ കടുത്തുരുത്തിയിലെ ഒരു കർഷകൻ കടബാദ്ധ്യതയാൽ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. കേരളത്തിൽ കർഷക ആത്മഹത്യ വീണ്ടും സംജാതമാകുകയാണ്. കഴിഞ്ഞ മൂന്ന് വർഷമായി നെൽകർഷകർക്ക് കൊടുക്കാനുള്ള ഉല്പാദന ബോണസ് ഒരു പൈസപോലും നൽകിയിട്ടില്ല. ഹരിതകേരളത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് പ്രോത്സാഹനം നൽകുന്നു, നല്ല കാര്യം. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് റബ്ബറിന്

വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തിയത്. അതുവഴി 150 രൂപയുടെ ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷമായി റബ്ബർ വിലസ്ഥിരതാ ഫണ്ടിന്റെ സബ്സിഡി നൽകാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല, റോഡ് നിർമ്മാണം നടക്കുന്നില്ല. നിർമ്മാണ മേഖലയുടെ ഇന്നത്തെ അവസ്ഥയെന്താണ്? കരാറുകാർക്ക് 3000 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. ഇവിടത്തെ വികസന പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകും? കേരള വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് കുടിശ്ശിക നൽകാത്തതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. എൽ.എസ്.ജി.ഡി.-യിലെ വികസന പ്രവർത്തനങ്ങൾ എങ്ങനെ നടപ്പിലാക്കും? അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറഞ്ഞ കേരളം ഇപ്പോൾ അധികാരങ്ങൾ തിരിച്ചെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ വെട്ടിമുറിക്കുന്ന, പ്രതിസന്ധിയിലാക്കുന്ന സാഹചര്യമുണ്ടാക്കിയിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തവിധത്തിൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുന്ന സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. ഇതിനൊരു പരിഹാരം കാണണ്ടേ? ഇപ്പോൾ ഈ ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും അത്യാവശ്യം ധനക്രമീകരണത്തിന് മാത്രമുള്ള ഒരു നടപടിക്രമം എന്നതിനപ്പുറം എന്ത് ഫലമാണുള്ളത്? വിവിധ വകുപ്പുകളിൽ വന്നിരിക്കുന്ന കരാറുകാരുടെയടക്കം കുടിശ്ശികകൾ മാർച്ച് മാസം 31-നുമുമ്പായി കുറച്ചെങ്കിലും കൊടുത്തുതീർക്കാൻ കഴിഞ്ഞില്ലെങ്കിൽ വികസനരംഗം പരിപൂർണ്ണ സ്തംഭനത്തിലേയ്ക്ക് കടക്കുമെന്ന കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഗൗരവമായി കാണണം.

ഭവനനിർമ്മാണ രംഗത്തെക്കുറിച്ച് ശ്രീ. ജെയിംസ് മാത്യു പറഞ്ഞു, ഞങ്ങളാരും എതിർക്കുന്നില്ല. ഗവൺമെന്റ് ഇത്രയും വീടുകൾ നിർമ്മിച്ച് നൽകിയത് നല്ല കാര്യം തന്നെ. പക്ഷേ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച വീടുകളുൾപ്പെടെയുള്ളവ പൂർത്തിയാക്കുമ്പോഴും ഇന്നും ലക്ഷക്കണക്കിനാളുകളുടെ അപേക്ഷകൾ തുറന്നു നോക്കാൻപോലും കഴിയാതെ അവശേഷിക്കുന്നുണ്ടെന്ന കാര്യംകൂടി പറയണം. പ്രളയങ്ങളിൽ തകർന്നുപോയ വീടുകൾ നന്നാക്കാനുള്ള നടപടികളുണ്ടാകുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മൂന്നരക്കോടി മലയാളികളുടെ മനസ്സിൽ സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്തുകൊണ്ട് നാല് വർഷം പിന്നിട്ടിരിക്കുകയാണ്. നോട്ട് നിരോധനംമൂലമുള്ള സാമ്പത്തിക ഞെരുക്കം, ജി.എസ്.ടി. വഴിയുള്ള റവന്യൂ

വരുമാനക്കുറവ് ഇതെല്ലാം നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാക്കിയിട്ടും പാവങ്ങൾക്ക് അല്ലലില്ലാത്ത ജീവിതം നൽകുന്ന ഒരു സർക്കാരാണിത്. കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന രൂക്ഷമായി തുടരുകയാണ്. സംസ്ഥാനത്തിന്റെ കഴുത്തുഞെരിക്കുന്ന ധനസമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. വായ്പ, ഗ്രാന്റ് തുടങ്ങിയവ വെട്ടിക്കുറയ്ക്കുന്നു, ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നില്ല, നെൽകർഷകർക്ക് നൽകാനുള്ള നെല്ലിന്റെ സംഭരണവിലയായ 1035 കോടി രൂപ നൽകുന്നില്ല. എന്നാൽ ഈ സാമ്പത്തിക ഞെരുക്കത്തിനിടയിൽ പാവപ്പെട്ടവന്റെ കഞ്ഞിയിൽ മണ്ണുവാരിയിടുന്ന സമീപനമല്ല ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്. സമസ്ത ക്ഷേമ പെൻഷനുകളും 1300 രൂപയാക്കി, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിസഹായം 24 ശതമാനത്തിൽനിന്നും 25.93 ശതമാനമാക്കി വർദ്ധിപ്പിച്ചു, തീരദേശ പാക്കേജിന് 1000 കോടി രൂപ നൽകി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 4 വർഷംകൊണ്ട് 1216 കോടി രൂപ ചെലവഴിച്ചു, മൂലധനച്ചെലവ് വൻതോതിൽ വർദ്ധിപ്പിച്ചു, റോഡുകൾ, പാലങ്ങൾ, ആരോഗ്യ മേഖലയിലെ പദ്ധതികൾ എന്നിവയ്ക്ക് ചെലവഴിക്കുന്ന തുക വൻതോതിൽ വർദ്ധിപ്പിച്ചു.

മൂന്ന് വർഷംകൊണ്ട് പൊതുവിദ്യാലയങ്ങളിൽ 5 ലക്ഷത്തോളം പുതിയ വിദ്യാർത്ഥികൾ വന്നുചേർന്നിരിക്കുകയാണ്. അതുപോലെ നെൽവയൽ വിസ്തൃതി വൻതോതിൽ ഉയർന്നിരിക്കുന്നു. നെൽകർഷകർക്ക് റോയൽറ്റിയടക്കം പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതിനുവേണ്ടി 40 കോടി രൂപ മാറ്റിവയ്ക്കുകയും ഹെക്ടറിന് 2000 രൂപ വീതം നൽകുന്ന രീതി വരികയുമാണ്. 'ലൈഫ്' പദ്ധതിയെപ്പറ്റിയും പി.എസ്.സി. നിയമനം സംബന്ധിച്ചും ഇവിടെ പറഞ്ഞു. വികസനത്തിന്റെ വൻകുതിപ്പാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ദേശീയപാത വികസനം, ഇടമൺ-കൊച്ചി പവർ ഹൈവേ പദ്ധതി, ഗെയിൽ പദ്ധതി തുടങ്ങി പ്രതിപക്ഷം നടക്കുകയില്ലെന്ന് സ്വപ്നംകണ്ട ചില പദ്ധതികളുണ്ട്. ദേശീയപാത വികസനത്തിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഇടമൺ-കൊച്ചി പവർ ഹൈവേയും 1267 കിലോമീറ്റർ മലയോര ഹൈവേയും 657 കിലോമീറ്റർ തീരദേശ ഹൈവേയും കോവളം-ബേക്കൽ ദേശീയ ജലപാതയും പൂർത്തിയായിരിക്കുന്നു. ചുരുങ്ങിയ കാലയളവിൽ രാജ്യത്തിനാകെ മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു.

മുന്നോക്കക്കാരിൽ 4 ലക്ഷത്തിനുതാഴെ വരുമാനമുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി ജോലിയിലും വിദ്യാഭ്യാസത്തിലും 10% സംവരണം ഏർപ്പെടുത്തിയും മാനദണ്ഡങ്ങൾ നിശ്ചയിച്ചും ഉത്തരവിറക്കി കഴിഞ്ഞു. 420 ഏക്കർ മെത്രാൻ കായൽ റാക്കിൻഡോ ഡെവലപേഴ്സിന് നൽകാനാണ് യു.ഡി.എഫ്. സർക്കാർ

തീരുമാനിച്ചതെങ്കിൽ ഈ സർക്കാർ ആ ഉത്തരവ് റദ്ദാക്കുകയാണ് ചെയ്തത്. 'മണ്ണു തിന്നുന്ന കുഞ്ഞുങ്ങൾ ജീവിക്കുന്ന കേരളം' എന്നാണ് നവാഗതയായ ഒരു മെമ്പർ സഭയിൽ വിശേഷിപ്പിച്ചത്. മണ്ണ് മാത്രമല്ല, കമ്പിയും സിമന്റും കോൺക്രീറ്റുമെല്ലാം ആർത്തിയോടെ വിഴുങ്ങുന്ന, ഇപ്പോൾ അജീർണ്ണം ബാധിച്ച പാലാരിവട്ടത്തെ കുഞ്ഞിനെപ്പോലെയുള്ളവർ ജീവിക്കുന്ന കേരളമായി മാറിയെന്ന് കുട്ടികൾപോലും പാടുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നിൽനിന്ന് പല്ലിക്കുഞ്ഞിന്റേതുപോലൊരു ശബ്ദം ഇന്നലെ സഭയിൽ കേൾക്കുകയുണ്ടായി. ലീഗ് ഹൗസിനെപ്പറ്റിയായിരുന്നു ചർച്ച. എ.കെ.ജി. സെന്ററിനെപ്പോലെയല്ല ലീഗ് ഹൗസ് എന്നാണ് പറയുന്നത്. അത് നൂറുശതമാനവും ശരിയാണ്, തർക്കമൊന്നുമില്ല. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളിലെ പ്രധാനപ്പെട്ട ചർച്ച രാഷ്ട്രീയ പ്രശ്നങ്ങളാണ്. കോഴി ബിരിയാണി കഴിച്ച് ഏമ്പക്കം വിട്ടിട്ട് 'തങ്ങളെ, ഇനി എല്ലാം നിങ്ങൾ തീരുമാനിക്കു' എന്നു പറയുന്ന ചർച്ചയല്ല എ.കെ.ജി. സെന്ററിൽ നടക്കുന്നത്. പകരം, മതനിരപേക്ഷത തകർക്കുന്ന മോദി സർക്കാരിന്റെ അവസാനത്തെ നടപടിയായ പൗരത്വ നിയമ ഭേദഗതിക്കെതിരെ, ആർ.എസ്.എസ്.-ന്റെ ഹിന്ദുരാഷ്ട്ര വാദത്തിനെതിരെ മതനിര പേക്ഷതയുടെ അടിസ്ഥാനത്തിൽ പ്രതിരോധം സംഘടിപ്പിക്കുന്ന കാര്യമാണ് ഞങ്ങൾ ചർച്ച ചെയ്യുന്നത്. ആർ.എസ്.എസ്.-ന്റെ ഹിന്ദുരാഷ്ട്രംപോലെ ഇസ്ലാമിക രാഷ്ട്രത്തിനായി നിലകൊള്ളുന്ന ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. എന്നീ സംഘടനകളുമായി ചേരുന്നത് ആർ.എസ്.എസ്.-ന്റെ വളർച്ചയ്ക്ക് വളം നൽകുന്ന മെന്നാണ് ഞങ്ങൾ പറയുന്നത്. വർഗ്ഗീയ-തീവ്രവാദ ശക്തികൾക്കെതിരെ മതവിശ്വാ സികളും മതനിരപേക്ഷ ചിന്താഗതിക്കാരും ചേർന്ന് മനുഷ്യ മഹാശൃംഖല പോലെയുള്ള മഹാപ്രതിരോധനിര പടുത്തുയർത്താനുള്ള ഗൗരവതരമായ ചർച്ചകളാണ് എ.കെ.ജി. സെന്ററിൽ നടക്കുന്നത്. അതിനുവേണ്ടി മനുഷ്യരെ അണിനിരത്തുന്ന പ്രവർത്തനത്തിനുവേണ്ടിയാണ് ഞങ്ങൾ ശ്രമിക്കുന്നത്. എന്നാൽ, വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ നാല് വോട്ടിനും നാല് സീറ്റിനുംവേണ്ടി ജമാഅത്തെ ഇസ്ലാമി, എസ്.ഡി.പി.ഐ. തുടങ്ങിയ ഭീകരവാദ സംഘടനകളുമായി മുന്നണിയുണ്ടാക്കുന്ന കാര്യമാണ് ലീഗ് ഹൗസിൽ ചർച്ച ചെയ്യുന്നത്, അതിൽപ്പരം വേറൊന്നുമില്ല. ഒരു സാധാരണ മുസ്ലീം മതവിശ്വാസിയുടെ പ്രശ്നം ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറല്ലെന്ന കാര്യം മണ്ണാർക്കാട് എം.എൽ.എ.-യുടെ പ്രസംഗത്തിൽനിന്ന് കേട്ടതാണ്. മറ്റെല്ലാ മതവിഭാഗങ്ങളിലുമുള്ളവർ ഭാര്യമാരെ മൊഴിചൊല്ലിയാൽ അത് കേവലം സിവിൽ കേസ് മാത്രമായി പരിഗണിക്കുമ്പോൾ ഒരു മുസ്ലീം, ഭാര്യയെ മൊഴി ചൊല്ലിയാൽ ക്രിമിനൽ കുറ്റവാളിയായി ജയിലിൽ കിടക്കേണ്ടിവരുന്ന മുത്തലാഖ് ബിൽ പാർലമെന്റിൽ വോട്ടിനിട്ടപ്പോൾ മുസ്ലീം സമുദായത്തിനുവേണ്ടി പ്രവർത്തിക്കുന്ന പാർട്ടിയെന്ന് അവകാശപ്പെടുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട

നേതാവും വോട്ട് ചെയ്യാൻ ബാധ്യതപ്പെട്ടയാളുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ നിങ്ങൾ വേറെ ഏതോ പണിക്കായി പറഞ്ഞയച്ചുവെന്ന കാര്യമാണ് ഞങ്ങൾ സൂചിപ്പിച്ചത്.

ശ്രീ. എം. ഉമ്മർ: സർ, ......

ശ്രീ. മുരളി പെരുനെല്ലി: സർ, സമയമില്ല പിന്നീട് വഴങ്ങാം. നിങ്ങൾക്ക് മുത്തലാഖ് ബില്ലിന് വോട്ട് ചെയ്യുന്നതിനെക്കാൾ പ്രധാനപ്പെട്ട കാര്യമെന്താണ്? നിങ്ങൾ ലീഗ് ഹൗസിൽ ചർച്ച ചെയ്യുന്നത് രാഷ്ട്രീയ പ്രശ്നങ്ങളല്ലല്ലോ. ഇതാണ് എ.കെ.ജി. സെന്ററും ലീഗ് ഹൗസും തമ്മിലുള്ള വ്യത്യാസം. ഇവിടെ യു.ഡി.എഫ്.-ഉം മുസ്ലീം ലീഗും പരസ്പരസഹായ സംഘങ്ങളായാണ് പ്രവർത്തിക്കുന്നതെന്നതിൽ തർക്കമില്ല. കോട്ടയ്ക്കൽ നഗരസഭാ ചെയർമാൻ ശ്രീ. കെ. കെ. നാസർ സംഘപരി വാറിന്റെ പ്രധാനപ്പെട്ട സംഘടനയായ ഭാരതീയ വിചാരകേന്ദ്രത്തിന്റെ വാർഷികം ഉദ്ഘാടനം ചെയ്യുന്നു. തിരുവനന്തപുരം അട്ടക്കുളങ്ങരയിൽ മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എം. എം. ഹസ്സൻ, എസ്.ഡി.പി.ഐ. പരിപാടിയിൽ പങ്കെടുത്ത് പ്രസംഗിക്കുന്നു. ഇതാണ് നിങ്ങൾ തമ്മിലുള്ള അന്തർധാര. ആർ.എസ്.എസ്.-നെയും എസ്.ഡി.പി.ഐ.-യെയും പോലുള്ള എല്ലാ തീവ്രവാദ-വർഗ്ഗീയ സംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടുകിട്ടുമോയെന്നുള്ള ദുഷ്ടലാക്കിലാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം പരിശോധിച്ചാൽ, സഖാവ് പിണറായി വിജയൻ നിയന്ത്രിക്കുന്ന കടിഞ്ഞാണിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പടക്കുതിരയെപ്പോലെ മുന്നോട്ടുകുതിക്കുന്ന കാഴ്ചയാണ് കാണുന്നത്. അതുകൊണ്ട് ലീഗ് ഹൗസിലും കെ.പി.സി.സി. ഓഫീസിലും തീവ്ര ഇടതുപക്ഷ-വലതുപക്ഷ ഐക്യമുണ്ടാക്കി രക്ഷപ്പെടാനുള്ള ഒരു കുതന്ത്രം മെനയുന്നത് ജനങ്ങൾ കാണുന്നുണ്ട്. ബി.ജെ.പി.-ക്കെതിരെ ഇനി ഞങ്ങളാണ് ബദൽ എന്നാണ് കോൺഗ്രസ് പറയുന്നത്. ഇന്നലത്തെ ചർച്ചയിൽ മങ്കട മെമ്പർ കോൺഗ്രസ് വലതുപക്ഷ നയങ്ങളാണ് പിന്തുടരുന്നതെന്ന് പറഞ്ഞു. ശ്രീ. രമേശ് ചെന്നിത്തല അതിനെ പിന്തുണയ്ക്കുന്ന രൂപത്തിൽ ഞങ്ങൾക്ക് ദൗർബല്യങ്ങളും കുറവുകളുമുണ്ടെന്നും പറഞ്ഞു. ഇതു തന്നെയാണ് ഞങ്ങളും നാട്ടുകാരും പറയുന്നത്. നിങ്ങളുടെ കുറവുകളും ദൗർബല്യങ്ങളുംമൂലമാണ് ഇവിടെ ബി.ജെ.പി. അധികാരത്തിൽ വന്നത്. നിങ്ങളുടെ ദൗർബല്യങ്ങളും കുറവുകളും ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചത് കാണുന്നില്ലേ; അത് തിരുത്തണ്ടേ; നിങ്ങളുടെ നയങ്ങളല്ലേ നിങ്ങളെക്കാൾ തീവ്രമായി ഇപ്പോൾ മോദി നടപ്പാക്കുന്നത്? ബി.ജെ.പി.-യും കോൺഗ്രസും ഒരേ തൂവൽപക്ഷികളായാണ് മുന്നോട്ടുപോകുന്നത്.

ഇടതുപക്ഷത്തിന് പിന്തുണയുണ്ടായിരുന്നതുകൊണ്ട് ഒന്നാം യു.പി.എ. സർക്കാരിന് സ്വകാര്യവൽക്കരണ നയങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. രണ്ടാം യു.പി.എ. സർക്കാർ അറവുശാലയിൽനിന്ന് കയർ പൊട്ടിച്ച് എല്ലാം തകർത്തോടുന്ന ചുവപ്പുകണ്ട കാളയെപ്പോലെ രാജ്യത്തെയാകമാനം തകർത്ത് മുന്നേറുകയാണുണ്ടായത്. രണ്ടാം യു.പി.എ. സർക്കാരിൽ അധികാരമേറ്റശേഷം ഡോ. മൻമോഹൻസിംഗ് പറഞ്ഞത്, 'എന്റെ കൈകൾ സ്വതന്ത്രമായി' എന്നാണ്. അതിനർത്ഥം ഒന്നാം യു.പി.എ.-യിൽ ഇടതുപക്ഷം കൈപിടിച്ച് നിയന്ത്രിച്ചുവെന്നല്ലേ? അതുകൊണ്ട് സ്വകാര്യവൽക്കരണം നടപ്പാക്കാൻ കഴിഞ്ഞില്ല. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതായപ്പോൾ കയർ പൊട്ടിയ കാളയെപ്പോലെ മദിച്ചോടി ആ നയങ്ങൾ നടപ്പാക്കി. ആ നയങ്ങൾ നിങ്ങളെ പരാജയപ്പെടുത്തുകയും അത് മുതലെടുത്തുകൊണ്ട് ബി.ജെ.പി. സർക്കാർ അധികാരത്തിൽ വരികയും ചെയ്തു. ഇപ്പോൾ ബി.ജെ.പി. നിങ്ങളെക്കാൾ തീക്ഷ്ണമായി ഈ നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൻകീഴിൽ ഇക്കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സമസ്ത മേഖലകളിലും വമ്പൻ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് കേരളം മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ കാർഷിക-വ്യവസായ-തൊഴിൽ മേഖലകളടക്കം സമസ്ത മേഖലകളെയും മുന്നോട്ട് നയിക്കാനുള്ള 4 കർമ്മപരിപാടികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കി മുന്നോട്ടുപോകുമ്പോൾ ജനം അതിനുമുമ്പിൽ ഒത്തുചേരുകയാണ് ചെയ്യുന്നത്. അതിൽ യു.ഡി.എഫ്.-ന് പരിഭ്രാന്തിയുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷമുള്ള അവസ്ഥ പരിശോധിച്ചാൽ യു.ഡി.എഫ്. പിന്നിലേയ്ക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു കുതിപ്പിൽ മുന്നിലേയ്ക്കുംപോകുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. കേരളം വളരുന്നത് സംബന്ധിച്ച് പാലാ നാരായണൻ നായർ എഴുതിയ ഒരു കവിതയുണ്ട്.

'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ-
ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ
ഇവിടെപ്പിറക്കുന്ന കാട്ടുപുല്ലിലുമുണ്ട്
ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും
ഇവിടെക്കിടക്കുന്ന കാട്ടുകല്ലിലുമുണ്ട്
വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ'

പശ്ചിമഘട്ടങ്ങളും കടന്ന് ഇന്ത്യയ്ക്ക് മാതൃകയായി കേരളം വളരുകയാണ്, മുന്നേറുകയാണ്. ആർക്കും ഈ മുന്നേറ്റത്തെ തടുക്കാൻ സാധിക്കുകയില്ല. സിരകളിൽ ചോര വറ്റുംവരെ ഈ ബദൽ സംരക്ഷിക്കാനും ഇന്ത്യയാകെ വ്യാപിക്കാനു മാവശ്യമായ പോരാട്ടം ഇടതുപക്ഷം തുടരുമെന്ന കാര്യത്തിൽ ആർക്കും തർക്കം വേണ്ട, അതിൽ വിഷമിച്ചിട്ടും കാര്യമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി ഒരു ചായക്കടയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അതൊരു ചായക്കടയാകില്ല, ഏതെങ്കിലും ഭ്രാന്തൻ ഉപയോഗിക്കുന്ന വീടാകാനേ വഴിയുള്ളൂ. ചായപ്പൊടിയും പഞ്ചസാരയും വെള്ളവും പാലുമില്ലാതെ കച്ചവടം ചെയ്യുന്നുണ്ടെങ്കിൽ അതിനെ ചായക്കട എന്നുവിളിക്കാൻ സാധിക്കുമോ? അതൊരു ഭാവനാ ചായക്കടയാണ്, അത്തരമൊരു ഭാവനാ സൃഷ്ടിയിലൂടെയാണ് അദ്ദേഹം ട്രഷറിയെപ്പറ്റി പറഞ്ഞത്. വളരുന്ന കേരളത്തെ, ഇന്ത്യയാകെ പടരുന്ന കേരളത്തെ തകർക്കാൻ നിങ്ങൾ എത്രയെത്ര വെടികളാണ് പൊട്ടിച്ചത്; എല്ലാം ഉണ്ടയില്ലാ വെടികളായിരുന്നില്ലേ? സി.ഐ.ഡി. മൂസ എന്ന സിനിമയിൽ സലിം കുമാർ തോക്കുമായി ചവറ്റുകുട്ടയിൽ നിന്നുയർന്നുവന്ന് ആളുകളെ വെടിവയ്ക്കുന്ന ഒരു രംഗമുണ്ട്. എന്നാൽ ഒരാൾക്കും ഒരു വെടിയും കൊള്ളുന്നില്ല. കഴിഞ്ഞ നാല് വർഷമായി അടിയന്തരപ്രമേയങ്ങളായും മറ്റും ഇടതുപക്ഷ സർക്കാരിനെതിരെ ഉണ്ടയില്ലാ വെടികൾ പൊട്ടിക്കുന്ന നിങ്ങളുടെ ദയനീയമായ കാഴ്ചകണ്ട് കേരള ജനത രസിക്കുകയാണ്. ഇവിടെ കേരളം പിന്നോട്ടല്ല, മുന്നോട്ടാണ് പോകുന്നത്. നിങ്ങൾ ഏത് രൂപത്തിൽ ഇടതുപക്ഷത്തെ തകർക്കാനുള്ള പരിശ്രമങ്ങൾ നടത്തിയാലും വർഗ്ഗീയതയ്ക്കെതിരെ, കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾക്കെതിരെ, നാടിനെ ഭിന്നിപ്പിക്കാനാവശ്യമായ പൗരത്വ നിയമഭേദഗതി ക്കെതിരെ, നാനാവിധ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകാനുള്ള കാര്യങ്ങളാണ് എ.കെ.ജി. സെന്ററിലും മറ്റ് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാന പാർട്ടി ഓഫീസുകളിലും ചർച്ച ചെയ്യപ്പെടുന്നത്. ഇവിടെ സി. ആൻഡ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് ചർച്ച നടന്നപ്പോൾ അതിൻപ്രകാരമുള്ള നടപടികളിലേയ്ക്ക് പോകുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായി. ആ വാക്ക് പാലിച്ചുകൊണ്ട് പർച്ചേസ് മാന്വലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷനെ നിയമിച്ച് ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുകയും ജനപിന്തുണ നേടി മുന്നോട്ടുപോകുകയും ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർക്കാൻ എസ്.ഡി.പി.ഐ.-യോ ജമാഅത്തെ ഇസ്ലാമിയോ പോലുള്ള തീവ്രശക്തികളെ കൂട്ടുപിടിച്ചാലും യു.ഡി.എഫ്.-ന് കഴിയില്ല. ജനമനസ്സിലിടം നേടി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

2.00 P.M.]

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ബഡ്ജറ്റും സപ്ലിമെന്ററി ഗ്രാന്റും ധനവിനിയോഗ ബില്ലുമൊക്കെ നിയമസഭ പാസ്സാക്കിക്കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവരവരുടെ വകുപ്പുകളിലേയ്ക്ക് പണം ലഭ്യമാക്കി അത് ചെലവഴിക്കുന്നതിനുള്ള അംഗീകാരമാണ് ധനവിനിയോഗ ബിൽ നൽകുന്നത്. 'ഇല്ലത്തു നിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് ഒട്ടെത്തിയതുമില്ല' എന്ന് നമ്മൾ പറയാറുണ്ട്. സഭ എല്ലാം പാസ്സാക്കി കൊടുക്കുന്നുണ്ട്, ഇങ്ങനെ പാസ്സാക്കുന്നതിന്റെ എത്ര ശതമാനം തുക അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഇവിടത്തെ ബഹുമാനപ്പെട്ട മന്ത്രിമാർ പറയട്ടെ. ഭരണപക്ഷ എം.എൽ.എ.-മാർ ഈ ഗവൺമെന്റിനെക്കുറിച്ച് പുകഴ്ത്തി പറയാൻ ബാദ്ധ്യസ്ഥരാണ്, അതാണ് നിങ്ങൾ പറഞ്ഞതും. ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുന്നു, ഓരോ വകുപ്പിനും എത്ര തുക കൊടുക്കുന്നു, അതിന്റെ അവസാന വർഷം വരുമ്പോൾ എത്ര തുകയാണ് ലഭ്യമാകുന്നതെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പരിശോധിക്കണ്ടേ; പാർട്ടി യോഗങ്ങളിലെങ്കിലും നിങ്ങൾക്ക് കഴിയണ്ടേ? നിങ്ങൾ യാഥാർത്ഥ്യ ബോധത്തോടുകൂടി കാര്യങ്ങൾ കാണണം. ശ്രീ. എ. കെ. ബാലനും ബഹുമാന്യനായ കെ. കൃഷ്ണൻകുട്ടിയുമൊക്കെ പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞു. ശ്രീ. കോവൂർ കുഞ്ഞുമോൻ ട്രഷറികളിൽനിന്നും പണം ലഭ്യമാകുന്നില്ലെന്ന് പറഞ്ഞു. തുക ലഭിക്കുന്നില്ലെന്ന കാര്യം പരസ്യമായി പറയാൻ പല മന്ത്രിമാർക്കും കഴിയില്ല. യാഥാർത്ഥ്യം എന്താണ്; ബഡ്ജറ്റിലൂടെ വലിയൊരു തുക സഭയിൽ പറയുന്നു, പാസ്സാക്കുന്നു. പക്ഷേ ഓരോ വകുപ്പിനും അത് കിട്ടാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രിമാരെല്ലാം നിസ്സഹായരും നിരാലംബരുമാണ്. അവരെ സംബന്ധിച്ചിടത്തോളം വകുപ്പുണ്ട്, പക്ഷേ ചെലവഴിക്കാൻ പണമില്ല.

സാമ്പത്തികമായി ഇതുപോലെ ഞെരുക്കമുണ്ടായ കാലഘട്ടമുണ്ടായിട്ടില്ല. അങ്ങ് 2013-ലെയും 2014-ലെയും സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി പറഞ്ഞു. അതിനുമുമ്പ് 1998-ലാണ് ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായത്. ഇപ്പോൾ നമ്മൾ അതിനെക്കാൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഞാൻ എല്ലാം ഈ ഗവൺമെന്റിന്റെ തെറ്റാണെന്ന് പറയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ പിടിപ്പുകേടും സാമ്പത്തിക നയങ്ങളിലെ വീഴ്ചകളുമൊക്കെ അതിലുണ്ട്. സംസ്ഥാന ഗവൺമെന്റിനും ചില ഉത്തരവാദിത്വങ്ങളുണ്ട്. സാമ്പത്തിക ഞെരുക്കത്തെ നേരിടുന്നതിനായി എന്തെങ്കിലും ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയുന്നതിൽ എത്രമാത്രം ശരിയുണ്ടെന്ന് ഏറ്റവും കൂടുതൽ അറിയാവുന്ന ആൾ അങ്ങാണല്ലോ. നമ്മുടെ നാട്ടിൻപുറങ്ങളെയും സാധാരണക്കാരന്റെ വീടുകളെയും സാമ്പത്തിക ഞെരുക്കം ബാധിച്ചിരിക്കുന്നു.

40% കച്ചവടം കുറഞ്ഞെന്നാണ് വ്യാപാരി വ്യവസായികളുമായി ബന്ധപ്പെട്ടവരുടെ പ്രസ്താവന വന്നത്. ഏതാണ്ട് 15 ശതമാനത്തോളം വരുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടിയെന്നാണ് പറയുന്നത്. 350 പേർ ഇപ്രാവശ്യം രജിസ്ട്രേഷൻ പുതുക്കിയി ല്ലെന്നാണ് മഞ്ചേരിയിലെ വ്യാപാരി വ്യവസായി ഭാരവാഹി എന്നോട് പറഞ്ഞത്. അതിനർത്ഥം ആ സ്ഥാപനങ്ങളൊക്കെ അടച്ചുപൂട്ടിയെന്നാണ്. കേരളം ശരിയായ ദിശയിലാണ് പോകുന്നതെന്ന് നിങ്ങൾ പറയുന്നു. നിങ്ങൾ നിങ്ങളുടെ ടൗണുകളിലോ അങ്ങാടിയിലോ അന്വേഷിച്ചാൽ ദയനീയമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് കാണാൻ കഴിയും. ഡീസലിന്റെ നികുതി കുറയുന്ന സാഹചര്യം അത്യപൂർവ്വമല്ലേ; എന്തുകൊണ്ടാണ് കുറയുന്നത്? കാരണം, കയ്യിൽ പണമില്ലാത്തതിനാൽ ആളുകൾ യാത്ര ചെയ്യുന്നില്ല. ആയിരക്കണക്കിന് ഹോട്ടലുകൾ അടച്ചുപൂട്ടിയെന്നാണ് ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് ഭാരവാഹികൾ പറയുന്നത്. അങ്ങ് ഇതൊക്കെ കാണണ്ടേ; ഇവിടെ എല്ലാം ശരിയാണെന്ന് പറയുന്നിടത്താണോ നമ്മുടെ സാമ്പത്തിക മാനേജ്മെന്റ് നടത്തേണ്ടത്? സാമ്പത്തികരംഗം നല്ല രീതിയിൽ നിലനിർത്തി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് വേണ്ടത്. എന്നാൽ ഇന്ന് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായ മേഖലയിൽ തൊഴിൽ നഷ്ടമുണ്ടായിരിക്കുന്നു. അങ്ങനെ എല്ലാ രംഗത്തും സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഡ്ജറ്റിന് പുറത്തുനിന്നും 4500 കോടി രൂപ കിഫ്ബിയിലൂടെ കണ്ടെത്തുമെന്ന് അങ്ങ് സഭയിൽ പറഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. സാമ്പത്തികപ്രതിസന്ധി നേരിടുന്നതിന് നമ്മുടെ കയ്യിലുള്ള പ്രധാനപ്പെട്ട ആയുധം ബഡ്ജറ്റാണ്. അതിലൂടെ അങ്ങ് ചെയ്യുന്നതെന്താണ്? ഞാൻ കൂടുതൽ വർഷങ്ങളിലേയ്ക്ക് പോകുന്നില്ല, 2018-19-ലെ ബഡ്ജറ്റിൽ 28,622 കോടി രൂപ പറഞ്ഞിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ വന്നപ്പോൾ 24,816 കോടി രൂപയായി. എന്നാൽ 2018-19-ലെ ആഡിറ്റഡ് അക്കൗണ്ടിൽ അങ്ങ് പറയുന്നത് 21,997 കോടി രൂപ എന്നാണ്. അതായത് ബഡ്ജറ്റ് എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് 7000 കോടി രൂപ അന്ന് ചെലവഴിച്ചില്ല. അത്രയും രൂപ വെട്ടിക്കുറച്ചു. 2019-2020-ലെ ബഡ്ജറ്റിൽ പറഞ്ഞത് 30,657 കോടി രൂപയും ആർ.ഇ. 22,073 കോടി രൂപയുമാണ്. അക്കൗണ്ടിംഗ് കഴിഞ്ഞിട്ടില്ല. അത് ഈ സാമ്പത്തികവർഷം കഴിഞ്ഞേ വരികയുള്ളൂ. പക്ഷേ, ഇപ്പോൾത്തന്നെ ഏതാണ്ട് 8000 കോടി രൂപ ഈ രണ്ട് ബഡ്ജറ്റുകളിലായി അങ്ങ് വെട്ടിക്കുറച്ചു. എന്റെ അറിവുകേടുകൊണ്ടായിരിക്കാം എനിക്ക് മനസ്സിലാകാത്ത ഒരു കാര്യം, ഈ രണ്ട് ബഡ്ജറ്റികളിലൂടെ 15000 കോടി രൂപ വെട്ടിക്കുറച്ചതിനുശേഷം 4500 കോടി രൂപ കിഫ്ബിയിലൂടെ മാർക്കറ്റിലേയ്ക്കോ അല്ലെങ്കിൽ കൺസ്ട്രക്ഷൻ രംഗത്തേയ്ക്കോ ഒഴുക്കിയാൽ എങ്ങനെയാണ് സാമ്പത്തികമാന്ദ്യത്തെ നേരിടാൻ കഴിയുന്നത്? ഈ ബഡ്ജറ്റിൽ പറഞ്ഞ പദ്ധതികൾ ഞങ്ങൾ പൂർത്തീകരിച്ചുവെന്നാണ്

അങ്ങ് പറയേണ്ടിയിരുന്നത്. അതിനുപുറമെ ഏതാണ്ട് 4500 കോടി രൂപ കൊണ്ടു വന്നുവെന്ന് പറഞ്ഞാൽ എനിക്ക് മനസ്സിലാകും. പക്ഷേ അങ്ങ് അതല്ല ചെയ്തത്. 15000 കോടി രൂപ വെട്ടിക്കുറച്ചതിനുശേഷം 4500 കോടി രൂപകൊണ്ട് ഞങ്ങൾ ഈ സാമ്പത്തികമാന്ദ്യത്തെ നേരിടുമെന്ന് പറയുകയാണ്. 1100 കോടിയിലധികം രൂപയുടെ പുതിയ നികുതി കൊണ്ടുവന്നു. നികുതി കൊണ്ടുവരാൻ സാധിക്കുന്ന സാഹചര്യമാണോ ഇന്നുള്ളത്? നികുതി കൊണ്ടുവന്നിട്ടുള്ളത് ഭൂമിയുടെ പേരിലാണ്. സാമ്പത്തികമാന്ദ്യമുണ്ടാകുമ്പോൾ കൺസ്ട്രക്ഷൻ മേഖലയെയും ക്രയ വിക്രയങ്ങളെയും ഭൂമി കച്ചവടങ്ങളെയും അത് ബാധിക്കും. അവിടെ കുറച്ചുകൂടി റിലാക്സ് ചെയ്യുന്ന സാഹചര്യമുണ്ടാകണം. അങ്ങ് എന്താണ് ചെയ്തത്? അവിടെയാണ് ഏതാണ്ട് 200 കോടി രൂപയ്ക്ക് ന്യായവിലയിൽ 10% കൂടുതൽ നികുതി ചുമത്തിയത്. ഇതൊക്കെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളാണ്. സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് ചെയ്തതുപോലെ യഥാർത്ഥത്തിൽ കൂടുതൽ കരുത്തുറ്റ കാര്യങ്ങളൊക്കെ, 'കരുത്തുറ്റ' എന്ന് ഞാൻ പറയുന്നത് എല്ലാ രീതിയിലും ആശങ്കയുണ്ടാക്കുന്ന, പണം മാർക്കറ്റിൽ കൊണ്ടുവന്നാൽ അവരെ ഭയപ്പെടുത്തുന്ന രീതിയിലുള്ള നിയമം കൊണ്ടുവന്നു. ഇവിടെയും അങ്ങ് ചെയ്യുന്നത് അതാണ്. കച്ചവടങ്ങളും കൺസ്ട്രക്ഷനും നടക്കുന്നതിനുള്ള സാഹചര്യമാണ് ഇവിടെ യുണ്ടാക്കേണ്ടത്. എം.എൽ.എ.-മാർ പറയുന്നത് കേട്ടിരുന്നാൽ നമ്മുടെ നാടിന്റെ സ്ഥിതിയെന്താകും? അതുകൊണ്ട് അങ്ങേയ്ക്ക് നികുതിയുടെ കാര്യത്തിൽ വലിയ വീഴ്ചയുണ്ടായി. ഈ നികുതി പിരിച്ചെടുക്കുമ്പോൾ അങ്ങ് ഉദ്ദേശിച്ച 200 കോടി രൂപ അങ്ങേയ്ക്ക് കിട്ടില്ലെന്ന കാര്യത്തിൽ തർക്കമില്ല. എന്റെ കയ്യിലുള്ള ബഡ്ജറ്റ്-ഇൻ-ബ്രീഫിൽ 2005-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പ്രകാരം അങ്ങ് എല്ലാ കാര്യങ്ങളും കൊടുത്തിരിക്കുന്നു. ഡിസ്പ്യൂട്ടുള്ള തുകയെക്കുറിച്ച് ഞാൻ പറയുന്നില്ല. അതല്ലാതെ പിരിച്ചെടുക്കാവുന്ന വലിയ തുകയുണ്ട്. അത് പിരിച്ചെടുക്കാനെങ്കിലും ശ്രമിക്കണം. പത്തോ അഞ്ഞൂറോ കോടി രൂപ പിരിച്ചെടുക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഇത്രയും വലിയ നികുതി അങ്ങേയ്ക്ക് ചുമത്തേണ്ടിവരുമായിരുന്നോ? ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. സ്വർണ്ണനികുതി തട്ടിപ്പിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ ചെയ്താൽ പോരേ എന്നല്ല ചോദിക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങയുടെ വകുപ്പിന്റെ പരാജയം നാട് ഏറ്റെടുത്തിരിക്കുകയാണ്. അത് ഇവിടത്തെ ജനങ്ങൾ സഹിക്കേണ്ടി വരികയാണ്. അങ്ങ് പറയുന്നതൊന്നും ഇവിടെ നടക്കുന്നില്ല. എല്ലാം ഭംഗിയായി പോകുന്നുവെന്ന് പറയുന്നു. പക്ഷേ ഒന്നും ഭംഗിയായി പോകുന്നില്ല, അങ്ങേയറ്റത്തെ പ്രയാസത്തിലാണ് പോകുന്നത്. അത് തിരിച്ചറിഞ്ഞ് അതനുസരിച്ചുള്ള നയം രൂപീകരിക്കുന്നതിനുപകരം കൂടുതൽ നികുതി കൊണ്ടുവന്ന് കർക്കശമാക്കുകയാണ്.

അത്തരം കാര്യങ്ങളിൽ മാറ്റം വരുത്തിയില്ലെങ്കിൽ, എം.എൽ.എ.-മാർ എന്തൊക്കെ പറഞ്ഞാലും വലിയ അപകടത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം പോകുമെന്ന കാര്യത്തിൽ സംശയമില്ല. ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയൊരു പത്ര സമ്മേളനത്തെക്കുറിച്ച് 'ഇതൊന്ന് തെളിയിച്ചാൽ ഞാൻ പൊതുപ്രവർത്തനം അവസാനിപ്പിക്കാമെന്ന് എന്റെ അടുത്ത സുഹൃത്തായ ശ്രീ. ജെയിംസ് മാത്യു പറഞ്ഞു. അങ്ങനെ പറയാമോ? അങ്ങ് ഒരിക്കലും പൊതുപ്രവർത്തനം അവസാനിപ്പിക്കരുത്, അങ്ങ് നല്ല സാമാജി കനാണ്. അതിലൊന്നും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. അങ്ങിൽ നിന്ന് നിരവധി സേവനം നാടിന് ലഭിക്കാനുണ്ട്. പക്ഷേ അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്, ഇതൊന്നും ലൈഫ് പദ്ധതിയുടെ ഭാഗമല്ല. ഞങ്ങളെല്ലാംകൂടി കൊണ്ടുവന്നതാണ് ലൈഫ് പദ്ധതിയെന്നുപറഞ്ഞ് രണ്ടര ലക്ഷം വീടുണ്ടാക്കിയതിന് പാലുകാച്ചാൻ അന്നത്തെ കേരള മുഖ്യമന്ത്രിയോ മന്ത്രിമാരോ പോയിട്ടില്ല. അത് മറ്റൊരുവിഷയം, ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജനയുടെ ഭാഗമായി 237438 വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. അത് അങ്ങ് പരിശോധിക്കണം. മുൻ ഗവൺമെന്റിന്റെ കാലത്തെ 91929 സ്പിൽ ഓവർ വർക്ക് ഞങ്ങൾ പൂർത്തീകരിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് 38340 വീടുകളും ഞാൻ ചുമതല വഹിച്ചിരുന്ന പട്ടികജാതി വികസന വകുപ്പ് 24214 വീടുകളും ഫിഷറീസ് വകുപ്പ് 19212 വീടുകളും നഗരസഭകൾ സ്വന്തമായി 12938 വീടുകളും കോർപ്പറേഷൻ സ്വന്തമായി 12815 വീടുകളും ഉൾപ്പെടെ ആകെ 437282 വീടുകൾ പൂർത്തീകരിക്കുകയുണ്ടായി. ഈ കണക്കാണ് ശ്രീ. ഉമ്മൻ ചാണ്ടി പത്രസമ്മേളനത്തിൽ പറഞ്ഞത്. അദ്ദേഹം എന്തിനാണ് കള്ളം പറയുന്നത്? അഞ്ച് വർഷംകൊണ്ട് ഉമ്മൻ ചാണ്ടി സർക്കാർ നടപ്പാക്കിയ കാര്യങ്ങളാണ്. ഇപ്പോൾ നിങ്ങളാണല്ലോ ഭരിക്കുന്നത്, കണക്കുകൾ പരിശോധിച്ചാൽ നിങ്ങൾക്കത് മനസ്സിലാക്കാൻ കഴിയും. ഞങ്ങൾ ഇതിന് ലൈഫ് എന്ന് പേരിട്ടില്ല. ഞങ്ങൾ വിവിധ പദ്ധതികളിലൂടെ നടപ്പാക്കാനുള്ളവ ആ വകുപ്പുകൾ മുഖേന നടപ്പാക്കുകയാണ് ചെയ്തത്. ഇന്നലെ ബഹുമാന്യയായ മത്സ്യബന്ധന വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞു. കഴിഞ്ഞ വർഷം ലൈഫ് പദ്ധതിയിലൂടെ പട്ടികജാതി വികസന വകുപ്പ് 400 കോടി രൂപ കൊടുത്തു. അതുപോലെ ഫിഷറീസ് വകുപ്പും കൊടുത്തു. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോഗ്രാമാണ് ഭവന പദ്ധതി. പക്ഷെ കഴിഞ്ഞ കാലങ്ങളിൽ ഭരിച്ചിരുന്നത് ഇടതുപക്ഷമായാലും വലതുപക്ഷമായാലും അത്തരമൊരു പദ്ധതി നടപ്പാക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. പക്ഷേ ലൈഫ് പദ്ധതിയിലേയ്ക്ക് വന്നപ്പോൾ ഈ മാനദണ്ഡങ്ങൾ കർക്കശമാക്കി. പലർക്കും അന്ന് വീട് കിട്ടാൻ സാഹചര്യമുണ്ടായിരുന്നു. ലൈഫ് പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന കൊടുത്തിരുന്ന വീട് ഇന്ന് ലഭ്യമാകാത്തത് അതിലെ

മാനദണ്ഡങ്ങൾ കർക്കശമാക്കിയതുകൊണ്ടാണ്. വീട് കിട്ടേണ്ടവർക്ക് കിട്ടാത്ത സാഹചര്യമുണ്ടായി. അതാണ് ഇന്നലെ ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത്. ഫിഷറീസ് വകുപ്പിലും മാനദണ്ഡങ്ങൾ കർക്കശമാക്കിയതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. നിങ്ങളെന്തിനാണിത് ചെയ്തത്? ഫിഷറീസ് വകുപ്പിന്റെ പദ്ധതികളും പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളും അതത് വകുപ്പുകൾ നടപ്പാക്കിയ ശേഷം അവരിൽനിന്നും ആ ലിസ്റ്റ് വാങ്ങി ലൈഫിന്റെ ഭാഗമായി ഇത്ര വീടുകൾ കൊടുത്തുവെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കില്ലേ? ഇപ്പോൾ ഇതിനെല്ലാം ഒരേ മാനദണ്ഡമാണുള്ളത്. അവ വകുപ്പുകളുടെ മാനദണ്ഡത്തെക്കാൾ കൂടുതൽ കർക്കശവുമാണ്. അതുകൊണ്ട് വീട് കൊടുക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എസ്.സി. വിഭാഗങ്ങൾക്ക് വീട് കൊടുത്തിരുന്നത് മുൻഗണനാക്രമത്തിലായിരുന്നു. അന്ന് മൂന്ന് ലക്ഷം രൂപയാണ് അവർക്ക് കൊടുത്തിരുന്നത്. ജനറൽ വിഭാഗത്തിന് കൊടുത്തിരുന്നത് ഇതിനെക്കാൾ കുറഞ്ഞ തുകയായിരുന്നു. ഇപ്പോൾ എസ്.സി. വിഭാഗത്തിനും ജനറൽ വിഭാഗത്തിനും ഒരേ തുകയാണ് കൊടുക്കുന്നത്. ഇരുവിഭാഗങ്ങൾക്കും ഒരുപോലെ പണം കൊടുക്കുന്നതുകൊണ്ട് കുറച്ചുനാളുകൾക്കുശേഷം പരിശോധിച്ചാൽ ആ വീടുകൾ പൂർത്തിയായിട്ടില്ലെന്ന് കാണാൻ കഴിയും. അങ്ങനെ പൂർത്തിയാകാത്ത ധാരാളം വീടുകൾ ലൈഫ് പദ്ധതിയുടെ ഭാഗമായുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റുകളുൾപ്പെടെയുള്ള മുൻ ഗവൺമെന്റുകൾ എസ്.സി. വിഭാഗത്തിന് നൽകിയിരുന്ന പ്രത്യേക പരിഗണന നിങ്ങൾ ഒഴിവാക്കി. അതുകൊണ്ട് എസ്.സി. വിഭാഗത്തിന് ജനറൽ വിഭാഗത്തെക്കാൾ കൂടുതൽ തുക നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, അങ്ങ് പറഞ്ഞതുപോലെ ഫിഷറീസ് വകുപ്പും പട്ടികജാതി വികസന വകുപ്പും വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് മെർജ് ചെയ്തപ്പോൾ ആദ്യഘട്ടങ്ങളിൽ കുറച്ച് പ്രശ്നമുണ്ടായിരുന്നുവെന്നത് അംഗീകരിക്കുന്നു. മുമ്പ് നൂറ് വീടുകളാണ് കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റും പട്ടികജാതി വകുപ്പും അവരുടേതായ ലെവലിൽ ലൈഫ് മിഷൻ വഴി വീടിന്റെ ലിസ്റ്റ് കൊടുത്ത് ഒരു വീട് നൽകുന്നിടത്ത് മൂന്ന് വീട് എന്ന അർത്ഥത്തിൽ മുന്നൂറ് വീടുകൾ കൊടുക്കുന്ന തരത്തിലേയ്ക്കാണ് വന്നിരിക്കുന്നത്. അവർ ഒരു വർഷംകൊണ്ട് ചെയ്തത് ഞങ്ങൾ രണ്ട് വർഷംകൊണ്ട് ചെയ്യുകയും ആദ്യഘട്ടത്തിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ഈ വർഷം മുതൽ കൃത്യമായി എല്ലാവർക്കും പാർപ്പിടമെന്ന നിലയിൽ പോകുകയും ചെയ്യുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നിങ്ങളുടെ ഭരണം വന്നിട്ട് നാല് വർഷം കഴിഞ്ഞല്ലോ. ഇന്നലെ പറഞ്ഞതും ഇന്ന് പറയുന്നതും രണ്ടും രണ്ടാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എസ്.സി. വിഭാഗത്തിന് വീട് നിർമ്മിക്കാനായി ഒരു ലക്ഷം രൂപയാണ് കൊടുത്തിരുന്നതെന്നാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത്. ഞങ്ങളത് മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തി. ഇപ്പോൾ നിങ്ങളത് ഒരു ലക്ഷം രൂപകൂടി വർദ്ധിപ്പിച്ച് നാല് ലക്ഷം രൂപയാക്കി. അതോടൊപ്പം ജനറൽ വിഭാഗത്തിനുള്ള തുകയും നിങ്ങൾ ഉയർത്തി. എസ്.സി. വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയില്ല, മത്സ്യത്തൊഴിലാളികൾക്കും എസ്.സി. വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന വേണമെന്നാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ രണ്ട് ഗവൺമെന്റുകളും തീരുമാനിച്ചിരുന്നത്. അതുകൂടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. ജെയിംസ് മാത്യു ഇതിന് മറുപടി പറയേണ്ട, ഞാൻ ഓർമ്മിപ്പിച്ചെന്നേയുള്ളൂ. അങ്ങ് രാജിവയ്ക്കേണ്ട കാര്യമില്ലെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, പ്രതിപക്ഷത്തുനിന്നുണ്ടായ പ്രധാനപ്പെട്ട വിമർശനം സർക്കാർ ഖജനാവിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചാണ്. അത് ആർക്കും തർക്കിക്കാൻ പറ്റാത്ത കാര്യമാണ്. ട്രഷറി റെസ്ട്രിക്ഷൻസുണ്ട്, പ്ലാൻ ചെലവ് 30% ഔപചാരികമായി കുറച്ചിട്ടുണ്ട്, പല ചെലവുകളും നമ്മൾ അടുത്ത വർഷത്തേയ്ക്ക് മാറ്റിവയ്ക്കേണ്ടിവരുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് സ്തംഭനമൊന്നും വന്നിട്ടില്ല. 3000 കോടി രൂപ പി.ഡബ്ല്യു.ഡി. കുടിശ്ശികയുണ്ടെന്നാണ് ശ്രീ. മോൻസ് ജോസഫ് പറഞ്ഞത്. കരാറുകാർക്ക് കുടിശ്ശികയില്ല. നിങ്ങളുടെ ഭരണകാലത്തെന്നപോലെതന്നെ ഇന്നും പി.ഡബ്ല്യു.ഡി. കരാറുകാർക്ക് ബാങ്കിൽ നിന്ന് ഡിസ്കൗണ്ട് ചെയ്തെടുക്കാം. അത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണ്, ഞങ്ങൾ അതുതന്നെ തുടരുന്നുവെന്നേയുള്ളൂ. ബാങ്കിന് പണം കൊടുക്കുന്നതിനുള്ള കാലാവധി 6 മാസത്തേയ്ക്ക് നീട്ടിയിട്ടുണ്ട് എന്നതാണ് ഞങ്ങളാകെ ചെയ്തിട്ടുള്ളത്. കരാറുകാരെ സംബന്ധിച്ചിടത്തോളം അവർക്ക് കൃത്യമായി പണം കിട്ടുന്നുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി.-യിൽ ഈ പ്രശ്നമുണ്ട്. അതുപോലെ എം.എൽ.എ./എ.ഡി.എസ്. ഫണ്ട് തുടങ്ങിയവയൊന്നും ഇതിൽ ഉൾപ്പെട്ടിരുന്നില്ല. ഇപ്പോൾ അവയെല്ലാം ഡിസ്കൗണ്ട് ചെയ്യാമെന്നു വന്നതോടെ കരാറുകാരുടെ പ്രശ്നങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഡിസ്കൗണ്ടിംഗിന് ചെന്നപ്പോഴുണ്ടായ പ്രശ്നം ഉടൻ പരിഹരിക്കുമെന്ന് ഞാൻ കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞു. കാരണം, ബാങ്കുകളുമായി പലവട്ടം ചർച്ച ചെയ്തതിന്റെ ഫലമായി അവരെല്ലാം ഇപ്പോൾ സർക്കാരുമായി പൂർണ്ണ

സഹകരണത്തിലാണ്, ഡിസ്കൗണ്ട് ചെയ്ത് പണം നൽകുന്നുണ്ട്. നിരവധി ബില്ലുകൾ മാറ്റിവയ്ക്കുന്നുണ്ട്. അത് അനന്തമായിട്ടൊന്നുമല്ല, അടുത്ത മാസം തുക കൊടുക്കും. ഈ മാർച്ചിലല്ല, ഏപ്രിൽ, മേയ് മാസങ്ങളിൽ കൊടുക്കും. അടുത്ത വർഷത്തെ ബോറോയിംഗ് ആദ്യഗഡുവായി ഒരു tranche അംഗീകരിക്കുമ്പോൾ പകുതി ആട്ടോമാറ്റിക്കായി അനുവദിക്കും. അത് ഫ്രണ്ട്ലോഡ് ചെയ്ത് വായ്പയെടുത്താൽ ഇപ്പോൾ കുടിശ്ശികയായിരിക്കുന്ന മുഴുവൻ തുകയും കൊടുത്തുതീർക്കാൻ സാധിക്കും. അപ്പോൾ ചോദിച്ചേക്കാം, അങ്ങനെ കൊടുത്താൽ ബാക്കിയുള്ള മാസങ്ങളിൽ എങ്ങനെയാണ് ചെലവ് നടത്തുന്നത് എന്ന്. അതിനും കണക്കുകൂട്ടലുണ്ട്. നിങ്ങളുടെ ഭരണകാലത്ത് ഫിനാൻസ് കമ്മീഷൻ ആദ്യ വർഷത്തിൽ 5800 കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകിയെങ്കിൽ ഇപ്പോൾ 15,000-ത്തിൽ ചില്വാനം കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിങ്ങളുടെ കാലത്തുനിന്നും വ്യത്യസ്തമായി റവന്യൂ നികുതി വിഹിതം കുറച്ചിട്ടുണ്ട്. പക്ഷേ ആ കുറവിനെക്കാൾ കൂടുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അടുത്ത വർഷം സാധാരണ നിലയിൽ കാര്യങ്ങൾ വരുമെന്ന് ഉറപ്പുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ബാങ്കിന്റെ ഡിസ്കൗണ്ടിംഗ് സമ്പ്രദായം പി.ഡബ്ല്യു.ഡി.-യിൽ നടക്കുന്നുണ്ട്. പക്ഷേ എൽ.എസ്.ജി.ഡി.-യിൽ നടക്കുന്നില്ല. എൽ.എസ്.ജി.ഡി.-യിലെ കോൺട്രാക്ടർമാർക്കെല്ലാം ബാങ്കുകളിൽ ഓവർ ഡ്രാഫ്റ്റുണ്ട്. ഒരു ബാങ്കും ഓവർ ഡ്രാഫ്റ്റുള്ളവരുടെ ബിൽ മാറിക്കൊടുക്കുന്നില്ല. അതുകൊണ്ട് ഫലത്തിൽ ഏതാണ്ട് 1071 കോടി രൂപ പെൻഡിംഗിലാണ്. ഈ മാർച്ച് 31-ന് മുമ്പായി നൽകുന്ന എല്ലാ ബില്ലുകളും ഇത്തവണത്തെ അക്കൗണ്ടിൽപ്പെടുത്തി തുക കൊടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മാർച്ച് 31-ന് തരുന്ന എല്ലാ ബില്ലുകളും വാങ്ങിവച്ച് ഏപ്രിൽ, മേയ് മാസങ്ങളിലായി തുക കൊടുക്കും. നിങ്ങൾ എത്ര ബാലിശമായിട്ടാണ് വെല്ലുവിളിക്കുന്നത്? അടുത്ത വർഷം കൊടുക്കാനുള്ള പണം ഈ വർഷത്തെ കണക്കിൽപ്പെടുത്തി കൊടുക്കുമോയെന്ന് ചോദിച്ചാൽ എങ്ങനെയാണ് ഞാൻ കൊടുക്കാമെന്ന് പറയുന്നത്? അറിഞ്ഞുകൊണ്ട് വെറുതെ rhetoric പറയരുതേ; മൈതാനത്ത് പ്രസംഗിക്കൂ, ഇവിടെ ഇങ്ങനെ പറയരുത്. പ്രതിപക്ഷനേതാവേ, ഞാൻ പറയുന്നത് ശരിയല്ലേ? അടുത്ത വർഷം കൊടുക്കാമെന്ന് പറയുന്ന പണം ഈ വർഷത്തെ കണക്കിൽപ്പെടുത്തി കൊടുക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് കൊടുക്കാൻ സാധിക്കുന്നത്; നമ്മൾ അപ്പുറത്തും ഇപ്പുറത്തു മാണിരിക്കുന്നതെങ്കിലും എന്നോട് ദയ കാണിക്കണം. ഇങ്ങനെ ചോദിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്? ഞാൻ സഭയോട് ഉറപ്പ് പറയുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനൊക്കെ പരിഹാരമുണ്ടാക്കിയാൽ മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉറപ്പായും പരിഹാരമുണ്ടാക്കും. അങ്ങ് പറഞ്ഞിട്ടുള്ളതിൽ ഏതിനാണ് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതിരുന്നിട്ടുള്ളത്? ഇനിയും അങ്ങനെതന്നെയായിരിക്കും. ഉദാഹരണത്തിന്, നമ്മുടെ PSUs, പ്രിയദർശിനി മിൽ അടക്കം പല മില്ലുകൾക്കും പണം നൽകാൻ കഴിഞ്ഞിട്ടില്ല. നമ്മൾ എന്താണ് ചെയ്തത്? കെ.എഫ്.സി.-ക്ക് 200 കോടി രൂപ ഷെയർ ക്യാപ്പിറ്റൽ അധികം നൽകി. അവർ 2000 കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ പുറത്തുനിന്ന് വായ്പയെടുക്കുന്നു, ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത്; ഡിസ്കൗണ്ട് ചെയ്തില്ലെങ്കിലും അക്കൗണ്ടിലേയ്ക്ക് പണം കൊടുത്താൽ കെ.എഫ്.സി. അതിൽ നിന്ന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കും. കൈത്തറി മേഖലയിൽ താമസം വന്നുവെന്നത് ശരിയാണ്. പക്ഷേ ഇപ്പോൾ 48 കോടി രൂപ കൈത്തറി മേഖലയിലെ കൂലിയായി കെ.എഫ്.സി. വഴി അനുവദിച്ചുകഴിഞ്ഞു. ഇന്നോ നാളെയോ അതിന്റെ പണം പോകും. ഗൗരവമായ ധനകാര്യ ഞെരുക്കമുണ്ടായിട്ടുണ്ട്. അത് മാനേജ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മേയ് മാസത്തോടുകൂടി കാര്യങ്ങൾ പൂർണ്ണമാകും. മേയ് മാസം എന്നുപറയുന്നതിന് കാരണം, ഏപ്രിൽ മാസത്തിലാണ് വായ്പ അനുവദിച്ചു കിട്ടുന്നത്. അത് റിസർവ് ബാങ്കിൽ ലേലം കൊണ്ട് എടുത്ത് കൊടുക്കണം. അതിന് താമസമുണ്ടാകും. അതുകൊണ്ട് മേയ് മാസത്തിനുള്ളിൽ എല്ലാ കാര്യങ്ങളും സാധാരണ രീതിയിലേയ്ക്ക് വരും.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ rhetoric ആണെന്ന് അങ്ങ് പറയും. ഇന്നലെയും ഇതുതന്നെ പറഞ്ഞു. ശരിക്കും you are always beating around the bush. ഏത് കാര്യം അങ്ങയോട് ചോദിച്ചാലും അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കും. ശ്രീ. കെ. സി. ജോസഫ് ലോക്കൽ ബോഡീസിനെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അങ്ങ് പറഞ്ഞ മറുപടി ഇതല്ല. അങ്ങ് പറഞ്ഞത് 10-ാം തീയതി മുതൽ ഇതെല്ലാം കൊടുത്തുതുടങ്ങും, കൃത്യമാണെന്നാണ്. ഈ മന്ത്രിസഭയിലെ സീനിയർ മന്ത്രിമാർ അവരുടെ വകുപ്പുകളെക്കുറിച്ച് പറയാതെ പറഞ്ഞുവച്ചതും അവർ സംസാരിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിച്ചതും ഒരു വകുപ്പിലും ഒരു കാര്യവും നടക്കുന്നില്ല എന്നാണ്. കേരളത്തിന്റെ ചരിത്രത്തിൽ ട്രഷറി നിരോധനം ഇത്രമാത്രം നീണ്ടുനിന്ന കാലഘട്ടമുണ്ടായിട്ടുണ്ടോ? ഏതെങ്കിലും മേഖലയിൽ, ഏതെങ്കിലും വകുപ്പുകളിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. ഡി. സതീശനുള്ള മറുപടി എന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആദ്യഭാഗത്ത് കൃത്യമായി കൊടുത്തിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിലും കുട്ടികളെ അധികമായി സ്കൂളിലെത്തിക്കുന്നതിലും

റോഡ് നിർമ്മിക്കുന്നതിലും കുടിവെള്ളം/വൈദ്യുതി കണക്ഷനുകൾ നൽകുന്നതിലുമൊക്കെ അഞ്ച് വർഷംകൊണ്ട് നിങ്ങളുടെ സർക്കാരുണ്ടാക്കിയതിനെക്കാൾ കൂടുതൽ റിക്കോർഡ് നാലുവർഷംകൊണ്ട് ഈ ഗവൺമെന്റ് നേടി. തുകയല്ല പറഞ്ഞത്, ഫിസിക്കൽ അച്ചീവ്മെന്റ്സാണ്. ഏതെങ്കിലും കാലത്ത് ഇങ്ങനെയുണ്ടായിട്ടുണ്ടോയെന്ന് ചോദിക്കുമ്പോൾ എപ്പോഴെങ്കിലും ഒരു വർഷത്തേയ്ക്ക് അനുവദിച്ച ബോറോയിംഗിന്റെ പകുതി വെട്ടിക്കുറച്ച അനുഭവമുണ്ടായിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നികുതിയുടെ കോമ്പൻസേഷൻ കാശുണ്ടാകുമ്പോൾ തരാമെന്ന് ഏതെങ്കിലും കേന്ദ്ര സർക്കാർ പറഞ്ഞിട്ടുണ്ടോ? കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കേണ്ട നികുതി വിഹിതം മാർച്ച് മാസമാകുമ്പോൾ ഇരട്ടി കിട്ടും. എന്നാൽ സാധാരണഗതിയിൽ തരേണ്ട നികുതി വിഹിതംപോലും തരില്ല എന്നുപറയുന്നൊരു കാലമുണ്ടായിട്ടുണ്ടോ? ഡൽഹിയിൽ ഇരിക്കുന്ന സർക്കാർ വേറെയാണ്. സംസ്ഥാനങ്ങളോട് പൊതുവിൽ ഇത്തരത്തിൽ പെരുമാറുന്ന സർക്കാരാണത്. പ്രളയ പുനർനിർമ്മാണത്തിന് വായ്പയെടുക്കുമ്പോൾ അത് സാധാരണ വായ്പയിൽ തട്ടിക്കിഴിച്ചുകൊള്ളണമെന്ന് പറഞ്ഞാൽപ്പിന്നെ അവരുടെ അനുവാദം വാങ്ങാൻ പോകേണ്ട കാര്യമെന്താണ്? എസ്.എൽ.ആർ. ബോണ്ട് വഴി ബാങ്കിൽനിന്ന് വാങ്ങിയാൽ പോരേ? ഇത് പ്രത്യേക പ്രളയ പുനർനിർമ്മാണത്തിനുള്ള വായ്പയാണ്. അതെടുക്കുമ്പോൾ നിങ്ങളുടെ സാധാരണ വായ്പയിൽ അത് ഉൾക്കൊള്ളിക്കണമെന്നാണ് പറയുന്നത്. ശ്രീ. വി. ഡി. സതീശൻ, ഇങ്ങനെ ഏതെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ? ഇത് നല്ലൊരു അനുഭവമാണ്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറെടുപ്പോടുകൂടി അടുത്ത വർഷത്തേയ്ക്ക് നമ്മൾ പോകും. ഞാൻ സംസാരിച്ച് തുടങ്ങിയതുതന്നെ 10-ാം തീയതിക്കുള്ളിൽ തീർക്കുമെന്ന് പറഞ്ഞാണല്ലോ; ഒളിച്ചുവയ്ക്കുകയല്ല. 10-ാം തീയതിക്കുള്ളിൽ കൊടുത്തുതുടങ്ങുമെന്ന് പറഞ്ഞെങ്കിലും എൽ.എസ്.ജി.ഡി.-യെ ഇതുവരെയും ബാങ്കുകാർ എടുത്തിട്ടില്ല. അവർക്കുള്ളത് വലിയ തുകയല്ല. ട്രാൻസാക്ഷൻ കോസ്റ്റ് കൂടും. പി.ഡബ്ല്യു.ഡി.-യുടെ മരാമത്ത് പണികൾ കോടിക്കണക്കിന് രൂപയുടേതാണ്. എൽ.എസ്.ജി.ഡി.-യിൽ പത്തും പതിനഞ്ചും ലക്ഷം രൂപയുടെ പണികളാണ്. അങ്ങനെയുള്ള ഒരുപാട് ബില്ലുകൾ വരുമ്പോൾ മട്ടപ്പുണ്ടാകാം. ബാങ്കുകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർ സഹകരിക്കുകയും പണം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ബാക്കിയുള്ളത് അടുത്ത വർഷം കൊടുക്കും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഇവിടെ എന്റെ സുഹൃത്ത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ അങ്ങ് വാചാലനായി സംസാരിക്കുന്നുണ്ട്. ഞാൻ ഇന്നലെ പുറത്ത് നിൽക്കുമ്പോൾ ഇടുക്കി ജില്ലാ പഞ്ചായത്ത് മെമ്പർ ഇൻഫന്റ് തോമസ് ഒരു നിവേദനവുമായി വന്നു. വയനാട് ജില്ലയിൽ പാമ്പുകടിയേറ്റ് കുട്ടി മരിച്ചതിനെത്തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടെടുത്ത് സ്കൂളുകൾ

നവീകരിക്കുന്നതിനായി ചെലവഴിച്ച തുക കൃവിൽനിന്നും മോചിപ്പിച്ച് കിട്ടണമെന്ന തായിരുന്നു ആ നിവേദനത്തിലെ ആവശ്യം. അത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതുകൊണ്ട് അത് കിട്ടുന്നില്ല. ഈ ദുരവസ്ഥയുടെയൊക്കെ മുന്നിൽ അങ്ങ് നായകനായി നിൽക്കുന്നതിൽ എന്ത് അഭിമാനമാണുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ ആവശ്യമുന്നയിച്ച് അദ്ദേഹം എന്റെയടുത്ത് വന്നാൽ ഞാൻ പറയും ബിൽ ഡിസ്കൗണ്ട് ചെയ്യൂ, ഏതെങ്കിലും ബാങ്ക് സഹകരിക്കുന്നില്ലെങ്കിൽ ആ വിവരം എന്നെ അറിയിക്കൂ, ഞാൻ അവരോട് സംസാരിക്കാം എന്ന്. എന്തൊക്കെ ബുദ്ധിമുട്ടുകളുണ്ടെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം നൽകുന്നുണ്ട്. പ്രശ്നങ്ങളുണ്ട്, അത് കൈകാര്യം ചെയ്ത് പോകുകയാണ്. വെല്ലുവിളിക്കൊന്നും ഞാൻ നിൽക്കുന്നില്ല. എന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ കണക്കുകൾ, ഫിസിക്കൽ അച്ചീവ്മെന്റ്സ് എന്നിവ സംബന്ധിച്ച് ആരും ഇതുവരെ ചോദ്യം ചോദിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ആര് പറഞ്ഞു, അതിനെപ്പറ്റി നിരവധി തവണ ചോദ്യങ്ങളുന്നയിച്ചിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, I am challenging you on the floor of this house. ഇനിയും ഡിമാന്റ് ചർച്ച തീർന്നിട്ടില്ല. അതിൽ ഏതെങ്കിലും കണക്കുകൾ തെറ്റാണെങ്കിൽ ഇവിടെ പറയുക മാത്രമല്ല, move a privilege. നിങ്ങളുടെ ഭരണകാലത്തെ അപേക്ഷിച്ച് ബഡ്ജറ്റ് തുക എത്രയോ കൂടിയിരിക്കുന്നു, അപ്പോൾ തുകയുടെ വർദ്ധനവ് സംബന്ധിച്ച് പറയുന്നതിൽ എന്ത് അർത്ഥമാണെന്ന വിമർശനമാണ് നിങ്ങൾ ഉന്നയിച്ചത്. ഏത് തുകയെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്? നിങ്ങളുടെ അഞ്ച് വർഷക്കാലത്തേതിന്റെ ഇരട്ടിവരുന്ന ചില തുകയുണ്ട്. അത് എത്ര തുകയാണെന്ന് പറഞ്ഞാലും ഫിസിക്കൽ അച്ചീവ്മെന്റ് കൂടുതലായിരിക്കും. അതുമാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് ആ കണക്കുകളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ശ്രീ. വി. ഡി. സതീശൻ, You should move a privilege. ഇങ്ങനെ സഭയെ മുഴുവൻ തെറ്റിദ്ധരിപ്പിച്ചിട്ട് എന്നെ പോകാൻ അനുവദിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഓരോ വർഷത്തെയും ടോട്ടൽ അലോക്കേഷനും 2011-ലെയും 2016-ലെയും സാമ്പത്തിക സ്ഥിതിയും ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ പ്ലാൻ എമൗണ്ടിലുണ്ടാകുന്ന വ്യത്യാസവുമെന്താണ്? 2006-2011-ൽ ഭരണം നടത്തിയിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെക്കാളും 2011-2016 കാലയളവിൽ ഭരണം നടത്തിയിരുന്ന ഗവൺമെന്റിന്റെ ഫിസിക്കൽ അച്ചീവ്മെന്റ് കൂടുതലായിരിക്കും. കഴിഞ്ഞ അഞ്ച് ഗവൺമെന്റുകളുടെ സ്ഥിതിവിവരക്കണക്കുകൾ ഞങ്ങൾ കൊണ്ടുവരാം. ഇക്കാര്യത്തിൽ ഞങ്ങൾ അങ്ങയെ ചലഞ്ച് ചെയ്യുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതാണ് യുക്തിരാഹിത്യമെന്ന് പറയുന്നത്. ഓരോ വർഷം കഴിയുമ്പോഴും ബഡ്ജറ്റ് വിഹിതം കൂട്ടും, ഏത് സർക്കാർ ഭരിച്ചാലും ചെലവഴിക്കുന്ന തുകയിൽ വർദ്ധനവുണ്ടാകും, എടുക്കുന്ന വായ്പയുടെ അളവ് കൂടിക്കൊണ്ടിരിക്കും. പക്ഷെ, റിയൽ എക്സ്പെൻഡീച്ചർ കൂടിയാൽ മാത്രമേ ഫിസിക്കൽ അച്ചീവ്മെന്റ് കൂടുകയുള്ളൂ. വിലക്കയറ്റം മാറ്റി നിർത്തിയാൽ, ഒരു കിലോമീറ്റർ റോഡ് പണിയുന്നതിനുള്ള തുകയിൽ കുറവുണ്ടാകുമോ; ഇല്ല. വിലക്കയറ്റം എങ്ങനെ നിയന്ത്രിച്ചുനിർത്തിയാലും അന്നും ഇന്നും റോഡ് പണിയുന്നതിന് ചെലവാകുന്ന തുക ഒന്നുതന്നെയാണ്. ഇന്ന് ബി.എം.& ബി.സി. റോഡുകളായതുകൊണ്ട് അതിന്റെ ചെലവ് കൂടുകയേയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറയുന്നത് പി.ഡബ്ല്യു.ഡി. നിങ്ങളുടെ കാലഘട്ടത്തിൽ നിർമ്മിച്ചതിനെക്കാൾ ഇരട്ടി റോഡ് പണി ചെയ്തിരിക്കുന്നുവെന്ന്. ഇനി ഞാൻ ഇതിനെപ്പറ്റി കൂടുതൽ സംസാരിക്കുന്നില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് നൽകിയിരുന്നത് ഒരു ലക്ഷം രൂപയായിരുന്നുവെന്നും പ്രസ്തുത തുക ആ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാറായപ്പോൾ മൂന്ന് ലക്ഷമായി വർദ്ധിപ്പിക്കുകയും ചെയ്തുവെന്ന ബഹുമാന്യനായ മുൻ പട്ടികജാതി വികസന വകുപ്പുമന്ത്രി പറയുകയുണ്ടായി. ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന)-ൽ രണ്ട് ലക്ഷം രൂപയാണ് കൊടുത്തുകൊണ്ടിരുന്നത്. ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ അനുവദിച്ചിരുന്നപ്പോൾ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ടായിരുന്നു. ഇപ്പോഴത് പൊതുവെ നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും അവർക്ക് പ്രത്യേക പരിഗണന നൽകാതിരിക്കുകയുമല്ലേ ചെയ്തിരിക്കുന്നത്? അതുപോലെ, 80 ശതമാനത്തിലധികം ഭിന്നശേഷിയുള്ളവർക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തിലും യു.ഡി.എഫ്. ഗവൺമെന്റ് ഇതുപോലെ പ്രത്യേക പരിഗണന കൊടുത്തിരുന്നു. പരസഹായമില്ലാതെ ഒന്നുംചെയ്യാൻ കഴിയാത്ത ആളുകളായിരുന്നു അവർ. ജനറൽ വിഭാഗത്തിന് കൊടുത്തിരുന്ന പെൻഷനെക്കാൾ കൂടുതലായിരുന്നു ഭിന്നശേഷിക്കാർക്ക് നൽകിയിരുന്നത്. ഇപ്പോൾ അതും ജനറലൈസ് ചെയ്തിരിക്കുകയാണ്. അവർക്കും പ്രത്യേക പരിഗണന കൊടുക്കുന്നില്ല. ഈ രണ്ട് കാര്യങ്ങളും പരിശോധിച്ച് തെറ്റുതിരുത്താൻ തയ്യാറാകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 600 രൂപയായിരുന്ന പെൻഷൻ ഇപ്പോൾ 1300 രൂപയാക്കി വർദ്ധിപ്പിച്ചു. ആ തോതുവച്ച് നേരത്തെയുണ്ടായിരുന്ന ചില പരിഗണനകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് ഫിനാൻഷ്യൽ ആംഗിളിൽ നോക്കിയിട്ട് തീരുമാനിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് നൽകിയിരുന്ന ഒരു ലക്ഷം രൂപ യു.ഡി.എഫ്. ഗവൺമെന്റ്

മൂന്ന് ലക്ഷമാക്കി വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞത് ശരിയല്ല. ജനറൽ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയായിരുന്നത് രണ്ടര ലക്ഷമായും എസ്.റ്റി. വിഭാഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയായിരുന്നത് മൂന്ന് ലക്ഷമാക്കിയുമാണ് വർദ്ധിപ്പിച്ചത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. ഷാഫി പറമ്പിൽ ചോദിച്ച ചോദ്യം വളരെ സ്പഷ്ടമാണ്. 2011-ൽ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എസ്.സി. വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപയായിരുന്നു. ആ സർക്കാരിന്റെ അവസാനകാലത്ത് അത് മൂന്ന് ലക്ഷമാക്കി വർദ്ധിപ്പിച്ചു. ഞാൻ അന്ന് മന്ത്രിയായിരുന്നതുകൊണ്ടാണ് വ്യക്തമായി പറയുന്നത്. ഇപ്പോൾ നിങ്ങൾ ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ച് നാല് ലക്ഷമാക്കി. ജനറൽ വിഭാഗങ്ങൾക്കും നാല് ലക്ഷം രൂപയാക്കി ഉയർത്തി. പൊതുവെ, എസ്.സി. വിഭാഗങ്ങൾക്ക് പരിഗണന കൊടുത്തിരുന്നു. എസ്.സി. ഫണ്ടിൽനിന്നും അവർക്ക് ഒരു ലക്ഷം രൂപ കൂടുതലായി കൊടുക്കുന്നതിൽ ഒരു തെറ്റുമില്ല. മുൻകാല ഇടതുപക്ഷ ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും കൊടുത്തുകൊണ്ടിരുന്നതാണ്. ലൈഫ് മിഷൻ ഭവന പദ്ധതി വന്നപ്പോൾ അങ്ങത് ഇല്ലാതാക്കി. അതുകൊണ്ട് കൂടുതൽ പരിഗണന എസ്.സി. വിഭാഗങ്ങൾക്ക് കൊടുക്കുമോ എന്നതാണ് ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫ്ലാറ്റിനുവേണ്ടിയുള്ള ശരാശരി ചെലവ് പത്ത് ലക്ഷം രൂപയാണ്. മുട്ടത്തറയിലായാലും മറ്റ് സ്ഥലങ്ങളിലായാലും ഭൂരഹിതരായവർക്കുവേണ്ടി പണിത ഫ്ലാറ്റുകൾക്ക് പത്ത് ലക്ഷം രൂപയാണ് ചെലവ് വരുന്നത്. അതിന്റെ മൊത്തത്തിലുള്ള കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, കശുവണ്ടി വ്യവസായത്തെക്കുറിച്ചാണ്. അക്കൗണ്ടിൽ പറഞ്ഞതിനെക്കാൾ 60 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഇനിയും തുക വേണ്ടി വരികയാണെങ്കിൽ ധനസ്ഥിതി പരിശോധിച്ചതിനുശേഷം തീരുമാനിക്കാം. അങ്ങനെ പറയാൻ കാരണം, ആ വ്യവസായത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധത കാണിക്കുന്നതിനുവേണ്ടിയാണ്. അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകതന്നെ ചെയ്യും. കൊറോണ വൈറസ് ബാധിക്കാതിരുന്നെങ്കിൽ ഒരു വിസ്മയകരമായ കാര്യത്തിന് കേരളം സാക്ഷ്യംവഹിക്കുമായിരുന്നു. ഇപ്പോൾ കാപ്പെക്സ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കൊറോണ വൈറസുമൂലം അവസാന രണ്ട് ലോട്ട് ലേലം വിളിച്ച കശുവണ്ടിപരിപ്പിന്റെ വിലയിടിഞ്ഞതുകൊണ്ടാണ് നഷ്ടത്തിൽ തുടരുന്നത്. അത് പരിഹരിക്കാനായി സ്വീകരിച്ച ചില നടപടികളുണ്ട്. അത് നടപ്പിലായാൽ ഈ പൊതുമേഖലാ സ്ഥാപനം ലാഭത്തിലാകും, പതിനയ്യായിരത്തോളം തൊഴിലാളികൾക്കുകൂടി തൊഴിൽ കൊടുക്കാൻ കഴിയും. കാരണം, അതിനുള്ള തോട്ടണ്ടി

വാങ്ങുന്നതിനുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിൽ കാഷ്യൂ ബോർഡിന് അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് കശുവണ്ടി വ്യവസായത്തിൽ ഇതൊരു വഴിത്തിരിവാകുമെന്ന് ശ്രീ. കോവൂർ കുഞ്ഞുമോന് ഉറപ്പുതരികയാണ്. മറ്റൊന്ന്, ശ്രീ. മോൻസ് ജോസഫ് റെക്കമെന്റ് ചെയ്ത, ശ്രീ. കോവൂർ കുഞ്ഞുമോന്റെ മണ്ഡലത്തിലെ ശാസ്താംകോട്ട തടാകത്തിന്റെ കാര്യമാണ്. ഈ നിയമസഭാ സമ്മേളനം നടക്കുമ്പോൾത്തന്നെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഒരു മീറ്റിംഗ് വിളിക്കും, ആ യോഗത്തിൽവച്ച് തീർപ്പുണ്ടാക്കാം. അവർ പറഞ്ഞത് ശരിയാണ്. എല്ലാ വർഷവും അദ്ദേഹം ഇങ്ങനെ പ്രസംഗിക്കുന്നു, അത് ഇങ്ങനെ തുടരുന്നു. എന്താണ് കാരണമെന്ന് എനിക്ക് അറിയില്ല. ജലസേചന വകുപ്പുമന്ത്രി അതിന് പരിഹാരമുണ്ടാക്കുമെന്ന് അദ്ദേഹത്തിനുവേണ്ടി ഞാൻ ഉറപ്പുതരികയാണ്. ശ്രീ. മഞ്ഞളാംകുഴി അലി എന്നെപ്പറ്റി ഒരു തമാശ പറഞ്ഞത് മാറ്റി നിർത്തിയാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഖ്യഭാഗവും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയെപ്പറ്റിയായിരുന്നു. സത്യം പറഞ്ഞാൽ ഞാൻ അതുസംബന്ധിച്ച് പരിശോധിച്ചിട്ടില്ല. അത് പരിശോധിച്ച് പ്രായോഗികമായി എന്തുചെയ്യണമെന്ന് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ജലസേചന വകുപ്പുമന്ത്രിയുടെ കാര്യം പറഞ്ഞതുകൊണ്ട് പറയുകയാണ്, ജലസേചന വകുപ്പിലെ വാട്ടർ അതോറിറ്റിയുടെ സ്ഥിതിയെന്താണെന്ന് അറിയാമോ? കഴിഞ്ഞ രണ്ടര വർഷമായി പൈപ്പ് നന്നാക്കിയ ആളുകൾക്ക് ഇതുവരെ ഒരു രൂപപോലും കൊടുത്തിട്ടില്ല. അവർ ഇപ്പോൾ സമരത്തിലാണ്. സംസ്ഥാനത്തുടനീളം പൈപ്പുപൊട്ടി വെള്ളം ഒഴുകിക്കൊണ്ടിരിക്കുകയാണ്. നയാപൈസ കൊടുക്കാത്തതിനാൽ അത് നന്നാക്കാൻപോലും കരാറുകാരാരും വരുന്നില്ല. വാട്ടർ അതോറിറ്റി അവർക്ക് ഒരുപാട് പണം നൽകാനുണ്ട്. വാട്ടർ അതോറിറ്റി കറന്റ് പ്രോജക്ടുകളെല്ലാം പിൻവലിച്ചിരിക്കുകയാണ്. പ്രവൃത്തി ആരംഭിക്കാത്ത പ്രോജക്ടുകളെല്ലാം നിർത്തിവയ്ക്കാൻ വാട്ടർ അതോറിറ്റി ഉത്തരവ് കൊടുത്തിരിക്കുകയാണ്. പണം നൽകാനില്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഒരു പൈപ്പ് പൊട്ടിയാൽ അത് നന്നാക്കാനുള്ള പണംപോലും വാട്ടർ അതോറിറ്റി കൊടുക്കുന്നില്ല. ഇതുസംബന്ധിച്ച് അങ്ങേയ്ക്ക് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് അന്വേഷിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പഞ്ചായത്തുതലത്തിൽ ജലജീവൻ മിഷനിൽ വരാൻ പോകുന്ന പദ്ധതികളാണ് നിർത്തലാക്കിയത്, മറ്റുള്ളവ നിർത്തലാക്കിയിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, വാട്ടർ അതോറിറ്റിക്ക് നിലവിലുള്ള പൈപ്പുകളുടെ എക്സ്റ്റൻഷനും മറ്റുംവേണ്ടി വിവിധ സ്കീമുകളിലായി ഇപ്പോൾ ലഭിക്കുന്ന തുക സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിനായി ഏതാണ്ട് 7,000 കോടി രൂപയാണ് നൽകുന്നത്. ജലജീവൻ മിഷൻ വരുമ്പോൾ അതിലേയ്ക്ക് ചില പ്രോജക്ടുകൾ ലോഡ് ചെയ്യും. അതിനുവേണ്ടിയാണ് നിയന്ത്രണം വച്ചിരിക്കുന്നത്.

കരാറുകാർക്ക് പണം നൽകുന്നതിനായി വാട്ടർ അതോറിറ്റിക്കും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. അതായത്, ആ ബില്ലുകൾ മാറിനൽകാനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുകയാണ്. ബിൽ ഡിസ്കൗണ്ടിംഗ് എത്രയുംപെട്ടെന്ന് കൊണ്ടുവരും. അതിലൂടെ ഇങ്ങനെയുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുടിവെള്ള പ്രശ്നം ഗുരുതരമാണെന്ന് അങ്ങേയ്ക്കറിയാമല്ലോ. ജലജീവൻ പദ്ധതിയെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്നതേയുള്ളൂ. ഇതുവരെ ജലജീവൻ പദ്ധതിയെക്കുറിച്ച് ക്ലാരിറ്റി വന്നിട്ടില്ല. അതിനുവേണ്ടി ഇപ്പോഴേ നമ്മൾ പദ്ധതികൾ നിർത്തലാക്കേണ്ട കാര്യമെന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പുതിയ പ്രോജക്ടുകൾക്കുവേണ്ടി കൊടുത്തിരിക്കുന്ന പണം സർവ്വകാല റെക്കോർഡാണ്. ഏഴായിരത്തോളം കോടി രൂപയുടെ പ്രോജക്ടുകൾക്ക് അനുവാദം നൽകിയിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏഴായിരം കോടിയൊന്നും വേണ്ട. എങ്ങനെയെങ്കിലും കോൺട്രാക്ടർമാർക്ക് നൽകാനുള്ള പണം നൽകിയാൽ മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, അവിടെയും ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരികയാണ്. എത്രയുംപെട്ടെന്ന് നിലവിലുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ കഴിഞ്ഞ ശനിയാഴ്ച മണ്ഡലത്തിലുണ്ടായിരുന്നപ്പോൾ വെണ്ണല-പുതിയറോഡിൽ പൈപ്പ് പൊട്ടി. ഉത്തരവാദപ്പെട്ട എഞ്ചിനീയർമാരോടൊക്കെ പറഞ്ഞിട്ടും ഒരു കോൺട്രാക്ടറും വരാൻ തയ്യാറായില്ല. അവസാനം ഞാൻതന്നെ എനിക്കറിയാവുന്ന ഒരു കോൺട്രാക്ടറെ വിളിച്ചപ്പോൾ അയാൾ പറഞ്ഞത്, 'എം.എൽ.എ. ഇടപെട്ട് പണം വാങ്ങിത്തരണം, ഞങ്ങളാരും ചെയ്യില്ല' എന്നാണ്. വെള്ളം ഒഴുകിപ്പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം ഇവിടെ കിടക്കും, വെള്ളം ഒഴുകിപ്പോകുകയും ചെയ്യും. ഇത് കേരളം മുഴുവനുമുള്ളതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം കൊണ്ടുവരുന്നതിലൂടെ അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ഏഴ് മിനിട്ട് സമയം ഞാൻ കൂടുതലെടുത്തു, ഇനി അവസാനിപ്പിക്കുകയാണ്. ഇവിടെ പറഞ്ഞ വിമർശനങ്ങളൊക്കെ ഗൗരവത്തിലെടുത്തിട്ടുണ്ട്. പാതാളത്തിലേയ്ക്ക് പോയി എന്നൊക്കെ പറഞ്ഞ് പേടിപ്പിക്കണ്ട, അങ്ങനെ മനപ്പായസം ഉണ്ണുകയും വേണ്ട. ഒരു പ്രശ്നവുമില്ല, കാര്യങ്ങൾ ഭംഗിയായിത്തന്നെ പോകും. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് രണ്ടാഴ്ചയ്ക്കുള്ളിൽ ചെലവാക്കാനുള്ള പണമല്ല, അപൂർവ്വം ചില കാര്യങ്ങളൊഴികെ ഇതിനകം അധികമായി ചെലവഴിച്ച പണം റെഗുലറൈസ് ചെയ്യലാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2020-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല.)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. കെ. യു. ജനീഷ് കുമാർ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എ. പ്രദീപ്കുമാർ
39. ശ്രീ. വി. കെ. പ്രശാന്ത്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. സി. കെ. ശശീന്ദ്രൻ
54. ശ്രീ. പി. കെ. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. എ. എൻ. ഷംസീർ

57. ശ്രീ. ജി. സുധാകരൻ

58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

59. ശ്രീ. എം. സ്വരാജ്

60. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

61. ശ്രീ. പി. തിലോത്തമൻ

62. ഡോ. ടി. എം. തോമസ് ഐസക്

63. ശ്രീ. പി. ഉണ്ണി

64. ശ്രീമതി വീണാ ജോർജ്ജ്

65. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. കെ. അബ്ദു റബ്ബ്

2. ശ്രീ. മഞ്ഞളാംകുഴി അലി

3. ശ്രീ. അനിൽ അക്കര

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. വി. ടി. ബൽറാം

8. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. കെ. സി. ജോസഫ്

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. കെ. എൻ. എ. ഖാദർ

13. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
14. ശ്രീ. ഉമ്മൻ ചാണ്ടി
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. വി. ഡി. സതീശൻ
22. ശ്രീ. ഷാഫി പറമ്പിൽ
23. ശ്രീമതി ഷാനിമോൾ ഉസ്മാൻ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ടി. തോമസ്
26. ശ്രീ. പി. ഉബൈദുള്ള
27. ശ്രീ. എം. ഉമ്മർ
28. ശ്രീ. എം. വിൻസെന്റ്
29. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനുകൂലിക്കുന്നവർ- 65

പ്രതികൂലിക്കുന്നവർ- 29

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ.. ധനാഭ്യർത്ഥന ചർച്ച തുടരുന്നു.

## ധനകാര്യം (തുടർച്ച)

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, വ്യവസായങ്ങൾ, വൈദ്യുതപദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനഫലമായി കേരളം ഈ മേഖലകളിൽ മുന്നേറിയെന്ന് പറയുന്നതിനോട് എനിക്ക് യാതൊരു യോജിപ്പുമില്ല. വൈദ്യുതിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. വൈദ്യുതിയുടെ ചാർജ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിബന്ധന പ്രകാരം വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ട്. അത് പാലിക്കുകയാണെങ്കിൽ വൈദ്യുതി വില്പന നടത്തി ഭീമമായ സംഖ്യ സമാഹരിക്കാൻ സ്വകാര്യ കമ്പനികൾക്ക് സാധിക്കുന്നൊരു സാഹചര്യം വരും. അതിന് ഈ സർക്കാർ അനുവാദം നൽകരുത്. കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യാനുള്ളൊരു പുതിയ സൗകര്യംകൂടി കേന്ദ്രസർക്കാർ ഇതുവഴി ഏർപ്പെടുത്തി യിരിക്കുകയാണ്. കോൺട്രാക്ടർമാർക്ക് പണം നൽകാത്തതിനെത്തുടർന്ന് വൈദ്യുതി മേഖലയിലെ പല പദ്ധതികളും മുടങ്ങിക്കിടക്കുകയാണ്.

കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കാൻ സാധിച്ചുവെന്ന അവകാശവാദം പുനഃപരിശോധിക്കേണ്ടതാണ്. നമ്മൾ ഇങ്ങനെ വ്യാപകമായും വാചാലമായും ഇതിനെക്കുറിച്ച് പറയുമ്പോൾ യഥാർത്ഥത്തിൽ പുതിയ വ്യവസായങ്ങൾ എത്രകണ്ട് ആരംഭിക്കാൻ സാധിച്ചുവെന്ന് പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതാണ്. ഇപ്പോഴും നിക്ഷേപകർ അന്യസംസ്ഥാനങ്ങളിൽ ചേക്കേറുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. സാമ്പത്തിക തകർച്ചയുണ്ടാക്കിയിട്ടുള്ള പ്രതിസന്ധികൾ കേരളം അഭിമുഖീകരിക്കുകയാണ്. ഇവിടെ നേരത്തെ പലരും സൂചിപ്പിച്ചതുപോലെ, കച്ചവട സ്ഥാപനങ്ങളിൽ കച്ചവടം നടക്കുന്നില്ല, വ്യവസായ ശാലകളിൽ ഉല്പാദനം നടക്കുന്നില്ല, വൈദ്യുതി ബിൽ കൊടുക്കാൻ സാധിക്കാതെ വ്യവസായ സ്ഥാപനങ്ങളുടെ ഫ്യൂസൂരുന്ന സാഹചര്യം നിലനിൽക്കുന്നു. പല വകുപ്പുകളും തമ്മിൽ ഏകോപനമില്ലാത്തതിന്റെ പ്രശ്നങ്ങളുമുണ്ട്. ഇങ്ങനെയുള്ള വിവിധ കാരണങ്ങളാൽ വ്യാവസായിക രംഗത്ത് പ്രതീക്ഷിച്ചതുപോലെയുള്ള മാറ്റം വരുത്താൻ സാധിച്ചിട്ടില്ല. കേന്ദ്രവും കേരളവും അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അതിനൊരു കാരണമാണ്. ഏറ്റവും മികച്ച കച്ചവടസ്ഥാപനങ്ങളിൽപ്പോലും പഴയതുപോലെ കച്ചവടം നടക്കുന്നില്ല. ആളുകളുടെ ക്രയശേഷി കുറഞ്ഞതുകൊണ്ട് ക്വാളിറ്റിയുള്ള ഉല്പന്നങ്ങൾ വാങ്ങാൻ ഉപഭോക്താക്കൾ തയ്യാറാകുന്നില്ല. വിലകുറഞ്ഞ ക്വാളിറ്റിയില്ലാത്ത ഉല്പന്നങ്ങൾ ക്വാണ്ടിറ്റി കുറച്ച് വാങ്ങുന്ന രീതിയാണ് ഹോട്ടലുകളിലും കച്ചവട സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലുമൊക്കെ കണ്ടുവരുന്നത്. കൺസ്ട്രക്ഷൻ കമ്പനികളും റിയൽ എസ്റ്റേറ്റ് കമ്പനികളുമുൾപ്പെടെ എല്ലാം

പൊട്ടിത്തകരുന്ന ദയനീയ ചിത്രമാണ് കാണാൻ സാധിക്കുന്നത്. ജനമദ്ധ്യത്തിൽ ഇറങ്ങിച്ചെന്നാൽ കേരളം സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുകയാണെന്ന് കാണാം. ടെക്സ്റ്റൈൽ ഷോപ്പുകളിലും സ്വർണ്ണക്കടകളിലും ആളുകൾ ഇരച്ചു കയറിയിരുന്ന വൻകിട ഹോട്ടലുകളിലും കച്ചവടമില്ല. റിയൽ എസ്റ്റേറ്റ് ബിസിനസ്സൊന്നും നടക്കുന്നില്ല, രജിസ്ട്രേഷൻ കുറഞ്ഞുപോകുന്നു, കൈമാറ്റങ്ങൾ നിലച്ചുപോയി, ഫ്ലാറ്റുകളും ഭൂമിയും വസ്തുവകകളും വാങ്ങാൻ ആളില്ല. അങ്ങനെ കേരളമാകെ അഭിമുഖീകരിക്കുന്ന വൻസാമ്പത്തിക തകർച്ച നേരിടുന്നതിന് തക്കതായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടില്ലെന്നാണ് എന്റെ അഭിപ്രായം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ദാസൻ)

പഴയതുപോലെ വലിയ പുകക്കുഴലുകളുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കാനല്ല പകരം ഐ.ടി. പോലുള്ള പുതിയ വ്യവസായം ആരംഭിക്കാനാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ ആലോചിച്ചിരുന്നത്. ടൂറിസത്തെ നല്ലൊരു വ്യവസായമാക്കി മാറ്റാവുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ടൂറിസത്തിനുവേണ്ടി വേണ്ടത്ര പണം നീക്കിവയ്ക്കാത്തതിനാൽ അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. ആരോഗ്യമേഖലയെയും വ്യവസായമാക്കി മാറ്റാൻ സാധിക്കും. എന്നാൽ, അതിനുള്ള ശ്രമങ്ങൾ വേണ്ടത്ര നടന്നിട്ടില്ല. പശ്ചിമഘട്ട സാനുക്കളിൽ ഔഷധ സസ്യങ്ങൾ നട്ടുവളർത്തി അതിൽനിന്ന് ലാഭമുണ്ടാക്കാൻ സാധിക്കുമായിരുന്നു. അത്തരം കാര്യങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല.

ടെക്സ്റ്റൈൽ മില്ലുകൾ വളരെയധികം പ്രതിസന്ധി നേരിടുന്നുണ്ട്. പരമ്പരാഗത വ്യവസായമായ ഖാദിക്ക് റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. അടുത്തകാലത്ത് ടെലിവിഷൻ ചാനലുകളിലൊക്കെ വാർത്ത വന്നപ്പോഴാണ് കുറച്ചുപേർക്കെങ്കിലും യൂണിഫോം നെയ്ത്തിന്റെ കൂലിയും മറ്റും കൊടുക്കുന്ന സാഹചര്യമുണ്ടായത്.

ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ അവരുടെ ഓൺലൈൻ സൈറ്റുകൾവഴി ധാരാളം കേരളീയ കരകൗശല വസ്തുക്കൾ ഉയർന്ന വിലയ്ക്ക് വിറ്റഴിക്കുന്നുണ്ട്. കേരളത്തിന്റെ തനത് കരകൗശല ഉല്പന്നങ്ങൾ നിർമ്മിച്ച് ഗവൺമെന്റിനുതന്നെ ഇതിനെക്കാൾ പകുതി വിലയ്ക്ക് വിറ്റഴിക്കാനും ലാഭമുണ്ടാക്കാനും കഴിയും. കൂടാതെ, അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കും നേട്ടം കൈവരിക്കാൻ സാധിക്കും.

കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തിക നയത്തെ നിസ്സാരമായി തള്ളിക്കളയാനാവില്ല. ഇന്ത്യയെ മുഴുവൻ വില്പനയ്ക്കുവച്ച ഒരു സ്ഥിതി വിശേഷമാണുള്ളത്. ബാങ്കിംഗ്, എൽ.ഐ.സി., പ്രതിരോധം തുടങ്ങിയ എല്ലാ മേഖലകളിലും വിറ്റഴിക്കൽ വളരെ ശക്തമായി തുടരുകയാണ്. ഈ അടുത്ത ദിവസം അമേരിക്കൻ

പ്രസിഡന്റ് ഇന്ത്യയിൽ വന്നു. ഇന്ത്യ അമേരിക്കയുമായി വലിയൊരു കരാറിൽ ഒപ്പുവയ്ക്കുകയും 26,000 കോടി രൂപയ്ക്ക് പ്രതിരോധ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തുവെന്ന് പറഞ്ഞാൽ നമുക്ക് തോന്നും അമേരിക്കയിലെ ഏതോ പൊതുമേഖലാ സ്ഥാപനത്തിൽനിന്നാണ് ഇത് വാങ്ങുന്നതെന്ന്. എന്നാൽ അങ്ങനെയല്ല. അമേരിക്കയിലെ മുതലാളി ഉണ്ടാക്കിയ സാധനം ഇവിടത്തെ മുതലാളിക്ക് വാങ്ങിക്കൊടുക്കുന്ന രണ്ട് ഏജന്റുമാരാണ് ബഹുമാന്യരായ ഡോണൾഡ് ട്രംപും നരേന്ദ്ര മോദിയും. അവർ അതിന്റെ കച്ചവടം ഉറപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. അമേരിക്കൻ മുതലാളി നിർമ്മിച്ച സാധനം ഇന്ത്യയിലെ മുതലാളിക്ക് വാങ്ങിക്കൊടുക്കുന്ന ഒരു ഏർപ്പാടല്ലാതെ അത് അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ഒരു വലിയ സംഭവമായി കാണാൻ സാധിക്കുകയില്ല. 5000 വർഷത്തെ പാരമ്പര്യമുള്ള ഇന്ത്യ 200 വർഷത്തെ പഴക്കം മാത്രമുള്ള അമേരിക്കയുടെ മുമ്പിൽ ഇങ്ങനെ കുത്തുപാളയെടുത്ത് നിൽക്കുന്നൊരു സാഹചര്യം ഇന്ത്യയുടെ വലിയ നാശത്തിന്റെ ലക്ഷണമാണെന്ന് കാണാൻ സാധിക്കും. സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് ഇന്ത്യയ്ക്കുണ്ടായ നഷ്ടം ചില്ലറയല്ല. നമ്മൾ ഇതൊന്നും അറിയാത്തതുപോലെ ഇവിടെ വികസനം നടത്തിക്കൊണ്ടിരിക്കുകയാണ്, വലിയ സംഭവമായിക്കൊണ്ടിരിക്കുകയാണ് എന്നൊക്കെ പൊങ്ങച്ചം പറയും.

നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് മുഴുവൻ ശരിയായ കാര്യങ്ങളാണെന്ന് എനിക്ക് തോന്നുന്നില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് എം.എൽ.എ. ഫണ്ട് കേരളത്തിലുണ്ടായത്. അന്ന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ ആയിരുന്നു. അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് 5 കോടി രൂപ ആസ്തി വികസന ഫണ്ടുണ്ടായത്. ബഡ്ജറ്റ് എന്നുപറയുന്നത് വെറുമൊരു ആചാരമായി മാറിയിട്ടുണ്ട്, അതിന് ഒരു വിലയുമില്ല. പണ്ടൊക്കെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രി വരുന്നത് ഒരു പെട്ടിയും അതിന്റെ പിന്നാലെ പത്രക്കാരും എല്ലാംകൂടി ചേർന്ന് എന്തോ സംഭവം കൊണ്ടുവരുന്നതുപോലെയായിരുന്നു. ഇന്ന് മല എലിയെ പ്രസവിച്ചതുപോലെ, അദ്ദേഹത്തിന്റെ പെട്ടിക്കകത്ത് എന്തായിരുന്നാലും നാട്ടുകാർക്ക് ഒരു പ്രയോജനവുമില്ലായെന്നുള്ളതാണ് സത്യം. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ഒരു പരിപാടിയും നടക്കുന്നില്ല. ഇദ്ദേഹം കോവളത്ത് മുറിയെടുത്ത് ഒറ്റയ്ക്കിരുന്ന് എഴുതി; ഒറ്റയ്ക്കല്ല, ബസ് സ്റ്റാൻഡിലിരുന്ന് എഴുതിയാലും ഒരു ഉപയോഗവും നാട്ടുകാർക്കില്ലാത്തൊരു സ്ഥിതിയിലാണ് ഇപ്പോൾ ബഡ്ജറ്റ്. അതിൽനിന്നും ഒന്നും പ്രതീക്ഷിക്കാനില്ല. കിഫ്ബിയാണെങ്കിലോ, 'ഇല്ലത്തു നിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് ഒട്ട് എത്തിയതുമില്ല' എന്നുപറഞ്ഞതുപോലെ ബഡ്ജറ്റിൽനിന്ന് പോകുകയും ചെയ്തു ആസ്തിവികസന ഫണ്ടിൽപ്പോലും നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങളൊന്നും

നടപ്പാക്കാനും കഴിഞ്ഞില്ല. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ ബസ് വാങ്ങാനൊക്കെ പണം നൽകാത്ത സാഹചര്യമുണ്ട്. സാമ്പത്തികമായി വലിയ പ്രതിസന്ധി നമ്മൾ അഭിമുഖീകരിക്കുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി പരിഹാരം തേടുകയാണ് വേണ്ടത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർച്ചയിൽ നിന്ന് കരകയറ്റാൻ എന്താണ് മാർഗ്ഗമെന്നുള്ളതിനെക്കുറിച്ച് സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമാണുള്ളത്. അതിനിടയിൽ നമ്മൾ രക്ഷപ്പെട്ടു പോകുന്നത് ഇപ്പോൾ പൗരത്വ നിയമമുള്ളതുകൊണ്ടും വർഗ്ഗീയ കലാപങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കുന്ന കേന്ദ്രസർക്കാരിന്റെ സമീപനംകൊണ്ടുമാണ്. ഡൽഹിയിലുണ്ടായത് ഒരു വർഗ്ഗീയ കലാപമാണെന്ന് പറയാൻ പറ്റില്ല. ആസൂത്രിതമായി ഒരു വിഭാഗത്തെ ഉന്മൂലനം ചെയ്യാൻവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണത്. വർഗ്ഗീയകലാപമെന്ന് പറയുന്നത് രണ്ടുകൂട്ടർ പരസ്പരം ഏറ്റുമുട്ടുന്നതാണ്. ഡൽഹിയിൽ അതല്ല ഉണ്ടായത്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മുസ്ലീംലീഗിന്റെ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ അവിടെ മരിച്ചവരുടെ ആശ്രിതർക്ക് ഓരോ ലക്ഷം രൂപവീതം കൊടുക്കുന്ന സാഹചര്യമുണ്ടായി. ഇവിടത്തെ ഗവൺമെന്റ് പല കാര്യങ്ങളിലും സ്വീകരിക്കുന്ന സമീപനം ശരിയല്ല. പോളണ്ടിനെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്ന് പണ്ടൊക്കെ പറയാറുണ്ടായിരുന്നു. ഇപ്പോൾ ശ്രീ. ലോക്നാഥ് ബെഹ്റയെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്നാണ് പറയുന്നത്. പോളണ്ടിനെക്കുറിച്ച് പറഞ്ഞാലും കുഴപ്പമില്ല, ബെഹ്റയെക്കുറിച്ച് ഒരക്ഷരം മിണ്ടരുതെന്നുള്ള രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെയും ഡിപ്പാർട്ട്മെന്റിനെയുമൊക്കെ സഹായിക്കുന്ന ഒരു നിലപാട് സ്വീകരിക്കാൻ പാടില്ലാത്തതാണ്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേന്ദ്രസർക്കാരിന് 35% വോട്ട് മാത്രമേ കിട്ടിയിട്ടുള്ളൂ. 65% നോൺ ബി.ജെ.പി. വോട്ടാണ്. ബി.ജെ.പി. ഇതര പാർട്ടികൾക്കാണ് 65% വോട്ട് കിട്ടിയത്. ആ 65% വോട്ട് കിട്ടിയ ആളുകളെ എങ്ങനെ ഭിന്നിപ്പിച്ച് നിർത്താമെന്നാണ് ശ്രീ. അമിത് ഷാ പരിശോധിക്കുന്നത്. അതിനിടയിൽ നമ്മൾ ഭിന്നിച്ചുനിൽക്കാൻ സ്വയം തീരുമാനിച്ചാൽ അത് അമിത് ഷായുടെ കുതന്ത്രങ്ങൾ വിജയിക്കാൻ സഹായകരമാകും. കർണ്ണാടകയിലും മഹാരാഷ്ട്രയിലുമൊക്കെ വിട്ടുവീഴ്ച ചെയ്ത് ഐക്യം നിലനിർത്തുന്നതിനുവേണ്ടി പരിശ്രമിച്ച പാർട്ടിയാണ് കോൺഗ്രസ്. ഇന്ത്യയിൽ ഭാരതീയ ജനതാ പാർട്ടി അധികാരത്തിൽ നിന്ന് പോയാൽപ്പിന്നെ നേതൃത്വം കൊടുക്കാനുള്ള പാർട്ടി കോൺഗ്രസ് മാത്രമാണ്. ആ കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണം ഇന്ത്യയിലുണ്ടാക്കാനും

നമ്മുടെ മതേതരത്വവും ഭരണഘടനയുമൊക്കെ സംരക്ഷിക്കാനും സാധിക്കണമെങ്കിൽ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ മുമ്പും പറഞ്ഞിട്ടുള്ള താണ്, ഇപ്പോഴും ആവർത്തിക്കുകയാണ്. അതിന്റെയർത്ഥം മാർക്സിസ്റ്റ് പാർട്ടിയുടെ എല്ലാ നിലപാടുകളോടും ഞങ്ങൾക്ക് യോജിപ്പുണ്ടെന്നോ കോൺഗ്രസിന്റെ നിലപാടുകളോട് നിങ്ങൾക്ക് യോജിപ്പുണ്ടെന്നോ അല്ല. നമ്മുടെ മുഖ്യശത്രുവിനെ നേരിടാൻ മറ്റ് മാർഗ്ഗമൊന്നുമില്ല. 100 വർഷം കൂടിയാലോചിച്ച് തീരുമാനിച്ച് നിശ്ചയിച്ചുറപ്പിച്ച പദ്ധതിയാണ് അവർ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാർലമെന്റിനകത്ത് എം.പി.-മാർക്കുപോലും രക്ഷയില്ല. അവർക്കെതിരായി സംസാരിച്ചതിന് രമ്യാ ഹരിദാസ് എം.പി.-യെ അടിക്കുകയും ശ്രീ. അതുൽ കുമാർ അൻജന്റെ ഓഫീസ് ആക്രമിക്കുകയും ചെയ്തു. ശ്രീ. കപിൽ മിശ്രയുടെ പേരിൽ കേസെടുക്കണമെന്ന് പറഞ്ഞതിന് ഡൽഹി ഹൈക്കോടതി ജഡ്ജിയെ രാത്രിരാമാനം സ്ഥലംമാറ്റി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പക്ഷേ അവർക്ക് അത് തോന്നുന്നില്ലല്ലോ. ഇതിനെ എങ്ങനെ പൊളിക്കാമെന്ന് ആലോചിച്ചല്ലേ അവർ നടക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നമ്മൾ ഓരോ പാർട്ടിയുടെയും പഴയകാല ചരിത്രം പരിശോധിച്ച് കുറ്റം കണ്ടുപിടിച്ച് അഭിരമിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും അതിന് സാധിക്കും. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടുകളെക്കുറിച്ച് ഞാനും ശക്തമായ വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതൊന്നും ഞാൻ മറന്നിട്ടില്ല, അതിലേറെ കാര്യങ്ങൾ പറയാൻ എനിക്ക് ഇപ്പോഴും കഴിയും. ഇന്ത്യയിൽ ചരിത്രപരമായ പ്രാധാന്യമുള്ള പാർട്ടിയാണ് കോൺഗ്രസ്. അതൊരു ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാണ്, മഹാത്മാഗാന്ധിയുടെ പാർട്ടിയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ലാൽബഹാദൂർ ശാസ്ത്രി, ഗുൽസാരിലാൽ നന്ദ, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി തുടങ്ങി ശ്രീ. മൻമോഹൻസിംഗ് വരെയുള്ള, മതേതരത്വം നിലനിർത്താൻവേണ്ടി പരിശ്രമിച്ചവരുടെ ഗവൺമെന്റാണ്.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. അടുത്ത അംഗത്തെ വിളിക്കാൻ പോകുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആ ഗവൺമെന്റിന് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് എടുത്തുപറയേണ്ട സമയമാണോ ഇത്? അതിനുള്ള സമയമല്ല. അതുകൊണ്ട് നമ്മൾ ഹിഡൻ ടൈപ്പ് പോളിസിയെടുത്ത് ഭാരതീയ ജനതാ പാർട്ടിയെ പരാജയപ്പെടുത്താനോ അധികാരത്തിൽനിന്ന് മാറ്റാനോ ശ്രമിച്ചില്ലെങ്കിൽ നമ്മളാരും രക്ഷപ്പെടുമെന്ന പ്രതീക്ഷ വേണ്ട.

മി. ചെയർമാൻ: അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മുസ്ലീം കമ്മ്യൂണിറ്റി അല്ലെങ്കിൽ ഏതെങ്കിലുമൊരു കമ്മ്യൂണിറ്റി മാത്രം ഇല്ലാതാകുമെന്ന് വിചാരിക്കണ്ട. ഒന്നുകിൽ നമ്മൾ ഒന്നായി മുങ്ങും അല്ലെങ്കിൽ ഒന്നായി പൊങ്ങും. ഞങ്ങൾക്ക് മാത്രമായി ഇവിടെയൊന്നും സംഭവിക്കാനില്ല. അതുകൊണ്ട് ചെറിയ കാര്യങ്ങൾ ഉപേക്ഷിച്ചിട്ട് പൊതുവായ വലിയ കാര്യത്തിനുവേണ്ടി ഒരുമിച്ച് നിന്നില്ലെങ്കിൽ വലിയ അപകടമാണ് സംഭവിക്കാൻ പോകുന്നത്. ഇവിടെ ജുഡീഷ്യറിയില്ല, എക്സിക്യൂട്ടീവ് ഇല്ല. വ്യോമസേനയ്ക്ക് ഒരു മേധാവി, കരസേനയ്ക്ക് ഒരു മേധാവി, നാവികസേനയ്ക്ക് ഒരു മേധാവി എന്നുള്ളതെല്ലാം മാറ്റി അവർ പറഞ്ഞാൽ അനുസരിക്കുന്ന ഒരാളെ സർവ്വസൈന്യാധിപനായി നിയമിച്ചു. എൻ.ഐ.എ.-യെയും സി.ബി.ഐ.-യെയും കൊണ്ടുവന്നും പുതിയ ബില്ലുകൾ കൊണ്ടുവന്നും അവർ ജനാധിപത്യത്തെ അട്ടിമറിക്കുന്നൊരു സാഹചര്യമുണ്ടായിരിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2020-21 വർഷത്തെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. വികസനപാതയിൽ കേരളം കുതിക്കുകയാണ്. എന്തെല്ലാം പ്രതിസന്ധികളും പ്രാരാബ്ധങ്ങളുമുണ്ടായാലും വീട്ടിനെ പട്ടിണിക്കിടില്ല എന്ന വിശ്വാസമാണ് പഴയ കാരണവൻമാർ നമ്മെ പഠിപ്പിച്ചത്. അതുകൊണ്ട് ഈ നാടിനെ പട്ടിണിക്കിടില്ലെന്ന വിശ്വാസമുണ്ട്. ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ്. ഓടുമ്പോൾ കുറച്ച് കിതയ്ക്കും, കിതയ്ക്കുമ്പോൾ കുറച്ച് നിൽക്കും. നിന്നാൽ പിന്നെയും ഓടും, അല്ലെങ്കിൽ ഇരിക്കും. അങ്ങനെയൊക്കെ പ്രയാസപ്പെടുമ്പോൾ ഇവിടെയുള്ള സാമ്പത്തിക സൗകര്യങ്ങളെല്ലാം ഉപയോഗിച്ചശേഷം കുറ്റം പറയുന്നവരാണ് അപ്പുറത്തിരിക്കുന്നവർ. വിമർശിക്കുന്നത് നല്ലതാണ്, തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാം. വാണിജ്യരംഗത്ത് വമ്പിച്ച പുരോഗതിയുണ്ടാക്കി. വ്യവസായ മേഖല പ്രതിസന്ധികൾക്കിടയിലാണ് മുന്നോട്ടുപോകുന്നത്. തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി വ്യവസായ സ്ഥാപനങ്ങൾ സജീവമാകുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുന്ന രാജ്യത്തെ പത്ത് സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തുകയും ചെയ്തത് ഈ ഘട്ടത്തിലാണ്. ഈ പ്രതിസന്ധികളെല്ലാമുണ്ടായിട്ടും വ്യവസായമേഖല മുന്നോട്ടുകുതിക്കുന്നത് കാണാതെ കണ്ണടച്ച് ഇരുട്ടാക്കി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ വ്യവസായങ്ങളെ ഈ സാമ്പത്തിക പ്രതിസന്ധിയിലും ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനമാണ് ഈ അഴിമതി മുക്ത ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആന കയറിയ കരിമ്പിൻതോട്ടംപോലെ വ്യവസായ മേഖല കോർപ്പറേറ്റുകൾക്കുവേണ്ടി സ്വകാര്യവത്കരിക്കുകയും സ്വകാര്യ മൂലധന

ശക്തികൾക്ക് പണയപ്പെടുത്തുകയും സ്വന്തക്കാർക്ക് വിൽക്കാൻ ശ്രമിക്കുകയും ചെയ്ത യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു കാലഘട്ടം ഇവിടെ ഉണ്ടായിരുന്ന വെന്നത് ലജ്ജയില്ലാതെ ഓർക്കാൻ കഴിയുകയില്ല. ടൈറ്റാനിയം അഴിമതിയെപ്പറ്റി ഇപ്പോൾ ആരും മിണ്ടുന്നില്ല. 123 കോടി രൂപയുടെ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ 160 കോടി രൂപയുടെ ലാഭത്തിലാക്കി മാറ്റാൻ ഈ സർക്കാരിന് സാധിച്ചു. Ease of doing business-ന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കാൻ 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി Kerala Investment Promotion and Facilitation Act-2018 പാസ്സാക്കിയതിൽ അഭിമാനമുണ്ട്. ലൈസൻസും മറ്റ് അനുമതികളും വേഗത്തിൽ ലഭ്യമാക്കാനായി ഏർപ്പെടുത്തിയ കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം ആശ്വാസകരംതന്നെയാണ്. 30 ദിവസത്തിനകം അപേക്ഷകളിൽ തീരുമാന മായില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കി സംരംഭം തുടങ്ങാമെന്ന സാക്ഷ്യ പത്രം കെ-സ്വിഫ്റ്റ് വഴി നൽകുന്നുവെന്ന് പറയുന്നത് വിശ്വാസംകൊണ്ടാണ്. വ്യവസായ ലൈസൻസുകളുടെ കാലാവധി അഞ്ച് വർഷമാക്കി ദീർഘിപ്പിച്ചു കൊടുത്തത് വ്യവസായികളെ ആകർഷിക്കാൻവേണ്ടിയാണ്. ജില്ലാ വ്യവസായ കേന്ദ്രം മുഖേന എടുത്ത വായ്പകളിൽ മാർജിൻമണി കുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കുകയും പലിശയിൽ 50% ഇളവ് നൽകുകയും ചെയ്തത് ജനങ്ങൾക്കു വേണ്ടിയാണ്. ജനപക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഞാൻ പിന്തുണ നൽകുകയാണ്. വ്യവസായ മാമാങ്കങ്ങളിലൂടെ ചില വ്യവസായങ്ങൾ വില്പന നടത്തിയിരുന്ന കാലഘട്ടം കഴിഞ്ഞു. കഴിഞ്ഞ കാലത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങുകയല്ല, പൂട്ടുകയാണ് ചെയ്തത്. കോഴിക്കോടുള്ള മാവൂർ ഗ്വാളിയോർ റയോൺസ്, കുന്നത്തറ ടെക്സ്റ്റൈൽസ്, നാളികേര കോംപ്ലക്സ്, ചെറുവണ്ണൂർ ഓട്ടുകമ്പനി, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് എന്നിവ മുതൽ കേരള സോപ്സ് ലിമിറ്റഡ് വരെ സ്വന്തക്കാർക്ക് വിൽക്കാൻ തീരുമാനി ച്ചിരുന്നു. ഈ ഗവൺമെന്റ് കേരള സോപ്സ് ലിമിറ്റഡിനെ ആധുനികവത്കരിച്ച് പൂർവ്വാധികം ശക്തിപ്പെടുത്തുകയാണ് ചെയ്തത്. ലണ്ടൻ രാജ്ഞി കുളിച്ചിരുന്നത് കേരള സോപ്സ് ലിമിറ്റഡ് നിർമ്മിച്ചിരുന്ന സോപ്പ് ഉപയോഗിച്ചാണ്. ഇപ്പോഴും അവിടെനിന്ന് ലണ്ടനിലേയ്ക്ക് സോപ്പ് കൊണ്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് പ്രസംഗിക്കുന്നതിനിടയിൽ മാവൂർ ഗ്വാളിയോർ റയോൺസിനെ സംബന്ധിച്ച് പറയുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം അവിടത്തെ ജീവനക്കാരനായിരുന്നുവെന്നാണ് തോന്നുന്നത്. ആ വ്യവസായ സ്ഥാപനം ഇപ്പോൾ അടഞ്ഞുകിടക്കുന്നതിനെ സംബന്ധിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അത് പുനഃസൃഷ്ടിക്കാനായി എന്തുനിർദ്ദേശമാണ് അവിടത്തെ ഒരു പൂർവ്വ തൊഴിലാളി എന്നനിലയിൽ അങ്ങേയ്ക്ക് നൽകാൻ സാധിക്കുക?

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, 33 വർഷം മാവൂർ ഗ്വാളിയോർ റയോൺസിൽ ഉദ്യോഗസ്ഥനായിരുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഒരു രൂപ വിലയ്ക്ക് മുള കൊടുത്ത് ആ ഭീമൻ വ്യവസായ സംരംഭത്തെ കേരളത്തിലേയ്ക്ക് കൊണ്ടുവന്നത് ഇ.എം.എസ്. ഗവൺമെന്റാണ്. ഇരുപത്തയ്യായിരത്തോളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ആ സ്ഥാപനം അടച്ചുപൂട്ടിയത് എന്തിനാണെന്നൊന്നും ഞാനിപ്പോൾ പറയുന്നില്ല. അതുപോലെ എത്രയെത്ര ടെക്സ്റ്റൈൽ മില്ലുകൾ! തിരുവണ്ണൂർ കോട്ടൺ മിൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുറന്നുപ്രവർത്തിപ്പിച്ചു, ഇത്തരം വ്യവസായ രംഗങ്ങളെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റല്ലാതെ യു.ഡി.എഫ്. ഗവൺമെന്റ് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതിൽ എനിക്കെന്ത് കിട്ടുമെന്ന ചിന്തയായിരുന്നു പലപ്പോഴും ഇവരെ ഭരിച്ചിരുന്നത്. വ്യവസായ സംരംഭകർക്കും പൊതുജനങ്ങൾക്കും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 മുതൽ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിലും എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇ-ഓഫീസ് ഈ ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. സംരംഭകത്വ സഹായ പദ്ധതി, വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. എന്റെ മണ്ഡലത്തിലും ഒരു വ്യവസായ ശൃംഖലയുണ്ട്. അവിടെ സംരംഭം തുടങ്ങാൻ മാത്രമല്ല, ഒരു റോഡ് വെട്ടുന്നതിനുപോലും അനുവാദം കൊടുക്കാതിരുന്ന ഒരു ഗവൺമെന്റായിരുന്നു ഇവിടെ ഭരിച്ചിരുന്നത്. ഇപ്പോൾ അവിടെ കൂടുതൽ വ്യവസായങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനുള്ള സജീവ നടപടികളുമായാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. KIED (Kerala Institute for Entrepreneurship Development)-നെ സംരംഭകത്വ വികസനത്തിലൂടെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതിയെക്കിച്ചാണ് എനിക്ക് പറയാനുള്ളത്. 2015-16-ൽ നഷ്ടം 131,60,00,000 രൂപ, 2016-17-ലെ നഷ്ടം 80,67,00,000 രൂപ, 2017-18-ൽ 5 കോടി രൂപ ലാഭം, 2018-19-ൽ 8,26,00,000 രൂപ ലാഭം ഇങ്ങനെ പോകുന്നു കണക്കുകൾ. രണ്ട് പ്രളയത്തെ അതിജീവിച്ച ഗവൺമെന്റാണിതെന്നുള്ളത് മനസ്സിലാക്കണം. കേന്ദ്ര സർക്കാർ പൂട്ടാൻ തീരുമാനിച്ച പാലക്കാട് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് തുടങ്ങി ഒട്ടേറെ കമ്പനികളുണ്ട്, പേര് ഓർമ്മയില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. ഇതൊക്കെ എങ്ങനെയെങ്കിലും ഓക്സിജൻ കൊടുത്ത് ജീവൻ വയ്പിക്കാനുള്ള ശ്രമത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്ന് മനസ്സിലാക്കണം. മലബാർ സ്പിന്നിംഗ് മിൽസിന്റെ കാര്യത്തിൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. കുട്ടികൾക്ക് യൂണിഫോം നൽകാൻ തീരുമാനിച്ചതോടുകൂടി ടെക്സ്റ്റൈൽ മില്ലുകളെല്ലാം സജീവമായി. കൈത്തറി-പവർ ലൂം സഹകരണ സംഘങ്ങളെ ഗവൺമെന്റ് കൈവിടരുതെന്നാണ് എനിക്ക് പറയാനുള്ളത്.

3.00 P.M.]

നൂറോളം സ്ത്രീകളടക്കം പണിയെടുക്കുന്ന സ്ഥാപനമാണ് സിഡ്കോ. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയും നവീകരണപ്രവർത്തനങ്ങൾ നടത്തിയും മാത്രമേ ആ സ്ഥാപനത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻ കഴിയൂ. മെഷിനറി സംവിധാനം ഏർപ്പെടുത്തി പൂട്ടലിന്റെ വക്കിൽ നിൽക്കുന്ന വ്യവസായത്തെ രക്ഷിച്ചെടുക്കേണ്ടതുണ്ട്. അമേരിക്കൻ പ്രസിഡന്റ് ഇവിടെ വന്നപ്പോൾ 'മിണ്ടരുത്, കേൾക്കരുത്, കാണരുത് എന്ന് സൂചിപ്പിക്കുന്ന മൂന്ന് കുരങ്ങൻമാരെ നൽകിയാണ് സ്വീകരിച്ചത്. നമ്മുടെ രാജ്യം എവിടേയ്ക്കാണ് പോകുന്നത്, ആരൊക്കെയാണ് ഇവിടെ വരുന്നത്, നമ്മുടെ സാമ്പത്തിക രംഗം എന്താകുന്നു എന്നീ കാര്യങ്ങളെക്കുറിച്ച് നമ്മൾ കൂട്ടായി ആലോചിക്കണം. ജാതി-മത-വർഗ്ഗ-വ്യത്യാസമില്ലാതെ കേരളത്തെ സംരക്ഷിക്കേണ്ടതുണ്ട്.

വൈദ്യുതിക്ക് ക്ഷാമമില്ലാത്ത, എല്ലാ തടസ്സങ്ങളും പഴങ്കഥകളായി മാറിയ, ഒരു കറുത്ത മനുഷ്യന്റെ പ്രകാശപൂരിതമായ കേരളത്തെയാണ് നാം ഇന്ന് കാണുന്നത്. പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് വൈദ്യുതി മേഖല പ്രകാശം പരത്തി ഉയരങ്ങളിലേയ്ക്ക് കുതിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയും ജനങ്ങളെ ഇരുട്ടിലാക്കുകയും ചെയ്തിരുന്നു. ആ കാലം കഴിഞ്ഞു. കക്കയം ഡാമിലെ ആറ് ടെർമിനലുകൾ പ്രളയത്തിൽ ഒലിച്ചുപോയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും എം.എൽ.എ.-യും തൊഴിലാളികളും അവിടെയെത്തുകയും പത്ത് ദിവസംകൊണ്ട് അത് പുനഃസ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ സരിതോർജ്ജമല്ല, സൗരോർജ്ജമാണ് പുരപ്പുറത്ത് കയറുന്നത്. സൗരോർജ്ജ നിലയങ്ങളിൽ നിന്ന് 500 മെഗാവാട്ട് സ്ഥാപിതശേഷി അധികമായി സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രകാശം പരത്തുന്ന ഊർജ്ജ മിഷൻ മേഖലയ്ക്ക് 1765 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. വോൾട്ടേജ് ക്ഷാമവും പവർക്കട്ടും ഒഴിവാക്കി മുന്നോട്ടുപോകുന്ന ഈ സർക്കാരിനെ എല്ലാ അർത്ഥത്തിലും സഹായിക്കണമെന്നും നമ്മുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ ഒരുമിച്ച് നിൽക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വ്യവസായ പുരോഗതിയെക്കുറിച്ച് വർഷങ്ങളായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കാണ് ഏറ്റവുമധികം സാദ്ധ്യതയുള്ളത്. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ചക്ക, പൈനാപ്പിൾ തുടങ്ങിയവയെല്ലാം ഈ മേഖലയിലാണ് വരുന്നത്, അവ വ്യാപിപ്പിക്കണം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അഞ്ച് ബൃഹത് വിവിധോദ്ദേശ്യ

വ്യവസായ സോണുകൾ ആരംഭിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടന്നൂർ-പനയത്തുപറമ്പിൽ 1000 ഏക്കറും തൊടുപുഴയിൽ 900 ഏക്കറും മങ്കടയിൽ 700 ഏക്കറും വിഴിഞ്ഞത്ത് 500 ഏക്കറും കാസർഗോഡ് 500 ഏക്കറും ഏറ്റെടുക്കുന്നതാണെന്നും അതിനായി മൊത്തം 5100 കോടി രൂപ ചെലവ് വരുമെന്നും നടപ്പുവർഷം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പറഞ്ഞതല്ലാതെ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. ഇത്രയും സ്ഥലം ഏറ്റെടുത്താൽ നെടുമ്പാശ്ശേരി എയർപോർട്ടിലേയ്ക്ക് പോകാൻ ഒരു മണിക്കൂർ മതിയാകും. അവിടെ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും. നാല്പതിനായിരം സ്ക്വയർ കി.മീ. വിസ്തൃതിയുള്ള നെതർലാൻഡ്സ് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി മാറിയിരിക്കുന്നു. കാർഷിക വികസനത്തിലൂടെയുള്ള മാറ്റമാണത്. അവിടെ നാല് മാസം മാത്രമേ സൂര്യപ്രകാശം ലഭിക്കുകയുള്ളൂ. എന്നിട്ടും അവർക്കിത് സാധിച്ചു. നമുക്കിവിടെ നല്ല സൂര്യപ്രകാശവും വെള്ളവും അനുകൂല സാഹചര്യങ്ങളുമാണുള്ളത്. ഇതുപോലെയുള്ള ഇൻവെസ്റ്റ്മെന്റ് കാർഷിക മേഖലയിൽ നടപ്പാക്കണം. 5 ഏക്കറിൽ ചക്ക കൃഷി ചെയ്ത ഒരാൾക്ക് 25 ലക്ഷം രൂപയാണ് വരുമാനം കിട്ടിയതെന്ന് ഇന്നലെ ഞാനിവിടെ പറഞ്ഞു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇവിടെ വന്നപ്പോൾ ആവശ്യപ്പെട്ടത് ഇന്ത്യൻ മിൽക്ക് വേണമെന്നാണ്. അതിനായി കൂടുതൽ അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് എ-2 മിൽക്ക് ഇന്ത്യൻ പശുക്കളിലാണുള്ളതെന്ന്. ഇതിന് 80% വില കൂടുതലാണ്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന് ലിറ്ററിന് 100 രൂപയാണ് വില. ടെട്രാപാക്ക് 6 മാസംവരെ കേടാകാതിരിക്കും. അങ്ങനെയുള്ളൊരു ഫാക്ടറി തൊടുപുഴയിൽ ആരംഭിക്കുകയാണെങ്കിൽ ക്ഷീര കർഷകർക്ക് മൂന്നിരട്ടി വിലകിട്ടാൻ സാധ്യതയുണ്ട്. അത്തരം പുതിയ കാര്യങ്ങളിലേയ്ക്ക് പോകണം.

1980-ൽ മിച്ചവൈദ്യുതിയുള്ള സംസ്ഥാനമായിരുന്നു കേരളം. അതിപ്പോൾ 30-40 ശതമാനം മാത്രമേയുള്ളൂ. 68 ശതമാനത്തിന്റെ കുറവുണ്ട്. അൺ-ഇന്ററപ്റ്റഡ് പവർ സപ്ലൈ ചെയ്യാൻ കഴിയണം. അതുപോലെ ഇലക്ട്രിക് കാറുകൾ വരാൻ പോകുകയാണ്. ഇതിനായി ഓട്ടോ സ്ട്രിപ്പ് അതായത്, വൈദ്യുതി ചാർജ്ജ് ചെയ്യാൻ പറ്റിയ സ്റ്റേഷനുകളുണ്ടാകണം. എയർ സ്ട്രിപ്പുകൾ ആവശ്യമാണ്. നാഷണൽ വാട്ടർവേ, കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ളത് ഞാൻ മന്ത്രിയായിരുന്നപ്പോൾ പൂർത്തിയാ ക്കിയതാണ്. ബാക്കിയുള്ളത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. അതുവഴി ചെറിയ കപ്പലുകൾക്ക് പോകാൻ കഴിയും, ട്രാൻസ്പോർട്ടേഷൻ നടക്കും. ടൂറിസത്തിന് വലിയ കുതിച്ചുചാട്ടമുണ്ടാക്കുന്ന ഒന്നാണത്.

ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇ. കെ. നായനാർ മുഖ്യമന്ത്രിയും ശ്രീ. ടി. ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. എം. വിജയകുമാർ സ്പീക്കറുമായിരുന്നപ്പോൾ നിയമസഭയിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കാൻ

കെൽട്രോണിനെ ഏൽപ്പിക്കണമെന്ന് തീരുമാനിച്ചു. അപ്പോഴാണ് അറിഞ്ഞത് ആ വർക്കുകൾ കെൽട്രോണല്ല ചെയ്യുന്നത് അവർ വേറെ കമ്പനിയെക്കൊണ്ടാണ് ചെയ്യിപ്പിക്കുന്നതെന്ന്. അതിനെത്തുടർന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മറ്റും ആവശ്യപ്പെട്ടതനുസരിച്ച് ഗ്ലോബൽ ടെണ്ടർ വിളിച്ചാണ് ആ സൗണ്ട് സിസ്റ്റം സ്ഥാപിച്ചത്. ഇന്ത്യയിൽ ഏറ്റവും വലിയ സൗണ്ട് സിസ്റ്റമുള്ളത് കേരള നിയമസഭയിലാണ്. അതിന് യാതൊരുവിധ പ്രശ്നങ്ങളുമില്ല, എക്കോയുമില്ല. അഞ്ച് വർഷത്തെ മെയിന്റനൻസും അവർ ഏറ്റെടുത്തു. അതുകൊണ്ട് വർക്കുകൾ കെൽട്രോണിന് നൽകണമെന്നുള്ള തീരുമാനമെടുക്കരുത്, ബെസ്റ്റ് ക്വാളിറ്റിക്കുവേണ്ടിയാണ് നില കൊള്ളേണ്ടത്. നമ്മുടെ മുൻമുഖ്യമന്ത്രി ഇ. കെ. നായനാരുടെ കാലത്ത് നിയമ സഭയിലേയ്ക്ക് ആവശ്യമായ തടി മുഴുവൻ ഒരു വടക്കേ ഇന്ത്യൻ കമ്പനിയിൽനിന്നും വാങ്ങാനാണ് ആദ്യം തീരുമാനിച്ചത്. പക്ഷേ, പിന്നീട് അത് മുഴുവനും തേക്കിൻ തടിയാക്കി. 300 കൊല്ലം കഴിഞ്ഞാലും ഈ ഫർണിച്ചറുകളൊന്നും ചീത്തയാകില്ല. അങ്ങനെ ക്വാളിറ്റിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞെന്നുള്ള ചാരിതാർത്ഥ്യം ഞാൻ രേഖപ്പെടുത്തുകയാണ്. അഗ്രോ ഇൻഡസ്ട്രീസിനെ അടിസ്ഥാനമാക്കിയാൽ വൻതോതിലുള്ള പുരോഗതിയുണ്ടാക്കാൻ കഴിയും. തൊടുപുഴയിലെ 900 ഏക്കർ ഉൾപ്പെടെ ബാക്കിയുള്ള 5 സ്ഥലങ്ങളും ഏറ്റെടുത്ത് മുന്നോട്ടുപോയാൽ വ്യവസായ രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയും, അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഖാദി വസ്ത്രങ്ങളുടെ ഉപഭോഗം മെച്ചപ്പെടുത്താനുള്ള പരിശ്രമം ഇവിടെ നടക്കുന്നുണ്ട്. ഒരുകാലത്ത് നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളും രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകരുമെല്ലാം ധരിച്ചിരുന്നത് ഖാദി വസ്ത്രമാണ്. ഇപ്പോൾ ഖാദിയുമായി ബന്ധപ്പെട്ട് നല്ല രീതിയിലുള്ള പ്രചാരണങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. എന്റെ നിയോജകമണ്ഡലമായ വടകരയിലെ ഖാദി യൂണിറ്റ് വിപുലീക രിക്കാനുള്ള ശ്രമം നടക്കുകയാണ്. വിദേശത്തേയ്ക്ക് കൈത്തറി ഉല്പന്നങ്ങൾ കയറ്റി അയച്ചിരുന്ന അനേകം സ്ഥാപനങ്ങൾ കണ്ണൂരിലും തലശ്ശേരിയിലുമുണ്ടായിരുന്നു. അവ ഇന്ന് സ്തംഭനാവസ്ഥയിലാണ്. മലബാറിലെ കൈത്തറി വ്യവസായത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. നല്ലയിനം കൈത്തറി വസ്ത്രങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്ന കോഴിക്കോടുണ്ടായിരുന്ന വലിയ കമ്പനികളൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആ മേഖലയെ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് ആലോചിക്കണം. കൈത്തറി ഉല്പന്നങ്ങളുണ്ടാക്കുന്നത് പഠിപ്പിച്ചുകൊടുക്കാനും മറ്റും കഴിവുള്ള ലോകപ്രശസ്തരായ ആളുകളുള്ള പ്രദേശമാണത്. എന്റെ നാട്ടിൽ കുട്ടികൾക്ക് കൈത്തറി യൂണിഫോം വന്നപ്പോൾ കുട്ടികളെക്കാളും ആഹ്ലാദിച്ചത് കൈത്തറി തൊഴിലാളികളാണ്. അതുമായി ബന്ധപ്പെട്ട് കൈത്തറി തൊഴിലാളികൾക്ക്

തൊഴിലവസരങ്ങളുണ്ടായി. ഖാദി, കൈത്തറി വ്യവസായം മെച്ചപ്പെടുത്തുന്നതിനുള്ള സമീപനമുണ്ടാകണം. ശക്തമായ മഴയെത്തുടർന്നുണ്ടായ നാശനഷ്ടംമൂലം എന്റെ നിയോജകമണ്ഡലമായ വടകരയിലെ അഴിയൂർ പഞ്ചായത്തിലെ കൈത്തറി ചെറുകിട വ്യവസായ യൂണിറ്റുകളിലെ പല ഷോപ്പുകളിലും ജോലിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ആ യൂണിറ്റുകൾ ഞാൻ സന്ദർശിക്കുകയും അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. അവ മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വടകരയടക്കം പുഴകളുള്ള എല്ലാ പ്രദേശത്തും തൊണ്ട് വെള്ളത്തിൽ പൂഴ്ത്തി ചകിരി ഉത്പാദിപ്പിക്കുന്നതും കയർപിരിക്കുന്നതും വലിയൊരു തൊഴിലായിരുന്നു. ഇപ്പോൾ മലബാർ മേഖലയിൽ അത് നിരോധിച്ചിരിക്കുകയാണ്. എന്നാൽ മറ്റ് ഭാഗങ്ങളിൽ ഇത് നടക്കുന്നുണ്ട്. ഒരു വലിയ വ്യവസായമായിരുന്ന ഇതിനെ മലബാർ ഭാഗത്തുമാത്രം നിരോധിച്ചത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. നല്ല ചകിരി കിട്ടുന്നത് നമ്മുടെ നാട്ടിലായിരുന്നു. അത് പുനരാരംഭിക്കുന്നതിനെക്കുറിച്ച്  ഗൗരവമായി ആലോചിക്കണം.

ഇന്ന് നമ്മുടെ നാട്ടിൽ വൈദ്യുതി പ്രതിസന്ധിയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി വൈദ്യുതി ഉത്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ കഴിയുന്ന തരത്തിലുള്ള പുതിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കണം. വ്യാവസായിക മേഖല പല തരത്തിലുള്ള വെല്ലുവിളികൾ  നേരിടുകയാണ്. പല സംസ്ഥാനങ്ങളിലും ഐ.ടി. മേഖല പിന്നിലാണെങ്കിലും നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഭാഗങ്ങളിൽ ഇത് വളർന്നുവരികയാണ്. ഈ മേഖലയെ മെച്ചപ്പെടുത്തി അഭ്യസ്തവിദ്യരായ യുവതലമുറയ്ക്ക് കേരളത്തിൽത്തന്നെ തൊഴിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വ്യവസായങ്ങളുടെ വളർച്ചയല്ല, തളർച്ചയാണ് ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ധാരാളം സ്കീമുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിലൂടെയൊന്നും വ്യവസായങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിലേയ്ക്കോ മുന്നോട്ടുള്ള പ്രവർത്തനങ്ങളിലേയ്ക്കോ ആശാവഹമായി നീങ്ങാൻ കഴിയുന്നില്ല. K-SWIFT (Kerala-Single Window Interface for Fast and Transparent Clearance) ഓൺലൈൻ പദ്ധതിയെക്കുറിച്ച് ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും വലിയ ആശയങ്ങളിലൊന്നായ K-SWIFT ഓൺലൈൻ ഏകജാലക ക്ലിയറൻസ്

സംവിധാനംവഴി 43 അപേക്ഷകൾക്കാണ് ഇതുവരെ അനുമതി നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഏകജാലക സംവിധാനത്തിലൂടെ വേഗത്തിൽ നടപടികൾ സ്വീകരിക്കണമെങ്കിൽ അതിന്റെ പ്രവർത്തനം എങ്ങനെയാണെന്നതു സംബന്ധിച്ച് മറ്റെല്ലാ കാര്യങ്ങളും മാറ്റിവച്ച് ആത്മാർത്ഥമായി പരിശോധിച്ചുനോക്കണം. 305-ലധികം അപേക്ഷകൾ കിട്ടിയതിൽ 43 എണ്ണത്തിനാണ് അനുമതി നൽകാൻ കഴിഞ്ഞത്. വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കാൻ ഇപ്പോഴും സാധിക്കുന്നി ല്ലെന്നുള്ളതാണ് അതിൽനിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. 2017-ലെ വ്യവസായ നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ പാർക്കുകൾ പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതിന്റെ നിർവ്വഹണം കിൻഫ്ര വഴിയാണോ അതോ ഡിപ്പാർട്ട്മെന്റ് നേരിട്ടാണോ നടത്തുന്നത്? പ്രഖ്യാപിച്ച സ്വകാര്യ വ്യവസായ പാർക്കുകളൊന്നുംതന്നെ ഇതുവരെ മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ചെറുകിട സംരംഭക മേഖല ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട ഒന്നാണ്. അവർക്ക് ഏറ്റവും ഫീസിബിളായ നിലയിൽ ടെക്നോളജി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ വ്യവസായികളുടെ ആത്മഹത്യയടക്കമുള്ള നിരവധി വിഷയങ്ങൾ സഭാതലത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ദുരനുഭവങ്ങൾ ലോകത്തിന്റെ മുമ്പിൽ നിൽക്കുകയാണ്. എത്ര ലോക കേരള സഭകളും ഇൻവെസ്റ്റേഴ്സ് മീറ്റുകളും നടത്തിയാലും കേരളത്തിലെ വ്യവസായികളെ/നിക്ഷേപകരെ പിന്തിരിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു സംഭവം മതിയാകും. അക്കാര്യത്തിൽ ഗവൺമെന്റിന് കൃത്യമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല, സംരംഭകരെ പിന്നോട്ടടിക്കുന്ന സാഹചര്യവും നിലനിൽക്കുകയാണ്.

അങ്ങയുടെ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്വാറികൾക്ക് അനുമതി നൽകുന്നത് പരിശോധനാ വിധേയമാക്കിയായിരിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം 300-ൽപ്പരം ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നാണ് രേഖാമൂലം അങ്ങ് നൽകിയിരിക്കുന്ന മറുപടി. പക്ഷേ, അങ്ങ് പറഞ്ഞതും പത്രങ്ങളിൽ വന്ന കണക്കുകളും തമ്മിൽ പൊരുത്ത പ്പെടുന്നില്ല. 17 ക്വാറികൾക്ക് പാരിസ്ഥിതികാനുമതിയില്ലെന്നാണ് അങ്ങ് മറുപടി നൽകിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് അത്തരത്തിലുള്ള ക്വാറികൾക്കെതിരെ നടപടിയെടുക്കുന്നില്ല എന്നാണ് ഞാൻ ചോദിക്കുന്നത്.

ഇവിടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെക്കുറിച്ച് പറഞ്ഞു. പിറവം ടൗണിൽത്തന്നെ സിഡ്കോയുടെ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുണ്ട്. അങ്ങ് അത് പരിശോധിക്കണം. പല സ്ഥലങ്ങളിലും സമാന അവസ്ഥയാണുള്ളത്. അവിടെ ഇപ്പോൾ മൂന്നോ നാലോ സ്ഥാപനങ്ങളേയുള്ളൂ. ബാക്കിയുള്ള സ്ഥലങ്ങൾ

സിഡ്കോ പുറത്ത് വിൽക്കാനുള്ള രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അത് അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. 1976-ൽ ആരംഭിച്ചതാണ് സിഡ്കോ. അക്കാലത്ത് എടുത്ത ഈ സ്ഥലങ്ങൾ അവിടത്തെ സംരംഭകർ മുന്നോട്ടുവച്ചതാണ്. അതിപ്പോൾ സിഡ്കോ ഏറ്റെടുത്ത് പുറത്തുകൊടുക്കാൻ പോകുകയാണ്. അവിടെയുള്ള സംരംഭകർ ഇത് ഏറ്റെടുക്കാൻ തയ്യാറാണ്. ഇതുപോലുള്ള ചെറിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ മുന്നോട്ടുകൊണ്ടുവരാൻ കഴിയണം. പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനെക്കുറിച്ച് ഞാൻ പലതവണ പറഞ്ഞിട്ടുള്ളതാണ്. അങ്ങ് ഈ അസംബ്ലിയിൽ നൽകുന്ന എല്ലാ മറുപടികളും പ്രതീക്ഷ നൽകുന്നതാണ്. ഒരു ചോദ്യത്തിനും അങ്ങ് പറ്റില്ല എന്നൊരു മറുപടി ഇതുവരെ നൽകിയിട്ടില്ല. സ്ഥലം ഏറ്റെടുക്കാൻ പോകുന്നു, അതിന്റെ വിവിധ ഘട്ടങ്ങളിലൂടെ നീങ്ങുന്നു, അത് ഏറ്റെടുത്തുകഴിഞ്ഞാൽ പ്രോജക്ടിന് ആരംഭം കുറിക്കും, അങ്ങനെയുള്ള മറുപടികളാണ് അങ്ങ് നൽകുന്നത്. അസെന്റ് 2019-ലും ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അസെന്റിൽ അവതരിപ്പിച്ച 100 കോടി രൂപയിൽ കൂടുതലുള്ള നിക്ഷേപ പദ്ധതികൾ ഏതാണ്? കേരളത്തിലെ 60 പദ്ധതികളിലൊന്ന് ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കാണ്. എല്ലാ മറുപടികളും വളരെ കൃത്യമാണ്, പക്ഷെ ഒന്നും നടക്കുന്നില്ല. അവിടെ 41 കോടി രൂപ ഭൂമി ഏറ്റെടുക്കാൻ അനുവദിച്ചിട്ടുണ്ട്. അതുപോലും മുന്നോട്ട് നീങ്ങാത്ത സാഹചര്യമാണുള്ളത്. കഴിഞ്ഞ സമ്മേളനത്തിൽ ഒരു ബില്ലിന്റെ ചർച്ചയിൽ അങ്ങ് 'അവിടെ വന്ന് നോക്കിയാൽ ഒരു വ്യവസായം തുടങ്ങാൻ തോന്നുമോ' എന്നൊരു പരാമർശം നടത്തിയിരുന്നു. വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് അത്തരമൊരു പരാമർശം നടത്താൻ പാടില്ലായിരുന്നു. നെടുമ്പാശ്ശേരി വിമാനത്താവളം സ്ഥിതിചെയ്യുന്ന പ്രദേശം വിമാനത്താവളം വരുന്നതിനുമുമ്പ് അങ്ങ് കണ്ടിട്ടുണ്ടോ; ഇല്ലല്ലോ. കണ്ടിരുന്നെങ്കിൽ അങ്ങ് കരുതുമായിരുന്നോ അവിടെയൊരു വിമാനത്താവളം വരുമെന്ന്. ഭൂമി വികസിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അങ്ങ് ആ ഫയൽ പരിശോധിക്കണം. ആ 100 ഏക്കർ ഭൂമി പൂർണ്ണമായും ചതുപ്പുനിലമല്ല, അവിടെ കരഭൂമിയുണ്ട്. ആ പ്രോജക്ട് നന്നായി ഡെവലപ് ചെയ്യാൻ കഴിയുന്ന സ്ഥലമാണത്. ഇക്കോ-ഫ്രണ്ട്‌ലിയായി അവിടത്തെ നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയൊക്കെ സംരക്ഷിച്ചുകൊണ്ട് അത് ഡെവലപ് ചെയ്യണമെന്ന് ഫയലിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. അയ്യായിര ത്തിൽപ്പരം ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്ന വലിയൊരു സംരംഭമാണത്. വളരെ പ്രയാസത്തോടെ ഞാൻ പറയുകയാണ്, ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ നാല് വർഷമായി അക്കാര്യത്തിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോ എന്ന് അങ്ങ് വ്യക്തമാക്കിയാൽ മതി. അല്ലാതെ ഞാൻ എഴുതിത്തരുന്ന ചോദ്യങ്ങൾക്ക്

'പറ്റും പറ്റും' എന്ന് മറുപടി പറയുകയും ഒരു കാര്യവും മുന്നോട്ട് നീങ്ങാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയും ചെയ്യരുത്. എന്താണ് നിങ്ങളുടെ ലക്ഷ്യമെന്ന് വ്യക്തമാക്കണം അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ നയമെന്താണെന്ന് അങ്ങ് മറുപടി പ്രസംഗത്തിൽ സൂചിപ്പിക്കണം. ആ പദ്ധതി ഉപേക്ഷിക്കരുതെന്ന് ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. പൊതുവെ നോക്കുമ്പോൾ ഈ രണ്ട് വകുപ്പുകളുടെ പ്രവർത്തനങ്ങളും ജനങ്ങൾക്ക് പ്രയോജനപ്രദമാകാത്ത നിലയിൽ മുന്നോട്ടുപോകുന്ന സാഹചര്യമാണ്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, 2020-21 ധനകാര്യ വർഷത്തെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നവകേരളം എന്ന ആശയത്തിന്റെ വെളിച്ചം ഇന്ന് കേരളം അറിയുന്നുണ്ട്. കൈക്കുമ്പിളിലെ തിരിനാളം കാറിലും കോളിലും പേമാരിയിലും പ്രളയത്തിലും കടന്നാക്രമണങ്ങളിലും അണഞ്ഞു പോകാതെ, ഉലഞ്ഞുപോകാതെ കാത്തുസൂക്ഷിക്കുന്ന നിതാന്ത ജാഗ്രതയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിനുള്ളത്. പ്രവർത്തിക്കുന്ന ഒരു പ്രത്യയശാസ്ത്രമായി ഈ ഗവൺമെന്റ് മാറിയിട്ടുണ്ട്. വോട്ട് രാഷ്ട്രീയത്തിന്റെ ഹ്രസ്വദൃഷ്ടി മാത്രമുള്ള വലതുപക്ഷ രാഷ്ട്രീയത്തിൽനിന്നും വിഭിന്നമായ ഒരു വികസന സംസ്കാരത്തിനാണ് കേരളം ഇന്ന് സാക്ഷ്യംവഹിക്കുന്നത്. വ്യവസായ സൗഹൃദ സംസ്ഥാനമല്ല കേരളം എന്നൊരു പേരുദോഷം നാം പേറിയിരുന്നു. അതിൽ നിന്നും വളരെ ദൂരം മാറി വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കാൻ കേരളത്തിന് ഇന്ന് കഴിയുന്നുണ്ട്. കേരളത്തിൽ അഴിമതി മാത്രമായിരുന്നു വ്യവസായം. അടച്ചുപൂട്ടാൻ അവസരം കാത്തിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും അവയിൽ ജോലി ചെയ്യുന്ന അരക്ഷിതാവസ്ഥയിലെത്തിയ തൊഴിലാളികളുമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ദീർഘവീക്ഷണമുള്ള, അഴിമതി സ്പർശമില്ലാത്ത, നിശ്ചയദാർഢ്യമുള്ള, സന്തുലിതമായ പദ്ധതി നിർവ്വഹണമുള്ള വ്യവസായ വകുപ്പിനെത്തേടി ദേശീയ പുരസ്കാരങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആഗോള നിക്ഷേപം ഇവിടെ നടന്നു. 138 പദ്ധതി നിർദ്ദേശങ്ങളിലായി 66,900 കോടി രൂപയുടെ നിക്ഷേപ സാധ്യതകളാണ് കേരളത്തിൽ രൂപപ്പെട്ടിരിക്കുന്നത്. സ്വദേശി-വിദേശി വൻകിട സംരംഭങ്ങളെത്തുന്നതുവഴി ഒരു വലിയ കുതിപ്പ് ആ മേഖലയിലുണ്ടാകാൻ പോകുകയാണ്. കിതച്ച് നിൽക്കാനായുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുജ്ജീവനത്തിന്റെ പാതയിലാണ്.

എന്റെ മണ്ഡലത്തിനരികിലാണ് ബാലരാമപുരം സ്പിന്നിംഗ് മിൽ. അവിടത്തെ സൈറൺ കേട്ട് ഉണർന്നിരുന്ന ഒരു ജനതയുടെ നാടാണ് ബാലരാമപുരം. ആ പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചത് 2004-ലാണ്. അത് പിന്നീട് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഇന്ന് ബാലരാമപുരം

സ്പിന്നിംഗ് മില്ലുകളിൽ നിന്ന് 39 കണ്ടെയ്നറുകളിലായി 748800 കിലോ നൂലാണ് കയറ്റി അയയ്ക്കാനായത്. അതുമാത്രമല്ല, യാൺ ബാങ്ക് ആരംഭിക്കാൻ കഴിഞ്ഞി രിക്കുന്നു. പുനരുജ്ജീവനത്തിന്റെയല്ല, കുതിച്ചുകയറ്റത്തിന്റെ നാളുകളിലൂടെയാണ് ആ സ്ഥാപനം ഇപ്പോൾ കടന്നുപോകുന്നത്. അതുപോലെതന്നെ തിരുവനന്തപുരം ജില്ലയിലെ കെൽപാം പുതിയ കാലത്തിന്റെ സവിശേഷതകൾ അനുസരിച്ചുള്ള പുതിയ കോളകൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് പുരോഗതിയിലേയ്ക്ക് കുതിക്കുകയാണ്. അടച്ചുപൂട്ടലിന്റെ വക്കിലെത്തിയിരുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എ.എൽ. ഇന്ന് ഇന്ത്യയിലാദ്യമായി കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിന് അനുമതി തേടിയിരിക്കുന്നു. ഐ.എസ്.ആർ.ഒ.-ക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്ന നവീന മെഷീൻ ഷോപ്പും അവിടെ പ്രവർത്തിക്കുന്നു. ഇതാണ് വ്യവസായ വകുപ്പിന്റെ ഒരു നഖചിത്രം.

വൈദ്യുതി വകുപ്പ് പ്രതിസന്ധികളിൽപ്പെട്ട് ഉലയാതെ കാത്തുസൂക്ഷിക്കാൻ കഴിയുന്ന ഒരു നേതൃത്വത്തിന്റെ സാന്നിദ്ധ്യം അറിയുകയാണ്. പൊതുമേഖല എന്ന കാഴ്ചപ്പാടിനെ തകർത്ത് അവയെ സ്വകാര്യവത്കരിക്കുന്നതിന് കോൺഗ്രസ്-ബി.ജെ.പി. ഗവൺമെന്റുകൾ ശ്രമിച്ച ഘട്ടങ്ങളിൽ അതിനെയെല്ലാം ചെറുത്തുതോൽപ്പിക്കാൻ ഇടതുപക്ഷത്തിന് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. 2003-ലെ എ. ബി. വാജ്പേയ് സർക്കാർ ഇലക്ട്രിസിറ്റി ആക്ട് കൊണ്ടുവന്നപ്പോൾ അതിനെ പ്രതിരോധിച്ചത് കേരളം മാത്രമാണ്. വികസനത്തിന്റെ ചാലകശക്തിയാക്കി കേരളത്തിലെ വൈദ്യുതി വകുപ്പിനെ മാറ്റാൻ ഇന്ന് കഴിയുന്നുണ്ട്. സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ 30% മാത്രമാണ് ജലവൈദ്യുതിയിൽനിന്നും ലഭ്യമാകുന്നത്. വരുംകാല ആവശ്യ ങ്ങൾക്ക് അത് തികയുകയില്ലെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് സോളാർ വൈദ്യുതിയിലേയ്ക്ക് നമ്മൾ നീങ്ങുന്നത്. 2021 ആകുമ്പോഴേയ്ക്കും 1000 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുമെന്ന നിശ്ചയദാർഢ്യത്തോടെയുള്ള ചുവടുവയ്പുകളാണ് വൈദ്യുതി വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ എല്ലായിടത്തും ലഭ്യമാക്കാനായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളം മാറിയത് അങ്ങനെയാണ്. ഹരിത കേരളത്തിന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ച് വൈദ്യുതി വകുപ്പ് സ്വീകരിച്ച 'ഫിലമെന്റ് രഹിത കേരളം' എന്ന സമീപനം മെർക്കുറി പരിസ്ഥിതിയിൽ സൃഷ്ടിക്കുന്ന വിപത്തുകളിൽനിന്നും കേരളത്തെ രക്ഷിക്കുന്ന ഒന്നാണ്. അതുപോലെ, അടുത്തകാലത്ത് സംഘടിപ്പിക്കപ്പെട്ട അദാലത്തുകൾ മുഖേന ഒട്ടനവധി ഫയലുകൾ വളരെ വേഗത്തിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദീർഘവീക്ഷണത്തോടുകൂടിയ കാഴ്ചപ്പാടുകളുടെയും വരുംകാലത്തേയ്ക്കുള്ള കരുതിവയ്പുകളുടെയും വെളിച്ചമാണ് ഈ

രണ്ട് വകുപ്പുകൾവഴി കേരളം കണ്ടത്. ഈ സമീപനത്തെ എതിർക്കാൻ യു.ഡി.എഫ്. നിർബന്ധിതരാകുമ്പോൾ അവരോട് സഹതപിക്കുകയല്ലാതെ എന്തുചെയ്യാൻ കഴിയും? സാധാരണഗതിയിൽ, മനസ്സ് തകർന്ന് ആത്മഹത്യയുടെ വക്കത്തെത്തിയ മനുഷ്യരെ ആശ്വസിപ്പിക്കാൻവേണ്ടി പറയുന്നൊരു കാര്യമുണ്ട്, 'നിങ്ങൾക്ക് പരിഹരിക്കാനാകാത്ത പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ച് സമയം പാഴാക്കുന്നതിൽ അർത്ഥമില്ല എന്ന്.' കേരളത്തിന്റെ പ്രതിപക്ഷത്തോട് ഞങ്ങൾക്ക് പറയാനുള്ളത് ഇടതുപക്ഷ തുടർഭരണം എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്, ആ യാഥാർത്ഥ്യം നിങ്ങളെ അലട്ടുന്നുണ്ട്. പക്ഷെ അത് ഒഴിവാക്കാനാവില്ലെന്ന് നിങ്ങൾ തിരിച്ചറിയണം. കാരണം ഇന്ന് ഈ രാജ്യം ഫാസിസ്റ്റ് ഭീഷണി നേരിടുകയാണ്. അതിന് ചരിത്ര പരമായ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ബാധ്യതയുള്ള ഒരു പ്രസ്ഥാനമാണ് കോൺഗ്രസ്. പക്ഷെ കോൺഗ്രസിന് അതിന് കഴിയുന്നുണ്ടോ? പാർലമെന്റ് ഹാളിനുള്ളിൽ വി. ഡി. സവർക്കറിന്റെ ഒരു ഛായാചിത്രമുണ്ട്. അത് അനാച്ഛാദനം ചെയ്തത് അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ്. അതിനുമുമ്പ് 1970 മേയ് മാസം 28-ാം തീയതി വി. ഡി. സവർക്കറിന്റെ പേരിൽ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറങ്ങിയിട്ടുണ്ട്. അന്ന് ഈ രാജ്യം ഭരിച്ചിരുന്നത് ബി.ജെ.പി. അല്ല, കോൺഗ്രസായിരുന്നു എന്നുള്ളത് ചരിത്രത്തിന്റെ താളുകളിൽ തെളിയുന്ന ഒരു വസ്തുതയാണ്. എല്ലാ കാലത്തും ഇടതുപക്ഷ വിരോധം കാരണം വലതുപക്ഷ ശക്തികളോട് ഐക്യം കൂടാൻ, ഇടതുപക്ഷത്തെ തകർക്കുന്നതിനു വേണ്ടി ഏത് സമീപനവും സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറായിട്ടുണ്ടെന്ന് നമുക്കറിയാം. ഇന്നിപ്പോൾ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് ഐക്യത്തിന്റെ സന്ദേശം നൽകിയ ശബ്ദങ്ങൾ അപ്പുറത്തുനിന്നുമുണ്ടായി. എന്നാൽ, ഇടതുപക്ഷത്തോടുള്ള അന്ധമായ രാഷ്ട്രീയവിരോധം കാരണം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങളെ ദുർബ്ബലപ്പെടുത്തുന്ന, ഇടതുപക്ഷത്തിന്റെ പ്രകാശഗോപുരങ്ങളായ ചരിത്രപുരുഷന്മാരെ യുക്തിയില്ലാതെ, ചരിത്രബോധമില്ലാതെ അവഹേളിക്കുന്ന സമീപനമല്ലേ അപ്പുറത്തു നിന്നുമുണ്ടാകുന്നത്? സംഘപരിവാർ ഉൾപ്പെടെ ലോകത്തെവിടെയുമുള്ള ഫാസിസ്റ്റുകൾ ചരിത്രത്തെ നിഷേധിക്കുന്നവരാണെന്ന് നമുക്കറിയാം. ചരിത്രത്തിലെ ചില തീയതികൾ മറന്നുകൊണ്ട് നുണകൾ പ്രചരിപ്പിക്കുന്നവരാണ്. കോൺഗ്രസിന്റെ പല നേതാക്കളും ആ പാത സ്വീകരിക്കുകയല്ലേ ചെയ്യുന്നത്? കേരളത്തിലെതന്നെ ഏറ്റവും തലമുതിർന്ന ലോകാരാധ്യന്മാരായ നേതാക്കൾക്കെതിരായി അപ്പുറത്തു നിന്ന് എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ ഈ സഭയ്ക്കുള്ളിലാണ് സഖാവ് ഇ.എം.എസ്.-നെക്കുറിച്ച് സീനിയർ അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരിക്കലും ഈ നാടിന് പൊറുക്കാനാകാത്ത അസത്യം പ്രചരിപ്പിച്ചത്. 1942-ലാണ് ക്വിറ്റ് ഇന്ത്യ സമരം നടക്കുന്നത്, 1937-ലാണ് സഖാവ്

ഇ.എം.എസ്. അറസ്റ്റ് വരിക്കുന്നത്. ക്വിറ്റ് ഇന്ത്യ സമരത്തിനെ തള്ളിപ്പറഞ്ഞുവെന്ന പെരുംനുണയാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ കയ്യിൽ ചരിത്രരേഖകളുണ്ടെന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ വാദം കേൾക്കുമ്പോൾ വിയറ്റ്നാം കോളനിയിലെ ശങ്കരാടി അവതരിപ്പിച്ച കഥാപാത്രത്തിന്റെ ഡയലോഗാണ് ഓർത്തുപോകുന്നത്. ശങ്കരാടിയുടെ കാലുകളിലുണ്ടായിരുന്നത് ഇരുമ്പ് ചങ്ങലകളായിരുന്നുവെങ്കിൽ അദ്ദേഹത്തെപ്പോലെയുള്ള ഇടതുപക്ഷ തിമിരം ബാധിച്ച ഖദറിട്ട കോൺഗ്രസ് നേതാക്കളുടെ കാലുകളിലുള്ളത് ഫാസിസത്തിന്റെ ചങ്ങലക്കെട്ടുകളാണെന്ന് നമുക്ക് ബോധ്യമാകുകയാണ്. ഇവർക്ക് യോജിച്ച് സമരത്തിൽ പങ്കാളികളാകാൻ പറ്റുന്നുണ്ടോ? ഇടതുപക്ഷത്തെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നവർ സ്വന്തം പാർട്ടിയിലെ പ്രവർത്തകരോട് സ്വീകരിക്കുന്ന സമീപനമെന്താണ്? തിരുവനന്തപുരം ജില്ലയിൽ കോൺഗ്രസിന്റെ ജില്ലാ ജനറൽ സെക്രട്ടറി യൂത്ത് കോൺഗ്രസ് നേതാവിനെ എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധ സമരത്തിൽ കണ്ണിചേർത്തതെന്ന് നവമാധ്യമത്തിലൂടെ ലോകം കണ്ടു. ഒരു കെ.എസ്.യു. നേതാവ് മോർഫിംഗ് വഴി എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധ സമരം സംഘടിപ്പിച്ചത് എന്ന് ഈ നാട് കണ്ടു. ഇവർക്ക് ആത്മാർത്ഥതയില്ല. ഇവർക്ക് അന്ധമായ ഇടതുപക്ഷ വിരോധമാണ്. അതിന്റെ പേരിൽ വലതുപക്ഷത്തെ എല്ലാ ഫാസിസ്റ്റ് ശക്തികളെയും യോജിപ്പിച്ചുകൊണ്ട് ഒരുമിച്ചുപോകാനാണ് ഇവർ ശ്രമിക്കുന്നത്. ഇവർ കേരളത്തെ പതിറ്റാണ്ടുകൾ പിറകിലേയ്ക്ക് വലിക്കാനാണ് ശ്രമിക്കുന്നത്. ഇവർ കേരളത്തിന്റെ എല്ലാ നന്മകളെയും ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ജാതി-മത-സാമുദായിക ശക്തികളുടെ ദുഷിച്ച ബലത്തെ ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷത്തെയും കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനെയും തടയാൻ ശ്രമിക്കുന്ന പ്രതിപക്ഷം ഇനിയെങ്കിലും തെറ്റ് തിരിച്ചറിയണമെന്നും ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന നവകേരളം എന്ന കർമ്മ പരിപാടിയെ അനുകൂലിക്കാൻ കഴിഞ്ഞില്ലെങ്കിലും എതിർക്കാതെയെങ്കിലുമിരിക്കാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പല പ്രതിസന്ധികൾക്കിടയിലും ഏറ്റവും മികച്ച നിലയിൽ കേരളത്തെ ഈ സർക്കാർ മുന്നോട്ടുകൊണ്ടുപോകുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്ന രണ്ട് മന്ത്രിമാരുടെ വകുപ്പുകളുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. വൈദ്യുതി വകുപ്പുമന്ത്രി കേരളത്തിന് അഭിമാനമായി മാറിയിരിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഒരു പ്രസംഗത്തിന്റെ പേരിൽ നാല് ക്രിമിനൽ കേസ്സുകളിൽ പ്രതിയാക്കി തളർത്താൻ ശ്രമിച്ച വ്യക്തിയാണ് ഇന്ന് കേരളത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നതെന്ന കാര്യം എടുത്തുപറയേണ്ടതാണ്. വ്യവസായ വികസനത്തിനും

ഇവിടെ മേൽക്കൈ വന്നിരിക്കുകയാണ്. വ്യവസായ വികസനമുണ്ടാകണമെങ്കിൽ വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കേണ്ടതുണ്ട്. അത്തരമൊരു സാഹചര്യമാണ് കേരളത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ ഉണ്ടായിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. നേരത്തെ ഇവിടെ പകൽ സമയത്ത് മൂന്ന് മണിക്കൂറും രാത്രി ഒരു മണിക്കൂറുമൊക്കെ പവർകട്ടും ലോഡ്ഷെഡ്ഡിംഗുമുണ്ടായിരുന്നത് ഇന്ന് പഴങ്കഥയായി മാറിയിരിക്കുകയാണ്. വൈദ്യുതി ഉല്പാദനത്തിൽ കുതിച്ചുചാട്ടമാണു ണ്ടാക്കിയിരിക്കുന്നത്. 1047 മെഗാവാട്ട് കൂടുതലായി ഉല്പാദിപ്പിക്കാൻ സാധിച്ചത് ശ്രീ. പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതിനുശേഷം ഈ രംഗത്ത് ഏറ്റവും നിർണ്ണായകമായ മുന്നേറ്റമുണ്ടാക്കാൻ ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിൽ കഴിഞ്ഞുവെന്നതും അഭിമാനകരമാണ്. സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് കൊച്ചി-ഇടമൺ 400 KV വൈദ്യുതി ലൈൻ നിർമ്മാണം മാത്രമെടുത്താൽ മതി. ഇടമൺ-കൊച്ചി വൈദ്യുതി ഇടനാഴി ഈ അടുത്ത കാലത്തൊന്നും പൂർത്തിയാകുമെന്ന് നമ്മളാരും വിചാരിച്ചിരുന്നില്ല. പക്ഷേ, വളരെ അഭിമാനകരമായി ആ പദ്ധതിയുടെ 97% പ്രവൃത്തികളും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു വെന്നുള്ളത് എടുത്തുപറയാവുന്ന നേട്ടമാണ്. പ്രസ്തുത വൈദ്യുതി ലൈൻ പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ 2000 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉല്പാദിപ്പി ക്കുന്നതിന് തുല്യമാകും. ഇതിന്റെ തുടർച്ചയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ പതിനായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0-ന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുകയാണ്. ഇത് പൂർത്തിയാകുമ്പോഴും 2000 മെഗാവാട്ടിന്റെ സ്ഥാപി തശേഷിക്ക് തുല്യമായ വൈദ്യുതികൂടി സംസ്ഥാനത്ത് ലഭ്യമാകുന്ന അവസ്ഥയുണ്ടാകും. അതായത് 2040 വരെയുള്ള വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന സ്ഥിതിയാകും ഇതുമൂലം നമ്മുടെ സംസ്ഥാനത്ത് സംജാതമാകുന്നത്. പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള ഇടപെടലും എടുത്തുപറയാവുന്നതാണ്. സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി പ്രസരണനഷ്ടം ഏറ്റവും കുറഞ്ഞ നിരക്കിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് പ്രസരണനഷ്ടം 3.74 ശതമാനവും വിതരണനഷ്ടം 9.07 ശതമാനവുമാണ്. ഇതിന്റെ ഭാഗമായിട്ടാണ് 'ദ്യുതി 2020' എന്ന വിതരണ നവീകരണ പദ്ധതി ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കുന്നത്. 11 KV ട്രാൻസ്ഫോമറിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് തടസ്സമൊഴിവാക്കുന്നതിനുള്ള നാലായിരം കോടി രൂപയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കുന്നത്. അതുപോലെതന്നെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടി പുരോഗമി ക്കുകയാണ്. 2022-ൽ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന്റെ 40 ശതമാനവും 2026-ൽ 50 ശതമാനവും നോൺ കൺവെൻഷണൽ എനർജി സ്രോതസ്സുകളിലൂടെ കണ്ടെത്തുന്നതിനുള്ള ഏറ്റവും മികച്ച ഇടപെടലുകളാണ് ഇതിന്റെ ഭാഗമായുണ്ടാകുന്നത്.

സോളാർ എന്നുപറയുമ്പോൾ നമുക്കെല്ലാവർക്കും ഓർമ്മ വരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ള വിവാദങ്ങളാണ്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് സോളാറുമായി ബന്ധപ്പെട്ട് വലിയ വിപ്ലവമുണ്ടാകാൻ പോകുകയാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ലക്ഷക്കണക്കിന് വീടുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. അതുപോലെ, ഫിലമെന്റ് രഹിത പഞ്ചായത്തുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നടന്നു വരികയാണ്. നേരത്തെ നടന്ന ചർച്ചയിൽ ശ്രീ. കെ. എൻ. എ. ഖാദർ അടക്കമുള്ളവർ നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിയെ പ്രശംസിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഒരു പ്രോഗ്രസ്സ് കാർഡായി അച്ചടിച്ച് നമ്മുടെയൊക്കെ കൈകളിലെത്തിച്ചിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ വികസന പരിപാടികൾ വൈദ്യുതി വിതരണത്തിന്റെ ഭാഗമായി നടപ്പാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. 2017-ൽ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. പതിനൊന്ന് ലക്ഷത്തിലധികം പുതിയ വൈദ്യുതി കണക്ഷനുകൾ കൊടുക്കാൻ സാധിച്ചു. പ്രതിമാസം ഇരുപത്തയ്യായിരം പുതിയ കണക്ഷനുകൾ എന്ന നിരക്കിലാണ് വൈദ്യുതി കണക്ഷനുകൾ നൽകിക്കൊണ്ടിരിക്കുന്നത്. ഊർജ്ജ മിഷനിൽ ഉൾപ്പെടുത്തി ദ്യുതി, ട്രാൻസ്ഗ്രിഡ്, സൗര തുടങ്ങി വലിയ തോതിൽ മൂലധനം ആവശ്യമായ ബൃഹത് പദ്ധതികളും നടപ്പാക്കിവരികയാണ്. 200 മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിച്ചിരിക്കുന്നു. ചെറുകിട ജലസേചന നിലയങ്ങൾവഴി 30 മെഗാവാട്ട് വൈദ്യുതിയും സൗരോർജ്ജ പാനലുകൾവഴി 180 മെഗാവാട്ട് വൈദ്യുതിയും കാറ്റിൽനിന്നും 20 മെഗാവാട്ട് വൈദ്യുതിയും ഇപ്പോൾ ഉല്പാദിപ്പിക്കുകയാണ്. സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് 50 മെഗാവാട്ട് ശേഷിയുള്ള കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ആ നിലയിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്ന ഒരു കാഴ്ചയാണ് കാണുന്നത്. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെടുമ്പോൾ ഫോൺ വിളിച്ചാൽ ഫോണെടുത്ത് മറുപടി പറയാൻപോലും കഴിയാതിരുന്ന ഒരു കാലഘട്ടം വൈദ്യുതി വകുപ്പിനുണ്ടായിരുന്നു. ഇപ്പോഴത് മാറി. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടാൽ അപ്പോൾ തന്നെ ബന്ധപ്പെട്ട ഇലക്ട്രിസിറ്റി ഓഫീസിലേയ്ക്ക് വിളിച്ച് ഉടനടി വൈദ്യുതി തടസ്സം മാറ്റുന്ന നിലയിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിരിക്കുന്നു. വൈദ്യുതി പോകുന്ന ഭാഗം എവിടെയാണെന്ന് മനസ്സിലാക്കി അവിടത്തെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുന്ന നിലയിലേയ്ക്ക് സുദീർഘമായി പ്രവർത്തിക്കുന്ന സംവിധാനങ്ങൾ കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

വ്യവസായ വകുപ്പ് ഏറ്റവും മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. രാജ്യത്തിന്റെ അഭിമാന നവരത്ന കമ്പനികൾ ഓരോന്നായി വിറ്റഴിക്കപ്പെടുകയാണ്. മറുഭാഗത്ത് കേരളം ഒരു ബദൽ കാഴ്ചപ്പാടും നയവും പ്രഖ്യാപിച്ച് നഷ്ടത്തിലാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാനും കേന്ദ്ര ഗവൺമെന്റ് കയ്യൊഴിയാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളെപ്പോലും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനും മുന്നോട്ടുവരികയാണ്. ഭാരത് പെട്രോളിയം, എൽ.ഐ.സി., ബി.എസ്.എൻ.എൽ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റ് വിറ്റഴിക്കുകയാണ്. കഴിഞ്ഞ വർഷം 1.05 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിക്കുകയും 18000 കോടി രൂപയുടെ ഓഹരികൾ വിറ്റഴിക്കുകയും ചെയ്തു. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ 2.10 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കാനാണ് ലക്ഷ്യമിടുന്നത്. ശ്രീ. നരേന്ദ്ര മോദിയും അദ്ദേഹത്തിന്റെ പരിവാരങ്ങളും ചേർന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ഓരോന്നായി വിറ്റഴിക്കുകയാണ്. 1990 കാലഘട്ടങ്ങളിൽ യു.പി.എ. സർക്കാരടക്കം ഉദാരവൽക്കരണ സമീപനങ്ങൾ സ്വീകരിച്ചതിന്റെ ഭാഗമായുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ അന്ന് ഇന്ത്യ മഹാരാജ്യത്തെ സഹായിച്ചത് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളും നവരത്ന കമ്പനികളുമാണെന്ന് ഇടതുപക്ഷം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നിപ്പോൾ ശ്രീ. നരേന്ദ്ര മോദി സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞ് രാജ്യത്തെ എല്ലാ സ്ഥാപനങ്ങളും വിറ്റഴിക്കുന്ന നയസമീപനമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ കോൺഗ്രസിന്റെയും മറ്റ് പ്രതിപക്ഷ കക്ഷികളുടെയും നിലപാടെന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലിനെ നിങ്ങൾ അനുകൂലിക്കുകയാണോ? അഭിമാനകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി സ്ഥാപനങ്ങളെ കേന്ദ്രഗവൺമെന്റ് വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനായി സംയുക്ത പ്രക്ഷോഭരംഗത്തേയ്ക്ക് വരണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന നയസമീപനത്തിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാർ തയ്യാറായാൽ നമുക്ക് വലിയ നേട്ടമുണ്ടാക്കാൻ കഴിയും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിനുകീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങൾ 2015-16-ൽ വരുത്തിയ നഷ്ടം 131.60 കോടി രൂപയാണ്. ഇവയെല്ലാം ലാഭത്തിലെത്തിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചു. 2017-18-ൽ 80.67 കോടി രൂപയുടെയും 2018-19-ൽ 5.11 കോടി രൂപയുടെയും ലാഭമുണ്ടാക്കി, 13 സ്ഥാപനങ്ങളെ ലാഭത്തിലെത്തിച്ചു. ആ കാലഘട്ടത്തിലാണ് പ്രളയവും മറ്റ് കെടുതികളുമുണ്ടായത്. 2018-19-ൽ 8.26 കോടി രൂപയുടെ ലാഭമുണ്ടാക്കി, 12 സ്ഥാപനങ്ങളെ ലാഭത്തിലെത്തിച്ചു.

2018-19-ൽ വിറ്റുവരവ് 3,442 കോടി രൂപയായി. അതായത്, മുൻവർഷത്തെക്കാൾ 17.8 ശതമാനത്തിന്റെ വർദ്ധനവുണ്ടാക്കാൻ സാധിച്ചു. നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കാനും ലാഭത്തിലുള്ള സ്ഥാപനങ്ങളെ കൂടുതൽ ലാഭത്തിലേയ്ക്കെത്തിക്കാനും ഈ ഗവൺമെന്റിന്റെ പ്രവർത്തനം മുഖാന്തരം കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഈ സർക്കാർ വന്നതിനുശേഷം പൊതുമേഖലയിൽ 7443.51 കോടി രൂപയുടെ നിക്ഷേപം നടത്തുകയും 229578 പേർക്ക് പുതുതായി തൊഴിൽ നൽകുകയും ചെയ്തു. ഇത്തരം ഇടപെടലുകളുടെ ഫലമായാണ് സർക്കാരിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചത്. സുസ്ഥിര വികസന സൂചികയിൽ വ്യവസായ വികസനത്തിന് കേരളത്തിന് ഒന്നാം സ്ഥാനമാണ് ലഭിച്ചിരിക്കുന്നത്. 2018-ൽ 68 പോയിന്റായിരുന്നെങ്കിൽ 2019-ൽ 88 പോയിന്റിലേയ്ക്ക് മാറിയിട്ടുണ്ട്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മികച്ച അടിസ്ഥാന സൗകര്യ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ASCEND ആ നിലയിലുള്ള കാര്യങ്ങളാണ്, ഞാൻ വിശദമായി അതിലേയ്ക്ക് കടക്കുന്നില്ല. അതുപോലെ സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാണ് കായിക യുവജന വകുപ്പ് പ്രവർത്തിക്കുന്നതെന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. കാരണം, കായിക മേഖലയിൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാർക്ക് ജോലി നൽകിയിരിക്കുകയാണ്. കഴിഞ്ഞ ദിവസം 195 മികച്ച കായിക പ്രതിഭകൾക്കാണ് സംസ്ഥാന സർക്കാർ നിയമനം നൽകിയത്. ഇത് കേരള ചരിത്രത്തിൽ എടുത്തുപറയാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട നേട്ടമാണ്.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഖാദി വ്യവസായ ബോർഡിന്റെ 50 സെന്റ് സ്ഥലം കിടക്കുകയാണ്. 2012-ൽ ശ്രീ. കെ. മുരളീധരൻ അവിടത്തെ എം.എൽ.എ. ആയിരുന്നപ്പോൾ അവിടെ ഖാദി വ്യവസായ ബോർഡിന്റെ ജില്ലാ ഓഫീസ് സ്ഥാപിക്കുന്നതിനുവേണ്ടി ശിലാസ്ഥാപനം നടത്തിയിരുന്നു. അവിടെ ഇപ്പോൾ കാടുപിടിച്ച് പാമ്പുകയറി കിടക്കുന്ന അവസ്ഥയാണ്. അത് ഏറ്റെടുത്തു വേറെ ഏതെങ്കിലുമൊരു വ്യവസായ സംരംഭം അവിടെ ആരംഭിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ടാണ് ഈ രണ്ട് വകുപ്പുകളും മുന്നോട്ടുപോകുന്നതെന്ന് അഭിമാനപുരസ്സരം പറയാൻ കഴിയും. പ്രളയത്തിന്റെയും നിപയുടെയും ഓഖിയുടെയൊക്കെ പശ്ചാത്തലത്തിലും അതെല്ലാം മറികടന്നുകൊണ്ട് മികച്ച നിലയിൽ ക്ഷേമ പദ്ധതികൾ നടപ്പാക്കിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത വികസനം ഈ രണ്ട് വകുപ്പുകളിലും നടക്കുന്നുവെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലൊക്കെ തനത് മോഡലുകൾ സൃഷ്ടിച്ച് ലോകശ്രദ്ധ ആകർഷിച്ച കേരളം വൈവ്യവസായിക രംഗത്ത്, ഞാൻ ബോധപൂർവ്വം പ്രയോഗിക്കുന്നതാണ് 'വ്യാവസായികരംഗം' എന്നല്ല 'വൈവ്യവസായിക രംഗം' എന്നാണ് നമ്മുടെ പ്രൊഫ. എം. കൃഷ്ണൻ നായർ എന്നെ തിരുത്തിയത്. അതുകൊണ്ടാണ് ഞാനത് പറയുന്നത്. വൈവ്യവസായിക രംഗമാണ്, വ്യാവസായിക രംഗം അല്ലത്രേ. ആ രംഗത്ത് തനത് മോഡൽ സൃഷ്ടിച്ചുകൊണ്ട്, തനതായ വഴി വെട്ടിക്കൊണ്ട്... അക്കിത്തത്തിന്റെ ഒരു കവിതയിൽ പറയുന്നതുപോലെ വഴി വെട്ടുന്നവർ സൂക്ഷിക്കണം, അവസാനം അതിന്റെ നായകനെത്തന്നെ പിടിച്ച് ബലി കൊടുക്കും. അതുകൊണ്ട് വ്യവസായ വകുപ്പുമന്ത്രി സൂക്ഷിക്കണം. ലോകത്ത്, Alvin Toffler-ന്റെ 'The Third Wave'-ൽ ആദ്യത്തെ വേവ് അല്ലെങ്കിൽ ആദ്യത്തെ തരംഗം, ഏതോ ഒരു സ്ത്രീ നടന്നു പോകുമ്പോൾ ആ സ്ത്രീയുടെ മടിക്കുത്തിൽനിന്ന് ഊർന്നുവീണ വിത്ത് നനഞ്ഞ മണ്ണിൽ മുളച്ച് പിന്നെ കാർഷികവൃത്തിയിലേയ്ക്ക് പതുക്കെ ലോകം വന്നു. കാർഷികവൃത്തിയിലേയ്ക്ക് മാനവരാശി എത്തിച്ചേരാൻ പതിനായിരം വർഷമെടുത്തു. പിന്നീട് വൈവ്യവസായിക യുഗം. ആവി കപ്പൽ കണ്ടുപിടിച്ചതിനുശേഷമാണ് ആ യുഗം ആരംഭിക്കുന്നത്, അതാണ് സെക്കന്റ് വേവ്. മൂന്നാംതരംഗം അല്ലെങ്കിൽ തേർഡ് വേവ് എന്നുപറയുന്നത് ചിപ്പിന്റെയും മറ്റും കാലമാണ്, കമ്പ്യൂട്ടർ യുഗമാണ്. ആ യുഗത്തിലാണ് നമ്മളിപ്പോൾ നിതാന്തം, ഇടതടവില്ലാതെ, അനുസ്യൂതം വ്യാപരിച്ചുകൊണ്ടിരിക്കുന്നത്, ഇടപെട്ടുകൊണ്ടുകൊണ്ടിരിക്കുന്നത്, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നിങ്ങൾക്ക് എന്ത് ലഭിച്ചു, എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കുന്നതിനുപകരം നമ്മുടെ ചെറുപ്പക്കാരൊക്കെ ഞങ്ങൾക്കാവശ്യമുള്ളത്, ഞങ്ങൾക്ക് പറ്റുന്നത്, ഞങ്ങൾക്ക് പറ്റിയ വഴിയിലൂടെ മുന്നോട്ടുപോകാൻ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടു വരുന്ന ഒരു കാലമാണ്. അതുകൊണ്ട് അവർക്കുവേണ്ട കാര്യങ്ങളൊക്കെ കൃത്യമായി ചെയ്തുകൊടുക്കുക എന്നുള്ളതാണ് പ്രധാനമായും ഒരു സർക്കാരിന്റെ ജോലി. വൈവ്യവസായിക മേഖലയിലേയ്ക്ക് വരുമ്പോൾ ബോധവൽക്കരണത്തിനുള്ള സ്ഥാനം കൃത്യമായി കണ്ടെത്തണം. ഒരു വ്യവസായം, അത് കാർഷിക മേഖലയെയോ കച്ചവടത്തെയോ അടിസ്ഥാനപ്പെടുത്തിയുള്ളതാകട്ടെ അതുസംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞ് വൈറ്റ് കോളർ ജോബ് അന്വേഷിച്ചുപോകുന്ന കുട്ടികളുടെ ബാലിശമായ ചിന്താഗതിയെ മാറ്റി താഴെത്തട്ടിലേക്ക് ഇറങ്ങിവന്ന് കേരളത്തിലെ ജനങ്ങൾക്കാവശ്യമായ വസ്തുക്കൾ കയ്യെത്തുന്ന ദൂരത്ത് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകാനുള്ള ഉപദേശവും ബോധവത്കരണവും കുട്ടികൾക്ക് നൽകണം.

ശ്രീ. കെ. സി. ജോസഫ്: സർ, പുതിയ തലമുറ ഗ്രാമങ്ങളിലേക്ക് മാറണമെന്നും കാർഷികവൃത്തിയിലേക്ക് തിരിയണമെന്നും ബഹുമാനപ്പെട്ട അംഗം പറഞ്ഞു. എന്നാൽ കാർഷിക മേഖലയാകെ ഇന്ന് പ്രശ്നങ്ങളാണ്. കൃഷി ആദായകരമല്ല. ലാഭമുള്ള ജോലിക്ക് മാത്രമേ ആളുകൾ പോകുകയുള്ളൂ. കൃഷി മുൻകാലങ്ങളിൽ ലാഭകരമായിരുന്നു. കാർഷികവൃത്തിയെ സമുദ്ധരിക്കാതെ പുതിയ തലമുറയെ അങ്ങോട്ട് അയയ്ക്കാൻ കഴിയുമോ?

പ്രൊഫ. കെ. യു. അരുണൻ: സർ, കാർഷികവൃത്തി വിജയകരമായി നടത്തി മുന്നോട്ടുപോകണമെങ്കിൽ കൃത്യമായ ബോധവത്കരണം നടത്തണം. ഞാൻ കുറച്ച് കൃഷിയൊക്കെ ചെയ്യുന്ന ആളാണ്. 50 ഏക്കറിൽ നിലക്കടല കൃഷി ചെയ്താൽ വിളവെടുപ്പാകുമ്പോൾ മണ്ണിന് പുറത്തുള്ള ചെടി മാത്രം പിഴുതുവരും കടല മണ്ണിനടിയിൽത്തന്നെ കിടക്കും. അപ്പോൾ ആവശ്യമായ തൊഴിലാളികളെ കിട്ടില്ല. നമ്മൾ തന്നെ സ്വയം വിമർശനപരമായി പറയുകയാണ് നമ്മുടെ നാട് പുരോഗമിച്ചു എന്ന്. കൃഷിപ്പണിക്ക് വന്നിരുന്ന അധഃസ്ഥിത വിഭാഗങ്ങളിൽപ്പെട്ടവർ പത്താം ക്ലാസുവരെയോ അതിനപ്പുറമോ പഠിച്ച് സംവരണാടിസ്ഥാനത്തിൽ ഗവൺമെന്റ് ഉദ്യോഗസ്ഥരായിക്കഴിഞ്ഞു. അപ്പോഴാണ് നിലക്കടല വിളവെടുക്കുന്നതിനായി 6 രൂപ ദിവസക്കൂലിക്ക് തമിഴ്നാട്ടിൽ നിന്നും ടെയിലറുകളിൽ സ്ത്രീകളെത്തുന്നത്. ശ്രീ. പി. ഉണ്ണിയുടെ നിയോജകമണ്ഡലത്തിലുള്ള ഗോവിന്ദപുരം, ഗോപാലപുരം തുടങ്ങിയ സ്ഥലങ്ങളിൽ കൂടുതലായി ഇത് കാണാൻ സാധിക്കും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണ് വ്യാവസായികരംഗത്ത് കാർഷികാധിഷ്ഠിത ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക കാലഘട്ടത്തിലെ വ്യവസായ സംരംഭം ആരംഭിക്കുന്നത്. റൈസ് പാർക്കിൽ ഇപ്പോൾ നെല്ല് വാങ്ങി കുത്തി അരി മാത്രമാണെടുക്കുന്നത്. എന്നാൽ അതിന്റെ തവിടിൽനിന്ന് ഓയിൽ ഉത്പാദിപ്പിക്കാനും ഉമിയിൽനിന്ന് കരി ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യാനും കഴിയും. ഇവ രണ്ടിന്റെയും വിലകൂടി ചേർത്തുനോക്കിയാൽ നെല്ലിന്റെ വില വർദ്ധിക്കും. നാളികേരത്തിൽ നിന്ന് ഏതാണ്ട് 83 പ്രോഡക്ടുകളുണ്ടാക്കാൻ കഴിയും. ഇപ്പോൾ പ്രധാനമായും വെളിച്ചെണ്ണ മാത്രമാണ് നാളികേരത്തിൽനിന്നുണ്ടാക്കുന്നത്. മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചാൽ അതിന്റെ വില വർദ്ധിച്ചുവരും. ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ ഉത്പന്നങ്ങൾ പാലിൽ നിന്നുണ്ടാക്കാൻ സാധിക്കും. അഗ്രി ഇൻഡസ്ട്രീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇത്തരം കാര്യങ്ങളാണ്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞത് അംഗീകരിക്കാവുന്നതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ കാര്യമാണ്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, നെല്ലിൽനിന്ന് വാല്യു ആഡഡ് പ്രോഡക്ട്സുണ്ടാക്കാനായി കാത്തുനിൽക്കേണ്ട അവസ്ഥ കർഷകനില്ല, കാരണം അവർ പട്ടിണിയിലാണ്. കർഷകൻ മുണ്ട് മുറുക്കി ഉടുത്തിരിക്കുകയാണ്. എന്തെങ്കിലും ലഭിച്ചില്ലെങ്കിൽ അത് താനെ അഴിഞ്ഞുപോകും. പിന്നെ വേശ്യാലയങ്ങളിലാണ് ആളുകളെ കാണാൻ സാധിക്കുന്നത്. അവരെ സൃഷ്ടിക്കുന്നത് നമ്മളാണ്. റെസ്ക്യൂ ഷെൽട്ടറിലേക്ക് നമ്മൾ ആളുകളെ തള്ളിവിടുകയാണ്. സഹകരണ സംഘങ്ങളെ ഏൽപ്പിച്ചതിനാൽ നെല്ലിന് ഇപ്പോൾ കൃത്യമായി തുക ലഭിക്കുന്നുണ്ട്. മുമ്പ് നെല്ല് നൽകിയാലും മൂന്ന് മാസം കഴിഞ്ഞേ തുക ലഭിക്കുമായിരുന്നുള്ളൂ. അന്ന് ഒരു കിലോ നെല്ലിന് 17 രൂപയാണ് ലഭിച്ചിരുന്നതെങ്കിൽ ഇപ്പോഴത് വർദ്ധിപ്പിച്ച് 25 രൂപയാക്കിയിട്ടുണ്ട്. എങ്കിലും നെൽകർഷകരെ സംബന്ധിച്ചിടത്തോളം ഗുണകരമായ മുന്നേറ്റത്തിന് ഇത് പ്രാപ്തമല്ല. ഇത്തരക്കാരെ സംരക്ഷിക്കുന്നതിനായി സർക്കാർ ഇനിയും മുന്നോട്ടുവരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതിയുടെ പ്രസരണവും ചാനലിംഗുമെല്ലാം വളരെ കൃത്യമായും ഭംഗിയായും നടത്തിക്കൊണ്ടുപോകുന്ന ശ്രീ. എം. എം. മണിയെപ്പോലൊരു മന്ത്രി ഇതിനുമുമ്പുണ്ടായിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. സാമർത്ഥ്യവും ജനങ്ങളുമായുള്ള നിതാന്ത സമ്പർക്കംമൂലം ലഭിക്കുന്ന അറിവും തദനുസൃതമായ കഴിവും ഒരു സംസ്ഥാനത്തിന്റെ മുന്നേറ്റത്തിനുള്ള വൈകാരിക ഇന്ധനമാക്കി മാറ്റാനുള്ള കഴിവ് പ്രകടിപ്പിക്കുന്ന സഖാവ് ശ്രീ. എം. എം. മണിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വൈദഗ്ദ്ധ്യമേറിയ മറ്റ് ചർച്ചകളിൽ കൂടുതൽ സംസാരിക്കാമെന്ന് വിനയപൂർവ്വം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

4.00 P.M.]

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ജീവശ്വാസംപോലെ ഭൂമിയുടെ ചലനത്തിനുപോലും വൈദ്യുതി അവശ്യഘടകമായി മാറിയിരിക്കുകയാണ്. ഊർജ്ജ കേരള മിഷന്റെ പ്രവർത്തനങ്ങൾ ഇന്ന് ഫലപ്രദമായി നടന്നുവരികയാണ്. സ്മാർട്ടായ ആധുനിക വൈദ്യുത ശൃംഖല സൃഷ്ടിക്കുന്നതിനുള്ള കഠിന പരിശ്രമ ത്തിലാണ് ഊർജ്ജ കേരള മിഷൻ. 2021-ഓടെ ഹരിത സ്രോതസ്സുകളിൽ നിന്നും 50% ഊർജ്ജം ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ ഊർജ്ജ മിഷൻ നടത്തുന്നത്. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പരിശ്രമം കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ യൂട്ടിലിറ്റി സെന്ററായി കെ.എസ്.ഇ.ബി. മാറിയിരിക്കുകയാണ്. 400KV-യുടെ 3 സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടി

രിക്കുകയാണ്. 220KV-യുടെ 22 സബ്സ്റ്റേഷനുകളുടെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. വൈദ്യുത തരംഗം ആധുനികവത്കരിക്കുന്നതിനുള്ള 'ദ്യുതി 2021' പദ്ധതി പുരോഗമിച്ചുവരികയാണ്. നവകേരള നിർമ്മിതിക്കനുസൃതമായി സുസ്ഥിര വൈദ്യുത വികസനം ലക്ഷ്യംവച്ചുകൊണ്ടാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ പരീക്ഷാക്കാലത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കിയതിന് ഈ അവസരത്തിൽ നന്ദി അറിയിക്കുകയാണ്. വൈദ്യുതി വകുപ്പിനെ വിഭജിച്ച് കമ്പനികളാക്കുന്ന നിലപാടാണ് പല സംസ്ഥാനങ്ങളും സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ അതിനെ ഒറ്റ പൊതുമേഖലാ സ്ഥാപനമായി നിലനിർത്തി മുന്നോട്ട് കൊണ്ടുപോകുന്നതിലൂടെ കെ.എസ്.ഇ.ബി.-ക്ക് വലിയ വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടമൺ-കൊച്ചി പവർ ഹൈവേയിലൂടെ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്നുണ്ട്. ദീർഘവീക്ഷണത്തോടെ ഡാമുകളുടെ സുരക്ഷയും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ANERT-ന്റെ (The Agency for Non-Conventional Energy and Rural Technology) ആഭിമുഖ്യത്തിൽ നൂതന ഊർജ്ജ മാതൃകകൾ സൃഷ്ടിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.-യിൽ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ ഈ സർക്കാരിന് സാധിച്ചു. 4741 ജീവനക്കാരെ നിയമിച്ചതിൽ ഏതാണ്ട് 3095 തൊഴിലാളികളും 944-ഓളം സബ് എഞ്ചിനീയർമാരും 386 കാഷ്യർമാരും 240-ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാരും 56 ഓഫീസ് അസിസ്റ്റന്റുമാരും 6 എനർജി ടെക്നോളജിസ്റ്റും ആണ്. നമ്മുടെ തലയ്ക്കുമുകളിൽ എന്നും ഡെമോക്ലിസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുന്ന മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിതാന്ത ജാഗ്രതയോടുകൂടി വരും തലമുറയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് മുല്ലപ്പെരിയാർ ഡാം എന്നും നമ്മുടെ മനസ്സിലുണ്ടാകണം, അതുമായി ബന്ധപ്പെട്ട അനുബന്ധ ചർച്ചകൾ തീർച്ചയായും ഉയർന്നുവരേണ്ടതുണ്ട്.

2018-ലാണ് കേരള വ്യവസായ വാണിജ്യനയം പ്രഖ്യാപിച്ചത്. വ്യവസായ സൗഹൃദ അന്തരീക്ഷം കേരളത്തിലില്ലെന്നൊരു പ്രചരണം പരക്കെ നമ്മുടെ നാട്ടിൽ മാത്രമല്ല, രാജ്യത്തിനുപുറത്തുമുണ്ട്. അത് മാറ്റിയെടുക്കണമെന്നുള്ളതാണ് ഒന്നാം ഘട്ടത്തിൽ നമ്മൾ നേരിട്ട വെല്ലുവിളി. അതിനുവേണ്ടിയാണ് ഈ ഗവൺമെന്റിന്റെ ആദ്യകാലഘട്ടത്തിൽത്തന്നെ വ്യവസായനയം കൊണ്ടുവന്നത്. ഏകദേശം അര ഡസനോളം നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടാണ് ആ നയം നടപ്പിലാക്കു ന്നതിനുവേണ്ടിയുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി നമ്മൾ മുന്നോട്ടുപോയത്. വ്യവസായ സാദ്ധ്യതകളെന്നുപറയുന്നത് ആഗോള മാർക്കറ്റിനെയും കരാറുകളെയും അടിസ്ഥാനമാക്കിയുള്ളതാണ്. 1980-90-കൾ പരിശോധിച്ചാൽ ധാരാളം ചെറുകിട

വ്യവസായങ്ങൾ ഇവിടെ ആരംഭിച്ചെങ്കിലും അവയ്ക്ക് മുന്നോട്ടുപോകാൻ കഴിയാത്ത വിധം പല പ്രതിസന്ധികളെയും അഭിമുഖീകരിക്കേണ്ടിവന്നു. റവന്യൂ റിക്കവറിയുടെ ഭാഗമായി ഇത്തരം വ്യവസായ സ്ഥാപനങ്ങളെ ധനകാര്യ സ്ഥാപനങ്ങൾ അവരുടേതാക്കി മാറ്റിയിരിക്കുന്നതായി കാണാൻ കഴിയും. ഇറക്കുമതിയും കയറ്റുമതിയും പരസ്പര പൂരകങ്ങളാണ്. സ്വയംതൊഴിൽ വ്യവസായ സംരംഭങ്ങളുണ്ടാകുമ്പോൾ ഇത്തരം ഇടപാടുകൾ വരുന്നത് സംരംഭകരെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഭരണാധികാരികൾ അതിൽ ജാഗ്രത കാണിക്കേണ്ടതുണ്ട്. ഇപ്പോൾ ശ്രീ. ഡൊണാൾഡ് ട്രംപ് ഇന്ത്യയിൽ വന്നുപോയി. അന്താരാഷ്ട്ര മുതലാളിത്ത കൂട്ടുകെട്ടിന്റെ ഭാഗമായി ആയുധം വാങ്ങിക്കൂട്ടുന്നതിനുള്ള കരാറുകളിൽ ഏർപ്പെടുന്നവർ മതിലുകെട്ടി മറയ്ക്കാൻ ശ്രമിക്കുന്നത് ഇന്ത്യയുടെ ദാരിദ്ര്യത്തെയാണ്. ലക്ഷം കോടികൾ കോർപ്പറേറ്റുകളുടെ നിലനിൽപ്പിനുവേണ്ടി എഴുതിത്തള്ളുമ്പോൾ കൃഷിക്കാരുടെ ലോംഗ് മാർച്ച് ഇവിടെ അവഗണിക്കപ്പെടുകയാണ്. അവരുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. കൃഷിക്കാരന് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് പോകുന്നു, ജപ്തി നടപടികൾ നേരിടുന്ന സാഹചര്യമുണ്ടാകുന്നു, അവരുടെ ജീവനുപോലും വിലയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് അവർ എറിയപ്പെടുകയോ തള്ളപ്പെടുകയോ ചെയ്യുന്നു. അവിടെയും ഒരു വ്യത്യസ്ത മാതൃക സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് ബിൽ നിയമസഭയിൽ പാസ്സാക്കി അതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. തൊഴിൽരഹിതരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിന് കൃഷി തന്നെയാണ് ഉത്തമ മാതൃക. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ട് സംസാരിച്ചു. വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉല്പാദിപ്പിക്കാനും മാർക്കറ്റ് ചെയ്യാനും പുതിയ എന്റർപ്രണേഴ്സിനെ പ്രൊവൈഡ് ചെയ്യാനും അങ്ങയുടെ വകുപ്പ് മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ ജാഗ്രതയോടെ നടത്തുന്നത് അഭിനന്ദനീയമാണ്. സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ ഒന്നാംഘട്ടത്തിൽ പലരും പറഞ്ഞത് ഇത് നടപ്പാകാൻ പോകുന്നില്ല, ഇതെല്ലാം പേപ്പറിലും സ്വപ്നത്തിലും ഒതുങ്ങുമെന്നാണ്. എന്നാൽ അതിനപ്പുറം ആ സ്വപ്നം യാഥാർത്ഥ്യത്തിലേയ്ക്കെത്തിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഇപ്പോൾ സർക്കാർ നിൽക്കുന്നത്. പരിമിതികൾക്കിടയിലും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ചുനിർത്തുന്നതിനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടതാണ്. ലക്ഷക്കണക്കിന് തൊഴിലാളികളാണ് ഇതിന്റെ ഭാഗമായി തൊഴിൽ രഹിതരായി മാറുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്ന റിസർവ്വേഷനടക്കമുള്ള കാര്യങ്ങൾ ഇവ വിറ്റഴിക്കപ്പെടുന്നതോടുകൂടി അട്ടിമറിക്ക

പ്പെട്ടുമെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് എൻ.റ്റി.പി.സി, FACT, എൽ.ഐ.സി. തുടങ്ങിയ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് കേന്ദ്രഗവൺമെന്റ് സ്വകാര്യവത്കരിക്കുന്നത്. നമ്മുടെ നയമല്ല അവരുടേത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെങ്കിലും നഷ്ടത്തിലാണെങ്കിലും സ്വകാര്യവൽക്കരിക്കുകയെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ അവ യഥേഷ്ടം വിറ്റഴിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതിനെ എങ്ങനെ ചെറുത്ത് തോൽപ്പിക്കാൻ കഴിയുമെന്ന് ആലോചിക്കണം. എല്ലാ സ്ഥാപനങ്ങളും അതിന്റെ ഷെയറുകളും നമുക്ക് വാങ്ങാൻ കഴിയുമെന്നുള്ള വിശ്വാസമില്ല. പക്ഷേ ഇക്കാര്യങ്ങളിൽ ശക്തമായും ദ്രുതഗതിയിലും ഇടപെട്ടില്ലെങ്കിൽ നമ്മുടെ പല സ്ഥാപനങ്ങളും നഷ്ടപ്പെട്ട് പോകുന്ന സാഹചര്യമുണ്ടാകും.

ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയും ട്രേഡ് യൂണിയൻ മേഖലകളിൽ നിന്നുള്ള എം.എൽ.എ.-മാരുടെയും ഒരു സംയുക്ത യോഗം എറണാകുളത്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുചേർത്ത് കരട് പ്ലാന്റേഷൻ നയം അവതരിപ്പിക്കുകയുണ്ടായി. നിയമസഭയിൽ അതിന്റെ ഒറിജിനൽ ഡ്രാഫ്റ്റ് വരാനിരിക്കുകയാണ്. തോട്ടം മേഖലയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട ഏതാണ്ട് ഇരുപത്തിമൂന്നോളം കാര്യങ്ങൾ അതിലുണ്ട്. കഴിഞ്ഞ 13 വർഷക്കാലമായി ഇതുമായി ബന്ധപ്പെട്ട് പഠനങ്ങളും നിർദ്ദേശങ്ങളും ചർച്ചകളും നിലനിൽക്കുകയാണ്. അങ്ങയുടെതന്നെ നിർദ്ദേശത്തിന്റെ ഭാഗമായി സ്വകാര്യമേഖലയിൽ 25 ഏക്കർ സ്ഥലം അനുവദിച്ചാൽ അവിടെ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുണ്ട്. തോട്ടംമേഖല കടുത്ത പ്രതിസന്ധിയിലാണെന്നത് കരട് നയത്തിന്റെ ഭാഗമായിത്തന്നെ പറഞ്ഞിട്ടുണ്ട്. നിരവധി തോട്ടങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. തൊഴിലാളികളുടെയും പരാതിക്കാരുടെയും കയ്യിൽ നിന്നും പരാതികൾ വാങ്ങി തെളിവെടുപ്പ് നടത്തുന്നതിനായി സുപ്രീംകോടതി നിയോഗിച്ച സ്പെഷ്യൽ ജഡ്ജിന്റെ സിറ്റിംഗ് കഴിഞ്ഞ മാസം ഒന്നാം തീയതി എറണാകുളത്ത് വച്ച് നടത്തുകയുണ്ടായി. ഗ്രാറ്റുവിറ്റിയടക്കമുള്ള വിഷയങ്ങളിൽ കോമ്പൻസേഷൻ നൽകുന്നതിന് രണ്ടേമുക്കാൽ കോടിയോളം രൂപ നൽകാൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. യാഥാർത്ഥ്യങ്ങളുടെ നേരെ ഒരിക്കലും കണ്ണടച്ചു പിടിക്കാനാകില്ല. വ്യവസായങ്ങൾ നിലനിന്നുപോകുന്നതിന് നയപരമായ തീരുമാനവും ഇടപെടലും ഉണ്ടെങ്കിൽ മാത്രമേ ഈ വിഷയങ്ങളുമായി മുന്നോട്ട് പോകാൻ കഴിയൂ. ഗവൺമെന്റ് അത് ഗൗരവമായി കാണണം. ഇത് സെൻട്രൽ ഗവൺമെന്റിന്റെ കൊമേഴ്സ് മിനിസ്ട്രിയുടെ കീഴിലാണെങ്കിൽ കേരളത്തിൽ ഇത് കൈകാര്യം ചെയ്യുന്നത് തൊഴിൽ വകുപ്പിന്റെ കീഴിലാണ്. തേയില വ്യവസായം എന്നാണ് പറയുന്നതെങ്കിലും കേരളത്തിൽ അത് തൊഴിൽ വകുപ്പിന്റെ കീഴിൽ നിൽക്കുന്നുവെന്നുള്ളതുകൊണ്ട്

ഈ കരടുനയത്തിൽ തൊഴിലാളികളുടെ ക്ഷേമം മാത്രമല്ല ഇൻഡസ്ട്രിയുടെ നിലനിൽപ്പുകൂടി പരിഗണിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സബ് കമ്മിറ്റിയെ ഈ ഗവൺമെന്റ് നിയമിച്ചിരുന്നു. കഴിഞ്ഞ പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റിയുടെ ശിപാർശകളാണ് ആ സബ് കമ്മിറ്റി നടപ്പിലാക്കാൻ ശ്രമിച്ചത്. എന്നാൽ ഒരു വ്യവസായം നഷ്ടത്തിലാണെങ്കിൽ അതിനനുബന്ധമായി ചെയ്യാൻ കഴിയുന്ന എന്തെല്ലാം വ്യവസായങ്ങൾക്ക് അനുമതി നൽകാൻ കഴിയുമെന്ന് പരിശോധിക്കണം. യഥേഷ്ടം കെട്ടിടങ്ങൾ പണിയണ മെന്നുള്ളതല്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ ആവശ്യമായ ഒന്നാണ് പാറ. ഇത് തേയില തോട്ടങ്ങളിൽ യഥേഷ്ടമുണ്ട്. സർക്കാർ ആ സ്ഥലങ്ങളേറ്റെടുക്കാൻ തീരുമാനിക്കണം. പൊതുമേഖലയിലേയ്ക്ക് അത്തരമൊരു സ്ഥാപനം ആരംഭിക്കാൻ കഴിയുമോയെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. ഇതൊക്കെ സ്വകാര്യവ്യക്തികൾ യഥേഷ്ടം പൊട്ടിച്ചു മാറ്റട്ടെ എന്നുപറയുന്ന നിലപാടിലേയ്ക്ക് പോകരുത്. ഒരു പൊതുമേഖലാ സ്ഥാപന മുണ്ടാക്കി അതിന്റെ കീഴിലേയ്ക്ക് ഇത്തരം വിഭവങ്ങൾ കൊണ്ടുവന്ന് ഡിമാന്റിനനു സരിച്ച് സപ്ലൈ ചെയ്യാൻ കഴിഞ്ഞാൽ ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. ഒരു ഇൻഡസ്ട്രി വലിയൊരു ക്രൈസിസിലാണെന്നുള്ളതുകൊണ്ട് തേയില ഉൾപ്പെടുന്ന എല്ലാ തോട്ടം വ്യവസായത്തെയും അതിന്റെ വാല്യൂ ആഡഡ് പ്രോഡക്ട് അടക്കം മാർക്കറ്റ് അഷ്വർ ചെയ്യുന്ന വിഷയങ്ങളിൽ എങ്ങനെയാണ് വ്യവസായ വകുപ്പിന് നയപരമായി ഇടപെടാൻ കഴിയുന്നതെന്ന് ആലോചിക്കണം. ഈ കരട് നയം ഒറിജിനൽ നയമായി നിയമസഭയിൽ അവതരിപ്പിക്കപ്പെടുമ്പോൾ വ്യവസായ വകുപ്പുമന്ത്രിയുടെകൂടി ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. 'അധികാരം' എന്ന കൃതിയിൽ ബെർട്രാൻഡ് റസ്സൽ ഒരു കഥ പറയുന്നുണ്ട്. കാട്ടുപാതയിലൂടെ പോകുന്ന ഒരു ഗുരുവും ശിഷ്യനും വൃദ്ധയായ ഒരു സ്ത്രീ കരയുന്നത് കണ്ട് കാരണമെന്താണെന്ന് അന്വേഷിച്ചപ്പോൾ അവരുടെ മകനെ നരി പിടിച്ചു കൊണ്ടുപോയെന്നും കഴിഞ്ഞവർഷം അവരുടെ ഭർത്താവിനെയും നരി പിടിച്ചു കൊണ്ടുപോയിരുന്നെന്നും പറഞ്ഞു. ഇത്ര പ്രയാസപ്പെട്ട് ഈ കാട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നത് എന്തിനാണെന്നും നാട്ടിലേയ്ക്ക് വന്നുകൂടേയെന്നും അവരോട് ചോദിച്ച പ്പോൾ കാട്ടിൽ നരിയല്ലേയുള്ളൂ, പക്ഷേ നാട്ടിൽ സർക്കാരുണ്ടല്ലോയെന്നാണ് അവർ മറുപടി പറഞ്ഞത്. ഇവിടെ പ്രൊഫ. കെ. യു. അരുണൻ പറഞ്ഞതുപോലെ ആരോടും മിണ്ടാതെയും ചിരിക്കാതെയും ബലംപിടിച്ച് നിൽക്കുന്ന ഒരു സർക്കാരു ണ്ടാകുമ്പോൾ കാട്ടിലുള്ള ആളുകൾക്കുപോലും നാട്ടിലേയ്ക്ക് വരാൻ പേടിയാണ്. ആ രീതിയിലാണ് ഇപ്പോൾ കേരളത്തിന്റെ ഭരണം മുന്നോട്ടുപോകുന്നത്. അത്

വ്യവസായ മേഖലയിലും ഊർജ്ജമേഖലയിലും ഒരുപോലെ പ്രതിഫലിക്കുന്നുണ്ട്. ഗതാഗതം സ്തംഭിച്ച് രോഗികൾ വഴിയിൽ കിടന്ന് മരിക്കുന്ന, അരുംകൊല രാഷ്ട്രീയം അരങ്ങ് തകർക്കുന്ന, അഴിമതി സാർവ്വത്രികമായ ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഈ ഗവൺമെന്റിനും സംവിധാനത്തിനും ഊർജ്ജം ലഭിക്കുന്നത് വെറും തള്ളലിൽ നിന്ന് മാത്രമാണ്. പരസ്യവും തള്ളലുമായി ഊർജ്ജമുണ്ടാക്കിയെടുക്കുകയാണ്. അതുകൊണ്ട് ഈ നാട്ടിലേയ്ക്ക് വരണ്ടെന്നാണ് കാട്ടിൽ വസിക്കുന്ന ആളുകൾപോലും വിചാരിക്കുന്നത്. ഇവിടെ നടക്കുന്നത് നുണ വ്യവസായമാണെന്ന് പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അഴിമതി വ്യവസായമാണ് അരങ്ങ് തകർക്കുന്നത്. അതുകൊണ്ട് ഒരു നുണ അഴിമതി വ്യവസായ ഫാക്ടറി അടിയന്തരമായി സ്ഥാപിക്കണമെന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. വെടിയുണ്ട അഴിമതി, പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണ അഴിമതി, തോക്ക് അഴിമതി, ജീപ്പ് വാങ്ങിയതിലുള്ള അഴിമതി തുടങ്ങിയവ ഇവിടെ നടക്കുകയാണ്.

സി-ഡിറ്റ് ഡയറക്ടർ ആരാണ്? സി.പി.ഐ.(എം)-ന്റെ മുൻ എം.പി. ഡോ. ടി. എൻ. സീമയുടെ ഭർത്താവിന് രണ്ട് ലക്ഷം രൂപ ശമ്പളം നൽകിയാണ് സി-ഡിറ്റിന്റെ ഡയറക്ടറാക്കിയിരിക്കുന്നത്. സ്വന്തക്കാരെ മുഴുവൻ നിയമിക്കുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. സി.പി.ഐ.(എം)-ന്റെ സകല ലോക്കൽ സെക്രട്ടറിമാർക്കും ജോലി അല്ലെങ്കിൽ പ്രളയത്തിന്റെ പേരിൽ കിട്ടുന്ന പ്രളയ ദുരിതാശ്വാസം നൽകുന്നു. അത് ഭർത്താവിന് മാത്രമല്ല, ഭാര്യയ്ക്കും ലഭിക്കുന്ന അവസ്ഥാവിശേഷമാണുള്ളത്. KIAL (Kannur International Airport Limited)-ൽ ഓഡിറ്റ് വേണ്ട, കിഫ്ബിയിൽ ഓഡിറ്റ് പറ്റില്ല എന്നൊക്കെ പറയുന്ന സ്വജനപക്ഷപാതമാണ് നടക്കുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഈ സഭയിൽ അംഗമല്ലാത്ത സി.പി.ഐ.(എം)-ന്റെ നേതാവും മുൻ എം.പി.-യുമായ വ്യക്തിയുടെയും അവരുടെ ഭർത്താവിന്റെയും നിയമനത്തെക്കുറിച്ച് പറഞ്ഞു. ഇതിനൊക്കെ അവർക്ക് ഇവിടെ വന്ന് വിശദീകരണം നൽകാൻ പറ്റാത്ത സ്ഥിതിക്ക് അങ്ങനെ ആക്ഷേപമുന്നയിക്കുന്നത് ഓർഡറിലാണോ? ഇന്നലെ ശ്രീ. എ. കെ. ആന്റണിയുമായി ബന്ധപ്പെട്ട് പരാമർശമുണ്ടായപ്പോൾ അവർ അസ്വസ്ഥത പ്രകടിപ്പിച്ചു. അത് ശരിയല്ലെന്ന് പറഞ്ഞ പ്രതിപക്ഷനേതാവ് ഇപ്പോൾ ഇക്കാര്യത്തിൽ ഒന്നും പറയുന്നില്ല. ഇത് ശരിയാണോയെന്ന് അദ്ദേഹം വ്യക്തമാക്കണം.

<u>മി. ചെയർമാൻ</u>: അത്തരം പരാമർശങ്ങൾ ഒഴിവാക്കി സംസാരിക്കൂ.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, എന്തൊക്കെയാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്? മാർക്ക് ദാനം ചെയ്യുന്ന, പ്രളയഫണ്ട് മുക്കുന്ന, കരാറുകാർക്ക് പണം

കിട്ടുന്നില്ല, ട്രഷറികൾ പൂട്ടിക്കിടക്കുന്നു, സ്കൂൾ കുട്ടികൾക്ക് പാമ്പുകടിയേൽക്കുന്നു, വാളയാറിലൊക്കെയുള്ള പട്ടികജാതി പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ട് ആത്മഹത്യ ചെയ്യുന്നു. ഇങ്ങനെയുള്ള സംസ്ഥാനത്തേയ്ക്ക് ബെർട്രാൻഡ് റസ്സൽ പറഞ്ഞതുപോലെ എങ്ങനെയാണ് ഒരു കാട്ടുജാതി സ്ത്രീക്ക് ഇറങ്ങിവരാൻ കഴിയുന്നത്? വ്യവസായത്തിന്റെ കാര്യമെടുത്താൽ ശ്മശാനമൂകമായ അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് നേട്ടങ്ങൾ ഇവിടെ പറയുമെന്ന് എനിക്കറിയാം. പക്ഷേ, മലബാർ സിമന്റ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? യു.ഡി.എഫ്. ഭരണകാലത്ത് 50 കോടി രൂപ ലാഭത്തിലായിരുന്ന മലബാർ സിമന്റ്സ് ഇപ്പോൾ നഷ്ടത്തിലാണ്. കെ.എം.എം.എൽ.-ഉം ടൈറ്റാനിയവും മാത്രമാണ് ഇപ്പോൾ ലാഭത്തിലുള്ള രണ്ട് വ്യവസായ സ്ഥാപനങ്ങൾ. അതിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ anti dumping duty ചുമത്തിയതുമൂലമുണ്ടാകുന്ന നേട്ടമല്ലാതെ മറ്റൊന്നും ഉണ്ടായിട്ടില്ല. ധനകാര്യ വകുപ്പിറക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ 2015-2016-ൽ ഏഴ് യൂണിറ്റുകളുള്ള കെമിക്കൽ മേഖലയിൽ 13 കോടി രൂപയായിരുന്ന അറ്റാദായം 2019-2020 ആയപ്പോൾ-1.3 കോടി രൂപയിലേയ്ക്ക് താഴ്ന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. 2015-2016-ൽ യു.ഡി.എഫ്. ഭരണത്തിൽനിന്നും പോകുന്ന സമയത്ത് മൂന്ന് യൂണിറ്റുകളുള്ള ഇലക്ട്രോണിക്സ് മേഖലയ്ക്ക് 13.4 കോടി രൂപയുണ്ടായിരുന്നു. അതിപ്പോൾ -5.3 കോടി രൂപയിലേയ്ക്ക് മാറി. അതുപോലെ രണ്ട് യൂണിറ്റുകളുടെ വികസന മേഖല 2015-2016-ൽ 37.6 കോടി രൂപ അറ്റാദായമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത് -9.2 കോടി രൂപയായി കുറഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ 2015-16-ലെ വിറ്റുവരവ് 63.6 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം അത് 52.1 കോടി രൂപയായി കുറഞ്ഞു. കിൻഫ്രയുടെ വിറ്റുവരവ് 17.6 കോടി രൂപയായിരുന്നെങ്കിൽ ഈ വർഷം 18.8 കോടി രൂപയെന്ന നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ അവസ്ഥ യെന്താണ്? ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഈ സഭ ഒന്നടങ്കം പാസ്സാക്കി യതാണ്. ഗവൺമെന്റിന് അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ബിൽ പാസ്സാക്കിയിട്ട് എന്ത് വ്യവസായ സംരംഭമാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞതെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയണം. കശുവണ്ടി വ്യവസായവും തോട്ടണ്ടി വ്യവസായവും തകർന്നുകിടക്കുകയാണ്. കൈത്തറി വ്യവസായത്തിൽ മാത്രമാണ് കുറച്ച് പുരോഗതിയുള്ളത്. അതിന്റെ സംഭരണവും വിൽപ്പനയും കൂടിയിട്ടുണ്ട്. കാരണം, ഈ ഗവൺമെന്റ് വന്നതിനുശേഷം ആളുകൾക്ക് കയറിന്റെ ആവശ്യം കൂടുതലായി വേണ്ടിവന്നതാണ്. ആത്മഹത്യ ചെയ്യാൻ കയർ തെരഞ്ഞെടുക്കുന്നവർ കയറിനു

വേണ്ടി നെട്ടോട്ടമോടുന്നതുകൊണ്ട് കയർ വ്യവസായം മാത്രമാണ് പുരോഗതി പ്രാപിച്ചത്. കണ്ണൂരിൽ വ്യവസായം തുടങ്ങാൻ ശ്രമിച്ച സാജൻ എന്ന വ്യക്തിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നു. അതുപോലെ, കൊല്ലത്ത് കൊടിനാട്ടിയതിന്റെ പേരിൽ പുനലൂർ സ്വദേശി സുഗതനും ആത്മഹത്യ ചെയ്യേണ്ടിവന്നു. അങ്ങനെ വ്യവസായ സംരംഭകരുടെയും വ്യവസായികളുടെയും ഒരു ശ്മശാന ഭൂമിയായി കേരളം മാറിയിരിക്കുന്നു. തഴച്ചുവളരുന്നത് അഴിമതി വ്യവസായം മാത്രമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര ക്വാറികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന ശ്രീ. പി. ടി. തോമസിന്റെ ചോദ്യത്തിന് ഒരു വർഷത്തേയ്ക്ക് 161 ക്വാറികൾക്ക് അനുമതി നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജൻ മറുപടി നൽകിയത്. ഏറ്റവും കൂടുതൽ ക്വാറികൾക്ക് അനുമതി നൽകിയിട്ടുള്ളത് മലപ്പുറം ജില്ലയിലാണ്. അതുപോലെ ദീർഘകാലത്തേയ്ക്ക് ഏകദേശം മുന്നൂറോളം ക്വാറികൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. ഈ രീതിയിൽ, യാതൊരു നിയന്ത്രണവുമില്ലാതെ ലൈസൻസ് നൽകിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ തകർന്നുകിടക്കുന്നു, അവയ്ക്ക് ആവശ്യമുള്ള ഒരു സപ്പോർട്ടും സർക്കാർ നൽകുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. കെൽട്രോൺ അഴിമതിയിൽ മുങ്ങിക്കിടക്കുകയാണ്. സിഡ്കോ, കെൽ, കെ.എസ്.ഐ.ഇ., കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും 10% സെന്റേജ് ചാർജ്ജ് വാങ്ങി അവർ ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ പൊതുമാർക്കറ്റിൽ നിന്ന് വാങ്ങിക്കൊടുത്ത് ആളുകളെ ചൂഷണം ചെയ്യുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇതെല്ലാം നിങ്ങൾ ചെയ്തുവച്ച കാര്യങ്ങളാണ്. അതിനെ ഞങ്ങളിപ്പോൾ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ക്ലിയറൻസ് ഇരുന്നോട്ടേയെന്ന് വിചാരിച്ചാണ് പറയുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അഞ്ച് കൊല്ലം കഴിയാറായി. ഞങ്ങൾ ചെയ്തുവച്ചത് തിരുത്താൻവേണ്ടിയാണ് കഴിഞ്ഞ പ്രാവശ്യം ബാലൻ കമ്മിറ്റി വന്ന് 712 ഫയലുകൾ പിടിച്ചുവച്ചത്. അന്ന് ഇതൊന്ന് നോക്കാമായിരുന്നില്ലേ? നാല് വർഷം കഴിഞ്ഞിട്ടും ഇതൊന്നും തിരുത്താൻ കഴിയാത്ത ഗവൺമെന്റിന് എന്ത് വേഗതയാണുള്ളത്?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു ഇൻഡസ്ട്രിയൽ ഏരിയയുണ്ടോ? കൊച്ചിയിൽ സ്പെഷ്യൽ ഇക്കണോമിക് സോണുണ്ട്. എന്ത് സംരംഭമാണവിടെ തുടങ്ങിയത്? GIM, Emerging Kerala എന്നിവയൊക്കെ നടത്തി ഒരുപാടുപേർക്ക്

ബെനിഫിറ്റുണ്ടായി. നിങ്ങൾ ASCEND നടത്തിയതുകൊണ്ട് എന്ത് നേട്ടമാണ് കേരളത്തിനുണ്ടായത്? പൊതുമേഖലാ വ്യവസായങ്ങൾക്ക് വളരാനാവശ്യമായ വ്യവസായ പാർക്കുകൾ സ്ഥാപിക്കണം, ഇൻഡസ്ട്രിയൽ ഏരിയയുണ്ടാക്കണം. എന്റെ മണ്ഡലമായ കൊണ്ടോട്ടിയിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കണമെന്ന ആവശ്യംകൂടി ഞാൻ ഉന്നയിക്കുകയാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുതി ചാർജ്ജ് രണ്ട് പ്രാവശ്യമാണ് വർദ്ധിപ്പിച്ചത്. പ്രൊഫ. കെ. യു. അരുണൻ നേരത്തെ ബഹുമാനപ്പെട്ട എം. എം. മണിയെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് വളരെ നാടകീയമായിട്ടാണ് പറയുന്നത്; അരുണൻ മാസ്റ്ററുടെ പ്രസംഗവും നാടകീയമാണ്. 'കർട്ടന്റെ പിന്നിൽനിന്നും അരങ്ങത്തേയ്ക്ക് കടന്നുവരുന്നൊരു മിനിസ്റ്ററെപ്പോലെ ബഹുമാനപ്പെട്ട മണിയാശാൻ കടന്നുവരികയാണ്'. ഈ രീതിയിലുള്ള നാടകീയതയാണ് സത്യത്തിൽ ഈ ഗവൺമെന്റിനുള്ളത്. ഇന്നലെയുണ്ടായ ഒരു സംഭവം പറയാം, മലപ്പുറം ഡി.ഡി. ഓഫീസിൽ കറന്റ് ചാർജ്ജ് അടയ്ക്കാത്തതിനാൽ ഇലക്ട്രിസിറ്റി കണക്ഷൻ കട്ട് ചെയ്തിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഈ ഗവൺമെന്റിന് കണക്ഷൻ കൊടുക്കാനുള്ള കാശുപോലുമില്ല, അത് കട്ട് ചെയ്യുന്നു. വൻകിടക്കാരുടെ കയ്യിൽനിന്നും ഇലക്ട്രിസിറ്റി വകുപ്പിന് 340 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. എന്നാൽ ഇവിടെയുള്ള സാധാരണക്കാരുടെ വീട്ടിലേയ്ക്കുള്ള കറന്റ് ചാർജ്ജ് അടയ്ക്കാതിരുന്നാൽ ഉടനെ കട്ട് ചെയ്യും. മലപ്പുറം ഡി.ഡി. ഓഫീസ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഓഫീസുകളിലെ കറന്റ് കട്ട് ചെയ്യുന്ന സമീപനമാണുള്ളത്. വൻകിടക്കാരോട് എന്നുമൊരു സോഫ്റ്റ് കോർണറുണ്ട്. ഇതൊക്കെയാണ് ഈ സർക്കാരിന്റെ നേട്ടങ്ങളെന്ന് പറയുന്നത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, ദയവുചെയ്ത് പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇന്നലെ കോഴിക്കോട് നടന്ന ഒരു സംഭവംകൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ മൂന്നാം വർഷ സാമ്പത്തികശാസ്ത്രത്തിന് പഠിച്ചിരുന്ന ഉത്തർപ്രദേശിലെ ഹൽദാർ സ്വദേശിയായ ജസ്പ്രീത് സിംഗ് എന്ന വിദ്യാർത്ഥി ആവശ്യമായ ഹാജരില്ലാത്തതിന്റെ പേരിൽ അദ്ധ്യാപകൻ പീഡിപ്പിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത സംഭവം സർക്കാർ അന്വേഷിക്കണം.

ശ്രീ. പി. കെ. ശശി: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. വി. ഇബ്രാഹിം വലിയ ആശയക്കുഴപ്പത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്. അവരുടെ ഗവൺമെന്റിന്റെ ഭരണകാലത്തെ

വ്യവസായ മേഖലയെപ്പറ്റിയാണ് അദ്ദേഹം ഇപ്പോൾ പരാമർശിക്കുന്നത്. യു.ഡി.എഫ്.-ന്റെ പൊതുസമീപനം അവർ കഴിഞ്ഞ നാല് കൊല്ലമായി ഒരേ ഈണത്തിൽ പാടിക്കൊണ്ടിരിക്കുകയാണ്. യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം അവർ സ്വീകരിക്കുന്നില്ല. ഇവിടെ ശ്രീ. ജെയിംസ് മാത്യു ചൂണ്ടിക്കാണിച്ചതുപോലെ വല്ലാത്തൊരു സ്ഥലജല വിഭ്രാന്തി യു.ഡി.എഫ്.-നെ ബാധിച്ചിട്ടുണ്ട്. സ്ഥലജല വിഭ്രാന്തിയെന്ന് പറയുന്നത് മഹാഭാരതത്തിലാണ്. ദുര്യോധനാദികൾ മയാസുരൻ പണിത രാജധാനിയിലെത്തിയപ്പോൾ കര കണ്ടിട്ട് വെള്ളമാണെന്നും വെള്ളം കണ്ടിട്ട് കരയാണെന്നും ധരിച്ച് കരയിൽ നീന്തുകയും വെള്ളത്തിൽ നടക്കുകയുമാണ് ചെയ്തത്. ഞാൻ യു.ഡി.എഫ്.-നോട് പറയുകയാണ് എത്ര നീന്തിയാലും നിങ്ങൾക്ക് ഒരിക്കലും കരയിലെത്താനാകില്ല. കാരണം, നിങ്ങൾ എത്തപ്പെട്ടിട്ടുള്ളത് അത്രയും ഗൗരവതരമായ പ്രതിസന്ധിയിലാണ്. കേന്ദ്രഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് അർഹതപ്പെട്ട പദ്ധതിയില്ല, വ്യവസായ ങ്ങളില്ല, റെയിൽവേ വികസനമില്ല, അരി തരുന്നില്ല, പ്രളയ ദുരിതാശ്വാസംപോലും തരുന്നില്ല. എന്നിട്ടും ഈ സംസ്ഥാനം ആരുടെ മുന്നിലും തലകുനിച്ചില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക സ്രോതസ്സ് വളരെക്കുറവാണെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത. അതേസമയം ഏറ്റവും കൂടുതൽ ആഗ്രഹ ങ്ങളുള്ള മനസ്സാണ് മലയാളിയുടേത് എന്നതാണ് പ്രത്യേകത, aspirational mind ആണ് മലയാളികൾക്കുള്ളത്. കേരളത്തിലെ മനുഷ്യന്റെ ആഗ്രഹങ്ങൾക്കൊപ്പം ഓടിയെത്താനായി ഈ ഗവൺമെന്റ് എല്ലാ മേഖലയിലും വലിയ തോതിലുള്ള വളർച്ച കൈവരിക്കാനുള്ള പ്രവർത്തനം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തെ അതിന്റെ എല്ലാ വിശുദ്ധിയോടും വികസനനേട്ടങ്ങളോടുംകൂടി അടുത്ത തലമുറയെ ഏൽപ്പിക്കുകയെന്ന വലിയ ചുമതലയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സമീപകാല ത്തൊന്നുമില്ലാത്ത രൂപത്തിലുള്ള വലിയ മുന്നേറ്റം വ്യവസായ മേഖലയിലുണ്ടായി ക്കൊണ്ടിരിക്കുകയാണ്. നാല് മേഖലകളിലാണ് അതിന്റെ കേന്ദ്രീകരണം. ഒന്ന്, നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നു. രണ്ട്, കേന്ദ്രഗവൺമെന്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വലിയ തകർച്ചയിലാക്കുമ്പോൾ, സ്വകാര്യവൽക്കരിക്കുമ്പോൾ, അടച്ചുപൂട്ടുമ്പോൾ അതിനെ പ്രതിരോധിക്കുന്ന ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നു. മൂന്ന്, നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നു. നാല്, പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കുന്ന സമീപനം സ്വീകരിക്കുന്നു.

തീവ്രസാമ്പത്തികവൽക്കരണ നയം കോൺഗ്രസ് കൊണ്ടുവന്നതാണ്. ആ നയമാണ് ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ നിയമത്തിന്റെ ഏറ്റവും കാതലായ പ്രശ്നം, ഗവൺമെന്റിന്റെ ബിസിനസ്സ് എന്നു

പറയുന്നത് ബിസിനസ്സ് നടത്തലല്ല. 'Business of the government is not doing business', ഇതാണ് എൽ.പി.ജി. (Liberalization, Privatization, Globalization) നയം. സമൂഹവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിൽനിന്നും കേന്ദ്രസർക്കാർ പിന്മാറുകയാണ്. അതിൽനിന്നും വ്യത്യസ്തമായി ബദൽനയ സമീപനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. അത് 1974-ൽ ഇന്ദിരാഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചതാണ്. ഉശിരനായ കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് എ.കെ.ജി. പാലക്കാടിനെ പ്രതിനിധീകരിച്ച് എം.പി. ആയപ്പോൾ അദ്ദേഹം "മലബാറിനോടുള്ള അവഗണന അവസാനിപ്പിക്കണം, നിക്ഷേപം വരണം" എന്ന് പാർലമെന്റിൽ ആവശ്യപ്പെട്ടതിനെത്തുടർന്ന് അനുവദിച്ചതാണ് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും ഐ.ടി.ഐ.-യും. 568 ഏക്കർ ഭൂമിയാണ് കേരളം അതിനുവേണ്ടി കൊടുത്തത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ അത് ഏറ്റെടുക്കാമെന്ന് സംസ്ഥാന സർക്കാർ അറിയിക്കുകയുണ്ടായി. എന്നാൽ 568 ഏക്കർ ഭൂമിക്ക് വില നൽകണമെന്നാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ പറയുന്നത്. ഇതിൽ കോൺഗ്രസിന്റെ നിലപാട് എന്താണ്? കോൺഗ്രസിന് ഇതിലൊരു പ്രശ്നവുമില്ല. കോൺഗ്രസിന്റെ പ്രശ്നം ഇടതുപക്ഷത്തെ എതിർക്കണം, എൽ.ഡി.എഫ്. ഗവൺമെന്റിനെ എതിർക്കണം എന്നുള്ളതാണ്. കേരളത്തിന്റെ വ്യവസായ വകുപ്പ് 14 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി. വ്യവസായ രംഗത്ത് പുതിയ പ്രതീക്ഷയ്ക്ക് വകനൽകുന്ന വ്യവസായ ഇടനാഴി (Industrial Corridor) യാഥാർത്ഥ്യമാകുകയാണ്. വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ നിക്ഷേപം വരണം. അതിനുവേണ്ടിയാണ് ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നത്. ഒരു ലക്ഷത്തിലധികം കോടി രൂപയുടെ നിക്ഷേപം വാഗ്ദാനം ചെയ്യപ്പെട്ടു. വ്യാവസായിക മേഖലയിൽ വലിയ മുന്നേറ്റമുണ്ടാകാൻ പോകുകയാണ്. Ease of Doing Business-നെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. ഈ ഗവൺമെന്റ് അതിവേഗതയിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സംവിധാനം ഒരുക്കിക്കൊടുക്കുന്നു. ഗെയിൽ പൈപ്പ് ലൈൻ ജനങ്ങളുടെ ആശങ്കയകറ്റുന്നു. പരമ്പരാഗത വ്യവസായ മേഖല പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ്, ജീവനോപാധിയാണ്. ആ മേഖലകളെ സംരക്ഷിക്കാനുള്ള ഫലപ്രദമായ ഇടപെടൽ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന് ഊട്ടും പാവും നെയ്തെടുത്ത ഖാദി മേഖലയിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

മണിയാശാൻ മന്ത്രിയായപ്പോൾ പരിഹാസമായിരുന്നു. പവർകട്ടില്ലാത്ത നാല് വർഷമാണ് കടന്നുപോയത്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. എല്ലാ മണ്ഡലങ്ങളിലും വൈദ്യുതി അദാലത്തുകൾ നടത്തി. ഈ ഗവൺമെന്റിനെ ഒരു കാര്യത്തിലും വിമർശിക്കാൻ കഴിയില്ല. നിയമസഭയിലെ എന്റെ ബഹുമാന്യ സുഹൃത്ത് എൻ. ഷംസുദ്ദീൻ പാർട്ടി തീരുമാനം നടപ്പിലാക്കുകയാണ്. അദ്ദേഹത്തിന് എല്ലാവരെയും പോലെ സ്വപ്നം കാണാൻ അവകാശമുണ്ട്. അദ്ദേഹം അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വരുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. കാക്ക മലർന്ന് പറന്നാലും നിങ്ങൾ അധികാരത്തിൽ വരാൻ പോകുന്നില്ല. അതുകൊണ്ടാണ് മുന്നണി ശരിയല്ല, നേരേചൊവ്വേ കാര്യങ്ങൾ പോകണം, കോൺഗ്രസ് തിരുത്തേണ്ടത് തിരുത്തണം, മുന്നണി ശക്തി പ്പെടുത്തണം എന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. മുന്നണി വിപുലീ കരിക്കാൻ പോകുകയാണെന്നാണ് തോന്നുന്നത്. ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയും ചേർത്താണ് മുന്നണി വിപുലീകരിക്കാൻ പോകുന്നത്. ഇവരെ കൂട്ടിയാണ് മതേതരത്വം സംരക്ഷിക്കാൻ കോൺഗ്രസ് മുതിരുന്നത്. നിങ്ങളുടെ അപാരമായ തൊലിക്കട്ടിക്ക് മുന്നിൽ ആയുധം വച്ച് കീഴടങ്ങുകയാണെന്നല്ലാതെ വേറൊന്നും പറയാനില്ല. കുളംകലക്കി പരുന്തിന് കൊടുക്കലാണ് നിങ്ങളുടെ ഉദ്ദേശ്യം. അത് കേരളത്തിന്റെ മണ്ണിൽ നടപ്പാകില്ലെന്ന് വളരെ വിനയത്തോടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ അപായസൂചനകൾ നൽകുന്ന സാഹചര്യത്തിലൂടെയാണ് ഈ നാട് മുന്നോട്ടുപോകുന്നത്. അക്കാര്യങ്ങളെല്ലാം ഇവിടെ ചർച്ച ചെയ്തുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ജനാധിപത്യം, മതനിരപേക്ഷത, ഉന്നത മൂല്യങ്ങൾ, ഭരണഘടന എന്നുവേണ്ട രാജ്യം തന്നെ നിലനിൽക്കുമോയെന്ന പ്രശ്നമാണ് നമ്മുടെ മുമ്പിലുള്ളത്. ഈ സന്ദർഭത്തിൽ ഒരുമിച്ച് നിൽക്കണം. ഒരുമിച്ച് നിൽക്കാൻ ഞങ്ങളില്ലെങ്കിൽ ഈ രാജ്യമില്ലെന്ന നിലപാടിലാണ് ഇവിടെ കോൺഗ്രസ് പ്രസംഗിക്കുന്നത്. നിങ്ങളുടെ അവസ്ഥയെ ക്കുറിച്ച് ആലോചിച്ചുനോക്കൂ. ഞാൻ കോൺഗ്രസ് നേതാക്കന്മാരോട് ചോദിക്കട്ടെ, നിങ്ങൾക്ക് പരസ്പരം വിശ്വാസമുണ്ടോ? ശ്രീ. കമൽനാഥിന്റെ മന്ത്രിസഭ വീഴാൻ പോകുകയാണെന്നാണ് അവസാനത്തെ റിപ്പോർട്ട്. ഇപ്പോൾ നിരവധി എം.എൽ.എ.-മാർ റിസോർട്ടിലാണ്. ഏറ്റവും ദയനീയമായ ഒരവസ്ഥയിൽ ആയുഷ്കാലം മുഴുവനും റിസോർട്ടിൽത്തന്നെ താമസി ക്കാനാണോ നിങ്ങളുടെ ഉദ്ദേശ്യം. ഈ ഗവൺമെന്റി നെതിരായി നിങ്ങൾക്ക് എന്തും പറയാം. ജന്മനാ ചില വരങ്ങളുണ്ടെന്ന് കേട്ടിട്ടുണ്ട്. കാർട്ടൂണിസ്റ്റായ യേശുദാസൻ കത്തിയെടുത്ത് ഒരാളെ കുത്തിയാൽ അതുണ്ടാക്കുന്ന മുറിവിന്റെ ആകൃതിപോലും ഒരു കാർട്ടൂണിന്റെ രൂപത്തിലാകുമെന്ന് പറയാറുണ്ട്. ഗായകനായ യേശുദാസ് തൊണ്ടതുറന്നൊന്ന് ചുമച്ചാൽ അത് അരനിമിഷം സ്വരരാഗസുധയായി മാറുമെന്ന് കേൾക്കാറുണ്ട്. നർത്തകിയായ മൃണാളിനി സാരാഭായി കാലിൽ മുള്ളുതറച്ച് മുടന്തി നടന്നാൽപോലും അതിൽ ഭരതനാട്യത്തിന്റെ ചേലുണ്ടാ കുമെന്ന് കേൾക്കാറുണ്ട്. അഗതാ ക്രിസ്റ്റി ഒരു ടെലിഫോൺ നമ്പർ കുറിച്ചുവച്ചാൽ അതൊരു ഡിറ്റക്റ്റീവ് നോവലിന്റെ ഉദ്വേഗമുണ്ടാക്കുമെന്ന് കേൾക്കാറുണ്ട്. ഇതെല്ലാം

ജന്മനായുള്ള ചില വരങ്ങളാണ്. പക്ഷേ കോൺഗ്രസിന് ജന്മനാ ശാപങ്ങൾ മാത്രമാണ് കിട്ടിയത്. പറഞ്ഞതെല്ലാം അവർക്കെതിരെ ബൂമറാംഗായി തിരിച്ചടിക്കും. കോൺഗ്രസ് അഴിമതിയെക്കുറിച്ച് പറയുകയാണ്. അഴിമതിയെക്കുറിച്ച് പറയാൻ പറ്റിയ പാർട്ടിയാണ് കോൺഗ്രസ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ആൾരൂപങ്ങളടങ്ങിയ, അടിമുടി ചെളിക്കുണ്ടിലാണ്ട ഒരു രാഷ്ട്രീയ പാർട്ടി അഴിമതിക്കെതിരായി പ്രസംഗിക്കുമ്പോൾ അത് നിങ്ങളുടെ നെഞ്ചത്തേയ്ക്കാണ് തിരിച്ചുകൊള്ളുന്നതെന്ന് മനസ്സിലാക്കണം. അതുപോലെ ഇവിടെ കരിനിയമങ്ങളെക്കുറിച്ച് പറഞ്ഞു. യു.എ.പി.എ. കൊണ്ടുവന്നത് ഇവരാണ്. ഡി.ഐ.ആർ. പ്രകാരം എത്രപേരെയാണ് അറസ്റ്റ് ചെയ്തത്? Maintenance of Internal Security Act (MISA) പ്രകാരം ആയിരക്കണക്കിന് ആളുകളെയല്ലേ തടവിലാക്കിയത്. ഇത് MISA അല്ല, Most Inhuman and savage Act ആണെന്ന് ബ്ലിസിന്റെ പത്രാധിപനായിരുന്ന കരൺജി എഴുതി. കാടത്തപരവും മനുഷ്യത്വരഹിതവുമായ ആ നിയമം നടപ്പിലാക്കിയതും എൻ.ഐ.എ. കൊണ്ടുവന്നതും നിങ്ങളാണ്. എൻ.ഐ.എ.-യുടെ അധികാരം കൂട്ടാൻവേണ്ടി ബി.ജെ.പി. പാർലമെന്റിൽ ബിൽ അവതരിപ്പിച്ചപ്പോൾ അതിന് കോൺഗ്രസ് പൂർണ്ണ പിന്തുണ കൊടുത്തു. ലീഗ് എതിർത്ത് പ്രസംഗിച്ചു. പക്ഷേ വോട്ടിന്റെ സമയത്ത് അവരെ കാണാനില്ല. ഞാൻ ആരെയും കുറ്റം പറയുന്നില്ല. ഇതിന്റെയെല്ലാം അവകാശികൾ നിങ്ങളാണ്. എന്നിട്ടിപ്പോൾ നിങ്ങൾ ചെയ്യുന്നതെന്താണ്? നിങ്ങൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എതിർക്കുന്നു, മുഖ്യമന്ത്രിക്കെതിരായി സംസാരിക്കുന്നു. നിങ്ങൾക്ക് വിഷയ ദാരിദ്ര്യമാണ്. പത്മവ്യൂഹമാകെ ചൊരിഞ്ഞ് അതിലകപ്പെടുത്താൻ നോക്കിയാലും ഏത് ഒറ്റുകാരന്റെ മുളയാണിക്കും ഏത് ആക്രമണത്തിനും ഒരു കള്ളക്കോലിനും പിണറായി വിജയനെന്ന പടത്തലവനെ തൊടാൻപോലുമാകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. അത് കേരളത്തിന്റെ പ്രകാശമാണ്. ഈ നാടിനെ ശരിയായ വഴിയിലൂടെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മുഖ്യമന്ത്രിയുമാണ് കേരളത്തിലുള്ളത്. ചില പ്രത്യേക സമയത്ത് നമ്മുടെ വീടുകളിൽ ഗോസായിമാർ കടന്നുവരാറുണ്ട്. അവർ നമ്മുടെ വീട്ടിൽ വരുമ്പോൾ കുട്ടികൾപോലും ഇതാ വെള്ളപ്പൊക്കം വരുന്നുവെന്ന് വിളിച്ചുപറയാറുണ്ട്. അവർ നമ്മളോട് ഭക്ഷണവും വസ്ത്രവും പണവും ചോദിക്കും. അവസാനം അവർ ഒരു ചുരുട്ടിപ്പിടിച്ച കടലാസ് നമ്മുടെ നേരെ നീട്ടും. അവർ വടക്കേ ഇന്ത്യയിൽനിന്നും വരുന്നവരാണ്. കടുത്ത വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ടവരാണ്, ഇവരെ സഹായിക്കണമെന്ന് അതിൽ എഴുതിയിട്ടുണ്ടാകും. അതാണ് അവിടത്തെ ദുരിതാശ്വാസ പ്രവർത്തനം. ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയമുണ്ടായിട്ടും കേരളത്തിലെ മൂന്നരക്കോടി ജനങ്ങളിൽ ഒരാളും യാചകനെപ്പോലെ അലയേണ്ടിവരാത്തത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടമാണ്. ആത്മവിശ്വാസവും അഭിമാനവുമുള്ള, ആകാശത്ത് ഉയർന്നുപറക്കുന്ന, ഈ അഭിമാനപുത്രന്റെ രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഒരുമിച്ച് നിൽക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ശ്രീ. പി. കെ. ശശി വ്യവസായവും ഇലക്ട്രിസിറ്റിയും ഒഴികെ ബാക്കിയെല്ലാം പറഞ്ഞു. ശ്രീ. പിണറായി വിജയനാണ് സബ്ജക്ട് എന്നുള്ള ധാരണയിലാണ് അദ്ദേഹം അവസാനിപ്പിച്ചത്. അതിനുവേണ്ടിയുള്ള ഡിമാന്റാണെന്ന തെറ്റിദ്ധാരണ വന്നു. ശ്രീ. പി. കെ. ശശി യായതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ വ്യവസായ ത്തെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 1833.2 കോടി രൂപയുടെ നഷ്ടമുണ്ടെന്നുള്ളതാണ് പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. അങ്ങത് പരിശോധിക്കണം, നഷ്ടം നികത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം. ഇവർ പറയുന്നതുകേട്ട് അങ്ങ് പൊങ്ങരുത്, കുഴപ്പത്തിലാകും. ട്രാവൻകൂർ സിമന്റ്സിനെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

ഞാൻ പ്രധാനമായും വൈദ്യുതിയെക്കുറിച്ച് പറയാനാണ് ആഗ്രഹിക്കുന്നത്. വൈദ്യുതിയുമായി ബന്ധപ്പെട്ട് അവകാശവാദം പറയുന്ന ഒട്ടനവധി ലഘുലേഖകൾ ഞങ്ങൾക്ക് കിട്ടിയിട്ടുണ്ട്. വളരെ മനോഹരമായി അച്ചടിച്ച ലഘുലേഖകളാണവ. എനിക്ക് അതിന്റെ വർണ്ണഭംഗിയെക്കുറിച്ചൊന്നും തർക്കമില്ല. വൈദ്യുതി ശൃംഖലയ്ക്ക് സമാന്തരമായി പുതിയ ഒപ്റ്റിക്കൽ ഫൈബർ പാത തുടങ്ങുമെന്ന് 2017-18-ലെ ബഡ്ജറ്റിൽ പറഞ്ഞിരുന്നെങ്കിലും തുടങ്ങിയിട്ടില്ല. സാർവ്വത്രിക ഇന്റർനെറ്റ് സൗകര്യം, കെ-ഫോൺ ഇതൊക്കെ കേട്ടുകൊണ്ടിരുന്ന കാര്യങ്ങളാണ്, ഒന്നും നടന്നിട്ടില്ല. ഈ ശൃംഖലയ്ക്കുവേണ്ടി കിഫ്ബിയിൽ നിന്ന് ആയിരം കോടി രൂപ ലഭ്യമാക്കുമെന്ന് പറഞ്ഞിട്ട് എത്ര കോടി രൂപ കൊടുത്തുവെന്ന് അറിയില്ല. 2020 ആയിട്ടും പണവും കിട്ടിയിട്ടില്ല, പണിയും തുടങ്ങിയിട്ടില്ലെന്നുള്ളതാണ് വാസ്തവം. കെ.എസ്.ഇ.ബി.-യെ സംബന്ധിച്ച 2017-18-ലെ ആന്വൽ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത്, " Since the Company does not have a centralized system/ records, we are not in a position to comment on the dues of income tax or sales tax or service tax or duty of customs or duty of excise or value added tax, goods and services tax or cess which have not been deposited on account of any dispute" എന്നാണ്. അങ്ങയുടെ കീഴിലുള്ള കമ്പനിയുടെ ഓഡിറ്റ് റിപ്പോർട്ടിലാണ് ഇത് പറഞ്ഞിരിക്കുന്നത്. അതിൽ സെസിന്റെ പണംപോലും അടച്ചിട്ടില്ലെന്ന് പറയുന്നുണ്ട്. ഇവിടെ മൂന്ന് പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. അക്കൂട്ടത്തിൽ സെസും കൊണ്ടുവന്നിരുന്നു. പിരിച്ച കാശ് അടച്ച് ഓഡിറ്റ് ചെയ്യുന്നതിന് ഇനിയെങ്കിലും അങ്ങ് നിർദ്ദേശം കൊടുക്കണം. അതുണ്ടായിട്ടില്ലെന്നാണ് അങ്ങയുടെ ഈ പുസ്തകത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വൈദ്യുതി രംഗത്ത് വലിയ മാറ്റമാണെന്നൊക്കെ പറഞ്ഞു. ഇതൊന്നും വ്യക്തിഗതമല്ല, അതെല്ലാം വ്യത്യസ്തമാണ്. കാരണം ഒരു മന്ത്രിയെന്ന നിലയിൽ ചെയ്യേണ്ട കടമകൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ വിമർശനങ്ങൾ നടത്തുന്നത്.

Kerala State Electricity Board abstract of arrears - current charges as on 31-12-2019-ൽ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾ കൊടുക്കാനുള്ള 452 കോടി രൂപയും ക്യാപ്റ്റീവ് പവർ പ്ലാന്റ് കൊടുക്കാനുള്ള 56 കോടി രൂപയും ഉൾപ്പെടെ 508 കോടി രൂപ സ്വകാര്യ വ്യക്തികളിൽനിന്നും കുടിശ്ശികയായി കിട്ടാനുണ്ട്. അതുകൂടാതെ 904.23 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്നാണ് ഈ അബ്സ്ട്രാക്ടിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വാനോളം പൊക്കുകയും വാണത്തിൽ കയറ്റിവിടുകയും ചെയ്യുമ്പോൾ ദയവായി ഈ കണക്കുകൂടി പരിശോധിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കാര്യമായിട്ടുള്ളതല്ലെന്ന് മനസ്സിലാകും. അങ്ങുതന്നെ ഇക്കാര്യം സമ്മതിച്ചിട്ടുമുണ്ട്. ഡോ. എം. കെ. മുനീറും ശ്രീ. എൻ. എ. നെല്ലിക്കുന്നും ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ എസ്.റ്റി.-യിൽ നിന്നും കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 904.22 കോടി രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊന്നും നിഷേധിക്കാനാകാത്ത കാര്യങ്ങളാണ്. നിങ്ങളുടെ അക്കൗണ്ടുകളും പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടും പരിശോധിക്കുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ട്രാക്ക് തെറ്റിപ്പോകുന്നുവെന്നാണ് മനസ്സിലാകുന്നത്. അതിനെ ശരിയായ വിധത്തിൽ കൊണ്ടുവരണം.

സ്വാഭാവികമായും ഏത് മന്ത്രിയും ഏത് ഗവൺമെന്റും അവരുടെ വകുപ്പുകളെ സംബന്ധിച്ച് അവകാശവാദങ്ങൾ പറയും. മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന അവകാശവാദം പറഞ്ഞത് എന്റെ മുന്നിലിരിക്കുന്ന ശ്രീ. എ. കെ. ബാലനാണ്. അന്ന് പാലക്കാട് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചതാണ്. അങ്ങയുടെ പ്രഖ്യാപനം അസാധുവാക്കിക്കൊണ്ടാണ് പുതിയ പ്രഖ്യാപനം വരുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം രണ്ട് പ്രാവശ്യം നടക്കുന്നതെങ്ങനെയാണ്? അതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദും സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. അപ്പോൾ ഇതിന്റെ ട്രിക്ക് എന്താണ്? സമ്പൂർണ്ണ വൈദ്യുതീകരണം കഴിഞ്ഞ് നിർമ്മിച്ച പുതിയ വീടുകൾക്കുകൂടി വൈദ്യുതി കൊടുത്തുവെന്ന് മാത്രമേയുള്ളൂ. അവർക്ക് വൈദ്യുതി നൽകാതെ കയ്യുംകെട്ടി നോക്കിയിരിക്കാൻ സാധിക്കുമോ? അതൊരു മഹാകാര്യമായി പറയണ്ട. അങ്ങ് ചെയ്തിട്ടുണ്ടാകാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ബാക്കിയുള്ള വീടുകളുടെ കാര്യം മാത്രംവച്ച് പരിശോധിക്കരുതെന്ന് ഞാൻ ഓർമ്മി പ്പിക്കുകയാണ്. മാത്രമല്ല, ഇപ്പോൾ ചില പദ്ധതികളുണ്ട്. ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റേതാണ്. ദീൻദയാൽ ഉപാധ്യായ പ്രോജക്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുതകുന്നതാണോ, ഗുണം കിട്ടുന്നത് പാവപ്പെട്ടവനാണോ എന്നുമാത്രമേ ഞാൻ പരിശോധിക്കുന്നുള്ളൂ, അല്ലാതെ ബി.ജെ.പി. ഗവൺമെന്റിന്റേതാണോ എന്നൊന്നും നോക്കുന്നില്ല.

ഇവിടെ സോളാറിനെക്കുറിച്ച് ധാരാളം ചർച്ചകൾ നടന്നതാണ്. 1000 മെഗാവാട്ട് സൗരോർജ്ജമെന്നത് അവകാശവാദമാണ്. ഇത് അങ്ങിവിടെ പറഞ്ഞ കണക്കാണ്; Tata Power 30 MW, Waaree Energy Limited 6.5 MW, Inkel 10 MW ആകെ 46.5 MW. 1000 MW എന്നുപറയുമ്പോൾ നമുക്ക് കിട്ടിയിരിക്കുന്നത് 46.5 മെഗാവാട്ടാണ്. അങ്ങത് പരിശോധിച്ച് യാഥാർത്ഥ്യം ഉൾക്കൊണ്ടു വേണം നിലപാടെടുക്കാനെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

പവർ പർച്ചേസിനെക്കുറിച്ച് വിവാദങ്ങൾ നടക്കുകയാണ്. Jindal India Pvt. Limited കമ്പനിയുടെ കയ്യിൽനിന്നും പവർ വാങ്ങുന്നതിന് തീരുമാനമെടുത്തോയെന്നത് എല്ലാവർക്കുമറിയാം. ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയറുടെ ചുമതല നൽകി. അദ്ദേഹം അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളാണ്. എനിക്ക് അതിലൊന്നും വിരോധമില്ല. കാരണം, അദ്ദേഹം അവരുടെ സംഘടനയുടെ പ്രസിഡന്റായിരുന്ന ആളാണ്. അദ്ദേഹത്തെ അവിടെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറാക്കുകയും പിന്നീട് ചീഫ് എഞ്ചിനീയറുടെ ചുമതല നൽകുകയും ചെയ്തിട്ട് 40 വർഷത്തേയ്ക്കുള്ള ദീർഘകാല കരാറിൽ ഒപ്പുവയ്പിച്ചു. ആ കരാറിന്റെ രേഖയൊന്നും പുറത്ത് വരുന്നില്ല. അതുകൊണ്ട് ചെയർ നിർദ്ദേശം കൊടുക്കണം, മുഖ്യമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ് ആ കരാറിന്റെ എല്ലാ രേഖകളും സഭയുടെ മേശപ്പുറത്ത് വയ്ക്കണം. ആ രേഖ എന്തിനാണ് രഹസ്യമായി വച്ചിരിക്കുന്നത്? അത് സമൂഹം അറിയണം, ജനങ്ങൾ ചർച്ച ചെയ്യണം. അങ്ങ് തർക്കുത്തരമൊക്കെ ചിലപ്പോൾ പറയും. എനിക്ക് അങ്ങ് പറയുന്നത് ഇഷ്ടമാണ്. പക്ഷേ, ആ കരാർ എന്താണെന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. അത് രഹസ്യമാക്കി വയ്ക്കരുത്. പവർ ട്രേഡിംഗ് കോർപ്പറേഷൻ ടാറ്റാ പവറിൽനിന്നും വൈദ്യുതി വാങ്ങുന്നതിനു വേണ്ടി ഇതുപോലെ മറ്റൊരു കരാർകൂടി ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെയൊരു കരാറുണ്ടോയെന്ന് അങ്ങ് പരിശോധിക്കണം, ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകളെന്തൊക്കെയാണെന്ന് പബ്ലിഷ് ചെയ്യണം. അതുകൂടി രംഗത്ത് കൊണ്ടുവരണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. താൽച്ചർ, രാമഗുണ്ടം, സിംഹാദ്രി, കുഡ്ഗി എന്നിങ്ങനെയുള്ള NTPC സ്റ്റേഷനുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ഒഴിവാക്കിക്കൊണ്ടാണ് ജിണ്ടാൽ കമ്പനിയോട് ടാറ്റാ പവർ എഗ്രിമെന്റ് വച്ചതെന്ന ആക്ഷേപമുണ്ട്. നമുക്ക് കിട്ടാൻ സാധ്യതയുണ്ടായിരുന്ന വൈദ്യുതി എന്തുകൊണ്ടാണ് വേണ്ടെന്നുവച്ചതെന്ന് പരിശോധിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ച് ധാരാളം ചർച്ച സമൂഹത്തിൽ നടന്നിട്ടുണ്ട്. പതിനായിരം കോടി രൂപയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി മുടക്കുന്നതിന് തീരുമാനിച്ചത്. ഇന്നത്തെ ദേശാഭിമാനി പത്രത്തിൽ പറഞ്ഞിരിക്കുന്നു,

"ട്രാൻസ്ഗ്രിഡ് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് കെ.എസ്.ഇ.ബി; രണ്ടാംഘട്ടത്തിന്റെ ആദ്യ പ്രവൃത്തിയായ ശബരി ലൈൻ പാക്കേജിന്റെ നിർമ്മാണം സ്റ്റെർലൈറ്റ് കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു" എന്ന്. എന്റെ കയ്യിൽ ആ ബോർഡിന്റെ ഓർഡറുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി വിവാദ രൂപത്തിൽ ജനങ്ങളുടെ മുന്നിൽ നിൽക്കുകയാണ്. ആ വിവാദമോ അതുമായി ബന്ധപ്പെട്ട സംശയമോ ദൂരീകരിക്കുന്നതിനുമുമ്പ് വളരെ ധൃതിപ്പെട്ട് ഇന്നലെതന്നെ അതിന് ഓർഡർ കൊടുത്തു എന്നുപറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. അതിനെക്കുറിച്ച് അങ്ങ് വിശദീകരിക്കണം. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കോട്ടയം-കോലത്തുനാട് ലൈൻ പാക്കേജുകൾ സ്റ്റെർലൈറ്റ്, L&T എന്നീ കമ്പനികൾക്ക് ടെണ്ടർ തുകയിൽ നിന്ന് 50 മുതൽ 65 ശതമാനംവരെ വർദ്ധിപ്പിച്ചു എന്നാണ് പറയുന്നത്. ആ എഗ്രിമെന്റ് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചുള്ളതാണ്. ഡി.എസ്.ആർ. അനുസരിച്ചാണ് അവർ ടെണ്ടർ സബ്മിറ്റ് ചെയ്തത്. പാലങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയ്ക്കുവേണ്ടി ഒരേസ്ഥലത്ത് കൺസ്ട്രക്ഷൻ നടക്കുമ്പോൾ അതിനനുസരിച്ചാണ് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് തയ്യാറാക്കിയിട്ടുള്ളത്. ശബരി പദ്ധതിയെന്ന് പറയുമ്പോൾ, അത് ഇടുക്കി, പത്തനംതിട്ട തുടങ്ങിയ പല പ്രദേശങ്ങളെ ബാധിക്കുന്നതുകൊണ്ട് ഡി.എസ്.ആർ.-നും അപ്പുറത്തേയ്ക്ക് റേറ്റ് പോകുകയാണ്. അതാണ് നമ്മുടെ പ്രശ്നം. എന്തുകൊണ്ടാണ് ഇങ്ങനെ വന്നതെന്ന് വിശദീകരിക്കണം.

നേരത്തെ ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയത്തിൽ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതെല്ലാം റെക്കോർഡിലുള്ളതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ, സംശയത്തിന്റെ നിഴലിൽ ഇപ്പോഴും നിൽക്കുന്നു എന്നുള്ളതാണ്. കിഫ്ബിയിലെ പതിനായിരം കോടി രൂപ വിനിയോഗിക്കുമ്പോൾ, ഈ പണം നേരിട്ട് നിങ്ങളെ ഏൽപ്പിക്കുകയാണ്. നിയമസഭ ഇത് അറിയേണ്ടതല്ലേ; നിയമസഭ അറിഞ്ഞല്ലേ ഇക്കാര്യങ്ങൾക്ക് തീരുമാനമുണ്ടാകേണ്ടത്. കിഫ്ബി അനുവദിക്കുന്ന തുകയുടെ തിരിച്ചടവ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നുള്ളതാണ് എഗ്രിമെന്റ്. പതിനായിരം കോടി രൂപ കിഫ്ബി നൽകിയില്ലെങ്കിൽ അത് സംസ്ഥാന ഖജനാവിൽ നിന്നുവേണം നൽകാൻ. ഇതിന്റെ വ്യവസ്ഥകൾ അറിയാൻ നമുക്ക് അധികാരമില്ലേ; നമ്മൾ അറിയേണ്ടതല്ലേ; ഈ സമൂഹം അറിയേണ്ടതല്ലേ; നിയമസഭ ചർച്ച ചെയ്യേണ്ടതല്ലേ? സി. ആൻഡ് എ.ജി.-യുടെ പരിശോധനയ്ക്കുപോലും ഇത് നൽകില്ലെന്ന നിലയിലേയ്ക്ക് വന്നാൽ അവിടെയും ഇവിടെയും പരിശോധന നടക്കുകയില്ല, പോകാനുള്ള പണം പോകുകയും ചെയ്യും. അത് ശരിയായ വഴിയിലൂടെയാണോ പോകുന്നത് എന്നതിനെക്കുറിച്ച് അറിയേണ്ടതുണ്ട്. അതുകൊണ്ട് ഇവിടത്തെ ജനങ്ങളെ അത് അറിയിക്കുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക്

പോകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. എന്റെ കയ്യിൽ രണ്ട് രേഖകൾ കൂടിയുണ്ട്. അടുത്ത പ്രാവശ്യം ഞാൻ പ്രസംഗിക്കുമ്പോൾ അത് സഭയിൽ അവതരിപ്പിക്കാം. ഇവിടെ നടക്കുന്ന തെറ്റായ പ്രവർത്തനങ്ങൾക്ക് അവസാനമുണ്ടാകണം. ജനങ്ങളുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനുള്ള നടപടിയെടുക്കണം.

ഞാനാണ് അവസാനം സംസാരിക്കുന്നത് എന്നുള്ളതുകൊണ്ട് എന്നെ പ്രൊവോക് ചെയ്യാൻവേണ്ടി ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രിയുമായി ബന്ധപ്പെടുത്തി ചില അംഗങ്ങൾ എന്തൊക്കെയോ പറയുകയുണ്ടായി. എനിക്ക് അതിലൊന്നും പങ്കില്ല. സി.പി.ഐ.(എം)-ന്റെ യോഗത്തിലെ പ്രസംഗം ഞങ്ങൾ ടേപ്പ് വച്ച് പിടിച്ചതാണോ? ആ യോഗത്തിൽ നടന്ന പ്രസംഗം റെക്കോർഡ് ചെയ്തത് ആരാണെന്നും അത് ഏഷ്യാനെറ്റിൽ വന്നത് എങ്ങനെയാണെന്നും നിങ്ങൾ ആലോചിച്ചാൽ മതി. ആ പ്രസംഗം റെക്കോർഡ് ചെയ്ത് ടി.വി.-യിൽ വന്നതിന് എനിക്ക് എന്താണ് ചെയ്യാൻ കഴിയുക? അതിന് അപ്പുറത്തും ഇപ്പുറത്തും നിന്ന് ഒരുപാട് കാര്യങ്ങൾ ചോദിച്ചു. കേസ് ഇപ്പോഴും നിൽക്കുന്നുണ്ട്. അത് അതിന്റെ വഴിക്ക് പോകട്ടെ. അക്കാര്യത്തിലൊന്നും ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയോ ഞങ്ങളുടെ മുന്നണിയോ നിയമവിരുദ്ധമായ ഒരു നടപടിക്കും പോകില്ല. ഞാൻ ചോദിച്ച പ്രധാനപ്പെട്ട മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം നൽകണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വളരെ വിശദമായി ചർച്ച ചെയ്യേണ്ട വിഷയമായിരുന്നിട്ടും വിഷയ ദാരിദ്ര്യമെന്ന് പറയുന്നതുപോലെ ഇവിടെയും വിമർശന ദാരിദ്ര്യം വന്നത് ഈ വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനം കൊണ്ടായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. അതിൽ വളരെയധികം സന്തോഷമുണ്ട്. ഇനിയും നമുക്ക് കേരളത്തിന്റെ വ്യവസായ രംഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പ്രവർത്തിക്കാം. നിങ്ങൾ ഇവിടെ പല നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും അതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പുരോഗതിയുടെ സുപ്രധാന ഘട്ടത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. സമഗ്രവും സർവ്വതലസ്പർശിയുമായ വികസനം എന്ന ലക്ഷ്യത്തിലേയ്ക്ക് നാം വിജയകരമായി മുന്നേറുകയാണ്. നാടിന്റെ വളർച്ചയും നന്മയും ഒരുപോലെ ലക്ഷ്യമിട്ടുള്ള കൃത്യമായ ബദൽ നടപടികളുമായി രാജ്യത്തിനുതന്നെ മാതൃകയാകുകയാണ് കേരളം. കേരളത്തിന്റെ ഈ മുന്നേറ്റത്തിൽ സുപ്രധാന പങ്കുവഹിക്കാൻ വ്യവസായ മേഖലയ്ക്ക് സാധിച്ചിരിക്കുന്നുവെന്നുള്ളത് അഭിമാനകരമാണ്. ഒരു കാലത്ത് സങ്കൽപ്പിക്കാൻപോലും കഴിയാത്ത മാറ്റങ്ങളാണ് വ്യവസായ മേഖലയിൽ യാഥാർത്ഥ്യമായിരിക്കുന്നത്.

ദേശീയ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി രണ്ടാം വർഷവും കേരളം ഒന്നാമതാണ്. സുസ്ഥിര വികസന സൂചികയിലെ പരിഗണനാ വിഷയമായ വ്യവസായ വികസനത്തിന് ഏറ്റവും മികച്ച പ്രകടനത്തോടെയാണ് കേരളം ഒന്നാമത് എത്തിയത്. വ്യവസായ വികസനത്തിൽ 2018-ൽ 68 പോയിന്റ് നേടിയ കേരളം ഇത്തവണ 88 പോയിന്റ് നേടി. നീതി ആയോഗിന്റെ ഇന്ത്യ ഇന്നൊവേഷൻ സൂചികയിൽ മികച്ച ബിസിനസ്സ് സാഹചര്യമുള്ള സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്താണ് കേരളം. സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ മൊത്തം ആഭ്യന്തരോത്പാദനം 7.2% വരും. ഇക്കാലയളവിലെ ദേശീയ ശരാശരി 6.9% മാത്രമാണ്. ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കേരളത്തെ സഹായിച്ചത് വ്യവസായ രംഗത്തെ പുരോഗതിയാണെന്നാണ് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നത്. സംസ്ഥാന വരുമാനത്തിൽ 2018-19-ൽ വ്യവസായ മേഖലയുടെ സംഭാവന 13.2 ശതമാനമാണ്. 2014-15-ൽ 9.8% മാത്രമായിരുന്നു. ക്രിയാത്മകമായി പ്രവർത്തിക്കാനും ഇച്ഛാശക്തിയോടുകൂടി ഇടപെടാനും കഴിയുന്ന ഗവൺമെന്റ് ഇവിടെയുണ്ട്. ഇതുതന്നെയാണ് ഈ മാറ്റത്തിന്റെ പിന്നിലെ ഊർജ്ജം. ഈ ഗവൺമെന്റിന്റെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് വ്യവസായ മേഖലയിലും കാണുന്നത്. നിക്ഷേപകർ ആവേശത്തോടെ മുന്നോട്ടുവരികയാണ്. കേരളത്തിൽ നിക്ഷേപിക്കാൻ ഒരു തടസ്സവുമില്ലെന്ന് സംരംഭം നടത്തിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നവർക്ക് ബോദ്ധ്യപ്പെട്ടു. കേരളത്തിൽ നിക്ഷേപക സമൂഹം ഇന്ന് സുഗമമാണ്. വികസനത്തോട് മുഖം തിരിച്ച് നിൽക്കുകയും കേരളം വ്യവസായ സൗഹൃദമല്ലെന്ന് ആക്ഷേപിക്കുകയും ചെയ്തവർക്കുള്ള മറുപടി കൂടിയാണ് ഈ മുന്നേറ്റം. വ്യവസായ വികസനത്തിന്റെ പേരിൽ തട്ടിക്കൂട്ട് പദ്ധതികളും പരിപാടികളും നടത്തുന്നവരെ കൂടുതലായി തിരിച്ചറിയാൻ ഇത് ജനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്തു. നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കാനുള്ള നടപടികൾ വിജയകരമായ സാഹചര്യത്തിൽ നിക്ഷേപകരെ ആകർഷിക്കാനുള്ള നടപടികൾ സജീവമാക്കി, ഇവർക്ക് നിക്ഷേപം നടത്താൻ വ്യവസായ പാർക്കുകളടക്കം സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നു. സാങ്കേതികവിദ്യകളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും കാര്യത്തിൽ കാലത്തിനനുസരിച്ച മാറ്റങ്ങൾ സ്വീകരിക്കുന്നു. അങ്ങനെ എല്ലാ അർത്ഥത്തിലും നമ്മുടെ വ്യവസായ മേഖല അടിമുടി മാറുകയാണ്. 2016 ജൂൺ മുതൽ 2020 ഫെബ്രുവരി വരെ എല്ലാ മേഖലയിലുമായി 58932 വ്യവസായ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു. ഇതിലൂടെ 7443.51 കോടി രൂപയുടെ നിക്ഷേപമുണ്ടായി. ഈ രംഗത്ത് 229578 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ സ്വീകരിച്ച നടപടികളാണ് ഈ

മാറ്റത്തിന് പിന്നിലുള്ളത്. നിക്ഷേപവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനുവേണ്ടി സവിശേഷമായ നിയമം ഇന്ത്യയിൽ പാസ്സാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി 2018-ൽ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കി. വ്യവസായ അനുമതിക്ക് കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. 30 ദിവസത്തിനകം അനുമതി നൽകിയില്ലെങ്കിൽ കൽപ്പിത അനുമതി ലഭിക്കുന്നതാണ്. വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നതാണ് 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം'. ഈ നിയമം അനുസരിച്ച് ഒരു അനുമതിയുമില്ലാതെ പത്ത് കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങാം. ഈ നിയമം പ്രാബല്യത്തിൽ വന്ന് ഒരു മാസത്തിനകം സംസ്ഥാനത്ത് 742 സംരംഭങ്ങൾ ആരംഭിച്ചുവഴി 311 കോടി രൂപയുടെ നിക്ഷേപമുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽത്തന്നെ ആരംഭിച്ചിരിക്കുകയാണ്. വ്യവസായ ലൈസൻസിന്റെ കാലാവധി ഒരു വർഷം മുതൽ 3 വർഷംവരെ എന്നത് 5 വർഷമാക്കി വർദ്ധിപ്പിച്ചത് നിക്ഷേപകർക്ക് ഏറെ സഹായകരമായി.

എം.എസ്.എം.ഇ. മേഖലയാണ് വ്യവസായ രംഗത്തെ കേരളത്തിന്റെ കരുത്ത്. നിലവിൽ സംസ്ഥാനത്തിന്റെ വ്യവസായ സംരംഭങ്ങളിൽ 70 ശതമാനത്തോളം എം.എസ്.എം.ഇ. യൂണിറ്റുകളാണ്. മുൻകൂർ അനുമതി വേണ്ടെന്ന നിയമം വന്നതോടുകൂടി ഈ രംഗത്ത് വൻ കുതിപ്പുണ്ടായി. 2016 ജൂൺ മുതൽ 2020 ഫെബ്രുവരി 29 വരെ സംസ്ഥാനത്ത് 55740 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുവഴി 5,093 കോടി രൂപയുടെ നിക്ഷേപവും 194175 തൊഴിലും സൃഷ്ടിക്കപ്പെട്ടു. ഗവൺമെന്റ് തങ്ങൾക്കൊപ്പമുണ്ടെന്ന് സംരംഭകർക്ക് അനുഭവപ്പെടുകയാണ്. കേരളത്തിന്റെ കഴിഞ്ഞകാല ചരിത്രവുമായി താരതമ്യം ചെയ്യുമ്പോൾ വലിയൊരു മാറ്റമാണുണ്ടായിരിക്കുന്നത്. നിക്ഷേപ പ്രോത്സാഹനത്തിനായി നമ്മൾ സംഘടിപ്പിക്കുന്ന നിക്ഷേപ സംഗമങ്ങൾക്ക് നല്ല പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്.

5.00 P.M.]

ആഗോള നിക്ഷേപക സംഗമം 'ASCEND 2020' ഗംഭീര വിജയമായി. അസൻഡിൽ ഏതാണ്ട് 138 പദ്ധതി നിർദ്ദേശങ്ങളും ഒരു ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപ വാഗ്ദാനവുമുണ്ടായി. തുടർച്ചയായി നടത്തിയിട്ടുള്ള അസൻഡിന്റെ നിക്ഷേപ പ്രോത്സാഹന നടപടികളെത്തുടർന്ന് 1500 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായി.

നിക്ഷേപകർക്കായി സംസ്ഥാനത്താകെ വിവിധ തരത്തിലുള്ള 14 വ്യവസായ പാർക്കുകളൊരുങ്ങുന്നു. ഫുഡ് പ്രോസസ്സിംഗ്, ലൈഫ് സയൻസ്, ഇലക്ട്രോണിക്സ്, ഡിഫൻസ്, ലൈറ്റ് എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലാണ് പാർക്കുകൾ. പാലക്കാട് മെഗാ ഫുഡ് പാർക്ക്, ചേർത്തലയിൽ മറൈൻ ഫുഡ്പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് ഇവയെല്ലാം പൂർത്തിയായിക്കഴിഞ്ഞു. പാലക്കാട് ഡിഫൻസ് പാർക്കിന്റെയും തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെയും മെഡിക്കൽ ഡിവൈസ് പാർക്കിന്റെയും നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുകയാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. നല്ല പ്രതികരണമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കപ്പെട്ടതോടെ നിരവധിപേർ സ്വകാര്യ പാർക്ക് എന്ന ആശയവുമായി മുന്നോട്ടുവരുന്നുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിലുള്ള സംരംഭം ആരംഭിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് അസൻഡിനെക്കുറിച്ച് പറഞ്ഞു. അസൻഡ് തുടങ്ങുന്നതിന് തൊട്ടുമുമ്പ് ലാൻഡ് അസൈൻമെന്റ് റൂൾസിൽ മാറ്റം വരുത്തിക്കൊണ്ട് ജനുവരി 8-ാം തീയതി വ്യവസായ വകുപ്പ് ഒരു ഉത്തരവിറക്കി. അത് എന്റർപ്രണേഴ്സിന് ഭൂമി ലീസിന് നൽകാൻവേണ്ടിയാണ്. അതിലൊന്നും തെറ്റില്ല. ഗവൺമെന്റിന് അത് തീരുമാനിക്കാനുള്ള വിവേചനാധികാരമുണ്ട്. ലാൻഡ് അസൈൻമെന്റ് റൂൾസിൽ അമെന്റ്മെന്റ് വരുത്താനുള്ള അധികാരം വ്യവസായ വകുപ്പിനുണ്ടോ; അത് റവന്യൂ വകുപ്പ് ചെയ്യേണ്ടതല്ലേ? റവന്യൂ വകുപ്പുമന്ത്രിയും അതിനെക്കുറിച്ച് മറുപടി പറയണം. ഗവൺമെന്റ് ഓർഡർ ഇറക്കി ലാൻഡ് അസൈൻമെന്റ് റൂൾസിൽ അമെന്റ്മെന്റ് വരുത്താൻ വ്യവസായ വകുപ്പിന് സാധിക്കുമോ? ഞാനതിന്റെ മെറിറ്റിലേയ്ക്ക് പോകുന്നില്ല. സാങ്കേതികമായ വിഷയമാണിത്. ആ ഓർഡർ നിലനിൽക്കുമോ; അല്ലെങ്കിൽ ഈ അസൻഡിൽ വരുന്ന എന്റർപ്രണേഴ്സിനെ പറ്റിക്കാനായി ചെയ്തതാണോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, 'പറ്റിക്കൽ' നിങ്ങളുടെ പരിപാടിയായതുകൊണ്ട് എല്ലാം അങ്ങനെയാണെന്ന് സംശയിക്കേണ്ടതില്ല. ഇതിന് നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും സംയുക്തമായി ആലോചിച്ച് മെച്ചപ്പെട്ട നിലയിൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയത്തക്ക വിധത്തിലാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിന് നിയമപരമായി ഒരു തടസ്സവുമില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തയ്യാറാക്കിയതാണോ; ആ ഉത്തരവ് നിലനിൽക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഞാനും റവന്യൂ വകുപ്പുമന്ത്രിയുംകൂടി ആലോചിച്ച് തയ്യാറാക്കിയതാണ്, ആ ഉത്തരവ് നിലനിൽക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ മുന്നേറ്റം നമ്മുടെ വ്യവസായ വികസനത്തിന്റെ നിർണ്ണായക സൂചികയാണ്. നഷ്ടക്കണക്കുകൾ മാത്രം പറയാനുണ്ടായിരുന്ന, അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന സ്ഥാപനങ്ങൾ ഗംഭീരമായ തിരിച്ചുവരവ് നടത്തുകയാണ്. നവീകരണവും വൈവിദ്ധ്യവൽക്കരണവും പുത്തൻ ആശയങ്ങളും പൊതുമേഖലയെ ഉണർവ്വിലേയ്ക്ക് നയിച്ചു.

2015-16-ൽ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടി രൂപയായിരുന്നു. ഈ സർക്കാർ വന്ന ആദ്യ സാമ്പത്തിക വർഷംതന്നെ നഷ്ടം 80.67 കോടി രൂപയായി കുറച്ചു. 2017-18-ൽ പൊതു മേഖലയെ 5.11 കോടി രൂപയുടെ ലാഭത്തിലെത്തിച്ചു. 2018-19-ൽ ലാഭം 8.26 കോടി രൂപയായി. പ്രളയത്തെ അതിജീവിച്ചാണ് ഈ മുന്നേറ്റം.

2015-16-ൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലുണ്ടായിരുന്നു. 2016-17, 2017-18 എന്നീ കാലയളവുകളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലായി. 2018-19-ൽ 12 സ്ഥാപനങ്ങൾ ലാഭം കൈവരിച്ചു. 2019-20 സാമ്പത്തികവർഷം 15-ൽ കൂടുതൽ സ്ഥാപനങ്ങൾ ലാഭത്തിലെത്തും. 2015-ൽ മൂന്നുകോടി രൂപമാത്രം ലാഭമുണ്ടായിരുന്ന കെ.എം.എം.എൽ. 2017-18-ൽ ലാഭം 180 കോടി രൂപയായി ഉയർത്തി. നിങ്ങളുടെ കാലത്ത് (2015-ൽ) മൂന്ന് കോടി രൂപയായിരുന്നു കെ.എം.എം.എൽ.-ന്റെ ലാഭം. തുടർച്ചയായി നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസും ടൈറ്റാനിയവും 2017 മുതൽ 2019 വരെ മികച്ച ലാഭം കൈവരിച്ചുകഴിഞ്ഞു. ബഹുമാന്യനായ വി. ഡി. സതീശൻ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് യൂണിയന്റെ പ്രമുഖനായ നേതാവാണ്. അദ്ദേഹത്തിന് അക്കാര്യങ്ങൾ വളരെ വ്യക്തമായി അറിയാം.

കെ.എ.എൽ.-ന്റെ 'ഇ-ഓട്ടോ' നിരത്തിലിറക്കി. ഇ-ബസ് നിർമ്മിക്കാനുള്ള തയ്യാറെടുപ്പിലാണ്. ട്രെയിൻ ബോഗി നിർമ്മിക്കുന്ന ആദ്യ സംസ്ഥാന പൊതുമേഖലാ സ്ഥാപനം എന്ന പദവി ഓട്ടോകാസ്റ്റിനാണ്. കെ.എസ്.ഡി.പി.-യെ ആധുനിക മരുന്ന് നിർമ്മാണ കമ്പനിയാക്കി ഉയർത്തി. 2017-18-ൽ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റ് സ്ഥാപിച്ചു. 2018-19-ൽ 32.15 കോടി രൂപയുടെ നോൺ ബീറ്റാലാക്ടം മരുന്ന് പ്ലാന്റ് കമ്മീഷൻ ചെയ്തു. പാരസെറ്റമോൾ മാത്രം നിർമ്മിച്ചിരുന്ന സ്ഥാപനം ആന്റിബയോട്ടിക്സ്, ഇൻജക്ഷൻ മരുന്ന്, അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്ന് എന്നിവ നിർമ്മിക്കുന്നു. ഇപ്പോൾ കാൻസറിനുള്ള മരുന്ന് ഉല്പാദിപ്പിക്കാനുള്ള നടപടിയിലാണ്.

കെൽട്രോൺ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള സിറാമിക്സ്, സിൽക്ക്, കെൽ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ചന്ദ്രയാൻ-2 ദൗത്യത്തിനായി ഐ.എസ്.ആർ.ഒ.-യ്ക്ക് ഭൂരിപക്ഷം ഉപകരണങ്ങളും നിർമ്മിച്ച് നൽകിയത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കെ.എം.എം.എൽ., കെൽട്രോൺ, കെ.എ.എൽ., സിഡ്കോ എന്നിവയാണ്.

സ്പിന്നിംഗ് മില്ലുകൾ നഷ്ടത്തിൽനിന്ന് കരകയറുകയാണ്. മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് (മാൽകോടെക്സ്), കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ എന്നിവ വിദേശങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ആരംഭിച്ചു. ഇതുവരെ 100 ലോഡ് നൂൽ കയറ്റി അയച്ചു. കണ്ണൂർ, ആലപ്പുഴ, മില്ലുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചു. ട്രിവാൻഡ്രം മിൽ യാൺ ബാങ്ക് ആരംഭിച്ചു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. അത് ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് നിങ്ങൾക്ക് ചോദിക്കാനുള്ള അവസരം നൽകാം. സൗജന്യ കൈത്തറി യൂണിഫോമിനുള്ള നൂൽ നമ്മുടെ സ്പിന്നിംഗ് മില്ലുകളിൽനിന്ന് ഉല്പാദിപ്പിച്ച് കൈത്തറി സംഘങ്ങൾക്ക് നൽകി. കെ.എസ്.ടി.സി.എൽ.-ന് കീഴിലുള്ള 7 മില്ലുകളിലായി 873 പേർക്ക് പുതുതായി നിയമനം നൽകി. കേന്ദ്രം വിറ്റുതുലയ്ക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംസ്ഥാനം എന്താണ് യഥാർത്ഥ ബദലെന്ന് പ്രവൃത്തിയിലൂടെ തെളിയിക്കുകയാണ്. എച്ച്.എൻ.എൽ. ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നടപടികൾ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ ഇടപെടലുകൾമൂലം വൈകുകയാണ്. BHEL ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും സമ്മതപത്രം ഒപ്പുവയ്ക്കുന്നതിനുള്ള അന്തിമാനുമതി നൽകാൻ കേന്ദ്രസർക്കാർ കാലതാമസം വരുത്തുകയാണ്. ഇൻസ്ട്രുമെന്റേഷൻ ഏറ്റെടുക്കുന്നതിന് കേരള സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ പൂർത്തിയായെങ്കിലും കേന്ദ്രസർക്കാരിൽനിന്ന് അന്തിമ തീരുമാനം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടി നീളുന്നു. കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴിക്ക് അനുമതി ലഭിച്ചത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ വൻകുതിപ്പിന് വഴിയൊരുക്കും. മുംബൈ-ഡൽഹി വ്യവസായ ഇടനാഴിയുടെ അതേ മാതൃകയിലാണിത്. ഇതിനായി പാലക്കാട് 1351 ഏക്കർ ഭൂമിയും എറണാകുളത്ത് 500 ഏക്കർ ഭൂമിയും ഏറ്റെടുക്കാൻ നടപടിയാരംഭിച്ചു. പ്രകൃതി വാതകം കുറഞ്ഞ

ചെലവിൽ വ്യവസായങ്ങൾക്കും വീടുകൾക്കും നേരിട്ടെത്തിക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഇവിടെ മുടങ്ങിക്കിടക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പ്രവർത്തനം ആരംഭിച്ചു. ആകെയുള്ള 408 കിലോമീറ്ററിൽ ഇനി അവശേഷിക്കുന്നത് ഒരു കിലോമീറ്റർ മാത്രമാണെന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

പുത്തൻ സംരംഭങ്ങൾക്കൊപ്പം പ്രധാനമാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല. പ്രതിസന്ധിയുടെ ആഴക്കയത്തിലായിരുന്ന പരമ്പരാഗത മേഖലയെ വീണ്ടെടുക്കാൻ ആത്മാർത്ഥമായ നടപടികളുടെ നീണ്ടനിരതന്നെ ഈ ഗവൺമെന്റ് പ്രാവർത്തികമാക്കി.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങിവിടെ വളരെ വിശദമായി കാര്യങ്ങൾ പറയുകയാണ്. എന്റെ കൈവശമുള്ളത് ഇക്കണോമിക് റിവ്യൂ റിപ്പോർട്ടാണ്. അതിൽ പി.എസ്.യു.-വിനെക്കുറിച്ച് പറയുന്നത് "....... resulting a net loss of 1833.3 Crores" എന്നാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 1833.3 കോടി രൂപയാണ്. മാത്രമല്ല, അങ്ങയുടെ കീഴിലുള്ള കെമിക്കൽസ് - നെഗറ്റീവ് 13 (-13), ടെക്സ്റ്റൈൽസ് - നെഗറ്റീവ് 56 (-56) തുടങ്ങി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്ലാനിംഗ് ബോർഡ് തയ്യാറാക്കുന്ന ഇക്കണോമിക് റിവ്യൂവിൽ നെഗറ്റീവ് ഗ്രോത്താണ് പറയുന്നത്. ഇവിടെ എന്ത് വ്യവസായ വികസനമാണുണ്ടാകുന്നത്? എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാണ്. ഇത് ഞാൻ പറയുന്നതല്ല, ഇക്കണോമിക് റിവ്യൂവിൽ പറയുന്നതാണ്. അങ്ങിത് വസ്തുതാപരമായി പരിശോധിക്കേണ്ട കാര്യമാണ്. കഴിഞ്ഞ നാല് വർഷത്തിനിടയിലുള്ള നഷ്ടത്തിന്റെ കണക്കും ഇതിനകത്തുണ്ട്. അതുകൊണ്ട് അങ്ങ് വെറുതെ അവകാശവാദങ്ങളുന്നയിക്കരുത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെ, ഞാൻ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചാണ്. ഇത് വസ്തുതാപരമല്ലെങ്കിൽ അങ്ങേയ്ക്ക് പരിശോധിക്കാം. നമുക്ക് തർക്കമുള്ള കാര്യങ്ങൾ നേരിട്ട് സംസാരിക്കാം. ഇത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇക്കണോമിക് സർവ്വേയുടെയും പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പറയുന്നത്. നിങ്ങളുടെ കൈവശമുള്ള കണക്ക് ഇവിടെയുള്ള കയറും കശുവണ്ടിയുമൊക്കെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

പുത്തൻ സംരംഭങ്ങൾക്കൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല. കേരളത്തിൽ നടപ്പാക്കിയിട്ടുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ

പ്രദേശങ്ങളിലും നടപ്പാക്കണമെന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഖാദി-കരകൗശല-ബാംബൂ മേഖലകളും കെൽപാം പോലുള്ള മെച്ചപ്പെട്ട സ്ഥാപനങ്ങളും പുതിയ ഉല്പന്നങ്ങളുമായി വിപണിയിൽ ശ്രദ്ധനേടുന്നു. ശബരിമല ഇടത്താവളങ്ങളിൽ എം.എസ്.എം.ഇ. പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനമേള നടത്തി. ഇതേരീതിയിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആറ്റുകാൽ മേളയും നടത്തുകയാണ്. സംസ്ഥാനത്ത് ഉല്പാദനം മാത്രമല്ല, വിപണനത്തിനുള്ള സാധ്യതകളും സൃഷ്ടിക്കുകയാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്. പുതിയ പദ്ധതിയുടെ കാര്യത്തിൽ കേരളത്തിന് അനുയോജ്യമായ മേഖലകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള നടപടികൾ വ്യവസായരംഗത്ത് സ്വീകരിക്കുന്നു. കാർഷിക വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി ആ മേഖലയ്ക്ക് മുൻഗണന നൽകും. ഇത്തരം നവീകരണ സംരംഭങ്ങളിലൂടെ കാർഷിക-വ്യവസായ മേഖലകളെ ഒരുപോലെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുകയും അത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സഹായകരമായി തീരുകയും ചെയ്യും.

വയനാട്ടിൽ കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്കും പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ ആരംഭിക്കുന്ന റൈസ് പാർക്കുകളും 'സിയാൽ' മോഡൽ റബ്ബർ കമ്പനിയും റബ്ബർ പാർക്കും സ്പൈസസ് പാർക്കും നാളികേരാധിഷ്ഠിത വ്യവസായ പാർക്കുകളും ഇതിന് ഉദാഹരണങ്ങളാണ്. സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളിൽ സംരംഭകത്വ താല്പര്യം വളർത്തുന്നതിനുവേണ്ടി യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് (ഇ.ഡി.) ക്ലബ്ബുകൾ സജീവമാക്കിയിട്ടുണ്ട്. 2020 ജനുവരി മാസത്തിൽ തിരുവനന്തപുരത്ത് ഇ.ഡി. ക്ലബ്ബ് കോൺക്ലേവ് സംഘടിപ്പിച്ചു. Kerala Institute for Entrepreneurship Development എന്ന KIED-ന്റെ സംരംഭക വികസനത്തെ കൂടുതൽ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക കാലഘട്ടത്തിൽ വ്യവസായികൾക്കും അതുപോലെതന്നെ വ്യവസായ നടത്തിപ്പുകാർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായ പരിശീലനം നൽകാനും കാലോചിതമായ ശാസ്ത്ര-സാങ്കേതികവിദ്യ പരിചയപ്പെടുത്തിക്കൊടുക്കാനും ഈ സംവിധാനങ്ങളിലൂടെ സാധിക്കും. വ്യവസായമേഖലയിൽ രാജ്യത്തെ ഏറ്റവും മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാമതാകുകയാണ് നമ്മുടെ ലക്ഷ്യം, ഇതിന് തുടക്കമിടാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭാവി പുരോഗതിയിൽ വ്യവസായമേഖലയ്ക്ക് വലിയൊരു പ്രാധാന്യമുണ്ടെന്ന് സാമ്പത്തികാവലോകന റിപ്പോർട്ടുതന്നെ തെളിയിക്കുന്നു. കൂടുതൽ നിക്ഷേപം, കൂടുതൽ സംരംഭങ്ങൾ എന്നിവയിലൂടെ തൊഴിലും ദാരിദ്ര്യ നിർമ്മാർജ്ജനവും നാടിന്റെ പുരോഗതിയും വിദേശനാണ്യവുമെല്ലാം നാം ലക്ഷ്യമിടുന്നു. വ്യവസായ പുരോഗതിയുടെ ഈ ലക്ഷ്യം കൈവരിക്കാൻ ഗവൺമെന്റ് പ്രതിബദ്ധതയോടുകൂടി

മുന്നോട്ടുനീങ്ങുകയാണ്. കേരളത്തിന്റെ വ്യാവസായികാന്തരീക്ഷം സൗഹൃദപരമാണ്. വ്യവസായരംഗത്തെയും പൊതുമേഖലയെയും മാത്രം ശക്തിപ്പെടുത്തുക എന്നുള്ളതല്ല, ഇവിടെ സ്വകാര്യ മേഖലയുമുണ്ട്. സ്വകാര്യമേഖലയുടെ നിക്ഷേപങ്ങളും തൊഴിലാളികളും ഇവിടെയാണ്; അതിന്റെ പണം ഇവിടെയാണ് സഞ്ചരിക്കുന്നത്. അതുകൊണ്ട് ആ മേഖലയെയും നാടിന്റെ അഭിവൃദ്ധിക്കായി വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.

വ്യവസായത്തിനുപരിയായി വാണിജ്യ മിഷൻ സജീവമാക്കി കേരളത്തിന്റെ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണികൾ കണ്ടെത്താനും വിപുലീകരിക്കാനും അതുപോലെ വ്യവസായങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുമുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ചില കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംബന്ധിച്ചതാണ് ഈ ഡിമാന്റ് ചർച്ച എന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളെക്കുറിച്ചാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് (2015-16) KMML 12.44 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നതെന്നാണ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത്. ഇപ്പോഴത് 181.10 കോടി രൂപയുടെ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അങ്ങുതന്നെ ചൂണ്ടിക്കാണിച്ച മലബാർ സിമന്റ്സിന്റെ കാര്യം പറയാതിരിക്കുന്നതാണ് നല്ലത്. അവിടത്തെ കമ്പനി സെക്രട്ടറി ആത്മഹത്യ ചെയ്തതാണ്. അതിന്റെ ചരിത്രമൊക്കെ അറിയാം. വെറുതെ ഞങ്ങളെക്കൊണ്ട് അതൊന്നും പറയിപ്പിക്കരുത്. നിങ്ങൾ തകർത്ത ആ സ്ഥാപനത്തിന് ഇപ്പോൾ പുനർജീവൻ നൽകിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ഈ മാറ്റം കാണണം. രാഷ്ട്രീയവിരോധംകൊണ്ട് അടച്ചാക്ഷേപിക്കുന്നത് ഒഴിവാക്കണം. മലബാർ സിമന്റ്സിനെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ട്രാവൻകൂർ സിമന്റ്സിനെ വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അവിടത്തെ തൊഴിലാളികൾ ഉന്നയിക്കപ്പെട്ട ഒരു ആവശ്യമാണത്. ആ സ്ഥാപനത്തിന്റെ കൈവശം കുറച്ച് ഭൂമിയുണ്ട്. ഞാൻ അവിടത്തെ എം.എൽ.എ. ആയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി ചർച്ച ചെയ്തു. ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ് ആ സ്ഥാപനം പ്രവർത്തിക്കുന്നത്. അത് ഏതാണ്ട് നിശ്ചലമാകാൻ പോകുകയാണ്. തൊഴിലാളികൾക്കും അവിടെനിന്ന് പിരിഞ്ഞു പോയവർക്കും ആനുകൂല്യം കൊടുത്തിട്ടില്ല. അത്തരം പ്രതിസന്ധിയിൽനിന്നും രക്ഷപ്പെടുത്തുന്നതിനായി മിച്ചമുള്ള ഭൂമി പൊതുമേഖലാ സ്ഥാപനത്തിനുതന്നെ കൈമാറി പണം സമാഹരിച്ച് വീണ്ടുമൊരു പുതിയ സംരംഭത്തിലേയ്ക്ക് ട്രാവൻകൂർ സിമന്റ്സിനെ കൊണ്ടുവരാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ഖാദി-ഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ വട്ടിയൂർക്കാവിൽ 31 സെന്റ് സ്ഥലമുണ്ട്. അത് ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കൈത്തറി മേഖലയിൽ വടകരയിലെ കേരള ഹാൻഡ്‌ലൂം സഹകരണ സംഘത്തിന്റെ വർക്ക് ഷെഡ് കഴിഞ്ഞ മഴക്കാലത്ത് പൊളിഞ്ഞുവീഴുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപയും സംസ്ഥാന കൈത്തറി വകുപ്പ് 4 ലക്ഷം രൂപയും ഉൾപ്പെടെ 19 ലക്ഷം രൂപ അനുവദിക്കുകയും ആ ബിൽഡിംഗ് വർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത് നടത്തിവരികയുമാണ്. കരകൗശല മേഖലയിലെ ഓൺലൈൻ വില്പന നന്നായി നടന്നുവരികയാണ്. സിഡ്കോ പിറവം എസ്റ്റേറ്റിലെ ഭൂമിയുടെ വില്പന സംബന്ധിച്ച് ആലോചിച്ചിട്ടേയില്ല. എങ്ങനെയാണ് ഈ വാർത്ത വന്നതെന്ന് അറിയില്ല, ഏതെങ്കിലും തല്പരകക്ഷികളുടെ സ്വാർത്ഥതാല്പര്യത്തിനു വേണ്ടി പ്രചരിപ്പിക്കുന്നതായിരിക്കും. ജില്ലാതല അലോട്ട്മെന്റ് കമ്മിറ്റി വഴിയാണ് അവിടെ ഭൂമിയുടെ അലോട്ട്മെന്റ് നടത്തുന്നത്. കൊറിഡോറിന് 1408 ഏക്കറും വ്യവസായ പാർക്കിന് 5366 ഏക്കറും ഉൾപ്പെടെ ആകെ 6774 ഏക്കർ ഭൂമിയാണ് കിൻഫ്ര ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; അതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന് 100 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ 2011-ൽ അനുമതി നൽകുകയും 54.47 കോടി രൂപ അനുവദിക്കുകയും 11.87 ഏക്കർ ഭൂമി ഏറ്റെടുത്ത് രജിസ്റ്റർ ചെയ്യുകയും കുറച്ച് സ്ഥലത്തിന് അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ ഭൂമിയാണോ ഏറ്റെടുത്തതെന്ന് ചോദിക്കുകയുണ്ടായി. ഏതായാലും പൊതുപണം ഒരു പൈസപോലും ദുരുപയോഗപ്പെടുത്താതെ എല്ലാം ഫലപ്രദമായി ചെയ്യണമെന്ന നിലപാടാണ് ഞങ്ങൾക്കുള്ളത്. ഏതായാലും ഏറ്റെടുത്തിട്ടുള്ളത് ഉപേക്ഷിക്കാൻ സാധിക്കില്ല. ഇനിയുള്ളത് എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതുകൂടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കെൽട്രോണിനെപ്പറ്റി ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കെൽട്രോൺ ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ഞങ്ങളുടെ ഭരണകാലത്ത് തുടങ്ങിയതല്ല. ഇതെല്ലാം 2014-15 കാലഘട്ടത്തിൽ ആരംഭിച്ചതാണ്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾത്തന്നെ കെൽട്രോൺ മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും യോഗം വിളിക്കുകയുണ്ടായി. കെ. പി. പി. നമ്പ്യാർ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രോണിക് സ്ഥാപനമാണിത്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഹൈമാസ്റ്റ് ലൈറ്റുകളും ബസ് ഷെൽട്ടറുകളും സ്ഥാപിക്കുന്ന പ്രവൃത്തികളാണ് കെൽട്രോൺ ചെയ്തുകൊണ്ടിരുന്നത്. ആരാണ് ആ സ്ഥാപനത്തെ അവിടെ എത്തിച്ചത്? ഇപ്പോൾ ആ സ്റ്റേജിൽനിന്നും മാറി മെച്ചപ്പെട്ട നിലയിലേയ്ക്ക് അത് വന്നുകൊണ്ടിരിക്കുകയാണ്. ഐ.എസ്.ആർ.ഒ.-യുമായൊക്കെ ബന്ധമുള്ള യോജിച്ച ഒരാളെ ഇപ്പോൾ ചെയർമാനായി നിയമിച്ചിട്ടുണ്ട്. അതു

കൊണ്ടുതന്നെ കുറേ ഓർഡറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പോലീസിനുവേണ്ടിയുള്ള ജി.പി.എസ്. അധിഷ്ഠിത കമ്മ്യൂണിക്കേഷൻ സിസ്റ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി. കെൽട്രോണിനെ സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. കെൽട്രോൺ പലതിന്റെയും ഓർഡറുകൾ ഏറ്റെടുത്തിട്ടുണ്ട്. ലോകത്ത് ഒരു സ്ഥാപനവും അവർക്കുവേണ്ട സ്പെയർ പാർട്സുകൾ അവിടെത്തന്നെയുണ്ടാക്കി അസംബിൾ ചെയ്ത് മാർക്കറ്റ് ചെയ്യുന്നില്ലെന്ന കാര്യം നാം മനസ്സിലാക്കണം. ഫിലിപ്സ്, പാനസോണിക് (ടെലിവിഷൻ, ലാപ്ടോപ്) തുടങ്ങിയവയെല്ലാം പല കമ്പനികൾ ഉല്പാദിപ്പിക്കുന്ന പ്രോഡക്ടുകൾ വാങ്ങി അസംബിൾ ചെയ്ത് മാർക്കറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. കെൽട്രോണിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ള ജീവനക്കാരുണ്ട്, അതിനുള്ള സജ്ജീകരണങ്ങളുമുണ്ട്. അത് നശിപ്പിച്ചുകൊണ്ടാണ് ആ സ്ഥാപനം ഈ അവസ്ഥയിലായത്. കെൽട്രോണിനെ പുനരുജ്ജീവനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുവന്ന് മെച്ചപ്പെടുത്തിയെടുക്കുന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

വൈദ്യുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഞാനും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ഒരുമിച്ചിരുന്ന് ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ പല സ്ഥാപനങ്ങളിൽ നിന്നും ഫ്യൂസ് ഊരേണ്ടിവരികയാണ്. ഒന്നുരണ്ട് വർഷത്തെ ബിൽത്തുക കുടിശ്ശികയായാൽ അത് ഇലക്ട്രിസിറ്റി ബോർഡിന് നൽകണ്ടേ? അവർ അവരുടെ ഡ്യൂട്ടിയാണ് നിർവ്വഹിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ അതിൽ ഇടപെടുകയും ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. കെ. ബിജു, ഐ.എ.എസ്.- നെ സ്ഥലം മാറ്റിയതുസംബന്ധിച്ച് പറയുകയുണ്ടായി. കാര്യം എന്താണെന്ന് മനസ്സിലാക്കിയിട്ടാണോ അത് പറഞ്ഞതെന്ന് അറിയില്ല. ചെറുപ്പക്കാരായ നിയമസഭാ സാമാജികർ വസ്തുതകൾ മനസ്സിലാക്കി പറയണം. ശ്രീ. കെ. ബിജു, ഐ.എ.എസ്.-ന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ചുമതല നൽകി 20-4-2018-ന് ഉത്തരവ് പുറപ്പെടുവിച്ചു. 17-4-2020-ന് അദ്ദേഹത്തെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ചു. എല്ലാവരേയും എപ്പോഴും ഒരേ സ്ഥലത്തിരുത്താൻ സാധിക്കുമോ; അനുഭവസ്ഥനായ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, നിങ്ങൾ ഇതൊക്കെ ഉപദേശിച്ചുകൊടുക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു ഉദ്യോഗസ്ഥനെ മാറ്റാനുള്ള അധികാരം ഗവൺമെന്റിനുണ്ട്, മാറ്റുകയും ചെയ്യാം. പക്ഷേ ഈ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റിയത് സംബന്ധിച്ച് ധാരാളം വാർത്തകൾ പുറത്തു

വരികയുണ്ടായി. അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റിയ ദിവസം തന്നെയാണ് നിരവധി ക്വാറികൾക്ക് അംഗീകാരം നൽകിയത്. അതുകൊണ്ടാണ് ആളുകൾക്കിടയിൽ സംശയമുണ്ടായത്. അദ്ദേഹത്തിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ ക്വാറികൾക്ക് ഖനനാനുമതി നൽകുന്നതിൽ തടസ്സം നിന്നെന്നും ആ ചുമതലയിൽനിന്നും മാറിയ ദിവസംതന്നെ പുതിയ ആൾ ചാർജ്ജെടുക്കുന്നതിന് മുമ്പായി നിരവധി ക്വാറികൾക്ക് അംഗീകാരം നൽകിയെന്നുമുള്ള വാർത്തകളാണ് പുറത്തുവന്നത്. അതിന്റെ നിജസ്ഥിതിയെന്താണെന്നാണ് ശ്രീ. വി. ടി. ബൽറാം ചോദിച്ചത്. അങ്ങ് അതിനെപ്പറ്റിയാണ് മറുപടി പറയേണ്ടത്. നിങ്ങൾക്ക് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനെ മാറ്റാനുള്ള പൂർണ്ണാധികാരമുണ്ട്, മാറ്റാം. പക്ഷേ ഇതുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇക്കാര്യം ശ്രീ. വി. ടി. ബൽറാം ഇവിടെ ഉന്നയിച്ചത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പത്രങ്ങളിൽ വരുന്ന വാർത്തകളൊക്കെ ആധികാരികമായി വിശ്വസിച്ചാൽ നിങ്ങൾക്ക് ഈ സ്ഥാനത്തിരിക്കാൻ സാധിക്കുമോ; എന്തൊക്കെയാണ് എഴുതുന്നത്? അന്നുള്ളതിൽനിന്നും ഇപ്പോൾ നൽകുന്ന അനുമതികൾ പലതും റദ്ദ് ചെയ്തിരിക്കുകയാണ്. അദ്ദേഹം സ്ഥലംമാറിപ്പോയ ദിവസം ആർക്കും അനുമതി നൽകിയിട്ടില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഉദ്യോഗസ്ഥരെ മാറ്റാനും പകരം പുതിയ ആളുകളെ നിയമിക്കാനുമുള്ള അധികാരം സർക്കാരിനുണ്ട്. ഞാൻ അതിനെയല്ല വെല്ലുവിളിക്കുന്നത്. സ്ഥലംമാറ്റുന്നതിനുമുമ്പ് അദ്ദേഹം സർക്കാരിന് പ്രിയപ്പെട്ടതല്ലാത്ത, പ്രത്യേകിച്ച് കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയെന്ന ആക്ഷേപമാണ് വരുന്നത്. മാധ്യമങ്ങളിൽ ചർച്ച ചെയ്ത കാര്യവുമാണ്. സ്വകാര്യ മേഖലയിലെ ഒരു കമ്പനിക്ക് ഖനനാനുമതി നൽകുന്നതിന് അനുകൂലമല്ലാത്ത രീതിയിൽ ഫയലിൽ നോട്ട് എഴുതിയതിനെത്തുടർന്ന് അദ്ദേഹത്തെ സ്ഥലംമാറ്റി എന്നാണ് പറയുന്നത്. വ്യക്തത വരുത്താൻവേണ്ടി ചോദിക്കുകയാണ്, സ്വകാര്യ മേഖലയ്ക്ക് ഖനനാനുമതി നൽകുന്നതിനുള്ള അനുകൂല സമീപനമാണോ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഞങ്ങളുടെ ആശങ്ക അസ്ഥാനത്താണെന്ന് അങ്ങേയ്ക്ക് കൃത്യമായി പറയാൻ സാധിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പൊതുമേഖലയിൽ മാത്രമേ ഖനനം നടത്താൻ പാടുള്ളൂവെന്ന് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിങ്ങൾക്ക് ഇതൊക്കെ എവിടെനിന്നും കിട്ടുന്ന വിവരമാണെന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങളുടെ മുന്നിൽ ഇത്തരത്തിലുള്ള ഒരു അപേക്ഷയും ലഭിച്ചിട്ടില്ല, ഉണ്ടെങ്കിൽ അതിന് അനുമതി നൽകാൻ സാധിക്കുകയുമില്ല. കാരണം, പൊതുമേഖലയിൽ മാത്രമേ ഖനനം

നടത്താൻ പാടുള്ളൂ. ഇതൊക്കെ കുറേയാളുകൾ അവരവരുടെ വ്യക്തി താല്പര്യങ്ങൾക്കുവേണ്ടി പ്രചരിപ്പിക്കുന്നതാണ്. ദയവുചെയ്ത് ഇത്തരത്തിലുള്ള കാര്യങ്ങൾ ശരിയാണെന്ന് ധരിച്ച് അബദ്ധങ്ങൾ ഉന്നയിക്കരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

പശുക്കളെ വളർത്തി പാലെടുത്ത് വിപണനം ചെയ്യുന്നതിനുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന ശ്രീ. പി. ജെ. ജോസഫിന്റെ പ്രൊപ്പോസൽ നല്ലതാണ്. അത്തരത്തിൽ ചാലക്കുടിയിൽ ഒരു ഫാം പ്രവർത്തിക്കുന്നുണ്ട്. അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, പാലുല്പാദന രംഗത്തെ കാര്യങ്ങൾ മാത്രമല്ല, അഞ്ച് വിവിധോദ്ദേശ്യ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന് മുൻവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാനും തൊഴിലാളികളുടെ ആനുകൂല്യം ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് പണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്നലെ ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൂടി പ്രത്യേക യോഗം ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, വ്യവസായ വകുപ്പ് ഡയറക്ടറെ ട്രാൻസ്ഫർ ചെയ്ത വിഷയത്തിന്മേൽ ക്ലാരിഫിക്കേഷനുണ്ടാകാതിരുന്നതുകൊണ്ടാണ് പ്രസ്തുത വിഷയം മാധ്യമങ്ങൾ ചർച്ച ചെയ്തതും ഇവിടെ ഉന്നയിക്കേണ്ടിവന്നതും. സ്വകാര്യ മേഖലയ്ക്ക് ഖനനാനുമതി നൽകാൻ ഉദ്ദേശിക്കുന്നില്ലെന്ന സർക്കാരിന്റെ നയമാണ് പ്രഖ്യാപിക്കുന്നതെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. കെൽട്രോണുമായി ബന്ധപ്പെട്ട് ഞാൻ ചില ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. കൊക്കോണിക്സ് എന്ന സ്ഥാപനത്തെ ഉപയോഗിച്ച് ലാപ്ടോപ്, കമ്പ്യൂട്ടറുകൾ എന്നിവ കെൽട്രോൺ നേരിട്ട് നിർമ്മിക്കാനുള്ള പദ്ധതിക്ക് നീക്കം നടക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇതിൽ കെൽട്രോണിന്റെ വിഹിതം വളരെ കുറവാണ്. യു.എസ്.ടി. ഗ്ലോബൽ അടക്കമുള്ള സ്വകാര്യ കമ്പനികൾക്ക് ഗുണകരമാകുന്ന തരത്തിലാണ് പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകുന്നതെന്നതാണ് ആക്ഷേപം. മെയ്ഡ് ഇൻ ചൈന പോലുള്ള ഏതെങ്കിലും കമ്പനികളുടെ പാർട്സുകൾ വാങ്ങിക്കൊണ്ടുവന്ന് ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും അസംബിൾ ചെയ്യാനാണോ അതോ സ്വകാര്യ കമ്പനികളിൽനിന്നും

ലാപ്ടോപ്പുകളും കമ്പ്യൂട്ടറുകളും വാങ്ങി കെൽട്രോണിന്റെ ലേബലിൽ അത് വീണ്ടും മാർക്കറ്റ് ചെയ്യാനാണോ ഉദ്ദേശിക്കുന്നത്? കെൽട്രോണിന്റെ രണ്ടേകാൽ ഏക്കർ സ്ഥലവും മൂന്നരകോടിയോളം രൂപയും നൽകി സ്വകാര്യ കമ്പനിയെ സഹായിക്കാനുള്ള നീക്കം നടക്കുന്നുവെന്ന ആക്ഷേപമാണ് ഉന്നയിക്കുന്നത്. ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടാണ് മറുപടി പറയാതിരുന്നത്. കൊക്കോണിക്സ് എന്ന സ്ഥാപനം, പി.പി.പി. മോഡലിൽ 'കേരളത്തിന് സ്വന്തം ലാപ്ടോപ്' എന്ന ആശയത്തിൽ പദ്ധതി ആരംഭിച്ചു. സർക്കാർ ഉത്തരവനുസരിച്ച് ആരംഭിച്ച പ്രസ്തുത പദ്ധതിക്കുവേണ്ടി 2.65 കോടി രൂപ ചെലവഴിച്ച് ഉപയോഗിക്കാതിരുന്ന കെട്ടിടം കെൽട്രോൺ നവീകരിച്ചു. രണ്ടര ഏക്കർ സ്ഥലം എന്നുപറഞ്ഞത് ശരിയല്ല. 66 സെന്റ് സ്ഥലം മാത്രമേ അവിടെയുള്ളൂ. ആ സ്ഥലവും കെട്ടിടവും കൊക്കോണിക്സിന് മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസം മൂന്ന് ലക്ഷം രൂപ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ലാപ്ടോപ് ഉണ്ടാക്കുന്നതിനുവേണ്ടി പ്രഗത്ഭരായ വ്യക്തികൾ, കമ്മിറ്റികൾ എന്നിവരെ പ്രത്യേകം ക്ഷണിച്ച് ഇന്റർവ്യൂ നടത്തി നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് ഇത്തരം കമ്പനികളുമായി ടൈ അപ് ചെയ്യുന്നത്, അല്ലാതെ ഏതെങ്കിലും കമ്പനികളെ ഏൽപ്പിക്കുകയല്ല ചെയ്തത്. ഇവയെല്ലാം നിങ്ങളുടെ ഭരണകാലത്ത് ആരംഭിച്ചതാണെന്ന കാര്യംകൂടി മനസ്സിലാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആരുടെ ഭരണ കാലത്ത് നടന്നതായാലും ഇപ്പോൾ കെൽട്രോണിനെ സംബന്ധിച്ചാണ് ഗുരുതരമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. ഗ്യാലക്സോണുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിക്കാൻ വ്യവസായ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. പ്രശ്നപരിഹാരമെന്ന നിലയിൽ അവർക്ക് അതിന്റെ ചുമതല നൽകിയതിന്റെ പേരിൽ നടപടിക്രമങ്ങൾ പാലിക്കാതെ ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട കമ്പനികൾ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ആയതിനാൽ കെൽട്രോണുമായി ബന്ധപ്പെട്ട ഇത്തരം നടപടികൾ വിശദമായി പരിശോധിക്കുമോ; ഇതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്താനാണ് ഉദ്ദേശിക്കുന്നത്. സാധാരണഗതിയിൽ ബ്ലാക്ക് ലിസ്റ്റിൽപ്പെടുന്ന കമ്പനികളെയൊന്നും കെൽട്രോൺ അഡ്മിറ്റ് ചെയ്യാറില്ല. ഏതെങ്കിലും തരത്തിൽ അങ്ങനെയൊരു കമ്പനി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് പരിശോധിച്ച്

നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പൂർത്തീകരിക്കുന്നമുറയ്ക്ക് എല്ലാ കാര്യങ്ങളും വ്യക്തമാകുന്നതാണ്. ഈ സർക്കാർ കേരളത്തിന്റെ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനായി പ്രത്യേകിച്ച്, കെൽട്രോണിനെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുകയാണ്. ചില തല്പരകക്ഷികൾ അതിനെ തകർക്കാനുള്ള പ്രചരണങ്ങൾ നടത്തുന്നുണ്ട്. ഒരുതരത്തിലും കെൽട്രോണിനെ തകർക്കാൻ അനുവദിക്കുകയില്ല. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണിത്. അതിന് എന്തെങ്കിലും പോരായ്മകളുണ്ടായാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും നിരവധി വിമർശനങ്ങളും നല്ല നിർദ്ദേശങ്ങളും ഇവിടെ ഉയർന്നുവരികയുണ്ടായി. ഭരണപക്ഷത്തുനിന്നും ഗവൺമെന്റും വൈദ്യുതി ബോർഡും ചെയ്ത പ്രവർത്തനത്തെപ്പറ്റി അനുകൂലമായി പ്രതികരിച്ചു. എന്നാൽ, പ്രതിപക്ഷം തികച്ചും നിഷേധാത്മകമായ അഭിപ്രായമാണ് ഇവിടെ പറഞ്ഞതെന്ന കാര്യം ഖേദപൂർവ്വം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും അവ തുറന്ന മനസ്സോടെ സ്വീകരിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. പ്രതിപക്ഷം ഗവൺമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തെയും ഇകഴ്ത്തിക്കാണിക്കാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ശ്രമിക്കുമെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. അതുകൊണ്ടൊന്നും വൈദ്യുതി ബോർഡ് ഇതുവരെ ചെയ്ത ക്രിയാത്മകമായ പ്രവർത്തനങ്ങളൊന്നും ഇല്ലാതാകുന്നില്ലെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനമാണോ ഈ ഗവൺമെന്റിന്റെ കീഴിലുള്ള വൈദ്യുതി വകുപ്പ് നടത്തുന്നതെന്ന് പരിശോധിച്ചാൽ, ഇപ്പോൾ വലിയ മാറ്റമുണ്ടായിട്ടുണ്ടെന്ന് മനുഷ്യത്വവും മര്യാദയുമുള്ളവർക്ക് തോന്നുമെന്ന കാര്യത്തിൽ എനിക്ക് സംശയവുമില്ല. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിലുണ്ടായ മാറ്റത്തെക്കുറിച്ച് ഇവിടത്തെ ജനങ്ങൾക്ക് സംശയമില്ല, മന്ത്രിയെന്ന നിലയിൽ അക്കാര്യത്തിൽ എനിക്കും തികഞ്ഞ സംതൃപ്തിയാണുള്ളത്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് വൈദ്യുതി വകുപ്പിന്റെയും വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെയും

പ്രവർത്തനങ്ങളെ ഏതെങ്കിലും നിലയിൽ നേരിടാമെന്ന് ധരിക്കുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലായിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ വൈദ്യുതി വകുപ്പിന്റെ കടബാദ്ധ്യതയെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അദ്ദേഹം എന്ത് മനസ്സിലാക്കിയിട്ടാണ് പറഞ്ഞതെന്ന് അറിയില്ല. അദ്ദേഹത്തിന്റെ ഗവൺമെന്റ് ഭരിച്ച കഴിഞ്ഞ അഞ്ച് വർഷം മുതൽ ഇന്നുവരെ 7500 കോടി രൂപയുടെ നഷ്ടമുള്ള സ്ഥാപനമാണ് ഊർജ്ജ വകുപ്പെന്ന് മനസ്സിലാക്കണം. ഈ ഗവൺമെന്റിന്റെ ശ്രമഫലമായി വൈദ്യുതി വകുപ്പ് ഇപ്പോൾ തന്നാണ്ട് ലാഭത്തിലാണ്. അത് യു.ഡി.എഫ്.-ലെ മുൻവൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രവർത്തനം കൊണ്ടല്ല. അന്ന് കടബാദ്ധ്യത കൂട്ടുകയായിരുന്നു. ഇന്ന് ഞങ്ങളായിട്ട് ഒരു ബാദ്ധ്യതയും വരുത്തുന്നില്ല, മാത്രമല്ല ലാഭത്തിലാണ് പ്രവർത്തിക്കുന്നതും. അതിനെ അഭിനന്ദിക്കുന്നതിനു പകരം കിട്ടുന്ന അവസരത്തിൽ ഞങ്ങൾക്കിട്ട് പണിയുന്നത് തീരെ ശരിയായ നടപടിയ ല്ലെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ജനങ്ങൾ ക്കുവേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഗവൺമെന്റും വൈദ്യുതി ബോർഡും ചെയ്തിട്ടുണ്ടെന്ന കാര്യം അഭിമാനത്തോടുകൂടി സഭയെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രഖ്യാപിച്ചതാണ് സമ്പൂർണ്ണ വൈദ്യുതീക രണമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അന്ന് പ്രഖ്യാപിച്ചു, എന്നാൽ അത് പൂർണ്ണമായില്ല. 85 അസംബ്ലി മണ്ഡലങ്ങളിൽ പൂർത്തീകരിച്ചു. ബാക്കി അഞ്ച് വർഷം യു.ഡി.എഫ്. ഇവിടെ ഭരിച്ചല്ലോ; അതിന്റെ ബാക്കി നിങ്ങൾ ചെയ്തോ? ചെയ്തില്ലല്ലോ. അതുകൊണ്ട് അതടക്കം മുഴുവനും പൂർത്തിയാക്കി ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിക്കഴിഞ്ഞിരിക്കുന്നു. ആവശ്യപ്പെടുന്ന വൈദ്യുതി കണക്ഷനുകളെല്ലാം കൊടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന പദവി നില നിർത്തുമെന്ന കാര്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഞാൻ അറിയിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിങ്ങളുടെ സഹപ്രവർത്തകനായ ശ്രീ. ആര്യാടൻ മുഹമ്മദായിരുന്നല്ലോ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. എം. എം. മണി: സർ, ഞാൻ വഴങ്ങുന്നില്ല. അതെല്ലാം അദ്ദേഹത്തോട് പറഞ്ഞാൽ മതി. ...... (ബഹളം)....... ഇതെന്താ ചോദ്യോത്തരവേളയാണോ? ഞാൻ വഴങ്ങുന്നില്ല. ...........(ബഹളം).......

മി. സ്പീക്കർ: നിങ്ങൾ ഒരു ദിവസം മുഴുവൻ നടത്തിയ ചർച്ചയ്ക്കാണ് അദ്ദേഹം മറുപടി പറയുന്നത്. അങ്ങ് പറയൂ.

ശ്രീ. എം. എം. മണി: സർ, എനിക്ക് കുറച്ച് സമയമേയുള്ളൂ. എനിക്ക് പറയാനുള്ളത് പറയട്ടെ. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ...(ബഹളം).....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഞാൻ എം.പി. യായിരുന്നു. അന്നത്തെ കേന്ദ്ര വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. സുശീൽ കുമാർ ഷിൻഡെയും ഞാനും സുഹൃത്തുക്കളായതുകൊണ്ട് അദ്ദേഹത്തെ കൊണ്ടുവരണമെന്ന് ശ്രീ. എ. കെ. ബാലൻ എന്നോട് പറഞ്ഞു. ശ്രീ. സുശീൽ കുമാർ ഷിൻഡെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഉദ്ഘാടനം ചെയ്തത് ഒറ്റപ്പാലത്തുവച്ചായിരുന്നു. ആ ചടങ്ങിൽ ഞാനും പങ്കെടുത്തിരുന്നു. അതുവരെയുള്ള എല്ലാ കണക്ഷനുകളും പൂർത്തിയാക്കിയാണ് വൈദ്യുതി വിതരണം നടത്തിയത്. അതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദ് ഊർജ്ജ വകുപ്പുമന്ത്രിയായിരുന്ന അഞ്ച് വർഷക്കാലയളവിൽ ഒരു കണക്ഷനും നൽകിയിട്ടില്ലെന്നാണോ അങ്ങ് പറയുന്നത്? അങ്ങയുടെ കാലത്ത് കൊടുക്കാനുള്ള കണക്ഷൻ കൊടുത്തിട്ടില്ലെന്ന് ഞങ്ങൾ പറയുന്നില്ല. സമ്പൂർണ്ണ വൈദ്യുതീകരണമെന്ന് പറയുന്നത് ആദ്യത്തെ സംഭവമല്ല. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, എനിക്ക് അടിസ്ഥാനരഹിതമായ കാര്യം പറയണ്ട. ഞാൻ എന്തിനാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കോഴിക്കോട് വച്ച് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത്. ശ്രീ. എ. കെ. ബാലൻ നേതൃത്വം കൊടുത്തപ്പോൾ 85 നിയോജകമണ്ഡലങ്ങളിൽ മാത്രമേ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലായിരുന്നുള്ളൂ. അന്നത് പൂർണ്ണമായിരുന്നില്ലെന്നത് സത്യമാണ്. നാല് ജില്ലകളിലും 85 നിയോജകമണ്ഡലങ്ങളിലും പൂർത്തിയാക്കിയിരുന്നു. ശ്രീ. എ. കെ. ബാലൻ ഇപ്പോഴും സഭയിലുണ്ട്. ഞാൻ അദ്ദേഹത്തെ അപമാനിക്കാൻവേണ്ടി പറയുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. എ. കെ. ബാലൻ ഊർജ്ജ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എം.എൽ.എ.-മാരും എം.പി.-മാരും അവരുടെ ഫണ്ട് തന്നാൽ ഗവൺമെന്റിൽനിന്നും വലിയൊരു തുക കൂടി വച്ചുകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം നടത്താമെന്ന് സമ്മതിച്ചു. ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി പറയുന്നത് ശരിയാണ്. കൊല്ലം ജില്ലയിൽ എം.എൽ.എ. ഫണ്ട് കൊടുത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ ഒരേയൊരു മണ്ഡലം എന്റേതാണ്. ശ്രീ. എ. കെ. ബാലനാണ് അന്നവിടെ ഉദ്ഘാടനം നടത്തിയത്. അന്ന് അതുമായി സഹകരിച്ച് ഫണ്ട് നൽകാൻ തയ്യാറായ എം.എൽ.എ.-മാർക്കും എം.പി.-മാർക്കും വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമില്ലാതെ മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ കൊടുത്തിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

<u>ശ്രീ. എം. എം. മണി</u>: സർ, എന്റെ സഹപ്രവർത്തകനും നേതാവുമാണ് ശ്രീ. എ. കെ. ബാലൻ. ഞാൻ അദ്ദേഹത്തെ അപമാനിക്കാൻ പറയുമോ? പ്രതിപക്ഷം എന്താണ് പറയുന്നത്? അങ്ങനെയൊരു വിഷയമില്ല. അതുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കരുത്, നടന്ന കാര്യം നടന്നതുപോലെ പറയണം. നിങ്ങളുടെ കാലത്ത് എന്ത് ചെയ്തു; അന്നിവിടെ ഇരുട്ടായിരുന്നില്ലേ; ഇപ്പോൾ പവർ കട്ടുണ്ടോ; സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയില്ലേ; ലോഡ് ഷെഡ്ഡിംഗും പവർ കട്ടും കാണില്ലെന്നു പറഞ്ഞത് ഇതുവരെയും ഞങ്ങൾ പാലിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അത് ഇനിയും പൂർണ്ണമായി നടപ്പിലാക്കുമെന്ന് വെല്ലുവിളിക്കുകയാണ്. കാരണം ഇപ്പോൾ ഡാമിൽ ആവശ്യത്തിന് വെള്ളമുണ്ട്, അത്യാവശ്യം വന്നാൽ വൈദ്യുതി വാങ്ങിക്കൊണ്ടു വരാനുള്ള സാധ്യതയുമുണ്ട്. പിന്നെ വൈദ്യുതി കട്ട് വരേണ്ട കാര്യമില്ല.

ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്പീക്കർക്ക് എഴുതിക്കൊടുത്ത പരാതിയിൽ ഒന്ന്, ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അപാകതയും രണ്ടാമത്തേത്, പവർ പർച്ചേസ് എഗ്രിമെന്റ് സംബന്ധിച്ചുള്ള ക്രമക്കേടുമാണ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ പ്രശ്നം നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. വൈദ്യുതി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരടക്കമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആ എസ്റ്റിമേറ്റ് അനുസരിച്ച് ഒരു കമ്പനിയും ലേലം പിടിക്കുന്നില്ലെങ്കിൽ, ലേലം കൊള്ളുന്നവർ റിവേഴ്സ് ചെയ്തുപറഞ്ഞാൽ, കൂടുതൽ കൊടുക്കേണ്ടിവരും, അല്ലെങ്കിൽ വർക്ക് ചെയ്യാൻ ആരും തയ്യാറാകില്ല. അതുകൊണ്ട് above ആണെന്നൊക്കെ നിങ്ങൾ പറഞ്ഞോളൂ, നിങ്ങൾ ചെയ്ത കാര്യം ഞാൻ പറയാം. നിങ്ങൾ എസ്റ്റിമേറ്റ് above ചെയ്തിരിക്കുന്നത്, 75%, 69%, 22.3%, 86%, 53%, 70%, 53%, 57.4%, 38%, 54%, 36.50%, 27%, 93%, 83.40%, 7.84%, 60% എന്നിങ്ങനെയാണ്. ഇത് നിങ്ങളുടെ കാലത്ത് നടന്നതാണ്, ഞങ്ങൾ ചെയ്തതല്ല. അതിനെല്ലാം അന്ന് നിങ്ങൾ കോൺട്രാക്ട് കൊടുത്തിട്ടുമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിലെ റേറ്റ് അനുസരിച്ചുള്ള above ആണ് അങ്ങിവിടെ പറയുന്നത്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ.) കേരളത്തിലെ സാധാരണ റേറ്റിനെക്കാൾ വളരെ കൂടുതലാണ്. ഡി.എസ്.ആർ. അനുസരിച്ചുള്ള റേറ്റിന്റെ മുകളിലാണ് 65 ശതമാനത്തിലേയ്ക്ക് പോയത്. ഡി.എസ്.ആർ. എന്നുപറയുമ്പോൾതന്നെ കേരള റേറ്റിനെക്കാൾ 100% above ആണ്. അതിനുമുകളിൽ പിന്നീട് 65 ശതമാനംകൂടി വരുമ്പോൾ അതിനേക്കാൾ കൂടുതലാണ്, അവിടെയാണ് പ്രശ്നം. അത് കേരളത്തിലെ റേറ്റല്ല. എന്റെ ചോദ്യത്തിന് ഇപ്പോൾ അങ്ങ് spontaneous ആയി മറുപടി പറയണമെന്നില്ല. അങ്ങ് ഡിപ്പാർട്ട്മെന്റിനോട് ചോദിക്കൂ. ഡി.എസ്.ആർ. റേറ്റും കേരള റേറ്റും രണ്ടാണ്.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ പറഞ്ഞത് നിങ്ങളുടെ കാലത്ത് ചെയ്തതാണ്. വൈദ്യുതി ബോർഡിലെ കണക്കാണിത്. പവർ പർച്ചേസ് എഗ്രിമെന്റ് സംബന്ധിച്ചുള്ള ക്രമക്കേടിനെക്കുറിച്ചാണ് അദ്ദേഹം രണ്ടാമത് പറഞ്ഞ ആക്ഷേപം. പക്ഷേ, അദ്ദേഹം ഉരുണ്ടുകളിച്ചാണ് പറയുന്നത്. വേണ്ടതൊന്നും പറഞ്ഞില്ല. എന്തുകൊണ്ടാണെന്ന് അറിയാമോ? ഇത് വിശദമായി ചർച്ചചെയ്താൽ പ്രതിയാകുന്നത് ഇവരാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ..

<u>മി. സ്പീക്കർ</u>: പ്രസംഗങ്ങൾ തടസ്സപ്പെടുത്താൻ ദയവായി പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവരരുത്, പ്രസംഗങ്ങൾ തടസ്സപ്പെടുത്തരുത്.

<u>ശ്രീ. എം. എം. മണി</u>: സർ, ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്ത് 865 മെഗാവാട്ട് വൈദ്യുതിക്ക് 25 വർഷത്തേയ്ക്ക് കരാറുണ്ടാക്കിയതാണ്.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, അദ്ദേഹത്തിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, രണ്ട് റേറ്റുകൾ വച്ച് compare ചെയ്യുകയാണ്.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ എന്താണെന്ന് പറയൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ അതാണ് പറഞ്ഞുവരുന്നത്. ഞാനൊന്ന് പറയട്ടെ....(ബഹളം).....

<u>Mr. Speaker</u>: An argument will not be consider as a point of order.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, രണ്ട് റേറ്റ് വച്ചാണ് compare ചെയ്യുന്നത്. കേരള റേറ്റ് വേറെയാണ്, ഡി.എസ്.ആർ. റേറ്റ് അതിനെക്കാൾ above ആണ്. Above റേറ്റിനുമുകളിൽ above ആണ് വന്നത്, double storied-ൽ ആണ്. അതാണ് ഞാൻ പറയുന്നത്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ ഈ ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ ചോദിച്ചതിന് മറുപടി പറയാൻ അങ്ങ് നിർദ്ദേശിക്കണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആധികാരികമായാണ് സഭയിൽ കാര്യങ്ങൾ പറയുന്നത്. വസ്തുതാപരമായ പിശകുണ്ടെങ്കിൽ എഴുതി നൽകിയാൽ പരിശോധിക്കാം. അതിന് വേറെ സംവിധാനമുണ്ട്. ഇരിക്കൂ, ഇരിക്കൂ. ..... (ബഹളം).... നിങ്ങൾ ഇരിക്കൂ. ...പ്ലീസ്... പ്ലീസ്... ഇരിക്കൂ, മന്ത്രി സംസാരിക്കൂ. ..... (ബഹളം)... ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇങ്ങനെയാണെങ്കിൽ ഞങ്ങൾ ഇരിക്കുന്നില്ല. ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാ നടപടികളിൽ പങ്കെടുക്കാതെ സഭയിൽ നിന്നും ഇറങ്ങിപ്പോകുകയും ചെയ്തു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. എം. എം. മണി: സർ, അന്ന് 865 മെഗാവാട്ട് വൈദ്യുതിയുടെ കരാറുണ്ടാക്കിയത് റെഗുലേറ്ററി കമ്മീഷനെ മറികടന്ന് നിയമവിരുദ്ധമായിട്ടാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഒരു കരാറും ഉണ്ടാക്കിയിട്ടില്ല, ഒരു പർച്ചേസും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതി നൽകിയെങ്കിലും ഈ പ്രശ്നം ഉന്നയിക്കാതെ അദ്ദേഹം അതിൽനിന്നും ഒഴിവാകുകയാണ് ചെയ്തത്. കാരണം അവർക്കെതിരെ വരുമെന്ന് അറിയാം. അതിനെപ്പറ്റി വേണമെങ്കിൽ അന്വേഷണം നടത്താം. ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ഞങ്ങൾ 1000 മെഗാവാട്ട് സൗരോർജ്ജം ഉല്പാദിപ്പിക്കും, അതിൽ കൂടുതൽ ഉല്പാദിപ്പിക്കാനും ലക്ഷ്യമുണ്ട്, അത് നടക്കുകയും ചെയ്യും. ഡാമുകളിൽനിന്നും ഉത്പാദിപ്പിക്കുന്നതിനായുള്ള ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കാൻ എല്ലാ സാധ്യതകളുമുണ്ട്. ഇതൊക്കെ ഉപയോഗിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി എല്ലാവിധ പ്രവർത്തനവും ഞങ്ങൾ നടത്തും, ഒരു വിട്ടുവീഴ്ചയുമില്ല. അതിന് ആര് തടസ്സമുണ്ടാക്കിയാലും അതിനെ നേരിടുക എന്നതല്ലാതെ ഗവൺമെന്റിന് മുമ്പിൽ, വൈദ്യുതി ബോർഡിന് മുമ്പിൽ ഒരു മാർഗ്ഗവുമില്ലെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അവർ ഇറങ്ങിപ്പോയ സാഹചര്യത്തിൽ കൂടുതൽ കാര്യങ്ങളൊന്നും പറയേണ്ട കാര്യമില്ല. സമ്പൂർണ്ണ വൈദ്യുതീകരണം നിലനിർത്തും. ഈ പദ്ധതിയുടെ ഭാഗമായി 5000 കിലോമീറ്റർ 11 കെ.വി. ലൈനുകൾ കേബിളുകളും എ.ബി.സി. കണ്ടക്ടറുകളുമാക്കി മാറ്റും. 10000 ഫാൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കും. 10000 കിലോമീറ്ററോളം കണ്ടക്ടറുകൾ റീകണ്ടക്ടറിംഗ് നടത്തും. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് വർഷംകൊണ്ട് 3000 വിതരണ ട്രാൻസ്ഫോമറുകളും 5000 കിലോമീറ്റർ 11 കെ.വി. ലൈനുകളും നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ട്. അതുപോലെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടമായ 13 പാസ്സേജുകളും 2021-ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു 400 കെ.വി. സബ്സ്റ്റേഷനും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും 4300 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും ഈ പദ്ധതിയുടെ ഭാഗമായി

പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലേയ്ക്ക് 2000 മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ കഴിയുന്ന പുഗലൂർ-മാടക്കത്തറ ഹൈ വോൾട്ടേജ് ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കും. അത്തരത്തിൽ വളരെയധികം കാര്യങ്ങളാണ് വരാൻ പോകുന്ന നാളുകളിൽ നാം നടത്താനുദ്ദേശിക്കുന്നതെന്ന കാര്യം അറിയിക്കുകയാണ്. ഇക്കാലയളവിൽ ചെയ്ത കാര്യങ്ങളുടെ വിശദാംശം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.* ബഹുമാനപ്പെട്ട സ്പീക്കർ അംഗങ്ങൾക്കുകൂടി അതിന്റെ കോപ്പി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ എം. ഉമ്മർ, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, അൻവർ സാദത്ത്, സണ്ണി ജോസഫ്, വി. ടി. ബൽറാം, അനൂപ് ജേക്കബ്, പി. സി. ജോർജ്, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

---

*അനുബന്ധമായി ചേർത്തിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ

മി. സ്പീക്കർ: സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. വിൻസെന്റ്, ടി. ജെ. വിനോദ്, കെ. സി. ജോസഫ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, കെ. എൻ. എ. ഖാദർ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, റോഷി അഗസ്റ്റിൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, പി. സി. ജോർജ്, കെ. എസ്. ശബരീനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ ....... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 10-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.51-ന് പിരിഞ്ഞു.)

## അനുബന്ധം I

31-10-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

### അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണം

(1295) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനും നിർമ്മാണങ്ങൾക്കും 2016-17 മുതൽ നാളിതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ വർഷങ്ങളായി ആരംഭിക്കാത്തതിന്റെ കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ എം.ജി.എം.എച്ച്.എസ്.എസ്.- 6 കോടി, പാലിശ്ശേരി എച്ച്.എസ്.എസ്.-3 കോടി, മഞ്ഞപ്ര എച്ച്.എസ്.എസ്. - 1 കോടി, കുറുമശ്ശേരി യു.പി.എസ്. ഓഡിറ്റോറിയം-21 ലക്ഷം, മാമ്പ്ര പാറക്കടവ് എൽ.പി.എസ്. - 120 ലക്ഷം, പാറക്കടവ് ജി.എൽ.പി.എസ്.-120 ലക്ഷം, പുളിയനം എച്ച്.എസ്. -1 കോടി, മൂക്കന്നൂർ എച്ച്.എസ്.-1 കോടി എന്നീ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി യഥാക്രമം അനുവദിച്ച തുക വിനിയോഗിച്ച് എസ്റ്റിമേറ്റെടുത്ത് ടെണ്ടറും നടത്തി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) മേൽ സ്കൂളുകളുടെ പ്രവൃത്തികൾക്ക് ഏതൊക്കെ ഏജൻസികൾക്കാണ് നിർമ്മാണ ചുമതല നിശ്ചയിച്ചിട്ടുള്ളത്; നാളിതുവരെ ഓരോ ഏജൻസിയും നടത്തിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിക്കുമോ; വിശദാംശം സ്കൂൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ സി. രവീന്ദ്രനാഥ്): സർ,

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ 5 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി MGMHSS, നായത്തോടിന് ഭരണാനുമതി നൽകി, സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അഡ്മിൻ ബ്ലോക്കിന്റെ 60% പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ അനുവദിച്ച

500 മുതൽ 1000 കുട്ടികൾവരെ പഠിക്കുന്ന സ്കൂളുകളിൽനിന്നും കിഫ്ബി ഫണ്ടു പയോഗിച്ചുള്ള ഒരു കോടി കെട്ടിടനിർമ്മാണത്തിനായി അങ്കമാലി നിയോജക മണ്ഡലത്തിൽ നിന്നും ഭരണാനുമതി നൽകിയ നാല് സ്കൂളുകൾ ഗവൺമെന്റ് എച്ച്.എസ്.എസ്. മൂക്കന്നൂർ, ഗവൺമെന്റ് എച്ച്.എസ്.എസ്. മഞ്ഞപ്ര, ഗവൺമെന്റ് എച്ച്.എസ്.എസ്. പാലിശ്ശേരി, ഗവൺമെന്റ് എച്ച്.എസ്. പുളിയനം എന്നിവയാണ്.

(ബി-ഡി) എം.ജി.എം.എച്ച്.എസ്.എസ്. നായത്തോട്-പണി നടന്നു കൊണ്ടിരിക്കുന്നു. എൽ.പി. ബ്ലോക്ക് (G+2) പൂർത്തിയാക്കി. 1-ാം ബ്ലോക്കിന്റെ (G+2) ഡിമോളിഷൻ പൂർത്തിയാക്കി.

പാലിശ്ശേരി എച്ച്.എസ്.എസ്., മഞ്ഞപ്ര എച്ച്.എസ്.എസ്., പുളിയനം എച്ച്.എസ്., മൂക്കന്നൂർ എച്ച്.എസ്. എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി 'കില'-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല.

<u>ജി.യു.പി.എസ്. കുറുമശ്ശേരി</u>

കുറുമശ്ശേരി യു.പി.എസ്. പ്ലാൻ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. ആണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. ഓഡിറ്റോറിയം പണി ആരംഭിക്കുന്നതിനുള്ള ടെണ്ടർ ആയിട്ടുണ്ട്. ജി.എൽ.പി.എസ്. പാറക്കടവ്, ജി.എൽ.പി.എസ്. മള്ളുശ്ശേരി, ജി.എൽ.പി.എസ്. മാമ്പ്ര, പാറക്കടവ് എന്നീ സ്കൂളുകൾക്ക് പ്രളയ ദുരിതാശ്വാസ പുനർനിർമ്മാണ പ്രവൃത്തികൾക്കായി കേരള സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ബഹുമാനപ്പെട്ട എം.പി.-മാരുടെ എം.പി.എൽ.എ.ഡി. ഫണ്ടിൽനിന്നും 120 ലക്ഷം (നൂറ്റി ഇരുപത് ലക്ഷം) രൂപ വീതം അനുവദിച്ച് കിട്ടിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പാറക്കടവ് ബ്ലോക്ക് വഴിയാണ് നടപ്പിലാക്കുന്നത്.

ഇതിൽ ജി.എൽ.പി.എസ്. പാറക്കടവ്, ജി.എൽ.പി.എസ്. മള്ളുശ്ശേരി എന്നിവയുടെ എസ്റ്റിമേറ്റിൽ ഡ്രോയിംഗ് മാറ്റം വരുത്തുന്നതിന് വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

ജി.എൽ.പി.എസ്. മാമ്പ്ര പാറക്കടവിന്റെ കെട്ടിടം പണിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

## അനുബന്ധം II

<u>വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി</u>

- സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ മൂന്നരക്കൊല്ലംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി., അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങി വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ദേശീയ തലത്തിൽ നിരവധി അംഗീകാരങ്ങളും സംസ്ഥാനത്തിന് കിട്ടിയിട്ടുണ്ട്.

- വൈദ്യുതിമേഖലയെ വിഭജിക്കുന്നതിനും സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് രാജ്യവ്യാപകമായി നടന്നുവരുന്നത്. എന്നാൽ വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുകയില്ലെന്നാണ് ഇടതുപക്ഷമുന്നണി പ്രഖ്യാപിച്ചത്. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ജനോപകാരപ്രദമായ ഒരു സ്ഥാപനമായി പൊതുമേഖലയിൽ സംരക്ഷിക്കുന്നതിന് ശക്തമായ ഇടപെടലാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

- വൈദ്യുതി വിതരണമേഖലയെ വിതരണം, സപ്ലൈ എന്നിങ്ങനെ വിഭജിക്കുന്നതിനും കണ്ടന്റും കാര്യേജും വേർതിരിച്ച് സപ്ലൈ മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള വൈദ്യുതി നിയമ ഭേദഗതിക്കാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ക്രോസ് സബ്സിഡി ഇല്ലാതാക്കുക, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിയമനം അടക്കമുള്ള കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനുള്ള അധികാരങ്ങൾ വെട്ടിക്കുറച്ച് അധികാരങ്ങൾ കേന്ദ്രസർക്കാരിൽ കേന്ദ്രീകരിപ്പിക്കുക തുടങ്ങി ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന നിരവധി നിർദ്ദേശങ്ങൾ നിയമഭേദഗതിയിൽ നിർദ്ദേശിച്ചിരുന്നു. ഈ ഭേദഗതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനും ഇതിന്റെ ഭാഗമായ സമ്മർദ്ദങ്ങളെ പ്രതിരോധിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞു.

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കി.

- സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുമെന്ന് ഇടതുപക്ഷ മുന്നണി ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനമാണ്. അത് കൃത്യമായും പാലിക്കാൻ കഴിഞ്ഞുവെന്നത് ഏറെ അഭിമാനകരമാണ്.

- വനം വകുപ്പിന്റെ അനുമതി കിട്ടുന്നതിലുണ്ടായ തടസ്സംകൊണ്ടോ കോടതി നടപടികൾകൊണ്ടോ അത്തരത്തിലുള്ള മറ്റെന്തെങ്കിലും പ്രശ്നങ്ങൾകൊണ്ടോ കണക്ഷൻ നൽകാൻ കഴിയാത്ത അപൂർവം ചില വീടുകളെഴികെ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിച്ചാണ് കേരളം സമ്പൂർണ്ണ വൈദ്യുതീകരണം നേടിയത്. ഇടുക്കിയിലെ ഇടമലക്കുടിയും പുനലൂർ മേഖലയിലെ റോസ്മലയിലും കണ്ണൂരിലെ ആറളം ഫാമിലുമൊക്കെ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞുവെന്നത് തികച്ചും അഭിമാനകരമാണ്.

ലോഡ് ഷെഡ്ഡിംഗും പവർകട്ടുമില്ലാതെ വൈദ്യുതി വിതരണം നടത്തി

- ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്ക് കൊടുത്ത മറ്റൊരു വാഗ്ദാനമാണ് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ വൈദ്യുതി നൽകുമെന്നത്. അതും കൃത്യമായി പാലിച്ചിട്ടുണ്ട്. ഈ വർഷവും ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ലഭ്യത

- തടസ്സരഹിതമായി വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക, അനാവശ്യ ഉപഭോഗം ഒഴിവാക്കി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വൈദ്യുതി ശൃംഖലകളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളിലാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

- ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്ന് ദീർഘകാല/ഹ്രസ്വകാല കരാറുകൾ, കേന്ദ്രവിഹിതം എന്നിവവഴിയും വൈദ്യുതി ലഭ്യമാക്കുന്നു. ഇതോടൊപ്പം സമയാ സമയ ങ്ങളിൽ പവർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങിയും മിച്ചമുള്ളപ്പോൾ വൈദ്യുതി മറ്റു സംസ്ഥാനങ്ങൾക്ക് നൽകിയും ആവശ്യമുള്ളപ്പോൾ തിരികെ വാങ്ങിയും ആവശ്യാനുസരണം വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നു. ഇത്തരത്തിൽ കൃത്യമായ ആസൂത്രണത്തിലൂടെയാണ് സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കിവരുന്നത്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും 24.1 മെഗാവാട്ടും സോളാർവഴി 177.71 മെഗാവാട്ടും കാറ്റിൽനിന്നും 27 മെഗാവാട്ടും ഉൾപ്പെടെ ആകെ 228.81 മെഗാവാട്ട് ഉല്പാദനശേഷി വർദ്ധിച്ചിട്ടുണ്ട്.

- പള്ളിവാസൽ, തോട്ടിയാർ, ചാത്തങ്കോട്ടുനട എന്നിവയടക്കം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുതി നിലയങ്ങൾ പുനഃരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നല്ല ഇടപെടലാണ് നടത്തിവരുന്നത്.

- വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട ഒന്നാണ് സൗര. പുരപ്പുറ സോളാർ പദ്ധതികളിൽനിന്ന് 500 മെഗാവാട്ടും ഭൂതലം, ഫ്ലോട്ടിംഗ് അടക്കമുള്ള മറ്റു പദ്ധതികളിൽ നിന്ന് 500 മെഗാവാട്ടും വൈദ്യുതിയാണ് സൗരയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കേന്ദ്രസർക്കാർ സബ്സിഡിയോടെ നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സോളാർ പദ്ധതികളും പി.എം.കുസും പദ്ധതിയും ഇതോടൊപ്പം നടപ്പാക്കുന്നുണ്ട്.

- സോളാർ, കാറ്റാടി നിലയങ്ങൾ തുടങ്ങി റിന്യൂവബിൾ ഊർജ്ജ വികസനത്തിന് അനെർട്ടും ചെറുകിട ജലവൈദ്യുതി വികസനത്തിന് എനർജി മാനേജ്മെന്റ് സെന്ററും നല്ല ഇടപെടൽ നടത്തിവരുന്നുണ്ട്.

<u>പ്രസരണ ശൃംഖല</u>

- ആഭ്യന്തര വൈദ്യുതി ഉൽപാദനം കൊണ്ടുമാത്രം കേരളത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും നിറവേറ്റാനാവില്ല. സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

- ദീർഘകാലമായി മുടങ്ങിക്കിടന്ന ഇടമൺ-കൊച്ചി 400 കെ.വി. പവർ ഹൈവേ പൂർത്തിയാക്കി കമ്മീഷൻ ചെയ്തത് ഈ രംഗത്തെ പ്രധാനപ്പെട്ട നേട്ടമാണ്. പണി നടന്നുവരുന്ന പുകലൂർ മാടക്കത്തറ എച്ച്.വി.ഡി.സി. ലൈൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48 പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിച്ചു. 930 കി.മീ. പ്രസരണലൈനുകളും പൂർത്തിയാക്കി. 45 സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടന്നുവരുന്നു.

- 4930 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളും മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിരണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കി വരികയാണ്. ഇതിന്റെ ഒന്നാംഘട്ടം 2021 ഓടെ പൂർത്തിയാകും.

വിതരണ മേഖല

- ദ്യുതി പദ്ധതിയുടെ ഭാഗമായി വിതരണ ശൃംഖലയുടെ നവീകരണവും ആധുനികവൽക്കരണവും നടക്കുകയാണ്. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ഒരു ലൈൻ കേടുവന്നാൽ മറ്റൊരു ലൈനിലൂടെ വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ എല്ലാ പ്രദേശത്തും ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനാണ് ദ്യുതി ലക്ഷ്യമിടുന്നത്. വൈദ്യുതി പ്രസരണ വിതരണ മേഖലകളിലെ ഫലപ്രദമായ ഇടപെടലുകളുടെ ഭാഗമായി പ്രസരണവിതരണ നഷ്ടം എക്കാലത്തേയും കുറഞ്ഞ തോതിൽ എത്തിക്കാൻ കഴിഞ്ഞു.
- കേരളത്തിലെ പ്രസരണനഷ്ടം 3.74 ശതമാനവും വിതരണ നഷ്ടം 9.07 ശതമാനവുമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതും വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

ഊർജ്ജ കേരളം മിഷൻ

- മേൽപ്പറഞ്ഞ വിവിധ പ്രവർത്തനങ്ങൾ ചേർത്ത് സംസ്ഥാന സർക്കാർ വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന പ്രധാനപ്പെട്ട പരിപാടിയാണ് ഊർജ്ജ കേരള മിഷൻ. സൗര, ട്രാൻസ്ഗ്രിഡ്, ദ്യുതി, ഇ-സേഫ്, ഫിലമെന്റ് രഹിത കേരളം എന്നീ അഞ്ച് പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുന്നത്.

ഇ-സേഫ് വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള കർമ്മപരിപാടി

- വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. വൈദ്യുതി ബോർഡിന്റെ ലൈനുകളിൽനിന്ന് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കുമുണ്ടാകുന്ന അപകടങ്ങൾ, ജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ എന്നിവയോടൊപ്പം വീട്ടിനുള്ളിലും സ്ഥാപനങ്ങളിലും വയറിംഗ് സംവിധാനങ്ങളിൽ നിന്നും ഉണ്ടാകുന്ന അപകടങ്ങളും കുറച്ചുകൊണ്ടു വരേണ്ടതുണ്ട്.

- വൈദ്യുതി ശൃംഖല സുരക്ഷിതമാക്കുന്നതിനുള്ള നടപടികളോടൊപ്പം സുരക്ഷ സംബന്ധിച്ച വിപുലമായ ക്യാമ്പയിനുകളും ആവശ്യമാണ്. ഈ ലക്ഷ്യത്തോടെയാണ് ഇ-സേഫ് പദ്ധതി നടപ്പാക്കുന്നത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

ഫിലമെന്റ് രഹിത കേരളം

- ഊർജ്ജ സംരക്ഷണരംഗത്തെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പാക്കുന്നത്. സാധാരണ ബൾബുകളും സി.എഫ്.എൽ.-കൾ എന്നിവയടക്കമുള്ള എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി എൽ.ഇ.ഡി. ആക്കി മാറ്റാനാണ് ഇതിൽ ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്തിന് ഊർജ്ജസംരക്ഷണ അവാർഡ് ലഭിച്ചു.

- മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാഴ്ചവച്ചതിന് കേന്ദ്ര ഊർജ്ജമന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് കഴിഞ്ഞ മൂന്ന് വർഷവും (2017, 2018, 2019) കേരളത്തിനാണ് ലഭിച്ചത് എന്നതും തികച്ചും അഭിമാനകരമാണ്.

പ്രളയവും മറ്റു ദുരന്തങ്ങളും

- 2018-ലെ പ്രളയം, 2019-ലെ പ്രളയം, ഓഖി തുടങ്ങി ഒട്ടേറേ പ്രകൃതിദുരന്തങ്ങൾ സംസ്ഥാനം നേരിടുകയുണ്ടായി. ഈ ദുരന്തങ്ങളുടെ ഭാഗമായി വൈദ്യുതി മേഖലയിൽ വലിയ നാശനഷ്ടങ്ങളുണ്ടായി. ലക്ഷ ക്കണക്കിന് കണക്ഷനുകളാണ് നഷ്ടമായത്. എന്നാൽ ഇവയെല്ലാം സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതിൽ ശ്രദ്ധേയമായ പ്രവർത്ത നമാണ് കെ.എസ്.ഇ.ബി. നടത്തിയത്.

- തമിഴ്നാട്ടിൽ ഗജ ചുഴലിക്കാറ്റിലും ഒഡീഷയിൽ ഫാനി ചുഴലിക്കാറ്റിലും വലിയ തോതിലുള്ള നാശമാണ് വൈദ്യുതി മേഖലയിൽ ഉണ്ടായത്. ഈ രണ്ട് സംസ്ഥാനങ്ങളിലും കെ.എസ്.ഇ.ബി.-യിലെ ഉദ്യോഗസ്ഥർ സന്നദ്ധസേവനം നടത്തുകയും പ്രശംസ നേടുകയും ചെയ്തു.

വൈദ്യുതി അദാലത്തുകൾ

- വൈദ്യുതി മേഖലയിൽ ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. കണക്ഷനുകൾ നൽകു ന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതും വൈദ്യുതി ബില്ലടയ്ക്കുന്നതിനും

അപേക്ഷകൾ സമർപ്പിക്കുന്നതിനും പരാതികൾ നൽകുന്നതിനുമൊക്കെ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയതുമൊക്കെ ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഇത്തരത്തിലുള്ള നടപടികളുടെ ഭാഗമായി ജനങ്ങളുടെ പരാതികൾ കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. എങ്കിലും പരിഹരിക്കപ്പെടാത്ത ചില പരാതികൾ പല ഓഫീസുകളിലും കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് വൈദ്യുതി മന്ത്രി തന്നെ പങ്കെടുക്കുന്ന ജനകീയ വൈദ്യുതി അദാലത്തുകൾ എല്ലാ ജില്ലകളിലും നടത്താൻ തീരുമാനിച്ചത്. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അദാലത്തുകൾ പൂർത്തിയാക്കി.

- ലൈഫ് മിഷനിലും മറ്റും വീടുകൾ അനുവദിക്കപ്പെട്ടിട്ടും വീടുണ്ടാകേണ്ട സ്ഥലത്ത് വൈദ്യുതി ലൈൻ ഉള്ളതിനാൽ വീടുണ്ടാക്കാൻ കഴിയുന്നില്ല, വീടുകൾക്ക് അപകടകരമായി വൈദ്യുതി ലൈൻ നിൽക്കുന്നു, ഉപയോഗിക്കാതെ തന്നെ വലിയ വൈദ്യുതി ബിൽ വന്നു തുടങ്ങി ഒട്ടേറെ തരത്തിലുള്ള പരാതികൾ അദാലത്തുകളിൽ ഉയർന്നുവന്നു. ലൈനുകൾ മാറ്റിക്കൊടുക്കുന്നതിന് ഉപഭോക്താക്കൾ ചെലവ് വഹിക്കണമെന്നതാണ് നിയമമെങ്കിലും ലൈഫിലും മറ്റും വീട് അനുവദിക്കപ്പെട്ടവർക്ക് ഈ തുക അടയ്ക്കാൻ നിർവാഹമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടു. ഇത് പരിഹരിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ബോർഡ് ചെലവിൽത്തന്നെ ചെയ്യുന്നതിന് അദാലത്തുകളുടെ ഭാഗമായി തീരുമാനിക്കുകയുണ്ടായി. ദീർഘകാലമായുള്ള വൈദ്യുതി കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയ നടപടികളും അദാലത്തിൽ സ്വീകരിക്കുകയുണ്ടായി.
- അദാലത്തുകളിൽ സംസ്ഥാനത്തൊട്ടാകെ 17432 പരാതികളാണ് ലഭിച്ചത്. ഇതിൽ 15912 പരാതികൾ അദാലത്ത് പരിപാടിയിൽ വെച്ചുതന്നെ തീർപ്പുകല്പിച്ചു. സ്ഥലപരിശോധനയും മറ്റും നടത്തി തീർപ്പുകൽപ്പിക്കേണ്ട മറ്റു പരാതികളും സമയബന്ധിതമായി പരിഹരിക്കുന്നതിനാണ് നിർദ്ദേശം നൽകിയത്.

<u>പ്രഖ്യാപനങ്ങൾ</u>

- സമ്പൂർണ്ണ വൈദ്യുതീകരണ സ്റ്റാറ്റസ് നിലനിർത്തും. ഇതിന്റെ ഭാഗമായി ബി.പി.എൽ., പട്ടികജാതി/പട്ടികവർഗ്ഗ കണക്ഷനുകൾ 200 മീറ്റർ ദൂരംവരെ പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിച്ച് സൗജന്യമായി നൽകും. ലൈഫ് മിഷനിലും സമാനമായ പദ്ധതികളിലും നിർമ്മിച്ച വീടുകൾക്കും സൗജന്യമായി കണക്ഷൻ നൽകും.

- ഈ പദ്ധതിയുടെ ഭാഗമായി 5000 കിലോമീറ്റർ 11 കെ.വി. ലൈനുകൾ കേബിളുകളും എ.ബി.സി. കണ്ടക്ടറുകളുമാക്കി മാറ്റുക, 10,000 ഫാൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കുക 10000 കിലോമീറ്ററോളം കണ്ടക്ടറുകൾ റീകണ്ടക്ടറിംഗ് നടത്തുക തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പാക്കും.

- വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന രണ്ട് വർഷംകൊണ്ട് 3000 വിതരണ ട്രാൻസ്ഫോമറുകളും 5000 കിലോമീറ്റർ 11 കെ.വി. ലൈനുകളും നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

- ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടമായ 13 പാക്കേജുകളും 2021-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു 400 കെ.വി. സബ്സ്റ്റേഷനും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളുമാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 4300 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും ഈ പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു.

- കേരളത്തിലേക്ക് 2000 മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ കഴിയുന്ന പുഗലൂർ മാടക്കത്തറ ഹൈവോൾട്ടേജ് ഡി.സി. ലൈനിന്റേയും സബ്സ്റ്റേഷന്റേയും നിർമ്മാണം ത്വരിതഗതിയിൽ നടക്കുകയാണ്. 2020-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

- ട്രാൻസ്ഗ്രിഡ് പദ്ധതിയിൽപ്പെടാത്ത ഡൗൺ സ്ട്രീം പ്രസരണ പ്രവൃത്തികളും ത്വരിതഗതിയിൽ നടക്കുകയാണ്. ഇതിന്റെ ഭാഗമായി പണി നടന്നു വരുന്ന 45 സബ്സ്റ്റേഷനുകളിൽ 30 എണ്ണം 2021-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

- ഇടുക്കി രണ്ടാം നിലയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും മറ്റു നടപടികൾ പൂർത്തിയാക്കുന്നതിനും കൺസൾട്ടന്റിനെ ചുമതലപ്പെടുത്തും. 2021-ഓടെ 156 മെഗാവാട്ട് ജലവൈദ്യുതി പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

- സൗര പദ്ധതിയുടെ ഭാഗമായ പുരപ്പുറ നിലയങ്ങളിൽ നിന്ന് വരുന്ന മാർച്ച് 2021-നകം 350 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

- ഫ്ലോട്ടിംഗ് സോളാർ പദ്ധതികളായ വെസ്റ്റ് കല്ലട ഒന്നാംഘട്ടം 10 മെഗാവാട്ടും കായംകുളം 92 മെഗാവാട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇവ 2020-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

- കാസർഗോഡ് സോളാർ പാർക്കിൽ നിർമ്മാണം ആരംഭിച്ച 55 മെഗാവാട്ട് പൂർത്തിയാക്കും. ഓപ്പൺ ടെണ്ടർ മുഖാന്തരം 200 മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

- ഇടുക്കി, ബാണാസുരസാഗർ തുടങ്ങിയ ഡാമുകളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. 450 മെഗാവാട്ട് സാദ്ധ്യതയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 150 മെഗാവാട്ട് 2020-21-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

- ദുരന്ത നിവാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും വൈദ്യുതി വിതരണ സംവിധാനം എത്രയുംവേഗം പുനഃസ്ഥാപിക്കുന്നതിനും എല്ലാ വൈദ്യുതി സർക്കിളുകളും കേന്ദ്രീകരിച്ച് ട്രെയിനിംഗ് ലഭിച്ചിട്ടുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സ് രൂപീകരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ലോറി മൗണ്ടഡ് ട്രാൻസ്ഫോർമറുകൾ, അറ്റകുറ്റപ്പണികൾക്കുള്ള ആധുനിക ഉപകര ണങ്ങൾ സജ്ജീകരിച്ച വാഹനങ്ങൾ എന്നിവ റീജിയൺ അടി സ്ഥാനത്തിൽ സജ്ജീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യേകം സംവിധാനം ഉണ്ടാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

- ഇ.എം.സി.യിൽ നിർമ്മാണത്തിലിരിക്കുന്ന എൽ.ഇ.ഡി. ടെസ്റ്റിംഗ് ലാബ്, മീറ്റർ ടെസ്റ്റിംഗ് ലാബ് എന്നിവയ്ക്ക് എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ നേടുകയും പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്യും.

- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കും. പവർ ക്വാളിറ്റി ടെസ്റ്റിംഗ് ലാബും സ്ഥാപിക്കുന്നതാണ്.

- ഇ-സേഫ് പദ്ധതിയുടെ ഭാഗമായി ഭവനങ്ങളിലെ വയറിംഗ് സംവിധാനം പരിഷ്കരിക്കുന്നതിനും വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സേഫ് ഹോം പദ്ധതി നടപ്പിലാക്കും.

- അക്ഷയ ഊർജ്ജ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിക്ഷേപസാദ്ധ്യതകൾ വിലയിരുത്തി തീരുമാ നങ്ങൾ എടുക്കുന്നതിനും റിന്യൂവബിൾ എനർജി മിഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.